The Evangelist Ittoop Athumkal Memorial Publication No. 1

# കുറുപ്പമ്പടി പള്ളിയുടെ ചരിത്രം

ഗ്രന്ഥകർത്താവ്:-

റൈറ്റ്. റവ. ഗീവറുഗീസ് കോർ എപ്പിസ്കോപ്പ ആത്തുങ്കൽ

M. E. 1118-ൽ എഴുതിയത്

PC Library & Research Center

3072

പ്രകാശനം A. D. 1981

BY A. I. PAUL B. A. B. Ed

*Published by:-*

**Evangelistic Association of the East**

PRESS AND PUBLICATION COMMITTEE

വില 8 ക.

KURUPPAMPADY PALLIYUDE CHARITHRAM
(Malayalam)

By Rt. Rev. Gheevarghese Cor Episcopa, Athumkal

First Edition March 1981

Copies: 1000

Printed at:
P. S. S. Press, Pattal - Perumbavoor, Kerala State

Published by: Evangelistic Association of the East
Press & Publcation Committee

Copy right: Publishers

270

Price. Rs. 8

Library & Research Center

# ശീർഷലേഖ്യം

ഞാൻ എവിടെ നിന്നു്? എന്തിനായി? എങ്ങോട്ടു്? ഈ ത്രിവിധ പ്രശ്നങ്ങൾക്കു് യഥാർഹവും യഥാർത്ഥവുമായ പ്രത്യുത്തരം നല്കാൻ കഴിവുള്ളവനാണു് യഥാർത്ഥ മനുഷ്യൻ. മത്സ്യത്തെപ്പോലെ ജലാന്തർ ഭാഗത്തുകൂടെ ഊളിയിടാനും വിഹഗത്തിനു സമം വിഹായസ്സിൽ പൊങ്ങിപറക്കാനും സാധിക്കുന്നതു് വലിയ കാര്യമാണെങ്കിലും അതെന്തു്? എന്ന ചോദ്യത്തിനു് ഉത്തരം കണ്ടുപിടിക്കുന്നതിനേക്കാൾ മഹത്തരം ഞാനാരു്? ഞാനെന്തിനു് എന്നതിനു ലബ്ധമാകുന്ന മഹത്തായ മറുപടിയാണു്, വ്യക്തിയെ സംബന്ധിച്ചു് സ്വീകൃതമാകേണ്ട ഈ അഭിപ്രായം സമഷ്ടിയെ അഥവാ സമൂഹത്തെ സംബന്ധിച്ചും ബാധകമാണു്. അക്കാര്യത്തിൻെറ പ്രകാശനമാണു് യഥാർത്ഥകമായ ചരിത്രം. മഹത്തായ പാരമ്പര്യവും മൺമറഞ്ഞ മഹാരഥന്മാരും ഒരിക്കലും വിസ്മൃതമാകാവുന്നവയല്ല. ''History is the toarch that is meant to illuminate the past'' എന്ന ക്ലോഡ് ബവേർഡിൻെറ അഭിപ്രായം അർത്ഥവത്താണു്.

എന്തിനാണു് ചരിത്രം? അപരിഷ്കൃതക്കുപോലും അലിഖിതങ്ങളായ നിയമങ്ങളുണ്ടു്. അതിൻെറ പരമ്പരയായുള്ള വിജ്ഞാനമാണു് അവരുടെ ചരിത്രം. സംസ്കാരസമ്പന്നമായ സമൂഹത്തിനു് ലിഖിതവും യഥാർത്ഥവുമായ ചരിത്രം അവശ്യമത്രെ. മുൻ ഉദ്ധൃതമായതുപോലെ അതു് പഴമയിലേക്കുവെളിച്ചം വീശുക മാത്രമല്ല; മുൻകാലത്തുണ്ടായ വിജയങ്ങൾക്കും അപജയങ്ങൾക്കുമുണ്ടായ കാരണങ്ങൾ മനസ്സിൽ പഠിച്ചുകൊണ്ടും നല്ല നാളെയ്ക്കുവേണ്ടി പരിശ്രമിക്കുവാൻ വ്യക്തിക്കു് പ്രേരണ നല്കുന്നു. പൂർവ്വീകരണ വീരന്മാരെക്കുറിച്ചു് വായിച്ചറിഞ്ഞു് വീരശൂരരായിതീർന്ന രാഷ്ട്രനേതാക്കളും ഭക്തന്മാരെ അനുകരിച്ചു് സിദ്ധന്മാരായിതീർന്ന മതനേതാക്കന്മാരും വിരളമല്ല. പവിത്രമായ ചരിത്രമാണു് രാഷ്ട്രത്തിനും സമൂഹത്തിനും ഉത്തേജനവും ഉൾപ്രേരണയും പ്രദാനം ചെയ്യുന്നതു്.

ചരിത്രത്തിൻെറ ആകെത്തുക എന്താണു്? സമൂഹത്തിൽ നിലയും വിലയും സ്ഥാനവും അധികാരവും പ്രാപിച്ചവരുടെ നല്ലവഴി

ക്കോ വളഞ്ഞവഴിക്കോ ഉള്ള കാൽവയ്പുകളുടെ പ്രകാശനം മാത്രമാണതു്. രാജ്യം, സമൂഹം, സഭ, കുടുംബചരിത്രങ്ങൾ എല്ലാം നേതൃസ്ഥാനത്തിരിക്കുന്നവരുടെ മഹത്തായ വീക്ഷണത്തിൻെറയോ അല്ലെങ്കിൽ കൊള്ളരുതായ്മകളുടെയൊ നിദർശനം മാത്രമാണു്. അഹത്തിൻെറ പേരിൽ അയോഗ്യമായ കാൽവയ്പുകൾ നടത്തുന്ന അധികാരികൾ ഇതൊന്നോർമ്മിച്ചിരുന്നെങ്കിൽ!

മനുഷ്യനെ ദൈവീകനാക്കുവാൻ തിരുവചനങ്ങൾക്കു് ശക്തിയുണ്ടു്. മനുഷ്യനെ പ്രയോജനമുള്ളവനാക്കുവാൻ ചരിത്രത്തിനുള്ള സ്വാധീനവും ഏതാണ്ടതുപോലെയാണു്. എഴുത്തുകാരൻെറ വീക്ഷണത്തിലേക്കു് ആയിരങ്ങൾ അറിയാതെ ആകൃഷ്ടരായി പോകയാണു്. ഇത്രയേറെ ഉത്തരവാദിത്വമുള്ള ഈ തൊഴിൽ എത്ര അപ്പണ ബുദ്ധിയോടെ നിർവ്വഹിക്കേണ്ടിയിരിക്കുന്നു! ഓസ്കാർ ദിവൽഡ് പറയുന്നുണ്ടു് ''Anybody can make history, only a great man can write it''.

ചരിത്ര നിർമ്മാണത്തിൽ സർവ്വോപരി ദീക്ഷിക്കേണ്ട പ്രധാന സംഗതി 1. അതു സത്യമായിരിക്കണമെന്നുള്ളതാണു്. സത്യം പറഞ്ഞാൽ ദോഷമുണ്ടാകുമെങ്കിൽപോലും സത്യംതന്നെ പറയണം. അതിനു മനസ്സില്ലാത്തവർ ചരിത്രരചനയ്ക്കുദ്യമിച്ചുകൂടാ. സത്യഗോപനം അക്ഷന്തവ്യമായ ഒരപരാധമത്രെ. 2. അതു മററുള്ളവരുടെ കുപ്പായത്തിനുള്ളിൽ ഏശാവിൻെറ വേഷത്തിനുള്ളിൽ യാക്കോബിൻെറ പോലെ-യുള്ള ഒരു നിലയായിരിക്കരുതു്. മററു ചരിത്രങ്ങൾ കാണരുതെന്നല്ല ധ്വനി. കിട്ടാവുന്നത്ര വസ്തുക്കൾ കിട്ടാവുന്നത്ര രേഖകളിൽ നിന്നും സംഭരിച്ചുകൊണ്ടു്, അപഹരിക്കാതെ-ഉദ്ധരിച്ചുചേർക്കണം. 3. ശ്രമകരമായ ഗവേഷണത്തിനു് മണിക്കൂറുകൾ, മാസങ്ങൾ ചിലവഴിക്കണം. 4. വസ്തുതകൾ യഥാതഥം നിരത്തിവയ്ക്കയല്ലാതെ മററുള്ളവരുടെ വികാരങ്ങളെ വ്രണപ്പെടുത്തുക ഒരു ചരിത്രകാരൻെറ തൂലികയ്ക്കു ചേർന്നതല്ല. സത്യമായ പ്രതിപാദനം കൊണ്ടു് യോഗ്യനെ യോഗ്യനായും അയോഗ്യനെ അയോഗ്യനായും കാണാൻ കഴിവുള്ളവരാണു് പുസ്തകം വായിക്കുന്നതു് എന്നോർക്കണം. അവർ വിധികല്പിച്ചുകൊള്ളട്ടെ. 5. ഭൂതകാലത്തിൻെറ കൈത്തിരി വർത്തമാനകാലത്തു് ഭാവി തലമുറയ്ക്കു് പ്രദാനം ചെയ്യുന്ന പ്രക്രിയ

യാണ്‌ ചരിത്ര നിർമ്മാണം. ഇന്നലയെ ഇന്നിനോട്ട്‌ ബന്ധിച്ച്‌ നാളെയ്ക്കു കാഴ്ചവെയ്ക്കുന്നതാണ്‌ യഥാർത്ഥ ചരിത്രം.

ഇത്രയും ദീർഘമായി പറഞ്ഞ മുഖവുരയുടെ ഉദ്ദേശം ഏതാദൃശമായ സർവ്വചിന്താഗതികളും വൈദീകവും വിശ്വാസപരവുമായ കാര്യങ്ങളിൽ ഇന്നു മലങ്കരയിൽ പേരെടുത്തുപറയാവുന്ന തലയെടുപ്പുള്ള ബ. ആത്തുങ്കൽ ഗീവറുഗീസ്‌ കോർ എപ്പിസ്കോപ്പായാൽ വിരചിതമായ ഈ ചരിത്രത്തിൽ കാണിച്ചിട്ടുണ്ടെന്നു കാണിക്കാനാണ്‌ വിശ്വാസവൈദഗ്ദ്ധ്യം വാതോരാതെ പറഞ്ഞുനടക്കുന്നവരെ സ്പഷ്ടമായ വേദത്തെളിവു കാണിച്ച്‌ നിശ്ശബ്ദരാക്കുവാൻ കഴിവുള്ളവരിൽ പ്രധാനിയായ ബ. അച്ചൻ ചരിത്ര നിർമ്മാണത്തിലും മികവുള്ള ഒരു പണ്ഡിതാഗ്രേസരനായ വൈദീകോത്തംസമാണെന്നു ഈ കൃതി തെളിയിക്കുന്നുണ്ടെന്നാണ്‌ എന്റെ അഭിപ്രായം. കുടുംബതാവഴികൾ കണ്ടുപിടിക്കുക, പള്ളിയിലെ പൂർവ്വികരേഖകൾ പരിശോധിക്കുക എന്നിത്യാദി കാര്യങ്ങൾ അനേക നാളത്തെ ശ്രമംകൊണ്ടല്ലാതെ സാദ്ധ്യമല്ല. പൂർവ്വീകവും സത്യ വിശ്വാസ സംരക്ഷണത്തിൽ എന്നുമെന്നും മുൻപന്തിയിൽ നില്ക്കുന്നതുമായ സുപ്രസിദ്ധമായ കുറുപ്പുമ്പടി പള്ളിയുടെ ചരിത്രം സഭാചരിത്ര ശ്രേണിയിൽ ഒരു മുതൽക്കൂട്ടുതന്നെയാണ്‌. ബ. പിതാവിന്റെ വിദഗ്ദ്ധമായ തൂലികാചലനം 1118 വരെ കൊണ്ടുനിറുത്താതെ 1156 (1981) വരെ നീണ്ടിരുന്നെങ്കിൽ എന്നാശിച്ചുപോകയാണ്‌. സ്ഥലപുരാണങ്ങൾ തദ്ദേശവാസികൾക്കുപോലും നവമായ അറിവു പ്രദാനം ചെയ്യുന്നു. 1118 വരെയുള്ള മലങ്കരയുടെ ചരിത്രവും ചരിത്രവിദ്യാർത്ഥികൾക്ക്‌-സഭാഗംങ്ങൾക്ക്‌ വളരെയേറെ സഹായകമാണ്‌. പള്ളികളുടെ ഉടമസ്ഥാവകാശം അഭിവന്ദ്യരായ പ്രധാനാചാര്യന്മാരുടെ സന്നിധിയിൽ സത്യവിശ്വാസത്തിലുറച്ചുള്ള പള്ളികളുടെ നിലപാട്‌ പൂർവ്വീകാചാരനടപടികൾ എന്നിവയിലെല്ലാം അനുവാചകർക്ക്‌ വിജ്ഞാനം പകരുവാനുള്ള ശ്രമത്തിൽ ബ. അച്ചൻ നൂറ്‌ശതമാനം വിജയിച്ചിട്ടുണ്ട്‌. ബഹുമാന്യനായ ഈ വൈദീക ശ്രേഷ്ഠന്റെ വിജ്ഞാനനിർഭരമായ ലേഖനങ്ങൾ-വേദപുസ്തകപരം, വിശ്വാസപരം മുതലായവ പ്രത്യേകിച്ചും-എന്നെപ്പോലുള്ള അനേകർക്ക്‌ വിജ്ഞാന വർദ്ധനവിനുപയുക്തമായിട്ടുണ്ട്‌. 12 വയസ്സുമുതൽ - കോടനാട്ട്‌ സീയോൻ ആശ്രമം മുതൽ എനിക്കദ്ദേഹത്തോടുളവായിട്ടുള്ള

ബഹുമാനാദരവുകൾ വച്ചുകൊണ്ട് ഞാനഭ്യർത്ഥിക്കുകയാണ്-80 നോടടുത്ത പ്രായത്തിലാണെങ്കിലും അവിടുന്ന് നട്ട് നനച്ച് ദൈവം വളർത്തിയ മഹത്തായ ബൃഹത്തായ പൗരസ്ത്യ സുവിശേഷ സമാജം സംബന്ധിച്ച ഗൗരവമേറിയ ഉത്തരവാദിത്വങ്ങളുടെ ഇടയിലാണെങ്കിലും പ. സഭയിലെ വളരുന്ന തലമുറയ്ക്കായി ആവശ്യമായ വൈദീക ഗ്രന്ഥങ്ങൾ ധാരാളമായി അവിടുന്ന് പ്രസിദ്ധം ചെയ്യണമെ എന്നു്.

ആദരവിൻെറ കൂപ്പുകൈ!

തിരുവല്ല, മലങ്കരമല്പാൻ റൈററ്. റവ. ഡോ. കുരിയൻ
15—2—1981. കോർ എപ്പിസ്കോപ്പ D. D. കണിയാംപറമ്പിൽ.

കറുപ്പംപടി പള്ളിയുടെ ചരിത്രം

# പീഠിക

"പക്ഷിമൃഗാദി തിര്യക്കുകളിൽ നിന്നും വ്യത്യസ്ഥരായി വിവേചനാശക്തി ആകുന്ന വിശിഷ്ട ഗുണത്തോടുകൂടി വർത്തിക്കുന്ന മനുഷ്യർക്ക് പരിഷ്കാരം വദ്ധിക്കുന്തോറും അവർ തങ്ങളുടെ പൂർവ്വ ചരിത്രത്തെപ്പററി ജിജ്ഞാസുക്കളായിതീരുന്നതു് സ്വാഭാവികമാണല്ലൊ" (സി. പി. തരകൻ) "ഒരു സമുദായത്തിൻെറ ഭാവിവ്യാപാരങ്ങളെ നയിക്കുന്നതിനു് ആ സമുദായത്തിൻെറ ഭൂതവ്യാപാരങ്ങളെ കുറിച്ചുള്ള വിജ്ഞാനം നേതാക്കന്മാക്കത്യാവശ്യമാണു്. ശരിയായ ചരിത്രവിജ്ഞാനമില്ലാതിരുന്നാൽ സാമുദായികങ്ങളായ നമ്മുടെ നടപടികളിൽ നമുക്കു് പിന്നേയും പിന്നേയും തെററുകൾ വരുവാൻ ഇടയുണ്ടു്. ഇങ്ങനെയിരിക്കെ, സൂക്ഷ്മമായ ചരിത്രവിജ്ഞാനത്തെ പ്രദാനം ചെയ്യുന്നതിനുവേണ്ടി ഒരുവൻ ചെയ്യുന്ന പ്രയത്നത്തെ ഉന്നതമായ സമുദായിക പരിശ്രമമെന്നു് നാം ഗണിക്കേണ്ടതാകുന്നു". (ഐ. സി. ചാക്കൊ)

ഓരോ മനുഷ്യനും തന്നെപ്പററി ചിന്തിക്കുന്നതുപോലെ തൻെറ ഭവനം, സമുദായം, മുതലായവയുടെ ചരിത്രം അറിയുന്നതിനും ആഗ്രഹിക്കുന്നു. ഞാൻ ചെറുപ്പം മുതൽ എൻെറ കുടുംബചരിത്രം അറിയുന്നതിനു ശ്രമിച്ചുവരിക ആണു്. ഇതിനായി പലരെ സമീപിക്കുകയും പല റിക്കാർട്ടുകൾ പരിശോധിക്കുകയും ചെയ്തിട്ടുണ്ടു്. എൻെറ അമ്മൂമ്മ ഇളച്ചി, അപ്പൻെറ അമ്മാവി അച്ചാരു്, ആത്തുങ്കൽ ഇട്ടൂപ്പ് വൈദ്യൻെറ മകൾ മറിയം, എൻെറ കുടുംബത്തിൽപ്പെട്ട മരങ്ങാട്ടു് മാത്തുകത്തനാർ, മാത്തു കത്തനാരുടെ പിതാമഹൻ ഐപ്പ് അപ്പൂപ്പൻെറ ശിഷ്യന്മാർ, എൻെറ ചാച്ചയിൽപ്പെട്ട പണ്ടികുടിയിൽ ഐപ്പ്, പാറപ്പാട്ടു് അന്നം മുതലായവരോടും, എൻെറ പുരാതിന ഇല്ലക്കാരായ നമ്പൂരി ഇല്ലക്കാരോടും, ഞങ്ങളുടെ പൂർവ്വ ഗ്രാമത്തിൽപ്പെട്ട മററു് ഇല്ലക്കാരോടും സമീപവാസികളായ ജന്മിമാരോടും പള്ളിചരിത്രത്തിലും കുടുംബചരിത്രത്തിലും പഴമനിശ്ചയമുള്ള പൊയ്ക്കാട്ടിൽ യോയാക്കി മുതലായ അയൽപക്കത്തുകാരോടു് ചോദിച്ചും അവരുടേയും സ്വന്ത കുടുംബത്തിലേയും, കുറുപ്പംപടി പള്ളിയിലേയും റിക്കാർട്ടുകൾ പരിശോധിച്ചും കുടുംബചരിത്രത്തിനു് ആവശ്യമായ പല അറിവുകൾ ഞാൻ സമ്പാദിച്ചിട്ടുണ്ടു്.

തുടർന്നു് M.E. 1105-മുതൽ (1929) കുറുപ്പമ്പടി പള്ളിയുടെ ചരിത്രം ഞാൻ അന്വേഷിച്ചു തുടങ്ങി. M. E. 1033-ൽ ജാതനായ തോമ്പ്ര ഗീവറുഗീസ് കത്തനാർ (കുറു അച്ചൻ) 1049-ൽ ജാതനായ പടയാട്ടിൽ ഇസ്സഹാക്കു കത്തനാർ, പൂർവ്വകാലത്തു് പള്ളിയിൽ കൈസ്ഥാനം നോക്കിയിരുന്ന ആററുപുറം, കുറുപ്പൻ, പുത്തൻപെര, കുറിയേടം, ചിററയം, പിന്നീടു് കൈസ്ഥാനം നോക്കിയിരുന്ന തുരുത്തി, തോമ്പ്ര, കല്ലറക്ക, പൊയ്ക്കാടൻ. ഒരുകാലത്തു് നഗരകത്താവായി വാണിരുന്ന കുളങ്ങര അകത്തൂട്ടു് തുടങ്ങിയുള്ളവരിൽ നിന്നും അവരുടെ ഓലകളിൽ നിന്നും മററു പഴമക്കാരിൽ നിന്നും അറിവുകൾ സമ്പാദിച്ചു. കൂടാതെ 1019-ൽ ജാതനായി കുറുപ്പമ്പടി പള്ളിയിൽ ചിരകാലം മുതൽപിടി ജോലി ചെയ്തിരുന്ന കോതേച്ചിക്കടി മാത്തു ആശാൻ എഴുതിവച്ചിരുന്ന കുറുപ്പമ്പടി പള്ളിയുടെ ചരിത്രവും അദ്ദേഹത്തിൻെറ മകൻ മുതൽപിടി മാണിയിൽ നിന്നുള്ള അറിവും ഈ എഴുത്തിനു് വളരെ പ്രയോജനപ്പെട്ടു. കൂടാതെ പള്ളിയിൽ നാളതുവരെ എഴുതി സൂക്ഷിച്ചിരിക്കുന്ന ഓലറിക്കാർട്ടുകൾ എൻെറ എഴുത്തിനു് വളരെ പ്രയോജനം നല്കിയിട്ടുണ്ടു്. കൂടാതെ മടക്കിരായി, കാഞ്ഞൂർ, കോതമംഗലം, കടമററം മുതലായ പഴയ പള്ളികളിലേയും കേരളം, തിരുവിതാംകൂർ, കൊച്ചി, സഭാചരിത്രങ്ങളും, ചരിത്രങ്ങളും ഇതു് എഴുതുന്നതിനു് സഹായിച്ചിട്ടുണ്ടു്.

ഈ പ്രവൎത്തനത്തിനു് ശരീരക്ലേശം, പണനഷ്ടം, സമയനഷ്ടം, പരിഹാസം മുതലായവ അനുഭവപ്പെട്ടപ്പോൾ നിരാശപ്പെടാറുണ്ടെങ്കിലും വിശുദ്ധ പള്ളിയിൽ ചെന്നു് വി. ദൈവമാതാവിൻേറയും നിദ്രകൊള്ളുന്ന പിതാക്കന്മാരുടേയും പ്രാൎത്ഥനയെ ഞാൻ അൎത്ഥിച്ചു് ആശ്വാസപ്പെടുകയാണു് ചെയ്തിട്ടുള്ളതു്. പഴയ രേഖകൾ പരിശോധിക്കുന്നതിനു് കോലെഴുത്തും മലയാംതമിഴും പ്രത്യേകം പഠിക്കേണ്ടതായി വന്നു. ഈ ചരിത്രം എഴുതുന്നതിനു് എന്നെ സഹായിച്ചിട്ടുള്ള എല്ലാവരോടും ഞാൻ നന്ദിപറഞ്ഞുകൊള്ളുന്നു.

കുറുപ്പംപടി, എന്നു്,

25—10—1118. ആത്തുങ്കൽ ഗീവറുഗീസ് കത്തനാർ.

# അവതാരിക

സ്വന്തം ദേശത്തേയും പള്ളിയേയും വേരോടെ മനസ്സിലാക്കാനുള്ള റൈററ് റവ. ആഞ്ഞൂക്കൽ ഗീവറുഗീസ് കോറെപ്പിസ്കോപ്പാ അവർകളുടെ അദമ്യമായ ആഗ്രഹം ഒരു തപസ്യയുടെ നൈരന്തര്യത്തിലൂടെ വിമലീകരിച്ചെടുത്ത ഗ്രന്ഥമാണിതു്. പരമ്പരാഗതമായ തകാലധാരണകളും സ്ഥലപുരാണങ്ങളും മററ് വാമൊഴി വഴക്കങ്ങളും നൽകുന്ന തന്മാത്രനിഷ്ഠമായ സങ്കല്പങ്ങൾ ആവോളം യുക്തിപരമാക്കി അവതരിപ്പിച്ചുകൊണ്ടാണ് പള്ളിയുടേയും പ്രദേശത്തിൻേറയും ആദ്യചരിത്രം അദ്ദേഹം സംവേദിപ്പിക്കുന്നതു്. എ. ഡി. 1300 മുതൽ അധുനാതമായ കാര്യങ്ങൾ വരെ വിവരിച്ചിരിക്കുന്ന ഈ ഗ്രന്ഥത്തിൽ.

തമിഴക-ചേര രാജാക്കന്മാരും മഹോദയപുരം പെരുമാക്കന്മാരും പാരമ്പര്യ ചരിത്ര ധാരണയിൽ കൂടികുഴഞ്ഞുകിടക്കുന്നതായി കാണാം. ആധുനിക ചരിത്രപഠനങ്ങളിൽ ഇതു് രണ്ടും രണ്ടാണ്. മാത്രമല്ല എ. ഡി. ഒമ്പതാം ശതകം മുതൽ പന്ത്രണ്ടാം ശതകത്തിൻെറ ആദ്യപാദം വരെയാണ് പെരുമാക്കന്മാരുടെ കാലം. അതിനുമുമ്പത്തെ ബി. സി. മൂന്നാം ശതകം വരെയുള്ള സുദീർഘമായ കാലം തമിഴക മൂവരചരുടേതായും കണക്കാക്കിയിരിക്കയാണ്. പെരുമാക്കന്മാർക്ക് മുമ്പത്തെ മലയാള ക്രൈസ്തവ ജീവിതത്തെ അഭിവഞ്ജിപ്പിക്കുന്ന മാർ-തോമാശ്ലീഹാ കഥകളും, ക്നായിതോമാ കഥകളും മാത്രമെ നമുക്കുള്ളൂ. എ. ഡി. 825-ൽ സ്ഥാണുരവി പെരുമാളിൽ നിന്നു് പട്ടയം വാങ്ങി കൊല്ലം നഗരം കണ്ടു് നീരേററ മരുവൻ സഫീരീശൊ പണിയിച്ച തർസപ്പള്ളിയാണ് രേഖാപരമായി നമുക്കറിവുള്ള ആദ്യത്തെ പള്ളി. ഉയന്ന സാമ്പത്തിക രാഷ്ട്രീയ പദവിയോടെ പള്ളികേന്ദ്രമാക്കി ആളും നിലവും ആർഭാടവുമായി നിലയുറപ്പിച്ച ക്രൈസ്തവരെ കുറിക്കുന്ന ആദ്യത്തെരേഖ തർസപ്പള്ളി പട്ടയമാണ്. ഏഷ്യാമുഴുവനും വ്യാപാരശൃംഖല ഉണ്ടാക്കിയിരുന്ന ''മണിഗ്രാമ'' വണികരായിരുന്നു അന്നത്തെ ക്രൈസ്തവർ. ബ്രാഹ്മണഗ്രാമങ്ങൾ സ്വയംപര്യാപ്ത സ്വയംശാസിത രാഷ്ട്രീയ ഘടകങ്ങളായിരുന്നതുപോലെ ഇക്കാലത്തെ നഗരങ്ങളായിരുന്ന കൊല്ലവും, മുയിരികോ

ടം (കൊടുങ്ങല്ലൂർ) ക്രൈസ്തവ മണിഗ്രാമത്തിൻേറയും ''അഞ്ചുവണ്ണ'' ജൂതരുടേയും സ്വയംശാസിത കേന്ദ്രങ്ങളായിരുന്നു. പതിമൂന്നാം ശതകത്തോടെ ഇരവികോർത്താൻ എന്ന പ്രമുഖ ക്രൈസ്തവ വർത്തകൻ കൊടുങ്ങല്ലൂരിലെ നാട്ടുപ്രമാണിയായി അവരോധിക്കപ്പെടുന്നതായി കാണുന്നു. ആളും നിലവുമാളുന്ന മഹാസ്ഥാപനങ്ങളായി ഗ്രാമപ്രാന്തങ്ങളിലേക്ക് പള്ളികൾ വ്യാപിച്ചുതുടങ്ങിയതു് പതിമൂന്നാം ശതകത്തോടെ ആകാം. മൂഴിക്കുളം, ചെങ്ങമനാട്, ഉളിയന്നൂർ, തുടങ്ങിയ ബ്രാഹ്മണഗ്രാമങ്ങളുടെ പൂർവ്വഭാഗങ്ങളിലേക്ക് ക്രൈസ്തവ സംസ്ക്കാരം വ്യാപിക്കുന്നതോടെ പ്രത്യക്ഷപ്പെട്ടതാവാം കുറുപ്പമ്പടിയിലെ പള്ളി. പാണ്ഡിനാട്ടിലേക്ക് പെരിയാർ തീരത്തിലൂടെ ഉള്ള വാണിജ്യ പ്രയാണപഥം ഈ വ്യാപനത്തെ സഹായിച്ചിരിക്കാമെന്നു് ഗ്രന്ഥകാരൻ ചൂണ്ടികാട്ടുന്നതു് തികച്ചും അർത്ഥവത്താണ്. ഭൂതക്കടി മ്ലാപ്പാറ വനമാർഗ്ഗങ്ങളിൽ ''പാണ്ഡിത്താവളം'' ''വാണിയൻത്താവളം'' എന്നിങ്ങനെ സ്ഥലപ്പേരുകൾ ഇന്നും അവശേഷിക്കുന്നു.

ഇത്രയും ആത്മബന്ധത്തോടെ കുറിച്ചുകൊണ്ടു് ബഹുമാന്യ കോറെപ്പിസ്കോപ്പായുടെ വിജ്ഞാനദാഹത്തിൻെറ മൂർത്തരൂപമായ ഈ കൃതി ബഹുജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

രാജൻ ഗുരുക്കൾ എം. എ.
ജവഹർലാൽനെഹ്രു യൂണിവേഴ്സിറ്റി,
ന്യൂഡൽഹി.

ന്യൂഡൽഹി,
26-2-1981.

# ഉള്ളടക്കം

**ശീർഷ ലേഖ്യം**

**പീഠിക**

**അവതാരിക**

**അദ്ധ്യായം 1 ദേശചരിത്രം**

A. D. 1300 വരെ. പേജ് 1 മുതൽ 17 വരെ.

1. പള്ളിയുടെ ചിന്ത്. 2. പ്രസ്താവന. 3. കുന്നത്തുനാട്ട്താലൂക്ക് 4. മതപ്രചരണം. 5. ബുദ്ധമതപ്രവേശനം. 6. ക്രിസ്തുമതപ്രവേശനം a) മാർത്തോമ്മ ശ്ലീഹ. 7) ശ്രീശങ്കരാചാര്യർ. 8. കുന്നത്തുനാട്ട് താലൂക്കിലെ ചിതറിപാർപ്പ്. ആലപ്പാറ പള്ളി, കാഞ്ഞൂർപള്ളി.

**അദ്ധ്യായം 2 കുറുപ്പമ്പടി പള്ളിയുടെ പ്രാരംഭം**

A. D. 1300 മുതൽ 1657 വരെ. പേജ് 18മുതൽ 42 വരെ.

1 രായമംഗലം ദേശം 2 കുളങ്ങര അകത്തൂട്ട് 3 ക്രിസ്ത്യാനികളുടെ കുടികയററം. പള്ളിയുടെ സ്ഥാപനം 4 കോതമംഗലം പള്ളികരം. 5 കൂട്ടമഠം 6 കുറുപ്പമ്പടി അങ്ങാടി 7 അർക്കദിയാക്കന്മാരും പരദേശ മെത്രാന്മാരും 8 നെസ്തോറിയരും പറങ്കികളും 9 ഗീവർഗീസ് അർക്കദിയാക്കോൻ I 10 മാർ മെനേസ്സിസ്സ് മെത്രാൻ, ഉദയംപേരൂർ സുന്നഹദോസ് 11 ഗീവറുഗീസ് അർക്കദിയാക്കോൻ II 12 മേക്കോട്ട് അച്ചൻ 13 തേക്കുംകുടികരം 14 തോമാ അർക്കദിയാക്കോൻ (പൂർവ്വാദ്ധം) 15 അഹത്തുള്ള ബാവാ 16 കൂനൻകുരിശു സത്യം 17 തോമാ അർക്കദിയാക്കോൻ (ഉത്തരാദ്ധം) അഥവ 1-ാം മാർത്തോമ്മ

**അദ്ധ്യായം 3 എട്ടുവീടരുടെ ഭരണകാലം**

പൂർവ്വാദ്ധം (A. D. 1657 മുതൽ 1798 വരെ)

ഭാഗം 1 (A. D. 1657 മുതൽ 1700 വരെ പേജ് 42—59)

1. 1-ാം മാർത്തോമ്മ (തുടർച്ച) 2 കുറുപ്പമ്പടി പള്ളി പൊളിച്ചുപണിതു. 3 പഴേക്കൂററിൽ ചാണ്ടിമെത്രാൻ 4 യറുശലേം പാത്രിയർക്കീസ് 5. 2-ാം മാർത്തോമ്മ 6 അന്ത്രയോസ് ബാവാ, മാർ-ബസ്സേലിയോസ്, മാർ-ഈവാനിയോസ് 8 തട്ടാംപുറം 9 3-ാം മാർത്തോമ്മ 10 കൈസ്ഥാനികളായ എട്ടുവീട്ടുകാരുടെ ചരിത്രം i അറ

കൻ ii ചിററയം iii മററെക്കാടൻ iv കറിയേടം (പാറേമാൻ) v ആത്തുങ്കൽ vi പുതുശേരി vii കുറുപ്പൻ viii പുത്തൻപെരക്കൽ 11. ഇടവകയിലെ അന്തഛിദ്രം 12. 4-ാം മാർത്തോമ്മ

ഭാഗം 2 (A. D. 1700 മുതൽ 1770 വരെ പേജ്. 59—89

1 5-ാം മാത്തോമ്മ 2 പാശ്ചാത്യമിഷനറിമാർ 3 ഇൻഡ്യൻ സാമ്രാജ്യസ്ഥിതി 4 കേരളത്തിലെ സ്ഥിതി. മാത്താണ്ഡവർമ്മ 5 രാജകീയ ബഹുമതികരം 6 പള്ളിപണി പുനരാരംഭിച്ചു 7 ശീമ മെത്രാന്മാർ 8. 6-ാം മാർത്തോമ്മ (മാർ ദീവന്നാസിയോസ് 1-ാമൻ] 9 കുറുപ്പമ്പടി പള്ളിയിലെ അന്തഛിദ്രം 10 943-ലെ ഭാഗഉടമ്പടി 11 കുറുപ്പമ്പടി പള്ളിയിലെ വഴക്കിൻെറ ചരിത്രം 12. 943-ലെ (1768) പിരിവുലിസ്റ്റ് 13 കണക്ക് എഴുതുന്നരീതി 14 ചിലകുടുംബചരിത്രം i ആററുപുറം ii പൊയ്ലാടനും ഉറുമിയാടനും iii കല്ലറക്കൽ തരകൻ iv അറയ്ക്കൽ (തുടർച്ച) v ആത്തുങ്കൽ (തുടർച്ച) Vi കോച്ചേരി Vii പടയാട്ടി

ഭാഗം 3 (A. D. 1770—1798 വരെ)

എട്ടുവീട്ടുകാരുടെ അനിശ്ചിത ഭരണകാലം. പേജ് 89-101

1. മരാമത്തുകരം 2. 6-ാം മാത്തോമ്മ (തുടച്ച്) 3. രാഷ്ട്രീയ സ്ഥിതിഗതികരം 4. കളങ്ങര അകത്തൂട്ട് (തുടർച്ച) 5. മുടക്കിരായി പഴയക്കൂററുപള്ളി 6. പഴയക്കൂററുകാരുടെ സ്ഥിതി.

**അദ്ധ്യായം 4 എട്ടുവീടരുടെ ഭരണകാലം**

ഉത്തരാദ്ധം (1798—1893 വരെ)

ഭാഗം 1 (A. D. 1798—1816 വരെ) പേജ് 101-117

1. പുതിയ ഭരണസമിതി 2. ചില നടപടിക്രമങ്ങരം 3. വല്യച്ചൻേറയും മെത്രാച്ചൻേറയും ചരമം 4. അഞ്ഞൂരെപള്ളി 5. പകലോമററം മെത്രാന്മാരുടെ അസ്തമനം 6. പഴയ സെമ്മനാരി 7. ചില കൈസ്ഥാനികളുടെ കുടുംബചരിത്രം i തുരുത്തി ii തോമ്പ്ര iii മരങ്ങാടൻ

ഭാഗം 2 (A. D. 1816 - 1825 വരെ). പേജ്117-135

1. മാർ ദീവന്നാസിയോസ് 2-ാമൻ 2. മാർ പീലക്സിനോസ് 3. വെങ്ങോലപള്ളി 4. മാർ ദീവന്നാസിയോസ് 3-ാമൻ 5. പള്ളിയുടെ സ്ഥാവരവസ്തുക്കരം 6. പുരോഗമന പ്രവത്തികരം

7. മരാമത്തുകൾ 8. വാർഷിക തെരട്ട് 9. കല്ലറക്കന്റെ വഴിപാട് 10. ഇടവക സെൻസസ് 11. കരമൂപ്പന്മാർ. 12. M. E. ആയിരത്തിനുമുമ്പുള്ള ചില നടപടികൾ i കല്യാണരീതി ii വിവാഹവരുമാനങ്ങൾ iii കുടുംബപ്രാർത്ഥന iv കഷ്ടാനുഭവ ആഴ്ചയിലെ നമസ്കാരം v പിശാചുബാധ ഒഴിപ്പിക്കൽ vi പത്തുകല്പനകൾ vii കൂദാശകൾ viii കാസോലിക്കാ പള്ളിയുടെ കല്പന ix മനോഗുണ പ്രവൃത്തികൾ x ശാപദോഷങ്ങൾ xi കുർബ്ബാന.

ഭാഗം 3 (A. D. 1825—1893 വരെ) പേജ് 136 - 185

1. മെത്രാന്മാർ, പട്ടക്കാർ, ശെമ്മാശ്ശന്മാർ, കൈക്കാരന്മാർ കപ്യാരന്മാർ, ശിപായിമാർ.

2. തൊഴിയൂർ മാർ-പീലക്സിനോസ് 3. ചേപ്പാട്ട മാർ-ദീവന്നാസിയോസ് 4. പഴയ സെമ്മനാരിയും പ്രോട്ടസ്റ്റൻറുകാരും 5. ശീമമെത്രാന്മാർ 6. പാലക്കുന്നത്ത് മാത്യൂസ് മാർ-അത്താനാസിയോസ് 7. യൂയാക്കിൻ മാർ-കൂറിലോസ് 8. ചാലശ്ശേരി പള്ളി 9. കാട്ടകുടിയുടെ ചരിത്രം 10. മരാമത്തുകൾ. മാർ കൂറിലോസ് തുടർച്ച. 11. യറുശലേം പാത്രിയക്കീസ് 12. കൊച്ചി പള്ളി. 13 പുതിയ ശിമത്തേരി 14. സ്ഥാവര വസ്തുക്കൾ 15. ഇടവകയിലെ സൗന്ദര്യപ്പിണക്കം 16. തുരുത്തിപ്പിളി പള്ളി 17. അല്ലപ്രപള്ളി 18. വേങ്ങൂർപള്ളി 19. ജോസഫ് മാർ ദീവന്നാസിയോസ് 20. മാർ തോമസ് അത്താനാസിയോസ് 21. ചേലാട്ട പള്ളി. 22. യൂയാക്കിൻ മാർ കൂറിലോസ് (തുടർച്ച) 23. പത്രോസ് പാത്രിയക്കീസ് ബാവ 24. 1058-ലെ കേസ് 25. 1068-ലെ രജിസ്റ്റർ ഉടമ്പടി.

**അദ്ധ്യായം 5 ആധുനികകാലം** പേജ് 185—206

A. D. 1893—1943 വരെ M. E. 1068—1118

1. ഇടവക മെത്രാപ്പോലീത്തന്മാർ 2. പട്ടക്കാർ 3. കൈക്കാരന്മാർ 4. ഭരണരീതി 5. ചില കുടുംബചരിത്രം i മററമന ii കോനേക്കാടൻ iii പുതുശ്ശേരി iv കോതേച്ചിക്കുടി v ശ്രാമ്പിക്കുടി vi എമ്പാശ്ശേരി 6. ചില സംഭവങ്ങൾ 7. പള്ളിയുടെ സാമ്പത്തിക നില 8. സാമൂഹ്യനില 9. ഇടവകയുടെ വിസ്തീർണ്ണം i കോട്ടപ്പടി പള്ളി ii പെരുമ്പാവൂർ പള്ളി iii നെല്ലിമോളം പള്ളി iv കൽക്കരിശ്ശു പള്ളി v ചെട്ടിനട പള്ളി vi ക്രാരിയേലി പള്ളി vii ആലാട്ടുചിറ പള്ളി viii ഇതര സമുദായങ്ങൾ 10. ഇടവകയിലെ സുവിശേഷ പ്രവർത്തനങ്ങൾ

**അവശേഷം** പേജ് 207, 208

# കുറുപ്പിൻപടി പള്ളിയുടെ ചരിത്രം

## അദ്ധ്യായം I

### ദേശചരിത്രം A.D. 1300 വരെ

### 1. സാഷ്ടാംഗ പ്രണാമം അഥവാ പള്ളിയുടെ ചിന്തു്.

''ഭക്തിയോടെ കുമ്പിടുന്ന
തരിതാക്കോലിനത്തിന്റെ
പരിതാപം വരുത്തിടും മത്തോമറിയം
അടവെങ്കിൽ ചെറിയോരു
കന്യയായിട്ടിരുന്നമ്മ
അറിവാളൻ മ്ശിഹായെ ജനിച്ചു പെററു
ഭുവനങ്ങടം പതിന്നാലും
നിറയപ്പെട്ടിരുന്നമ്മ
പുതിയ പൊൻമകനേയും മടിയിൽ വച്ചു്
അഴകേറും വടിവൊത്ത
കുറുപ്പിൻപടി പള്ളിതന്നിൽ തന്നെ
ആലാഹായെ പെററ അമ്മെ കാത്തുരക്ഷിക്ക''.

### 2. പ്രസ്ഥാവന

വളരെ പഴക്കം ഉള്ളതും, അയ്യായിരത്തിൽ പരം വീട്ടുകാരുടേയും പത്തിൽ അധികം ചെറുപള്ളികളുടേയും മാതൃപള്ളിയും ആകുന്ന കുറുപ്പമ്പടി മത്തമറിയം പള്ളിയുടെ ചരിത്രം അറിയുന്നതു് ഈ ഇട

വകയിലെ പൂർവ്വ കുടുംബക്കാർക്കും, ചരിത്ര അന്വേഷകന്മാർക്കും വളരെ സന്തോഷമുള്ള സംഗതി ആണെന്നു് ഞാൻ വിചാരിക്കുന്നു. ഈ പള്ളിയുടെ ചരിത്രം ഉല്ലേഖനം ചെയ്യുന്നതിനു മുമ്പു് തൽസ്ഥാപനത്തിനുമുമ്പുള്ള ദേശകാല ചരിത്രസംഭവങ്ങൾ ചുരുക്കമായി താഴെ ചേർത്തുകൊള്ളുന്നു.

## 3. കുന്നത്തുനാടു് താലൂക്കു്

കുറുപ്പംപടി മർത്തമറിയം പള്ളി ഈ ആധുനിക കാലത്തു് കുന്നത്തുനാട്ടു് താലൂക്കു് രായമംഗലം പകുതി രായമംഗലം കരയിൽ സ്ഥിതിചെയ്യുന്നു. മുൻ കാലങ്ങളിൽ കുറുപ്പിൻ പടി എന്നും കുറുപ്പമ്പടി എന്നും രേഖകളിൽ കാണുന്നതുകൊണ്ടു് കുറുപ്പിൻെറ പടി എന്നു് അർത്ഥം ജനിക്കുന്നു. കർത്താക്കന്മാരുടെ ഭരണകാലത്തു് അവരുടെ കോട്ടയ്ക്കു് സമീപം ഉള്ള സ്ഥലങ്ങൾക്കു് പടിചേർത്തു് സ്ഥലനാമം ഉപയോഗിച്ചിരുന്നു. ചേനക്കരപടി, വട്ടക്കാട്ടുപടി, ഉതയംകുഴിപടി, കോട്ടപ്പടി, കളത്തിപ്പടി, മുണ്ടപ്പിളിപടി, കല്ലറപടി, ഞാളൂർപടി, തട്ടായത്തുപടി മുതലായ സ്ഥലനാമങ്ങൾ ഇതിനു ദൃഷ്ടാന്തം ആണു്. കുന്നത്തുനാട്ടു് താലൂക്കു് തിരുവിതാംകൂറിൽ ലയിക്കുതിനുമുമ്പു് പല ഉപരാജാക്കന്മാരുടേയും ഇടപ്രഭുക്കന്മാരുടേയും കൈവശം ആയിരുന്നു. കുറുപ്പമ്പടി എന്നുള്ളതു് ഒരു കരയുടെ നാമം അല്ല. ഈ പള്ളി ഇരിക്കുന്ന സ്ഥലവും അതിൻെറ പരിസരങ്ങളും ക്രിസ്തു അവതരിക്കുന്നതിനുമുമ്പു് വൻ മരങ്ങളാലും കാടുകളാലും നിബഡീകൃതവും ആന, കടുവ മുതലായ കാട്ടുമൃഗങ്ങളുടെ നിവാസഭൂമിയും ആയിരുന്നു. ഇപ്പോൾ കുററികാടുകൾ പോലും ഇല്ലാതിരിക്കുന്ന ചെറുമല, കല്ലുമല, പുലിമല മുതലായ കുന്നുകൾ മനുഷ്യവാസയോഗ്യമായിരുന്നില്ല. അതിൻെറ താഴ്‌വര പ്രദേശങ്ങൾ കൃഷിയ്ക്കു് ഉപയോഗിച്ചിരുന്നുമില്ല. ഏതാനും ചെറുമരും, കാട്ടാളന്മാരും അങ്ങുമിങ്ങും കുടികൊള്ളുന്നുണ്ടായിരുന്നു. അവരുടെ ചില കൊള്ളികളും (ശ്മശാനഭൂമി) ശിലാപ്രതിഷ്ഠകളും വൻകാടുകളുടെ ഇടയിൽ സ്ഥിതിചെയ്തിരുന്നു.

പ്രസ്ഥാവ സ്ഥലത്തുനിന്നും ആറു മൈൽ വടക്കു് പെരിയാറി ൻെറ തീരത്തുണ്ടായിരുന്ന ''ഏകചക്ര'' എന്ന ഗ്രാമവും വെൺപുരം എന്ന പട്ടണവും അതിലെ 24 ഇല്ലങ്ങരം തൊട്ടുള്ള വസതികളും ഈ കാട്ടാളജാതിക്കാരുടെ കവച്ച്സ്സു് പലപ്പോഴും വിഷയീഭവിച്ചിട്ടുണ്ടു് (ഉത്തര ഇൻഡ്യയിൽ ഏകചക്ര എന്നു വിളിക്കപ്പെടുന്ന ഗ്രാമ ത്തിൽ നിന്നു് വന്ന ആര്യന്മാർ താമസിച്ചിരുന്ന ഈ സ്ഥലത്തിനു് ഈ പേർ നല്കി എന്നു ചിലർ പറയുന്നു. മഹാഭാരതത്തിലെ ബകൻ (ബകൻ = പേങ്ങൻ) ചെറുമരിൽ പ്രധാനിയും വിജയപുരം സ്വദേശിയും ആയിരുന്നു എന്നും ഇദ്ദേഹം ഏകചക്രനിവാസികളെ അക്രമിച്ചു് ഭരണം നടത്തിവന്നു എന്നും ഇതിഹാസം) ഈ ഗ്രാമം ക്ര മശ്ശ പല ഉപഗ്രാമങ്ങളും ദേശങ്ങളുമായി ഭാഗിക്കപ്പെട്ടു. ഇതി നു് മുൻകാലത്തു് ഇക്കാലത്തെ കോടനാടു മുതൽ നേരിയമംഗലം വ രെ നീളവും അതിൻെറ മുക്കാൽ ഭാഗം വീതിയും ഉണ്ടായിരുന്നു. ഭൂരിപക്ഷം മനുഷ്യർ പെരിയാറിൻെറ വടക്കെ കരയിലും ശേഷം പേർ തെക്കെ കരയിലും താമസിച്ചിരുന്നു. അതിനു് തൊട്ടു തെക്ക ഭാഗങ്ങളിൽ അധികം താമസിച്ചിരുന്നതു് മലവാസികളും മല ദൈവങ്ങളും ആയിരുന്നു. മല ദൈവങ്ങളുടെ ആസ്ഥാനം പാതാള കണ്ടം എന്നു് ഇപ്പോരം അറിയപ്പെടുന്ന ഭൂപ്രദേശം ആയിരുന്നു.

ഉത്തര ഇൻഡ്യയിൽ നിന്നും ആര്യന്മാർ കൃഷിക്കായി കേരള ത്തിൽ കുടികയറി താമസിച്ചപ്പോരം കേരളത്തിലെ നദീതീരങ്ങ ളിൽ അവർ കൂട്ടമായി (ഗ്രാമമായി) താമസിച്ചിരുന്നു. അവരാൽ തെരഞ്ഞെടുക്കപ്പെട്ടു് കേരളത്തെ ഭരിച്ചുവന്ന രാജാക്കന്മാർ അവരെ പൂർവ്വ നിവാസികളുടേയും അയൽ രാജാക്കന്മാരുടേയും ഉപദ്രവ ത്തിൽ നിന്നു രക്ഷിച്ചു് ഭരണം നടത്തിവന്നു. ഗ്രാമവാസികളായ ബ്രാഹ്മണ ബാലന്മാക്കു പഠിക്കുന്നതിനു് സഭാമഠങ്ങരം ഉണ്ടായിരു ന്നു. പൊരുനനദി, ചൂർണ്ണആറു്, ഫുല്ലആറു് ഇത്യാതി നാമധേയ ങ്ങരം ഉണ്ടായിരുന്ന പെരിയാറിൻെറ തീരപ്രദേശത്തു് ഒന്നിൽ അധികം ഗ്രാമങ്ങരം ഉണ്ടായിരുന്നു. അതിൽ ഒന്നു് കൊടുങ്ങല്ലൂരും മററൊന്നു് ഏകചക്ര എന്ന പൂർവ്വനാമമുള്ള വെൺപുരവും ആയിരു ന്നു. കൊടുങ്ങല്ലൂർ കേരള ചക്രവത്തിമാരുടെ സമുദ്രതീരത്തുള്ള രാ ജധാനിയും തുറമുഖ പട്ടണവും ആയിരുന്നു. ഈ സ്ഥലത്തിനു് മുചി

രി, മരീചി, മുയരിക്കോട്ട്, മുരല, മകോത, മഹോദയപുരം, തിരുവഞ്ചി തുടങ്ങിയുള്ള നാമധേയം ഓരോ കാലത്തു് ഉണ്ടായിട്ടുണ്ട്. ഏകചക്രയ്ക്കു് പന്നിയൂർ ഗ്രാമം എന്നുപേർ. മലയാളത്തുണ്ടായിരുന്ന 64 ഗ്രാമങ്ങളിൽ ഒന്നാണു് പന്നിയൂർ ഗ്രാമം. വേന്ദനാട്ട്, തൃശ്ശിവപേരൂർ, ഇരിങ്ങാലക്കുട, പെരുവനം, തിരുനാവ, പെരിഞ്ചെല്ലൂർ, ചൊവ്വന്നൂർ, കണ്ടയൂർ, കാവല്ലൂർ എന്നീ സഭാമഠങ്ങളിൽ വച്ച് പന്നിയൂർ സഭാമഠം വളരെ പ്രശോഭിതം ആയിരുന്നു.

ഏകചക്ര ഗ്രാമത്തിൽ നെല്ലിക്കാപറമ്പ്, പഞ്ഞലേലി (മൂത്തേടം) തോട്ടുവ, താമരച്ചേരി, നിരവത്തു്, എടച്ചേരി, ഉച്ചില്ലാപ്പിളി, തട്ടാർചേരി, പുതുവാ, ചേലാട്, കോയിപ്പിളി തൊട്ടുള്ള നമ്പൂരി (ബ്രാഹ്മണ) ഇല്ലങ്ങളും ശൂദ്രർ തുടങ്ങിയുള്ള മററു ജാതിക്കാരും നിവസിച്ചിരുന്നു. ഈ ബ്രാഹ്മണൎക്കു് പില്ക്കാലത്തു് ഓത്തു് അനുവദിച്ചിരുന്നില്ല. ഓടനാട്ട് (കോടനാട്ട്) വട്ടൂർ മുതലായ നാട്ടുവാഴികളുടെ ഭരണത്തിനും കൊടുങ്ങല്ലൂർ തലസ്ഥാനനഗരി ആയിതീരുന്നതിനും മുമ്പ് ചേരരാജ്യം വാണിരുന്ന ചേരരാജാക്കന്മാരുടെ പ്രധാന രാജധാനി വേങ്ങപുരത്തിനു് പൂർവ്വഭാഗത്തു് കോതമണ്ഡലത്തിൽ നിന്നും ആറു മൈൽ വടക്കുള്ള ''വഞ്ചി'' ആയിരുന്നു. ഇതിനു് ചില ഘട്ടങ്ങളിൽ ''മലനഗരം'' എന്നു പേർ പറഞ്ഞിരുന്നു. അക്കാലത്തു് ചേരരാജ്യവും പാണ്ഡ്യ രാജ്യവും തമ്മിൽ കച്ചവടം നടത്തികൊണ്ടിരുന്നു. പിന്നീട് പാണ്ഡ്യ രാജ്യത്തുനിന്നും ചേരരാജ്യത്തിൻെറ തലസ്ഥാനമായ വഞ്ചി വഴി പെരിയാറിൻെറ തീരത്തുള്ള വേണപുരം ആലുവാ പ്രദേശങ്ങളും കടന്നു് പെരിയാറിൻെറ പതനസ്ഥലത്തു സ്ഥിതിചെയ്തിരുന്നതും പെരുനെത്തുറവന്മാരുടെ മറെറാരു തലസ്ഥാനനഗരിയുമായ കൊടുങ്ങല്ലൂരിൽ കച്ചവടം നടത്തിവന്നു. ആധുനിക കാലത്തു് ഏഴാററുംകൈ, പാണിയേലി, നേരിയമംഗലം മുതലായ നാമധേയത്താൽ അറിയപ്പെടുന്ന പ്രദേശങ്ങളും മുൻകാലങ്ങളിൽ വളരെ ഔന്നത്യം പ്രാപിച്ചിരുന്നു എന്നതിനു് ഇപ്പോഴും കാണുന്ന അവശിഷ്ടങ്ങളും ദൃഷ്ടാന്തങ്ങളാണു്.

## 4. മതപ്രചരണം

ഇൻഡ്യൻ നിവാസികളായ ആര്യന്മാരുടെ മതബോധം B. C. 2-ാം നൂററാണ്ടിനു മുമ്പുതന്നെ വളരെ ക്ഷയോന്മുഖം ആയിതീർന്നു.

മതത്തേക്കാം തൊഴിലിനും രാഷ്ട്രീയ സംഗതികൾക്കും പ്രാധാന്യം നല്കിയതുകൊണ്ട് വർണ്ണങ്ങൾ ശക്തിപ്പെടുകയും, മതപരമായ സംഗതികളിൽ വഴക്കുകൾ ഉത്ഭവിക്കുകയും ക്രമശ്ശ മതം ക്ഷീണിക്കുകയും ചെയ്തു. അക്കാലത്തത്രെ ആരാധനാരീതി അനുസരിച്ച് വൈഷ്ണർ, ശൈവർ മുതലായ വിഭാഗങ്ങൾ ഉണ്ടായത്. ഇപ്രകാരം അദ്ധ്യാത്മപരമായ സംഗതികളിൽ ഭിന്നത ഉത്ഭവിച്ചപ്പോൾ വർണ്ണവ്യത്യാസമെന്യെ അവരവർ തങ്ങൾക്ക് ഹിതമായ വിശ്വാസ ഉപദേശങ്ങളെ സ്വീകരിച്ചുതുടങ്ങി. അവർ തമ്മിൽ ജാതിഭ്രഷ്ട് കല്പിച്ചിരുന്നില്ല. ഈ അവസ്ഥ തന്നെയാണ് കേരളത്തിലും ഉണ്ടായത്. ഗ്രാമങ്ങളിൽ താമസിച്ചിരുന്ന ബ്രാഹ്മണരും ക്ഷത്രിയരും തുല്യ ബഹുമാനത്തിൽ ഇരുന്നിരുന്നു. മതപരമായും രാഷ്ട്രീയമായും ഉള്ള തക്ക്ങ്ങൾക്ക് നാട്ടാർ യോഗങ്ങളുടെ പ്രതിപുരുഷന്മാരും നാടുവാഴികളും ദേശവഴികളും തുറമുഖ്യസ്ഥന്മാരും ചേർന്ന് വ്യാഴവട്ടത്തിൽ ഒരിക്കൽ മഹായോഗം (മാമാങ്കം) കൂടി തീർത്തുവന്നു. ഇപ്രകാരമുള്ള യോഗങ്ങളിൽ ഭിന്നത വദ്ധിക്കുകയും യോഗങ്ങൾ ചിലപ്പോൾ നടക്കാതിരിക്കുകയും മതം ക്ഷയോന്മുഖമായി ഭവിക്കുകയും ചെയ്തപ്പോൾ അവരവർ തങ്ങൾക്ക് ഇഷ്ടമായ മതം സ്വീകരിച്ചുതുടങ്ങി. ഇതിന്നു മുമ്പുതന്നെ ജൈനമതക്കാർ കേരളത്തിൽ കുടികയറി താമസിക്കുകയും മതപ്രചരണം നടത്തുകയും ചെയ്തിരുന്നു. അതിൽനിന്നും ഉണ്ടായിട്ടുള്ള ഒന്നാണ് കുന്നത്തുനാടു താലൂക്കിലുള്ള കല്ലിൽ ക്ഷേത്രം.

## 5. ബുദ്ധമത പ്രവേശനം

ബി. സി. 1-ാം നൂററാണ്ടിൽ കേരളത്തിൽ സർവ്വത്ര വ്യാപിച്ച മതമാന്ദ്യം മററുമതങ്ങൾക്ക് ഈ ഭാഗങ്ങളിൽ പ്രവേശിക്കുന്നതിന് സൗകര്യം ലഭിച്ചു. B. C 500 ൽ ഉത്ഭവിച്ച ബുദ്ധമത തത്വങ്ങൾ B. C. 200 ൽ പ്രബലപ്പെടുകയും കേരളത്തിൽ മന്ദീഭവിച്ചു കിടന്നിരുന്ന ആയ്യമതക്കാരിൽ അതു വ്യാപരിക്കുകയും ചെയ്തു. കേരള നിവാസികളായ ആയ്യന്മാരുടെ ഗ്രാമങ്ങളിൽ ബുദ്ധമതോപദേശങ്ങൾ പ്രവേശിച്ചപ്പോൾ അവരിൽ അനേകരും ബുദ്ധമതത്തിൽ ചേർന്നു. ബുദ്ധമതത്തെ ജൈനമതത്തിൽ നിന്നോ, ആയ്യമതത്തിലെ

വൈഷ്ണവ, ശൈവമ്ഗ്ഗങ്ങളിൽനിന്നൊ ഭിന്നമായി അവർ കരുതിയിരുന്നില്ല. എങ്കിലും ബുദ്ധമതം സ്വീകരിച്ചവരെ അക്കാലത്തെ യാഥാസ്ഥികന്മാർ ''ബൗദ്ധർ'' എന്നാണ് വിളിച്ചു വന്നിരുന്നതു്. ബൗദ്ധൻ എന്ന നാമധേയം പില്ക്കാലത്തു് ആൎയ്യമതത്തിൽ നിന്നും പരിവൎത്തനം ചെയ്യുന്നവരെ വിളിക്കുന്ന നാമധേയമായി ഭവിച്ചു. ഇപ്രകാരം ക്രിസ്ത്വാബ്ദാരംഭത്തിൽ ഹിന്ദുമതം ശിഥിലീഭവിച്ചു് ക്ഷയോന്മുഖമായി തീരുകയും ബുദ്ധമത പ്രവേശനത്താൽ ഈശ്വര വിശ്വാസത്തിനു് പല സംശയങ്ങൾ ജനിക്കുകയും ചെയ്തു. ഇൻഡ്യയിൽ പ്രവേശിക്കുന്നതിനു മുമ്പുതന്നെ അവതാര സാദ്ധ്യതകളെപ്പററി വിശ്വസിച്ചിരുന്ന ആൎയ്യന്മാർ പലധീര പുരുഷന്മാരും ദൈവാവതാരം എന്നു് വിചാരിച്ചു എങ്കിലും അവരിൽ നിന്നു് ശരിയായ മനസ്സമാധാനം ലഭിക്കാതെയും ആവശ്യമായ ഉദ്ധാരണം പ്രാപിക്കാതെയും ഇരുന്നതിനാലും, പ്രസ്ഥാവകാലത്തു് ദൈവവിശ്വാസം ശിഥിലീഭവിച്ചു് മതബോധം കുറഞ്ഞിരുന്നതുകൊണ്ടും കേരള നിവാസികൾ ആത്മരക്ഷക്കായി ദാഹിച്ചിരിക്കുക ആയിരുന്നു. ഇപ്രകാരമുള്ള കാലഘട്ടത്തിൽ ആണു് ഫലസ്തീൻ ദേശത്തു് ദൈവം മനുഷ്യാവതാരം ചെയ്തു എന്നറിഞ്ഞു് ഇൻഡ്യയിലേയും പേഷ്യയിലേയും മഹഷികൾ (വിദ്വാന്മാർ) തന്നെ ആരാധിക്കുവാനായി ജറുസലേമിൽ പോയതു്.

## 6. ക്രിസ്തുമത പ്രവേശനം

### a) മാർത്തോമ്മശ്ലീഹ. A. D. 50.

പശ്ചിമ ഏഷ്യയിൽ ഫലസ്തീൻ ദേശത്താണു് ദൈവംതമ്പുരാൻ ലോകത്രാണാൎത്ഥം ക്രിസ്തുയേശു എന്ന നാമധേയത്തിൽ മനുഷ്യാവതാരം ചെയ്തതു്. മനുഷ്യാവതാരം കൊണ്ടു് സിദ്ധിക്കേണ്ട മനുഷ്യ രക്ഷക്കു് ആകാംക്ഷയോടെ നോക്കിപ്പാൎത്തിരുന്ന സകല ഭൂവാസികൾക്കും ഇതു വളരെ സന്തോഷപ്രദമായിതീൎന്നു. യേശുക്രിസ്തുവിൻെറ 12 അപ്പസ്തോലന്മാരിൽ ഒരാളായ മാർ – തോമസ് യറുശലേമിൽ നിന്നു് ദക്ഷിണ ഇൻഡ്യയിൽ വരികയും കേരളത്തിലും പാണ്ഡിപ്രദേശങ്ങളിലും മററും ക്രിസ്തുവിനെ ഉൽഘോഷിക്കുകയും തൽഫലമായി ബ്രാഹ്മണർതൊട്ടുള്ള അനേകം സവൎണ്ണ ഹിന്ദു

ക്കാം യേശുക്രിസ്തുവിൻെറ നാമത്തിൽ സ്നാനം ഏററു് ക്രിസ്തീയസഭയോടു് ചേൎന്നുനിന്നു. കേരളത്തിൻെറ തലസ്ഥാനമായ കൊടുങ്ങല്ലൂർ ആണു് സെന്തോമസ് അധികമായും വേലചെയ്തതു്. അവിടെ ഉദ്ദേശം 3040പേർ സ്നാനം ഏററു. തലസ്ഥാന നഗരിയിൽ ഉണ്ടായ ഈ സംഭവത്തോടുകൂടി കേരളത്തിലെ വിവിധ ഭാഗങ്ങളിൽ തോമസ് മഹൎഷിയേയും അദ്ദേഹത്തിൻെറ ഉപദേശങ്ങളേയും പററി കേട്ടുതുടങ്ങി. സ്നാനം ഏററു എന്നുപറഞ്ഞാൽ ആധുനീകരീതിയുമായി പലവിധത്തിലും വ്യത്യാസമുണ്ടായിരുന്നു. അക്കാലത്തു് ചതുർവൎണ്ണത്തിൽപ്പെട്ട സവൎണ്ണർ വിവിധ അവതാര പുരുഷന്മാരിൽ വിശ്വസിക്കുന്നവർ ആയിരുന്നു. ഇപ്രകാരമുള്ളവരുടെ സാമൂഹ്യ ആചാരം, വസ്ത്രധാരണം, ശരീരാചാരം, ആരാധനാ സ്ഥലം മുതലായി ബാഹ്യമായ യാതൊരു സംഗതിയിലും വലിയ വ്യത്യാസം ഉണ്ടായിരുന്നില്ല. ക്രിസ്തുമാൎഗ്ഗം സ്വീകരിച്ച പുരുഷന്മാർ തലമുടി വളൎത്തിയും, കാതുകുത്തിയും, സ്ത്രീകൾ തററുടുത്തും, മറകുട പിടിച്ചും, അവൎണ്ണരുമായി തീണ്ടൽ, തൊടിൽ തുടങ്ങിയ ആചാരവിശേഷങ്ങൾ അനുഷ്ടിച്ചും ആണു് ജീവിച്ചുവന്നിരുന്നതു്, ആരാധനാസ്ഥലങ്ങൾ അമ്പലങ്ങൾ തന്നെയൊ അതുപോലുള്ള വേറൊരു ക്ഷേത്രം നിൎമ്മിച്ചോ ഉപയോഗിച്ചിരുന്നു. മററു സവൎണ്ണ ശിവനെയൊ വിഷ്ണുവിനേയൊ ആരാധിച്ചു വന്നപ്പോൾ ക്രിസ്തുവിശ്വാസികളായ സവൎണ്ണർ ക്രിസ്തുവിനെ ആരാധിക്കുകയും ദ്വിജലക്ഷണമായി മാമോദീസാ സ്വീകരിക്കുകയും അപ്പവീഞ്ഞുകളെ കൊണ്ടു് പൂജനടത്തുകയും ബാഹ്യലക്ഷണമായി ഉപനയത്തിൽ കുരിശു ധരിക്കുകയും ചെയ്തുവന്നു. കൊടുങ്ങല്ലൂർ നിന്നു് മാൎത്തോമ്മാശ്ലീഹാ കേരളത്തിൻെറ നാനാഭാഗങ്ങളിൽ ചുററിസഞ്ചരിച്ചു് സുവിശേഷവേല നടത്തിയശേഷം ചോഴം പാണ്ഡ്യം ദേശങ്ങളിൽ പോയി വേലചെയ്ത ശേഷം അവിടെ നിന്നും അദ്ദേഹം കൊടുങ്ങല്ലൂൎക്കു് പുറപ്പെട്ടതു് പാണ്ഡിയിൽ നിന്നും പെരിയാറിൻെറ വടക്കെ തീരം വഴിയായിരുന്നു. അപ്രകാരം അദ്ദേഹം യാത്രചെയ്യുമ്പോൾ മലയുടെയും ആറിൻേറയും ഇടക്കുള്ള പന്നിയൂർ ഗ്രാമമെന്നൊ ഏകചക്ര എന്നൊ അറിയപ്പെട്ടിരുന്ന മലനഗരത്തിൽ അഥവ വെൺപുരത്തിലും, ചേരാരാജാവിൻെറ മലനാട്ടിലെ തലസ്ഥാന നഗരിയായ വഞ്ചിയിലും താമസിച്ചു് സുവിശേഷവേല ചെയ്തു. തൽഫലമായി മൂത്തേടം,

ചേലാട്ട്, എടച്ചേരി, കോയിപ്പിള്ളി, പുതുവ മുതലായ ഇല്ലക്കാരിൽ ചിലർ ക്രിസ്തുമാർഗ്ഗം സ്വീകരിച്ചു. ഇപ്രകാരം കുന്നത്തുനാട് താലൂക്കിൽ ഒന്നാം നൂററാണ്ടിൽ തന്നെ ക്രിസ്തുമാർഗ്ഗത്തിനു പ്രവേശനം ഉണ്ടായി. സെന്തോമസ് പെരിയാർതീരത്തു ചെയ്ത വേലയെപ്പററി അദ്ദേഹത്തിൻെറ ശിഷ്യൻ നിരണത്തു മാളിയക്കൽ തോമ എന്ന വൈദീകൻ എഴുതിയിരുന്നതിൽ നിന്ന് അനന്തരഗാമി സംക്ഷേപമായി എഴുതിയിരുന്ന ഓലയിലെ പകർപ്പിൽ നിന്ന് ഒരു ഭാഗം താഴെ ചേർക്കുന്നു:-

''മലയാളത്തിനു തിരികെ വരുവാൻ
താൻ കരയാത്ര ചെയ്യുമ്പോൾ
മാലാഖമാരുടെ തുണയാലെ
മലയാററൂർ താൻ വന്നെത്തി
ഇരുമാസമവിടങ്ങളിലും
മാർഗ്ഗത്തെ താനറിയിച്ചു
ഇരുനൂററിരുപതു വിശ്വാസികളെ
താൻ മാമോദീസാ മുക്കി''.

N. B. ഇവിടെ മലയാററൂർ എന്നതു് മലനഗരം ആണ്. പകത്തിയകാലത്തു് മലനഗരം നഷ്ടപ്പെട്ടിരുന്നതിനാൽ പില്ക്കാലത്തു് അറിയപ്പെടുന്ന മലയാററൂർ എന്ന നാമം ചേർത്തതായിരിക്കണം.

എ. ഡി. 1-ം 2-ം നൂററാണ്ടുകളിൽ കേരളത്തിൽ ശ്രീബുദ്ധൻെറ ഉപദേശങ്ങൾക്കും ക്രിസ്തുവിൻെറ ഉപദേശങ്ങൾക്കും പ്രചാരം ലഭിച്ചിരുന്നു. അപ്പോൾ ബ്രാഹ്മണമതം വളരെ മന്ദീഭവിച്ചു. കൊടുങ്ങല്ലൂർ തുറമുഖത്തു് വന്നുകൊണ്ടിരുന്ന അറബി ക്രിസ്ത്യാനികളായ കച്ചവടക്കാരുടെ വിശ്വാസാചാരങ്ങളും പരിഷ്ക്കാരവും കൊടുങ്ങല്ലൂർ ക്രിസ്ത്യാനികൾക്കും ഉണ്ടായിത്തുടങ്ങി. തലസ്ഥാനനഗരിയിലെ ക്രിസ്തീയ പരിഷ്ക്കാരങ്ങൾ ഉൾഭാഗങ്ങളിൽ താമസിക്കുന്ന ക്രിസ്ത്യാനികളിലും കുറേശ്ശെ കടന്നുകൂടി. വെൺപുരത്തിലെ ബ്രാഹ്മണ ക്ഷേത്രങ്ങൾക്കു പകരം ക്രിസ്ത്യാനികൾക്കും ചില ക്ഷേത്രങ്ങൾ നിർമ്മിക്കപ്പെട്ടു. അതിനെ പള്ളി എന്നും വിളിക്കാറുണ്ടായിരുന്നു. ബ്രാഹ്മണക്ഷേത്ര ആരാധനയിൽ നിന്നുള്ള ചില

വ്യത്യാസങ്ങളാണ് ഈനാമധേയമാററത്തിനു കാരണം. പള്ളി എന്നുള്ളതു് ബഹുമാനാൎത്ഥം ഉപയോഗിക്കുന്ന ഒരു വിശേഷണ പദമാണ്. പള്ളിമെത്ത, പള്ളിഉറക്കം മുതലായവ ഉദാഹരണങ്ങളാകുന്നു. വടക്കൻപള്ളി, വാണിയംപള്ളി, അതിരൻ പള്ളി എന്നീ സ്ഥലങ്ങളിൽ ചില ക്രിസ്തീയ ദൈവാലയങ്ങൾ വെൺപുരത്തിനു സമീപം ഉണ്ടായിരുന്നു എന്നും, അതുകൊണ്ടാണ് പള്ളി എന്ന ശബ്ദം അതിൽ ഉണ്ടായതെന്നും, അവിടെ ഇപ്പോൾ കാണുന്ന ക്ഷേത്ര അവശിഷ്ടങ്ങൾ ഈ പള്ളികളുടേതാണെന്നും വിചാരിച്ചു വരുന്നു.

b) ക്നായിതോമ.

4-ാം നൂററാണ്ടിൽ കൊടുങ്ങല്ലൂർ വന്നിറങ്ങിയ ക്നായി തോമായുടെയും കൂട്ടരുടേയും സമ്പൎക്കം മലയാളത്തുള്ള ക്രിസ്ത്യാനികൾക്ക് ഒരു നവജീവൻ ഉണ്ടാക്കി. കേരളത്തിലുള്ള ക്രിസ്തുമതത്തിലെ വിശ്വാസോപദേശാചാരങ്ങൾക്ക് എന്തെന്നില്ലാത്ത ഒരു അന്തരം ഭവിച്ചു. ശരിയായ ക്രിസ്തീയ ആരാധനകളും അനുഷ്ഠാനങ്ങളും നടപ്പായതിൻെറ ഫലമായി ബ്രാഹ്മണ മതവും ക്രിസ്തുമതവും തമ്മിൽ വലിയ വ്യത്യാസങ്ങൾ ഉണ്ടായിത്തുടങ്ങി. വിക്രമാദിത്യ രാജാവിൻെറ കാലത്തു് ഹിന്ദുമതം പുനൎജ്ജീവിച്ചു. ശാസ്ത്രസംബന്ധമായ സംഗതികളിൽ കേരളത്തിലെ ഹിന്ദുമത പ്രമുഖന്മാരും, ക്രിസ്തുമത ശാസ്ത്രജ്ഞന്മാരും തമ്മിൽ അടിക്കടി വാദങ്ങൾ ഉത്ഭവിച്ചു. വൈദീക കാലത്തേക്കാൾ പൗരാണിക കാലത്തു് (A. D. 6—10 ശ. വ. വരെ) ഹിന്ദുമതത്തിൽ ബഹുദേവാച്ചനയും വിഗ്രഹാരാധനയും ശക്തിപ്പെട്ടു. അനേകം ധൎമ്മശാസ്ത്ര സ്മൃതികളും പുരാണങ്ങളും ഉപപുരാണങ്ങളും ഇക്കാലത്തു് ഉണ്ടായി. ത്രിമൂൎത്തികളിൽ ഒരുപോലെ ഉള്ള ഗുണം ഉണ്ടെന്നു വിശ്വസിച്ചു. അവരവർ ശ്രേഷ്ഠമായി എണ്ണിയ മൂൎത്തികളുടെ വലിപ്പം കാട്ടുവാൻ ഓരോ പുരാണങ്ങളും ഓരോരുത്തർ എഴുതി തുടങ്ങി. ചതുൎവേദം കഴിഞ്ഞാൽ ഇതിഹാസങ്ങളും പുരാണങ്ങളും അഞ്ചാം വേദമെന്നു് ചിലർ പറഞ്ഞു. ഇപ്രകാരം ഹിന്ദുമതം വിവിധ രീതിയിൽ മുമ്പോട്ടു തള്ളിക്കയറുമ്പോൾ കേരളത്തിലെ ക്രിസ്തുമതം അതിൻെറ വേദ

ഗ്രന്ഥങ്ങളോടും വിശ്വാസോപദേശങ്ങളോടും കൂടി മുമ്പോട്ടു ഗമിച്ചു തുടങ്ങി. അതിനാൽ ക്രിസ്ത്യാനികളെ ചില ഹിന്ദുക്കൾ അഞ്ചാം വേദക്കാർ, അഞ്ചാം വർണ്ണക്കാർ എന്നും മററും വിളിച്ചുവന്നു. ബുദ്ധമതം ക്ഷയിച്ചപ്പോൾ അതിൽ ഉൾപ്പെട്ടിരുന്ന പലരും ഹിന്ദുമതത്തിലെ ആചാരാനുഷ്ഠാനങ്ങളിൽ തൃപ്തിപ്പെട്ടിരുന്ന ചിലരും ക്രിസ്തുമതം സ്വീകരിച്ചു. തന്നിമിത്തം ചില ബ്രാഹ്മണർ ക്രിസ്ത്യാനികളെ ബൗദ്ധർ എന്നും വിളിക്കാറുണ്ട്. ഇപ്രകാരം ഹിന്ദുമതം എന്ന പോലെ കേരള ക്രിസ്ത്യാനികളും വിദേശ ക്രിസ്ത്യാനികളും ഒത്തൊരുമിച്ചു പ്രവർത്തിച്ചുവന്നു. ഇക്കാലത്തും വിശ്വാസോപദേശങ്ങളിലല്ലാതെ സവർണ്ണ ക്രിസ്ത്യാനികളും സവർണ്ണഹിന്ദുക്കളും തമ്മിൽ വലിയ വ്യത്യാസം ഉണ്ടായിരുന്നില്ല. ജാതിവ്യത്യാസമെന്യെ രണ്ടുകൂട്ടരും അവരവരുടെ ക്ഷേത്രങ്ങളിൽ (ആരാധനാമന്ദിരങ്ങളിൽ) സഹകരിച്ചു പ്രവർത്തിച്ചിരുന്നു.

## 7. ശ്രീശങ്കരാചാര്യർ (A. D. 789-851)

ഇൻഡ്യയിലെ ഹിന്ദുമതത്തെ പുനർജീവിപ്പിച്ച് ഇപ്പോഴത്തെ നിലയിൽ ആക്കിതീർത്തതും, ഇൻഡ്യയിലെ വിവിധ സവർണ്ണരെ ഏകോപിപ്പിച്ച് ഹിന്ദുമതം എന്ന നാമധേയത്തിൽ ആക്കിതീർത്തതും ഇദ്ദേഹം ആണ്. ഇദ്ദേഹം കുന്നത്തുനാട്ട് താലൂക്കിൽ പെരിയാറിൻെറ തീരത്തുള്ള കാലടിയിൽ ജാതനായി. പെരിയാറിൻെറ തീരത്തുള്ള വെൺപുരം തുടങ്ങിയ ഗ്രാമങ്ങളിലെ ഹിന്ദുക്കൾ ഭൂരിപക്ഷവും ശിവാരാധനക്കാരും മിക്കക്ഷേത്രങ്ങളും ശിവക്ഷേത്രങ്ങളും ആയിരുന്നു. അതിനാൽ ഇദ്ദേഹം ഒരു ശിവഭക്തൻ ആയിരുന്നു എങ്കിലും ശിവനിലും വിഷ്ണുവിലും ഭക്തനായിട്ടാണ് അറിയപ്പെടുന്നത്. ഇദ്ദേഹം മൈസൂറിലും ഇൻഡ്യയിലെ മററു പലഭാഗങ്ങളിലും ഉള്ള വൈദീക വിദ്യാലയങ്ങളിൽ താമസിച്ച് ചതുർവേദം, ഉപനിഷത്തുക്കൾ, സ്മൃതികൾ മുതലായ ഹിന്ദുമത ധർമ്മശാസ്ത്രങ്ങളും ക്രിസ്തുമത സിദ്ധാന്തങ്ങളും അഭ്യസിച്ചശേഷം ഹിന്ദുമതോദ്ധാരണത്തിന്നായി പുറപ്പെട്ടു. ഇൻഡ്യയിലെ പ്രസിദ്ധ ഹിന്ദുമത ശാസ്ത്രജ്ഞന്മാരോടും മററും ഇദ്ദേഹം തർക്കങ്ങൾ നടത്തി മത

ത്തെ പരിഷ്ക്കരിച്ചു. ഇദ്ദേഹത്തെ വെല്ലുവാൻ മററുള്ളവർ അശക്തരായിരുന്നു. അദ്ദേഹം ഇൻഡ്യയിൽ ചുററിനടന്നു് തൻെറ സിദ്ധാന്തങ്ങരം നടപ്പിലാക്കുകയും, പല സ്ഥലത്തും വൈദീക സ്ഥാപനങ്ങരം ഉണ്ടാക്കുകയും ചെയ്തു. തൻെറ മാതാവിൻെറ അന്തിമഘട്ടത്തിൽ കാലടിയിൽ വന്നു. മാതാവു മരിച്ചപ്പോരം ശവദഹനത്തിനായി പരിസരങ്ങളിൽ താമസിക്കുന്ന ബ്രാഹ്മണർ സംബന്ധിക്കാത്തതിനാൽ ഒരു ചീതിയൻെറ സഹായത്തോടുകൂടെ ആ കർമ്മം അദ്ദേഹം തന്നെ നടത്തി എന്നു പറയപ്പെടുന്നു. തന്നിമിത്തം അദ്ദേഹം മലയാളത്തുള്ള സവർണ്ണഹിന്ദുക്കരംക്കു് നല്കിയ സിദ്ധാന്തങ്ങരം അവരുടെ അഭിവൃദ്ധിക്കു് സഹായിക്കുന്നതായിരുന്നില്ല. ചിലർക്കു് ചീതിയനെ കൂടാതെ ശവദഹനവും അനുവദിച്ചിരുന്നില്ല. മററു ദേശങ്ങളിൽ അദ്ദേഹത്തിൻെറയും ശിഷ്യന്മാരുടെയും സിദ്ധാന്തങ്ങരം പ്രയോജനം ഉള്ളവയായിരുന്നു. എങ്കിലും ഈ സ്ഥലത്തു നല്കിയവ അത്ര പ്രയോജനപ്രദം ആയിരുന്നില്ല. അദ്ദേഹം സവർണ്ണക്രിസ്ത്യാനികളെ ആഭിജാത്യമുള്ളവരായും അവരാൽ നടത്തപ്പെടുന്ന ചിലകർമ്മങ്ങരം സഫലമാണെന്നു് സമ്മതി നല്കിയിരുന്നതിനാലും, ഹിന്ദുമതത്തിലെ ചില സിദ്ധാന്തങ്ങരം ഭാരമുള്ളവ ആയിരുന്നതിനാലും ചില പ്രത്യേക ഘട്ടങ്ങളിൽ ചിലർ ഹിന്ദുമതം മനസ്സാ ഉപേക്ഷിച്ചു് ക്രിസ്തുമതത്തിൽ ചേൎന്നുവന്നു. അദ്ദേഹം തൊഴിൽ അനുസരിച്ചു് ജാതിക്കു് ഉൽക്കർഷാപകർഷങ്ങരം നല്കി. അവർണ്ണരെ മതത്തിൻെറ അടിഭാഗത്തേക്കു തള്ളിയിട്ടു. അവക്കു തലപൊക്കുന്നതിനു പോലും നിർവ്വാഹം ഉണ്ടായിരുന്നില്ല. മന്ത്രതന്ത്രാദികരം ബ്രാഹ്മണരുടെ തനതായിതീൎന്നു. ബ്രാഹ്മണവർണ്ണത്തിനു് പ്രത്യേകം ഉൽക്കർഷം കല്പിച്ചു. തന്മൂലം ക്രിസ്തുമതത്തിനു് വളരുവാൻ ചില പ്രതിബന്ധങ്ങരം താനെ ഉത്ഭവിച്ചു. പില്ക്കാലത്തു് ഹിന്ദുമതത്തിൽ നിന്നു് തള്ളപ്പെട്ട ചിലർ ആഭിജാത്യത്തിനുവേണ്ടി ക്രിസ്തുമതം സ്വീകരിച്ചു എങ്കിലും അതു ക്രിസ്തുമതത്തിനു് ഒരു അപകർഷമായിതീൎന്നു എന്നു ചിലർ വിചാരിക്കുന്നു.

## 8. കന്നത്തുനാട താലൂക്കിലെ ചിതറിപ്പാർപ്പ്

ക്രിസ്ത്വാബ്ദം ആദ്യനൂററാണ്ടുകളിൽ കേരളചക്രവത്തിമാരായി വാണിരുന്നതു് കേരളപുത്രവംശത്തിലും ചേരവംശത്തിലും ഉൾപ്പെട്ട ചേരരാജാക്കന്മാർ (പെരുമാക്കന്മാർ) ആയിരുന്നു. ഇവരുടെ ആസ്ഥാനങ്ങളിൽ ഒന്നു് വെൺപുരത്തിന്നു് കിഴക്കുള്ള വഞ്ചിയും മററൊന്നു് കൊടുങ്ങല്ലൂരും ആയിരുന്നു എന്നും, പാണ്ടിയും കൊടുങ്ങല്ലൂരും തമ്മിൽ ഉള്ള ഗതാഗതം പെരിയാററിന്റെ വടക്കേ തീരദേശത്തുകൂടെ ആയിരുന്നു എന്നും മുമ്പു് പ്രസ്ഥാവിച്ചിട്ടുണ്ടു്. പെരുമാക്കന്മാരുടെ ഭരണം 5-ാം നൂററാണ്ടിൽ അവസാനിച്ചു എന്നു് ചിലരും, 8-ാം നൂററാണ്ടിൽ അവസാനിച്ചു എന്നു് മററു ചിലരും അഭിപ്രായപ്പെടുന്നു. 9-ാം നൂററാണ്ടിന്റെ ആരംഭത്തിൽ അന്തഛിദ്രം വദ്ധിച്ചു. തന്നിമിത്തം കേരളം പല രാജ്യങ്ങൾ ആയി തീരുകയും അവ സ്വാതന്ത്ര്യം പ്രാപിക്കുകയും ചെയ്തു. ഇതിൽ കോലത്തുനാട്ടു്, കോഴിക്കോട്ടു്, ദേശിംഗനാട്ടു്, തൃപ്പാപ്പൂർ, വേണാട്ടു് എന്നീ രാജ്യങ്ങൾ പ്രാധാന്യം അർഹിക്കുന്നു. കേരളത്തിലെ ഓരോ ചെറിയ രാജ്യങ്ങളേയും ഓരോരോ രാജാക്കന്മാർ ഭരിച്ചുതുടങ്ങി. ആ രാജാക്കന്മാരുടെ കീഴിൽ അവിടവിടെ ഇടപ്രഭുക്കന്മാരും, അവരുടെ കീഴിൽ ഓരോ ദേശത്തു് കത്താക്കന്മാരും ചുമതലകൾ നടത്തിവന്നു, ഓരോ രാജാക്കന്മാരും ചിലപ്പോൾ ഇടപ്രഭുക്കന്മാരും അവരവരുടെ അധികാര അതൃത്തി വദ്ധിപ്പിക്കുവാൻ ശ്രമിച്ചിട്ടുണ്ടു്. തന്നിമിത്തം പലപ്പോഴും രാജാക്കന്മാർ തമ്മിലും ഇടപ്രഭുക്കന്മാർ തമ്മിലും കലഹങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. കയ്യൂക്കു് ഉള്ളവൻ കാര്യക്കാരൻ എന്നായിരുന്നു അവസ്ഥ.

അന്തഛിദ്രം കൊണ്ടു് പാണ്ഡി, ചോള മുതലായ അയൽരാജ്യങ്ങളുടെ ആക്രമം കൊണ്ടും രാജ്യത്തിൽ താമസിക്കുന്ന സ്ത്രീപുരുഷന്മാർ ആബാലവൃദ്ധം പടയെ പേടിച്ചാണു് ജീവിച്ചുവന്നതു്. തന്മൂലം സ്ഥാവരവസ്തുക്കൾ സമ്പാദിക്കുന്നതിൽ അവർ നിരുത്സാഹികളായിരുന്നു. സ്വർണ്ണം മുതലായ ജംഗമ ഉരുപ്പടികൾ പടയെ പേടിച്ചു് ഭൂമിയിൽ കുഴിച്ചിട്ടശേഷം ഓടി രക്ഷപെട്ടു. തിരികെ ആയതു് എടുക്കാൻ നിർവ്വാഹമില്ലാതെ വന്നതിനാൽ ആധുനിക കാ

ലത്തു് ആയതു് ചിലക്കു് ലഭ്യമായിട്ടുണ്ടു്. കേരളത്തിലെ സ്ഥാവര വസ്തുക്കളായ നിലം പുരയിടങ്ങാം നമ്പൂതിരിമാക്കു് പരശുരാമനാൽ ദാനം ലഭിച്ചതാണെന്നു് അക്കാലത്തു് വിചാരിച്ചിരുന്നു. മിക്കവാറും നല്ലഭൂമികാം അവരുടെ വക ആയിരുന്നു. നമ്പൂതിരിമാരുടെ വസ്തുക്കളെ ബ്രഹ്മസ്വം എന്നും, ഒന്നൊ അതിലധികമൊ ആളുകളാൽ ഭരിക്കപ്പെടുന്ന അമ്പലം വക വസ്തുക്കളെ ദേവസ്വം എന്നും, രാജാക്കന്മാക്കായി ഒഴിച്ചിടപ്പെട്ടിരുന്ന ഭൂമികളെ സക്കാർ വക എന്നും ആണു് ഇക്കാലത്തു് വിളിച്ചുവരുന്നതു്. ഇതുകൂടാതെയുള്ള മററുവസ്തുക്കാം ആക്കും അക്കാലത്തു് പ്രവേശിക്കാവുന്നനിലയിൽ ആണുകിടന്നിരുന്നതു്. നമ്പൂതിരിമാരേയും അവരുടെ വക വസ്തുക്കളേയും അമ്പലങ്ങളേയും ദേവസ്വം വക വസ്തുക്കളേയും രാജാക്കന്മാർ തുടങ്ങിയുള്ള ഭരണകത്താക്കാം സംരക്ഷിച്ചുവന്നു. ഇവയെ സംരക്ഷിക്കുന്നതുതന്നെ രാജധമ്മമായിട്ടാണു് അവർ വിചാരിച്ചിരുന്നതു്. അതിലേക്കു് ജന്മിമാർ പ്രത്യേക ഭോഗം കൊടുത്തുകൊണ്ടിരുന്നു. ശേഷിച്ച ജനങ്ങളേയും രാജാക്കന്മാരെയും രാജസമ്പത്തിനേയും ആണു് അക്രമണം നടത്തിക്കൊണ്ടിരുന്നതു്. എന്നാൽ പൊതുവായ യുദ്ധവേളയിൽ പല ക്ഷേത്രങ്ങളും മനകളും നശിക്കുവാൻ ഇടവന്നിട്ടുണ്ടു്. എങ്കിലും ആരു ജയിക്കുന്നുവൊ അവർമൂലം സമാധാനം നടത്തുമ്പോാം ദേവസ്വ ബ്രഹ്മസ്വ വകകളെ അനാദരിച്ചിരുന്നില്ല. ഇപ്രകാരം രാജ്യത്തുണ്ടായ അന്തഃഛിദ്രം വലിയവ്യതിയാനങ്ങാം ക്കു കാരണമായി.

എ. ഡി. 6—8 വരെ നൂററാണ്ടുകളിൽ കേരളത്തിൽ രാഷ്ട്രീയമായി ഉണ്ടായ അന്തഃഛിദ്രങ്ങാം പലരുടേയും കുടിപ്പാർപ്പുകാംക്കു് സ്ഥാനഭ്രംശം ഉണ്ടായി. 5-ം 9-ം നൂററാണ്ടുകളിൽ മഹാദേവർ (കൊടുങ്ങല്ലൂർ) പട്ടണത്തിൽ താമസിച്ചിരുന്ന ക്രിസ്ത്യാനികളുടെ മേൽ പല കയ്യേററങ്ങാം ഉണ്ടായിട്ടുണ്ടു്. തദവസരത്തിൽ അവരിൽ പലരും കൊടുങ്ങല്ലൂർ വിട്ടു് കുന്നത്തുനാടു താലുക്കിൻെറ ഉാംഭാഗങ്ങളിലേക്കു് മാറിതാമസിക്കാൻ ഇടവന്നു. അവർ അങ്ങും ഇങ്ങും ദൈവാരാധനക്കായി ചില പള്ളികാം സ്ഥാപിച്ചു. 9-ാം നൂററാണ്ടിൽ കൊടുങ്ങല്ലൂർ പട്ടണം തീക്കു് ഇരയായി. അവിടെയുള്ള ക്രിസ്ത്യാനികാം മഹമ്മദീയരാൽ ആക്രമിക്കപ്പെട്ടു. ഇപ്രകാരം

കൊടുങ്ങല്ലൂർനിന്നു മാറിതാമസിച്ചവർ പിൽക്കാലത്തു് അവരുടെ ആധാരങ്ങളിൽ "മഹാദേവർപട്ടണം മുതലായി ........ദേശത്തു കുടിയിരിക്കും" എന്നുപയോഗിച്ചു കാണുന്നു. ഈ പ്രയോഗം 19-ാം നൂററാണ്ടുവരെ പ്രയോഗിച്ചിരുന്നു. കേരള ക്രിസ്ത്യാനികളുടെ ആസ്ഥാനം മാലിയാംകര എന്ന മഹാദേവർ പട്ടണം ആയിരുന്നതിനാൽ പാലൂർ, പറവൂർ, ചായൽ, മയിലിക്കുമ്പ്, വെൺപുരം (ഏകചക്ര) മുതലായ സ്ഥലങ്ങളിൽ നിന്നു് കുടികയറി താമസിച്ചവരും തങ്ങളുടെ ആധാരങ്ങളിൽ മഹാദേവർ പട്ടണം മുതലായി ........ദേശങ്ങളിൽ കുടിയിരിക്കും എന്ന വിശേഷണപദം തന്നെ ഉപയോഗിച്ചിരുന്നു.

അന്തഃഛിദ്രം മൂലമൊ യുദ്ധം ഹേതുവാലൊ കൃഷിയുടെയും കച്ചവടത്തിൻെറയും സൗകര്യം പ്രമാണിച്ചൊ പലരും ഗ്രാമരീതിയിൽ ഉള്ളജീവിതം ഉപേക്ഷിച്ചു് 9-ാം ശതവഷം മുതൽ വനപ്രദേശങ്ങൾ വെട്ടിത്തെളിച്ചു് അവിടവിടെ താമസമാക്കി. 9—11 വരെ ശതവഷങ്ങളിൽ പാണ്ടിരാജാക്കന്മാർ കേരളത്തെ അടിക്കടി അക്രമിച്ചുകൊണ്ടിരുന്നു. അവർ മലവഴിയാണു് ആക്രമണം നടത്തിയതു്. പെരിയാറിൻെറ തീരപ്രദേശമാകുന്ന വഞ്ചി, വേണപുരം (നേരിയമംഗലം മുതൽ കോടനാടുവരെ) ഉൾപ്പെട്ട മലരാജ്യം പാണ്ടിക്കാരുടെ കൊള്ളയാലും സ്വദേശത്തുള്ള അന്തഃഛിദ്രത്താലും ക്ഷയോന്മുഖമായിതീൎന്നു. പാണ്ടിക്കാർ കൊള്ളനടത്തിയിരുന്നതു് പള്ളിവാസൽ കടന്നു് പെരിയാറിൻെറ വടക്കേ തീരത്തുണ്ടായിരുന്ന പാതവഴിയായിരുന്നു. തന്നിമിത്തം അവിടെ താമസിച്ചിരുന്ന നമ്പൂതിരിമാർ, ക്രിസ്ത്യാനികൾ, നായന്മാർ മുതലായ ജാതിക്കാർ നാനാഭാഗങ്ങളിലേക്കു് ഓടിപ്പോയി. അവരുടെ കോട്ടകളും, കൊത്തളങ്ങളും, ഇല്ലങ്ങളും, അമ്പലങ്ങളും, പള്ളികളും നശിപ്പിക്കപ്പെട്ടു. ചേരരാജ്യത്തിൻെറ ഒരു തലസ്ഥാനം ആയിരുന്ന വഞ്ചി നാമാവശേഷമായിത്തീൎന്നു. തന്നിമിത്തം ഓടിപ്പോയവർ ചേരാനല്ലൂർ, ആലപ്പാററ, മുടക്കുഴ, മാണിക്കമംഗലം, കാഞ്ഞൂർ, അങ്കമാലി, കാലടി, വെള്ളാരപ്പള്ളി, തൃക്കാരിയൂർ മുതലായ വനപ്രദേശത്തു താമസമാക്കി. ഓടിപ്പോയ ചിലരുടെ ഭൂമികൾ ഇക്കാലംവരെ അവരുടെ പേരിൽ തന്നെ ഉണ്ടായിരുന്നു. ഇപ്രകാരം ഓടിപ്പോയവർ ആരാ

ധനാസൗകര്യം ഇല്ലാതെ പലനാളുകൾ കഴിച്ചുകൂട്ടേണ്ടതായി വന്നു. അവിടവിടെ പാറഎടുപ്പുകളിലും വൃക്ഷചുവടുകളിലും വച്ച് ആരാധന നടത്തിയിട്ടുണ്ട്. ഇതിലേക്ക് ഉദാഹരണമാണ് വേങ്ങൂരുള്ള കുർബ്ബാനപ്പാറ. 9—11 വരെ നൂററാണ്ടുകൾ കുന്നത്തുനാട്ട താലൂക്കിൽ പെരിയാററിൻെറ തീരപ്രദേശ നിവാസികൾക്ക് ശനിദശ തന്നെയായിരുന്നു. 19-ാം നൂററാണ്ടിൽ ടി. സ്ഥലം ആന, കടുവ മുതലായ കാട്ടുമൃഗങ്ങളുടെ വാസസ്ഥലവും വൻമരങ്ങളാൽ നിബിഡീകൃതവുമായി പരിണമിക്കുവാൻ തക്കവണ്ണം ദേശം നിർജ്ജീവമായിത്തീൎന്നു. ഓടിപ്പോയവർ അവിടവിടെ ആരാധനാമന്ദിരങ്ങൾ സ്ഥാപിച്ച് ആരാധന നടത്തിവന്നു. തങ്ങളുടെയും ദൈവാലയങ്ങളുടെയും നിലനില്പിനായി ചിലർ ആയോധന പരിശീലനം ലഭിച്ചവരെ സമീപിച്ചിരുന്നു. തങ്ങളാൽ സ്ഥാപിതമായ ക്ഷേത്രങ്ങൾ പള്ളികൾ ഒന്നിലധികം ഇല്ലക്കാർ—കുടുംബക്കാർ ചേൎന്നു ഭരണം നടത്തിവന്നു. തൃക്കാരിയൂർ, ആയക്കാട്ട്, വേങ്ങൂർ, പ്രളയിക്കാട്ട്, ഇരിങ്ങോൾ, ആലപ്പാറ, ചേരാനല്ലൂർ മുതലായ ക്ഷേത്രങ്ങളും ആലപ്പാറ, കാഞ്ഞൂർ, കോതമംഗലം മുതലായ പള്ളികളും ഇപ്രകാരം ഉണ്ടായതത്രെ.

ആലപ്പാറപള്ളി.

ഈ കുടികയററക്കാലത്തത്രെ, ഇപ്പോൾ പെരുമ്പാവൂർ എന്നു പറയുന്ന സ്ഥലത്തിനു കിഴക്കുവശമുള്ള ആലപ്പാറ ഒരു പള്ളിയും അമ്പലവും സ്ഥാപിച്ചതു്. അക്കാലത്തു് ആലപ്പാറ അങ്ങാടി (ചന്ത) പ്രസിദ്ധമായിരുന്നു. അധിക വൎഷങ്ങൾ കഴിയുന്നതിനു മുമ്പായി ആലപ്പാറ കമ്പോളവും പള്ളിയും അമ്പലവും മഹമ്മദീയരാൽ ആക്രമിക്കപ്പെടുകയും ചുട്ടുനശിപ്പിക്കപ്പെടുകയും ചെയ്തു. തുടൎന്ന് തൃക്കാരിയൂർ ചെന്നു് അവിടെ ഉണ്ടായിരുന്ന ക്ഷേത്രം കൊള്ള ചെയ്തു. * ആലപ്പാറ പള്ളിക്കുന്നും ചീയംകുളങ്ങര സമീപവും ഉള്ള പള്ളിക്കുളവും അതിൻെറ ദൃഷ്ടാന്തങ്ങളാണ്.

---

* ഈ ആധുനികകാലത്തു് പള്ളിക്കുന്ന് എന്ന് പൂൎവ്വകാലംമുതൽ പറഞ്ഞുവരുന്ന കുന്നിൻ മുകളിൽ പൗരസ്ത്യ സുവിശേഷ സമാജം വക ഒരു ചാപ്പലും, അടുത്തു് ഒരു മഹമ്മദീയ ദൈവാലയവും, ആലപ്പാറപ്പറമ്പിൽ മാൎത്തോമ്മാ സമുദായം വക ഒരു ചാപ്പലും, ഹൈസ്കൂളും, അതിലെല്ലാം ഉപരിയായി ഒരു ഹൈന്ദവക്ഷേത്രവും നിലകൊള്ളുന്നതു് പൂർവ്വകാലസ്മരണയെ നിലനിൎത്തുവാൻ പൎയ്യാപ്തമായിരിക്കുന്നു.

കാഞ്ഞൂർപള്ളി

വെൺപുരവാസികളായ നമ്പൂതിരിമാർ ചേരാനല്ലൂർ മുതലായ ഭാഗങ്ങളിലേക്കു് മാറിതാമസിച്ചു എന്നു് മുമ്പു പറഞ്ഞുവല്ലൊ. മൂത്തേടം, പുതുമന, എടശ്ശേരി, ചേലാട്ടു് എന്നീ ക്രിസ്തീയ ഇല്ലക്കാർ കാഞ്ഞൂർ, തുക്കാരിയ്യൂർ മുതലായ ഭാഗങ്ങളിൽ താമസമാക്കി. തുക്കാരിയ്യൂർ മുതലായ ഭാഗങ്ങളിൽ താമസിച്ചവർ കടമററം പള്ളിയിൽചെന്നു് കർമ്മാദികൾ സ്വീകരിച്ചുകൊണ്ടിരുന്നു. വെൺപുരത്തുനിന്നു് പടിഞ്ഞാറോട്ടു് ഓടിപ്പോയവരും കൊടുങ്ങല്ലൂരിൻെറ നാശം നിമിത്തം വെള്ളാരപ്പള്ളി ഭാഗങ്ങളിൽ താമസിച്ചവരും ഒന്നുചേന്നു് കാഞ്ഞൂർ ഒരു പള്ളി സ്ഥാപിച്ചതു് 11-ാം ശതവഷത്തിലായിരുന്നു. വടക്കംപള്ളിയുടെ നാശത്താൽ അവിടെ നിന്നു് ഒരു കുരിശു് പെരിയാററിൽക്കൂടി ഒഴുകിവരികയും, ആയതു് കാഞ്ഞൂർ ആററിൻെറ അരികിൽ താമസിച്ചിരുന്ന ക്രിസ്ത്യാനികൾ കണ്ടു് ആയതു് എടുത്തു് ഒരു വീട്ടിൽ സ്ഥാപിച്ചു് ആരാധന നടത്തിവന്നു. തുടർന്നു് കന്യാസ്ത്രീ അമ്മയുടെ നാമത്തിൽ ഒരു പള്ളി സ്ഥാപിച്ചു. അക്കാലത്തു് നെസ്തോർ ശീശ്മ മലങ്കരയിൽ കടന്നുപിടിച്ചിരുന്നില്ല. നിഖ്യസുന്നഹദോസിലെ നിശ്ചയം അനുസരിച്ചു് അന്നും അതിനുമുമ്പും മലങ്കരയിൽ ഉള്ള പള്ളികളും ജനങ്ങളും പരിശുദ്ധ അന്ത്യോഖ്യാ പാത്രിയക്കീസിൻെറ കീഴിൽ ആയിരുന്നു. അതിനാൽ കാഞ്ഞൂർപള്ളിയുടെ ഭരണം അന്ത്യോഖ്യാ പാത്രിയക്കീസിൻെറ കീഴിലുള്ള വൈദീകർ നടത്തിയിരുന്നു എങ്കിലും 17-ാം ശതവഷത്തിലുണ്ടായ പറങ്കി ശീശ്മക്കു് വിധേയമായി. ആയതു ഇന്നിപ്പോഠം പഴക്കൂററുകാരുടെ കൈവശത്തിൽ ഇരിക്കുന്നു. 14 ാം നൂററാണ്ടുവരെ കാഞ്ഞൂർ ഇടവകയുടെ വിസ്തീർണ്ണം കിഴക്കു് മലയാററൂർ-രായമംഗലം വരെയും, വടക്കു് അകപറമ്പു വരേയും, തെക്കു് പള്ളിക്കര വരേയും, പടിഞ്ഞാറു് ആലങ്ങാട്ടുവരേയും ആയിരുന്നു. കാഞ്ഞൂർപള്ളിയിൽ നിന്നു് ആദ്യം കുറുപ്പമ്പടി പള്ളിയും, പിന്നീടു് ഏതാനും വർഷം കഴിഞ്ഞു് മലയാററൂർ പള്ളിയും സ്ഥാപിച്ചു. മലയാററൂർ പള്ളി ഇരിക്കുന്ന സ്ഥലം ഏകചക്ര ഗ്രാമത്തെ ഒരുകാലത്തു് ഭരിച്ചിരുന്ന ബകൻെറവക ക്ഷേത്രം ആയിരുന്നു എന്നും, ആ ക്ഷേത്രം പിൽക്കാലത്തു് പള്ളിയായി രൂപാന്തരപ്പെടുത്തി എന്നും പരമ്പര വിശ്വസി

ച്ചു വരുന്നു. ഈ പള്ളിയും 17ാം ശതവർഷത്തിൽ ആണ് പറങ്കി ശീശ്മക്ക് വിധേയമായതു്. പറങ്കി ശീശ്മയിൽ പെട്ട സുറിയാനിക്കാരെ മുൻകാലത്തു് പഴയ കൂററുകാർ എന്നും ഇക്കാലത്തു് കത്തോലിക്കാ സുറിയാനി (കൽദായ സുറിയാനി) ക്കാർ എന്നും വിളിച്ചു വരുന്നു. മലയാററൂർ മലയുടെ മുകളിൽ ഉള്ള പള്ളി 16-ാം ശതവർഷത്തി... പറങ്കികളാൽ സ്ഥാപിച്ചതാണ്.

---

# അദ്ധ്യായം II

# A. D. 1300 - 1657

## കറുപ്പമ്പടി പള്ളിയുടെ പ്രാരംഭം

1. രായമംഗലം ദേശം.

പെരിയാറിന്റെ തീരപ്രദേശങ്ങൾ നശിപ്പിക്കപ്പെട്ടപ്പോൾ അവിടെ താമസിച്ചിരുന്ന നമ്പൂതിരിമാർ, നായന്മാർ, ക്രിസ്ത്യാനികൾ മുതലായവരിൽ ചിലർ രായമംഗലം മുടക്കിരായി എന്നു് ഇപ്പോൾ അറിയപ്പെടുന്ന ദേശങ്ങളിൽ ഉള്ള മലകളുടെഅടിവാരങ്ങളിൽ താമസമാക്കി. ഈ ദേശങ്ങളും പരിസരദേശങ്ങളും തൃപ്പാപ്പൂർ (കൊച്ചി) രാജ്യത്തിന്റെ ഒരു ഭാഗമായി തീർന്നതിനാൽ തൃപ്പാപ്പൂർ രാജാവിന്റെ കീഴിൽ ഇടപ്പള്ളി, വടൂർ ഇടപ്രഭുക്കന്മാരും അവരുടെ കീഴിൽ ചില കർത്താക്കന്മാരും ഭരണം നടത്തിവന്നു. അതായതു് 12-ാം നൂററാണ്ടിന്റെ അവസാനം ആയപ്പോഴേക്കും കേരളം പല ചെറിയ രാജ്യങ്ങളായി തീർന്നു, ഇപ്പോൾ തിരുവിതാംകൂർ കൊച്ചി എന്നറിയപ്പെടുന്ന രാജ്യങ്ങൾ അക്കാലത്തു് വേണാട്ട്, ദേശിംഗനാട്ട് പെരുന്തള്ളി, മാടത്തിൻകൂർ, ചെമ്പകശ്ശേരി, തെക്കുംകൂർ, പെരുമ്പടപ്പു് (കൊച്ചി) പറവൂർ, ആലങ്ങാട്ട് എന്നിങ്ങനെ അറിയപ്പെട്ടിരുന്നു. തുടർന്നു് പറവൂർ, ആലങ്ങാട്ട്, ഇടപ്പള്ളി തമ്പുരാക്കന്മാർ കൊച്ചി രാജാവിന്റെ കീഴിൽ ആണു് ഭരണം നടത്തി വന്നിരുന്നതു്. ഇപ്പോൾ രായമംഗലം എന്നു് അറിയപ്പെടുന്ന ദേശം ഉൾപ്പെട്ട കുന്നത്തുനാട്ട് താലൂക്കിന്റെ ചില ഭാഗങ്ങൾ കൊച്ചി, ആലങ്ങാട്ട്, ഇടപ്പള്ളി തമ്പുരാക്കന്മാരുടെ കൈവശം ആയിരുന്നു. 15-ാം നൂററാണ്ടു് ആയപ്പോഴേക്കും ഈ ഭരണം ശക്തിപ്രാപിച്ചു. കുന്നത്തുനാട്ട് താലൂക്കിലെ ശേഷിച്ചഭാഗങ്ങൾ കൊച്ചി രാജാക്കന്മാരുടെ നേരിട്ടുള്ള ഭരണ

ത്തിൽ ഇടപ്രഭുക്കന്മാരും അവരുടെ കീഴിൽ കർത്താക്കന്മാർ നഗരാധിപത്യവും നടത്തിവന്നു. മുടക്കുഴ-പ്രളയിക്കാട്ട് ദേശങ്ങൾ മുളങ്കുന്നത്തു കർത്താവും, വടൂർ തമ്പുരാനും, വേങ്ങൂർ നെടുങ്ങപ്രദേശങ്ങൾ തട്ടായത്തുകർത്താവും, വാസ്കരദേശം തച്ചേത്തുകൈമന്മാരും, രായമംഗലം ഇരിങ്ങോൾ ദേശങ്ങൾ ഞാളൂർ കർത്താവും, അശമന്നൂർ പ്രദേശം അശമന്നൂർ തമ്പുരാനും, (അശമന്നൂർ മഠം) വെങ്ങോല ഭാഗങ്ങൾ കളത്തികർത്താവും, പുല്ലുവഴി തുരുത്തിപ്പിളി ദേശങ്ങൾ വട്ടക്കാട്ടുകർത്താവും, കീഴില്ലം പ്രദേശം ചേന്നങ്കര കർത്താവും, ചേരാനല്ലൂർ അന്മറി ദേശങ്ങൾ തൃക്കടെര അകത്തൂട്ട്, ചേരാനല്ലൂർ കർത്താക്കന്മാരും, കോട്ടപ്പടി കോട്ടേൽ കർത്താവും മററും ആണ് നഗരാധിപത്യം നടത്തിവന്നിരുന്നതു്. ഇവക്കു രാജസ്ഥാനത്തുനിന്നും കൊല്ലും കൊലയും അനുവദിക്കപ്പെട്ടിരുന്നു. (കുറച്ചുമുമ്പ് ക്രിമിനൽ സിവിൽ അധികാരങ്ങൾക്ക് തഹശീൽദാരും മജിസ്ത്രേട്ടും ഒന്നായിരുന്ന പ്രകാരം) കർത്താക്കന്മാരുടെ അധികാരം കുടുംബപരമ്പര സ്ഥിതിചെയ്തിരുന്നു.

രായമംഗലം മുടക്കിരായി ദേശങ്ങൾ മിക്കവാറും വടക്ക് പരിയാരം മുറിയിൽ പരിയാരത്തു് കുന്നസ്ലാമനവക ആയിരുന്നു. മനസ്സൽ ഉണ്ടായ പകച്ചു ദീനത്തിൽ ശക്രംകുട്ടി, ആദിത്യൻകുട്ടി എന്ന രണ്ടു പിഞ്ചു പൈതങ്ങൾ നീക്കി ശേഷം പേർ ഒക്കെയും പെട്ടുപോയി. ആ തക്കം നോക്കി അവർ രണ്ടുപേരും തൊട്ടുതിന്നു എന്നു പറഞ്ഞു് അവിടെ ഗുണദോഷം (വെളി) ഉണ്ടായിരുന്ന മ്യാൽപാഴൂരു് മനസ്സൽ നിന്നും, വടക്കെ പട്ടതോൾ മനസ്സൽ നിന്നും വന്നു് അവരെ പുറത്തുതള്ളുകയും അവരുടെ വസ്തുക്കൾ കയ്യേറുകയും അന്യാധീനപ്പെടുത്തുകയും ചെയ്തു. തന്നിമിത്തം രായമംഗലം ദേശവും അതിൽപ്പെട്ട വസ്തുക്കളും മിക്കവാറും കുന്നത്തൂർ ഭട്ടതിരിക്കും അതുവഴി കിടങ്ങൂർ ദേവസത്തിലേക്കും ലയിച്ചു.

2. കളങ്ങര അകത്തൂട്ട് കുറുപ്പു്.

രായമംഗലത്തു താമസം തുടങ്ങിയ ഹിന്ദുക്കളിൽഒരു കുറുപ്പിൻെറ ഭവനം പ്രമുഖത പ്രാപിച്ചു. ഈകുറുപ്പ് ഒരുകുളത്തിൻെറകരയിൽ തമസിച്ചതിനാൽ (ഈ കുളം ഇപ്പോഴും ഉണ്ടു്) പില്ലാലത്തു് കുറു

പ്പിൻെറ ഭവനനാമധേയം ''കളങ്ങര അകത്തൂട്ട്'' എന്നായിത്തീൎന്നു. ഈ ഭവനത്തിൽ ഉള്ളവൎക്ക് ആയോധന പരിശീലനം ലഭിച്ചതിനാൽ ഇവർ ആയുധാഭ്യാസം പരിശീലിപ്പിച്ചുവന്നു. അക്കാലത്തു് ഇടപ്രഭുക്കന്മാൎക്കും രാജാക്കന്മാൎക്കും ആവശ്യമായ സൈന്യങ്ങളെ (പടയാളികളെ) പരിശീലനം ചെയ്യിച്ചു കൊടുത്തിരുന്നതു് കളരിപ്പയററുപഠിച്ചിരുന്ന ആശാന്മാർ ആയിരുന്നു. ഇവരെ പണിക്കർ (യുദ്ധം അഭ്യസിപ്പിക്കുന്നവൻ) എന്നാണു് പറയുന്നതു്. തെക്കു് കടമററം അടുക്കെ താമസിച്ചിരുന്ന കാരക്കുന്നത്തുപണിക്കരും, രായമംഗലത്തു താമസിക്കുന്ന കുളങ്ങര അകത്തൂട്ട പണിക്കരും ആണു് (വടക്കൻതിരുവിതാംകൂറിൽ) ഇടപ്രഭുക്കന്മാൎക്കും രാജാക്കന്മാൎക്കും ആവശ്യമായ സൈന്യ പരിശീലനം ചെയ്തുകൊടുത്തിരുന്നതു്. അതിനാൽ കുളങ്ങര അകത്തൂട്ടു് പണിക്കരുടെ അടുക്കൽ പലനായന്മാരും ക്രിസ്ത്യാനികളും സൈനീക പരിശീലനം പ്രാപിച്ചിരുന്നു. ഭരണകൎത്താക്കളിൽ നിന്നു് കുളങ്ങര അകത്തൂട്ടു് പണിക്കൎക്കു് പല വിധമായ പ്രോത്സാഹനങ്ങളും ആവശ്യമായ ഭൂസ്വത്തും നല്കിയിരുന്നു. ഇവരുടെ പടിക്കൽ പള്ളി സ്ഥാപിച്ചതിനാൽ ഈ പള്ളി ഏതൽക്കാല പൎയ്യന്തം കുറുപ്പിൻപടി പള്ളി എന്നു് വിളിക്കപ്പെടുന്നു. ഈ പള്ളിയും ഇതിൻെറ പരിസരങ്ങളിൽ താമസിക്കുന്നവരും ആയോധന പരിശീലനം നല്കുന്ന കുളങ്ങര അകത്തൂട്ട് കുറുപ്പിനാൽ (പണിക്കരാൽ) സംരക്ഷിക്കപ്പെട്ടുവന്നു. നാനാ ദേശത്തുള്ള നായന്മാരും ക്രിസ്ത്യാനികളും പ്രത്യേകിച്ചു് ഇദ്ദേശവാസികരം ഇദ്ദേഹത്തിൻെറ അടുക്കലാണു് ആയോധനം അഭ്യസിച്ചുവന്നിരുന്നതു്. അക്കാലത്തു് ആയുധാഭ്യാസം അഥവ കളരിപ്പയററു് മറെറല്ലാ വിദ്യകളെക്കാളും അഭിമാനകരവും പ്രയോജനപ്രദവും ആയിരുന്നു. തന്നിമിത്തം ഇവരെപ്പററിയുള്ള ഭക്തിയും കീൎത്തിയും നാനാഭാഗങ്ങളിലും പരന്നിരുന്നു. ഈ കുറുപ്പിൻെറ ഭവനത്തിനു് ഭക്തിപരമായി അകത്തൂട്ട് എന്ന കുടുംബ ബഹുമതിയും ശിഷ്യന്മാരാൽ വിളിക്കപ്പെട്ടുവന്നു. ഇവരെ കുളങ്ങര അകത്തൂട്ടെ പണിക്കരച്ചൻ എന്നാണു് പില്ക്കാലത്തു് ബഹുമാനപുരസരം വിളിച്ചുവന്നിരുന്നതു്. ഇദ്ദേഹവും ഇദ്ദേഹത്തിൻെറ ശിഷ്യന്മാരും കുറുപ്പമ്പടി പള്ളി ഇടവകക്കു് ഒരു സംരക്ഷണം തന്നെ ആയിരുന്നു. പില്ക്കാലത്തു് ഇടവകജനങ്ങളെ പഠിപ്പിക്കുന്നവൎക്കും ആ പള്ളിയുടെ സംരക്ഷണയെ പ്രതിഷ്ഠം

ഈദ്ദേഹത്തിന്നു് പള്ളിയിൽ നിന്നു് അഞ്ചേകാല്യം കോപ്പും അനുവദിച്ചിരുന്നു. കൂടാതെ പഠിച്ച ശിഷ്യന്മാർ വിവാഹം കഴിക്കുമ്പോൾ പള്ളിയിൽ നിന്നും 4 ചക്രം വീതം വധൂവരന്മാരോടു് വാങ്ങി ഇദ്ദേഹത്തിന്നു് ഗുരുദക്ഷിണ നല്കിയിരുന്നു. പള്ളിയെ നശിപ്പിച്ചു് കൊള്ള അടിക്കുന്നതിന്നു് ഓരോ കാലത്തു വന്ന പടകളെ ഇവർ ആട്ടി ഓടിക്കാറുണ്ടായിരുന്നു. ഒരിക്കൽ പടവന്നു ക്യാമ്പ്ചെയ്ത സ്ഥലത്തിന്നു് പടമററംമ്യാൽ എന്നുപേർ ഉണ്ടായി.

ക്രിസ്ത്യാനികളുടെ കുടികയററം.

12-ാം ശതവർഷത്തിൻെറ ആദിയിൽ രായമംഗലം മുടക്കിരായി പ്രദേശങ്ങളിൽ ചില നായന്മാർ വടക്കുനിന്നും കുടികയറി താമസിച്ചതുപോലെ കാഞ്ഞൂർ മുതലായ പെരിയാറിൻെറ തീരപ്രദേശങ്ങളിൽ നിന്നു് ചില ക്രിസ്ത്യാനികൾ കൃഷിയുടെ സൗകര്യത്തെ പ്രതി ഈ ഭാഗങ്ങളിൽ താമസം തുടങ്ങി. കാഞ്ഞൂരുള്ള കിടങ്ങൂർ നിന്നും കൃഷിക്കായി വന്നുതാമസിച്ച ആലുക്ക എന്നു വിളിച്ചുവരുന്ന പുതുശ്ശേരി വീട്ടുകാർ രായമംഗലത്തു താമസമാക്കി. അവിടെനിന്നും കുറെ പടിഞ്ഞാറോട്ടുമാറി എടശ്ശേരി കുടുംബത്തിൽപെട്ട ഭവനവും അതിനടുത്തു പടയാററി എന്ന ഒരുഭവനവും കൃഷിക്കായിവന്നു താമസിച്ചു. പടയാററി വീട്ടുകാർ കൃഷിക്കായി എടുത്തിരുന്ന ഭാഗങ്ങൾ മിക്കവാറും വായ്ക്കര സമീപത്തുള്ള ദേശങ്ങൾ ആകുന്നു.

എടശ്ശേരി വീട്ടുകാർ:— ഇവർ പള്ളിപ്പുറമ്പിൻെറ കിഴക്കുവശമാണു് താമസിച്ചിരുന്നതു്. ഭാഗം കഴിഞ്ഞശേഷം വേറെയും ചില പുരയിടങ്ങളിൽ താമസിച്ചിരുന്നു. ഈ പുരയിടങ്ങൾക്കു് ഇപ്പോൾ എടശ്ശേരികുടി എന്ന പേരുണ്ടു്. ഇവർ പെരിയാറിൻെറ തെക്കെകരയിൽ നിന്നു വന്നതിനാൽ ആത്തുങ്കൽ എന്ന വിളിപേരും പില്ക്കാലത്തു് ഉണ്ടായി. രായമംഗലത്തു താമസിച്ച എടശ്ശേരി മുത്തപ്പൻെറ സഹോദരന്മാർ കാഞ്ഞൂരും, വേങ്ങൂരും, മലയാററൂരും താമസിച്ചിരുന്നു. വേങ്ങൂർ താമസിച്ചിരുന്നവർ ആനശല്യം നിമിത്തം പാണ്ടിക്കാട്ടു താമസമാക്കി. അവരെ മനേക്കുടി എന്നുപറയുന്നു. ഇഞ്ചക്കന്മാർ ഈ കുടുംബത്തിൽ പെട്ടവരാണു്. കുറുപ്പമ്പടി പള്ളിയിൽ 1657-ൽ കൈസ്താനി ആയിരുന്ന ആത്തുങ്കൽ (എടശ്ശേ

രി) പൗലോയുടെ പൗത്രന്റെ സന്തതികളാണ് ആത്തുങ്കൽ, മരങ്ങാട്ട്, (അങ്ങാടിയിൽ) മുല്ലപ്പിള്ളിമാലി വീട്ടുകാർ.

പുതുശ്ശേരി വീട്ടുകാർ കാഞ്ഞൂർ തരകന്റെ കുടുംബത്തിൽപെട്ടവരാണ്. ഇവക്ക് ആലുക്ക എന്ന ജന്മനാമധേയം ഉണ്ട്. രായമംഗലത്ത് ഇവർ താമസിച്ചിരുന്ന പുരയിടങ്ങൾക്ക് ആലുക്ക, പുതുശ്ശേരി നാമധേയങ്ങൾ ഉള്ളതിനാൽ ആ പുരയിടങ്ങളിൽ പിന്നീട് താമസിച്ചിട്ടുള്ള ചില നായന്മാരേയും തട്ടാന്മാരേയും മററും ഈ നാമധേയത്തിൽ വിളിക്കുന്നു. പുതുശ്ശേരി പിള്ളാലത്ത് ചേനക്കര പ്പടി മുതലായ ഭാഗങ്ങളിൽ മാറി താമസിച്ചു. M. E. 943-ൽ കൈസ്താനി ആയിരുന്ന പുതുശ്ശേരി അവര ഈ കുടുംബത്തിൽപെട്ടവനാണ്. അറമംകുടി, ചെറിയശ്ശേരി മുതലായ വീട്ടുകാർ ഈ കുടുംബത്തിൽപെട്ടവർ ആണെന്നു പറയുന്നു. പുതുശ്ശേരി അവരയുടെ കുടുംബം ഇരിങ്ങോൾ താമസിച്ചു. അവർ അന്യം നിന്നുപോയി.

പടയാട്ടി വീട്ടുകാർ ഇപ്പോഴും ഈ ഇടവകയിൽ ഉണ്ട്, ഇവർ കാഞ്ഞൂർ ഭാഗത്തുനിന്നു വന്നവരാണ്. പടയാട്ടി, ഈശ്വരംകുടി, മാലിക്കുടി എന്നീ വീട്ടുകാർ പടയാട്ടി കുടുംബത്തിൽപെട്ടവരാണ്. ഇവർ താമസിച്ചിരുന്ന പറമ്പിന് പടയാററിപറമ്പ് എന്ന നാമധേയം ഉണ്ടായതിനാൽ അവിടെ താമസിച്ചിട്ടുള്ള ചിലക്ക് ഈ നാമധേയം ഉണ്ടായിട്ടുണ്ട്. ഇവർ തങ്ങളുടെ വേലക്കാരോടുകൂടെ താമസിക്കുമ്പോൾ ദൈവാരാധന നടത്തി വന്നതു് കാഞ്ഞൂർ പള്ളിയിൽ പോയി ആയിരുന്നു. അന്ന് കടമററം പള്ളി ഉണ്ടായിരുന്നു എങ്കിലും ആ പള്ളിയിലേക്ക് വനപ്രദേശങ്ങൾ കടന്നു പോകണം. കവച്ചയും മോഷണവും ശക്തി ആയിരുന്നു. കടമററം മററു് ഇടപ്രഭുക്കന്മാരുടെ അധീനതയിലും ആയിരുന്നു. അക്കാലത്ത് കോതമംഗലം പള്ളി സ്ഥാപിച്ചിരുന്നില്ല, മാത്രമല്ല ഇവിടെ താമസിക്കുന്നവരിൽ മിക്കപേരുടേയും മാതൃപള്ളി കാഞ്ഞൂർ ആയിരുന്നു.

ഇക്കാലത്ത് കുളങ്ങര] അകത്തൂട്ട് കുറുപ്പിന്റെ ഭവനത്തിൽ രണ്ടു സ്ത്രീകൾ മാത്രമായി ശേഷിച്ചു. അവരിൽ ഒരുത്തി പ്രസവിരുന്നില്ല. അവക്ക് ധാരാളം ആസ്തി ഉണ്ടായിരുന്നു എങ്കിലും മച്ചി ആയിരുന്നവൾ വളരെ വ്യസനത്തോടുകൂടെ കഴിച്ചുകൂട്ടി. ഇവിടെ

താമസിച്ചിരുന്ന ക്രിസ്ത്യാനികളുടെ ഉപദേശഫലമായി ദൈവമാതാവിൻെറ നാമത്തിൽ ഉള്ള കാഞ്ഞൂർ പള്ളിയിലെ ദൈവമാതാവിനെ (ദേവിയെ) ഓത്ത്ു തനിക്കു "ഒരു കുട്ടി ഉണ്ടായാൽ കാഞ്ഞൂർ ദേവിയുടെ നാമത്തിൽ ഒരു ക്ഷേത്രം (പള്ളി) പണികഴിപ്പിക്കാം" എന്നു വഴിപാടുനേന്നു. തൽഫലമായി അവരം ഗർഭം ധരിച്ചു ഒരു ആൺകുട്ടിയെ പ്രസവിച്ചു. കുട്ടിക്കുപ്രായമായപ്പോരം അവളും മകനും കന്യാസ്ത്രീ അമ്മയുടെ നാമത്തിൽ സ്ഥാപിതമായിരിക്കുന്ന കാഞ്ഞൂർ ദൈവാലയത്തിൽ ചെന്നു മാമോദീസാ സ്വീകരിച്ചു ക്രിസ്ത്യാനികളായി അതോടുകൂടെ ഹിന്ദുകുറുപ്പും ക്രിസ്ത്യൻകുറുപ്പും തമ്മിൽ ഭാഗം കഴിഞ്ഞു .മാമോദീസാസ്വീകരിക്കാതെ ഹിന്ദുമതത്തിൽ നിന്നിരുന്ന സ്ത്രീയുടെ മക്കരം ആയുധാഭ്യാസ പയററിൽ ഔന്നത്യം പ്രാപിച്ചു കുളങ്ങര അകത്തുട്ടു പണിക്കരശ്ശൻ എന്നു അറിയപ്പെടുന്നു. ക്രിസ്തുമതം സ്വീകരിച്ച കുറുപ്പിൻ മാപ്പിളമാർ ഇവിടെ താമസിക്കുന്ന ക്രിസ്ത്യാനികളോടൊരുമിച്ചു തങ്ങളുടെ സ്ഥലത്തു ദൈവമാതാവിൻെറ നാമത്തിൽ ഒരു പള്ളി സ്ഥാപിച്ചു. ഇപ്രകാരം സ്ഥലത്തു താമസിച്ചിരുന്ന ധനാഢ്യന്മാരായ "എടശ്ശേരി, പുതുശ്ശേരി കുറുപ്പൻ, പടയാട്ടി" എന്നിങ്ങനെ നാലുവീട്ടുകാർ ആണു ഈ പള്ളിയുടെ പ്രാരംഭ പ്രവത്തകർ, പള്ളിയുടെ പ്രാരംഭ പണി ഒരു ക്ഷേത്രാകൃതിയിൽ ആണെന്നു പറയപ്പെടുന്നു. പള്ളിയുടെ സ്ഥാപനകാലം ഭിത്തിയിൽ എഴുതി സൂക്ഷിച്ചിരുന്നു. അതു 1657-ൽ പള്ളി പൊളിച്ചു പണിതപ്പോരം എടുത്തുവച്ചിരുന്നു എന്നും, പിന്നീടുണ്ടായ കക്ഷിവഴക്കിൽ അതു നഷ്ടപ്പെട്ടു എന്നും പറയുന്നു. കോതമംഗലം വലിയ പള്ളിയും കുറുപ്പമ്പടി മത്തമറിയം പള്ളിയും സമകാലീന ശതവഷത്തിൽ ഉണ്ടായതാണു. 1100-ൽ കാഞ്ഞൂർ കന്യാസ്ത്രീ അമ്മ എന്നും, 1300-ൽ കുറുപ്പമ്പടി കന്യാസ്ത്രീ അമ്മ എന്നും ഒരു ചൊല്ലുണ്ടു ഒരു ചരിത്ര ഗവേഷകനായ ഫാദർ ബണ്ണാടു 40_വഷം മുമ്പു എഴുതിയ ചരിത്രത്തിൽ കുറുപ്പമ്പടി പള്ളി സ്ഥാപിച്ചിട്ടു 600 വഷമായി എന്നു എഴുതിയിരിക്കുന്നു. എന്തുതന്നെ ആയാലും കുറുപ്പമ്പടി കന്യാസ്ത്രീ അമ്മയുടെ പള്ളി A. D. 1355-ൽ സ്ഥാപിക്കപ്പെട്ടു എന്നു ഞാൻ പൂണ്ണമായി ധരിച്ചിരിക്കുന്നു. ആദ്യകാലങ്ങളിൽ ഈ പള്ളിയിലെ കർമ്മ നിർവ്വാഹകരം കാഞ്ഞൂർ പള്ളിയിലെ അച്ചന്മാർ ആയിരുന്നു.

4. കോതമംഗലം പള്ളികൾ

കുറുപ്പമ്പടി പള്ളി സ്ഥാപിക്കുന്നതിനു പതിനഞ്ചു വർഷം മുമ്പു കോതമംഗലം വലിയ പള്ളിവച്ചു. പെരിയാറിന്റെ തീരത്തുണ്ടായിരുന്ന വഞ്ചിയിൽനിന്നും ഓടിപോയവർ തൃക്കാരിയൂർ, കോതമംഗലം ഭാഗങ്ങളിൽ താമസമാക്കി എന്നു മുൻ പറഞ്ഞിട്ടുണ്ടു്. ഇടപ്രഭുക്കന്മാരുടെ ഭരണത്തോടുകൂടി പാണ്ഡിയും തൃപ്പാപ്പൂർ (കൊച്ചി) ദേശവും തമ്മിൽ ഉള്ള കച്ചവടം കോതമംഗലം, കടമററം വഴി ആയിതീൎന്നു. അതോടുകൂടെ കടമററം ഭാഗത്തു നിന്നും ചിലർ കൃഷി സൗകര്യത്തിനായി കോതമംഗലത്തു താമസമാക്കി. പെരിയാറിന്റെ വടക്കെ തീരത്തുകൂടെ ഉള്ള വഴി (റോഡ്) പാണ്ഡിക്കാരുടെ യുദ്ധം, ആനശല്യം മുതലായ കാരണങ്ങളാൽ നാശോന്മുഖമായി ഭവിച്ചു. മാത്രവുമല്ല 1341-ൽ പെരിയാററിൽ ഉണ്ടായ വെള്ളപൊക്കത്തിൽ കൊടുങ്ങല്ലൂർ തുറമുഖം മാറി ക്രമേണ കൊച്ചി തുറമുഖം ഉണ്ടായി. കൂടാതെ പാണ്ഡിയിൽ നിന്നും തൃക്കാരിയൂർ, ആലപ്പാറ (പെരുമ്പാവൂർ സമീപം) ആലുവാ വഴിയും ഒരു കച്ചവട പാത ഉണ്ടായിരുന്നു. ഇപ്രകാരം കോതമംഗലം ജനവാസമായിതീൎന്നതിനാൽ അവിടെ ഒരു കമ്പോളവും പള്ളിയും സ്ഥാപിക്കുന്നതിനു തദ്ദേശവാസികൾ നിർബ്ബന്ധിതരായിതീൎന്നു.

കോതമംഗലം പള്ളിയുടെ ചരിത്രം തേക്കലക്കാട്ടു യൗയാക്കിൻ കത്തനാരുടെ വീട്ടിലും (യൗയാക്കിൻ കത്തനാർ ആത്തുങ്കൽ (മരങ്ങാട്ടു്) ഐപ്പിന്റെ മകൾ അച്ചണ്ണിയെ വിവാഹം കഴിച്ചിരുന്ന കോരതു കത്തനാരുടെ മകനാണു്) പൂർവ്വകാലം മുതൽ കോതമംഗലം ചെറിയ പള്ളിയിൽ കൈസ്ഥാനം ഉണ്ടായിരുന്ന ചേലാട്ടു ഭവനത്തിലും സൂക്ഷിച്ചു വരുന്നു. ഇതിൽ 1064-ൽ ജനിച്ച ചേലാട്ടു തരിയതു മാത്തുവിന്റെ കൈവശമുള്ള ഓലയിൽ നിന്നു താഴെ കാണുന്ന ഭാഗം ചേൎക്കുന്നു.

ഈ ഗ്രന്ഥം കോലെഴുത്തിൽ ആയിരുന്നു. ഇതു മലങ്കര മെത്രാപ്പോലീത്താസ്സു 1001-ൽ (1826) കൊടുക്കുകയും അതു പകർത്തി എടുക്കുകയും ചെയ്തു. ഈ ഗ്രന്ഥം 1001-ൽ വന്ന അത്താനാസിയോസ് ബാവായിക്കു കോട്ടയത്തുവച്ചു കൊടുത്തു. അതിന്റെ പകർപ്പാണു് ചേലാട്ടിൽ ഉള്ളതു്.

''ക്രിസ്താബ്ദം 1338 ന് കൊല്ലവർഷം 513 മകരം 1-ാംനു കോതമംഗലം കമ്പോളം സ്ഥാപിച്ചു. ''വല്ലാരക്കോട്ടനാട്ട് കമ്പോളം വയ്ക്കുന്നതിനു് പാറക്കാട്ട കൈമ്മളും, പുതുശ്ശേരിക്കൽ വല്ലിയേടവും, വല്ലാരക്കോട്ട കൈമന്മാരുംകൂടി പെരുമഴിയിൽ നിന്നു കൊണ്ടുവന്ന കട്ടച്ചിറ കുരിയൻ കുരിയതിനു് തിരിച്ചുകൊടുത്ത പറമ്പ്......പാലക്കാട്ട് പറമ്പ്......വല്ലാരക്കോട്ട കൈമ്മരും മൂപ്പായനൈനന്മാരു് കുലശേഖരപെരുമാറും തമ്പുരാൻ...... കല്പനകൊടുത്തു......പള്ളിവയ്ക്കുന്നതിനു് 514- മീനം കടാതികരയിൽ നിന്നും വന്ന നെല്ലിമററത്തിൽ കുരിയതു പുരവത്തും, കോര മംഗലം ദേശത്തുനിന്നും വന്ന നെടുംഞ്ചാലിയിൽ ചുമ്മാരു കുരുവിളയും, 515 പിറന്ന ചിങ്ങമാസത്തിൽ മൈലിക്കുമ്പിൽ നിന്നുവന്ന പോത്താനിക്കാട്ട് ഉണ്ണൂപ്പ് ചെറിയതും, മുളന്തുരുത്തിയിൽ നിന്നും വന്ന കുന്നത്തുകുരിയതു മാണിയും......എന്നീ നാലുപേക്ക അനുവാദം നല്കി......515-ാ മതു് ചിങ്ങം 15-ാം നു പൂക്കോട്ട മലപുറത്തു്......കന്നിഉമ്മ തിരുനാമം ചൊല്ലി കുരിശും വച്ചു്......കുരിയതു് കുരിയതു വഴിപാടുവച്ചു...... കുന്നത്തു കുരിയൻ മറിയം വഴിപാട വച്ചു്''.

''629 വൃശ്ചികം 18-ാം തീയതി ഞായറാഴ്ച കട്ടച്ചിറ അവരാൻ കുരുവിളയുടെ മകറം കുട്ടത്തിയെ കെട്ടിക്കുന്ന കല്ല്യാണത്തിനു് പസാരം വച്ചു് വലത്തുകൈകൊണ്ടു് വച്ചു് ഇടത്തുകൈകൊണ്ടു് എടുത്തു. കാരണം ചോദിച്ചതിനാൽ സംഗതി ചോദിച്ചു് പിരിഞ്ഞാരു് കുറപ്പാല ഇത്താക്ക വക്കിയും, മുട്ടംതോട്ടിൽ ചാക്കോ അവരായും, കടുംകുംപ്പായിൽ വക്കി വക്കിയും, ചെങ്ങനാട്ട് ഉതുപ്പു ചാണ്ടിയും, നമ്പാണ്ടിൽ ഇട്ടൂപ്പ് മാത്തനും, അതിരംപുഴ ഇട്ടീര ചാക്കോയും, ഓലിയൻ കണ്ടത്തിൽ ചാക്കോ ഉതുപ്പും, കുന്നയ്ക്കാൽ ഇട്ടീര ചാക്കോയും, മാലക്കണ്ണൻ പോത്തൻ പുരവത്തും, മാണിയാക്കൽ ചാണ്ടി ഇട്ടൂപ്പും, കാഞ്ഞിരത്തുങ്കൽ തൊമ്മൻ പുരവത്തും, ചാക്കോയും, പുന്നോർക്കോട്ട് ഇട്ടിയച്ചൻ ഉണ്ണൂപ്പും, താഴത്തു് ഇട്ടിയച്ചൻ വറിയതും, കരോട്ട് ചാക്കോ ഇട്ടീരയും, നടമേൽ ചാക്കോ വക്കിയും, പോത്തൻ പുരവത്തും, പ്ലാക്കാടൻപിള്ളി ഇട്ടിയച്ചൻ വറിയതും, ഓണംതുരുത്തി കോരതു് അവരയുംകൂടി നിശ്ചയിച്ചു് പുതുശ്ശേരിയിൽ വലിയേടത്തെ കണ്ടു് അവസ്ഥകറം ഒക്കെയും കേറംപ്പിച്ചാറെ

......നിലം നിങ്ങാംക്കും തരാമെന്ന കല്പിച്ചാറെ......ക്രിസ്ത്വാബ്ദം 1451 ധനു 18 (626) മുട്ടംതോട്ടിൽ അവര മുതൽപേരു് കരിശുവച്ചു. വച്ചകുരിശു് പോത്താനിക്കാട്ടു ചെറിയതു ഉണ്ണൂപ്പു് പറിക്കകൊണ്ടു് ......തിരികെ കല്പന വരുത്തി......18 വീട്ടുകാർ കൂടി എടുത്ത പഴയ പണം 13400 (കോഴിക്കോടൻ പണം എന്നു് തേക്കലെക്കാട്ടു് അച്ചൻെറ ഗ്രന്ഥത്തിൽ കാണുന്നു. ഇതിൽ......ഇപ്രകാരം കുത്തിട്ടിരിക്കുന്നതു് ഗ്രന്ഥത്തിൽ പൊടിവാണു്. പോത്തൻ പുരവത്തു് എന്നുപറയുന്നതു് തേക്കലെക്കാടൻ ആണു്. പോത്താനിക്കാട്ടു് ഉണ്ണൂപ്പിൻെറ മക്കളെ ഇപ്പോഠം ഉണ്ണൂപ്പാടൻ എന്നു പറയുന്നു. ലേഖകൻ) ...... 630 ചിങ്ങം 17-ാം തീയതി മകരം രാശിക്കു് സ്ഥലം അട്ടിപ്പേറുവാങ്ങി......കൊല്ലവഷം 1455. ചെന്നകാലം കന്നി 13 തീ. പുതുശ്ശേരിക്കൽ വല്ലേ്യടം മൂപ്പിലും, വല്ലാരക്കോട്ടു കൈമന്മാരും, സ്വരൂപിയിൽ കീഴില്ലത്തു പണിക്കരും, പാറക്കനാട്ടു സ്വരൂപിയിൽ മൂത്തേടത്തുപണിക്കരും നില്ക്കുമ്പോഠം മാർ തോമാ നാമം ചൊല്ലിവന്നവക്കും വരുവാനിരിക്കുന്നവക്കുംകൂടി ചാക്കൊ അവര മുതൽ പേരു് കരിശുവച്ചു് പലരും കൂടി നരക്കും പള്ളിക്കും കൂടി കാഴ്ചനേച്ച് വച്ചു് അവലും ശക്കരയും പഴവും കൊടുത്തു് പിരിഞ്ഞു...... 1509 ചെന്ന മീനമാസത്തിൽ നാലുവീട്ടുകാർ ഇടപ്പള്ളിയിൽ ചെന്നു് അന്നു് ജാതിക്കു് കത്തവ്യൻ ആയി വാണിരിക്കുന്ന ഇട്ടിക്കുരിയതു് അക്ക്ദെയാക്കോൻ അച്ചനെകൊണ്ടുവന്നു് ഇരുത്തി ഉണ്ടായ വഴക്കിനെ പറഞ്ഞു നിറുത്തി. അന്നു് നാലുവീടന്മാരുടെ കൈവശം വച്ചു് പൂട്ടിയിരുന്ന മുതലുകളും പകപ്പിച്ചു് രണ്ടുപള്ളികാംക്കും ഒന്നുപോലെ തിരിച്ചുവച്ചു. അവരാൽ കുരുവിളയെക്കൊണ്ടു് താക്കോൽ വപ്പിച്ചു് യോഗത്തിൻെറ പക്കൽ കൊടുത്തു് 18 + 4 = 22 വീടുനീക്കി ശേഷമുള്ള വീടുകാം ഒന്നുപാതി ആയിതിരിച്ചു്...... യോഗം ഒന്നാക്കിതീത്തു......ശവസംസ്ക്കാരം പെൺകെട്ടുമുതലായ ആത്മീയ കമ്മങ്ങളിൽ ചിലതു രണ്ടുപള്ളികളിലും ചിലതു് ഓരോ പള്ളിയിൽ പ്രത്യേകം നടത്തിക്കതെക്കവെണ്ണം ഏപ്പാടുചെയ്യു''.

**.....ക്നായിതോമായുടെ ചരിത്രം**......ചില മെത്രാന്മാരുടെ ചരിത്രം. ഇതു് 1001-ാം മാണ്ടു് ധനുമാസം 20-ാം തീയതി കോട്ടയത്തു് ചെറിയ പള്ളിയിൽ വച്ചു് ബാവായിക്കു് എഴുതികൊടുത്ത കുറിയുടെ പകപ്പു്.

1752 ന് യൗനായ വഷം 2063-ൽ എഴുതിയ യാക്കോബിൻേറയും മററുപിതാക്കന്മാരുടേയും തക്സായും, മാമോദീസ, പെൺകെട്ടു് മുതലായവ അടങ്ങിയ ഒരു തക്സായും 1747-ൽ അബ്രാഹാം കശ്ശീശ്ശായാൽ കൽദയ സുറിയാനിയിൽ എഴുതിയ സ്വവിശേഷവും നടപ്പുകളുടെ പുസ്തകവും എന്നിങ്ങനെ ഉള്ള പുസ്തകങ്ങരം ചേലാട്ടു ഭവനത്തിൽ സൂക്ഷിച്ചുവരുന്നു. 26–11–1116

## 5. കൂട്ടുമഠം

കുറുപ്പൻ മുതലായ വീട്ടുകാർ സ്ഥലത്തു് ഒരു പള്ളി സ്ഥാപിച്ചപ്പോരം കുളങ്ങര അകത്തൂട്ടു് കുറുപ്പു് മുതലായ ഹൈന്ദവർ സുബ്രമണ്യൻെറ ഒരു തിടമ്പു് കുളങ്ങര അകത്തൂട്ടു് കിഴക്കവശമുള്ള അടിയൻ പുറത്തു് സ്ഥാപിച്ചു് ആരാധന നടത്തിവന്നു. ഇതിലേക്കു് കിടങ്ങൂർ ദേവസ്വത്തിൽ നിന്നും വേണ്ടപ്രോത്സാഹനവും ലഭിച്ചിരുന്നു. കാരണം ഈ പ്രദേശം മിക്കവാറും കിടങ്ങൂർ ദേവസ്വംവകയായിതീന്നിരുന്നു. കിടങ്ങൂർ അമ്പലത്തിൽ ഉത്സവം തുടങ്ങിയാൽ പെരിയാററിൽ വന്നു് കുളിച്ചശേഷം കിടങ്ങൂർ ദേവസ്വം വക രായമംഗലം ദേശത്തു് അടിയൻ പുറത്തുള്ള സുബ്രഹ്മണ്യനെ തൊഴുതശേഷം കിടങ്ങൂർക്കു് തിരിച്ചുപോകുമായിരുന്നു. ഈ രീതി വളരെ ക്ലേശമായിരുന്നതിനാൽ 14-ാം നൂററാണ്ടിനു ശേഷം അടിയൻ പുറത്തുനിന്നും സുബ്രഹ്മണ്യൻെറ തിടമ്പു് എടുത്തു് ഇപ്പോരം കൂട്ടുമഠം ഇരിക്കുന്ന സ്ഥലത്തു് പ്രതിഷ്ഠിക്കുകയും തുടന്നു് ഒരു അമ്പലം പണിയിക്കുകയും ചെയ്തു. ഇപ്രകാരം സ്ഥലവാസികളും കൃഷിക്കാരുമായ ക്രിസ്ത്യാനികരംക്കു് ഒരു ദേവാലയവും ഹൈന്ദവക്കു് ഒരു അമ്പലവും ആയോധന പരിശീലനത്തിനു് ഒരു പണിക്കരെശ്ശനും സ്ഥലത്തുണ്ടായതിനാൽ പലരും കുടികയറിതാമസിക്കുവാൻ ആകഷിക്കപ്പെട്ടു. സുബ്രഹ്മണ്യനും കന്യാസ്ത്രീ അമ്മയും (ദേവനും ദേവിയും) ആങ്ങളയും പെങ്ങളും ആണെന്നാണു് പല ഹൈന്ദവ സഹോദരങ്ങളുടെ വിശ്വാസം.

9-ാം ശതവഷത്തിൽ കൊടുങ്ങല്ലൂർ മഹമ്മദീയരാൽ ആക്രമിക്കപ്പെട്ടു. 1341-ൽ പെരിയാററിൽ ഉണ്ടായ വെള്ളപൊക്കത്തിൽ കൊടുങ്ങല്ലൂർ തുറമുഖം മാറി ക്രമേണ കൊച്ചി തുറമുഖം ഉണ്ടായി

എന്നു് മുമ്പു് പ്രസ്ഥാവിച്ചിട്ടുണ്ടു്. 15-ാം ശതവഷ്ത്തിനു മുമ്പ് കൊടുങ്ങല്ലൂർ തുറമുഖം മുഴ്വനായി നികന്നു. കൊടുങ്ങല്ലൂരിൻെറ അവസാനത്തേതും രണ്ടാമത്തേതുമായ നാശം 1503-ൽ ആണു്. 1341-ൽ കൊച്ചി അഴി ഉണ്ടായി. 15-ാം ശതവഷ്ത്തിൻെറ അന്ത്യത്തിൽ പോർട്ടുഗീസുകാർ (പറങ്കികരം) കച്ചവടത്തിനായി കൊച്ചിയിൽ വന്നിറങ്ങി കൊടുങ്ങല്ലൂരിൻെറ നാശം നിമിത്തം അവിടെ താമസിച്ചിരുന്ന മിക്കവാറും പേർ വിവിധ ഭാഗങ്ങളിലേക്കു കുടികയറി താമസിച്ചു. മേൽപറഞ്ഞ സംഗതികളെ തുടന്നു് പലസ്ഥലത്തും കമ്പോളങ്ങരം (ചന്ത അങ്ങാടി) സ്ഥാപിക്കുകയും ചെയ്തു.

## 6. കുറുപ്പമ്പടി അങ്ങാടി

അക്കാലത്തു് കുറുപ്പമ്പടിപള്ളി വളരെ ചെറുതും ക്ഷേത്രാകൃതിയിൽ പണിയപ്പെട്ടിരുന്നതും ആയിരുന്നു. പടിഞ്ഞാറെ മുററത്തു് ഒരു കൽകുരിശു് ഉണ്ടായിരുന്നു. പള്ളിക്കകത്തു് കിഴക്കെഭിത്തിമേൽ (മദ്ബഹായോടു ചേന്നു്) കന്യാസ്ത്രീഅമ്മ യേശുകുഞ്ഞിനെ മടിയിൽ ഇരുത്തിഇരിക്കുന്ന ഒരുരൂപവും വരച്ചിരുന്നു. (''പുതിയപൊന്മകനേയും മടിയിൽ വച്ചു'' ചിന്തു്) അമ്പലങ്ങരം മുതലായ ആരാധനാസ്ഥലങ്ങരം ഏതാനും യോഗക്കാർചേന്നു് നടത്തിയിരുന്നതുപോലെ കുറുപ്പമ്പടി പള്ളിയും പ്രാരംഭപ്രവത്തകരായ നാലു വീട്ടുകാരുടെ ചുമതലയിൽ നടന്നുവന്നു. 14,15—ശതവഷ്ങ്ങളിൽ ചിലരെല്ലാം ഈ ഭാഗത്തു് കുടികയറി താമസമാക്കി. (ഈ ആധുനികകാലത്തു് മലബാർ പ്രദേശങ്ങളിൽ കുടികയറി താമസിക്കുന്നതുപോലെ തന്നെ) കുറിയേടവും, വാളൂർനിന്നു് അറയ്ക്കനും ഈ കാലഘട്ടത്തിലാണു് താമസം തുടങ്ങിയതു്. ചോളരാജ്യത്തുനിന്നു് മലയാള ദേശം ആക്രമിക്കുവാൻ വന്ന നാട്ടുൻെറ പടയാളികളിൽ ചിലർ പുല്ലുവഴിയിൽ വന്നു താമസിച്ചു. മററെക്കാടൻ ഇതിൽപ്പെട്ടതാണു്.

കുളങ്ങര അകത്തുട്ടു് പണിക്കരച്ചൻ തൻെറ സ്ഥലത്തു് ആവശ്യമായ പരിഷ്കാരങ്ങരം വരുത്തുന്നതിനു ശ്രമിച്ചുവരികയായിരുന്നു. ഇദ്ദേഹം ഒരിക്കൽ ചരക്കുവാങ്ങിക്കുന്നതിനായി തൻെറ വാലിഭക്കാരോടുകൂടെ കോതമംഗലം കമ്പോളത്തിൽ ചെന്നു് പാണ്ഡിയിൽനിന്നു് കച്ചവടത്തിനു വന്നിരുന്ന ഒരു ചെട്ടിയാരോടു് ഒരു കുത്തു്

വീരാളിപട്ടിനു വിലചോദിച്ചു. അക്കാലത്തു് വീരാളി പട്ടിനു് നല്ല വിലയായിരുന്നു. വീരാളി പട്ടു് വാങ്ങിക്കത്തക്ക ശക്തി പണിക്കരച്ചനു് ഇല്ലെന്നു് ചെട്ടിയാർ ചിന്തിച്ചു് ഹാസ്യസ്വരത്തിൽ സംസാരിക്കുകയും കളിയാക്കുകയും ചെയ്തു. ആ വാശിക്കു് തൃക്കാരിയൂർ മൂന്നാംകൂർ തച്ചേത്തുകൈമന്മാരുടെ അടക്കൽ ചെന്നു് പണം വാങ്ങി ചെട്ടിയാർ പറഞ്ഞ വിലകൊടുത്തു് പട്ടുവാങ്ങിച്ചു. ഈ വിധത്തിൽ പാണ്ഡി ചെട്ടിയാരുടേയും കമ്പോളത്തിൽ ഉണ്ടായിരുന്ന മററു കാഴ്ചക്കാരുടേയും ഹാസ്യപെരുമാററത്തിൽ നിന്നു് പണിക്കരച്ചൻ രക്ഷപ്പെട്ടു. ഈ വാശിക്കു് തൻെറ പടി മുതൽ പള്ളിവരെ ഉള്ള സ്ഥലങ്ങരം ഒരു കമ്പോളം (അങ്ങാടി) സ്ഥാപിക്കുന്നതിനായി കിടങ്ങൂർ ചെന്നു് അനുവാദം വാങ്ങി വിശാലമായി ഒരു വഴി ഉണ്ടാക്കി തെക്കുവശത്തും വടക്കുവശത്തും 12 മുറി പീടികകരം വീതം ഉണ്ടാക്കി ചുററും ഉള്ള കർത്താക്കന്മാരുടെ സഹകരണത്തോടും ഇടപ്രഭുക്കന്മാരുടെയും രാജാക്കന്മാരുടെയും അനുവാദത്തോടും കൂടി കുറുപ്പപടിക്കു് ഒത്തതുക്കങ്ങളും അളവുകളും നിശ്ചയിച്ചു. അക്കാലത്തു് പണിക്കരച്ചൻ കളരിപയററു പഠിപ്പിക്കുന്നതിൽ സുപ്രസിദ്ധനായിരുന്നു. രാജാക്കന്മാക്കും മററും വേണ്ട പടയാളികളെ അദ്ദേഹം പരിശീലിപ്പിച്ചിരുന്നതിനാൽ രാഷ്ട്രീയമായി വളരെ സ്വാധീനം സമ്പാദിച്ചിരുന്നു. കച്ചവടത്തിനായി ആലങ്ങാടു്, കാഞ്ഞൂർ കമ്പോളങ്ങളിൽ നിന്നു് ചില ക്രിസ്ത്യാനികളെ കച്ചവടത്തിനായി കൊണ്ടുവന്നു് ഓരോ മുറി പീടിക അവക്കു കൊടുത്തു. അങ്ങാടിയുടെ പടിഞ്ഞാറെ അററത്തുണ്ടായിരുന്ന വീടിൻെറ മുററത്തു് ഒരു മരം നാട്ടി ഒരു കൊടിക്കൂറ കെട്ടി കച്ചവടം ആരംഭിച്ചു. തന്മൂലം ആ വീടിനു് മരങ്ങാട്ടു് എന്ന നാമധേയം ലഭിച്ചു. കല്ലുങ്ങ, ചിററായം, പടയാട്ടി, കാവാടൻ മുതലായ വീട്ടുകാർ ഇപ്രകാരം വന്നുചേൎന്നതാണെന്നു് പറയപ്പെടുന്നു. ഇതിൽ കല്ലുങ്ങ അക്കാലത്തെ പ്രധാന വ്യാപാരി ആയിരുന്നു. കാഞ്ഞൂർ ഉദയം പേരൂർ എന്നീ സ്ഥലങ്ങരം കഴിഞ്ഞാൽ പിന്നീടു് കുറുപ്പമ്പടിക്കു് ഒത്ത തുക്കങ്ങളും അളവുകളും മാത്രമാണു് ഉണ്ടായിരുന്നതു്. കുറുപ്പംപടിക്ക് ഒത്തപറ എന്നുള്ളതു് ഇക്കാലംവരെ ആധാരങ്ങളിൽ പോലും സ്ഥലം പിടിച്ചിരുന്നു. കുറുപ്പമ്പടിക്കൽ ഒരു അങ്ങാടി സ്ഥാപിച്ചു് വ്യാപാരം വദ്ധിപ്പിച്ചതോടുകൂടി കുടികയററവും ശക്തിപ്പെട്ടു. പണിക്കരച്ചൻ മുഖാന്തിരം വാണിജ്യസൗകര്യം ലഭിച്ചതു കൂടാതെ ഇടവകയിൽപ്പെട്ടവക്കു് മല

യാളഭാഷയിലെ നാനം മോനം (കോലെഴുത്ത്) അക്ഷരവും, ആധുനിക മലയാള ലിപികളും ഉൾപ്പടെ ഉള്ള അക്ഷരാഭ്യാസവും ആയുധാഭ്യാസവും ലഭിച്ചിരുന്നു.

## 7. അർക്കദെയാക്കൻമാരും, പരദേശ മെത്രാൻമാരും

ഇട്ടിക്കയ്യൻ അക്ക്ദെയാക്കോൻ 1509
ഗീവറുഗീസ് അക്ക്ദെയാക്കോൻ 1542
യാക്കോബ് അക്ക്ദെയാക്കോൻ 1570

## 8. നെസ്തോറിയരും പറങ്കികളും (പോർട്ടുഗീസുകാർ)

മലങ്കര മഹാ ഇടവകയുടേയും പള്ളികളുടേയും പുരോഗതി മലങ്കര മഹാ ഇടവകക്ക് ''ജാതിക്കുകർത്തവ്യൻ'' ആയിരുന്ന പകലോമററം തറവാട്ടിലെ അക്ക്ദെയാക്കന്മാരെ ആശ്രയിച്ചിരുന്നു. മലങ്കരയിൽ നാട്ടുമെത്രാന്മാർ ഉണ്ടായിരുന്നില്ല. മത്തോമ്മാശ്ലീഹായുടെ കാലം മുതൽ മലങ്കര മഹാ ഇടവകയുടെ ചുമതല പകലോമററം തറവാട്ടിലെ അക്ക്ദെയാക്കോന്മാരിൽ സ്ഥിതിചെയ്തിരുന്നു, അക്കാലങ്ങളിലെല്ലാം അന്ത്യോഖ്യ പാത്രിയക്കീസിൻെറ അനുവാദത്തോടുകൂടെ അന്ത്യോഖ്യ, അലക്സാന്ത്രിയ, തിഗ്രീസ് മുതലായ ദേശങ്ങളിൽ നിന്നുവന്ന മെത്രാന്മാർ എപ്പിസ്കോപ്പായിക്കടുത്ത ചുമതലകൾ വഹിച്ചിരുന്നു. വിദേശത്തുനിന്നും മെത്രാന്മാരെ കിട്ടുക ക്ഷണസാദ്ധ്യമല്ലാത്തതിനാൽ ആവശ്യത്തിനു തക്ക പട്ടക്കാരേയും കിട്ടിയിരുന്നില്ല. 14-ാം ശതവഷം വരെ അന്ത്യോഖ്യായിലെ യാക്കോബായ പാത്രിയക്കീസിൻെറ അനുവാദം സിദ്ധിച്ച മെത്രാന്മാരെ ആണ് മലങ്കരയിലെ സഭ സ്വീകരിച്ചിരുന്നത്. 14-ാം ശതവഷാവസാനത്തോടുകൂടെ യാക്കോബായ മെത്രാന്മാരുടെ പോക്കുവരവിനുള്ള തടസ്സം നേരിട്ടതിനാൽ 15—16 വരെ ശതവഷങ്ങളിൽ ചില നെസ്തോറിയൻ ബിഷപ്പന്മാർ ഇവിടെ വന്നുചേരുകയും നെസ്തോറിയൻ പാഷണ്ഡത നടപ്പിൽ വരുത്തുവാൻ ശ്രമിക്കുകയും ചെയ്തു. മെത്രാന്മാരെ കിട്ടുവാനുള്ള പ്രയാസംകൊണ്ടും മററും വിദേശത്തുനിന്നും ഏതു് മെത്രാന്മാർ വന്നാലും അവരെ കക്ഷിനോക്കാതെ മലങ്കരയിലെ ആളുകൾ സ്വീകരിച്ചിരുന്നു.

15-ാം ശതവഷ്ത്തിൽ റോമാസമുദായത്തിൽപെട്ട പോർട്ടുഗീസുകാർ (പറങ്കികറം) മലയാളത്തുവന്നു് പുറജാതികളുടെ ഇടയിൽ മിഷ്യനറി വേല തുടങ്ങി. 1542-ൽ ആണു് സെൻറ് ശൗരിയാർ മലയാളത്തുവന്നു കടലോരങ്ങളിൽ മിഷ്യനറി വേല തുടങ്ങിയതു്. രാജാക്കന്മാരിൽ ചിലരും ചില അക്ദയാക്കന്മാരും മിഷ്യനറിമാക്കുസഹായം നിന്നതിനാൽ അവർ മലയാളത്തുള്ള ചില നസ്രാണികളുടെ ഇടയിലും വേലതുടങ്ങി. ഇപ്രകാരം നെസ്തോറിയരുടേയും പറങ്കികളുടേയും വേലയിൽ പല സംഘട്ടനങ്ങറം ഉണ്ടായി ക്നായിതോമയെ പോലെ വിദേശികളുടെ ആഗമനം തങ്ങറംക്കു പ്രയോജനം എന്നു വിചാരിച്ചാണു് വിശ്വാസികറം അവരെ സമീപിച്ചിരുന്നതു്. ആയതു് ഗുണത്തേക്കാറം അധികം ദോഷം ചെയ്തു എന്നു പില്ക്കാലത്തു് വിശ്വാസികറംക്കു ബോധ്യം വന്നിട്ടുണ്ടു്. പോർട്ടുഗീസുകാരുടെ വരവോടുകൂടെ ആണു് ആധുനിക രീതിയിൽ പള്ളികറം പണിയപ്പെട്ടതു്.

1500-ൽ പെരുമ്പടപ്പു് (കൊച്ചിരാജ്യം) ഭരിച്ചിരുന്നതു് ഉണ്ണിരാമൻ കോതവമ്മൻതിരുമൽപ്പാടാണു്. ഇക്കാലത്തു് ഇട്ടിക്കുര്യൻ അക്ദയാക്കോൻ ഇടപ്പള്ളി പള്ളിയിൽ താമസിച്ചിരുന്നു. കോതമംഗലം വലിയ പള്ളിക്കാരും ചെറിയ പള്ളിക്കാരും തമ്മിൽ ഉള്ള വഴക്കു് മൂദ്ധന്യദശയെ പ്രാപിച്ചിരുന്നതിനാൽ A. D. 1509-ൽ ഇട്ടിക്കുര്യൻ അക്ദയാക്കോൻ ഈ വഴികടന്നു് കോതമംഗലത്തുപോയി വഴക്കുകറംകേട്ടു് തീത്തിരുന്നു. 1504-ൽ വന്ന മാർ ദനഹ, മാർ യാക്കോബ് മുതലായ ശീമമെത്രാന്മാരുടെ ആഗമനം മലങ്കര ഇടവകയ്ക്കു് നവജീവൻ നല്കി. മാർ യാക്കോബ് അക്ദയാക്കന്മാരോടൊന്നിച്ചു് 1549 വരെ സഭാകാര്യങ്ങറം നടത്തിക്കൊണ്ടിരുന്നു. മാർ യാക്കോബിനുശേഷം മാർ യൗസേഫ് 1558 വരെ സഭാകാര്യങ്ങറം നടത്തി. 1567-ൽ ശീമയിൽ നിന്നുവരുന്ന മെത്രാന്മാരുടെ ആസ്ഥാനം അങ്കമാലിയിലായിരുന്നു. റോമാമിഷ്യനറി ആയ സെൻറ് ശൗര്യരുടെ പ്രവത്തനം പുറജാതികളുടെ ഇടയിൽ എന്നപോലെ ചില സുറിയാനിക്കാരുടെ ഇടയിലും ആകഷിക്കപ്പെട്ടു. അവരുടെ വൈദീക സെമ്മിനാരി മുതലായ സ്ഥാപനങ്ങറം രാജകീയമായും ധനപരമായും ഉള്ള അവരുടെ ശക്തി ഇത്യാദി സംഗതികറം ആണു്

മലയാളത്തുള്ള നസ്രാണികളെ ആകഷിച്ചതു്. രാജാക്കന്മാരിൽ നിന്നു് പറങ്കികാംക്കു് കച്ചവടസൗകര്യം ലഭിച്ചിരുന്നു.

## 9. ഗീവറുഗീസ് അർക്കദയാക്കോൻ പ്രഥമൻ 1570-1604

## മാർ അബ്രാഹാം 1557-1597

ഗീവറുഗീസ് അക്ദയാക്കോൻ എന്നു പേരുള്ള ഒരാാം 1570- 1604. കക്കടകം. 15-വരേയും മറെറാരാാം 1604. മുതൽ 1640 വരേയും സഭാകാര്യങ്ങാം നടത്തിവന്നു. ഗീവറുഗീസ് അക്ദയാക്കോൻ പ്രഥമൻെറ കാലത്തു് മലങ്കരയിലെ പള്ളികളുടെ എപ്പെസ്ക്കോപ്പൽ ചുമതലകാം നടത്തിവന്നിരുന്നതു് മാർ അബ്രാഹാം എന്ന ശീമക്കാരൻ മെത്രാൻ ആണു്. ഇദ്ദേഹം 1557മുതൽ1597-വരെ അങ്കമാലിയിൽ ആസ്ഥാനം ഉറപ്പിച്ചു് ചുമതലകാം നിർവ്വഹിച്ചുവന്നു. 16-ാം ശതവഷത്തിനു മുമ്പുതന്നെ മെത്രാന്മാരുടെ ആസ്ഥാനം അങ്കമാലി ആയിരുന്നു ഇദ്ദേഹത്തേയും ഗീവറുഗീസ് അക്ദയാക്കോനെയും സ്വാധീനപ്പെടുത്തി മലങ്കരയിലെ നസ്രാണിസഭയെ അധീനപ്പെടുത്തുവാൻ റോമപാത്രീയക്കിസിൻെറ (മാർപാപ്പായുടെ) കീഴിൽ ഉള്ള പറങ്കി മിഷ്യനറിമാർ ശ്രമിച്ചുവന്നു. ആയതു് 325-ൽ കൂടിയ നിഖ്യസുന്നഹദോസിൻെറ നിശ്ചയത്തിനു് എതിരാണു് നിഖ്യസുന്നഹദോസിൽ വച്ചു് അന്ത്യോഖ്യയുടെയും കിഴക്കു് ഒക്കെയുടെയും ഭരണം അന്ത്യോഖ്യപാത്രീയക്കിസിനു് ആയിരിക്കണമെന്നു നിശ്ചയം ചെയ്തിരിക്കെ അതിനു് വിപരീതമായി കിഴക്കൻ പ്രദേശങ്ങളിൽ പ്രത്യേകിച്ചു് ഇൻഡ്യയിലും മലയാളത്തും ഉള്ള റോമാപോപ്പിൻെറ പ്രവത്തനം ഒരു കടന്നാക്രമണവും ശീശ്മക്കഹേവും ആകുന്നു. ഇക്കാലത്താണു് ജപമാലകളും (കൊന്ത) ബന്തിങ്ങാകളും പാശ്ചാത്യ പരിശുദ്ധന്മാരുടെ തിരുശേഷിപ്പുകളും പറങ്കികാം മലയാളത്തു് ഇറക്കുമതി ചെയ്തു. ജപമാലകാം തന്നെ 50000. വിതരണം ചെയ്തതായിപറയപ്പെടുന്നു. 1580-ൽ ഈശോസഭക്കാർ പള്ളികാം ചുററി സഞ്ചരിച്ചു വേല ചെയ്തു. ഇതൊന്നും മലയാളത്തിലെ സത്യ വിശ്വാസികാംക്കു് ഇഷ്ടപ്പെട്ടിരുന്നില്ല.

മാർ-അബ്രഹാമിൻെറ കാലത്തു് അങ്കമാലി പള്ളി പറങ്കികൾ ക യ്യേററം ചെയ്കതിനാൽ അദ്ദേഹത്തിനു് സ്വാതന്ത്ര്യമായി താമസിക്കു ന്നതിനും റമ്പാന്മാരെ താമസിപ്പിച്ച് സുറിയാനി പഠിപ്പിക്കുന്ന തിനുമായി അങ്കമാലി പള്ളിയുടെ കിഴക്കുമാറി ഉറുമീസിൻെറ നാമ ത്തിൽ ഒരു പള്ളി പണിതു. അദ്ദേഹം 1597-ൽ മരിക്കുകയും അദ്ദേ ഹം പണിയിച്ച പള്ളിയിൽത്തന്നെ അടക്കുകയും ചെയ്തു.

കുറുപ്പംപടി പള്ളിയോഗക്കാരിൽ പടയാററിയുടെ അവകാശം അറയ്ക്കുനു് ലഭിച്ചതിനാൽ വായ്ക്കര പ്രദേശത്തുള്ള അവരുടെ വസ്തുക്ക ളും പള്ളിയോഗ സ്ഥാനവും അറയ്ക്കുനു് വന്നുചേൎന്നു. ഇപ്രകാരം എ ടശ്ശേരി, പുതുശ്ശേരി, കുറുപ്പൻ എന്നിവരോടു ചേൎന്നു് അറയ്ക്കൻ പ ള്ളിജോലികൾ നിർവ്വഹിച്ചുവന്നു.

## 10. മാർ അല്ലേശ് (മെനെസ്സീസ്) മെത്രാൻ

മാർ അബ്രഹാമിൻെറ മരണശേഷം ശീമമെത്രാന്മാരെ പറങ്കി കൾ മലയാളത്തിലേക്കു് കടത്തിവിട്ടില്ല. ആരെങ്കിലും വന്നാൽ അവരെ അപായപ്പെടുത്തിയിരുന്നു. ഗീവറുഗീസ് അൎക്കദിയാ ക്കോൻ സഭാകാര്യങ്ങൾ മുറപോലെ നടത്തിക്കൊണ്ടിരുന്നു. പറ ങ്കി മെത്രാന്മാരുടെ പ്രവൎത്തനം ശ്രമസാദ്ധ്യവും ആയിരുന്നു. ഇതു് തക്കത്തിൽ ഉപയോഗിപ്പാൻ ധീരനായ മാർ മെനേസിസ് 1599-ൽ മലയാളത്തു വന്നുചേരുകയും പള്ളികൾ ചുററിസഞ്ചരിച്ച് ജനങ്ങ ളെ പോർട്ടുഗീസു് (റോമാ) ഉപദേശങ്ങൾ പഠിപ്പിക്കുകയും ഗീവറു ഗീസ് അൎക്കദിയാക്കോനെ ഭയപ്പെടുത്തി കീഴ്പ്പെടുത്തുകയും ചെയ്തു.

## B ഉദയംപേരൂർ സുന്നഹദോസ്

മെനെസ്സിസ്സ് മെത്രാൻ 1599-ൽ മലങ്കരയിലെ സഭയുടെ ഒരു മഹായോഗം (സുന്നഹദോസ്) ഉദയം പേരൂർ വിളിച്ചുകൂട്ടി. ഓരോ പള്ളിയിൽ നിന്നും നാലു ആത്മായക്കാരും പട്ടക്കാരും ശെമ്മാശന്മാ രും ചെല്ലണമെന്നു് ക്ഷണക്കത്തിൽ ഉണ്ടായിരുന്നു. അക്കാലത്തു് മിക്ക പള്ളികളിലും കൈക്കാരന്മാർ (യോഗക്കാർ) നാലുപേർ ആ യിരുന്നു. അന്നു് മലയാളത്തിൽ 72 സുറിയാനി പള്ളികൾ മാത്ര മാണു് ഉണ്ടായിരുന്നതു് കൂടാതെ സുറിയാനിക്കാർ ചേൎന്ന കുറെ ല

ത്തീൻ പള്ളികളും ഉണ്ടായിരുന്നു. ഈ യോഗത്തിൽ കുറുപ്പംപടി പള്ളിയിലെ യോഗക്കാരും മനസ്സില്ലാ മനസ്സോടെ സംബന്ധിക്കു വാൻ നിർബ്ബന്ധിതരായിതീൎന്നു. 1599 ജൂൺ 20-ാം തീയതി മുതൽ കൂടിയ ഈ മഹായോഗത്തിൽ വച്ചു് മലങ്കര സഭയെ മാർ പാപ്പായിക്കു കീഴ്പ്പെടുത്തി നിശ്ചയങ്ങൾ ചെയ്തു. മുമ്പുണ്ടായിരുന്ന പള്ളിക്രമങ്ങൾ തുടങ്ങിയുള്ള ഗ്രന്ഥങ്ങൾ ഭസ്മീകരിക്കുകയും, പള്ളികൾക്കു് പുതുതായ ചട്ടംകെട്ടുകൾ ഉണ്ടാക്കുകയും, ലത്തീൻ രീതിയിലുള്ള ശുശ്രൂഷാക്രമങ്ങൾ നടപ്പിലാക്കുകയും പട്ടക്കാരുടെ വിവാഹം മുടക്കി വിവാഹം ചെയ്തിരുന്ന പട്ടക്കാരുടെ ബസ്ക്യാമ്മമാരെ പിരിച്ചയക്കുന്നതിനു് ശട്ടം ചെയ്യുകയും, ഓരോ പള്ളികൾക്കു് നാലു കൈക്കാരന്മാർ വീതം വേണമെന്നുള്ള നിശ്ചയം ദൃഢപ്പെടുത്തുകയും മററു പലവിധത്തിലുള്ള സമ്പ്രദായങ്ങളും രീതികളും പ്രമാണിക്കുകയും ചെയ്തു. കൂടാതെ മുൻ കാലങ്ങളിൽ ഓരോവീട്ടുകാർക്കും ഓരോ കരകളിൽ കുഴിമാടങ്ങൾ (ശിമത്തേരി) പ്രത്യേകം ഉണ്ടായിരുന്നതു മാററിക്കളഞ്ഞു. 1599-ൽ കുറുപ്പമ്പടി പള്ളിയും ഈ വിധത്തിൽ പറങ്കി (റോമ)ശീശ്മക്കു് കീഴ്പ്പെട്ടു എങ്കിലും ശീശ്മ മേധാവിയായ മെനെസിസ്മെത്രാനു് ഉദയംപേരൂർ സുന്നഹദോസിനു മുമ്പൊ പ[illegible]മ്പൊ ഒരിക്കലും കുറുപ്പമ്പടി പള്ളിയിൽ പ്രവേശിക്കുന്നതിനു സാധിച്ചില്ല. ഗീവറുഗീസ് അക്കദിയാക്കോനും കൂട്ടരും മനസ്സില്ലാമനസ്സോടെ ആണു് രാജബലത്താൽ റോമശീശ്മക്കു് കീഴ്പ്പെട്ടതു്. ഇതിന്നായി ഭഗീരഥ പ്രയത്നം ചെയ്ത മെനേസ്സിസ്സ് മെത്രാൻ പത്തുമാസം കഴിഞ്ഞു് (1600-മാർച്ചിൽ) മലയാളത്തുനിന്നു് തിരിച്ചുപോയി. അന്നുമുതൽ പാശ്ചാത്യഭരണത്തിൽ നിന്നു് വേർപെട്ടുനില്ക്കുന്നതിനു് മലങ്കരയിലെ മഹാ ഇടവക ആകാംക്ഷയോടെ കാത്തിരിക്കുക ആയിരുന്നു. അക്കദിയാക്കോൻെറ ആസ്ഥാനമായ അങ്കമാലി വലിയ പള്ളിയിൽ റോമാഭരണത്തിൻെറ ശക്തി കേന്ദ്രീകരിച്ചിരുന്നതിനാലും, ഉറമീസിൻെറ നാമത്തിൽ ഉള്ള കിഴക്കെ പള്ളി അവരുടെ ദയറാ പള്ളി ആയിതീൎന്നതിനാലും വലിയ പള്ളിയുടെ കിഴക്കുവശം അക്കദിയാക്കോൻ ''കൊല്ലം 776-ാമതു മകരം ഞായർ 29-ാം നു-'' ഒരു പള്ളി പണിയിച്ചു് അവിടെ താമസമാക്കി. അദ്ദേഹം 1604 കക്കടകം 25-ാം നു- കൎത്താവിൽ നിദ്രപ്രാപിച്ചു് ആ പള്ളിയിൽ അടക്കപ്പെട്ടു. അതിനെ തുടൎന്നു് 1604-ൽ ഗീവറുഗീസ് അ

ക്ദെയാക്കോൻ രണ്ടാമൻ മലങ്കര ഉള്ള പള്ളികളിന്മേൽ ജാതിക്കു കൎത്തവ്യൻ ആയിതീൎന്നു.

## 11. ഗീവറുഗീസ് അർക്കദെയാക്കോൻ 2-ാമൻ 1604-1640

ഗീവറുഗീസ് അക്ദെയാക്കോൻ 1-ാമൻ 1604-ൽ മരിച്ചു. തുടൎന്നു് 1604-ൽ 2-ാമൻ മലങ്കര ഇടവകയുടെ ചുമതല ഭരമേററു. മലങ്കര സഭ മുഴുവനും ഗീവറുഗീസ് അക്ദെയാക്കോനെ അനുസരിച്ചുവന്നു. അന്നു് മലയാളരാജ്യം പല ചെറിയ രാജാക്കന്മാർ ആണ്ടു് ഭരിച്ചു വന്നതു്. അക്ദെയാക്കോൻ അച്ചൻെറ സഭാമക്കൾ പല രാജ്യങ്ങളിലായി താമസിച്ചിരുന്നു എങ്കിലും അവർ ഒററക്കെട്ടായി അക്ദെയാക്കോൻെറ കൊടിക്കീഴിൽ നിന്നിരുന്നു. രാജാക്കന്മാരിൽ കോഴിക്കോട്ടു് സാമൂതിരിപ്പാട്ടു് പ്രമുഖൻ ആയിരുന്നു. എല്ലാ രാജാക്കന്മാരും നസ്രാണികളുടെ വേദ തലവനെ (അക്ദെയാക്കോൻ) ബഹുമാനിച്ചുവന്നു. നസ്രാണികളുടെ പ്രധാനസങ്കടങ്ങൾ അക്ദെയാക്കോൻ കേട്ടു തീരുമാനിച്ചിരുന്നു. നസ്രാണികളുടെ മേൽ ഉള്ള യാതൊരു തീരുമാനവും അക്ദെയാക്കോനോടു് ആലോചിക്കാതെ രാജാക്കന്മാരോ ഇടപ്രഭുക്കന്മാരോ ചെയ്തിരുന്നില്ല. ക്രിസ്തീയ സമൂഹത്തിനൊ തങ്ങളുടെ വേദതലവനോ വല്ല ആപത്തൊ പീഡയൊ നേരിട്ടാൽ അവർ ഒന്നുചേൎന്നു സങ്കടപരിഹാരം വരുത്തിയിരുന്നു. അക്ദെയാക്കോനും തൻെറ ജനങ്ങളും മെനെസ്സിസ്സ് ഉണ്ടാക്കിയ ശീശ്മയിൽ നിന്നു് ഉദ്ധാരണം പ്രാപിപ്പാൻ ശ്രമിച്ചുവരിക ആയിരുന്നു. 1632-ലെ ഇടപ്പള്ളിയോഗം ഇതിനു ദൃഷ്ടാന്തം ആണു്. അദ്ദേഹം ഒരു പൗരസ്ത്യ മെത്രാപ്പോലീത്തായെ പോർട്ടുഗൽ രാജാവിനോടു് ആവശ്യപ്പെട്ടതും, പൗരസ്ത്യ പാത്രിയൎക്കീസുമായി എഴുത്തുകുത്തു നടത്തിയതും റോമാനുകത്തിൽ നിന്നു് വേർപെടാമെന്നുള്ള ആശയാലും, പറങ്കികളുടെ ഭരണം മലയാളത്തു ശക്തി ആയിരുന്നതിനാൽ അവർ അറിഞ്ഞല്ലാതെ ഒരാളെ ഇങ്ങോട്ടു വിട്ടയക്കുകയില്ലെന്നുള്ള ബോദ്ധ്യം ഉണ്ടായിരുന്നതിനാലും ആകുന്നു.

മലങ്കര ഇടവകയിന്മേൽ അക്ദെയാക്കന്മാൎക്കു് എന്ന പ്രകാരംഇടവകയിൽപ്പെട്ട ജനങ്ങളുടെ സങ്കടങ്ങൾ പള്ളിയോഗം കേട്ടു തീരുമാ

ന്നിച്ചിരുന്നു. പള്ളിയിലെ വികാരി ബ. മൂപ്പച്ചനും, കൈക്കാരന്മാരായ നാലുപേരും കൂടുന്നതാണ് പള്ളിയോഗം. അതുപോലെ കമ്മാളന്മാർ തുടങ്ങിയുള്ള പുറജാതികളുടെ സങ്കടങ്ങരം ''പള്ളിവാതുക്കൽ കേട്ട്'' (പള്ളിയോഗം) തീരുമാനം എടുത്തിരുന്നു. അതിനു വിരോധമായി പ്രവർത്തിക്കുന്നവരെ പള്ളിയോഗമൊ, കുടിയാൽ അതതു സ്ഥലത്തെ കർത്താക്കന്മാർവഴിയൊ ശിക്ഷണനടപടികരം നടത്തിവന്നു. പള്ളിയോഗത്തിൻെറ കീഴിൽ ജോലിനടത്തിപ്പിനായി ശിപായിമാരും, തുപ്പകാരും (കപ്യാരന്മാർ) അടിച്ചുതളിക്കാരും, കുഴിവെട്ടുകാരും, കരമൂപ്പന്മാരും മററും ഉണ്ടായിരുന്നു. ഓരോ കരയിലെ ജനങ്ങളുടെ സാമൂഹ്യവും ആത്മീകവുമായ കാര്യങ്ങളുടെ റിപ്പോർട്ട് കരമൂപ്പന്മാർ പള്ളിയോഗത്തെ ബോദ്ധ്യപ്പെടുത്തിക്കൊണ്ടിരുന്നു. അതിനാൽ ജനങ്ങളുടെ ആത്മീകവും സാമൂഹ്യവും ആയ അച്ചടക്കനടപടി സുരക്ഷിതം ആയിരുന്നു. ഒന്നിൽ അധികം പട്ടക്കാർ ഉണ്ടെങ്കിൽ അതിൽ മൂപ്പച്ചൻ യോഗാദ്ധ്യക്ഷനും ശേഷം പട്ടക്കാർ കമ്മികരം മാത്രവും ആയിരുന്നു. മൂപ്പച്ചനാണ് വികാരി. അദ്ദേഹവും നാലുകൈക്കാരന്മാരും കൂടുന്നതാണ് പള്ളിയോഗം. മലങ്കര ഇടവകയിലെ പള്ളികളുടെ പ്രത്യേകിച്ച് കുറുപ്പംപടി പള്ളിയിലെ ഭരണരീതി ഇപ്രകാരം ആയിരുന്നു.

16-ാം ശതവഷാവസാനത്തിൽ ആണ് കൂട്ടമറം സമീപെ കല്ലറയ്ക്കനും, അതിനെ തുടന്നു് മൂലൻ ജന്മത്തിൽപ്പെട്ട പൊയ്ക്കാടനും കുടികയറി താമസിച്ചതു്.

## 12. മേക്കോട്ട് അച്ചൻ.

കുറുപ്പംപടി പള്ളിയുടെ നാനാഭാഗങ്ങളിൽ വിവിധ സംഗതികളാൽ പലർ കുടികയറി താമസിച്ചു തുടങ്ങി. ഇവിടെ ആഗതരായിട്ടുള്ള ചിലർ മററു കർത്താക്കന്മാരേയും പടയേയും പേടിച്ച് ഓടിപോന്നിട്ടുള്ളവരാണ്. ചിലർ കളരിപയററും, ചിലർ കൃഷിസൗകര്യവും ഉദ്ദേശിച്ചിരുന്നു. അക്കാലത്തു് കുറുപ്പംപടി ഇടവകയുടെ വിസ്തീർണ്ണം വടക്ക് വേങ്ങൂർ വരെയും കിഴക്ക് കോട്ടപ്പടി വരേയും തെക്ക് കീഴില്ലംവരേയും പടിഞ്ഞാറു് വലമ്പൂർ, പെരുമ്പാവൂർ

വരേയും ആയിരുന്നു. വടക്കു് വേങ്ങൂർ മേക്കോട്ടവരെ ആരം താമസിച്ചിരുന്നു. 960 നു ശേഷം ആനശല്യം നിമിത്തം തെക്കെകരയിൽ പുഴക്കാട്ടു് ആരംതാമസമാക്കി. തന്നിമിത്തം വേങ്ങൂർ ദേശം ആന, കടുവ മുതലായ ദുഷ്ടമൃഗങ്ങളുടെ അധിവാസ വനപ്രദേശമായി തീൎന്നു. വീണ്ടും 1090 നു് (1915) ശേഷം വേങ്ങൂർ വനപ്രദേശം വെട്ടിത്തെളിച്ചു് മനുഷ്യവാസയോഗ്യമാക്കിത്തീൎത്തിരിക്കുന്നു. 17-ാം ശതവൎഷം ആദിയിൽ ബ. മേക്കോട്ടച്ചൻ കുറുപ്പംപടി പള്ളിയിലെ വികാരി ആയിരുന്നു. ഇദ്ദേഹം അങ്കമാലി ഇടവകയിൽ മേക്കോട്ട നിന്നും കുറുപ്പംപടി പള്ളി നടത്തുവാൻ വേങ്ങൂർ മലയിൽ ഉള്ള ഒരു നല്ല വയൽ ഉരംപ്പെട്ട പ്രദേശം കൈവശമാക്കി അവിടെ താമസിച്ചു വന്നു. ഈ സ്ഥലത്തിനു് ഇപ്പോഴും മേക്കോട്ടപാടം എന്നു പറയുന്നു. ഇദ്ദേഹത്തെ മേക്കോട്ടച്ചൻ, വേങ്ങൂർ ഗീവറുഗീസ് കത്തനാർ എന്നിങ്ങനെ വിളിക്കാറുണ്ടു്. 1-ാം മാൎത്തോമ്മായുടെ അഡ്മിനിസ്ട്രേററീവു് ബോർഡിലെ അഞ്ചു് അംഗങ്ങളിൽ ഒരാരം ഇദ്ദേഹം ആയിരുന്നു. ബ. അച്ചൻ കുർബ്ബാന ചൊല്ലുന്നതിനായി അതിരാവിലെ പള്ളിയിലേക്കു പോരുമ്പോരം ആയസ്സുപ്പാട്ടു് അനുസരിച്ചു് പുറജാതികളോടു സംസാരിക്കാറില്ല. ഒരു ഞായറാഴ്ച, ബ. അച്ചൻ കുർബ്ബാന ചൊല്ലുന്നതിനായി മേക്കോട്ടുള്ള തൻെറ ബംഗ്ലാവിൽ നിന്നു് അതിരാവിലെ പള്ളിയിലേക്കു് വരുമ്പോരം മുടക്കുഴ ദേശാധിപതി ആയ മുളങ്കുന്നത്തു കോട്ടയിലെ കൊച്ചുകൎത്താക്കന്മാരും പരിചാരകരും അച്ചനെ തടഞ്ഞുനിൎത്തി അവരോടുസംസാരിക്കാൻ ആവശ്യപ്പെട്ടു. അച്ചൻ സംസാരിക്കാതിരുന്നതിനാൽ മൗനവ്രതമനുഷ്ഠിച്ചിരുന്ന അച്ചനെ അവർ തടഞ്ഞു അവരുടെ കോട്ടയിലേക്കു് കൊണ്ടുപോയി. ജനങ്ങരം പള്ളിയിൽ അച്ചനെ ഉച്ചവരെ കാത്തിരുന്നിട്ടും കാണാത്തതിനാൽ വിവരം ഗ്രഹിച്ചവർ ആപൽസൂചനയായി പള്ളിയിൽ കൂട്ടമണി അടിച്ചു. ജനങ്ങരം ഒരുമിച്ചുകൂടി ആയുധാഭ്യാസികളായ പുരുഷന്മാർ 64 കുററി തോക്കും വാളും പരിചയും എടുത്തു് ആയുധപാണികളായി പുറപ്പെട്ടു. ഒട്ടുവളരെ ജനങ്ങളും മററു ആയുധങ്ങരം (വാക്കത്തി മുതലായവ) എടുത്തു് അവരോടുകൂടെ പുറപ്പെട്ടു. മുളങ്കുന്നത്തു കോട്ടയിൽ പ്രവേശിച്ചു് വളരെ നാശങ്ങരം ചെയ്തു. അപ്പോഴാണു് കോട്ടയിലെ നാഥൻ വിവരം ഗ്രഹിച്ചതു് അദ്ദേഹം പുറത്തുവന്നു ജനങ്ങ

ളെ സമാധാനപ്പെടുത്തി. കുട്ടികഠം ചെയ്ത വികൃതിക്ക് പള്ളിയിലേക്ക് താഴെ പറയുന്ന പരിഹാരങ്ങഠം ചെയ്തു് ജനങ്ങളെ പിരിച്ചുവിട്ടു.

വയലും കരയും കിണറും കുളവും
പെണ്ണും ചെറുക്കനും വെള്ളിക്കയ്യും

പള്ളിയുടെ ചിന്തു് അക്കാലത്തുണ്ടാക്കിയതാണു്. അതിൽ ''തരിത്താക്കോ'' വാക്യസംഖ്യ 1626-ൽ ആണു് ഈ സംഭവം നടന്നതു് എന്നു കാണിക്കുന്നു.

വയലും കരയും എന്നുള്ളതു് പള്ളിക്കു വടക്കുവശം മുളങ്കുന്നത്തുകോട്ടവക താണിഅകത്തുട്ടനിലം 16-പറ-ഇതു് കോട്ടയിൽ നിന്നും പള്ളിയ്ക്കു കൊടുത്തതിനാൽ തന്നതായി തീൎന്നു. അതിൽ ഇപ്പോഠം ശവക്കോട്ടയും തെങ്ങിൻ തോപ്പും ഉണ്ടു്. അതിൽ ഒരു കിണർ ഉണ്ടായിരുന്നതു് നികന്നുവരുന്നു. കുളം താണിഅകത്തുട്ടു് നിലത്തിന്റെ കിഴക്കുഭാഗത്തു കിടക്കുന്നു. ഈ കുളം 1000 (M. E.) ആണ്ടുവരെ പള്ളിയിൽ വരുന്നവർ സ്നാനത്തിനു് ഉപയോഗിച്ചിരുന്നു. ഇപ്പോഠം ഉപയോഗശൂന്യമായി കിടക്കുന്നു. ഈ കുളം 940-ൽ തോമ്പ്ര നായരെക്കൊണ്ടു് നന്നാക്കിയതായി കണക്കിൽ കാണുന്നു. വെള്ളിക്കയ്യു്-കൈകൊണ്ടു് തടഞ്ഞതിനാൽ പ്രശ്നക്കാരന്റെ വിധി അനുസരിച്ചു് പള്ളിയിലേക്കു തന്നതാണു്-ഇതു പിന്നീടു് വെള്ളിക്കുരിശു പണിതപ്പോഠം അതിനോടു് ചേൎത്തു. പെണ്ണും ചെറുക്കനും, മേലാൽ അച്ചനെ ആരും ഉപദ്രവിക്കാതിരിപ്പാൻ അച്ചന്റെ യാത്രയിൽ അകമ്പടി സേവിക്കുന്നതിനു് മുളങ്കുന്നത്തുകോട്ടയിൽ നിന്നും അച്ചനു കൊടുക്കപ്പെട്ട ഒരു അഭ്യാസിയാകുന്നു. പെണ്ണു് അവന്റെ ഭാര്യ ആണു്. ഇവരെ രണ്ടുപേരേയും അച്ചനു് അട്ടിപ്പേറായി കൊടുത്തു. തേക്കുംകുടികഠം ഇവരുടെ അവകാശികളാണെന്നു പറയപ്പെടുന്നു. തേക്കുംകുടികളെപ്പററി അക്കാലത്തു് അവർ നാനം മോനം അക്ഷരത്തിൽ ഓലയിൽ എഴുതിയതിന്റെ ചില ഭാഗങ്ങഠം താഴെ ചേൎക്കുന്നുണ്ടു്. പില്ക്കാത്തു് തിരുവിതാംകൂർ രാജ്യത്തോടു് ഈ ഭാഗങ്ങഠം ചേൎക്കപ്പെട്ടപ്പോഠം അതിനോടു എതിൎത്തു നിന്ന ഈ കോട്ടയിലെ കൎത്താക്കന്മാർ വടക്കൻദേശത്തേയ്ക്കു് ഓടിപ്പോയി രക്ഷപെട്ടു. ഈ കോട്ടയും കൊത്തളവും പരിഛേദം

നശിക്കപ്പെടുകയും ആനശല്യം നിമിത്തം കാടായിത്തീരുകയും ഈ ആധുനിക കാലത്തു് ജനം കുടികയറി താമസിച്ചു തുടങ്ങുകയും ചെയ്തിരിയ്ക്കുന്നു. ഈ കോട്ട മുടക്കുഴ ആനക്കല്ലിന്നു സമീപം ആയിരുന്നു.

## 13. തേക്കുംകുടികൾ.

തൊട്ടപ്പുഴ മൈലിക്കൊമ്പ് പള്ളിക്ക് അരികെ വള്ളിക്കട ദേശത്തിൽ ഒരു പണിക്കർഭവനം ഉണ്ടായിരുന്നു. ടി ഭവനത്തിൽ സ്ത്രീകൾമാത്രം ആയിരുന്നു. അവർ തമ്മിൽ ശണ്ഠ ഉണ്ടായി. അതിൽ ഒരു സ്ത്രീ കുട്ടിയേയും പരിച, വാൾ, നൂററുകുടം (ഈ നൂററുകുടം തേക്കുംകുടി പൈലിയുടെ വീട്ടിൽ ഇപ്പോഴും ഉണ്ടു്.) എന്നിവ എടുത്തുകൊണ്ടു് മൈലിക്കൊമ്പ് പള്ളിയിൽ വരികയും മാമോദീസാ സ്വീകരിക്കുകയും ചെയ്തു. അമ്മയുടെ മരണശേഷം മകൻ കുട്ടപ്പൻ ഒരു ചീതിയനോടും ഒരു വെള്ളത്തേടനോടും ഒന്നിച്ച് (ഇവർ മൂവരും അഭ്യാസികൾ ആയിരുന്നു.) മുളന്തുരുത്തിയിൽ വന്നു. വെള്ളത്തേടൻ അവിടെ താമസിച്ച് സ്ഥാനം ഏററു. (ഇദ്ദേഹത്തിൻെറ സന്തതികളാണ് അലക്കുകാരായ മിക്ക ക്രിസ്ത്യാനികളും ഇവരെ പാണ്ഡികൾ എന്നും പറയും) കുട്ടപ്പനും ചീതിയനും മുളന്തുരുത്തിയിൽ നിന്നും പുറപ്പെട്ടു് കടമററത്തു കാരക്കുന്നത്തു പണിക്കരെ കണ്ടതിൽ അവിടെ പടചേർക്കാത്തതിനാൽ കുറുപ്പമ്പടിക്കൽ വന്നു താമസമുറപ്പിച്ചു. പിന്നീടു് മുളങ്കുന്നത്തു കോട്ടയിൽ ചെന്നു് ചീതിയൻ അകമ്പടി സേവിച്ചു. കുട്ടപ്പൻ തൃക്കാരിയൂർ സമീപം ആയക്കാട്ട് കോട്ടയിൽ സേവനം നടത്തിവരവെ അടുത്തുള്ള പുത്തൻപുരക്കൽ ലക്ഷ്മിയുടെ ഏകസന്താനമായ പാറു എന്ന ശൂദ്രസ്ത്രീയെ കല്യാണം കഴിച്ചു. കോതമംഗലം പള്ളിയിൽ മാമോദീസാ ഏല്പിച്ചു. അതിൽ ഉണ്ടായ കുട്ടിക്ക് വക്കി എന്നുപേർ. അവർ തേക്കു ധാരാളമുള്ള കുടിയിൽ താമസിച്ചതിനാൽ തേക്കുംകുടി എന്ന പേർ ലഭിച്ചു. ചീതിയൻ മുളങ്കുന്നത്തു താമസിക്കുമ്പോഴാണ് മേക്കോട്ടച്ചൻെറ സംഭവം നടന്നതു്. കോട്ടയിൽ നിന്നു് അച്ചനുകൊടുത്തതു് ചീതിയനേയും ഭാര്യയേയും ആയിരുന്നു. ഇവർ സ്ഥാനം ഏററു. അച്ചൻ മരിച്ചപ്പോൾ അച്ചൻെറ പല സാധനങ്ങൾ ഇവക്കു ലഭിച്ചു. ചീതിയനു്

മക്കാം ഇല്ലാതെ മരിച്ചുപോയതിനാൽ അവരുടെ അവകാശം തേക്കും കുടിക്കു ലഭിച്ചു. ഇപ്പോഴും അച്ചൻെറ ഒരു പുസ്തകം ഇവരുടെ കൈവശം ഉണ്ടു്. (ഇവർ കോട്ടപ്പടി - കൽക്കുരിശ്ശു് - വേങ്ങൂർ ദേശങ്ങളിൽ താമസിക്കുന്നു.) ഇപ്പോാം ഈ കുടുംബത്തിൽ പ്രായമുള്ള തേക്കു കുടി പൈലി മേല്പറഞ്ഞ കുട്ടപ്പൻെറ പത്താം തലമുറയാണു്. (29-1-1117.)

## 14. തോമാ അർക്കദയാക്കോൻ.

(പൂർവ്വാർദ്ധം 1640—1670.)

ഗീവറുഗീസ് അക്കദയാക്കോൻ മരിച്ചശേഷം തൽസ്ഥാനത്തു് തോമാ അക്കദയാക്കോൻ ചുമതലകാം ഏററു. ഇദ്ദേഹം 1653വരെ അക്കദയാക്കോൻ ആയിട്ടും 1653—1670 വരെ മെത്രാനായിട്ടും ദീർഘകാലം മലങ്കര മഹാ ഇടവകയുടെ ചുമതലകാം വഹിച്ചിരുന്നു. അക്കാലത്തു് മലങ്കരയിൽ 72 പള്ളികാം മാത്രമെ ഉണ്ടായിരുന്നുള്ള എന്നു് മുമ്പു് പറഞ്ഞിട്ടുണ്ടു്.

## 15. അഹത്തുള്ളാബാവാ.

ഇക്കാലത്തു് ഇൻഡ്യാ സാമ്രാജ്യം മഹമ്മദീയ ചക്രവത്തിമാരുടെ ഭരണത്തിനു് വിധേയമായിരുന്നു എങ്കിലും ദക്ഷിണഇൻഡ്യ, പ്രത്യേകിച്ചു് മലങ്കര ഇടവക ഉാംപ്പെട്ട കേരളം ഹിന്ദുരാജാക്കന്മാക്കു വിധേയമായിരുന്നു. പോർട്ടുഗീസുകാരുടെ ശക്തി കേരളത്തിൽ കേന്ദ്രീകരിച്ചിരുന്നതിനാലും, സമുദ്രആധിപത്യം അവരിൽ ആയിരുന്നതിനാലും നസ്രാണികളുടെ മേലദ്ധ്യക്ഷന്മാരെ മലയാളത്തിലേക്കു് കടത്തിവിട്ടിരുന്നില്ല. തന്നിമിത്തം മലങ്കര ഇടവക ശ്വാസം മുട്ടി ജീവിച്ചുവന്നിരുന്നു. തങ്ങാംക്കു മെത്രാന്മാരെ അയച്ചുതരുന്നതിനു് യാക്കോബായ പാത്രിയർക്കീസന്മാക്കു അപേക്ഷകാം അയച്ചു ദൈവഗത്യ ഡച്ചുകാരുടെ വരവോടുകൂടെ പോർട്ടുഗീസുകാരുടെ മതപ്രചരണശക്തിക്കും സാരമായ ഇടിവു തട്ടി. മലങ്കരയിലെ സഭാമക്കളുടെ അപേക്ഷപ്രകാരം അന്ത്യോഖ്യായുടെ മോർ–ഇഗ്നാത്തിയോസ് പാത്രിയക്കീസ് ബാവാ പുറപ്പെട്ടു് വേഷപ്രഛന്നനായി 1652—ൽ മയിലാപ്പൂരിൽ താമസിക്കുമ്പോാം മലങ്കരയിൽ നിന്നു്

അവിടെ ചെന്നിരുന്ന ശെമ്മാശ്ശന്മാർ വശം തോമാ അക്ദെയാക്കോനെ മെത്രാനായി നിയമിച്ചുള്ള കല്പന കൊടുത്തയച്ചു. ബാവായെ ബന്ധിതനായി പറങ്കികൾ കൊച്ചിയിലേക്ക് കൊണ്ടുവന്നു. അദ്ദേഹത്തെ വിടുവിച്ചുകൊണ്ടു വരുന്നതിന് മലങ്കര മഹാഇടവകയിലെ ജനങ്ങൾ കൊച്ചിയിൽ ചെന്നു എങ്കിലും അദ്ദേഹത്തെ കാണുന്നതിനുപോലും സാധിച്ചില്ല. ബാവായെ പറങ്കികൾ കടലിൽ കെട്ടി താഴ്ത്തി കൊന്നുകളഞ്ഞു.

## 16. കൂനൻ കുരിശുസത്യം.

പരിശുദ്ധ അഹത്തുള്ളാബാവായെ പറങ്കികളാകുന്ന റോമാക്കാർ അപായപ്പെടുത്തിയതിനാൽ മലങ്കരയിലെ സ്ത്രീപുരുഷന്മാർ ആബാലവൃദ്ധം ഇളകിവശായി. മട്ടാഞ്ചേരിയിൽ മലങ്കര ഇടവകയുടെ ഒരു പ്രതിഷേധയോഗം കൂടി. വഴി അകലം നിമിത്തം കുറുപ്പമ്പടി പള്ളിയിൽ നിന്നും പോയവർ അക്കാലത്തെ രീതി അനുസരിച്ച് പൊതുചോർ കെട്ടി നടന്നുപോയി അതിൽ സംബന്ധിച്ചു. 1653 മകരം 3-ാംതീയതി വെള്ളിയാഴ്ച, അവിടെ ഉണ്ടായിരുന്ന കുരിശിന്മേൽ ആലാത്തുകയർ കെട്ടി നീട്ടിയിട്ട്, കൂടിയിരുന്ന 25000-ൽ പരം ആളുകൾ അതിന്മേൽ കെട്ടിപ്പിടിച്ച് ''മേലാൽ ഞങ്ങളും ഞങ്ങളുടെ സന്തതിയും പറങ്കികളുമായി കൂടികഴികയില്ല'' എന്ന് സത്യം ചെയ്തു. 1599-ൽ ഉണ്ടായ റോമാ നുകത്തെ 54വർഷം കഴിഞ്ഞ് ഒടിച്ചുകളഞ്ഞു. മലങ്കര ഇടവകയിലെ ജനങ്ങളും അക്ദെയാക്കോനും റോമാപോപ്പിൻെറ ശീശ്മയിൽ നിന്നും സ്വാതന്ത്ര്യം പ്രാപിച്ചു. അന്നു മലയാളത്തുള്ള നസ്രാണികളിൽ ലത്തീൻ റീത്തിനോടുചേൎന്ന 400പേർ മാത്രം ഇതിൽ സംബന്ധിക്കാതിരുന്നു.

കൂനൻ കുരിശു സത്യത്തിൽ കുറുപ്പമ്പടി ഇടവകയിൽപ്പെട്ട എല്ലാകുടുംബങ്ങളും സംബന്ധിച്ചിരുന്നു. തന്നിമിത്തം കുറുപ്പമ്പടിപള്ളിയിലെ എല്ലാവീട്ടുകാരും പറങ്കി വിശ്വാസത്തെ (റോമാ ഉപദേശത്തെ) ഉപേക്ഷിക്കുകയും ദീൎഘകാലമായി പരി: അന്ത്യോഖ്യാപാത്രിയക്കീസിൻെറ അനുസരണത്തിൻ കീഴിൽ അങ്കമാലിയിൽ ആസ്ഥാനമാക്കി മലങ്കര ഇടവകയെ നയിച്ചുകൊണ്ടിരുന്ന തോമാ അക്ദെയാക്കോനോടുള്ള അനുസരണം ദൃഢപ്പെടുത്തുകയും ചെയ്തു. ഈ

കാലഘട്ടങ്ങളിൽ ആണ് ഇടപ്പള്ളിയിൽ നിന്നും തുരുത്തിയും ആത്താറു നിന്ന് തോമ്പ്രയും അവരവരുടെ വേലക്കാരോടുകൂടെ ഈ പ്രദേശങ്ങളിൽ കുടികയറിതാമസിച്ചതു്. തുടന്ന് മററമനയും വന്നു ചേർന്നു.

**17. ഒന്നാം മാർത്തോമ്മ. (1–ാമത്തെ നാട്ടുമെത്രാൻ) (തുടച്ച്) 1653–1670–വരെ**

കൂനൻ കുരിശുസത്യശേഷം നാലുമാസം കഴിഞ്ഞ് ആലങ്ങാട്ടു വച്ച് മലങ്കരയിൽ ഉള്ള പള്ളിപ്രതിപുരുഷയോഗം കൂടി. അക്കാലത്തു് ഇടപ്പള്ളി പള്ളി പരിശുദ്ധ അന്ത്യോഖ്യാപാത്രിയക്കീസിന് വിധേയമായിരുന്നു. അന്ത്യോഖ്യായുടെ മോറാൻമോർ ഇഗ്നാത്തിയോസ് അഹത്തുള്ളാ യാക്കോബായ പാത്രിയക്കീസ് ബാവായുടെ കല്പനപ്രകാരം 1653 മെയ് 22-ാം തീയതി തോമാ അക്കദയാക്കോനെ 1—ാം മാത്തോമ്മാ എന്ന പേരിൽ മെത്രാനായി വാഴിച്ചു ആക്കി.

# അദ്ധ്യായം III

## A. D. 1657 - 1798

### ഭാഗം 1

**ഏട്ടുവീടരുടെ ഭരണകാലം. പൂർവ്വാർത്ഥം 1657–1700**

1-ാം മാത്തോമ്മ (തുടച്ച്) 1670 വരെ
2-ാം മാത്തോമ്മ 1670—1686
3-ാം മാത്തോമ്മ 1686—1688
4-ാം മാത്തോമ്മ 1688—1728

**കൈക്കസ്ത്താനികൾ**

അറക്കം, ചിററായം, മററെക്കാടൻ, കുറിയേടം (പാറേമാൻ) എടശ്ശേരി. (ആത്തുങ്കൽ) പുതുശ്ശേരി, കുറുപ്പൻ, പുത്തൻപെരശ്ശ.

## 1. 1-ാം മാർത്തോമ്മ (തുടർച്ച) 1640-1670

അപ്പോസ്തോലിക കാലത്തു് തിമഥെയോസിനെ കശ്ശീശന്മാർ കൂടി വാഴിച്ചു. (1 തിമോ. 4:14) വി. പൗലോസ് ശ്ലീഹായിക്കും കൈവെപ്പുനല്കിയതും ഇപ്രകാരം തന്നെ. (അപ്പോ. പ്ര. 13:1) ഇപ്രകാരം പ്രത്യേക ഘട്ടം ആവിർഭവിച്ചതിനാൽ പരിശുദ്ധ അന്ത്യോഖ്യാ പാത്രിയക്കീസിൻെറ കല്പനപ്രകാരം തോമാ അക്കദയാക്കോനെ 12 കശ്ശീശന്മാർ ചേന്നു് അഭിഷേകം ചെയ്തു് മലങ്കരയുടെ മെത്രാനായി നിയമിച്ചാക്കി. മാത്തോമ്മാ ശ്ലീഹായാൽ പട്ടം ലഭിച്ചിരുന്ന പകലോമററം തറവാട്ടിലെ അക്കദയാക്കോൻ മാത്തോമ്മ മെത്രാൻ എന്ന പേരിൽ ആരോഹണം ചെയ്യപ്പെട്ടതുകൊണ്ടു് റോമാ സമുദായത്തിൽ നിന്നു മലങ്കര ഇടവക സ്വാതന്ത്ര്യം പ്രാപിച്ചു. ഇദ്ദേഹമാണു് മലയാളത്തിലെ ആദ്യമെത്രാൻ എന്നും, ആദ്യമായി മലയാളത്തിനു് നാട്ടുമെത്രാനെ പ്രദാനം ചെയ്തതു് പരിശുദ്ധ അന്ത്യോഖ്യ പാത്രിയക്കീസ് ബാവ ആണെന്നും ഉള്ള കായ്യം വിസ്മരിച്ചുകൂടാ. മലങ്കര ഇടവകയുടെ ഭരണത്തിൽ മെത്രാനെ സഹായിപ്പാൻ സെക്രട്ടറി ആയി ഒരു പട്ടക്കാരനേയും അഡ്മിനിസ്ട്രേററീവു് ബോഡി ആയി 4 പട്ടക്കാരേയും നിശ്ചയിച്ചു.

കടുത്തുരുത്തി കടവിൽ ചാണ്ടികത്തനാർ
കുറവിലങ്ങാട്ടു് പള്ളിവീട്ടിൽ ചാണ്ടി കത്തനാർ
വേങ്ങൂർ ഗീവറുഗീസ് കത്തനാർ (മേക്കോട്ടച്ചൻ)
കല്ലിശ്ശേരി ആഞ്ഞിലിമൂട്ടിൽ ഇട്ടിതൊമ്മൻ കത്തനാർ

എന്നിവരായിരുന്നു കമ്മററി അംഗങ്ങൾ. അക്കാലത്തുണ്ടായിരുന്ന കടുത്തുരുത്തി, കുറവിലങ്ങാട്ടു്, അങ്കമാലി, കല്ലിശ്ശേരി, ഇടപ്പള്ളി മുതലായ 72 പള്ളികളും പ: അന്ത്യോഖ്യാ സിംഹാസനത്തിനു് വിധേയം ആയിരുന്നു. മാത്തോമ്മാമെത്രാനും അദ്ദേഹത്തിൻെറ കീഴിൽ

ഉള്ള മലങ്കരയിലെ പട്ടക്കാരും ജനങ്ങളും റോമാ സമുദായത്തെ വിട്ടു് പൂർവ്വകാലാവസ്ഥയിൽ അന്ത്യോഖ്യാ പാത്രിയക്കീസിനോടു് പുനരൈക്യപ്പെട്ടു എന്നറിഞ്ഞപ്പോൾ റോമാ പോപ്പു് പറങ്കികൾ വഴി എതിരായ പല വേലകൾ ചെയ്തു. മാർപാപ്പായുടെ കല്പന അനുസരിച്ചു് കർമ്മലീത്താ മിഷ്യനറിമാർ മലയാളത്തിൽ വന്നു് മാർതോമാ മെത്രാനെ തിരികെ ചേർക്കുവാൻ പലവിധ ശ്രമങ്ങൾ ചെയ്തു. അതിൽ ഒന്നായിരുന്നു 1657ലെഇടപ്പള്ളിപള്ളിയിലെ യോഗം. ഈ യോഗത്തിൽ കർമ്മലീത്താ മിഷ്യനറിമാർക്കു എതിരായിട്ടും മാർതോമാ മെത്രാനെ അനുകൂലിച്ചും പ്രധാനമായി പ്രസംഗിച്ചതു് വടക്കൻ പറവൂർ, കണ്ടനാട്ടു്, ചാലക്കുടി, കുറുപ്പമ്പടി എന്നീ പള്ളിക്കാർ ആയിരുന്നു.

## 2. കുറുപ്പുംപടിപള്ളി പൊളിച്ചു പണിതു.

1657-ൽ കേരളത്തിൽ അങ്ങും ഇങ്ങും ശക്തിയായ അതിവർഷവും കൊടുങ്കാററും ഉണ്ടായി. പല വീടുകളും കെട്ടിടങ്ങളും നിലംപതിച്ചു. കുറുപ്പമ്പടി പള്ളിയും ചാലക്കുടി പള്ളിയും കൊടുങ്കാററിൽ പെട്ടു് നിലംപതിച്ചിരുന്നു. തന്നിമിത്തം ക്ഷേത്രാകൃതിയിൽ പണിയപ്പെട്ടിരുന്ന പഴയ പള്ളിപൊളിച്ചു് പുതിയരീതിയിൽ പണി ആരംഭിച്ചു. ഇക്കാര്യത്തിൽ ഇടവകജനങ്ങളെല്ലാം ഒത്തൊരുമിച്ചു പ്രവർത്തിച്ചിരുന്നു. ഉദയംപേരൂർ സുന്നഹദോസിലെ നിശ്ചയത്തെ ലംഘിക്കുമാറു് മുമ്പുണ്ടായിരുന്ന നാലു കൈക്കാരന്മാരോടുകൂടെ അക്കാലത്തു ധനസ്ഥിതിയിൽ മുന്നിട്ടുനിന്നിരുന്ന 4 വീട്ടുകാരെക്കൂടെ ചേർത്തു് പള്ളിയോഗത്തിൻെറ (കമ്മിററിയുടെ) അംഗ സംഖ്യ എട്ടാക്കി തീർത്തു. ഇപ്രകാരം കൈസ്ഥാനികളായ എട്ടു വീട്ടുകാരുടെ പേരാണു് മേൽ ചേർത്തിരിക്കുന്നതു്. ഇവർ ഇടവകയുടെ നാലു ഭാഗങ്ങളിലായി താമസിച്ചിരുന്നതിനാൽ അതതുസ്ഥലത്തെ കർത്താക്കന്മാരുടെ ഇടയിൽ സ്വാധീനം ഉള്ളവർ ആയിരുന്നു. ആയതു് ഇടവകയ്ക്കു് വളരെ അഭിവൃദ്ധി നല്കി.

## 3. പഴെകൂററിൽ ചാണ്ടിമെത്രാൻ.

**(1663-1687)**

1657-ലെ ഇടപ്പള്ളി പള്ളിയിലെ യോഗം കഴിഞ്ഞു് പറങ്കി

മിഷനറിമാർ ചിലരെ ഉപദേശിച്ചും, വശീകരിച്ചും, നിർബന്ധിച്ചും റോമാ ശീശ്മക്കു് വിധേയരാക്കി. ഇപ്രകാരം തെററി റോമാസമുദായത്തിൽ വീണ്ടും ചേർന്നവരെ പിൽക്കാലത്തു് പഴെക്കൂററുകാർ എന്നും, പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിൻ കീഴ് ഉറച്ചുനിന്നവരെ പുത്തൻകൂററുകാർ എന്നും മിഷനറിമാർ വിളിച്ചുതുടങ്ങി. മിഷ്യനറിമാർക്കു അന്നു് രാഷ്ട്രീയ സ്വാധീനം ഉണ്ടായിരുന്നതിനാൽ എഴുത്തുകുത്തിൽ പോലും പഴയകൂർ, പുത്തൻകൂർ എന്നീ പേരുകൾ സുറിയാനിക്കാരുടെ ഇടയിൽ നടപ്പിലായി. സുറിയാനിക്കാരെ വീണ്ടും റോമാനുകത്തിൻ കീഴിൽ ആക്കിത്തീർക്കുന്നതിനു് പ്രധാനമായി ഉത്സാഹിച്ചതു് റോമാസമുദായത്തിലെ ബിഷപ്പ് യോസഫ് ഡി സെൻറ്മേരിയ ആയിരുന്നു. അദ്ദേഹം ലാററിൻ ബിഷപ്പായിരുന്നു. അദ്ദേഹം 1659 ഡിസംബർ 15മുതൽ 1663വരെ കേരളത്തിൽ താമസിച്ചിരുന്നു. അദ്ദേഹത്തിൻെറ ശ്രമഫലമായി 1-ാം മാർത്തോമ്മയുടെ അഡ്മിനിസ്ട്രേററീവ് കൗൺസലിൽപ്പെട്ട കടവിൽ ചാണ്ടി കത്തനാരും പള്ളിവീട്ടിൽ ചാണ്ടി കത്തനാരും 1660-ൽ പാർട്ടി വിട്ടു് റോമാസമുദായത്തിൽ ചേർന്നു. അതോടുകൂടെ അന്നുണ്ടായിരുന്ന 72 പള്ളികളിൽ കടുത്തുരുത്തി മുതലായ 24 പള്ളിക്കാർ പരിഛേദമായി സഭ വിട്ടുപോയി. എന്നാൽ 1-ാം മാർത്തോമ്മ കുറവിലങ്ങാട്ടുദേശി ആകയാൽ കുറവലിങ്ങാട്ടുപള്ളി അക്കാലത്തു ചേന്നിരുന്നില്ല. കാലക്രമേണ ബാക്കിയുള്ള 48 പള്ളികളിൽ പെട്ട ചിലർ റേമാനുകത്തിനു വിധേയമായി. പറങ്കികളുടെയും അവരുടെ കൂടെ ചേർന്നവരുടേയും ശക്തിയായ ഉപദ്രവം പുത്തൻകൂററുകാർ സഹിക്കേണ്ടിവന്നു.

1663-ൽ ലന്തക്കാർ കൊച്ചികോട്ട പിടിച്ചു. ഇക്കാലത്തു് ഇവിടെ ഡച്ചുകാർ ശക്തിപ്പെട്ടതിനാൽ പറങ്കികളുടെ മിഷ്യനറിമാർക്കുപോലും മലയാളത്തു താമസിക്കുന്നതിനു് അനുവാദം ലഭിച്ചിരുന്നില്ല. ഇപ്രകാരം അന്ത്യോഖ്യാ സിംഹാസനത്തിൻ കീഴിൽ ഉള്ള സുറിയാനിക്കാരോടുള്ള മർദ്ദനത്തിൻെറ ശക്തികുറഞ്ഞു. കർമ്മലീത്ത മിഷ്യനറിമാരായ പറങ്കികളുടെ അഭാവം നിമിത്തം റോമാസമുദായത്തിൻെറ ഭരണം നഷ്ടപ്പെടാതിരിപ്പാൻ വരാപ്പുഴ മെത്രാനും കൂടെ ആയിരുന്ന യോസേഫ് ഡി സെൻറ്മേരിയ പകലോമററം

തറവാട്ടിൽ പെട്ടതും കുറവിലങ്ങാട്ട ഇടവകയിൽ പെട്ടതും, മാത്തോമ്മാ മെത്രാനെ വിട്ട് റോമാസമുദായത്തിൽ ചേൎന്നതും ആയ പനംകുഴി (പള്ളിവീട്ടിൽ) ചാണ്ടി കത്തനാരെ 1663 മകരം 31-ാം നു മെത്രാനായി വാഴിച്ച ശേഷം മാർ-ജോസഫ് സ്ഥലംവിട്ടു. പള്ളിവീട്ടിൽ ചാണ്ടിമെത്രാനെ അലക്സാണ്ടർ ഡി കാമ്പോ എന്നു് അറിയപ്പെടുന്നു. ഇദ്ദേഹത്തെ കുറവലങ്ങാട്ട് അറിയപ്പെടുന്നതു് കുടക്കശ്ശേരി മെത്രാൻ എന്നാണു്. ഇപ്രകാരം പനംകുഴി പള്ളി വീട്ടിൽ ചാണ്ടി കത്തനാരെ മാർപാപ്പായുടെ കൊമ്മിസിറി ആയ ജോസഫ് സെബസ്ത്യാനി പറങ്കി ശീശ്മയിൽപെട്ട പഴയ കൂറുകാർക്കു് മെത്രാനായി വാഴിച്ചപ്പോൾ അദ്ദേഹത്തിൻെറ മെത്രാനായിരുന്ന മാർ-തോമാ മെത്രാനേയും ശപിച്ചുതള്ളി.

1653 വരെ മലങ്കരയിലെ സഭ ഏക യോഗക്ഷേമമായി പകലോമററം തറവാട്ടിലെ അൎക്കദിയാക്കോന്മാരേയും തുടൎന്നു് പകലോമററം തറവാട്ടിലെ 1-ാം മാത്തോമ്മായേയും അനുസരിച്ചുവന്നിരുന്നു. എന്നാൽ അതിനു് എതിരായി. 1663-ൽ അതേ കുടുംബത്തിൽ മറെറാരു സ്ഥാനി ഉണ്ടായപ്പോൾ ക്രമേണ മേൽപറഞ്ഞതുപോലെ 24 പള്ളികൾ ചാണ്ടിമെത്രാൻെറ ഭരണത്തിൽ ആയി. ഇപ്രകാരം റോമാശീശ്മക്കു് പൂൎണ്ണമായിഇടപ്പള്ളിപള്ളി, കാഞ്ഞൂർപള്ളിമുതലായ പള്ളികൾ പെട്ടുപോയി. ഇതോടുകൂടെമിക്ക പള്ളികളിലും ജനങ്ങൾ തമ്മിൽ വിശ്വാസപരമായ സംഗതികളിൽ വഴക്കുകളും കേസുകളും ഉത്ഭവിച്ചു. ചില പള്ളികൾ പൂൎണ്ണമായി ഓരോകൂററിലും ചേൎന്നു. ചില പള്ളികളിൽ രണ്ടുകൂററരും ഉണ്ടായി. (ഇപ്പോഴത്തെ മെത്രാൻകക്ഷി ബാവാകക്ഷി വഴക്കുപോലെ) ഓരോ പള്ളികളും അതതു പള്ളിയോഗക്കാരുടെ (ഇടവകക്കാരുടെ) വക ആയിരുന്നതിനാൽ ഏതു കൂററിൽ നിന്നാലും പള്ളി ഉപേക്ഷിക്കേണ്ടതായി വന്നിരുന്നില്ല. ചാണ്ടിമെത്രാൻ 1676-ൽ മരിച്ചു എന്നു് ചിലരും 1687-ൽ മരിച്ചു് കുറവിലങ്ങാട്ടു് പള്ളിയിൽ അടക്കപ്പെട്ടു എന്നു് മററു ചിലരും പറയുന്നു.

## 4. യറുശലേം പാത്രിയർക്കീസ് 1665-1670.

മലങ്കരയിലെ സഭയുടെ സംരക്ഷണത്തിനു് മേലദ്ധ്യക്ഷന്മാരെ അയച്ചു തരണമെന്നു് മലങ്കരയിൽ നിന്നും പലതവണ അന്ത്യോഖ്യാ

പാത്രിയക്കീസിനു് അപേക്ഷകൾ അയച്ചുഎങ്കിലും പറങ്കികളുടെ ഉപദ്രവങ്ങൾ ഹേതുവാൽ അപേക്ഷകൾ തക്ക അവസരത്തിൽ കിട്ടുന്നതിനും മേലദ്ധ്യക്ഷന്മാരെഅയക്കുന്നതിനും പ്രയാസങ്ങൾ നേരിട്ടു. തുടന്നു് അന്ത്യോഖ്യാപാത്രിയക്കീസ് മലയാളത്തുള്ള തന്റെ മക്കളെ രക്ഷിപ്പാൻ തന്റെ കീഴിൽ ഉള്ള യറുശലേം പത്രിയക്കീസ് മോർ ഗ്രീഗോറിയോസിനെ മലയാളത്തിലേക്കു് അയച്ചു. അദ്ദേഹം 1665-ൽ വന്നു് മത്തോമ്മാ ഒന്നാമനു് ശരിയായ പട്ടം കൊടുക്കുകയും വിശ്വാസികളെ സത്യ വിശ്വാസത്തിൽ സ്ഥിരപ്പെടുത്തുകയും ചെയ്തു. പട്ടക്കാരുടെ വിവാഹം പൂർവ്വ കാലങ്ങളിലെപ്പോലെ നടപ്പിൽ വരുത്തി. മെനസ്സിസ്സ് ചുട്ടു ദഹിപ്പിച്ച യാക്കോബായ പള്ളിക്രമങ്ങളെ പുന:സ്ഥാപിച്ചു. ഇദ്ദേഹവും മാത്തോമാ മെത്രാനും ഒരുമിച്ചു് പള്ളികൾ ചുററി സഞ്ചരിച്ചു് വേണ്ട ക്രമീകരണങ്ങൾ ചെയ്തു. അതിനാൽ പറങ്കികളുടെ ഉദ്ദേശം മുഴുവനായി നടന്നില്ല. ഇവർ രണ്ടുപേരും കൂടി 1669-ൽ 2-ാംമാത്തോമ്മായെ വാഴിച്ചു. 1670-ൽ 1-ാംമാത്തോമ്മ ചരമം പ്രാപിച്ചു. തന്റെ പൂർവ്വികൻ അടക്കപ്പെട്ടിരുന്ന അങ്കമാലി പള്ളിയിൽ അടക്കപ്പെട്ടു. മോർ-ഗ്രീഗോറിയോസ് ആ മാസത്തിൽ തന്നെ ചരമം പ്രാപിച്ചു് പറവൂർ പള്ളിയിൽ അടക്കപ്പെട്ടു.

## 5. 2-ാം മാർത്തോമ്മ (1670-1686.)

കുറുപ്പമ്പടി ഇടവകയിൽ പെട്ടവർ തങ്ങളുടെ സഭാ തലവനായ മാത്തോമ്മാമെത്രാനിൽ ദൃഢവിശ്വാസമുള്ളവർ ആയിരുന്നു. കുറുപ്പമ്പടി പള്ളിയുടെ പണി 1657-ൽ ആരംഭിച്ചതു് ഇടവകക്കാരുടെ സഹകരണം കൊണ്ടും ഇടവകയിലെ പിരിവുകൊണ്ടും പുരോഗമിച്ചുകൊണ്ടിരുന്നു. ആത്തുങ്കൽ പൗലോ മുത്തപ്പന്റെ കാലത്താണു് പള്ളി പൊളിച്ചു് പണി ആരംഭിച്ചതു്. അന്നു് പള്ളിയിൽ യാതൊരുകക്ഷി വഴക്കും ഉണ്ടായിരുന്നില്ല. എല്ലാവരും പരിശുദ്ധ അന്ത്യോഖ്യാ പാത്രിയക്കീസിനേയും അദ്ദേഹത്തിന്റെ കീഴിൽ ഉള്ള തങ്ങളുടെ മേലദ്ധ്യക്ഷന്മാരേയും അനുസരിച്ചുവന്നു. പൗലോമുത്തപ്പൻ നല്ല കായശേഷി ഉള്ളവനും സുമുഖനും ആയിരുന്നു. പള്ളിപണിക്കു് കഴുക്കോലിന്റെ ഒരുതല പൗലോമുത്തപ്പൻ പൊക്കികൊടുത്താൽ

മററെ തല 4 പേർ കൂടി പൊക്കികൊട്ടക്കേണ്ടിയിരുന്നു. 2-ാം മാത്തോമ്മ 1686 മേടം 3-ാം തീയതി ഇടിവെട്ടു് ഏററു് മരിച്ചു് നിരണത്തുപള്ളിയിൽ അടക്കപ്പെട്ടു.

## 6. അന്ത്രയോസ് ബാവാ (1676-1682)

ഈ കാലഘട്ടത്തിൽ ആണു് അൽവായക്കാരനായ അന്ത്രയോസ് ബാവാ മലയാളത്തിൽ വന്നതു്. യാക്കോബായ മെത്രാപ്പോലീത്ത ആയ ഇദ്ദേഹം പ്രധാനമായി താമസിച്ചിരുന്നതു് മുളന്തുരുത്തി പള്ളിയിൽ ആയിരുന്നു. കുറുപ്പമ്പടി ഇടവക അദ്ദേഹത്തിൻെറ പ്രത്യേക ശ്രദ്ധയിൽ പെട്ടിരുന്നതിനാൽ ഇടവക ജനങ്ങൾക്കു് അദ്ദേഹത്തോടു് വളരെ ഭക്തി ആയിരുന്നു. ഇദ്ദേഹത്തെപ്പററി പള്ളി റിക്കാർഡുകളിൽ ''അന്ത്രയോസ് പാത്രിയക്കീസ് ബാവ'' എന്നാണു് കാണുന്നതു്. അന്ത്രയോസ് ബാവ മലയാളത്തിൽ പറങ്കികളുടെ ശല്യം ഇല്ലാതിരിക്കുന്നതിനു് പാത്രിയക്കീസ് ആയി നിയമിച്ചുള്ള ഒരു ബൂള റോമിൻെറ മേലദ്ധ്യക്ഷനിൽ നിന്നും ഇദ്ദേഹം സമ്പാദിച്ചിരുന്നു. മലയാളത്തിൽ വന്നശേഷം ഇദ്ദേഹം അന്ത്യോഖ്യയുടെ യാക്കോബായ വിശ്വാസത്തിൽ തന്നെ ഉറച്ചു നിന്നിരുന്നു. ഇദ്ദേഹം പരമ ഭക്തനും മാർഗ്ഗകാര്യങ്ങളിൽ വളരെ തല്പരനും ആയിരുന്നു. ബാവ കല്ലടപള്ളിയിൽ താമസിച്ചുകൊണ്ടിരിക്കുമ്പോൾ കല്ലട ആററിൽ തനിച്ചുപോയി കുളിക്കുന്നതിനിടയിൽ കാൽവഴുതി ആററിൽ വീണു് കുംഭം 19-ാം തീയതി മരിച്ചുപോയി. ഇദ്ദേഹം 1685-ൽ ആണു് മരിച്ചതു് എന്നു് ചില ലിഖിതങ്ങളിൽ കാണുന്നു. അദ്ദേഹത്തെ കല്ലട പള്ളിയിൽ അടക്കിയിരിക്കുന്നു. അതിനാൽ കല്ലടമുത്തപ്പൻ എന്നാണു് ഇദ്ദേഹത്തെകുറിച്ചു് ജനങ്ങൾ പറയുന്നതു്. മുത്തപ്പൻ എന്നു വിളിക്കുന്നതിനാൽ അദ്ദേഹം ഒരു മൂപ്പച്ചൻ ആയിരുന്നു എന്നു് ചില ചരിത്രകാരന്മാർ വിവരം ഇല്ലാതെ എഴുതിയിരിക്കുന്നു. മുത്തപ്പൻ എന്ന പേരു് പരിശുദ്ധ പിതാക്കന്മാരെ ഉദ്ദേശിച്ചു് മലയാളത്തുകാർ ബഹുമാനമായി പറയുന്നതാണു്. ഉദാഹരണമായി മാർതോമ്മാശ്ലീഹായെ മലയാററൂർ മുത്തപ്പൻ എന്നും, കന്യാസ്ത്രീ അമ്മയെ കൊരട്ടി മുത്തി എന്നും സാധാരണ പറഞ്ഞുവരുന്നു. അന്ത്രയോസ് ബാവായുടെ ശ്രാദ്ധം അക്കാലം മുതൽ കുറുപ്പ

മ്പടി പള്ളിയിൽ കുംഭം 16-ാം തീയതി ആണ്ടുതോറും ആഘോഷമായി കൊണ്ടാടിവരുന്നു. ഈ പള്ളിയിലെ ഏററവും പഴക്കമുള്ളതും പ്രധാനപ്പെട്ടതുമായ ഒരു പെരുന്നാറം കുംഭം-16 ആകുന്നു. അക്കാലത്തു് സ്വർണ്ണംകൊണ്ടുണ്ടാക്കിയ അന്ത്രയോസ് ബാവായുടെ ഒരു രൂപം മേമ്പൂട്ടിൽ സൂക്ഷിക്കുന്നതു് ഇക്കാലംവരെ പെരുന്നാറം ദിവസം തെക്കെ ത്രോണോസിന്മേൽ വച്ച് ധൂപപ്രാത്ഥന നടത്തിവന്നിരുന്നു.

## 7. മോർ ബസ്സേലിയോസ്,
## മാർ ഈവാനിയോസ്.

ഇവർ 1685-ൽ പാണ്ഡിവഴി പള്ളിവാസൽ കടന്നു് മലയാളത്തു വന്നു. ഇവർ കോതമംഗലത്തു വന്നപ്പോറം അയൽ പള്ളിയായ കുറുപ്പമ്പടി പള്ളിയിലെ ജനങ്ങളും ഭക്തിപുരസ്സരം ഇവരെ ദർശിച്ച് അനുഗ്രഹങ്ങറം വാങ്ങി. ഇക്കാലത്തു് കുറുപ്പമ്പടി ഇടവകയിൽ എന്നപോലെ കോതമംഗലം പള്ളികളിൽപെട്ട എല്ലാവരും പരിശുദ്ധ അന്ത്യോഖ്യാ പാത്രിയക്കീസിൻെറ കീഴിൽ ഉള്ള ശീമമെത്രാന്മാരെയും നാട്ടുമെത്രാന്മാരേയും അനുസരിച്ചു വരുന്നവർ ആയിരുന്നു. മോർ-ബസ്സേലിയോസ് താമസംവിനാ കോതമംഗലം ചെറിയ പള്ളിയിൽവച്ചു കാലംചെയ്തു. അദ്ദേഹത്തെ ആ പള്ളിയിലെ വിശുദ്ധ സ്ഥലത്തു് അടക്കിയിരിക്കുന്നു. പരിശുദ്ധ ബാവായെപ്പററി കുറുപ്പമ്പടി പള്ളി ഇടവകയിലെ ജനങ്ങറക്കു് വളരെ ഭക്തി ഉള്ളതിനാൽ ആണ്ടുതോറും ബാവായുടെ ശ്രാദ്ധപെരുന്നാറം ആയ കന്നി 20-ാം തീയതിയും മററു അവസരങ്ങളിലും കബറിങ്കൽ ചെന്നു് നേച്ചകാഴ്ചകറം അപ്പിച്ചുവരുന്നു. മാർ-ഈവാനിയോസ് മലങ്കര ഉള്ള ചില പള്ളികറം ചുററിസഞ്ചരിച്ച് ജനങ്ങളെ അന്ത്യോഖ്യാപാത്രിയക്കീസിൻെറ കീഴിൽ ഉള്ള സത്യവിശ്വാസത്തിൽ സ്ഥിരപ്പെടുത്തിക്കൊണ്ടിരുന്നു. മാർ ഈവാനിയോസ് 1693 ചിങ്ങം 3-ാം തീയതി മരിച്ച് മുളന്തുരുത്തി പള്ളിയിൽ അടക്കപ്പെട്ടു. 2-ാം മാർത്തോമ്മ മരിച്ചശേഷം 1688 വരെ ശീമക്കാരനായ മാർ ഈവാനിയോസ് തനിച്ചാണു് മലങ്കര ഇടവകയുടെ ചുമതലകറം വഹിച്ചിരുന്നതു്. മാർ ഈവാനിയോസ് 3-ാം മാർത്തോമ്മായേയും 4-ാം മാർത്തോമ്മായേയും വാഴിച്ചു.

## 8. തട്ടാംപുറം

മാർ-ഈവാനിയോസ് കോതമംഗലത്തു നിന്നു് റാക്കാട്ടിനു പുറപ്പെട്ടപ്പോൾ മാർഗ്ഗമദ്ധ്യേ ഒരു ക്രിസ്തീയ ഭവന പടിക്കൽ തന്റെ കുതിരയെ കെട്ടി തണൽ ഇളച്ചു. ആ വീട്ടുകാർ ബാവായുടെ ക്ഷീണം തീക്കുന്നതിനും മററുമായി വേണ്ട സഹായം ചെയ്കതിനാൽ ആ വീട്ടിലെ ഒരു ആൺപൈതലിനെ എടുത്തുപഠിപ്പിച്ചു് കത്തനാർ പട്ടം കൊടുത്തു. ഈ വീട്ടുകാർ പിന്നീടു് കുറുപ്പമ്പടിക്കൽ വന്നു് ഒരു തട്ടാന്റെ കുടിവാങ്ങി താമസമാക്കി. അതിനാൽ ഇവരെ 'തട്ടാംപുറം എന്നു പറയുന്നു. 943-ൽ ജീവിച്ചിരുന്ന തട്ടാംപുറത്തു കോരസ്സു് മൂന്നു ആൺകുട്ടികൾ, അതിൽ ഒരാളാണു് തട്ടാംപുറത്തു് പരേതനായ പൗലോസ് കത്തനാർ. ഒരാൾ പ്രളയിക്കാട്ടു താമസിച്ചിരുന്നു. അദ്ദേഹത്തിനു് കോര, വക്കി, പൈലി കത്തനാർ എന്നിങ്ങനെ മൂന്നു മക്കൾ. കോരയുടെ മകൻ ശമുവേലിന്റെ മകനാണു് മാത്തു ശെമ്മാശൻ. ശമുവേൽ (ശ്മൂയേൽ) ജോതിശാസ്ത്രവിദഗ്ധൻ ആയിരുന്നു. വക്കിയുടെ പൗത്രൻ ആണു് ഇതു എഴുതുമ്പോൾ ജീവിച്ചിരിക്കുന്ന ഇട്ടൂപ്പ് കത്തനാർ. ഈ കുടുംബത്തിൽ ആരെങ്കിലും പട്ടം ഏററാൽ പുത്തൻ കുർബ്ബാന ചൊല്ലുന്നതിനു മുമ്പായി മുളന്തുരുത്തിയിൽ മാർ ഈവാനിയോസിന്റെ കബറിന്മേൽ ഒരു മൂടു് ശീല കത്തിച്ചിട്ടുവരുന്നു.

## 9. 3—ാം മാർത്തോമ്മ 1687.

മൂന്നാം മാത്തോമ്മായേയും 4—ാം മാർത്തോമ്മായേയും വാഴിച്ചതു് മാർ-ഈവാനിയോസ് ആണു്. മൂന്നാം മാത്തോമ്മ അധികനാൾ ഭരിച്ചില്ല. അദ്ദേഹം മരിച്ചപ്പോൾ തൽസ്ഥാനത്തു് 4-ാം മാത്തോമ്മാ മലങ്കരയുടെ മെത്രാനായി തീർന്നു. മാത്തോമ്മാ നാലാമൻ തന്റെ എഴുത്തിൽ 5-ാം മാത്തോമ്മ എന്നു പറയുന്നുണ്ടു്. കാരണം 1—ാം മാർത്തോമ്മയുടെ ശേഷം രണ്ടാം മാർത്തോമ്മ ആയി മറെറാരാൾ പത്തു ദിവസം ഭരിച്ചു. അദ്ദേഹത്തെ പ്രധാന ചരിത്രകാരന്മാർ മാർ-തോമ്മാ മെത്രാൻമാരുടെ ലിസ്റ്റിൽ പെടുത്തിയിട്ടില്ല.

## 10. ക്രൈസ്താനികളായ എട്ടു വീട്ടുകാരുടെ ചരിത്രം

ഇക്കാലങ്ങളിൽ അറക്ക, ചിറ്റയം, മററെക്കാടൻ, കുറിയേടം (പാറെമാൻ) എടശ്ശേരി (ആത്തുങ്ക), പുതുശ്ശേരി, കുറുപ്പൻ, പുത്തൻപെരക്ക എന്നിങ്ങനെ എട്ടുവീട്ടുകാർ ആയിരുന്നു ക്രൈസ്ഥാനം നോക്കിയിരുന്നതു് എന്നു് മുമ്പുപറഞ്ഞിട്ടുണ്ടല്ലൊ. ആ വീട്ടുകാരുടെ ചുരുങ്ങിയ കുടുംബ ചരിത്രം താഴെ ചേക്കുന്നു.

### 1. അറക്കൽ

ഇവർ വടക്കുനിന്നു വന്നവരാണു്. ഇവരുടെ ജന്മപേർ വാളൂർ എന്നാണു്. വന്ന അപ്പൂപ്പൻെറ 15-ാമത്തെ തലമുറയാണു് 20-ാം നൂററാണ്ടിൽ ജീവിച്ചിരുന്ന മഞ്ചേരി ഐപ്പ്. വാളൂർ അറക്കനു് 4 ആൺമക്കാം ആയിരുന്നു. രണ്ടുപേർ പോന്നതിൽ ഒരാൾ വാസ്തുരയും മററൊരാൾ പടയാട്ടിയുടെ അവകാശത്തിൽ മുടക്കിരായി ദേശത്തും താമസമാക്കി. പടയാട്ടിയുടെ അവകാശത്തിൽ താമസിച്ച ആൾ വാസ്തുരയും മുടക്കിരായിലും ആയി ധാരാളം വസ്തു സമ്പാദിച്ചു. 943-ൽ ജീവിച്ചിരുന്ന അറസ്സൽ പൈലി തരകനു തന്നെ ആയിരപറക്കു് നിലം ഉണ്ടായിരുന്നു. അക്കാലത്തു് അദ്ദേഹം ഈ ഇടവകയിൽ ഒരു പ്രധാനി ആയിരുന്നു. ഇദ്ദേഹത്തിനു് കാവാട്ടുതരകൻ എന്നുകൂടെ വിളിപേർ ഉണ്ടായിരുന്നു. ഇദ്ദേഹത്തിനു' തച്ചേത്തു കൈമന്മാരുടെയും കുളങ്ങര അകത്തൂട്ട് പണിക്കരശ്ശൻേറയും സ്വാധീനമുണ്ടായിരുന്നു. പൈലിതരകൻ പിള്ളാലത്തു് പഴയകൂററിൽ ചേന്നു. ഇദ്ദേഹത്തിൻെറ കുടിപേരാണു് കാവാട്ടു് എന്നുള്ളതു്. കാവാട്ട് പൈലിതരകൻ പഴയകൂററിൽ പ്രമാണി ആയിതീൻ. കുറുപ്പമ്പടി പള്ളി ഇടവകയിൽ റോമാ ശീശ്മയുടെ അധികാരം ശക്തിപ്പെടുത്തുന്നതിനും, പഴയ പള്ളിയിൽ നിന്നുമാറി കന്യാസ്ത്രീ അമ്മയെ മറന്നു വേറെപള്ളി വയ്ക്കുന്നതിനും പ്രധാനമായി പ്രവർത്തിച്ചതു് ഇദ്ദേഹമായിരുന്നു. ഇദ്ദേഹത്തിൻെറ സ്വത്തും കുടുംബവും പന്നീടു് അന്യാധീനപെടുന്നതിനു സ്ഥലം വിട്ടു് കിഴക്കൻ പ്രദേശങ്ങളിൽ പോയി താമസിക്കുന്നതിനും ഇട വന്നു. 943-ൽ ജീവിച്ചിരുന്ന കാവാട്ട ശെമ്മാശൻ ഇദ്ദേഹത്തിൻെറ കുടുംബത്തിൽ പെട്ട ആൾ ആണു്. പൈലി

തരകൻെറമകൻ പൈലിയുടെ കാലത്താണ് സ്വത്ത് അന്യാധീനപ്പെട്ട് സക്കാർ വകയും തൃക്കാരിയൂർ ക്ഷേത്രം വകയും മററും ആയിഭവിച്ചത്. കാവാട്ട മുത്തി എന്ന സുപ്രസിദ്ധ സ്ത്രീരത്നം പൈലിതരകൻെറ ഭായ്യ ആണ്. ഈ സ്ത്രീരത്നം തൻെറ വീട്ടിൽ നിന്ന് മുടക്കിരായി പള്ളിയിലേക്ക് പോകുമ്പോഠം ഉഴവു നടത്തുന്നവരിൽ നിന്നു ചെളി തെറിയ്ക്കാതിരിക്കാൻ അവരുടെ വീടുമുതൽ പള്ളിവരെ പാടത്തു് നല്ല വീതിയിലും ഘനത്തിലും ഒരു നടപാത കെട്ടിച്ചിരുന്നു. ഈഅടുത്ത കാലം വരെ അതു് ഉണ്ടായിരുന്നു. പില്ക്കാലത്തു് അതു് വയലിനോടു് ചേൎത്തു കണ്ടങ്ങഠം ആക്കി. പൈലി തരകൻെറ മററു വീട്ടുകാർ പരിശുദ്ധ അന്ത്യോഖ്യാ പാത്രിയക്കീസിൻെറ കീഴിൽ പൂർവ്വ കാലം മുതൽ എന്ന പ്രകാരം യാക്കോബായ സഭയിൽ ഉറച്ചു നിന്നു. അതിൽ ഒരാളാണ് അറസ്സൽ വക്കി തരകൻ. ഇദ്ദേഹം കുറുപ്പമ്പടി വലിയ പള്ളിയിൽ കൈസ്ഥാനത്തിൽ പ്രവേശിച്ചു.

## 2. ചിററയം

ചിററയത്തിൻെറ ജന്മം ചുണ്ടനാൽ എന്നാണ്. പെരുമററത്തു നിന്നും രണ്ടുബാലന്മാർ കളങ്ങര അകത്തൂട്ടു് വന്നു. പണിക്കരശ്ശൻ അവരെ അടുത്തു താമസിപ്പിച്ചു് കൃഷിജോലികഠം ചെയ്യിച്ചുവന്നു. പിന്നീടു് കൃഷിചെയ്യുന്നതിന് കളങ്ങര അകത്തൂട്ടുനിന്നും നിലം കൊടുത്തു. അതിൽ ഒരാളെ കിഴക്കുവശത്തും മറെറ ആളെ അഞ്ചാടിയിൽ പടയാററി പറമ്പിലും താമസിപ്പിച്ചു. കിഴക്കുവശം താമസിച്ചവനു് ചിററയം എന്നും, 'അഞ്ചാടിയിൽ താമസിച്ചവനു് ''പടയാററിപറമ്പിൽ താമസം'' എന്നും പൂർവ്വരേഖകളിൽ കാണുന്നു. പടയാട്ടിക്കു് പണിക്കരശ്ശൻെറ സ്വാധീനത്താൽ പള്ളിയിൽ ആദ്യം വിളക്കു വയ്പു, പിന്നീടു പുത്തൻകൂറു ഭാഗത്തെ കപ്പിത്തവും ലഭിച്ചു. 943-ലെ വഴക്കുകാലത്തു് പുത്തൻ കൂററിൽ കപ്യാർ ആയിരുന്ന പടയാട്ടി വക്കിയുടെ സന്തതികഠം ആണു് അഞ്ചാടിയിൽ പടയാട്ടികഠം. അവക്കു് പണിക്കരശ്ശൻെറ അകമ്പടിസേവ ഉണ്ടായിരുന്നതിനാൽ അകത്തൂട്ടു് നിന്നു് വാളും പരിചയും കൊടുത്തിരുന്നു. അകത്തൂട്ടു് അടിയന്തിരെ ആവശ്യങ്ങഠംക്കു് ചിററയം ശക്കരയും, പടയാട്ടി കടുകും കൊടുത്തുവന്നിരുന്നു. കത്താക്കന്മാരുടെ സ്വാധീനം

ഉള്ള ചിലർ പള്ളിയിൽ കൈസ്ഥാനികളായി തീൎന്നപ്പോൾ അകത്തു ട്ടെ സ്വാധീനത്താൽ ചിററയം കൈക്കാരനായിതീൎന്നു. അറസ്സനും ചിററയവും സമീപവാസികളും പണിക്കരശ്ശന്റെ സ്വാധീനം ഉള്ള വരും ആയിരുന്നതിനാൽ പള്ളിയിലെ പഴയകൂർ-പുത്തൻകൂർ വഴക്ക കാലത്തു് പള്ളിയിൽ അവൎക്കു പ്രാബല്യം ഉണ്ടായിരുന്നു. ഓരോകൂററു കാരും അവരവരുടെ പള്ളിവക സാമാനങ്ങൾ പ്രത്യേകം, അതായത്തു് പഴയ കൂററുകാരുടേതു ചിററയത്തിന്റെ വീട്ടിലും, പുത്തൻകൂററുകാരു ടേതു പൊസ്സാട്ടിൽ (കരവട്ടു്) മാത്തുതരകന്റെ വീട്ടിലും ആണു് സൂ ക്ഷിച്ചിരുന്നതു്. 943-ൽ പഴയകൂററിൽ കൈക്കാരനായിരുന്ന ചി ററയം വൎക്കിയും അദ്ദേഹത്തിന്റെ സന്താനപരമ്പരയിൽ പെട്ടവർ ഇക്കാലംവരെ മുടക്കിരായി (പഴയ കൂററു) പള്ളിയിൽ കൈസ്ഥാനം നോക്കിയിരുന്നു. വൎക്കിക്കു് രണ്ടു് ആൺമക്കൾ — അതിൽ വറുഗീ സ് നീലീശ്വരത്തു് താമസമാക്കി, പൈലി തറവാട്ടിൽ താമസിച്ചു. പൈലിക്കു് വൎക്കി, പൈലി എന്നിങ്ങനെ രണ്ടുമക്കൾ. പൈലിയും അദ്ദേഹത്തിന്റെ മക്കളായ പൈലിയും ഔസേഫും മുടക്കിരായി പള്ളിയിലെ കൈക്കാരന്മാർ ആയിരുന്നു. ചിററയത്തിന്റേയും അറസ്സന്റേയും സ്വാധീനത്തിൽ ആണു് മുടക്കിരായിപള്ളി വെയ്ക്കുന്ന തിനു് പണിക്കരശ്ശൻ സ്ഥലംകൊടുത്തതു്. സ്ഥലം വാങ്ങിക്കുന്ന തിനുള്ള പണം പുത്തൻകൂററുകാർ കൊടുത്തിരുന്നു. സ്ഥലം അറസ്സൽ (കാവാട്ടു്) പൈലിതരകന്റെ പേരിലാണു് വാങ്ങിയതു്. 1050ൽ ജനിച്ച ഔസേഫ് ഇപ്പോൾ അവരുടെ പഴയതറവാട്ടിൽ താമസി ച്ചുവരുന്നു.

### 3. മററെക്കാടൻ

ഇവർ അധികമായി താമസിക്കുന്നതു് പുല്ലുവഴിയിൽ ആണു്. ഇവരുടെ ജന്മം നൽക്കര എന്നാകുന്നു. മററെക്കാട്ടിൽ താമസിച്ചതി നാൽ മററക്കാടൻ എന്നുവിളിച്ചുവരുന്നു. ഇവർ ചോളരാജാക്കന്മാരു ടെ പടയിൽചേൎന്നു് നായക്കന്മാരോടൊന്നിച്ചു് യുദ്ധത്തിനായി ചോ ളദേശത്തുനിന്നു് വന്നവരാണു്. ഇവർ തിരിച്ചുപോകാതെ വട്ടക്കാ ക്കാട്ടുകത്താവിന്റെ കോട്ടയിൽ സേവനം ചെയ്തുവന്നു. അതിനാൽ ഈ കത്താക്കന്മാരുടെ സ്വാധീനം ഇവൎക്കു് ലഭിച്ചിരുന്നു. നൽക്കര

യിൽ നിന്നുവന്ന മൂന്നുപേർ മൂന്നുകുടിയിൽ താമസിച്ചതിനാൽ മനേത്താൻ, പാലക്ക, മററക്കാടൻ എന്നീ വീട്ടുപേരുകളാൽ അവർ അറിയപ്പെടുന്നു. മററെക്കാടൻ, നെടാംകുഴി, കോട്ടേക്കുടി, പാറയ്ക്കു, തൈക്കുടൻ, നങ്ങേലിമാലി, പുതുപ്പള്ളിക്കുടി, നമ്പളംപാറ, പൂണേലി, കവളംപാറമാലി, എന്നിത്യാദി വീട്ടുപേരുകളാൽ അറിയപ്പെടുന്നു. ഇവർ കുറുപ്പമ്പടി പള്ളിയിൽ നിന്നു് പിരിഞ്ഞു് മുടക്കിരായിൽ ഒരു പള്ളിവച്ചു് പിരിഞ്ഞുപോയശേഷം ഇവരുടെ വീട്ടിൽപ്പെട്ട മററെക്കാടൻ ചാക്കൊ ഔസേഫ് കത്തനാർ 992ന്നു മുമ്പുതന്നെ മുടക്കിരായി പള്ളിയിലെ വികാരിയായിതീൎന്നു. ഇവർ മുഖാന്തിരം മുടക്കിരായി പള്ളിയിൽനിന്നും പിരിഞ്ഞു് പഴയക്കുററിൽ പുല്ലുവഴിയിൽ ഒരു പള്ളി സ്ഥാപിച്ചു് അവിടെ ഇപ്പോഠം മിക്കവീട്ടുകാരും ചേൎന്നു നടന്നുവരുന്നു.

## 4. കുറിയേടം അഥവാ പാറേമാൻ

ഈ വീട്ടുകാൎക്കു് അശമന്നൂർ മഠത്തിലെ സ്വാധീനം ലഭിച്ചിരുന്നു. ആദ്യം അശമന്നൂർ അമ്പലത്തിനു് അടുത്തും പിന്നീടു് നെടുങ്ങപ്രയും താമസമാക്കി. അശമന്നൂർ പാറയ്ക്കുസമീപം താമസിച്ചതിനാൽ പാറേമാൻ എന്ന ഭവനനാമധേയം ലഭിച്ചു. 943-ൽ ജീവിച്ചിരുന്ന കുറിയേടം വക്കിക്കു് 900പറ നിലം ഉണ്ടായിരുന്നതായി പറയുന്നു. മക്കഠം പ്രായം വരുന്നതിനുമുമ്പു് ഇദ്ദേഹം മരിച്ചുപോയതിനാൽ വസ്തുക്കഠം പാട്ടക്കാരുടേയും മററും കൈവശം ആയിതീൎന്നു. അന്നത്തെ സ്ഥിതിക്കു് അതിനു് പ്രയാസം ഇല്ലായിരുന്നു. വസ്തുക്കഠം കോലാഞ്ഞി, പുല്ലൻ, കിഴക്കെക്കര അകത്തൂട്ടു് എന്നിവൎക്കു് ലഭിച്ചു എന്നു് അവർ പറയുന്നു. കുട്ടികളുടെ കാലത്താണു് നെടുങ്ങപ്ര ഒരു വലിയ കവർച്ച നടന്നതു്. ഇതിനെ പാർച്ചാവിൻെറപട എന്നു സാധാരണ പറയാറുണ്ടു്. അതോടുകൂടെ പല വീട്ടുകാർ ദേശംവിട്ടുപോയി. അക്കാലത്തു് ആത്തുങ്കനും കുറിയേടവും മിക്കവാറും അടുത്തുതാമസിച്ചിരുന്നു. രണ്ടുപേരും കുറുപ്പമ്പടി പള്ളിയിലെ കൈക്കാരന്മാർ ആയിരുന്നു. കുറിയേടം വക്കിക്കു് ഒരു പെൺകുട്ടിയും രണ്ടു് ആൺമക്കളും ഉണ്ടായിരുന്നു. പെൺകുട്ടിയെ കറുകുററിയിൽ വളപ്പിൽ കെട്ടിച്ചു. [വിവാഹം ചെയ്തുകൊടുത്തു.]

മൂത്തമകൻ മലയാററൂർ താമസമാക്കി, ഇവർ മലയാററൂർ പള്ളിയിൽ ഇതേവരെ കൈക്കാരന്മാരായിരുന്നു. ഇളയമകൻ മുടക്കിരായി പള്ളിയിൽ കൈക്കസ്ഥാനി ആയിരുന്നു. വക്കിയുടെ മകൻ ചാക്കൊയുടെ സന്തതികളാണ് നെടുങ്ങപ്ര താമസമാക്കിയതു്. ഇവർ തുടർച്ചയായി മുടക്കിരായി പള്ളിയിൽ കൈക്കസ്ഥാനം നോക്കിവരുന്നു. 943-ൽ ജീവിച്ചിരുന്ന വക്കിയുടെ മകൻ വക്കി, അദ്ദേഹത്തിന്റെ മകൻ ചാക്കൊ, അദ്ദേഹത്തിന്റെ മകൻ വക്കി, അദ്ദേഹത്തിന്റെ ജേഷ്ഠന്റെ പുത്രൻ ചാക്കൊ, അദ്ദേഹത്തിന്റെ അനുജന്റെ പുത്രൻ പത്രോസ് എന്നിവരാണ് കൈക്കസ്ഥാനികളായിരുന്നതു്.

## 5. ആത്തുങ്കൽ (എടശ്ശേരി) തുടർച്ച

വെൺപുരത്തു് താമസിച്ചിരുന്ന 24 ഇല്ലക്കാരിൽപെട്ട എടശ്ശേരി ഇല്ലത്തിൽപെട്ട ഒരു നമ്പൂതിരി 1-ാംനൂററാണ്ടിൽ സ്നാനം ഏററു. വെൺപുരം നശിച്ച് അവിടെ താമസിച്ചവർ പലഭാഗത്തേക്കു് കുടികയറി താമസിച്ചതുപോലെ എടശ്ശേരി ക്രിസ്ത്യൻ ഇല്ലക്കാർ കാഞ്ഞൂർ ഭാഗങ്ങളിൽ താമസമാക്കി. ഇവർ അവിടെ നിന്നും മലയാററൂർ, പള്ളിക്കര, മഞ്ഞപ്ര, രായമംഗലം, അങ്കമാലി മുതലായ ഭാഗങ്ങളിലേക്കും കുടികയറി താമസിച്ചു. കാഞ്ഞൂർ പെരിയാറിന്റെ തെക്കെകരയിൽ നിന്നും രായമംഗലത്തുവന്നു് താമസിച്ച എടശ്ശേരി ഇല്ലക്കാർ [ക്രിസ്ത്യൻ] നെടുങ്ങപ്ര മാറിതാമസിച്ചതോടുകൂടെ ആത്തുങ്കൽ എന്ന ഭവനനാമധേയം നടപ്പിലായി. എടശ്ശേരി ഇല്ലക്കാരായ ക്രിസ്ത്യാനികൾ ആത്തുങ്കൽ, ഇഞ്ചക്കൽ, കിലുക്കൻ, മനേക്കുടി, പുത്തുരാൻ, എടശ്ശേരി എന്നീ വിവിധ ഭവന നാമധേയങ്ങളാൽ ഇപ്പോൾ അറിയപ്പെടുന്നു. കാഞ്ഞൂർനിന്നും രായമംഗലത്തു് വന്നുതാമസിച്ച എടശ്ശേരി അപ്പൂപ്പന്റെ മകനാണ് കുറുപ്പമ്പടി പള്ളി സ്ഥാപിക്കുന്നതിൽ മററു മൂന്നുവീട്ടുകാരോടുകൂടെ സഹകരിച്ചു പ്രവർത്തിച്ചതു്. 1657-ൽ കുറുപ്പമ്പടി പള്ളിപൊള്ളിച്ച് പുതുതായി പണിതുടങ്ങിയപ്പോൾ കൈക്കസ്ഥാനി ആയിരുന്ന ആത്തുങ്കൽ പൗലൊ മുത്തപ്പന്റെ പൗത്രനാണ് 943-ൽ ജീവിച്ചിരുന്ന എടശ്ശേരി (ആത്തുങ്കൽ) പൈലി. ഇദ്ദേഹം നെടുങ്ങപ്ര എന്നു പറയപ്പെടുന്ന വേങ്ങൂർ മലയിൽ കൃഷിസൗകര്യത്തിനുവേണ്ടി താമസിക്കുമ്പോ

ഴാണ് പഴയക്കൂറുകാർ മുടക്കിരായിൽ പള്ളിവച്ച് പിരിഞ്ഞുപോയ തു്. ഈ പൈലിക്ക് മൂന്നു് ആണും രണ്ടു് പെണ്ണും ആയിരുന്നു. മൂത്തമകളെ അകപ്പറമ്പിൽ കൈപ്പറമ്പാടൻെറ വീട്ടിൽ കെട്ടിച്ചു. അവരുടെ മകളെ പറവൂർ പൂത്തൻവീടൻെറ വീട്ടിൽ കെട്ടിച്ചു. ഇളയ മകൾ ഏലിയെ കോട്ടപ്പടിക്കൽ പാറപ്പാടൻ മത്തായി കല്യാണം കഴിച്ചു. ഇവരുടെ സന്തതിയാണു് ഇപ്പോൾ പാറപ്പാടൻ എന്നു പറയപ്പെടുന്ന വീട്ടുകാർ. ഏലിയുടെ അഥവാ മത്തായിയുടെ പൗത്രനാണു് പാറപ്പാട്ടു് മത്തായി കത്തനാർ. മൂത്തമകൻ ഇട്ടൂപ്പ് കുറുപ്പമ്പടി പള്ളിയിലെ കൈക്കാരൻ ആയിരുന്നു. അദ്ദേഹത്തിൻെറ 6-ാമത്തെ തലമുറയാണു് ഈ എഴുത്തുകാരൻ ഗീവറുഗീസ് കത്തനാർ. ഇട്ടൂപ്പ് അകപറമ്പിൽ പൈനാടത്തു് ഇട്ടിക്കയ്യ്തിൻെറ മകൾ ഇളച്ചിയെ കെട്ടി. [വിവാഹം ചെയ്തു] പൈനാടത്തു് ഇട്ടിക്കയ്യ്ന് തോമ, വക്കീൽ ഇട്ടിക്കയ്യ്ൻ, വറിയതു് എന്നിങ്ങനെ മൂന്നുമക്കൾ. പൈനാടത്തു് (വയൽപറമ്പിൽ) വക്കീൽക്കൂട്ടർ വക്കീൽ ഇട്ടിക്കയ്യ്ൻെറ മക്കളാണു്. ആത്തുങ്കൽ ഇട്ടൂപ്പ് 968-അടുക്കെ നെടുങ്ങപ്ര നിന്നു് പുഴക്കാട്ടുകരയിൽ താമസമാക്കി. ആത്തുങ്കൽ എന്നു് ഇപ്പോൾ പേരുള്ളവർ ഇദ്ദേഹത്തിൻെറ സന്തതികളാണു്. ഇട്ടൂപ്പിൻെറ അനുജൻ (പൈലിയുടെ രണ്ടാമത്തെ മകൻ) പൈലി കുറുപ്പമ്പടി അങ്ങാടിയിൽ മരങ്ങാട്ടു് ഐപ്പിൻെറ മകൾ അച്ചണ്ണിയെ കല്യാണംകഴിച്ച് അവിടെ താമസമാക്കി. ഈ പൈലി കുറുപ്പമ്പടിപള്ളിയിൽ കൈക്കാരനായിരുന്നു. മൂന്നാമൻ വറിയതു് പുല്ലുവഴിയിൽ മുല്ലപ്പിളിമാലിയിൽ നിന്നു് കല്യാണംകഴിച്ച് അവിടെ താമസം. നെടുങ്ങപ്ര ഉണ്ടായിരുന്ന വീടു് കാക്കതോടനുകൊടുത്തു. മുല്ലപ്പിളിമാലി കുടുംബത്തിൽ പെട്ടവർ നെല്ലിമോളത്തു് പള്ളിയിൽ കൈക്കാരന്മാർ ആണു്.

## 6. പുതുശ്ശേരി

ഈ വീട്ടുകാരെപ്പററി പേജ് 22ൽ പറഞ്ഞിട്ടുണ്ടു്. 943-ൽ ജീവിച്ചിരുന്ന പുതുശ്ശേരി അവരയുടെകുടുംബം അന്യംനിന്നുപോയി. 943-ൽ പഴയക്കൂർ പുത്തൻകൂർ വഴക്കകാലത്തു് പുതുശ്ശേരി അവര പഴയക്കൂറുകാക്കു് എതിരായി ശക്തിയോടെ പോരാടുകയും പുത്തൻ

കുറവുകാരുടെ നിലനില്പിനായി വളരെ ശ്രമിക്കുകയുംചെയ്തു. അതിനാൽ അദ്ദേഹത്തെ ഈപള്ളി ഉള്ളിടത്തോളംനാറം വിസ്മരിക്കാവുന്നതല്ല. കാരണം അദ്ദേഹത്തിൻെറ ഓമ്മനിലനിത്തുവാൻ സന്തതിപരമ്പര ഇല്ലാതായിപ്പോയതുതന്നെ.

## 7. കുറുപ്പൻ (തുടർച്ച)

ഇവരെപ്പററി പേജ് 22-ൽ ഒരു വിശദീകരണം നല്കിയിട്ടുണ്ട്. ഇവർ ഇപ്പോറം കുറുപ്പൻ, വീപ്പനാടൻ, പരത്തുവേലി, നെല്ലാക്കാരൻ, തെററിക്കോട്ടമോളത്തു്, ഊതാളിക്കോടൻ, പുത്തൻപുരക്കൽ (വെട്ടുവേലികുടി) എന്നിത്യാദി ഭവനനാമധേയങ്ങളാൽ അറിയപ്പെടുന്നു. ഇവരുടെ എല്ലാം ജന്മം കുറുപ്പൻ എന്നാണ്. ''കുറുപ്പനും കുറുപ്പമ്പടി പള്ളിക്കും ജന്മം ഇല്ല'' എന്നുള്ളതാണ് അവരുടെയിടയിലുള്ള ചൊടൽ. ഈ കുടുംബത്തിൽപെട്ട രണ്ടുപേർ 950 (1775) വരെ കുറുപ്പമ്പടി പള്ളിയിൽ കൈസ്ഥാനം നോക്കിയിരുന്നു. ഒരാറം കുറുപ്പനെന്നും മറെറയാറം പുത്തൻപെരക്ക എന്നും ആണ് അറിയപ്പെടുന്നതു്. കുറുപ്പൻവീട്ടുകാർ ഈ ഇടവകയിലെ സന്താനവദ്ധനവുള്ള ഒരു കുടുംബമാണ്. ഇവർ പുല്ലുവഴി, കീഴില്ലം, ഇരിങ്ങോറം, പ്രളയിക്കാട്, പുഴക്കാട്ട്, വേങ്ങൂർ മുതലായ സ്ഥലങ്ങളിലായി 200ൽ പരം വീട്ടുകാരുണ്ട്.

## 8. പുത്തൻപെരക്കൽ

ഇവർ കുറുപ്പൻവഗ്ഗത്തിൽ പെട്ടവരാണ്. പുതിയപുരയിൽ താമസിച്ചതിനാൽ പുത്തൻപെരക്ക എന്നുപറയുന്നു. 940ൽ ജീവിച്ചിരുന്ന പുത്തൻപെരക്കൽ വക്കിയും, ഉതുപ്പും ജ്യേഷ്ഠാനുജന്മാർ ആയിരുന്നു. പുത്തൻപെരക്കൽ ഉതുപ്പ് 943ൽ (1768) കുറുപ്പമ്പടി പള്ളിയിൽ കൈക്കാരനായിരുന്നു. പുത്തൻപെരക്കൽ ഉതുപ്പിൻെറയും വക്കിയുടെയും കുടുംബത്തിൽപെട്ടവരെ വെട്ടുവേലികുടി, കരവുട്ടാൻ, ഊതാളിക്കോടൻ എന്നീ വീട്ടുപേരുകളാൽ അറിയപ്പെടുന്നു.

## 9. ഇടവകയിലെ അന്തഃഛിദ്രം

മുമ്പുണ്ടായിരുന്ന നാലു് കൈസ്ഥാന വീടുകളുടെകൂടെ വേറെ നാലുവീട്ടുകാരെ ചേത്തു് 1657മുതൽ കുറുപ്പമ്പടി പള്ളിയുടെ ഭരണം നട

ത്തിവന്നു എന്നും അക്കാലത്തു് കുറുപ്പമ്പടി ഇടവകയിൽപെട്ട എല്ലാ വീട്ടുകാരും അന്ത്യോഖ്യാ പാത്രിയർക്കിസിൻെറ ഡെലിഗേററ് ആയി ഇവിടെ വന്നിട്ടുള്ള ശീമയിലെ മെത്രാന്മാരേയും അവരാൽ വാഴിക്കപ്പെട്ട മാർത്തോമ്മാ മെത്രാന്മാരേയും അനുസരിച്ചുവന്നു എന്നും മുമ്പ് പറഞ്ഞിട്ടുണ്ടു്. എന്നാൽ മലങ്കരയിൽ അന്ത്യോഖ്യാ പാത്രിയർക്കിസിൻെറ കീഴിൽ ഉള്ളവരെ റോമാമതത്തിൽ ചേർക്കുന്നതിനു വേണ്ടി നാട്ടുകാരനായ പള്ളിവീട്ടിൽ ചാണ്ടി അച്ചനെ പറങ്കികൾ മെത്രാനായി വാഴിച്ചു എന്നും അദ്ദേഹം ഉദ്ദേശം 1687വരെ പഴേക്കൂററുകാരുടെ മെത്രാനായിരുന്നു എന്നും പറഞ്ഞുകഴിഞ്ഞു. അദ്ദേഹത്തിൻെറ അവസാന ഘട്ടത്തിൽ ഈ ഇടവകയിൽപെട്ട ചിലക്കും റോമാസമുദായത്തോടു് പ്രേമം ഉണ്ടായി. ഇതിൽ അറക്കൻ പ്രധാനിയായിരുന്നു. ധനസ്ഥിതികൊണ്ടും സ്വാധീനംകൊണ്ടും ഇടവകയിൽ അവക്കു് ഒന്നാംസ്ഥാനവും ഉണ്ടായിരുന്നു. റോമാക്കാക്കു് 1695ൽ ദീദാക്കൂസ് എന്ന ഒരു വിദേശമെത്രാനെ ലഭിച്ചു. അദ്ദേഹത്തിൻെറ കാലത്തു് പകലോമററം തറവാട്ടിൽ മത്തായി കത്തനാരെ മലങ്കരയുടെ അർക്കദിയാക്കോൻ ആയി നിയമിച്ചുകിട്ടിയതിനാൽ പഴയക്കൂററുകാക്കു് ഒരു നവജീവൻ ഉണ്ടായി. അദ്ദേഹം പുത്തൻകൂററിൽ പലരേയും പഴയകൂററിലേക്കു് ആകർഷിച്ചു. കുറുപ്പമ്പടി ഇടവകയിൽ പെട്ട അറക്കൻ മുതലായ ചില വീട്ടുകാർ അവരുടെ നില റോമാസമുദായത്തിൽ ഉറപ്പിച്ചുവന്നു. അതുവരെ ഏകമനസ്സോടെ അന്ത്യോഖ്യ പാത്രിയർക്കിസിൻെറ കീഴിൽ നിന്നിരുന്ന കുറുപ്പമ്പടി ഇടവകയിൽ രണ്ടുപാർട്ടി ഉണ്ടായി. ആധുനികകാലത്തു് മെത്രാൻകക്ഷി ബാവാകക്ഷി എന്നുപറയുന്നപ്രകാരം പഴയകൂറും പുതിയകൂറും തമ്മിൽ വലിയ അന്തരം ഉണ്ടെന്നു് അക്കാലത്തു് ആരും വിചാരിച്ചിരുന്നില്ല. അറക്കനെ കമ്മലീത്താ മിഷ്യനറിമാരും മത്തായി അർക്കദിയാക്കോനും സ്വാധീനപ്പെടുത്തിയതിനാൽ പഴയകൂർ ഈ പള്ളിയിൽ ശക്തിപ്പെട്ടു. മാത്രമല്ല 5-ാം മാർത്തോമ്മായുടെ പട്ടത്വത്തെക്കുറിച്ച് ചിലർ സംശയം ഉന്നയിച്ചു. ഒരു കുടുംബത്തിൽതന്നെ രണ്ടു കൂററും പുറത്തു് നില്ക്കുന്നവർ ഉണ്ടായി. ഇക്കാലത്തു് കൂറുനോക്കാതെ തന്നെ വിവാഹം ചെയ്തുവന്നിരുന്നു. തന്നിമിത്തം ഭാര്യാഭർത്താക്കന്മാർ തമ്മിൽ അഭിപ്രായവ്യത്യാസം ഉള്ളവരായിതീൎന്നു. ഈ ഭിന്നത ഉണ്ടാകുന്നതിനു് മുമ്പായി ഉദ്ദേശം 25000 പുത്തൻ ചെലവുചെ

സ്ഥ് പള്ളിയുടെ മദ്ബഹാ വളവിനു താഴെയുള്ള പണികളും, ഹൈക്കലായും മുഖവാരവും ഒഴിച്ചുള്ള പണികളും ഇടവക ഏകയോഗക്ഷേമമായിരുന്നു് നടത്തിയിരുന്നു. അപ്പോഴെക്കും പള്ളിയിൽ പഴയകൂർ, പുത്തൻകൂർ വഴക്കു് ശക്തിപ്പെട്ടതിനാൽ കൈക്കാരന്മാർ രണ്ടുഭാഗമായി തിരിയുകയും പണിനിറുത്തിവയ്ക്കുകയും ചെയ്തു. അക്കാലത്തു് ഒരുപറ നെല്ലിനു് രണ്ടോ മൂന്നോ പുത്തൻ കൊടുത്താൽ മതിയായിരുന്നു. ഒരു പുത്തൻ = $1\frac{1}{2}$ ചക്രം; 19പുത്തൻ ഒരുരൂപാ. ഈകണക്കിനു് വഴക്കു് ആരംഭിച്ചപ്പോൾ 8000പറ നെല്ലു് (25000 പുത്തൻ) ചെലവായി.

പഴയകൂർ പുത്തൻകൂർ വഴക്കു് ശക്തിപ്പെട്ടപ്പോൾ അവർ തമ്മിൽ ഉള്ള പരസ്പര വിവാഹബന്ധം ഇല്ലാതായിതീർന്നു. കൂദാശകൾ അവരവരുടെ പാർട്ടിയിൽപെട്ട പട്ടക്കാരെക്കൊണ്ടു് നടത്തിതുടങ്ങി. ഈ നില ഈ ഇടവകയിൽ മാത്രമല്ല കോതമംഗലം മുതലായി രണ്ടുപാർട്ടികളും ഉള്ള പള്ളികളിലും നിലവിൽ വന്നു. അതിനാൽ മററു ഇടവകയിൽപ്പെട്ടവരായി തങ്ങളുടെ പാർട്ടിയിൽപെട്ടവരോടുമാത്രം ബന്ധം പുലർത്തിവന്നു. ഇതോടുകൂടെ ഈ ഇടവകയിൽപെട്ട ചിലർ മററു ഇടവകകളിലേക്കും മററു ഇടവകകളിൽപെട്ടവർ ഈ ഇടവകകളിലേക്കും മാറിതാമസിച്ചു തുടങ്ങി. മാത്രമല്ല തങ്ങളുടെ കക്ഷി എത്ര ബലഹീനമായാലും അതുഗണ്യമാക്കാതെ അതിൽതന്നെ ഉറച്ചുനിന്നുവന്നു.

### 12. 4-ാം മാർത്തോമ്മ. (1688-1728)

4-ാം മാത്തോമ്മായെകുറിച്ചു് 50-ാം പേജിൽ ചുരുക്കമായി എഴുതിയിട്ടുണ്ടു്.

## ഭാഗം 2

## കുറുപ്പംപടി പള്ളിയിലെ അന്തചരിത്രം
## A. D. 1700-1770 വരെ

5-ാം മാത്തോമ്മ (1728—1765)

6-ാം മാത്തോമ്മ (1765—1808)

കൈക്കാരന്മാർ:—

I **പഴയകൂററിൽ-**

1) അറക്കൽ (കാവാട്ട്) പൈലിതരകൻ
2) കുറിയേടം (പാറേമാൻ) വക്കി
3) ചിററായം വക്കി
4) മറെറക്കാടൻ ചെറിയത്തു്

II **പുത്തൻകൂററിൽ-**

1) പുതുശ്ശേരി അവര
2) എടശ്ശേരി (ആത്തുങ്കൽ) പൈലി
3) പുത്തൻപെരക്കൽ ഉതുപ്പ്
4) കുറുപ്പൻ വക്കി
5) ആററുപുറം പൈലി
6) പൊട്ടാട്ടിൽ (കരവട്ട്) മാത്തുതരകൻ
7) കല്ലറക്കൽ പൈലിതരകൻ
8) കോച്ചേരി ചെറിയതരകൻ

## 1. അഞ്ചാം മാർത്തോമ്മ 1728-1765

അഞ്ചാം മാർത്തോമ്മയുടെ കാലമായപ്പോഴേക്കും ഇടവകയിൽ ഭിന്നത വദ്ധിച്ചു. അതുപോലെ രാജ്യത്തിൽ രാഷ്ട്രീയമായും, സാമുദായികമായും ഭിന്നതകാം നടമാടിയിരുന്നു. ഇടവകയിൽപ്പെട്ട ചില വീട്ടുകാർ രണ്ടുകൂററിലും ഉൾപ്പെട്ടുനിന്നിരുന്നു. 1753-ൽ 5-ാം മാർത്തോമ്മ കോതമംഗലത്തുനിന്നു് ഈ പള്ളി സന്ദർശിച്ചതു് പുത്തൻകൂററുകാക്കു് നവജീവൻ നൽകി. പള്ളിയിലെ കപ്യാർ മാത്തു പഴയതിനോടു് ചേർന്നുനിന്നതിനാൽ പടയാററിൽ വർക്കിയെ കപ്യാരായി നിയമിച്ചു.

## 2. പാശ്ചാത്യ മിഷ്യനറിമാർ

റോമൻ കത്തോലിക്ക സഭയിൽപ്പെട്ട മിഷ്യനറിമാർ 15-ം ശതവർഷം മുതൽ 17-ാം ശതവർഷം വരെ നടത്തിയ സുവിശേഷ യത്നങ്ങാം അസുൽക്കർഷത്തെ പ്രാപിച്ചിരുന്നു. അവർ ഇൻഡ്യയുടെ

പശ്ചിമ തീരത്തും പൂർവ്വതീരങ്ങളിലും പുറജാതികളുടെ ഇടയിൽ യേശുക്രിസ്തുവിൻെറ ദീപവും ഏന്തി ചുററിസഞ്ചരിച്ച് അനേകരെ ക്രിസ്തുവിലേക്കു് ആകർഷിച്ചു. റോമാസഭയിലെ ജസ്വീററ്, ഡൊമനിക്കൻ, അഗസ്റ്റീനിയൻ, ക്യാപ്പുസിയൻ, ഫ്രാൻസിസ്ക്കൻ, കർമ്മലീത്ത മിഷ്യനറിമാരാണ് സുവിശേഷവേല ചെയ്തുകൊണ്ടിരുന്നതു്. പ്രോട്ടസ്റ്റൻറ് സമുദായത്തിൽപ്പെട്ട ഡെനീഷ് മുതലായ മിഷ്യനറി സമൂഹങ്ങൾ 1700 മുതൽ ഇൻഡ്യയിൽ കടന്നു് സുവിശേഷവേല ചെയ്തുതുടങ്ങി. ഇപ്രകാരം യൂറോപ്യ മിഷ്യനറിമാർ ഇൻഡ്യയിൽ സുവിശേഷ വേല ചെയ്തു് പുരോഗമിച്ചുകൊണ്ടിരിക്കുമ്പോൾ മലങ്കരയിലെ പൂർവ്വിക സുറിയാനിസഭയിലെ പട്ടക്കാരും ജനങ്ങളും തങ്ങളുടെ പൂർവ്വികതത്വത്തിലും ആചാരമര്യാദകളിലും ദുരഭിമാനംപൂണ്ടു് കിടക്കുന്നകാഴ്ചയാണ് 20-ാം നൂററാണ്ടുവരെ ഉണ്ടായിട്ടുള്ളതു്.

### 3. ഇൻഡ്യൻ സാമ്രാജ്യസ്ഥിതി

ഇൻഡ്യയിൽ 18-ാം ശതവർഷംവരെ മുഗൾ (മുസ്ലീം) സാമ്രാജ്യം ശക്തിപ്പെട്ടിരുന്നു. ഇൻഡ്യാസാമ്രാജ്യത്തിൻെറ ചക്രവർത്തി ആയിരുന്ന അറംഗസീബ് മരിച്ചതോടുകൂടി (1707) മുഗൾസാമ്രാജ്യം ക്ഷതപ്പെട്ടു. താമസംവി ഇൻഡ്യാസാമ്രാജ്യത്തിൻെറ പല ഭാഗങ്ങളിൽ കലാപങ്ങൾ വദ്ധിച്ച് സാമ്രാജ്യം ഛിന്നഭിന്നമായിതീർന്നു; ഓരോ ഭാഗവും ഓരോ രാജാക്കന്മാർ ഭരിച്ചുതുടങ്ങി. ഇതു് ഇംഗ്ലീഷുകാരുടെ ഉൾപ്രവേശനത്തിനും തന്മൂലമുള്ള സുവിശേഷയത്നങ്ങൾക്കും പ്രയോജനകരമായി. മലങ്കരയുള്ള സുറിയാനിക്കാരുടെമേൽ പറങ്കികൾക്കുള്ള കയ്യേററങ്ങൾ കുറഞ്ഞു. ഇൻഡ്യയിൽ കച്ചവടത്തിനായിവന്ന പറങ്കികളെ ഡച്ചുകാർ പരാജയപ്പെടുത്തി. ഇംഗ്ലീഷുകാരും ഡച്ചുകാരും തമ്മിൽ യുദ്ധംനടന്നു. ''യുണൈററഡ് ഈസ്റ്റ് ഇൻഡ്യ'' എന്ന ഇംഗ്ലീഷ് കമ്പനി ഇൻഡ്യയിൽ 1708ൽ വ്യാപാരം ശക്തിപ്പെടുത്തി. ഇൻഡ്യയിലെ രാജാക്കന്മാർ തമ്മിൽ യുദ്ധത്തിൽ ഏർപ്പെട്ടു. ഓരോരുത്തരും വ്യാപാരികളായ ഡച്ചുകാർ, ഫ്രഞ്ചുകാർ, ഇംഗ്ലീഷുകാർ എന്നിവരെ സഹായത്തിനു് ക്ഷണിച്ച് ഇംഗ്ലീഷു കാർ പ്രബലപ്പെട്ടു് രാജ്യങ്ങൾ കരസ്ഥമാക്കുവാൻ തുടങ്ങി. ബങ്കാൾ ഇംഗ്ലീഷുകാക്കു് അധീനമായിതീർന്നു.

## 4. കേരളത്തിലെ സ്ഥിതി

### A മാർത്താണ്ഡവർമ്മ

കേരളത്തിലും കലാപങ്ങൾ വർദ്ധിച്ചിരുന്നു. കോഴിക്കോട്ടുസാമൂതിരി മലബാർ പ്രദേശം മിക്കവാറും തൻെറ സ്വാധീനത്തിലാക്കി. ഭുജപരാക്രമശാലിയായ മാർത്താണ്ഡവർമ്മ മഹാരാജാവു് പല ചെറിയ രാജ്യങ്ങളെ പിടിച്ചു് തൻെറ രാജ്യം തെക്കു് കന്യാകുമാരി മുതൽ വടക്കു് പെരിയാർ വരെ വിസ്തീർണ്ണമാക്കി. (1755-ൽ) 5-ാം മാർത്തോമ്മായും മാർത്താണ്ഡവർമ്മയും സമകാലീനന്മാർ ആയിരുന്നു. കൊച്ചിരാജ്യത്തിൻെറ വിസ്തീർണ്ണം ചെറുതായിതീൎന്നു, കുന്നത്തുനാട്ടു് താലൂക്കു് 1755നുമുമ്പു് (930ൽ) തിരുവിതാംകൂറിനോട്ടു് ചേർക്കപ്പെട്ടു. ഇപ്രകാരം കുറുപ്പമ്പടി പള്ളിയും അതു് സ്ഥിതിചെയ്യുന്ന രായമംഗലം ദേശവും തിരുവിതാംകൂർ രാജ്യത്തിൽ ലയിച്ചു. തിരുവിതാംകൂർ മഹാരാജാവിനോടു് എതിർത്തുനിന്നവരായി ഈ പള്ളിയുടെ സമീപ പ്രദേശങ്ങളിൽ താമസിച്ചിരുന്ന മുളങ്കുന്നത്തു് മുതലായ കർത്താക്കന്മാരും, വടൂർ തമ്പുരാൻ മുതലായ ഇടപ്രഭുക്കന്മാരും ദേശംവിട്ടു് ഓടിപ്പോയി. മഹാരാജാവിനെ അഭയം പ്രാപിച്ച കർത്താക്കന്മാരും നമ്പൂരിമാരും മററും പ്രത്യേക അവകാശ സാദ്ധ്യതകളോടുകൂടെ സ്വദേശത്തുതന്നെ പാർത്തു. കളങ്ങര അകത്തൂട്ടു് പണിക്കരശ്ശനു് കുറുപ്പമ്പടി ഉൾപ്പെടെയുള്ള കമ്പോളത്തിൻെറയും പരിസരങ്ങളിലേയും നഗര കർത്തൃസ്ഥാനം ലഭിച്ചു. കൂടാതെ അദ്ദേഹത്തിനു് പണിക്കരശ്ശൻ എന്ന ബഹുമതിയും പാർവ്വേലി കണക്കരാമൻകുഞ്ഞി എന്ന സ്ഥാനവും ലഭിച്ചു. 1758-ൽ (933) മാർത്താണ്ഡവർമ്മ മഹാരാജാവു് നാടുനീങ്ങി. തൽസ്ഥാനത്തു് തിരുമനസ്സിലെ അനന്തിരവനായ കാർത്തികതിരുനാൾരാമവർമ്മ (ധർമ്മരാജാവു്) രാജ്യഭാരം 973(1798) വരെ ഏററുഭരണം നടത്തി. രാജ്യത്തെ മൂന്നുഡിവിഷനായി തിരിച്ചു് ഓരോ ഡിവിഷനിലേക്കും സർവ്വാധികാര്യക്കാരരെ നിയമിച്ചു, ഓരോ ഡിവിഷനേയും പലതായി തിരിച്ചു് ഓരോ ഭാഗത്തേക്കും കാര്യക്കാരരെ നിയമിച്ചു. അദ്ദേഹം കച്ചേരികൂടുന്ന സ്ഥലത്തിനു് മണ്ടപത്തും വാതുക്കൽ എന്നാണു് നാമധേയം. കാര്യക്കാരുടെ കീഴിൽ പലപ്രവർത്തികളും ഒരോപ്രവർത്തിക്കുംപാർവത്യക്കാരരും ഉണ്ടായിരുന്നു. പ്രവൃത്തികളെ വീണ്ടും കരകൾ (മുറികൾ) ആയിതിരിച്ചിരുന്നു.

തന്നിമിത്തം രായമംഗലം കരയും, അതിൽ സ്ഥിതിചെയ്യുന്ന കുറുപ്പമ്പടിപള്ളിയും കുന്നത്തുനാട്ട് മണ്ടപത്തും വാതുക്കൽ കാര്യക്കാരരുടെയും, അതിനുകീഴെ അശമന്നൂർ പ്രവൃത്തിയിലെ പാർവ്വത്യക്കാരുടേയുംഅധികാരത്തിൻകീഴിൽആയിരുന്നു. സിവിൽ,ക്രിമിനൽ മുതലായ സകല രക്ഷാശിക്ഷകളും മഹാരാജാവു് മേൽപറഞ്ഞ അധികാരികളെക്കൊണ്ടു് നടത്തിച്ചുവന്നു. പെരിയാററിൽ നിന്നും കുറുപ്പമ്പടി പള്ളിയുടെ പടിഞ്ഞാറു വശത്തുകൂടെ തെക്കോട്ടു് കീഴില്ലം വരേയും അവിടെ നിന്നു തെക്കോട്ടും ഒരു റോഡ് വെട്ടിച്ചു് ചോലമരങ്ങൾ വച്ചുപിടിപ്പിക്കുകയും ഇടക്കിടെ വഴിഅമ്പലങ്ങൾ ഉണ്ടാക്കുകയും ചെയ്തിരുന്നു. മുതലെടുപ്പു് വർദ്ധിപ്പിക്കുവാൻ ശ്രമിച്ചകൂട്ടത്തിൽ വേങ്ങൂർമലയിൽ നിന്നു് തേൻ-മെഴുക് മുതലായവ ശേഖരിച്ചു് തക്കസ്ഥാനങ്ങളിൽ എത്തിക്കുവാൻ വേങ്ങൂർ വനം വിചാരിപ്പുകാരനായി ആത്തുങ്കൽ (എടശ്ശേരി) പൈലിയെ നിയമിക്കുകയും അതിനു് ആവശ്യമായ നാടികൾ എന്ന ജാതിയെ കൊടുക്കുകയും ചെയ്തു. രായമംഗലത്തു പുലിമലയിൽ നിന്നും മററും ആനകളെ പിടിച്ചേല്പിക്കുവാൻ പൊയ്യാട്ടിൽ മാത്തുതരകനെ അനക്കുഴി വിചാരിപ്പുകാരനായി നിയമിച്ചു.

### 5. രാജകീയബഹുമതികൾ.

മാർത്താണ്ഡവർമ്മ മഹാരാജാവിൻെറ കാലത്തുതന്നെ ഓരോ ജാതിക്കാർക്കു് സ്ഥാനമാനങ്ങൾ നല്കിയിരുന്നു. കോഴിക്കോട്ടു സാമൂതിരിയും അദ്ദേഹത്തിൻെറ രാജ്യത്തു് ചില സ്ഥാനമാനങ്ങൾ പ്രത്യേകംകൊടുത്തു് ബഹുമാനിച്ചു. ഇതെല്ലാം രാജ്യത്തു് മുതൽ എടുപ്പു് വർദ്ധിക്കുന്നതിനും പ്രജകളിൽനിന്നും സ്വാധീനം കിട്ടുന്നതിനും ചെയ്ത ചില നയപ്രഖ്യാപനങ്ങൾ ആണെന്നും പറയപ്പെടുന്നു. 100 കലിയൻ പണം തിരുമുൽക്കാഴ്ച വച്ചാൽ ആ ആൾക്കുമാത്രവും, 1000 കലിയൻ പണം കാഴ്ചവച്ചാൽ കുടുംബ പാരമ്പര്യമായിട്ടും സ്ഥാനം ലഭിക്കുമായിരുന്നു. ഈ പറഞ്ഞ തുകയുടെ അടിസ്ഥാനത്തിൽ ഓരോ ജാതിക്കും താഴെ പറയുന്ന സ്ഥാനമാനമാണു് കൊടുത്തതു്.

ക്രിസ്ത്യാനിക്കു് — തരകൻ
ഈഴവക്കു് — പണിക്കർ, തണ്ടാൻ
നായക്കു് — പിള്ള

കുറുപ്പിന്ന് — പാർവ്വേലി കണക്കരാമൻ കുഞ്ഞി
മഹമ്മദീയക്ക് — മേത്തൻ
ശൂദ്രക്ക് — മാടമ്പികരം

ഇപ്രകാരം ഈ പള്ളി ഇടവകയിൽപെട്ട ചിലക്ക ആരംതരക സ്ഥാനവും, കുടുംബതരകസ്ഥാനവും ലഭിച്ചു. കല്ലറക്കന്ന് കുടുംബ തരക സ്ഥാനം ലഭിച്ചതായി പറയപ്പെടുന്നു.

## 6. പള്ളിപണി പുനരാരംഭിച്ചു (1700)

കുറുപ്പമ്പടിപള്ളി ഇടവകയിൽ പുത്തൻകൂർ പഴയകൂർ വഴക്കു കരം വദ്ധിച്ചതിനാൽ പള്ളിയുടെ പണി നിറുത്തിവച്ച കാര്യം മുമ്പു പറഞ്ഞിട്ടുണ്ട്. തിരുവിതാംകൂർ കൊച്ചിരാജാക്കന്മാരും സാമൂതിരിപ്പാടും തമ്മിൽ അടിക്കടി യുദ്ധം ഉണ്ടായിക്കൊണ്ടിരുന്നതിനാൽ ദേശം ശാന്തമായിരുന്നില്ല. മററു പല ഭാഗങ്ങളിൽ നിന്നു് പലരും ഓടി കുറുപ്പമ്പടിയുടെ പരിസരങ്ങളിൽ വന്നു് രക്ഷപ്പെട്ടു. കുളങ്ങര അകത്തൂട്ട് പണിക്കരെശ്ശന്റെ സംരക്ഷണം അവർ പ്രതീക്ഷിച്ചു. അതുപോലെ യുദ്ധം, ക്ഷാമം, പകച്ച്വവ്യാധി, മലമ്പനി മുതലായ രോഗങ്ങരം നിമിത്തം പല കുടുംബങ്ങളും നശിച്ചുപോയിട്ടുണ്ട്. കാക്കതോടൻ, പുതുശ്ശേരി മുതലായ വീട്ടുകാർ മൈലിക്കുമ്പിൽ നിന്നും നെടുങ്ങപ്ര വന്നു താമസിച്ചതു് ഇക്കാലത്താണു്. പടിക്കക്കുടി മുതലായ ചില വീട്ടുകാർ അങ്കമാലിക്കൽ നിന്നും, മോണംകുന്നം (കോനേക്കാടൻ) മുതലായ വീട്ടുകാർ കടമററത്തു നിന്നും താമസമാക്കി. ഈ കാലഘട്ടത്തിൽ ഉദ്ദേശം 120 വീട്ടുകാർ മാത്രമെ ഉണ്ടായിരുന്നുള്ളു. ഇവരിൽ 20 വീട്ടുകാരോളം പഴയ കൂററിലും 100 വീട്ടുകാരോളം പുത്തൻകൂററിലുംചേന്നു നടന്നുവന്നു. ഇവർ രായമംഗലം, പ്രളയിക്കാട്ട്, വേങ്ങൂർ, അശമന്നൂർ, വാഴക്കുളം, കീഴില്ലം, വെങ്ങോല, പെരുമ്പാവൂർ, അമ്പുറി, ഇരിങ്ങോരം, പുല്ലുവഴി, കോട്ടപ്പടി, വലമ്പൂർ ഭാഗങ്ങളിലായി താമസിച്ചിരുന്നു. ഇക്കാലത്തു് അറയ്ക്കൽ തരകൻ ശക്തനായിരുന്നു. ഇദ്ദേഹം പള്ളിയിൽ തന്നിഷ്ടമായി ചിലതെല്ലാം പ്രവത്തിച്ചു. അദ്ദേഹത്തിന്റെ വീട്ടിൽ ഒരാരംക്ക് വരാപ്പുഴ മെത്രാനെകൊണ്ടു് ശെമ്മാശ്ശുപട്ടം കൊടുപ്പിച്ച് പള്ളിയിൽ പ്രവേശിപ്പിച്ചതു് വഴക്കിന്നു് ശക്തികൂട്ടി. കുറിയേടം,

ചിററയം, മററെക്കാടൻ, എന്നീ കൈക്കാരന്മാർ അറക്കനോടുചേ ൎന്നുനിന്നു. ആത്തുങ്കൽ, പുതുശ്ശേരി, കുറുപ്പൻ, പുത്തൻപെരയ്ക്ക എന്നീ വീട്ടുകാർ പരിശുദ്ധ അന്ത്യോഖ്യാ പാത്രിയക്കീസിനോടുള്ള കൈവെപ്പിൽ ഉറച്ചു നിന്നു. അവരും പഴയതിൽ ചേൎന്നിരുന്നു എങ്കിൽ ഇന്നു് കുറുപ്പമ്പടി പള്ളിയിൽ അന്ത്യോഖ്യാ പാത്രിയക്കീസിൻെറ കീഴിൽ ഒററവീട്ടുകാരും ഇല്ലാതെ കാഞ്ഞൂർ ഇടപ്പള്ളി മുതലായ പള്ളികളിലെപ്പോലെ റോമാശീശ്മക്കു് വിധേയമിരിക്കുമായിരുന്നു. ഇക്കാലത്തു് പൊയ്ക്കാട്ടിൽ തരകനും, കല്ലറക്കൽ തരകനും, കോച്ചേരി തരകനും, ആററുപുറവും ധനസ്ഥിതിയിലും സ്വാധീനത്തിലും അറയ്ക്കൽ തരകനോടു് ഒപ്പം നിന്നിരുന്നു. കുറുപ്പമ്പടിപള്ളിക്കു് എട്ടു കൈക്കാരന്മാർ എന്ന പാരമ്പൎയ്യം അനുസരിച്ചു് പുത്തൻകൂററു കൈക്കാരന്മാർ ഇവരെ കൂട്ടുകൈക്കാരന്മാരായിചേൎത്തു മുടങ്ങിക്കിടന്നിരുന്ന പണി പുനരാരംഭിച്ചു. ഇടവക ജനങ്ങളിൽ ഒട്ടധികംപേർ പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തോടും പരിശുദ്ധ കന്യാസ്ത്രീഅമ്മയുടെ പള്ളിയോടും വളരെ ഭക്തി ഉള്ളവരും സാമ്പത്തിക കഴിവുള്ളവരും ആയിരുന്നു. രണ്ടുകൂററും പുറത്തുള്ള കൈക്കാരന്മാർ ഇടവകയുടെ നാനാഭാഗങ്ങളിലായി താമസിച്ചിരുന്നതുകൊണ്ടു് ഇടവക ജനങ്ങളുടെ സ്വാധീനം അവർ ആൎജ്ജിച്ചിരുന്നു. ഓരോ കൈക്കാരന്മാരും താമസിച്ചിരുന്ന സ്ഥലവും അടുത്തുള്ളകരകളും താഴെ ചേൎക്കുന്നു.

1) അറക്കൻ—വായ്ക്കര—മുടക്കിരായി
2) ചിററയം—രായമംഗലം—മുടക്കിരായി
3) കുറിയേടം—നെടുങ്ങപ്ര—അശമന്നൂർ
4) മററെക്കാടൻ—പുല്ലുവഴി—കീഴില്ലം—ചേനക്കരപ്പടി
5) ആത്തുങ്കൽ—നെടുങ്ങപ്ര—അശമന്നൂർ—പുഴക്കാടു്
6) പുതുശ്ശേരി—ചേനക്കരപ്പടി—പുല്ലുവഴി
7) പുത്തൻപെരക്ക—കീഴില്ലം—പുല്ലുവഴി
8) കുറുപ്പൻ—കീഴില്ലം—ഇരിങ്ങോൾ
9) പൊയ്ക്കാടൻ—രായമംഗലം—അഞ്ഞാടി
10) കല്ലറക്ക—രായമംഗലം
11) ആററുപുറം—പ്രളയിക്കാട്ടു്
12) കോച്ചേരി—ഇരിങ്ങോൾ—അമ്മുറി

ഇടവക രണ്ടുപാർട്ടി ആയതോടുകൂടെ പള്ളിസാധനങ്ങൾ രണ്ടു കൂറുകാരും കൈവശമാക്കി അവരവരുടെ കൈവശം കിട്ടിയതു് സൂക്ഷിച്ചുവന്നു. അവരവരുടെ ഭാഗത്തു് വരുന്നതും, പിരിക്കുന്നതും അതതുഭാഗക്കാർ കണക്കെഴുതി സൂക്ഷിച്ചു് ചെലവുചെയ്തുവന്നു. പഴയ കൂററിലെ പള്ളിസാധനങ്ങൾ ചിററയത്തിൻെറ വീട്ടിലും, പുത്തൻ കൂററിലെ പള്ളിസാധനങ്ങൾ പൊയ്ക്കാട്ടിൽ (കരവട്ടു്) മാത്തുതരകൻെറ വീട്ടിലും സൂക്ഷിച്ചുവന്നു. കരവട്ടു് മാത്തു അക്കാലത്തു് താമസിച്ചിരുന്നതു് പള്ളിക്കും അങ്ങാടിക്കും തൊട്ടുപടിഞ്ഞാറുവശമുള്ള വീട്ടിൽ ആയിരുന്നു. ആ വീടു് പിന്നീടു് പൊളിച്ചുകളഞ്ഞു. കിണർ ഇന്നുവരെ ആ സ്ഥാനത്തു് ഉണ്ടായിരുന്നു.

പുത്തൻകൂററുകാർ കരവരിഇട്ടും തങ്ങളുടെ കൈവശം വരുന്ന പണം എടുത്തും ആണു് പള്ളിപണി പുനരാരംഭിച്ചതു്. ഇതിൻെറ പ്രധാന ചുമതല വഹിച്ചിരുന്നതു് പൊയ്ക്കാട്ടിൽ മാത്തുതരകൻ ആയിരുന്നു. മദ്ബഹാ വളവിനു് മേലെയുള്ള പണിയും, മുഖവാരവും, ഹയിക്കലായും പുത്തൻകൂററുകാർ തനിച്ചാണു് പണിയിച്ചതു്. ഈ അവസരത്തിൽ പഴയകൂററുകാർ യാതൊരു പണിയും പള്ളിയിൽ നടത്തിയില്ല. പുത്തൻകൂററുകാർ തനിച്ചു പണിയിച്ച പണിക്കു് ഉദ്ദേശം 36000 പുത്തനിൽ കൂടുതൽ ചെലവുവന്നിരുന്നു. രണ്ടുകൂററുകാരും തമ്മിൽ അടിക്കടി കേസുകളും ഉണ്ടായിരുന്നു. വലിയ ത്രോണോസ് പുത്തൻകൂററുകാരുടെ ചുമതലയിൽ മാത്രം പണിയപ്പെട്ടതിനാൽ അതിൽ പുത്തൻകൂററുകാർ തനിച്ചും ചെറിയ ത്രോണോസിൽ ഓരോ കൂററുകാരും തവണമാറിയും കുർബ്ബാന ചൊല്ലിവന്നു. തുടർന്നു വലിയ ത്രോണോസ് പഴയകൂററുകാർ കയ്യേറിയതിനാൽ വീണ്ടും ശക്തിപ്പെട്ടു.

## 7. ശീമമെത്രാൻമാർ

4-ഉം, 5ഉം മാർത്തോമ്മാ മെത്രാന്മാരുടെ കാലത്തു് പഴയകൂറും പുതിയകൂറും തമ്മിൽ യോജിക്കുന്നതിനു് പല സ്ഥലത്തുംവച്ചു് ആലോചനായോഗങ്ങൾ നടന്നിട്ടുണ്ടു്. അക്കാലത്തു് പഴയകൂററുകാക്കു് നാട്ടുമെത്രാന്മാർ ഇല്ലാതിരുന്നതിനാൽ അവരിൽ പല ശീശ്മകൾ കടന്നുകൂടിയിരുന്നതിനാലും അവർ മിക്കവാറും മാർ-പാപ്പായുടെ കല്പനകളെ അനുസരിച്ചു വന്നതിനാലും മാർ പാപ്പായുടെ

അംഗീകരണം മാർത്തോമ്മാ മെത്രാന്മാക്ക ലഭിച്ചാൽ പഴയകൂറിനേയും പുതിയകൂറിനേയും യോജിപ്പിച്ച് മലങ്കരസഭയെ ഒന്നായിഭരിച്ച് പഴയകൂററുകാരെ റോമാ നുകത്തിൽ നിന്നും വേർപെടുത്താമെന്നു് ഉദ്ദേശിച്ച് അംഗീകരണത്തിനായി ചില കത്തുകഠം മാർപാപ്പായിക്കു് അയക്കുകയും സഭാനേതാക്കന്മാരെ വിളിച്ച് പലആലോചനകഠം നടത്തുകയുംചെയ്തു. എന്നാൽ ഈ ഉദ്ദേശം ഗ്രഹിച്ചിരുന്ന പാശ്ചാത്യ മിഷ്യനറിമാരുടെ (പറങ്കികളുടെ) ശക്തിയേറിയ കുത്തിതിരുപ്പുകഠം നിമിത്തം ഇതൊന്നും നടന്നില്ല. ഇതിന്നിടയിൽ സ്ഥാന സാധുത്വത്തിനുവേണ്ടി 5-ാം മാർത്തോമ്മ പരിശുദ്ധ അന്ത്യോഖ്യാസിംഹാസനത്തിലേക്കു് എഴുതിഅയച്ചു. അവിടെനിന്നും മാർ ഈവാനിയോസ് മെത്രാപ്പോലീത്ത വന്നു. അദ്ദേഹം പോകുന്നതിനു് മുമ്പ് മാർ ബസ്സേലിയോസ് മപ്രീയാനയും (കാതോലിക്കാ) മാർ ഗ്രീഗോറിയോസും, യൂഹാനോൻ റമ്പാൻ മുതലായവരും 1751-ൽ വന്നുചേൻ. ഇവരിൽ മാർ ബസ്സേലിയോസ് മലങ്കരയിലെ സഭയിൽ 13വർഷം ഭരണം നടത്തിയിട്ടു് നിര്യാതനായി. 5-ാം മാർത്തോമ്മായുടെ കാലത്തു് പ്രോട്ടസ്റ്റൻറ് മിഷ്യനറിമാർ (ഡച്ചുകാർ) അദ്ദേഹത്തോട്ടു് തങ്ങളുടെ സഭയിൽ ചേരുവാൻ ഗുണദോഷിച്ചു. പറങ്കികളെപ്പോലെ (റോമാക്കാരെപ്പോലെ) മലങ്കരയുള്ള യാക്കോബായക്കാരുടെ മേൽ പ്രോട്ടസ്റ്റൻറുകാക്കും ഇക്കാലം മുതൽ ഒരു ഉളിഞ്ഞുനോട്ടം ഉണ്ടായി.

## 8. 6-ാം മാർത്തോമ്മ (1765-1808)

അഞ്ചാം മാത്തോമ്മ ആറാം മാത്തോമ്മായെ 1761-ൽ (936-ൽ) വാഴിച്ചശേഷം 1765-ൽ കാലംചെയ്തു. 6-ാം മാത്തോമ്മായുടെ ഭരണം 1765 മുതൽ 1808-വരെ ആണു് (940—983) ഇദ്ദേഹത്തിൻെറ കാലത്തു് ഈ ഇടവകയിൽ ഉണ്ടായ സ്ഥിതിഗതികളെ പരിഗണിച്ച് മൂന്നുഘട്ടങ്ങളായി തിരിക്കാം. 1) കൈക്കസ്ഥാനികളുടെ വിപ്ലവ ഭരണകാലം. (1770 വരെ) 2) അനിശ്ചിത കൈക്കസ്ഥാനികളുടെ ഭരണകാലം. (1770—1793) 3) സുനിശ്ചിത കൈക്കസ്ഥാനികളുടെ ഭരണകാലം. ഇതിൽ 1770 വരെ ഉള്ള അന്തഛിദ്രങ്ങളെകുറിച്ച പറഞ്ഞുവരിക ആണല്ലോ ഇതുതന്നെ തുടന്നു് ചിന്തിക്കാമെന്നു് വിചാരിക്കുന്നു.

## 9. കുറുപ്പമ്പടി പള്ളിയിലെ അന്തഃചരിത്രം (തുടർച്ച)

പഴയകൂററുകാരും പുത്തൻകൂററുകാരും തമ്മിൽ ഉള്ള വഴക്ക് ഇക്കാലത്തു് ശക്തിപ്രാപിച്ചു. പുത്തൻകൂററിൽ എട്ടുപേരും പഴയകൂററിൽ നാലുപേരും കൈക്കാരന്മാരായിതീൎന്നു. പുത്തൻകൂററുകാരുടെ ശക്തിപ്രബലപ്പെട്ടു എന്നുകണ്ടപ്പോൾ പഴയകൂററുകാർ സ്ഥലം നഗരാധിപനായിരുന്ന കുളങ്ങര അകത്തൂട്ട് പണിക്കരെശ്ശനെ ഉള്ളാലെ സ്വാധീനം പിടിച്ചു. അക്കാലത്തു് ഇടവക സ്വത്തിന്മേൽ കൈക്കാരന്മാരെ കവിഞ്ഞു് മററൊരുത്തൎക്കും യാതൊരു അധികാരവും ഉണ്ടായിരുന്നില്ല. പള്ളിയുടേയും സ്വത്തിൻേറയും ക്രയവിക്രയ അധികാരം കൈക്കാരന്മാരിൽ സ്ഥിതിചെയ്തിരുന്നു. തന്മൂലം കൈക്കാരന്മാരുടെ നില ഏതോ അതായിരുന്നു ഇടവകയുടെ നില എന്നു് മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. ഇവൎക്ക് കുടുംബപരമ്പരാഗതമായ കൈസ്ഥാനമാണ് ഉണ്ടായിരുന്നതു് പുത്തൻകൂററുകാർ മുൻകൈക്കാരന്മാർ നാലുപേരുടെ കൂടെ, മററു നാലുപേരെകൂടെ കൈസ്ഥാനത്തിൽ ചേൎത്തു എങ്കിലും പള്ളിയുടെ ക്രയവിക്രയ അധികാരം അതിനുമുമ്പ് ഉണ്ടായിരുന്ന അറക്കൻ പൈലി തരകൻ, മററെക്കാട്ടിൽ ചെറിയതു്, കുറിയേടം (പാറേമാൻ) വൎക്കി, ചിററയം വൎക്കി, കുറുപ്പൻ വൎക്കി, ആത്തുങ്കൽ (എടശ്ശേരി) പൈലി പുത്തൻ പെരസ്സൽ ഉതുപ്പ്, പുതുശ്ശേരി അവര എന്നീ കൈക്കാരന്മാരിൽതന്നെ സ്ഥിതിചെയ്തിരുന്നു

940-ൽ ആററുപുറം പൈലിയും, പുത്തൻപെരസ്സൽ വൎക്കിയും തന്നാണ്ടുഭരണം നടത്തിവന്നു. വഴക്കുകൾ ശക്തിപ്പെട്ടിരുന്നു എങ്കിലും ധനു 25 ക്രിസ്തുമസ്സ് ആഘോഷപൂർവ്വം നടത്തുകയും പള്ളിപണി പൊയ്ലാട്ടിൽ ഇട്ടിമാത്തു നടത്തിക്കുകയും ചെയ്തു. തങ്ങളുടെ സങ്കടാവസ്ഥകൾ പുത്തൻകൂററു കൈക്കാരന്മാർ മാവേലിക്കര ചെന്നു് വലിയ സർവ്വാധികാൎയ്യക്കാരരെക്കണ്ടു് അറിയിച്ചു. 943 മേടമാസത്തിൽ പഴയതും പുതിയതും തമ്മിൽ ഉള്ള വഴക്കുകൾ ശക്തിപ്പെട്ടു് കേസുകൾ ഉത്ഭവിച്ചു. കുളങ്ങര അകത്തൂട്ട് പണിക്കരെശ്ശനിൽ നിന്നും ശരിയായ തീരുമാനം ലഭിക്കാത്തതിനാൽ കുന്നത്തുനാട്ടു് മണ്ഡപത്തും വാതുക്കൽ കാൎയ്യക്കാരരുടെ അടുക്കൽ പരാതിപ്പെടുകയും, തൽഫലമായി 943 കൎക്കടകം 29-ാം തീയതി ശരിയായ തീരുമാ

നം ഉണ്ടാവുകയും ചെയ്തു. അക്കാലത്തു് പള്ളിക്കാര്യം സംബന്ധിച്ച് ആലുവായിലും മററും പോയിതാമസിക്കുമ്പോൾ കൈക്കാരന്മാരുടെകൂടെ ശിപായി ആയി പോയിരുന്നതു് നെടുങ്ങപ്ര ചുട്ടി പൈലി ആയിരുന്നു. കേസിലെ തീരുമാനം അനുസരിച്ച് പഴയ കൂറും പുതിയകൂറും തമ്മിൽ ഉള്ള ഭാഗം നടന്നു. മാമോദീസാ കല്ല് ഒഴികെ ബാക്കി ഉള്ളതെല്ലാം ഭാഗിച്ചു എന്നാണു് കേൾക്കുന്നതു്. രൂപങ്ങൾ ഉണ്ടായിരുന്നതു് ഭാഗിച്ച് പഴയകൂററുകാർ കിഴക്കെ പള്ളിയിലേക്കു് കൊണ്ടുപോയി. പുത്തൻകൂററുകാരുടേതു് മാർ-കൂറിലോസിൻെറ ഭരണകാലത്തു് പള്ളിയിൽനിന്നും എടുത്തു് പള്ളിമേടയുടെ തട്ടിൽ പുറത്തു് അങ്ങും ഇങ്ങും ഇട്ടിരിക്കുന്നു. മാർ അന്ത്രയോസ് ബാവായുടെ വെള്ളികൊണ്ടുള്ള രൂപം ഇപ്പോഴും മേമ്പൂട്ടിൽ സൂക്ഷിക്കുകയും കുംഭം 16 പെരുന്നാളിനു് എടുത്തു് തെക്കേത്രോണോസിന്മേൽ വയ്ക്കുകയും ചെയ്തുവരുന്നു.

## 10. 943-ലെ (1768) ഭാഗഉടമ്പടി

ഓലയിൽ നിന്നുള്ള പകർപ്പ്......ഇപ്രകാരം കുത്തു് ഇട്ടിരിക്കുന്നതു് ഓലയിൽ പൊടിഞ്ഞു് പോയതാണു്.

943-ാം ആണ്ടു് കക്കടകമാസം 30-ാം തീയതി കുന്നത്തുനാട്ട മണ്ഡപത്തുംവാതുക്കൽ ശ്രീപണ്ഡാരകാര്യം ചെയ്‌വാർകൾ മുമ്പാകെ......അശമന്നൂർ പ്രവൃത്തിയാൽ കുറുപ്പമ്പടി പള്ളിയുടെ മുതൽ പൊന്നുകൊണ്ടും വെള്ളികൊണ്ടും ഭരണിപാത്രംകൊണ്ടും......ചെപ്പതികൊണ്ടും ശീലപെഞ്ചനാദികൊണ്ടും പുജപാത്രംകൊണ്ടും മററു എപ്പേർപെട്ടതുകൊണ്ടും പവുതിചെയ്തു......കൊടുത്താൽ പഷേകൂ

---

N. B. ഭാഗഉടമ്പടിയിൽ പഴെ കൂററുകാരുടെ അവകാശം തീറെഴുതി വാങ്ങിയ എടശ്ശേരി പൈലി എന്ന ദേഹം പള്ളി പൊളിച്ചു പണിതകാലത്തു് കൈക്കാരൻ ആയിരുന്ന ആത്തുങ്കൽ പൗലോയുടെ പൗത്രനാണു്. എടശ്ശേരി എന്നുള്ളതു് ഞങ്ങളുടെ ജന്മപേരാണു്. എടശ്ശേരി പൈലിയുടെ മകൻ ഇട്ടൂപ്പിൻെറ മകൻ ഇട്ടക്കുയ്യിൻെറ മകൻ ഇട്ടൂപ്പിൻെറ മകൻ വക്കിയുടെ മകൻ ഇട്ടൂപ്പ് സുവിശേഷകൻെറ മകനാണു് ഈ എഴുത്തുകാരനായ ആത്തുങ്കൽ ഗീവറുഗീസ് കത്തനാർ.

ററിൽ കൈക്കാററു് അറസ്റ്റൽ പൈലിയും, കുറിയേടത്തു വക്കിയും മറെറക്കാട്ട ചെറിയതും, ചിറേറത്തു വക്കിയും......ഇപ്പടിക്കു് കുറുപ്പമ്പടിപള്ളിയുടെ മുതൽ പൊന്നുകൊണ്ടും വെള്ളികൊണ്ടും ഭരണിപാത്രംകൊണ്ടും...... ശീലപെഞ്ചനാദികൊണ്ടും പൂജപാത്രംകൊണ്ടും മററുഎപ്പേർപെട്ടതുകൊണ്ടും പവൃതിചെയ്യു്...... ദ്രവ്യവും പകുത്തു് കൊടുത്തു് മേൽ ചോദ്യമില്ലാത്തവണ്ണം പള്ളിയും ഒഴിവു് തീറൊല എഴുതികൊണ്ടാൻ പുത്തൻകൂററിൽ കൈക്കാരരു് പുതുച്ചേരി അവരയും, പുത്തൻപെരസ്റ്റൽ ഉതുപ്പും, എടച്ചേരി പൈലിയും, കുറുപ്പൻ വക്കിയും ശേഷം പേരു്......

### വേറൊരു ഓലയിലെപകർപ്പു്

"943-ാം ആണ്ടു് കക്കടക മാസം 29-ംയീയതി കുറുപ്പമ്പടി പള്ളിയിൽ പുത്തൻകൂററുകാരും പഴെ കൂററുകാരും ടി പള്ളിക്കാര്യ്യം കൊണ്ടു് തമ്മിൽ വാദിച്ചു് മണ്ഡപത്തും വാതുക്കൽ ആവലാതി ചെയ്യു് മററു നാലു് എടവകക്കാരേയും സജ്ജനങ്ങളേയും വരുത്തിച്ചു് കേട്ടതീത്തു് മുതൽക്കാര്യ്യങ്ങളെ പാത്രികഭാഗം പവുപ്പിച്ചു് പള്ളിപണി ആദിയായിട്ടു് രണ്ടുകൂററുകാരുംകൂടി ചെലവിട്ടവകയ്യു് വിലമുറിഞ്ഞ പുത്തൻ 25000. ഇതിൽ പാതികൊടുത്ത പുത്തൻ 12500 പള്ളിയുടെ വകക്കു് അടിയറതീന്നവകരാശിപണം 800".

## 11. കുറുപ്പമ്പടി പള്ളിയിലെ വഴക്കിൻെറ ചരിത്രം

താഴെ കാണുന്ന ചരിത്രം ഓലയിൽ കോൽതമിഴിൽ എഴുതി കുറുപ്പമ്പടി പള്ളിയുടെ മേമ്പൂട്ടിൽ സൂക്ഷിച്ചുവരുന്നു. ഞാടൻ കോലെഴുത്തു് ലിപികരം പഠിച്ചതിനാൽ ഓലയിൽ നിന്നും ഇപ്പോഴത്തെ മലയാള ലിപിയിൽ താഴെ ചേർക്കുന്നു.

"തമ്പുരാൻ തുണയ്ക്കു"

മിചിയ കാലം 1768-ാമതു് കൊല്ലം 943-മാണ്ടു് മീനമാതം 8-ാംതീയതി അത്തമിച്ചു് രാത്തിരിയിൽ പഴേ കൂററുകാരു് പള്ളിയിൽ വന്നു് വലിയ തൊറണോതിന്മേൻ ഇട്ടുവിരിച്ചു് കുറുവാന ചൊ

ല്ലവാനായി നില്ക്കുമ്പോൾ 9-ാംതി ഞായറാഴ്ച കാലത്തു് പുത്തൻകൂററുകാരു് കുറുവാന ചൊല്ലുവാൻ ചെന്നു് തൊറണോത്തു് ഒഴിച്ചുതരണമെന്നു് പറഞ്ഞതിനു് ചേഴംകുറുവാന ചൊല്ലി ഒഴിച്ചുതരാമെന്നു് പറഞ്ഞു് താമസിച്ചു് നേരംവൈകി ചൊല്ലുകകൊണ്ടു് പുത്തൻകൂററുകാററു് മടങ്ങുകയും ചെയ്തു. ഈ അവത്ത പള്ളിക്കും കമ്പോളത്തിനം നകരകത്താവായി വാഴിച്ചുവരുന്ന പാറുവേലി പണിക്കരോട്ടു് കുളങ്ങര അവത്തുട്ടു് ചെന്നുപറഞ്ഞാറെ പഴേ കൂററുകാരെ വരുത്തി ചോതിച്ചു കൊള്ളാമെന്നും ഇനി കിററിയ ചൊല്ലു എന്നുപറഞ്ഞു. പിറെറ ദിവതം കുറുവാനചൊല്ലി. 16-തീ ഞായറാഴ്ച കാലത്തു് പുത്തൻ കൂററുകാററു് ഇട്ടുവിരിച്ചു് കുറുവാനചൊല്ലുവാനായി നിക്കുമ്പോൾ പഴെ ക്കൂററുകാററു് കുളങ്ങര അകത്തുട്ടു് ചെന്നു് പാറുവേലീ പണിക്കരോട്ടു് പോതിപ്പിച്ചു്മേലാളെകൊട്ടത്തു്പള്ളിവാതുക്കൽഇരുത്തി വലിയ തൊറണോതിന്മേൽ ഇട്ടുവിരിച്ചു് കിടന്നതു് പഴെ... ക്കൂററിൽ കപ്പിയാരെക്കൊണ്ടു് എടുപ്പിച്ചു് താഴത്തെ ചെറിയതൊറണോതിന്മേൽ വപ്പിച്ചു് പഴേക്കൂററുകാരെ നടത്തിക്കുകയും ചെയ്തു. പുത്തൻകൂററുകാററു് മുടങ്ങുകയം ചെയ്തു. അതിനുചേഴം കുന്നത്തുനാട്ടു് മണ്ടപത്തുംവാതുക്കൽ ചെന്നു് ചങ്കരന അണ്ണായികാരിയക്കാററു് അങ്ങത്തെ അടുക്കൽ തങ്കടം പോതിപ്പിച്ചാറെ പഴേകൂററുകാററേയും വരുത്തി രണ്ടുകൂററും പുറത്തുനിന്നും പുറഇടവകയിൽ കൂടുന്ന മാപ്പളമാരു് പലരേയും വരുത്തി തച്ചെനങ്ങളേയും വരുത്തി കാരിയം കേട്ടാറെ പൊതുവായിട്ടു് ഉള്ള മുതൽകാരിയങ്ങൾ രണ്ടുകൂററും പുറത്തു് ഇരിപ്പുള്ളതിനു്...... തീരാഴികകൊണ്ടു് ഇനിയും തച്ചെനങ്ങളെ വരുത്തി കേട്ടിട്ടു് വേണമെന്നും പറഞ്ഞു് പിരികയും ചെയ്തു. പഴെ കൂററുകാററു് പള്ളിനടപ്പും പുത്തൻകൂററുകാററു് മുടങ്ങിപ്പാർത്തുംവന്നു. ഇങ്ങനെ പാക്കുമ്പോൾ ചങ്കരനണ്ണായി കാരിയകാററു് അങ്ങുന്നുമാറി പള്ളിക്കര മേനായ പള്ളിവീട്ടിൽ കോവിന്ദപിള്ള കാരിയക്കാററു് അങ്ങുന്നു ഏററു് മണ്ടപത്തും വാതുക്കൽ വന്നാറെ പുത്തൻകൂററുകാററു് ചെന്നു് തങ്കടം പറഞ്ഞതിനു ചേഴം പഴേകൂററുകാരേയും മറെറട വകക്കാരെയുംതച്ചെനങ്ങളെയും വരുത്തി കാരിയം കേട്ടാറെ പഴെ കൂററുകാററു് മതുവവളച്ചിടത്തോളം ഉള്ളപണി രണ്ടുകൂററും ഒന്നായി നടന്നുവരുമ്പോൾ പണിയിച്ചതെന്നും മതുവവളച്ചതിപിന്നെ ഒള്ളപണി ഒക്കെയും രണ്ടുക്കൂററുകാരും ഒന്നിച്ചു നടന്നുവരുമ്പോൾ പുത്തൻക്കൂററുകാററു് തന്നെ ചെലവിട്ടു് പണിയിച്ചതെന്നും

രണ്ടുകൂറുകാക്കും സമ്മതം വരികകൊണ്ടു് പണിച്ചെലവുകണ്ടാറെ കൂടിപണിയിച്ചിട്ടുള്ളതിനു് 25000 പുത്തൻ ചെലവുണ്ടെന്നും, പുത്തൻ കൂറുകാററു്തന്നെ പണിയിച്ച മതുവ വളവിനുമേലെ പണിയും അയിക്കാലയും മുഖേറെ പണികളുംകൂടി 36000 പുത്തൻ ചെലവുണ്ടെന്നും എല്ലാവരുംകൂടി നിശ്ചയിച്ചു. ആയതു് രണ്ടുകൂറുകാററും പോതികകയും ചെയ്തു. ഇപ്പോഠം പുത്തൻകൂറുകാററു് വലിയ തൊറണോതിന്മേലും പഴെ കൂറുകാററു് ചെറിയ തോറണോതിന്മേലും കിറിയ ചൊല്ലി വരികകൊണ്ടല്ലോ തമ്മിൽ പിണങ്ങി വന്നതു് എന്നും തമ്മിൽ പിണങ്ങിവരാതെ രണ്ടുകൂറുകാരും ഒന്നുപോലെ നടന്നു് ചെലവിട്ട നടന്നുകൊള്ളണമെന്നും പുത്തൻകൂറുകാററു് 36000 പുത്തൻ അധികം ചെലവിട്ടിരിക്കുന്നതിനു് പഠഴ കൂറുകാററു് ഇനി പണിവാനുള്ളതിനു് പുത്തൻകൂറുകാററെ പോതിപ്പിച്ചു് ചെലവിട്ടു് മുപ്പത്താറായിരം പുത്തനും ചെലവിട്ടാൽ പിന്നെ വേണ്ടുന്ന പണിക്കു് ഒന്നുപോലെ ചെലവിട്ടു് നടന്നുകൊള്ളത്തക്കവണ്ണം പറഞ്ഞുവച്ചാറെ പഴെ കൂറുകാററു് തങ്കടമെന്നുംകൂടി പണിചെയ്തിട്ടുള്ളതിനു പാതി 12500 പുത്തനും തരുവിച്ചാൽ പള്ളിവയ്ക്കുന്നതിനു് നിലവും തന്നാൽ ഞങ്ങഠം മാറി വേറെ പള്ളിവച്ചുകൊള്ളാമെന്നും പഴേക്കൂറുകാററു് തങ്കടം പോതിപ്പിക്കകൊണ്ടു് പുത്തൻകൂറുകാററു് ഏറിയക്കൂറുകാററു് ആകകൊണ്ടു് രണ്ടു് കൂറുകാററുംകൂടി ചെലവിട്ടു് പണിയിച്ചിരിക്കുന്ന വിലയിൽ പാതി 12500 പുത്തനും പുത്തൻകൂറുകാററു് പഴയ കൂറുകാക്കു് കൊടുക്കണമെന്നുംകൂടിയചനങ്ങളും കൊയിന്മേലെ കല്പനകൊണ്ടും പന്തീരായിരത്തി അഞ്ഞൂറു പുത്തനും 944-ാമാണ്ടു് ചിങ്ങമാതം മുതൽ വൃശ്ചികമാതംവരെ നാലുതവണ ആയിട്ടു് കൊടുക്കത്തക്കവണ്ണം 943-ാം ആണ്ടു് കക്കടകമാസം 30 തീയതി പുത്തൻകൂററു കൈക്കാററു് കൈചീട്ടു് എഴുതി പഴേകൂററിൽ കൈക്കാരക്കു കൊടുത്തു. കുറുപ്പമ്പടി വലിയ പള്ളിക്കും മററും പഴെകൂററുകാരക്കു് ചോത്തിയം ഇല്ലാതവണ്ണം പഴേകൂററിൽ കൈക്കാററു് പുത്തൻ കൂററിൽ കൈക്കാരക്കു് തീറെഴുതിതന്നു. വയ്ക്കുന്ന പള്ളിക്കു് പുത്തൻ കൂറുകാക്കു് ചോത്തിയം ഇല്ലാതവണ്ണം തീറും എഴുതി പഴേ കൂററുകാക്കു കൊടുത്തു. 800 രാചി പുത്തൻ കൂറുകാററും 500 രാചി പഴേക്കൂറുകാററും പണ്ടാരവകയ്ക്കു് അടി അറവും തീന്നു. അശമന്നൂർ പിറവത്തിക്കാററു് രാമനണ്ണായിയെ മേലാളായിട്ടു് മണ്ടപത്തും വാ

തുക്കൽ നിന്നും കല്പിച്ചയച്ചു. രണ്ടുകൂറു പുറത്തും പൊതുവിൽ ഇരു ന്ന മുതൽ കാരിയങ്ങളും ശീല പെഞ്ചനാദികളും കൊണ്ടുവന്നുവച്ചു. ഇനി ഒന്നും രണ്ടുകൂറും പുറത്തു് ഇരിപ്പില്ലെന്നു് പള്ളിനടയിൽ ര ണ്ടുകൂറുകാരും തത്തിയം ചെയ്തു. പകുത്തുകൊടുത്തു. കൈചീട്ടും എഴുതികൊടുത്തു. പവൃതി തീറു് എഴുതീട്ടു് അങ്ങോട്ടും ഇങ്ങോട്ടും കൊടുപ്പിക്കുകയും ചെയ്തു. രണ്ടുകൂറുകാരുംകൂടി പള്ളിപണി ആതി ആയിട്ടു് ചെലവിട്ട വകക്കു് വിലമുറിഞ്ഞ പുത്തൻ 25000 ഇതിൽ പാതിപാകം പഴേക്കൂറുകാരക്ക് കൊടുക്കേണ്ടും പുത്തൻ 12500. പു ത്തൻക്കൂററിൽ കൈക്കാററു് പുതിച്ചേരി അവര മുതൽ പേരു് 944-ാ മാണ്ടു് ചിങ്ങമാതം മുതൽ വൃശ്ചികമാതംവരെ 4 മാതംകൊണ്ടു് കൊണ്ടു് കൊടുക്കത്തക്കവണ്ണം എഴുതികൊടുത്ത കൈച്ചീട്ടു് ഒന്നിൽ കൊടുക്കേണ്ടുംപുത്തൻ 12500 ഇതിൽ ചിങ്ങമാതം 4 തീയതി മുതൽ വൃശ്ചികമാസം 25 തീയതി വരെ തീയതി 15.ൽ പഴെ കൂററിൽ കൈക്കാററു് അറക്കൽ പൈലി തരകൻ മുതൽ പേർ നാലും ടി യിൽ കപ്യാരു മാത്തു മകനുംവചം പുത്തൻ കൂററിൽ കൈകാററു് പുതുച്ചേരി അവരയും ആററുപുറത്തു് പൈലി മുതൽ പേർ നാലും ക ല്ലറക്ക പൈലി തരകനും കരവട്ട മാത്യവുംകൂടി കൊടുത്തൻ പുത്തൻ 6659. നീക്കികൊടുക്കേണ്ടുംപുത്തൻ 5841 മകരമാതം 20 തി ഞാ യറാഴ്ച നാറം പുത്തൻ 5841-ം നെരത്തികൊടുത്താറെ തവണമുടക്കം വന്നിരിക്കകൊണ്ടു് പണംവാങ്ങിയതുമില്ല. അവത്തമണ്ടപത്തും വാതുക്കൽ പോതിച്ചിച്ചാറെ കുംപമാതം 4 തീ. പണം വാങ്ങിക്ക ത്തക്കവണ്ണം കാരിയക്കാററു് അങ്ങുന്നു് പഴേക്കൂറുകാരക്കു് താതനം തന്നതു് കൊണ്ടുവന്നുകൊടുത്തു. 944-ാംമാണ്ടു് ചിങ്ങമാതം 4 തീ. കുംപമാതം 4 തീയതി വരെ കുറുപ്പമ്പടി പള്ളിക്കാര്യംതീൎന്നു കൈ ചീട്ടു് എഴുതികൊടുത്ത വകക്കു് പഴെക്കൂററിൽ കൈക്കാരരു് അറക്കൽ പൈലി തരകൻ മുതൽപേർ നാലും കല്ലറക്കൽ പൈലി തരകൻ മു തൽപേർ നാലും ടി യാൻ കപ്യാരുമാത്തുമകനും വചം പുത്തൻ കൂ ററിൽ കൈക്കാററു് പുതുച്ചേരീ അവരയും ആററുപുറത്തു് പൈലി മു തൽപേർ നാലും കല്ലറക്കൽ പൈലി തരകനും കരവട്ട മാത്യവും കൂ ടി കൊടുത്തൻ പുത്തൻ 6659. നീക്കികൊടുക്കേണ്ടും പുത്തൻ 5841, മകരമാതം 20. തീ. ഞായറാഴ്ചനാറം പുത്തൻ 5841-ം നെരത്തിക്കൊ ടുത്താറെ തവണമുടക്കം വന്നിരിക്കകൊണ്ടു് പണം വാങ്ങിയതുമില്ല. അവത്തമണ്ടപത്തും വാതുക്കൽ പോതിപ്പിച്ചാറെ കുംപമാതം 4. തീ.

പണം വാങ്ങിക്കത്തെക്കവണ്ണം കാരിയക്കാററു് അങ്ങുന്നു് പഴേക്കൂററു കാരർക്കു് താതനം തന്നതു് കൊണ്ടുവന്നുകൊടുത്തു. 944-ാം മാണ്ടു് ചിങ്ങമാതം 4. തീ. കുംപമാതം 4. തീ. വരെ കുറുപ്പമ്പടി പള്ളിക്കായ്യം തീന്നു കൈച്ചീട്ടു് എഴുതികൊടുത്ത വകക്കു് പഴേ ക്കൂററിൽ കൈക്കാററെ അറക്കൽ പൈലി തരകൻ മുതൽപേർ നാലും ടി യാൻ കപ്യാർ മാത്തുവും വചം ......... പുത്തൻ കൂററിൽ കൈക്കാരൻ പുതുച്ചേരിയും ആററുപുറത്തു് പൈലി മുതൽപേർ നാലും കല്ലറക്കൽ പൈലി തരവനും കരോട്ടു മാത്തുവും കൂടികൊടുത്തൻ പുത്തൻ 12500. കൈചീട്ടു തന്നതുമില്ല. പണം തവണ ഇരിക്കകൊണ്ടു പഴേകൂററുകാററു് പള്ളിവച്ചില്ല എന്നു പറ ഞ്ഞു പെലേനപഴേ ക്കൂററുകാററു് പള്ളിയിൽ നടന്നു വരുമ്പോരം മണ്ടപത്തും വാതുക്കലും. തർവ്വാതികാരിയക്കാററു് അങ്ങത്തെ അട ക്കലും പോതിപ്പിച്ചാറെ പഴെക്കൂററുകാററെ പള്ളിയിൽ നിന്നു് ഇറക്കി പള്ളിഒഴപ്പിച്ചു തരാഴിക കൊണ്ടു് 944-ാം ആണ്ടു് തനുമാതം 7-ാം തീ. തമ്പികുമാരൻ ചെമ്പകരാമൻപിള്ള വ ലിയതർവ്വാതികാരിയക്കാററു് അങ്ങത്തെ അടുക്കൽചെന്നു് തങ്കടം പോതിപ്പിച്ചു. അങ്ങത്തെതാതനം തർവ്വാതികാരിയക്കാററു് അ ങ്ങത്തേക്കതന്നതു് കൊടുത്തു. തറുവാതികാരിയക്കാററു് അങ്ങത്തെ താതനം മണ്ടപത്തും വാതുക്കൽ കാരിയക്കാററു് അങ്ങത്തേക്ക തന്ന തു് മണ്ടപത്തും വാതുക്കൽ കൊടുത്തു. മണ്ടപത്തും വാതുക്കൽ അങ്ങ ത്തെ താതനം പിറവിറുത്തിയക്കു തന്നു ചെറിയ കുഞ്ചുട്ടക്കാരനേയും കൂട്ടി അയച്ചു് പിറവിറുത്തിക്കാററു് അങ്ങുന്നും ചെറിയകുഞ്ചുട്ടിക്കാ രനും പള്ളിവാതുക്കൽവന്നു് 13-ാം തീയതി ഞായറാഴ്ച പഴെകൂററു കാരെ പള്ളിയിൽ നിന്നും ഇറക്കുകയും ചെയ്തു''.

**N. B.** ആധുനികകാലംവരെ മെത്രാന്മാരും, വല്ല്യച്ചന്മാരും, ഉ ദ്യോഗസ്ഥന്മാരും അയക്കുന്ന കല്പനകൾക്കു് താതനം [സാധനം] എ ന്നാണു് പറഞ്ഞുവന്നിരുന്നതു്.

## 12. 943-ലെ പിരിവുലിസ്റ്ററ്

പഴയകൂററുകാക്കു് 12500. പുത്തൻ കൊടുക്കുന്നതിനും പള്ളിപണി കളുടെ അഭിവൃദ്ധിക്കുമായി പുത്തൻകൂററുകാർ അവരുടെ ഇടയിൽ ഒരു

കരവരി (പിരിവു) നടത്തി. കൂടാതെ വടക്കം പുറത്തു കറിയതിന്റെ കൂടെ ഒരു നെൽപത്തം (ചിട്ടി) ചേൎന്നു നടത്തി. ഇതു ചേൎന്നു നടത്തിയതു് കല്ലറക്കൽ പൈലി തരകൻ മുതലായി പള്ളിക്കു തെക്കുഭാഗത്തുള്ളവരും, വടക്കുഭാഗത്തുള്ള പൊട്ടാടനും ആത്തുങ്കനംകൂടി ആയിരുന്നു. പള്ളി ഇടവകയിൽ രണ്ടുകൂറുകാരും 945 വരെ ഉണ്ടായിരുന്നുവെന്നും ഇവരിൽ ബഹുഭൂരിപക്ഷം പേർ പുത്തൻകൂററിൽ (യാക്കോബായക്കാർ) ആയിരുന്നുവെന്നും മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. ചിലർ രണ്ടുകൂറും പുറത്തു് ചാഞ്ചാടി നിന്നിരുന്നു. ഒരു കുടുംബത്തിൽപെട്ടവർ തന്നെ രണ്ടു കക്ഷികളായി പിരിഞ്ഞിരുന്നു. കാളാംപറമ്പൻ ആദ്യം പുത്തൻകൂററിൽ ആയിരുന്നു. എങ്കിലും പഴയതിൽ കൈസ്ഥാനം കിട്ടിയതിൽ പഴയ കൂററിൽ ചേൎന്നു പുത്തൻകൂററിൽ 83 വീട്ടുകാർ മാത്രമെ കരവരിഇട്ടതിൽ സംബന്ധിച്ചിരുന്നുള്ളു. സംബന്ധിച്ചവരിൽ റൊക്കംകൊടുത്തവർ പള്ളിയിലെ കൈക്കാരന്മാൎക്കു് കൈച്ചീട്ടു് എഴുതികൊടുത്തു. ലിസ്റ്റിൽപെട്ടവരിൽ 13 പേർ ഒഴിച്ചു് ബാക്കി ഉള്ളവരെല്ലാം അധികം താമസിയാതെ സംഖ്യ കൊടുത്തുതീൎത്തു. അന്നു് കരവരി ഇട്ടതിൽ സംബന്ധിച്ച പിതാക്കന്മാരുടെ ലിസ്റ്റു് എന്റെ കൈവശം കിട്ടിയതിൽ ആദ്യത്തെ കുറെ ആളുകളുടെ പേരു് മാത്രമെ ഉള്ളു. അതിൽ തന്നെ കുറെ നഷ്ടപ്പെട്ടിട്ടു് (ദ്രവിച്ചുപോയിട്ടു്) ഉണ്ടു്. രണ്ടായിരം പുത്തൻവീതം രണ്ടുവീട്ടുകാരും ആയിരം പുത്തൻ വീതം നാലുവീട്ടുകാരും മാത്രമെ എടുത്തിട്ടുള്ളു. ഈ രണ്ടുവീട്ടുകാർ അന്നു് പുത്തൻകൂററിൽ പ്രബലകക്ഷികൾ ആയിരുന്നു. ബാക്കി ഉള്ളവരുടെ സംഖ്യ അതിൽ കുറവാണു്. കിട്ടിയിരിക്കുന്ന ഒരു ലിസ്റ്റു് താഴെ ചേൎത്തുകൊള്ളുന്നു. * ഈ അടയാളം താമസിച്ചുകൊടുത്തവരും, :: ഈ അടയാളം വാഗ്ദത്തം ചെയ്തിട്ടു് മുഴുവൻ കൊടുക്കാതിരുന്നവരും ആകുന്നു.

| നമ്പർ | | പേരു് | കര | പുത്തൻ |
|---|---|---|---|---|
| 1. | * | പൊട്ടാട്ടിൽ മത്തുതരകൻ | രായമംഗലം | 2,000 |
| 2. | | കല്ലറക്കൽ പൈലി തരകൻ | ,, | 2,000 |
| 3. | | പുത്തൻപെരട്ടൽ ഉതുപ്പു് | കീഴില്ലം | 1,000 |
| 4, | * | കോച്ചേരി ചെറിയ തരകൻ | ഇരിങ്ങോൾ | 1,000 |
| 5. | * | പുത്തൻപെരട്ടൽ വക്കി | കീഴില്ലം | 1,000 |

| | | | |
|---|---|---|---|
| 6. | ആത്തുങ്കൽ പൈലി | നെടുങ്ങപ്ര | 1,000 |
| 7, | പുതുശ്ശേരി അവര | ഇരിങ്ങോറം | 790 |
| 8. | മാലിക്കുടി കോരതു് | ഇരിങ്ങോറം | 800 |
| 9. | ഉതളക്കോട്ടു പൗലോ | പുല്ലുവഴി | 155 |
| 10. * | ആററുപുറം പൈലി | മുടക്കിരായി | 150 |
| 11. | കണ്ണോത്തുകുടി കോര | ഇരിങ്ങോറം | 120 |
| 12. | കുഴിക്കാട്ടുകുരുവിള | തുരുത്തിപ്പിള്ളി | 100 |
| 13. * | തുരുത്തിവക്കി | ,, | 100 |
| 14. | നെല്ലാൽ അവര പുല്ലുവഴി | | 100 |
| 15. | കോച്ചേരി തൊമ്മൻ | ഇരിങ്ങോറം | 75 |
| 16. | പുരവത്തു് ചുമ്മാരു് | ,, | 60 |
| 17. | പൊയ്ക്കാട്ടിൽ ഉറുമി... | പെരുമ്പാവൂർ | 55 |
| 18. :: | പുതുശ്ശേരി വക്കി | നെടുങ്ങപ്ര | 50 |
| 19. | കയിനിക്കുടി ഉറുമി മാത്തു | മുടക്കിരായി | 25 |
| 20. | ഈശ്വരൻകുടി ഇട്ടൂപ്പ് | ,, | 30 |
| 21. :: | മനേക്കുടി വക്കി | പുഴക്കാട്ടു് | 22 |
| 22. | മരങ്ങാടൻ വക്കി | പെരുമ്പാവൂർ...(പൊടിവ്പു്) | |

940-നം 945 നം ഇടയിൽ പുത്തൻകൂററിൽ ചേൎന്നു നടന്നുവന്ന വേറെ ചില പിതാക്കന്മാരുടെ പേരുവിവരം താഴെ ചേൎത്തു കൊള്ളുന്നു.

1. അറയ്ക്കൽ വക്കി തരകൻ
2. ആത്തുങ്കൽ വക്കി
3. ഉതളക്കോട്ടുവക്കി
4. എമ്പാശ്ശേരി പൈലി
5. കുറുപ്പൻ ചെറിയ
6. കുറുപ്പൻ വക്കി
7. കിടങ്ങേത്തു ചാക്കൊ വക്കി
8. കീച്ചേരി ചാക്കോ
9. ചാമക്കാട്ടു വക്കി
10. ചുട്ടിപൈലി
11. തട്ടാംപുറത്തു് കോരതു്
12. തോമ്പ്ര കുരുവിള
13. പാറക്കാട്ടു തൊമ്മൻ
14. പടയാട്ടിൽ ചെറിയതു്
15. പടയാട്ടിൽ വക്കി
16. പൊയ്ക്കാട്ടിൽ ഇട്ടീര
17. പുത്തൻപെരയ്ക്ക തൊമ്മൻ
18. പൊയ്ക്കാട്ടിൽ ഇട്ടി മാത്യ
19. മരങ്ങാട്ടു് ഐപ്പു്
20. മററമനപൈലി
21. മാണിയാട്ടുകരിയൻ
22. വടക്കുംപുറത്തു് കരിയതു്

അക്കാലത്തു് പേരുകൾ എഴുതുന്ന രീതി
പഉലോതു് = പൗലോസ്
വറുക്കി = വക്കി
പയലി = പൈലി

അന്നു് ഒരു പറ നെല്ലിനു് മൂന്നുപുത്തനും (4½ ചക്രം-ഏകദേശം 2½ അണ) ഒരു പലം ചെമ്പിനു് രണ്ടുപുത്തനും വില ആയിരുന്നു. ഒരു ഉൽകാശു് എന്നു പറയുന്നതു് 9 പണമിട.

കരവരി ഇട്ടതിൽ പിന്നീടു കൊടുത്തവർ പലിശയോടുകൂടെ കൊടുത്തുതീർത്തു. ചിലർ 52 കൊല്ലം കഴിഞ്ഞാണു് തീർത്തതു്. ചിലതു് ഉപേക്ഷിച്ചു് ഡയറി എഴുതിയിട്ടുണ്ടു്. പഴയകൂറുകാർക്ക കൃത്യസമയത്തു് പണം കൊടുക്കുന്നതിനു് തികയാത്തതിനാൽ 6-ാം മാർത്തോമ്മായോടു് (വലിയ മാർ ദീവന്നാസിയോസിനോടു്) കല്ലറക്കൽ പൈലി തരകൻ 4000 പുത്തൻ കടം വാങ്ങിച്ചുകൊണ്ടുവന്നതു് പലിശ സഹിതം പിന്നീടു തീർക്കുകയാണു് ചെയ്തതു്.

## 13. അന്നത്തെ കണക്കു് രീതി

അക്കാലത്തുള്ള കണക്കെഴുത്തിന്റേയും പലിശക്കൂട്ടുന്നതിന്റേയും രീതി അറിയുന്നതിനു് ചില പകർപ്പുകൾ താഴെ ചേർത്തുകൊള്ളുന്നു. ......ഇപ്രകാരം കുത്തു് ഇട്ടിരിക്കുന്നതു് ഓലയിൽ പൊടിഞ്ഞുപോയ ഭാഗങ്ങളാണു്. അന്നത്തെ പള്ളികണക്കുകളും, ഡയറി നിശ്ചയങ്ങളും, മററു പല റിക്കാർട്ടുകളും ഓലയിൽ എഴുതി സൂക്ഷിച്ചിരുന്നു. ആയതു് മിക്കവാറും ഇപ്പോഴും പള്ളിയുടെ മേമ്പൂട്ടിൽ ഭദ്രമായി സൂക്ഷിച്ചിട്ടുണ്ടു്.

## 1. 946 ഇടവം

''കുറുപ്പംമ്പടി പള്ളികാര്യത്തിൽ പണംകൊടുത്ത വക വരവേണ്ടും വകക്കു് എഴുതിയ കണക്കു്.

944-ാമാണ്ടു് വൃശ്ചിക മാസം മാർ-ദീവന്നാസിയോസ് മെത്രാപ്പോലീത്തായോടു് കല്ലറക്കൽ പൈലി കടംവാങ്ങിച്ചു് പള്ളികാര്യ

ത്തിനു കൊടുത്തപുത്തൻ 4000ന്ന് പലിശ മുതൽ ഉൾപ്പെടെ മേടമാസത്തിൽ കൊടുത്തപുത്തൻ 5200......ഴുതിതരുവിച്ചതായിട്ടും പ്രമാണവും പണെഴുത്തു തന്നതായിട്ടും എന്റെ പേരിൽ വരി ഇട്ടവകയിൽ കൊടുപ്പാനുള്ള പണവും കൂടി മേടമാസം 4. തീ. പള്ളികാൎയ്യത്തിൽ നിന്നും എഴുതിതന്ന പണം പിരിക്ക......5266. ഇതിൽ കല്ലറക്കൽ പൗലോ പേരിൽ നിന്നും മരങ്ങാടൻ വക്കി പേരിൽ നിന്നും ......പുത്തൻ 1100 നീക്കി 4166 ക്കു് ഇടവമാസം 1 ക്കു് പലിശ മുതൽകൂട്ടി പുത്തൻ 4207 ½. ഇതിന്നു ഇടവമാസം 1 ക്കു് പിരിവു പുത്തൻ 261 ½. നീക്കി നീക്കിപിരിയേണ്ടും പുത്തൻ 3946 ½ ...... പലിശകൂടിയ പുത്തൻ...... മിഥുനം 1 ക്കു് പിരിവു പുത്തൻ 100. നീക്കി...... കക്കടകമാസം 1 ക്കു് പലിശ മുതൽ കൂടിയ പുത്തൻ 3926½ ...... പിരിവുപുത്തൻ 3401. ക്കു് കന്നിമാസം 1 ക്കു് പലിശ മുതൽ കൂടിയ പുത്തൻ 3425. ഇതിൽ കന്നി 1ക്കു് പിരവു പുത്തൻ 400 നീക്കി പുത്തൻ 3025 ക്കു് തുലാമാസം മുതൽ മകരമാസം വരെ മുതൽ പലിശകൂടിയപുത്തൻ 3156½ ഇതിൽ......''

## 2. വേറൊന്നു്. 994 മേടം

''946-ാം ആണ്ടു് വൃശ്ചിക മാസം 7. തീ. കൈച്ചീട്ടു് എഴുതി തന്നതാക ആററുപുറം പൈലി തരേണ്ട പുത്തൻ 60 ക്കു് 94-ാം ആണ്ടുവരെ മുതലിൽ അധികം പലിശ കൂടുകയാൽ എരട്ടിച്ചപടി തരേണ്ടും പുത്തൻ 120 ടി ആണ്ടു് പുതുശ്ശേരി വക്കി കൈച്ചീട്ടു് എഴുതി തന്നതാക തരേണ്ടും പുത്തൻ 50 ക്കു് 46-ാമാണ്ടു മുതൽ 94-ാം ആണ്ടു വരെ മുതലിൽ അധികം പലിശ കൂടുകയാൽ എരട്ടിച്ചപടി തരേണ്ടും പുത്തൻ 100. ടി ആണ്ടു് പുത്തൻപെരശ്ശൽ വക്കി കൈച്ചീട്ടു് എഴുതിതന്നതാക തരേണ്ടും പുത്തൻ 100 ക്കു് മുതലിൽ അധികം പലിശ കൂടുകയാൽ എരട്ടിച്ചപടി തരേണ്ടും പുത്തൻ 200. ടി യാണ്ടു് പൊശ്ശാട്ടിൽ മാത്തു കൈച്ചീട്ടു് എഴുതിതന്ന വകയിൽ തരേണ്ടും പുത്തൻ 100 ക്കു് 46-ാം ആണ്ടുമുതൽ 47 കന്നിവരെ മുതൽ പലിശ കൂട്ടി തരേണ്ട പുത്തൻ 735 ക്കു് കന്നിമാസത്തിൽ തന്ന പുത്തൻ നീക്കി മുതൽ 335 ക്കു് 47 മുതൽ 94-ാമാണ്ടു വരെ മുതലിൽ അധികം പലിശ കൂടുകയാൽ എരട്ടിച്ചപടി തരേണ്ടും പുത്തൻ 670. ടി യാണ്ടു് തുരുത്തി വക്കി കൈച്ചീട്ടു് എഴുതി തന്നതാകെ തരേണ്ടും പുത്തൻ 120

ക്കു് തന്ന പുത്തൻ 109 നീക്കി 11 ക്കു് എരട്ടിച്ചപടി തരേണ്ടും പുത്തൻ 22 ടി യാണ്ടു് മനേക്കടി വക്കി കൈച്ചീട്ടു് എഴുതിതന്നതാകെ തരേണ്ടും പുത്തൻ 22 ക്കു് തന്നപുത്തൻ 9. നീക്കിതരേണ്ടും പുത്തൻ 13 ക്കു് എരട്ടിച്ചപടി തരേണ്ടും പുത്തൻ 26, കോച്ചേരി ചെറിയതു് 47-ാം ആണ്ടു് പലിശ തരേണ്ടും നെല്ലു് 30 പറയും ആററുപുറം പൈലി പള്ളിക്കായ്യത്തിൽ അളക്കാഴികയാൽ 94-ാം ആണ്ടു് പള്ളിക്കായ്യത്തിൽ നിന്നും തരേണ്ട നെല്ലു് 30 പറ. കോച്ചേരി ചെറിയതിൻെറ പണം തരാഴികയാൽ പണം പിരിക്കേണ്ടതിനു് പണ്ടാരവകയിൽ ആവലാതി ചെയ്തു് നടന്നവകക്കു് ചെലവുചെന്നതു് പലിശ കൂടാതെ മുതൽ ചക്രം 460½. ആകെപേരു് 6-ം. പേരിൽ തരേണ്ടും പുത്തൻ 1138-ം കൂടെവരേണ്ടും ചക്രം 460½ വരേണ്ടും നെല്ലു് 30 പറ''.

### 3. 995. കർക്കടകം

''46-ാം ആണ്ടു് പുത്തനും പഴയതും തമ്മിലുള്ള പവൃതികാരിയത്തിനു് പണം കൊടുക്കേണ്ട വകക്കു് കുടിവരി ഇട്ടവകക്കു് പണം പിരിഞ്ഞു വരായ്കകൊണ്ടു് കല്ലറക്കൽ പൈലി തരകൻ കടം വാങ്ങിച്ച തന്നവകക്കു് കൊടുത്തതു് നീക്കി കൊടുപ്പാനുള്ള പണത്തിനു് എഴുതിന ചീട്ടുംവക പണം തരകൻ പിരിക്കുന്നതിനു് ചെല്ലുന്ന ചെലവും, പണം പിരിഞ്ഞില്ലെങ്കിൽ പിരിച്ച തരാമെന്നു് യോഗക്കാർ ചീട്ടു് എഴുതികൊടുത്ത വകയിൽ തരകൻ പിരിച്ചപററിയ തുക നീക്കി പൊസ്സാട്ടിൽ ഇട്ടിമാത്തു തരകൻ, പുത്തൻ പെരസ്സൽ വക്കി തരകൻ കൊടുപ്പാനുള്ള പണവും പള്ളിക്കായ്യത്തിൽ വച്ചു് നിലം എഴുതി തരികകൊണ്ടും പുതിശ്ശേരി വക്കിയുടേയും ആററുപുറത്തു് പൈലിയുടേയും, മനേക്കടി വക്കിയുടേയും പണം പിരിച്ച കൊടുപ്പാൻ ഗതി ഇല്ലായ്കകൊണ്ടും ഈ വക പണവും പണം പിരിക്കുന്ന വകക്കു് ചെലവു ചെന്ന പണവും പൈലി തരകനു് മുൻ ചെല്ലേണ്ട പലിശ നെല്ലിൽ പററിയ നെല്ലു് 30 പറക്കു് പുത്തൻ 90. 95-ാമാണ്ടു് കൊടുക്കത്തക്കവണ്ണം ഖരാറു് കൈച്ചീട്ടു് എഴുതി കൊടുത്ത പുത്തൻ 1820 ക്കു് 96 ചിങ്ങം വരെ പലിശകൂടിയ പുത്തൻ 1929. കൊടുത്ത പുത്തൻ 441. നീക്കി പുത്തൻ 1488 ക്കു് കൊടുത്ത ചക്രം 2232.

## 14. ചില കുടുംബങ്ങളുടെ ചരിത്രം

പുത്തൻകൂറുകാരും പഴയകൂറുകാരും തമ്മിൽ പിരിഞ്ഞപ്പോൾ പുത്തൻകൂറിൽ ഉറച്ചുനിന്ന ചിലരുടെ പേരുവിവരം മുകളിൽ എഴുതിയിട്ടുണ്ട്. എല്ലാവരുടേയും ഒരു ലിസ്റ്റ് കിട്ടിയിട്ടില്ല. കിട്ടിയവരിൽ ചിലവീടുകളിൽ പ്രായമുള്ളവരിൽ നിന്നും, ചിലകുടുംബങ്ങളിൽ സൂക്ഷിക്കുന്ന ഓലകളിൽ നിന്നും, പള്ളി റിക്കാർട്ടുകളിൽ നിന്നും കിട്ടിയ വിവരങ്ങളുടെ വെളിച്ചത്തിൽ ആണ് താഴെകാണുന്ന ചുരുങ്ങിയ വിവരം ചേർത്തിരിക്കുന്നതു്. ചിലരുടെ കുടുംബചരിത്രം ഞാൻ വിശദമായി എൻെറ നോട്ടുബുക്കിൽ കുറിച്ച് ഇട്ടിട്ടുണ്ടു്. ആയതു് മുഴുവൻ ചേർക്കുവാൻ പരിതസ്ഥിതി അനുവദിക്കുന്നില്ല.

കുറുപ്പമ്പടി ഇടവകയിൽപ്പെട്ട വീട്ടുകാരുടെ കുടുംബചരിത്രം പരിശോധിച്ചതിൽ മുൻകാലങ്ങളിൽ സാമ്പത്തികമായും സാമൂഹ്യമായും ഉന്നതനിലയിൽ ഇരുന്നിരുന്ന ചിലർ പില്ക്കാലത്തു് ക്ഷീണിച്ചവരായും, ചിലർ ദത്തുതാമസിക്കുന്നതായും ചിലർ നാമാവശേഷമായതായും, ചിലരുടെ പൂർവ്വികനാമധേയം മാറി വേറെ നാമം ഉപയോഗിക്കുന്നതായും കാണുന്നു. അതുപോലെതന്നെ മുൻകാലങ്ങളിൽ സാമ്പത്തികമായും മററും ക്ഷീണിച്ചിരുന്നവർ പില്ക്കാലത്തു് പലവിധത്തിലും ഔന്നിത്യം പ്രാപിച്ചുകാണുന്നു. ചിലർ അടിക്കടി ക്ഷീണിച്ചും ഔന്നത്യം പ്രാപിച്ചുകാണുന്നു. ഇതെല്ലാം മായതന്നെ. അതിനാൽ ഈ ഇടവകയിൽപ്പെട്ട ആരുംതന്നെ തങ്ങൾ മററുള്ളവരേക്കാൾ വലിയവരെന്നൊ, പൂർവ്വികരെന്നൊ നടിക്കേണ്ടതില്ല. എല്ലാവരും സമത്വമുള്ളവരും സഹോദരങ്ങളും ആകുന്നു. ആക്കെങ്കിലും സാമ്പത്തികമായിട്ടൊ മറെറാ വല്ല കുറവും ഉണ്ടെങ്കിൽ അവർ നിരാശപ്പെടുകയൊ, കുറഞ്ഞവരെന്നു് വിചാരിക്കുകയൊ ചെയ്യേണ്ട ഗതികേടുകാണുന്നില്ല. ഓരോ കാലത്തും അവരവരുടെ ശക്തിയനുസരിച്ച് പരിശുദ്ധ കന്യാസ്ത്രീ അമ്മയുടെ കുറപ്പിൻപടി പള്ളിയ്ക്കുവേണ്ടി ബുദ്ധിമുട്ടുകയും സഹായിക്കുകയും തന്മൂലം അവർ അനുഗ്രഹം പ്രാപിക്കുകയും ചെയ്തിട്ടുണ്ട്. ചിലർ ഇടവകമാറുകയും, ദൂരദേശങ്ങളിൽ പോയി താമസിക്കുകയും, ചിലർ സഭ വിട്ടുപോവുകയും ചെയ്തിട്ടുണ്ടെങ്കിലും അവരുടെ എല്ലാം മാതൃഇടവക കുറുപ്പമ്പടി മർത്തമറിയം പള്ളിയാകുന്നു. അതിനാൽ ഈ പള്ളിയിൽ അതതുകാലത്തു്

ചുമതല വഹിക്കുന്നവർ മേല്പറഞ്ഞ സംഗതികളുടെ വെളിച്ചത്തിൽ മററുള്ളവരോട്ട് സമഭാവനയിൽ പെരുമാറുകയും, തങ്ങളെ ദൈവം ഭരമേല്പിച്ചിരിക്കുന്ന പള്ളി (ഇടവക) ജോലി ദൈവനാമ മഹത്വത്തിനും, ഇടവകയുടെയും പള്ളിയുടെയും അഭിവൃദ്ധിക്കും ആയി - എല്ലാവൎക്കും പ്രയോജനപ്രദമായി സ്വാൎത്ഥരാഹിത്യത്തോടുകൂടെ ചെയ്യേണ്ടതാകുന്നു. ഈ പള്ളിയിൽ യോഗ്യമല്ലാത്ത രീതിയിലൊ; സ്വാൎത്ഥ ഉദ്ദേശത്തിലൊ ആരെങ്കിലും ചുമതലകഠ വഹിക്കുകയൊ, പ്രവൎത്തിക്കുകയൊ ചെയ്തിട്ടുണ്ടെങ്കിൽ അതിനുതക്കവണ്ണം അതതുകാലത്തൊ പില്ക്കാലത്തൊ കഷ്ടനഷ്ടങ്ങഠ അനുഭവിച്ചതായി - അനുഭവിക്കുന്നതായി കാണുന്നു എന്നുള്ള മുഖവുരയോടുകൂടെ ഏതാനും ചില കുടുംബങ്ങളുടെ ചരിത്ര സംക്ഷേപം താഴെ ചേൎത്തുകൊള്ളുന്നു.

## 1. ആററുപുറം പൈലി

ഇദ്ദേഹം കടമററം പള്ളി സ്ഥാപിച്ച ആററുപുറം കുടുംബത്തിൽ പെട്ട ദേഹമാണ്. കടമററത്തു് മൂവാററുപുഴ ആറിൻെറ പുറത്തു് (തീരത്തു്) താമസിച്ചതിനാൽ ആററുപുറം എന്ന നാമധേയം ഉണ്ടായി. ഇവൎക്ക് കടമററത്തു് കൈസ്ഥാനവും കുഴിമാടവും ഉണ്ടായിരുന്നു. കുഴിമാടം എന്നുപറയുന്നതു് മുൻകാലങ്ങളിൽ ഓരോ കരയിൽ ഓരോ വീട്ടുകാൎക്കു ശവസംസ്ക്കാരം ചെയ്യുന്നതിനുള്ള സ്ഥലം ആകുന്നു. കടമററത്തു നിന്നും ആററുപുറം കുടുംബത്തിൽപെട്ട ജ്യേഷ്ഠാനുജന്മാരായ രണ്ടുപേർ പോന്നതിൽ ഒരാഠ കുറുപ്പമ്പടി പള്ളിക്കു വടക്കുവശവും മററെ ആഠ മലയാററൂരും താമസിച്ചു. പള്ളിക്കു് വടക്കുവശം താമസിച്ചിരുന്ന കുടുംബം പിന്നീട് ധനസ്ഥിതിയിൽ നല്ലനില പ്രാപിച്ചു. അവർ അവിടെ നിന്നും പുല്ലുവഴിയിൽ മാറി താമസിച്ചു. പഴയകൂർ പുത്തൻകൂർ വഴക്കുകാലത്തു് ആററുപുറം പുത്തൻകൂററിൽ കൈക്കാരനായിരുന്നു. ഇവരുടെ പുരയിടത്തിൽ താമസിച്ചിരുന്ന ചിലരെ ആററുപുറം എന്നുവിളിക്കാറുണ്ട്. പഴയകൂർ പുത്തൻകൂർ വഴക്കുകാലത്തു് ആററുപുറം പൈലി പള്ളിക്കുവേണ്ടി വളരെശക്തമായി പ്രവൎത്തിച്ചിട്ടുണ്ട്. അക്കാലത്തു് പള്ളയിലെ പല റിക്കാർട്ടുകളിലും അദ്ദേഹത്തിൻെറപേർ സ്ഥാനം പിടിച്ചിട്ടുണ്ട്. പുല്ലുവഴിയിൽ താമസിച്ചിരുന്ന ആററുപുറം പൈലിയും കല്ലറക്കൽ പൈലിതരകനും 959ൽ തന്നാണ്ടു കൈക്കാരന്മാർ ആയിരുന്നു.

960-ന ശേഷം ആററുപുറം പൈലിയും മററു കൈക്കാരന്മാരും ത
മ്മിൽ ഒരു വെൺകൽ പാത്രം സംബന്ധിച്ച് വഴക്കണ്ടായതിനാൽ
അദ്ദേഹം കൈസ്ഥാനം വച്ച് ഒഴിഞ്ഞു. ആററുപുറം പൈലിയുടെ
ഭവനം പിള്ളാലത്തു് പൊളിച്ച് ചെറുതായി പണിതിരിക്കുന്നു.
ഇപ്പോഠം ആ വീട്ടിൽ ദത്തു താമസം ആണ്.

## 2. പൊയ്ക്കാടനും ഉറുമിയാടനും

ഇവർ അങ്കമാലിയിൽ നിന്നു വന്നവരാണ്. ഇവരുടെ ജന്മം
മൂലൻ എന്നാണ്. വന്ന ആഠം കുറുപ്പമ്പടി പള്ളിയുടെ പടിഞ്ഞാറു
വശം അഞ്ഞാടിയിൽ താമസിച്ചിരുന്നു. പള്ളിയുടെ മതിലിനു പുറ
ത്തു് കാണുന്ന കിണർ ഇവരുടെ ആയിരുന്നു. ഇവിടെ വന്നശേഷം
ഇവരെ പൊയ്ക്കാടൻ എന്നു പറയുന്നു. 17-ാം ശതവർഷത്തിൽ ജീവി
ച്ചിരുന്ന വക്കിക്കു് ഉറുമീസ്, മാത്തു എന്നിങ്ങനെ രണ്ടു മക്കഠം.
മൂത്തമകൻ ഉറുമീസ് ഇരിങ്ങോഠം താമസമാക്കി. പൊയ്ക്കാട്ടിൽ ഉറു
മീസിൻെറ മക്കളെ സാധാരണ ഇപ്പോഠം വിളിച്ചു വരുന്നതു് ഉറുമി
യാടൻ എന്നാണ്. 968 മുതൽ പെരുമ്പാവൂർ പള്ളി ഉണ്ടാകുന്നതുവ
രെ ഉറുമീസിൻെറ കുടുംബത്തിൽപെട്ട പൊയ്ക്കാടൻ തുടച്ചയായി പ
ള്ളിയിൽ കൈസ്ഥാനം നോക്കിയിരുന്നു. അവരുടെ കൈസ്ഥാനകാ
ലത്തെപ്പററി പിന്നീടു പറയുന്നതാണ്. ഇപ്പോഠം ജീവിച്ചിരിക്കു
ന്ന ഉറുമിയാട്ടു് അച്ചൻ എന്നു പറയുന്ന പൊയ്ക്കാട്ടിൽ പൗലോസ് ക
ത്തനാർ ഈ കുടുംബത്തിൽപെട്ട ദേഹമാണ്. ഇദ്ദേഹം പെരുമ്പാ
വൂർ പള്ളി വികാരിയാണ്.

തറവാട്ടിൽ താമസിച്ചിരുന്ന പൊയ്ക്കാട്ടിൽ മാത്തുവിനു് വക്കി,
മാത്തു എന്നിങ്ങനെ രണ്ടുമക്കഠം. 943-ൽ ജീവിച്ചിരുന്ന ആനക്കുഴി
വിചാരിപ്പ് മാത്തു മാത്തുതരകൻ ഇദ്ദേഹമാണ്. ഇദ്ദേഹത്തിനു്
മക്കഠം ഇല്ലാത്തതിനാൽ സ്വത്തു് വക്കിയിൽ ലയിച്ചു. വക്കിക്കു്
ഇട്ടിമാത്തു, പുരവത്തു് കത്തനാർ, വക്കി എന്നിങ്ങനെ മൂന്നുമക്കഠം
ഉണ്ടായിരുന്നു. ഇവരുടെ കാലത്താണ് കുറുപ്പമ്പടി പള്ളിയിൽ
പഴയക്കൂർ - പുത്തൻകൂർ വഴക്കു് ശക്തിപ്പെട്ടതു്. ഈ കുടുംബത്തിൽ
പെട്ട എല്ലാവരും പുത്തൻകൂററിൽ ഉറച്ചുനിന്നതിനാൽ വഴക്കുകാല
ത്തു് പള്ളിവക പുത്തൻകൂററുകാരുടെ ജംഗമങ്ങഠം ഇവരുടെ വീട്ടിൽ
സൂക്ഷിച്ചിരുന്നു. ഇട്ടിമാത്തു കല്ലറക്കൽ വക്കിയുടെ മകളെ കല്യാ

ണം കഴിച്ച് വക്കിക്ക് ആൺമക്കരം ഉണ്ടാകുന്നതുവരെ അവിടെ താമസിച്ചിരുന്നു. വക്കിക്ക് പൈലി എന്നൊരു മകൻ ഉണ്ടായപ്പോരം കുറുപ്പമ്പടി അങ്ങാടിയിൽ കിഴക്ക് - താഴത്തു് ഒരു പുര പണിതു് അവിടെ താമസമാക്കി. വക്കി തറവാട്ടിൽ താമസിച്ചിരുന്നു. അങ്ങാടിയിൽ പടിഞ്ഞാറേ അററത്തു് കരവട്ട താമസിച്ചിരുന്ന വക്കിതരകൻെറ മക്കളെ കരവട്ടെ പൊയ്ക്കാടൻ എന്നും, അങ്ങാടിയുടെ കിഴക്ക് താഴത്ത താമസിച്ചിരുന്ന ഇട്ടിമാത്തുവിൻെറ മക്കളെ താഴത്തെ പൊയ്ക്കാടൻ എന്നും പറഞ്ഞുവരുന്നു. പൊയ്ക്കാട്ടിൽ മാത്തു മാത്തുതരകൻെറയും, പുരവത്തു് കത്തനാരുടെയും, ഇട്ടിതരകൻേറയും കാലത്തു് പൊയ്ക്കാട്ടിൽ കുടുംബം കുറുപ്പമ്പടി ഇടവകയിൽ സാമ്പത്തികമായും, സ്വാധീനംകൊണ്ടും വളരെ നല്ലനില പ്രാപിച്ചിരുന്നു. അക്കാലത്തു് കല്ലറക്കനും പൊയ്ക്കാടനും ഒരേനിലയിൽ എത്തിയിരുന്നതിനാൽ ''കല്ലറയ്ക്കനും പൊയ്ക്കാടനും'' എന്ന ഒരു പ്രശസ്തി അവക്കു ലഭിച്ചിരുന്നു. താഴത്തെ ഇട്ടിമാത്തുവിൻെറ മക്കളിൽ വക്കി കിഴക്കെ ഇരിങ്ങോളും, ചെറിയാൻ മാത്തു പുഴക്കാട്ടും, കോര താഴത്തെ അങ്ങാടിയിലും താമസിച്ചിരുന്നു. പൊയ്ക്കാട്ടിൽ കുടുംബം ഭാഗംചെയ്ത് പല ഭവനമായിതീന്നതിനാൽ ആ കുടുംബത്തിൽപ്പെട്ട ഏതെങ്കിലും ഒരാരം തുടർച്ചയായി പള്ളിയിൽ കൈസ്ഥാനം നോക്കിയിരുന്നു. ഈ കുടുംബത്തിൽ കൈക്കാരന്മാരായിരുന്നവരുടെയും പട്ടക്കാരന്മാരുടെയും ചരിത്ര ശകലങ്ങരം പിന്നീടു് പറയുന്നതാണു്.

### 3. കല്ലറക്കൽ തരകൻവീട്ടുകാർ. ജന്മം മൂലൻ.

ത്രിശിവപേരൂർ നിന്നു് ചില നമ്പൂരി കുടുംബങ്ങരം അങ്കമാലി അടുത്തു് നായത്തോട്ട് താമസിച്ചിരുന്നു. അവിടെ നിന്നു് ഒരു നമ്പൂരിയും അദ്ദേഹത്തിൻെറ ഭാര്യയും രായമംഗലത്തുവന്നു് താമസിക്കുകയും കുറുപ്പമ്പടി പള്ളിയിൽ വന്നു് ക്രിസ്തുമതം സ്വീകരിക്കുകയും ചെയ്തു. ക്രിസ്തുമതം സ്വീകരിച്ച ആരംക്ക് ഗീവറുഗീസ് എന്നു പേർ. ഗീവറുഗീസ് എന്നപദം ലോപിച്ചാണു് വക്കി. ഇവർ ആദ്യം താമസിച്ചിരുന്ന സ്ഥലത്തിനു് ഇപ്പോഴും മനയത്തുകുടി എന്നാണു് പേരു്. പില്ക്കാലത്തു് കല്ലറക്കൽ എന്ന നാമധേയം ഈ കുടുംബത്തിനു് ലഭിച്ചു. ഈ കുടുംബത്തിൽ ധാരാളം സമ്പത്തു് ഉണ്ടായി

രുന്നതിനാൽ ചിലപ്പോറം കവർച്ചക്കു് വിധേയമായിട്ടുണ്ടു്. ഈ കുടുംബപരമ്പരയിൽ പെട്ട ഒരാറം പുതുപ്പള്ളിയിൽ പോയി താമസിച്ചു. അവരെ കൊച്ചുപാറാട്ടു് എന്നുപറയുന്നു. പാറാട്ടുമെത്രാൻ ഈ കുടുംബത്തിൽ പെട്ട ദേഹമാണു്. ഒരാറം കാഞ്ഞിരപ്പള്ളിയിൽ താമസം. അവരെ ഇപ്പോഴും കല്ലറക്കൽ എന്നുതന്നെ പറയുന്നു. ഒരാറം തറവാട്ടിൽ തന്നെ താമസിച്ചിരുന്നു. ഈ കുടുംബത്തിൽ ചിലപ്പോറം ആൺമക്കറം ഇല്ലാത്തതിനാൽ ചിലർ ദത്തുതാമസിച്ചിട്ടുണ്ടു്. അതുപോലെ തുടർച്ചയായി ഏക ആൺമാത്രം ആയിരുന്നിട്ടുണ്ടു്. തന്നിമിത്തം കുടുംബസ്വത്തു് വർദ്ധിച്ചുതന്നെ വന്നു.

17-ാം ശതവഷ്ത്തിൽ ജീവിച്ചിരുന്ന കല്ലറക്കൽ പൈലിയുടെ മകൻ വക്കിക്കു് ആൺമക്കറം ഉണ്ടാകുന്നതുവരെ മകളുടെ ഭത്താവായ പൊയ്ക്കാട്ടിൽ ഇട്ടിമാത്തു കല്ലറക്കൽ താമസിച്ചിരുന്നു. പൈലി എന്ന ഏകമകൻ ഉണ്ടായപ്പോറം പൊയ്ക്കാട്ടിൽ ഇട്ടിമാത്തു കുറുപ്പമ്പടി താഴത്തെ അങ്ങാടിയിൽ പുരപണിയിച്ചു് അവിടെ താമസമാക്കി. വക്കിയുടെ മകൻ പൈലി തരകൻ 943-ൽ പഴയക്കൂർ - പുത്തൻകൂർ വഴക്കകാലത്തു് പുത്തൻക്കൂററിൽ നിന്നുകൊണ്ടു് കുറുപ്പമ്പടി പള്ളിക്കു വേണ്ടി വളരെ ശ്രമം ചെയ്തിരുന്നു. പൈലി എന്ന പേർ പൗലോസ് എന്നും അക്കാലത്തു് റിക്കാർട്ടുകളിൽ എഴുതാറുണ്ടു്. കല്ലറക്കൽ പൈലി തരകൻ പണംകൊണ്ടും സ്വാധീനം കോണ്ടും കുറുപ്പമ്പടി ഇടവകയിൽ മാത്രമല്ല യാക്കോബായ സഭയിൽ പൊതുവെ ഖ്യാതി സമ്പാദിച്ചിരുന്നു. 6-ാം മാത്തോമ്മായും (വലിയ മാർ ദീവന്നാസിയോസ്) പൈലിതരകനും ചാർച്ചക്കാർ ആയിരുന്നു. 6-ാം മാത്തോമ്മ നയനരോഗ ചികിത്സ വിദഗ്ധൻ ആയിരുന്നു. പൈലി തരകനെ കണ്ണുചികിത്സ അഭ്യസിപ്പിച്ചതു് 6-ാം മാത്തോമ്മയാണു്. കുറുപ്പമ്പടി പള്ളിയിൽ നിന്നും പഴയക്കൂററുകാരെ പിരിച്ചുവിടുന്നതിനു് പുത്തൻ തികയാത്തതിനാൽ കല്ലറക്കൽ പൈലിതരകൻ 6-ാം മാത്തോമ്മയോടു് ആഠായിരം പുത്തൻ കടംവാങ്ങിച്ചു് കൊണ്ടുവന്നു് പണം തികയ്ക്കുകയാണു് ചെയ്തതു്. ഈ കടം പിന്നീടു് പലിശയോടുകൂടെ ആറാം മാത്തോമ്മാ മെത്രാനു് പള്ളിയിൽ നിന്നും കൊടുത്തുതീത്തു. പൈലി തരകനു് ആൺമക്കറം ഇല്ലാത്തതിനാൽ അങ്കമാലിയിൽ അമ്പാട്ടു് പൈലി, തരകന്റെ മകളെ വിവാഹം ചെയ്തു ദത്തുതാമസിച്ചു. അതിനാൽ ഇപ്പോറം ഉള്ള കല്ലറക്കൽ തരകൻ വീട്ടുകാർ അമ്പാട്ടു് കുടുംബത്തിൽ പെട്ടവരാകുന്നു. ഈ അമ്പാട്ടു

പൈലിയുടെ സഹോദരപുത്രൻ ആണു് അമ്പാട്ടുമെത്രാച്ചൻ. കല്ലറക്കൽ ദത്തു താമസം അമ്പാട്ടു പൈലിതരകനു് 979-ൽ ഒരു മകൻ ജനിച്ചു. കോര എന്ന പേർ ഇട്ടു. M. E. 943-ൽ ജീവിച്ചിരുന്ന പൈലി തരകൻ 996-ൽ മരിച്ചു. 996 മുതൽ 1026 വരെ കല്ലറക്കൽ താമസം അമ്പാട്ടു പൈലി തരകൻ, പരേതനായ പൈലി തരകനു പകരം കുറുപ്പമ്പടി പള്ളിയിൽ കൈക്കാരൻ ആയിരുന്നു. പൈലി തരകൻ 1026-ൽ മരിച്ചതിനാൽ മകൻ കോരതരകൻ 1026 മുതൽ കൈസ്ഥാനം നോക്കിയിരുന്നു. പൈലി കോര തരകനു് പൈലി, വക്കി എന്നിങ്ങനെ രണ്ടു് ആൺമക്കരം. ഇതിൽ പൈലിയുടെ മകൻ കോരയുടെ മകനാണു് ആളോത്തുമാല ൽ കുഞ്ഞുപൗലോ. ഈകുടുംബം പിന്നീടു് സാമ്പത്തികമായും മററും വളരെ ക്ഷീണിച്ചു. രണ്ടാമൻ വക്കിക്കു് പൈലി, വക്കി എന്നിങ്ങനെ രണ്ടു് ആൺമക്കരം. ഇതിൽ പൈലിയുടെ മകൻ ആണു് എം. എൽ. എ. കോര തരകൻ. വക്കിയുടെ മകൻ വക്കി കല്ലറക്കൽ വലിയവീട്ടിൽ (തറവാട്ടിൽ) താമസിക്കുന്നു. ഇവരുടെ കുടുംബത്തിൽ പെട്ട ആരെങ്കിലും ഒരാരം തുടച്ചയായി ഇക്കാലംവരെ കുറുപ്പംപടി പള്ളിയിൽ കൈസ്ഥാനം നോക്കിയിരുന്നു. അതിനാൽ പള്ളിയുടെ സംക്ഷിപ്ത ചരിത്രത്തിൽ ഇവരെപ്പററിയും സംക്ഷിപ്തമായി താഴെ വിവരിക്കുന്നതാണു്.

## 4. അറക്കൽ വർക്കിതരകൻ.

അറക്കൽ കുടുംബത്തെപ്പററി മുമ്പു് പ്രസ്താവിച്ചിട്ടുണ്ടു്. അറയ്ക്കൽ പൈലിതരകനും കുടുംബവും റോമാ ശീശ്മക്കു് വിധേയമായി എങ്കിലും, അറക്കൽ കുടുംബത്തിൽപെട്ട ബാക്കി വീട്ടുകാർ പരിശുദ്ധ അന്ത്യോഖ്യാ പാത്രിയക്കീസിൻെറ കീഴിലുള്ള യാക്കോബായ സഭയിൽ (പുത്തൻകൂററിൽ) ഉറച്ചുനിന്നു. അതിൽ ഒരാളാണു് 941-ൽ ജീവിച്ചിരുന്ന അറക്കൽ വക്കിതരകൻ. അദ്ദേഹത്തിൻെറ മകൻ വക്കി 1004 വരേയും; വക്കിചാക്കൊ, 1044 വരേയും; വക്കി വർക്കി 1048 വരേയും; മാത്തുള്ള 1063 വരേയും; പിന്നീടു് 1064-മുതൽ ഐയ്പും, തുടർന്നു് വർക്കിമാത്തുള്ളയും കുറുപ്പമ്പടി പള്ളിയിൽ അറയ്ക്കൽ കുടുംബത്തിൽ നിന്നുള്ള കൈക്കാരന്മാർ ആയിരുന്നു. അറയ്ക്കൽ കുടുംബത്തിൽ അറക്ക, മഞ്ചേരി, മേയ്ക്കാലി മുതലായ

വീട്ടുകാർ ഉൾപ്പെടുന്നു. ഇപ്പോഴത്തെ മേയ്ക്കമാലി വീട്ടുകാർ മേയ്ക്കമാലിയിൽ ദത്തുതാമസിച്ച വെട്ടിക്കൽ കൂമുള്ളിൽ തൊമ്മന്റെ സന്താനങ്ങളാണ്. കുറുപ്പമ്പടി പള്ളിയിൽ കൈക്കാരനായിരുന്ന ആത്തുങ്കൽ ഇട്ടൂപ്പിന്റെ (ഈ എഴുത്തുകാരന്റെ അപ്പന്റെ അപ്പൂപ്പൻ) മകൾ അച്ചാരണിയെ വിവാഹം ചെയ്തിരുന്ന മേക്കമാലിൽ മത്തായി, 1082-ന ശേഷം കുറുപ്പമ്പടി പള്ളിയിൽ കൈക്കാരനായിരുന്നു.

## 5. ആത്തുങ്കൽ കുടുംബം

എടശ്ശേരി എന്നു് ജന്മനാമമുള്ള ആത്തുങ്കൽ കുടുംബത്തെപ്പററി മുമ്പ് പറഞ്ഞിട്ടുണ്ട്. മുൻകാലങ്ങളിൽ (എന്റെ ഓർമ്മയിൽ) കല്യാണം വിളിച്ചുചൊല്ലുമ്പോൾ ഭവനനാമധേയത്തേക്കാൾ പ്രാധാന്യം ജന്മനാമം ആയിരുന്നു. 943-ൽ ജീവിച്ചിരുന്ന ആത്തുങ്കൽ (എടശ്ശേരി) പൈലിയുടെ മകൻ ഇട്ടൂപ്പ് പുഴക്കാട്ട് താമസിച്ചിരുന്നു. അദ്ദേഹം വിവാഹം ചെയ്തിരുന്നതു് അകപ്പറമ്പിൽ പൈനാടത്തു് ഇട്ടിക്കയ്യന്റെ മകൾ എളച്ചിയെ ആയിരുന്നു. ഇട്ടൂപ്പിനു് കുടുംബവകയായി പുഴക്കാട്ടും നെടുങ്ങപ്രയും ധാരാളം നിലംപുരയിടം ഉണ്ടായിരുന്നതു കൂടാതെ വേങ്ങൂർ 40പറക്കു് നിലം സ്ത്രീധനമായി ലഭിച്ചിരുന്നു. എടശ്ശേരി എന്നു് ജന്മനാമമുള്ള ആത്തുങ്കൽ കുടുംബത്തിന്റെ വംശാവലി 1949ൽ ഞാൻ അച്ചടിച്ചുപ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇട്ടൂപ്പ് M. E. 1006 വരേയും, ഇട്ടൂപ്പിന്റെ മകൻ ഇട്ടിക്കയ്യൻ 1051വരേയും, ഇട്ടിക്കയ്യന്റെ മകൻ ഇട്ടൂപ്പ് 1075 വരേയും, ഇട്ടൂപ്പിന്റെ പുനർവിവാഹത്തിലെ മകൻ ഇട്ടിക്കയ്യൻ 1084 വരെയും കുറുപ്പമ്പടി പള്ളിയിൽ കൈക്കാരനായിരുന്നു. അക്കാലമായപ്പോഴേക്കും ഈ ഭവനം സാമ്പത്തികമായി വളരെ അധഃപതിച്ചതിനാൽ ഇട്ടിക്കയ്യൻ കൈസ്ഥാനം വച്ചൊഴിയുകയാണ് ചെയ്തതു്.

1006 വരെ ജീവിച്ചിരുന്ന ഇട്ടൂപ്പിന്റെ മകൾ അച്ചണ്ണിയെ, അങ്ങാടിയിൽ നിന്നും മാറി അല്ലപ്ര താമസിച്ചിരുന്ന മരങ്ങാട്ട് വക്കിയുടെ മകൻ ഐപ്പ് വിവാഹം ചെയ്തു. പത്തുപറയ്ക്കു് നിലം സ്ത്രീധനമായി കൊടുത്തിരുന്നു. അല്ലപ്ര ഉള്ള മരങ്ങാടൻമാർ ഇവരുടെ മക്കളും ആണ്. 1055 വരെ ജീവിച്ചിരുന്ന ഇട്ടിക്കയ്യന്റെ മകൾ എളച്ചാരെ അകപ്പറമ്പിൽ മങ്ങാട്ടംപള്ളി പൗലോസ് വിവാഹം ചെ·

യ്തു. അവക്ക് ഏക സന്തതി ആയിരുന്ന മകളെ വയൽപറമ്പിൽ വക്കീൽ കുഞ്ഞുചാക്കൊ വിവാഹം ചെയ്തു. ഇവരുടെ മകനാണ് ചാണ്ടി വക്കീൽ. ഇട്ടിക്കയ്യന്റെ മകളും ഇത്താണ്ടയെ പാത്തിക്കൽ മാത്തു വിവാഹം ചെയ്തു. ഇവരുടെ പൗത്രനാണ് ബ: പാത്തിക്കൽ അച്ചൻ. 1074 വരെ കൈസ്ഥാനം നോക്കിയിരുന്ന ഇട്ടൂപ്പ് ആദ്യ വിവാഹം ചെയ്തിരുന്നതു് നെടുങ്ങപ്ര പുതുശ്ശേരി വക്കിയുടെ മകൾ മറിയത്തിനെ ആണ്. പുതുശ്ശേരി വർക്കിയുടെ സഹോദരിയെ മററമനയിൽ വിവാഹം ചെയ്തിരുന്നു. അവരുടെ പൗത്രനാണ് കുറുപ്പംപടി പള്ളി വികാരി ബ: മററമന അച്ചൻ. പുതുശ്ശേരി വർക്കിയുടെ പൗത്രനാണ് ബഹുമാനപ്പെട്ട പുതുശ്ശേരിയിൽ അച്ചൻ. പുതുശ്ശേരിയിൽ നിന്നു വിവാഹം ചെയ്ത ആത്തുങ്കൽ ഇട്ടൂപ്പിന്റെ മകൻ വക്കി തങ്കളത്തു പുത്തേത്തു പൈലിയുടെ മകൾ എളച്ചിയെ വിവാഹം ചെയ്തു. എളച്ചിയുടെ പിതൃ സഹോദരൻ ബ: പുത്തേത്തു് അച്ചൻ കോതമംഗലം പള്ളിയിലെ വികാരി ആയിരുന്നു. ആത്തുങ്കൽ വക്കിയുടെ മകൻ ഇട്ടൂപ്പ് ഈ എഴുത്തുകാരന്റെ പിതാവാണ്. ഈ കുടുംബത്തിലെ ചില ചരിത്രശകലങ്ങൾ കുറുപ്പംപടി പള്ളിയുടെ ചരിത്രത്തിൽ അങ്ങും ഇങ്ങും നിലകൊള്ളുന്നു.

## 6. കോച്ചേരി

പഴയക്കൂർ പുത്തൻകൂർ വഴക്കുകാലത്തു് ജീവിച്ചിരുന്ന രണ്ടു വ്യക്തികളാണ് കോച്ചേരി ചെറിയതരകനും കോച്ചേരി തൊമ്മനും. കൂടാതെ 978-ൽ കോച്ചേരി വക്കി എന്ന ഒരാൾ ജീവിച്ചിരുന്നു. ഇവരുടെ എല്ലാം മക്കൾ കുറുപ്പംപടി ഇടവകയിൽ രായമംഗലം, ഇരിങ്ങോൾ, പ്രളയിക്കാട്, അശമന്നൂർ ഭാഗങ്ങളിലായി താമസിച്ചിരുന്നു. കോച്ചേരികുളം, കോച്ചേരി പാടം എന്നും മററും അറിയപ്പെടുന്ന സ്ഥലങ്ങൾ ഇവരുടെ വക ആയിരുന്നു. പഴയക്കൂർ പുത്തൻകൂർ വഴക്കുകാലത്തു് 943-ൽ കരവരി ഇട്ടതിൽ കോച്ചേരി ചെറിയ തരകൻ 1000 പുത്തനും, കോച്ചേരി തൊമ്മൻ 75 പുത്തനും കൊടുത്തു. കരവരി ഇട്ടതിൽ കുടിശ്ശിഖ വരുത്തിയവരുടെ പണം പിരിക്കുന്നതിനു് 947-ൽ കോച്ചേരി ചെറിയ തരകനേയും ആററുപുറം പൈലിയേയും ചുമതലപ്പെടുത്തി. 973 വരെ ജീവിച്ചിരുന്ന ചെറിയ തരകനു് ആൺമക്കൾ ഇല്ലാത്തതിനാൽ മകളെ അറയ്ക്കപ

റമ്പിൽ മാത്തു വിവാഹം ചെയ്തു് ദത്തുതാമസിച്ചു. മാത്തുവിൻെറ മകൻ ചെറിയാൻ-ചെറിയാൻെറ മകൻ മാത്തുവിനു് ചെറിയ, മാത്തു എന്നിങ്ങനെ രണ്ടു ആൺ മക്കൾ ഇതിൽ മാത്തു ഇപ്പോൾ കുറുപ്പമ്പടി പള്ളിയിലെ കൈക്കാരൻ ആണു്. ഇദ്ദേഹത്തിൻെറ മകനാണു് ഡോക്ടർ കെ. എം. ചാക്കൊ.

## 7. പടയാട്ടിൽ വർക്കിയുടെ കുടുംബം

പഴയകൂർ പുത്തൻകൂർ വഴക്കുകാലത്തു് കപ്യാർമാത്തു പഴയതിൽ ചേർന്നതിനാൽ അതിനുപകരം പടയാററിൽ വക്കിയെ പുത്തൻകൂററിൽ കപ്യാരായി നിയമിച്ചു. 1018ലെ അവരുടെ ഒരു ഓലയിൽ-അവരുടെ റിക്കാർട്ടിൽ ഇപ്രകാരം കാണുന്നു. ''കുറുപ്പമ്പടിക്കൽ അങ്ങാടിയിൽ പടയാററിപറമ്പിൽ നസ്രാണി കോരതു വർക്കി''. ഇവരുടെ ജന്മം കരയാററിൽ എന്നു് പറയപ്പെടുന്നു. 943ൽ ജീവിച്ചിരുന്ന കപ്യാർ വക്കിയുടെ നാലു് ആൺമക്കളിൽ 1) ഇത്താപ്പിരി താണിയേലിമാലിൽ താമസിച്ചിരുന്നു. 2) രണ്ടാമൻ വക്കി ചിറയുടെ കരയിൽ താമസിച്ചതിനാൽ ചിറങ്ങരപടയാട്ടി എന്നു വിളിക്കപ്പെടുന്നു. ഇദ്ദേഹവും പള്ളിയിൽ കപ്യാർ ആയിരുന്നു. 3) തറവാട്ടിൽ താമസിച്ചിരുന്ന കോരതു് പാറക്കമാത്തു കത്തനാരുടെ ജ്യേഷ്ഠൻെറ മകളെ വിവാഹം ചെയ്തു. ഇദ്ദേഹവും കപ്യാർ ആയിരുന്നു. 4) നാലാമത്തെയാൾ വട്ടൂർ താമസിച്ചു. ഈ കുടുംബം അന്യം നിന്നുപോയി.

മൂന്നാമൻ വക്കി കോരതിനു് വക്കി, പൈലി, മാത്തുള്ള, ഇത്താപ്പിരി കത്തനാർ (1-ാമൻ) എന്നിങ്ങനെ നാലു മക്കൾ. നാലാമൻ ഇത്താപ്പിരി കത്തനാർ അവിവാഹിതൻ ആയിരുന്നു. ഇദ്ദേഹം 1017 മുതൽ പള്ളിയിൽ വികാരി ആയിരുന്നു. 1063-ൽ മരിച്ചു. ഒന്നാമൻ വക്കി പള്ളിയിൽ കപ്യാർ ആയിരുന്നു. ഇദ്ദേഹത്തിനു് കോര, മാത്തുള്ള, പൗലോസ്, ഇത്താപ്പിരി കത്തനാർ (2-ാമൻ) എന്നിങ്ങനെ നാലു മക്കൾ.

ഇതിൽ 1-ാമൻ കോരതിൻെറ മകനാണു് പരേതനായ അറയ്ക്കൽ അച്ചൻ.

വക്കിയുടെ മകൻ കോരതിൻെറ 2-ാമത്തെ മകൻ പൈലിയുടെ മക്കളെ തുമ്മാരട്ടെ പടയാട്ടി എന്നു പറയുന്നു. ഇവക്കും കപ്പിതാം

ഉണ്ടായിരുന്നു. മൂന്നാമത്തെ മകൻ കപ്യാർ മാത്തുള്ളക്കു് കോര, മത്തായി ഇത്താപ്പിരി മൂന്നു മക്കൾ. ഇതിൽ ഒന്നാമത്തെ മകൻ കപ്യാർ കോരയുടെ മകനാണു് ഇപ്പോഴത്തെ കപ്യാർ പടയാട്ടിൽ വക്കി ഇദ്ദേഹത്തിനു് ആൺമക്കൾ ഉണ്ടായിരുന്നില്ല. ഒരു മകളെ താണിയേലിമാലി വക്കിമാത്തു വിവാഹം ചെയ്തു. ഈ വക്കി മാത്തു കുറുപ്പമ്പടി എം. ജി. എം സണ്ടേസ്കൂളിൻെറ സ്ഥാപകനും, ഹെഡ്മാസ്റ്ററും, കുറുപ്പമ്പടി പള്ളിയിലെ കൈക്കാരനും സാമൂഹ്യ പ്രവൎത്തകനും ആയിരുന്നു. അങ്കമാലി ഭദ്രാസന ഇടവകയുടെ പൗലോസ് മാർ അത്താനാസിയോസ് തിരുമേനിയുടെ ആഗ്രഹപ്രകാരം തിരുമേനിയോടൊന്നിച്ചു് കോട്ടപ്പടി, ചേലാട്ടു് മുതലായ അയൽ പള്ളികളുടെ വഴക്കുകൾ തീൎക്കുന്നതിനു അദ്ദേഹം ചെയ്ത ശ്രമങ്ങൾ സ്തുത്യർഹം തന്നെ.

വക്കിയുടെ മകൻ ഇത്താപ്പിരി കത്തനാർക്കു് (2-ാമൻ) 1045. മുതൽ കുറുപ്പമ്പടി പള്ളിയിൽ വികാരിത്വം ഉണ്ടായിരുന്നു. ഇദ്ദേഹത്തിനു ഇസ്സാക്കു കത്തനാർ, വക്കി എന്നിങ്ങനെ രണ്ടു ആൺമക്കൾ. ഇതിൽ വക്കി വേങ്ങൂർ താമസം. ഒന്നാമത്തെ മകൻ ഇസ്സാക്കു കത്തനാർ, 1049 കൎക്കടകം 21-ാം തീയതി ജനിച്ചു. ഇദ്ദേഹം കുറുപ്പമ്പടി പള്ളിയിലെ വികാരി ആണു്. ഇദ്ദേഹം ഈ എഴുത്തുകാരൻെറ മല്പാന്മാരിൽ ഒരാളും, ഈ ചരിത്രം എഴുതുന്നതിനു് എനിക്കു് പ്രോത്സാഹനംതന്ന ആളും ആകുന്നു. ഇദ്ദേഹത്തിനു് ധാരാളം വൈദീക വിദ്യാൎത്ഥികൾ ഉണ്ടു്. വേദപുസ്തകത്തിൽ നല്ല പാണ്ഡിത്വവും ഉണ്ടു്.

## ഭാഗം 3.

## എട്ടുവീട്ടുകാരുടെ അനിശ്ചിത കൈസ്താന ഭരണകാലം.

### A. D. 1770-1798 നു് M. E. 945-973.

മുൻ കൈക്കാരന്മാരിൽ നാലു വീട്ടുകാർ പഴയകൂറ്റിൽ (റോമാ സമുദായത്തിൽ) ചേൎത്തതിനാൽ, വേറെ നാലു വീട്ടുകാരെക്കൂടെ ചേൎത്തു് പള്ളിഭരണം നടത്തിവന്നു. പഴയകൂറ്റുകാരുടെ ഓഹരികൊടു

ത്തു് അവരെ പള്ളിയിൽ നിന്നും പിരിച്ചുവിട്ടശേഷം കുറച്ചു വഷം കൂടെ മുൻപറഞ്ഞ 4+4 വീട്ടുകാർ തന്നെ കൈസ്ഥാനജോലി ചെയ്തുവന്നു. അവരുടെ പേരു വിവരം മുകളിൽ ചേർത്തിട്ടുണ്ടു്. അക്കാലത്തെ ദേശകാല സ്ഥിതിഗതികൾ താഴെ ചേർക്കുന്നു.

### 1. മരാമത്തുകൾ

945-ാംആണ്ടു് (1769) കുറുപ്പംപടി പള്ളിയിൽ പുത്തൻകൂറുകാക്കു് ഒരു ശുഭവത്സരം ആയിരുന്നു. അമ്പതുവഷക്കാലമായി പള്ളിയിൽ രണ്ടുകക്ഷികൾ ഉണ്ടായിരുന്നതിൽ പഴയക്കൂറുകാർ 945 ധനു 13-ാം തീയതി ഇറങ്ങിപ്പോവുകയും പള്ളിമുഴവനായി പുത്തൻകൂറുകാരായ യാക്കോബായക്കാക്കു് ലഭിക്കുകയും ചെയ്തു. സാധുവായ കൈവെപ്പ് ഇല്ലാതിരുന്ന 6-ാം മാത്തോമ്മാക്കു് ശീമബാവന്മാർ 945-ൽ മാർ ദിവന്നാസിയോസ് എന്ന പേരിൽ കൈവെപ്പ് നല്കി. കാസാ സംബന്ധിച്ചു് പഴയക്കൂറുകാർ കൊടുത്തിരുന്ന കേസിലും പുത്തൻകൂറുകാർ വിജയംപ്രാപിച്ചു. മാത്താണ്ഡവമ്മ മഹാരാജാവു് 5-ാം മാത്തോമ്മയുടെ എന്നപ്രകാരം രാമവമ്മ (ധമ്മരാജാവു്) 6-ാം മാത്തോമ്മയുടെ സമകാലീനൻ ആയിരുന്നു. ഈ കാലഘട്ടത്തോടടുത്താണു് മോണംകുന്നം മുതലായ ചിലവീട്ടുകാർ പ്രളയിക്കാട്ടു് താമസമാക്കിയതു്.

പള്ളി യാക്കോബായക്കാക്കു് ഒഴിഞ്ഞുകിട്ടിയശേഷം അവരുടെ ചിന്ത പള്ളി അഭിവൃദ്ധിപ്പെടുത്തുന്ന കാര്യത്തിൽ ആയിരുന്നു. 945-ൽ വെള്ളിക്കാസ പണിയിക്കുകയും 947-ൽ മദ്ബഹായുടെ കേടുപാടുകൾ പോക്കുകയും, ഓടുമേയുകയും, പള്ളിക്കു് ഒരു പെട്ടകം ഉണ്ടാക്കുകയും ചെയ്തു.

### 2. ആറാം മാർത്തോമ്മ (വലിയ മാർ ദിവന്നാസ്യോസ്)

ഇദ്ദേഹത്തിൻെറ ശ്രദ്ധയും ഈ പള്ളിയിൽ പതിഞ്ഞിരുന്നു. മെത്രാച്ചനു് പള്ളിയിൽനിന്നും ചെല്ലേണ്ട ഇനങ്ങൾ പിരിക്കുന്നതിനു് തിരുമനസ്സിലെ ചെറിയ കുഞ്ചുകുട്ടനെ അയച്ചിരുന്നു. ഈ ജോലി നിർവ്വഹിച്ചുവന്നതു് കടച്ചൂർ മാത്തനാണു്. തിരുമനസ്സിലെ സാധനം എത്തിക്കുന്നതും ഈ മാത്തൻ തന്നെയായിരുന്നു. ഇക്കാല

ത്തു് കല്പന എന്നുപറയുന്നതിനു് അക്കാലത്തു് സാധനം എന്നാണു് പറയുക. മല്പാനച്ചൻ, മൂപ്പച്ചൻ മുതലായവരുടെ കല്പനകൾക്കും സാധനം എന്നാണു് റിക്കാർട്ടിൽ കാണുന്നതു്. മാത്തനും കൂടെയുള്ളവരും പള്ളിയിൽ താമസിക്കുമ്പോൾ ചെലവുകൾ പള്ളിയിൽ നിന്നുതന്നെ വഹിച്ചിരുന്നു. അക്കാലത്തു് മലങ്കരയിൽ ഒരു മെത്രാൻ മാത്രം ആയിരുന്നതിനാലും, അദ്ദേഹം ജാതിക്കു് കർത്തവ്യൻ ആയിരുന്നതിനാലും അക്കാലങ്ങളിലെ മെത്രാന്മാർ രാജകീയ പ്രൗഢിയിലാണു് പെരുമാറിയിരുന്നതു്. 953-ൽ തിരുമേനി ഈ പള്ളിയിൽ എഴുന്നെള്ളിയിരുന്നു് പള്ളിക്കാര്യങ്ങളിൽ ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തു. തിരുമേനിയുടെ എഴുന്നെള്ളത്തിനു് തോരണങ്ങൾ തൂക്കുകയും, വാദ്യമേളങ്ങൾ നടത്തുകയും, പാവാട വിരിക്കുകയും മററും ചെയ്തു. ഇക്കാലത്തു് കപ്പിത്തം നോക്കിയിരുന്നതു് പടയാററിൽ വക്കീയാണു്.

ശീമക്കാരൻ മാർ ഈവാനിയോസും, മലങ്കരയുടെ മാർ ദീവന്നാസിയോസും യോജിച്ചു് സഭാകാര്യങ്ങൾ നടത്തിവന്നു. സുറിയാനി പട്ടക്കാരുടെ വിവാഹം പുനസ്ഥാപിക്കുന്നതിനു് ശീമയിൽ നിന്നുവന്ന തിരുമേനിമാർ ശ്രമിച്ചതിൻെറ ഫലമായി വടക്കുള്ള ചില കത്തനാരന്മാരെക്കൊണ്ടു് (പട്ടക്കാരെ) വിവാഹം കഴിപ്പിച്ചു. കാട്ടുമങ്ങാടൻ മെത്രാൻപട്ടം ഏററതു ഇക്കാലത്താണു്. തൽഫലമാ അഞ്ഞൂറു് ഒരു മെത്രാനും മെത്രാസന ഇടവകയും ഉണ്ടാകുന്നതിനു് ഇടയായി.

## 3. രാഷ്ട്രീയ സ്ഥിതിഗതികൾ

മാർത്താണ്ഡവർമ്മ മഹാരാജാവു് രാജ്യം പിടിച്ചടക്കി എങ്കിലും രാമവർമ്മ മഹാരാജാവിൻെറ കാലത്താണു് രാജ്യത്തു് പരിപൂർണ്ണ സമാധാനം ഉണ്ടായതു്. 966-ൽ (1791) ഉണ്ടായ ടിപ്പുവിൻെറ ആക്രമണം കുന്നത്തുനാട്ട താലൂക്കിൽ ഉള്ളവരെ ഭയവിഹ്വലരാക്കിതീർത്തു. അതിനെ തുടന്നു് അദ്ദേഹത്തിൻെറ പേരു പറഞ്ഞു് പല കവർച്ചക്കാർ കുറുപ്പുമ്പടി ഇടവകയിൽപ്പെട്ട പല വീടുകളും കവർച്ചചെയ്തിട്ടുണ്ടു്. അതിനാൽ അടുത്തകാലംവരെ ടിപ്പു എന്നു കേട്ടാൽ കുട്ടികൾക്കുടെ ഭയപ്പെടുമായിരുന്നു.

മാത്തുതരകൻെറ കാലത്തു് വാടമുറിച്ചു് വടക്കുനിന്നു് ആനകളെ കടത്തി വിട്ടതിനാൽ വേങ്ങൂർ മല പ്രദേശത്തു് താമസിച്ചിരു

ന്ന ജനങ്ങൾ തെക്കെ കരകളിലേക്കു് അതായതു് നെട്ടങ്ങപ്ര, പുഴക്കാട്ടു്, മുടക്കുഴ മുതലായ ഭാഗങ്ങളിലേക്കു് മാറിതാമസിച്ചു. അതിനാൽ വേങ്ങൂർ പ്രദേശം ഈ എഴുത്തുകാരനു് ഓർമ്മവയ്ക്കുന്ന കാലം വരെ കാട്ടാന, കടുവ, പന്നി, മാൻ മുതലായ കാട്ടുമൃഗങ്ങളുടേയും, വൻമരങ്ങളുടേയുംവാസസ്ഥാനമായിതീൎന്നു. ടിപ്പുവിൻെറ ആക്രമണം കഴിഞ്ഞു് ബ്രിട്ടീഷ്ഭരണത്തോടുകൂടെ ഇക്കാലം (1118) വരെ സമാധാനപരമായി ജീവിക്കുന്നു എന്നു പറയാം. തന്നിമിത്തം ജനപ്പെരുപ്പം, സ്ഥിരതാമസം, സ്ഥിരദഹണ്ഡം, വിദ്യാഭ്യാസം മുതലായ സംഗതികളിൽ വളരെ അഭിവൃദ്ധി പ്രാപിച്ചുവരുന്നു. അക്കാലത്തെ കണ്ടെഴുത്തു് സമയത്തു് പലരും കരത്തെ ഭയന്നു് തങ്ങൾ ദഹണ്ഡിച്ചു കൈവശം വച്ചിരുന്ന നിലം പുരയിടങ്ങൾ ജന്മിമാരുടേയും ദേവസ്വങ്ങളുടേയും പേരിൽ ആക്കിതീൎത്തു. ഇപ്രകാരം ചില നമ്പൂരിമാർ ജന്മിമാരായി-ധനാഢ്യന്മാരായിതീൎന്നു. കണ്ടെഴുത്തു നടത്തിയവൎക്കു് വല്ലവരോടും വിരോധം ഉണ്ടായാൽ കരംകൊടുത്തു ഭാരപ്പെടവാൻവേണ്ടി അവരുടെപേരിൽ നിലങ്ങളും പുരയിടങ്ങളും എഴുതിതള്ളിവിട്ടിരുന്നു. തൽഫലമായി പലരും ധനവാന്മാരായിതീൎന്നു. ചിലരുടെ വസ്തുക്കൾ ദേവസ്വങ്ങളുടേയും ജന്മിമാരുടേയും പേരിൽ മനപൂർവ്വം എഴുതിപ്പോയി 943-ൽ ജീവിച്ചിരുന്ന അറക്കൽ പൈലിതരകൻെറ വസ്തുക്കൾ ഇപ്രകാരം അന്യാധീനപ്പെട്ടുപോയതായി പറയുന്നു.

## 4. കുളങ്ങര അകത്തൂട്ടു് ഭവനം (തുടച്ച്)

കുറുപ്പമ്പടി പള്ളിയുടെ ചരിത്രത്തിൽ കുളങ്ങര അകത്തൂട്ടു് ഭവനത്തിനു് പ്രഥമ സ്ഥാനമാണുള്ളതു്. ഈ ഭവനത്തെപ്പററി 2-ാം അദ്ധ്യായം 2-ൽ പറഞ്ഞിരിക്കുന്നതിനു പുറമെ അതിനുശേഷമുള്ള ചുരുങ്ങിയ ചരിത്രം താഴെ ചേൎക്കുന്നു.

കുറുപ്പമ്പടി മൎത്തമറിയം പള്ളിക്കും ഇടവകക്കാൎക്കും പലവിധത്തിൽ സങ്കേതമായിരുന്ന കുളങ്ങര അകത്തൂട്ടു് ഭവനത്തിൽ 943-ൽ ജീവിച്ചിരുന്ന പണിക്കരച്ചൻ പഴയകൂററുകാരോടു് പാർട്ടിചേർന്നു പ്രവൎത്തിച്ചു. അതിനെതുടർന്നു് ഈ ഭവനത്തിനു് സാരമായ ക്ഷീണം ഭവിച്ചിട്ടുണ്ടു്. ആയുധാഭ്യാസം നടത്തിക്കൊണ്ടിരുന്നതു് ഒരു കളരിയിൽ വച്ചാണു്. ഈ കളരി ഇപ്പോഴും സൂക്ഷിച്ചുവരുന്നു. ആ

യുധാഭ്യസനം നിറുത്തിയപ്പോറം തങ്ങളുടെ ഉടവാറം പരദേവതാ വി ഷയമാക്കി കളരിയിൽവച്ച് പൂജനടത്തിവരുന്നു. ഈ കുടുംബത്തിൽ M. E. 900-നുമുമ്പ് സ്ത്രീകറം ഇല്ലാതിരുന്നപ്പോറം ''ആയക്കുന്നത്തു നായർ പ്രഭു'' വിൻെറ വീട്ടിൽ നിന്നും ഒരു സ്ത്രീയെ ദത്തെടുത്തു. (അടുത്തകാലംവരെ മരുമക്കത്തായ ക്രമമാണല്ലൊ ഈ ദേശത്തു് നായന്മാക്കു് ഉണ്ടായിരുന്നതു്.) ഇവരുടെ സന്തതിയാണു് ഇപ്പോഴുള്ള കുളങ്ങര അകത്തുട്ടുകാർ. 943ൽ ഇവർ പഴയക്കൂറുകാക്കു് അനുകൂലം നിന്നതിനാൽ കുറുപ്പമ്പടിയിൽ ഉള്ളവരുടെ പ്രാബല്യം കുറയുന്നതിനു് ഇടവന്നു. രണ്ടുപള്ളിയിൽ (മുടക്കിരായി-കുറുപ്പമ്പടി) നിന്നും ഇവക്കു് അഞ്ചേകാലും കോപ്പും ലഭിച്ചിരുന്നതുകൂടാതെ ഓരോ മണവാളനിൽനിന്നു് 4ചക്രം (1പണം) വീതം ദക്ഷിണയും ലഭിച്ചിരുന്നു.

950-ൽ ഈ ഭവനം നാലായി ഭാഗംകഴിച്ചു. (1) ഒരാറം തറവാട്ടിലും (2) മറേറയാറം കിഴക്കെ കോതമംഗലത്തു് നെല്ലിക്കുന്നേലും (3) ഒരാറം തങ്കളത്തു് കുവളംകുഴിയിലും (4) വേറൊരാറം വെങ്ങോല ഉദയംകുഴിയിലും താമസമാക്കി. ഇവർ പിരിയുന്നതിനുമുമ്പ് കടമററം, എളമ്പ്ര, തൃക്കാരിയൂർ, പായിപ്ര, മേതല, വേങ്ങൂർ, രായമംഗലം, വെങ്ങോല മുതലായ ദേശങ്ങളിൽ ഒട്ടധികം വസ്തുക്കറം ഉണ്ടായിരുന്നു. ഇതിൽ നെല്ലിക്കുന്നേൽ ഭവനം അന്യംനിന്നു. ടി. വക സ്വത്തു് മിക്കവാറും പൂഞ്ഞാററി തമ്പുരാനും ലഭിച്ചു.

കുളങ്ങര അകത്തൂട്ടു് തറവാട്ടു് വീണ്ടും 1015-ൽ തറവാട്ടു്, പുരവത്തി, പുത്തൻമഠം എന്നിങ്ങനെ മൂന്നായി തിരിഞ്ഞു. പുരവത്തിൽ നിന്നാണു് വേങ്ങൂർ നെല്ലിപ്പിള്ളി പിരിഞ്ഞുപോയതു്. എളമ്പ്രഉള്ള കുവളംകുഴി അകത്തൂട്ടുകാരും പിരിയുകയുണ്ടായി. ഈ പിരിച്ചിലിനുമുമ്പു് തച്ചേത്തു മൂന്നാംകൂറു കൈമ്മറം കുളങ്ങര അകത്തൂട്ടു് നാരായണി കുഞ്ഞമ്മക്കു് സംബന്ധം ആയിരുന്നു. നാരായണിക്കു് ലക്ഷ്മി, സുഭദ്ര, ഇച്ചപ്പിള്ള എന്നിങ്ങനെ മൂന്നു മക്കറം. ലക്ഷ്മി 1001-ൽ ജനിച്ചു. ലക്ഷ്മിയുടെ കാലത്തു് വീണ്ടും 1051-ൽ മൂന്നായി പിരിഞ്ഞു. 1) തറവാട്ടു് 2) വടക്കഞ്ചേരി അകത്തൂട്ടു് (പായിപ്ര) 3. കൂരാളികോട്ട (മേതല). ലക്ഷ്മി കുഞ്ഞമ്മയ്ക്കു് പാപ്പി പാറു എന്നിങ്ങനെ രണ്ടുമക്കറം. 1085-ൽ വീണ്ടും ഇവർ തമ്മിൽ പിരിഞ്ഞു. പാപ്പിയുടെ ശാഖതറവടിനു് തെക്കു് 1070 ൽ

പണിചെയ്ത കരവട്ടെ വീട്ടിലും, പാറുവിൻെറ ശാഖ തറവാട്ടിലും താമസിക്കുന്നു. ആധുനികകാലത്തു് കരവട്ടെ അകത്തൂട്ടുകാർ ധന സ്ഥിതിയിലും അഭിമാനത്തിലും പ്രബലതയിൽ കഴിഞ്ഞുകൂടുന്നു.

ഇപ്രകാരം പലപിരിച്ചിലുകളാലും, സർവ്വേശ്വരൻ സ്വത്തും പ്രതാപവും മാറി മാറി ഓരോരുത്തർക്കു് കൊടുക്കുന്നു എന്നതിൻെറ ലക്ഷ്യമായും അനേകനാരം പ്രാഭവത്തിൽ ഇരുന്ന കുളങ്ങര അകത്തൂട്ട് തറവാട്ട് - അനേകം ക്രിസ്ത്യാനികളുടെയും നായന്മാരുടെയും ഭക്തി ഹേതുവായിരുന്ന ഈ ഭവനം-പല രാജാക്കന്മാരേയും ഇടപ്രഭുക്കന്മാരെയും സഹായിച്ചിരുന്ന ഈ ഗൃഹം - ഇപ്പോൾ ഇതിൽ പല ശാഖകളും വളരെ ക്ഷീണിച്ചുപോയിട്ടുണ്ടു്. ശ്രാമ്പി (മാളിക) ആയിരുന്ന തറവാട്ടുപെ ക്കംകുറച്ചു് ചെറുതാക്കി മേഞ്ഞുകൊണ്ടിരിക്കുന്നു. ആയുധാഭ്യാസകളരി ആയി ഉപയോഗിച്ചുകൊണ്ടിരുന്ന ആലയം ഉടവാരം വച്ചു് ഒരു പൂജാഗൃഹമായി മാറിയിരിക്കുന്നു.

## 5. മുടക്കിരായി പഴയകൂററുപള്ളി (കുറുപ്പമ്പടി)

അറക്കൽ പൈലിതരകൻ മുതൽപേർ കുറുപ്പമ്പടി പഴയ പള്ളിയിൽ നിന്നും മാറി 945-ൽ കിഴക്കെ പള്ളി (മുടക്കിരായിൽ) റോമായിൽ ചേൎന്ന പഴയകൂററുകാൎക്കു് വച്ച സംഗതി മുമ്പു് പറഞ്ഞിട്ടുണ്ടു്. വലിയ പള്ളിയിലെ (തലപള്ളി) പ്പോലെ പുത്തൻ പള്ളിയിലും അറക്ക, പാറേമാൻ, മററക്കാടൻ, ചിററയം എന്നിവരോടുകൂടെ നാലുപേരെക്കൂടെ ചേൎത്തു് കൈസ്ഥാനകമ്മററി രൂപീകരിച്ചിരുന്നു. 992-ൽ മറെറക്കാട്ടു് യൗസേഫ് കത്തനാർ ടി പള്ളിയിൽ വികാരി ആയിരുന്നു. ഈ പള്ളിയുടെആദ്യത്തെആധാരങ്ങരംഅറക്കൽപൈലി പൈലിയുടെ പേരിൽ ആണു് കാണുന്നതു്. ഈ ഇടവകയിൽ അമ്പറി,പുല്ലുവഴി, മുടക്കിരായി, രായമംഗലം, അശമന്നൂർ, നെടുങ്ങപ്ര എന്നീ കരകളിലെ പഴയകൂററുകാർ ഉൾപെട്ടിരുന്നു. ഈ സ്ഥലവാസികൾ 140 വഷക്കാലം ഒരുമിച്ചുകൂടി കഴിഞ്ഞശേഷം 1905-ൽ പുല്ലുവഴിയിൽ ഒരു പള്ളിയും, 1938-ൽ മലക്കുടികളുടേയും എലവുംകുടികളുടേയും മററും ഉത്സാഹത്താൽ അമ്പറിയിൽ- കയ്യുത്താലിയിൽ ഒരു പള്ളിയും വച്ചിട്ടുണ്ടു്. 1942-നു് കൊല്ലവഷം 1117-ൽ മേടം 27-ാം നു- നെടുങ്ങപ്ര. കപ്പേളയിൽ പഴയകൂററുകാൎക്കു് കർബ്ബാന ആ

രംഭിച്ചു. അന്നേദിവസംതന്നെയാണ് പൗരസ്ത്യ സുവിശേഷ സമാജത്തിൻെറ ആഭിമുഖ്യത്തിൽ പണിയിച്ചിട്ടുള്ള വേങ്ങൂർ (നെടുങ്ങപ്ര) പള്ളിയിൽ നവ പൂജാർപ്പണം നടത്തിയതു്.

## 6. പഴയകൂററുകാരുടെ സ്ഥിതി

A. D. 325-ലെ നിഖ്യസുന്നഹദോസ് നിശ്ചയപ്രകാരം പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിനു് വിധേയമായിരുന്ന മലങ്കരയിലെ സഭ, അതിനു് എതിരായി 1599-ൽ റോമാ പാത്രിയക്കീസിനു് വിധേയമാക്കപ്പെട്ടു. എങ്കിലും അമ്പതുവർഷം കഴിഞ്ഞു് മലങ്കരയിലെ സുറിയാനിസഭ മുഴുവനായി 1653 ൽ അന്ത്യോഖ്യാ സിംഹാസനത്തിൽ പുനരൈക്യപ്പെട്ടു. അതിനാൽ പരിശുദ്ധ അന്ത്യോഖ്യാ പാത്രിയക്കീസിൻെറ കല്പന അനുസരിച്ചു് മലങ്കരയിലെ സഭക്കു് മാർ തോമാ എന്നപേരിൽ ഒരു നാട്ടുമെത്രാൻ വാഴിക്കപ്പെട്ടു. ഇപ്രകാരം മലങ്കരസഭ മുഴുവനായി പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിനു് വിധേയമായെങ്കിലും, റോമാസമുദായത്തിലെ മിഷ്യനറിമാരുടെ പ്രേരണയാൽ കുറേപ്പേർ റോമാനുകത്തിൽ വീണ്ടും കുടുങ്ങിപ്പോയി. ഇവരെയാണു് പഴയകൂററുകാർ എന്നുപറയുന്നതു്. പഴയകൂററുകാരെ ഭരിക്കുന്നതിനു് ചാണ്ടിമെത്രാൻ എന്ന ഒരു നാട്ടു മെത്രാനെ പറങ്കികളുടെ മാർ-ജോസഫ് വാഴിച്ചു നിയമിച്ചു. ഇദ്ദേഹം 1663-1687 വരെ മലങ്കരയിൽ റോമാനുകത്തിൽപ്പെട്ട പഴയകൂററുകാരെ ഭരിച്ചിരുന്നു. ഇതിനെപ്പററി മുൻ അദ്ധ്യായങ്ങളിൽ പ്രതിവാദിച്ചിട്ടുണ്ടു്. ചാണ്ടിമെത്രാനുശേഷം റോമാസമുദായം ഒരു നാട്ടുമെത്രാനെ പഴയകൂററുകാക്കു കൊടുത്തിരുന്നില്ല. അതിനാൽ 1687-നു് (862നു്) ശേഷം മലയാളത്തുള്ള റോമൻ കത്തോലിക്കരുടെ (പഴയകൂററുകാരുടെ) ഇടയിൽ പല ശീശ്മകളും ഉണ്ടായിട്ടുണ്ടു്. അക്കാലങ്ങളിലുള്ള പഴയകൂററുകാരുടെ ചുരുങ്ങിയചരിത്രം താഴെ ചേക്കുന്നു.

ചാണ്ടിമെത്രാൻ 1687-ൽ (862) മരിച്ചു. അദ്ദേഹത്തിൻെറ കാലശേഷം ഈ ഇരുപതാം ശതവഷ͡ം വരെ പറങ്കിശീശ്മയിൽപ്പെട്ട പഴയകൂററുകാക്കു ഒരു നാട്ടുമെത്രാനെ ലഭിച്ചിരുന്നില്ല. തന്നിമിത്തം മലങ്കര ഉള്ള പഴയകൂററുകാരും പറങ്കികളും തമ്മിൽ അടിക്കടി

കലഹങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. അവരിൽ ചിലർ പുത്തൻകൂററിലേക്ക് പുനരൈക്യപ്പെട്ടിട്ടുണ്ട്. കൂടാതെ പലവിധ ശീശ്മകളിൽ പ്രത്യേകിച്ച് നെസ്തോറിയൻ ശീശ്മയിൽ ചെന്നുചാടി നട്ടം തിരിയുന്നതിനും ഇടവന്നു. നാട്ടുമെത്രാന്മാരെ കൊടുത്താൽ പറങ്കികളുടെ (മാർ-പാപ്പായുടെ) ഭരണത്തിൽ നിന്ന് മലയാളത്തുള്ള ജനങ്ങൾ സ്വതന്ത്രരായിതീരും എന്നുള്ളതായിരുന്നു പാശ്ചാത്യമിഷ്യനറിമാരുടെ ഭയം. ചാണ്ടിമെത്രാന്റെ ശേഷം റഫായേൽ എന്ന ഒരു യൂറേഷ്യനെ (കുപ്പായക്കാരനെ) മെത്രാനായി പഴയകൂററുകാർക്ക ലഭിച്ചു. അദ്ദേഹത്തിന്റെ ഭരണം നാട്ടുകാർക്ക തൃപ്തികരം ആയിരുന്നില്ല. അദ്ദേഹം 1695-ൽ മരിച്ചശേഷം ദീദാക്കൂസ് എന്ന ഒരു വിദേശിയെ മെത്രാനായി ലഭിച്ചു. ആദികാലം മുതൽ ശതവഷങ്ങളായി പൗരസ്ത്യ ശീമമെത്രാന്മാരാൽ ഭരിക്കപ്പെട്ടും അവരോടുകൂടെ സമ്പക്ക്ംപുലത്തിയും പോന്ന മലയാളത്തുള്ള സുറിയാനി ക്രിസ്ത്യാനികൾക്ക് ശീമദേശത്തെ മെത്രാന്മാരും അവരുടെ രീതിയും ആണ് താല്പര്യമായിരുന്നതു്. അതിനാൽ പഴയകൂററുകാരും ശീമയിൽ നിന്നുവരുന്ന മെത്രാന്മാരെ കിട്ടുന്നതിന് തല്പരരായിരുന്നു. അതിനായി പരദേശത്തുള്ള സുറിയാനി സഭാപിതാക്കന്മാർക്ക അവർ പലപ്പോഴം അപേക്ഷകൾ അയച്ചുകൊണ്ടിരുന്നു. തൽഫലമായി മാർ-ശിമഓൻ എന്ന ഒരു നെസ്തോറിയൻ ബിഷപ്പ് മലയാളത്തുവരികയും തുടൻ പഴയകൂററുകാരുടെ അപേക്ഷപ്രകാരം മാർ-ആൺജലിയൂസ് എന്ന വിദേശിവാഴിക്കപ്പെടുകയും ചെയ്തു. കുറെ കഴിഞ്ഞപ്പോൾ മാർ-ശിമഓനെ പറങ്കികൾ അപായപ്പെടുത്തി. മാർ-ആൺജലിയൂസ് പറങ്കിശീശ്മയിൽപ്പെട്ടു. മാർ-ജോൺ റിബയിറോയും, മാർ-ആൺജലിയൂസും മലയാളത്തു് പഴയകൂററുകാരുടെ സമകാലീന മെത്രാന്മാർ ആയിരുന്നു. ജോൺ റിബയിറൊ കൊടുങ്ങല്ലൂരും, ആൺജലിയൂസ് വരാപ്പുഴയും താമസിച്ച ഭരണം നടത്തി.

കൂടാതെ 1709-ൽ മാർ-ഗബ്രിയേൽ എന്ന ഒരു നെസ്തോറിയൻ മെത്രാൻ മലയാളത്തുവന്നു. ഇദ്ദേഹത്തിന് കമ്മലീത്താ മിഷ്യനറിമാരുടെ പീഠകൾ ധാരാളം ഉണ്ടായിട്ടുണ്ട്. അമ്മീറ ഉപയോഗിച്ച് കർബ്ബാന ചൊല്ലുന്നവരെ പത്തീറ ഉപയോഗിച്ച് കർബ്ബാന ചൊല്ലിക്കുന്ന പറങ്കി സമ്പ്രദായം ഇദ്ദേഹത്തെക്കൊണ്ടും ചെയ്യിച്ചു. എങ്കിലും നെസ്തോറിയ വിശ്വാസത്തിൽ സ്ഥിരചിത്തനായിട്ടാണു് ഇ

ദ്ദേഹം കാലം കഴിച്ചതു്. മാർ-ഗബ്രിയേലിൻെറ കാലത്തു് പഴയ കൂറും പുതിയകൂറും ഒന്നായിനടക്കുന്ന ചില പള്ളികളിലെ പഴയകൂററു കാരും, പറങ്കിശീശ്മയിൽ (പഴയകൂറിൽ) പെട്ട ചില പള്ളിക്കാരും നെസ്തോറിയൻ ശീശ്മയിൽചെന്നു ചാടിയിരുന്നു. 1663 നശേഷം മലയാളത്തെ നാട്ടുമെത്രാനായ മാർ-തോമാമെത്രാനെ വിട്ടു്പിരിഞ്ഞു് ഒരു സമുദായമായി വർത്തിച്ചിരുന്ന പഴയകൂററുകാർ വിവിധ ശീശ്മയിൽപെട്ട മാർ-ജോൺ റിബയിറൊ, മാർ-ആൺജലിയൂസ്, മാർ-ഗബ്രിയേൽ എന്നിങ്ങനെ മൂന്നുപേരുടെ കക്ഷികളായിതീൎന്നു. ഈ മെത്രാന്മാർ പരസ്പരം ശാപോച്ചാരണം നടത്തിയും നടത്തിച്ചും ഭരണം നടത്തിക്കൊണ്ടിരുന്നു.

ആൺജലിയൂസ്, ജോൺ റിബെയാറൊ എന്നിവരുടെ കാലശേഷം പഴയകൂററുകാരിൽ ഒരു കൂട്ടർ വരാപ്പുഴ മെത്രാൻേറയും, മററൊരു കൂട്ടർ കൊടുങ്ങല്ലൂർ മെത്രാൻേറയും ഭരണത്തിൽ ആയിതീൎന്നു. എന്നാൽ നാട്ടുമെത്രാനായ മാർതോമാ മെത്രാന്മാരുടെ ഭരണം പുത്തൻകൂററുകാർക്കു് അഭിവൃദ്ധികരമായതിനാൽ പഴയകൂററുകാർ ഒരു നാട്ടുമെത്രാനെ കിട്ടുന്നതിനായി രണ്ടുപേരെ റോമിലേക്കയച്ചു. അവർ പോകുന്നതിനുമുമ്പ് പഴയകൂറും പുതിയകൂറും യോജിക്കുന്നതിനെപ്പററി 6-ാം മത്തോമ്മയും ആയി ആലോചന നടത്തി. മാർ-പാപ്പായുടെ അംഗീകരണം വാങ്ങി മലങ്കരയുടെ നാഥനായി മാർ തോമായെ സ്വീകരിക്കാമെന്നു് പറഞ്ഞ് ഇവർ (കരിയാററിൽ മല്പാൻ യൗസേഫ് കത്തനാരും, പാറേമാക്കൻ തോമാ കത്തനാരും) 1787ൽ ശ്രമം നടത്തി പുറപ്പെട്ടു. രണ്ടുസഭകളും തമ്മിൽ യോജിക്കുന്നതു് മലങ്കരയിലെ സഭക്കു് അഭിവൃദ്ധി ഹേതു എന്നുവിചാരിച്ചും, ഇപ്രകാരമുള്ള യോജിപ്പോടുകൂടെ പറങ്കി (റോമാ) ശീശ്മയിൽ നിന്നു് വേർപെട്ടു് പഴയകൂററുകാരെ പുനരൈക്യപ്പെടുത്താം എന്നുകരുതിയും ആറാം മാർത്തോമ്മ ഇതിനു് സമ്മതിച്ചു. പക്ഷെ കരിയാററിൽ മല്പാൻ മെത്രാൻപട്ടം ഏല്ക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടെയാണു് യാത്രക്കു് പുറപ്പെട്ടതു്. മാർ-പാപ്പായുടെ അംഗീകരണം 6-ാം മർത്തോമക്കു് വാങ്ങിക്കാമെന്നു് പറഞ്ഞ് കരിയാററിൽ അച്ചൻ തൻെറ യാത്രക്കു് കുറെ പണം മാർത്തോമ്മായോടു് വാങ്ങിയിരുന്നു. പോർട്ടുഗലിൽ ചെന്നശേഷം കരിയാററിൽ മല്പാനെ മലങ്കരമെത്രാൻ ആക്കുന്നതിനു് പലശുപാർശകൾ ചെയ്തു. മല്പാനു് എതിരായി അ

നേകം എഴുത്തുകാം മലയാളത്തുനിന്നു് പോർട്ടുഗൽ റാണിക്കും മാർപാപ്പായിക്കും ചെന്നുകൊണ്ടിരുന്നു. മല്പാനുലഭിച്ച ശുപാർശയുടെ ശക്തികൊണ്ടു് അദ്ദേഹം മെത്രാനായി പട്ടംകെട്ടപ്പെട്ടു. അവർ മലയാളത്തിലേക്കു് തിരിച്ചു് ഗോവയിൽ വന്നപ്പോാം കരിയാററിൽ മെത്രാൻ മരിച്ചുപോയതിനാൽ കൂടെ ഉണ്ടായിരുന്ന പാറേമാക്കാനെ 1787-ൽ [962] ഗവർണ്ണദോരാക്കി (അക്ദെയാക്കോനു തുല്യം) അയച്ചു. കരയാററിമെത്രാനെ പറങ്കികാം അപായപ്പെടുത്തി എന്നു കാരണം പറഞ്ഞു് മലങ്കരയുള്ള പഴയകൂററിലെ 84 പള്ളികാം അങ്കമാലി വലിയ പള്ളിയിൽകൂടി പറങ്കിഭരണത്തെ ഉപേക്ഷിച്ചു് പാറേമാക്കാൻ ഗവണ്ണദോരെ അനുസരിച്ചു് പടിഓല എഴുതി. ഇപ്രകാരം മലയാളത്തുള്ള പഴയകൂററുകാർ 1787-ൽ സ്ഥലത്തുള്ള ഏകപ്രധാന വൈദികൻെറ കീഴിൽ സംഘടിപ്പിക്കപ്പെട്ടു. തന്നിമിത്തം ഗവണ്ണദോരുടേയും പള്ളിക്കാരുടേയും പേരിൽ പറങ്കികാം നഷ്ട വ്യവഹാരം കൊടുത്തു. കേസ് പറങ്കികാംക്കു് അനുകൂലമായി വിധിച്ചതിനാൽ ഗവണ്ണദോർ ഉാംപ്പടെ പള്ളിക്കാർ പിഴ കെട്ടിവക്കേണ്ടതായിവന്നു. ഗവണ്ണദോർ 1799-വരെ മലങ്കരസഭയെ ഭരിച്ചു. പള്ളിക്കാർ എത്രതന്നെ ശ്രമിച്ചിട്ടും ഇദ്ദേഹത്തിനു് മെത്രാൻപട്ടം കിട്ടിയില്ല. കൂടാതെ ഇതിനെല്ലാം ഉത്സാഹിച്ചിരുന്ന മാത്തുതരകനു് തിരുവിതാംകൂറിൽ കുത്തകകൊണ്ടും മററുവിധത്തിലും സ്വാധീനം ലഭിച്ചിരുന്നതിനാൽ അദ്ദേഹംമൂലം പഴയകൂററുകാർക്കു് രാഷ്ട്രീയമായ ആനുകൂല്യങ്ങാം ലഭിച്ചിരുന്നു. മാത്തുതരകൻ വലിയ മാർ ദീവന്നാസിയോസിനെ [6-ാം മാർത്തോമ്മായെ] പഴയകൂററുക്രമമനുസരിപ്പിക്കുവാൻ ആഗ്രഹിക്കുകയും അതിനായിട്ടു് പുത്തൻകൂററുകാരേയും മാർ ദീവന്നാസിയോസിനേയും പീഢിപ്പിക്കുകയും ചെയ്തിരുന്നു എന്നുള്ളതു് ചരിത്രസത്യം മാത്രമാകുന്നു. ഗവണ്ണദോരിനു് മെത്രാൻപട്ടം കിട്ടാത്തതിനാൽ അദ്ദേഹത്തിൻെറ ആഗ്രഹപ്രകാരം കൽദായ പാത്രിയർക്കീസിൽ നിന്നും മെത്രാൻപട്ടം സ്വീകരിച്ച പാണ്ടാരിമാർ- പൗലോസ് 1799-മുതൽ പഴയകൂററു സുറിയാനിക്കാരെ ഭരിച്ചുതുടങ്ങി. ഇദ്ദേഹത്തിനു് മാർ-പാപ്പായുടെ അംഗീകാരം ലഭിച്ചിട്ടില്ലാത്തതിനാൽ ഇദ്ദേഹത്തെ ശീശ്മക്കാരനായി പറങ്കികാം ഗണിച്ചിരുന്നു. ഇപ്രകാരം പഴയകൂററുകാർ വീണ്ടും കൽദയ ശീശ്മയിൽ ഉാംപ്പെടുന്നതിനു് ഇടയായി. ഇപ്രകാരം യാക്കോബായ സഭയെ വിട്ടുപോയ കുറുപ്പമ്പടി കിഴക്കെ (മുടക്കിരായി) പള്ളിക്കാ

രും ശീശ്മയിൽ അകപ്പെട്ടു. ഗവണ്ണദോർ മരിച്ച് അങ്കമാലി കിഴക്കെ പള്ളിയിൽ മദ്ബഹായുടെ വടക്കെവൊത്തുക്കൽ അടക്കപ്പെട്ടു.

ഇതിനെത്തുടന്ന് ഇരുപതാം ശതവർഷം വരെഉള്ള മലയാളത്തിലെ പഴയ കൂറുകാരുടെ സ്ഥിതിഗതികാം ചുരുക്കമായി താഴെ ചേത്തുകൊള്ളട്ടെ.

പാറേമാക്കൻ തോമാഗവണ്ണദോരിൻെറ കാലശേഷം പഴയ കൂററിൽ ചില ശീശ്മകാം ഉണ്ടായി. പാണ്ടാരിമാർ —പൗലോസിൻെറ ശീശ്മ കൂടാതെ പഴയ കൂറുകാർ വരാപ്പുഴ ഭാഗത്തിലും കൊടുങ്ങല്ലൂർ ഭാഗത്തിലും ചേന്നു നടന്നുവന്നിരുന്നു. കാരണം പഴയ കൂറുകാക്ക് പൗരസ്ത്യ രീതിയിലുള്ള ഒരു മെത്രാൻെറയൊ, നാട്ടുമെത്രാൻെറയൊ ഭരണം ലഭിച്ചില്ല. തന്നിമിത്തം ഓരോ പള്ളിക്കാരും തങ്ങാംക്ക് ഇഷ്ടമായവിധം ചേർന്നുവന്നു.

1825—നു ശേഷം (M. E. 1000) രാഷ്ട്രീയമായ ചില മാററങ്ങാം ഉണ്ടായി. ഓരോ സാമ്രാജ്യത്തിൽപ്പെട്ട റോമ്മാസഭയിലെ ക്രിസ്ത്യാനികളുടെ സംരക്ഷണാധികാരം അഥവാ പത്രുവാദൊ (Royal Patronage) അതതു രാജ്യത്തെ ഭരണകത്താക്കന്മാക്ക് (രാജാക്കന്മാക്ക്) മാർ പാപ്പ നൽകിയിരുന്നു. 16—ാം ശതവർഷം മുതൽ മലയാളത്തുള്ള ക്രിസ്ത്യാനികളുടെമേൽ പോർട്ടുഗൽ രാജാവിനാണ് അധികാരം ഉണ്ടായിരുന്നതു്. ഈ അധികാരം നിമിത്തം പോർട്ടുഗൽ രാജാവു് നിശ്ചയിക്കുന്നവരെ മലയാളത്തിൻെറ മെത്രാനായി മാർ പാപ്പ അംഗീകരിച്ചുവന്നു. 1830 അടുക്കെ ഉണ്ടായ പോർട്ടുഗലിലെ രാഷ്ട്രീയ വിപ്ലവം നിമിത്തം പോട്ടുഗൽ ദേശത്തു് മാർ പാപ്പായുടെ അധികാരം നഷ്ടപ്പെട്ടു. തന്നിമിത്തം പോട്ടുഗലിനു് കൊടുങ്ങല്ലൂർ കൊച്ചി (മലയാളത്തു്) ഭാഗങ്ങളിലുള്ള പത്രുവാദ അധികാരം മാർ പാപ്പ എടുത്തുകളഞ്ഞു. അതുകൊണ്ടു് മലയാളത്തുള്ള പഴയ കൂറുകാർ രണ്ടായി പിരിഞ്ഞു, ചിലർ മാർ പാപ്പയുടെ ഭാഗത്തും, ചിലർ പത്രുവാദ(പോർട്ടുഗൽ) കീഴിലും ഉാംപ്പെട്ടു. ഇവർ പരസ്പരം ശീശ്മ ഉള്ളതായി ഗണിച്ചുവന്നു. പത്രുവാദയിൽപ്പെട്ടവർ മാർ പാപ്പയുടെ കല്പനകളെ അനുസരിച്ചുവന്നില്ല. പത്രുവദയിൽപ്പെട്ടവരെ മാർപാപ്പായെ അനുസരിക്കുന്നർ ശീശ്മക്കാരായി ഗണിച്ചുവന്നു. ഇപ്രകാരം മലങ്കരയിൽ ഉള്ള പഴയ കൂററിലെ ഒട്ടധികം

പള്ളികൾ മാർ പാപ്പയെവിട്ട് പതുവാദശീശ്മയിൽ ഉൾപ്പെടുന്നതിന് ഇടവന്നു, കുറുപ്പമ്പടി കിഴക്കെ (മുടിക്കരായി) പള്ളിമുതലായ ഒട്ടധികം പള്ളികൾ ഈ ശീശ്മയിൽ ആയിരുന്നു. ശീശ്മയിൽ പെട്ടവരെ ഭരിക്കാൻ ശരിയായി ഒരു മെത്രാനെ കിട്ടാതിരുന്നതിനാൽ അവരുടെ അപേക്ഷപ്രകാരം 1861ൽ (1036) റോക്കോസ് എന്ന ഒരു കൽദായ മെത്രാൻ മലയാളത്തുവന്നു് ഭരണം തുടങ്ങി. കൂടാതെ പതുവാദയിൽപ്പെട്ടവരുടെ ഗവണ്ണദോരായിരുന്നതു് ഇഗ്നാത്തിയോസ് സാൻറിമാൻ ആയിരുന്നു, ഇദ്ദേഹം 1864വരെ ഇവരെ ഭരിച്ചു. 1864ൻശേഷം കുറുപ്പമ്പടികിഴക്കെ (മുടക്കിരായി) പള്ളി പതുവാദ ഉപേക്ഷിച്ചു് വരാപ്പുഴ കീഴ് നിന്നു. 1870 മുതൽ ലെയോനാർദ്ദ മെത്രാപ്പോലീത്ത റോമിൽ നിന്നു കിട്ടിയ അനുവാദം അനുസരിച്ചു് മലയാളം ഭരിച്ചുവന്നു. ഇദ്ദേഹത്തിൻെറ കാലത്തും പിന്നീടും മാർ പാപ്പായിക്കു് എതിരായി പലവഴക്കുകളും പിരിച്ചിലുകളും ഉണ്ടായികൊണ്ടിരുന്നു. അങ്ങനെ ഉള്ളവരെ അപ്പഴപ്പോൾ മഹറോൻ ചൊല്ലുകയും, തന്നിമിത്തം പുരോഗമനതടസ്സം നേരിടുകയുംചെയ്തു. 1874-ൽ (1049) ബാബേലിൽ നിന്നുവന്ന മാർ പാപ്പ മേലൂസ്മെത്രാൻ 1882 വരെ ലെയോനാർദ്ദ മെത്രാനു് എതിരായി പ്രവൎത്തിച്ചുകൊണ്ടിരുന്നു. ഈയവസരം മാർ മേലൂസിനെ സഹായിപ്പാൻ മാർ യാക്കോബു് എന്ന ഒരു കൽദായമെത്രാൻ ഇവിടെ വന്നിരുന്നു. ഇതോടുകൂടെ തൊണ്ടനാട്ട് അന്തോണി അച്ചൻ മേലൂസിൽ നിന്നു് മെത്രാൻപട്ടം ഏററുകൊണ്ടു് പാലാ മുതലായ പള്ളികൾ ഭരിച്ചു തുടങ്ങി. തന്നിമിത്തം ലെയോൎദ്ദാന മെത്രാനും കക്ഷികളും, മേലൂസ്സുമെത്രാനും കക്ഷികളും തമ്മിൽ ചില പള്ളികളുടെ ഭരണത്തിന്മേൽ കേസ്സുകൾ ഉത്ഭവിച്ചു. ഇപ്രകാരമുള്ള ഭിന്നതകൾ മാറുന്നതിനു് ഒരു നാട്ടുമെത്രാനെ കൊടുക്കണമെന്നു് കാണിച്ചു് പല ഹർജികൾ പഴയ കൂറുകാർ മാർ പാപ്പായിക്കു് അയച്ചു. അവയിൽ ഒന്നു് 1875- ൽ (1050) അയച്ച അപേക്ഷ ആണു്. ഇതിൽ പല പള്ളിക്കാർ ഒപ്പു് ഇട്ടിട്ടുണ്ടു്. അതിനെ തുടന്നു് 1876-ൽ വീണ്ടും ഒരു അപേക്ഷ കൊടുത്തു. ഇതിൽ 120 ൽ പരം പള്ളിക്കാർ ഒപ്പിട്ടിട്ടുണ്ടു്. ഇതിൽ കുറുപ്പമ്പടി പഴയ കൂറു പള്ളിയിൽ നിന്നു് വികാരി നൽക്കര യൗസേഫ് കത്തനാർ ആണു് ഒപ്പിട്ടിരിക്കുന്നതു്.

പഴയകൂററു കത്തനാരന്മാൎക്കും മററും 1874 (1040) വരെ ഇംഗ്ലീഷ് പഠിക്കാൻ അനുവാദം ഉണ്ടായിരുന്നില്ല. എന്നാൽ അനുവാദം

വാങ്ങി യാക്കോബായ സഭയിൽപെട്ട മഞ്ചയിൽ തോമസ് മാസ്റ്ററുടെ അടുക്കൽ ചില പട്ടക്കാരും ശെമ്മാശ്ശന്മാരും ഇംഗ്ലീഷ് പഠിച്ചു. അക്കാലം മുതലാണ് പഴയകൂറുകാർ സെമ്മനാരിയിൽ ഇംഗ്ലീഷ് പഠനം ആരംഭിച്ചത്.

വീണ്ടും നാട്ടുമെത്രാനെ കിട്ടുന്നതിനു പല അപേക്ഷകൾ അയച്ചതിന്റെ ഫലമായി 1887-ൽ (1062) ലത്തീൻകാരിൽ നിന്നു പഴയകൂറുകാരെ വേർതിരിച്ച് അവർക്ക് തൃശ്ശൂർ, കോട്ടയം എന്നു രണ്ടു വികാരിയേറ്റുകൾ (ഭദ്രാസന ഇടവകകൾ) സ്ഥാപിച്ചു. ഓരോ വികാരിയേറ്റുകൾക്കും ലത്തീൻ റീത്തിൽപെട്ട ഓരോ വികാരി അപ്പോസ്തോലിക്കാമാരെയും, സ്വജാതിയിൽപ്പെട്ട ഓരോ വികാരി ജനറാളന്മാരെയും നാലുപട്ടക്കാർ വീതമുള്ള ഓരോ ആലോചനാ സംഘത്തേയും കൊടുത്തു. ഇതനുസരിച്ച് മുടക്കിരായി പഴയകൂറുപള്ളി കോട്ടയം ഭദ്രാസന ഇടവകയുടെ ലവീഞ്ഞുമെത്രാന്റെ കീഴിൽ ആയിരുന്നു.

# അദ്ധ്യായം IV

## എട്ടുവീടരുടെ ഭരണകാലം (ഉത്തരാർദ്ധം)

## A. D. 1798-1893, M. E. 973-1068

ഇനി ഓരോ കാലത്തെ മെത്രാന്മാരുടെ ഭരണകാലത്തെ ആസ്പദമാക്കി ചരിത്രം തുടരുന്നതാണ്.

### ഭാഗം. 1 (1798-1816) 973-991

**മെത്രാന്മാർ:-**

6-ാം മാർത്തോമ്മ (തുടർച്ച) 983 വരെ
7-ാം മാർത്തോമ്മ 983 - 984
8-ാം മാർത്തോമ്മ 984 991
9-ാം മാർത്തോമ്മ 991

**പട്ടക്കാർ:—**

പൊഴ്സ്സാട്ടിൽ പുരവത്തുകത്തനാർ(945-983), തോടത്തി വക്കി കത്തനാർ തോടത്തി വറിയതു കത്തനാർ, (വേറേയും ചില പട്ടക്കാർ ഉണ്ടായിരുന്നു)

**കൈക്കാരന്മാർ:—**

പൊായ്ക്കാട്ടിൽ ഇട്ടി മാത്യൂ, പിന്നീട് പൊഴ്സ്സാട്ടിൽ വക്കി, അറസ്സൽ വക്കി, കല്ലറസ്സൽ പൈലി തരകൻ, പൊഴ്സ്സാട്ടിൽ ഉറുമി വക്കി പിന്നീട് ഉറുമി, തോമ്പ്ര പൈലി തരകൻ, മരങ്ങാട്ടു ഐപ്പ്, തുരുത്തി വക്കി (983-995) ആത്തുങ്കൽ ഇട്ടൂപ്പ് 1004 വരെ.

**കപ്യാർ:—**

പടയാററിൽ വക്കി, പടയാററിൽ ഇത്താപ്പിരി.

**ശിപായി:—**

ചുട്ടിപൈലി (945) എമ്പാശ്ശേരി ഇട്ടി (ഇട്ടീര 983)

## 1. കുറുപ്പമ്പടി പള്ളിയിലെ പുതിയ ഭരണസമിതി

കുറുപ്പമ്പടി പള്ളിയിലെ ഭരണ സമിതിയിൽ 18-ാം ശതവർഷത്തിൻെറ അന്ത്യത്തിൽ ചില മാററങ്ങറം വരികയും ശരിയായ ക്രമീകരണങ്ങറം ഉണ്ടാവുകയും ചെയ്തു. മുമ്പ് കൈക്കാരന്മാരായിരുന്ന എട്ടു വീട്ടുകാരിൽ പുതുശ്ശേരി, കുറുമ്പൻ, ആറുപുറം, പുത്തൻപെരസ്സ, കോച്ചേരി എന്ന അഞ്ചു് വീട്ടുകാർ ചില സാങ്കേതിക കാരണങ്ങളാൽ പിന്മാറി. തൽസ്ഥാനങ്ങളിൽ അറക്ക, തോമ്പ്ര, തുരുത്തി, ഉറുമിയാടൻ, മരങ്ങാടൻ എന്നിങ്ങനെ അഞ്ചു വീട്ടുകാർ മുൻ കൈസ്ഥാനികളായ കല്ലറസ്സ, പൊഴ്സ്സാടൻ, ആത്തുങ്ക എന്നിങ്ങനെ മൂന്നു വീട്ടുകാരോടൊരുമിച്ച് കൈസ്ഥാനത്തിൽ പ്രവേശിച്ചു. ഈ എട്ട് കുടുംബങ്ങളിൽ നിന്നും 968-മുതൽ 1068വരെ നാലു നലമുറക്കാലം പള്ളിയിൽ കൈസ്ഥാനം നോക്കിവന്നു. ഇവരിൽ രണ്ടു പേർ വീതം ആണ്ടുതോറും തന്നാണ്ടു കൈക്കാരന്മാർ ആയിരുന്നു. തന്നാണ്ടുകാരിൽ ഒരാറം സെക്രട്ടറിയുടെ നിലയിലും മറെറ ആറം ഖജാൻജിയുടെ നിലയിലും പ്രവ

ത്തിച്ചുവന്നു. പള്ളിയിലെ വരുമാനം സെക്രട്ടറിയും ഖജാൻജിയും കൂടെ തന്നാണ്ടു വികാരിയുടെ അറിവോടുകൂടെ എടുത്തു് സെക്രട്ടറി കണക്കിൽ എഴുതി ഖജാൻജി പണം സൂക്ഷിക്കുന്നു. എട്ടു കൈക്കാരന്മാർക്കും വികാരിക്കും കൂടി ഒരു മുറി ഉണ്ടു്- അതിനു് ഒമ്പതു താക്കോലുകൾ. വിലപിടിച്ച പള്ളിസാമാനങ്ങളും കൂടുതൽ ഇരിപ്പുള്ള പണവും ഒമ്പതു താക്കോലുകൾ ഉള്ള മേമ്പൂട്ടിൽവച്ചു് പൂട്ടി സൂക്ഷിക്കുന്നു. സെക്രട്ടറിമാർ കണക്കിൽ വിദഗ്ദ്ധന്മാർ ആയിരുന്നു. റിക്കാർട്ടുകളും കണക്കും എഴുതുന്നതു് സെക്രട്ടറി ആണു്. തന്നാണ്ടു ഭരണത്തിലെ കൂട്ടുകൈസ്ഥാനത്തിനും ഇന്ന ഇന്ന വീട്ടുകാർ എന്നു് നിജപ്പെടുത്തിയിരുന്നു. 1068 വരെ താഴെ കാണുന്ന മുറപ്രകാരം ഭരണം നടത്തി.

| ഖജാൻജി | സെക്രട്ടറി | തന്നാണ്ടുഭരണവർഷം |
|---|---|---|
| 1) പൊഴോലിപ്പറമ്പിൽ | | |
| 1) പൊഴ്ലാടനും, | അറയ്ക്കനും, | 968, 972, 976, 980<br>ഇപ്രകാരം നന്നാലുവർഷത്തിൽ ഒരുവർഷം തന്നാണ്ടുഭരണം |
| 2) കല്ലറയ്ക്കനും, | ഉറുമിയാടനും, | 969, 973, etc. |
| 3) തോമ്പ്രയും, | മരങ്ങാടനും | 970, 974, ,, |
| 4) തുരുത്തിയും, | ആത്തുങ്കനും, | 971, 975, 979 etc. മുറപ്രകാരം |

943-ൽ നൂറിൽപരം വീട്ടുകാർ മാത്രം ആയിരുന്ന ഇടവക 973ൽ 250ൽ പരം വീട്ടുകാർ ആയി. ഇക്കാലത്തു് പള്ളി ശിപായി ആയിരുന്നതു് എമ്പാശ്ശേരി ഇട്ടി (ഇട്ടീര) ആയിരുന്നു. മെത്രാപ്പോലീത്തായിക്കുള്ള എഴുത്തുകൾ കൊണ്ടുപോയി കൊടുക്കുന്നതും മററും ഇട്ടിയാണു്. മാർ ദീവന്നാസിയോസിൻെറ കാലത്തു് ഇടവക പലവിധത്തിൽ അഭിവൃദ്ധി പ്രാപിച്ചു. ഇപ്പോൾ നിലവിലിരിക്കുന്ന പല നടപടികളും അക്കാലത്തു് നടപ്പിലായതാണു്. ഇടവകയിൽ മൂപ്പച്ചൻ ആയിരുന്നു വികാരി. വികാരിയുടെ അദ്ധ്യക്ഷതയിൽ കൈക്കാരന്മാർ മാത്രം (പള്ളിയോഗം) കൂടി സംഗതികൾ ആലോചിച്ചു പ്രവത്തിച്ചുവന്നു. വികാരിയുടെ അസാന്നിദ്ധ്യത്തിലും കൈക്കാരന്മാർ മാത്രംകൂടി സംഗതികൾ ആലോചിച്ചു് തീരുമാനിക്കാറുണ്ടു്. കൈക്കാരന്മാർ തമ്മിൽ വിശ്വാസവും യോജിപ്പും ഉണ്ടായി

രുന്നു. പള്ളിയോഗത്തിൻെറ അപേക്ഷ അനുസരിച്ച് ആവശ്യമുള്ള വക്ക് മെത്രാപ്പോലീത്ത പട്ടം കൊടുത്തുവന്നു. പട്ടക്കാരുടെ വരുമാനങ്ങൾ കമ്മഫീസായി ജനങ്ങൾ കൊടുക്കുന്ന മനപൂർവ്വ ദാനങ്ങൾ മാത്രമായിരുന്നു. യോഗത്തിലെ തക്സംഗതികൾ ചിലപ്പോൾ മെത്രാപ്പോലീത്ത കേട്ട് തീരുമാനിച്ചിരുന്നു. പള്ളിയോഗത്തിൻെറ കീഴിൽ ഓരോ കരയിൽ ഓരോ കരമൂപ്പന്മാർ ഉണ്ടായിരുന്നു. അവർ മീത്ത്കുത്ത് മുതലായ പള്ളിവരുമാനങ്ങൾ പിരിച്ച് ഏല്പിക്കുക, സഭാചട്ടം കെട്ടുകൾക്ക് എതിരായിട്ടുള്ള ജനങ്ങളുടെ നടപടികളെപ്പററി പള്ളിയോഗത്തിൽ റിപ്പോർട്ട് ചെയ്യുക, വീടുകളിൽ വച്ചു നടത്തുന്ന അടിയന്തരങ്ങളിൽ ഹാജരായി വേണ്ട ക്രമീകരണങ്ങൾ ചെയ്യുക എന്നിത്യാദി സംഗതികൾ നിർവ്വഹിച്ചുവന്നു. കൈസ്ഥാനത്തിലെ തന്നാണ്ടുമാറുന്നതു് വി. മാതാവിൻെറ വാങ്ങിപ്പുനാളായ ചിങ്ങം 15-ാംതി. ആണു്. അന്നു് ഒരുവർഷത്തെ കണക്കുകൾ കേട്ടു് പാസാക്കിവന്നു. അത്യാവശ്യ ഘട്ടത്തിൽ കന്നി 14-ാംതി. വരെ നീണ്ടുപോയിരുന്നു. അപ്രകാരം കന്നി 14-ാംതി. തന്നാണ്ടുമാററാൻ ഇടവന്നിട്ടുണ്ടു്. 950വരെ പള്ളിക്കു വസ്തുവായി താണിഅകത്തുട്ട് 16 പറക്ക് നിലംമാത്രമെ ഉണ്ടായിരുന്നതായി രേഖകാണുന്നുള്ളു. ഇതു് പള്ളിയുടെ തനതായിരുന്നു. 943-ൽ എടുത്ത പിരിവും, നെൽ ചിട്ടിയും, അതാതുകാലത്തു് ഓരോആവശ്യത്തിനു് എടുക്കുന്ന പിരിവിൽ വരുന്ന ബാക്കി സംഖ്യയും പള്ളിയിലെ മററു വരുമാന മാർഗ്ഗങ്ങളും, പണംകൂടെ നെല്ലാക്കി പിടിപ്പതു പണയം വാങ്ങി പലിശക്കുകൊടുത്തു് വദ്ധിപ്പിച്ചും പള്ളിയുടെ സാമ്പത്തികനില കൈക്കാരന്മാർ മെച്ചപ്പെടുത്തി വന്നിരുന്നു. നെല്ലു് പലിശ സഹിതം അളക്കാതെ കുടിശിഖ വരുത്തിയാൽ പണയം വച്ചിരിക്കുന്ന സാധനം പള്ളിയിലേക്കു് തീറായി കരുതി മുതൽ കൂട്ടിയിരുന്നു. ഈ ഇടവകയിൽ പെട്ട മിക്കവീട്ടുകാരും, കുളങ്ങര അകത്തൂട്ട്, നരമംഗലത്തു് ഇല്ലത്തു്, പാശ്ശാട്ടുമന, ചെമ്മായത്തു് വാര്യർ മുതലായ പലരും പണയംവച്ചു് കണക്കോല എഴുതികൊടുത്തു് നെല്ലു് പലിശക്കുവാങ്ങി ഉപയോഗിച്ചിരുന്നു. ഇവരിൽ ചിലർ നിലമായിരുന്നു പണയം വച്ചിരുന്നതു്. നെല്ലു് പലിശസഹിതം തീക്കാൻ കഴിവില്ലാതെ വരുമ്പോൾ അവർ വച്ചിരിക്കുന്ന നിലം പണയമായിട്ടോ, കാണമായിട്ടോ, തീറായിട്ടോ എഴുതികൊടുത്തു് സംഗതികൾ അവസാനിപ്പിച്ചുവന്നു. ഈ രീതി 1058-വരെ വളരെ ഭംഗിയായി നടന്നി

രുന്നു. അക്കാലത്തു് ഇന്നത്തെപ്പോലെ മുതൽപിടിയും കണക്കും ഉണ്ടായിരുന്നില്ല. തന്നാണ്ടുകാർ തന്നെ മററുകൈക്കാരന്മാരുടെ സഹകരണത്തോടുകൂടെ ഓരോ കൊല്ലവും മാറി മാറി സംഗതികൾ നിർവ്വഹിച്ചുവന്നു. പള്ളിവക കണക്കിന്മേലൊ മുതലുകളിന്മേലൊ അക്കാലത്തെ കൈക്കാരന്മാർ യാതൊരു വഞ്ചനയും ചെയ്തിരുന്നില്ല, കഴിവുള്ളിടത്തോളം പള്ളിയെ സഹായിച്ചുവന്നു. അപ്രകാരം ചെയ്യുന്നതു് ഒരു അനുഗ്രഹമായിട്ടാണു് അവർ കരുതിയിരുന്നതു്. തങ്ങളുടെ കുടുംബജോലി ശരിയായി നോക്കാതെ കൈക്കാരന്മാർ പള്ളികാര്യ്യങ്ങൾ നടത്തിക്കൊണ്ടിരുന്നതിനാൽ പലകുടുംബങ്ങളും കാലക്രമേണ ക്ഷീണിച്ചുവന്നിരുന്നു. പള്ളിയിലെ ആത്മീക പ്രവൎത്തനം കൊണ്ടു് കുടുംബം, ധനം, ശരീരം എന്നിവ ക്ഷീണിച്ചാലും സ്വൎഗ്ഗീയ ലോകത്തിൽ ഇരട്ടി പ്രതിഫലവും കുടുംബത്തിനു് അനുഗ്രഹവും ലഭിക്കും എന്നായിരുന്നു അവരുടെ ചിന്ത. തന്നാണ്ടുകൈക്കാരന്മാർ രാവിലെ പള്ളിയിലേക്കു് പോരുമ്പോൾ ഉച്ചഭക്ഷണത്തിന്നായി വീട്ടിൽനിന്നും അരികൊണ്ടുവന്നു് അടുത്തവീട്ടിൽ കൊടുത്തു് പാകപ്പെടുത്തി ഭക്ഷണം കഴിച്ചുവന്നു. നെല്ലും പണവും വൎദ്ധിച്ചതനുസരിച്ചു് പള്ളിക്കു് വസ്തുക്കൾ സമ്പാദിക്കുകയും, മരാമത്തു് ചെയ്യിക്കുകയും, പള്ളിസാമാനങ്ങൾ വൎദ്ധിപ്പിക്കുകയും ചെയ്തുവന്നു. പിടിഅരി, പിടിനെല്ലു് (മീതു്കുത്തു്) പസാരം, കുഴിപ്പണം മുതലായ ഇനങ്ങൾ അന്നും പള്ളിയുടെ വരുമാന മാൎഗ്ഗങ്ങൾ ആണു്. പസാരം ഒക്കന്നാപുത്തൻ 6000 മുതൽ കീഴോട്ടും, കുഴിപ്പണം 251 പുത്തൻ മുതൽ കീഴോട്ടും ഉള്ള തുകകൾ അവനവന്റെ ശക്തിയനുസരിച്ചു് കൊടുത്തുകൊണ്ടിരുന്നു. M. E. ആയിരാമാണ്ടോടുകൂടെ പള്ളിയോഗം അന്ത്രാളമുറിയിൽ ആണു് കൂടികൊണ്ടിരുന്നതു്. ഇതു് മേമ്പൂട്ടു് മുറിയുടെ കിഴക്കെ മുറിയാണു്. വികാരി തെക്കുവശത്തു് ജനൽപടിയിൽ ഇരിക്കും. കൈക്കാരന്മാർ മുറിയുടെ കിഴക്കെ അരികിൽ നാലുപേരും, പടിഞ്ഞാറെ അരികിൽ നാലുപേരും ഇരിക്കും. കൂട്ടുകൈസ്ഥാനം അനുസരിച്ചു് രണ്ടുപേൎക്കു് വീതം ഇരിക്കാകുന്ന കാലില്ലാത്ത നാലുപലക കഷണം ഉണ്ടു്. അതിൽ ഒരെണ്ണം ഇപ്പോഴും പള്ളിമുറിയിൽ സൂക്ഷിച്ചുവരുന്നു. കണക്കുകൾ കൂട്ടുന്നതു് കവടി (എലഞ്ഞി) നിരത്തിയാണു്. ഈ രീതി ഇപ്പോഴത്തെ കുത്തികൂട്ടു രീതിയേക്കാൾ എളുപ്പമാണു്. എത്രവലിയ സംഖ്യകളും, ഭിന്നസംഖ്യകളും കൂട്ടിഎടുക്കും, കണക്കുകൂട്ടുന്ന

തിൽ ആത്തുങ്കൻ സമർത്ഥൻ ആയിരുന്നു- എന്നാണ് പരമ്പര അറിയപ്പെടുന്നതു്. ചക്രം എണ്ണുന്നതും, കലിപണം എണ്ണുന്നതും മററും പലകയിൽ നിരത്തിയാണ്. ഒരു പലകക്ക് ചെറിയ ചെറിയ കുഴികൾ കാണുന്നു. അന്ന് വെള്ളി ഒററചക്രം നടപ്പിൽ ആയിരുന്നു.

943 ലെ പിരിവിൽ ചിലർ കുടിശിഖ വരുത്തിയ കാര്യം മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ആ കുടിശിഖ പിരിക്കുന്നതിനെപ്പററിയും പള്ളിയുടെ മററു സംഗതികളെ കുറിച്ചും ആലോചിച്ചു തീരുമാനിക്കാൻ യോഗക്കാർ 978 ധനുമാസത്തിൽ മെത്രാപ്പോലീത്തായുടെ അടുക്കൽ പോയിരുന്നു. സംഗതികളുടെ നടത്തിപ്പിന്നായി മെത്രാപ്പോലീത്തായുടെ സാധനം വാങ്ങി മേടം- 13 തി: വലിയ സർവ്വാധിക്കാരുടെ അടുക്കൽ പരാതിപ്പെട്ടു. അദ്ദേഹത്തിൻെറ തീരുമാനം ഇടവത്തിൽ മെത്രാപ്പോലീത്തായെ അറിയിക്കുകയും തിരുമേനി പള്ളിയിൽ എഴുന്നുള്ളിയിരുന്നു വേണ്ട തീരുമാനങ്ങൾ ചെയ്യുകയും ചെയ്തു. അനന്തരം മെത്രാപ്പോലീത്ത ഇടവം 22-തീ: പറവൂക്കു നീങ്ങി. 973-ൽ രാമവർമ്മ മഹാരാജാവ് നാടു നീങ്ങിയതിനാൽ അന്ന് ബാലരാമവർമ്മയായിരുന്നു രാജ്യം ഭരിച്ചിരുന്നതു്. ബ്രി: റെസിഡൻറ് മെക്കാളിയും മെത്രാപ്പോലീത്തായും തമ്മിൽ കൂടിക്കാഴ്ചക്ക് കല്പന വരുത്തുവാൻ യോഗക്കാർ 978 കുംഭം 16-തീ: പെരുന്നാൾ കഴിഞ്ഞു് എറണാകുളത്തിനുപോയി. കൈക്കാരനായിരുന്ന പൊയ്ക്കാട്ടിൽ ഇട്ടിമാത്യ 978- മീനം 4-തീ: മരിച്ചു. തൽസ്ഥാനത്തു് അദ്ദേഹത്തിൻെറ പുത്രൻ വർക്കി കൈസ്ഥാനത്തിൽ പ്രവേശിച്ചു. മെത്രാപ്പോലീത്ത പറവൂക്കു നീങ്ങിയപ്പോൾ തിരുമേനിയുടെ അനുയാത്രക്ക് പള്ളിയിൽ നിന്ന് ആവശ്യമായ ചെലവുകൾ ചെയ്യുന്നതിന് പൊയ്ക്കാട്ടിൽ പുരവത്തു കത്തനാരെ ആണ് ചുമതലപ്പെടുത്തിയിരുന്നതു്.

## 2. പള്ളിയിലെ ചില നടപടിക്രമങ്ങൾ

982- കന്നി 2-തീയതിയിലെ വരിഓല(ഇപ്പോൾ ഡയറി നിശ്ചയം എന്നുപറയുന്നതിന് അക്കാലത്തു് വരിഓല എന്നാണ് പറയുന്നതു്.)

''കുറുപ്പമ്പടി പള്ളിക്കാര്യത്തിൽ പതിവിൻപടി ചെലവും ക, ത്തനാരന്മാരും, കൈക്കാരും, കപ്യാരും, പതിവിൻപടി വരവും ചെലവും നടത്തിവരേണ്ടവകക്കു യോഗത്തിൽനിന്നു എഴുതിയ വ രിഓല. കത്തനാരച്ചന്മാക്കു ബുധനാഴ്ച കുർബ്ബാനക്കു അറക്കവെക്കി നടക്കുന്ന വട്ടോളി കണ്ടത്തിലെ പാട്ടത്തിൽ കൊടുക്കേണ്ട നെല്ലു 32-പറ: ശനിയാഴ്ച കുർബ്ബാനക്കു പൊസ്റ്റാട്ടിൽ ചെറിയാൻ മാത്യൂ നടക്കുന്ന കാമ്പുറവും മണ.ലോടിയിലേയും പാട്ടത്തിൽ കൊടുക്കേണ്ട നെല്ലു 32 പറ മാമോദീസ 2-ചക്രം, പെങ്കെട്ടു 4-ചക്രം, പതാര ത്തിൽ ഓഹരി ഇല്ലാത്തതിനാൽ കുമ്പസാരത്തിനു ചക്രം 1, മൂന്നമ്മ ലിനു ചക്രം 18, തീനും കുടിക്കും ചക്രം 15, കുർബ്ബാനക്കു ചക്രം 3, ചാത്തം ചക്രം 4, മൂന്നുനോമ്പിലെ നേർച്ചക്കു അച്ചന്മാർ എടുക്കേണ്ട അരി ഒരേ പറ, കപ്പിയാക്കു ആണ്ടിൽ 32 പുത്തൻ നെല്ലു 2പറ, വീടൊന്നുക്കു ചാത്തത്തിനു ആണ്ടൊന്നുക്കു ചക്രം 2, പുലകുളിക്കു ചക്രം 2, മൂന്നമ്മൽ ചക്രം 1, മാമോദീസ ചക്രം 1, പിള്ളേക്കു ചോ റിനു ചക്രം 1, പള്ളിക്കും കുരിശിനും ചുററി മുററം ദിവസവും അടി ക്കുന്നതിനും, മതിക്കകെത്തു കാടും കുററിയും വരാതെ സൂക്ഷിക്കുന്നതി നും മററും നെല്ലു അഴവനു 18പറ, അമ്പതുനോമ്പിലെ കഞ്ഞിക്കു ഇലയും തടയും ഉണ്ടാക്കണം.''

അക്കാലത്തു ഇടവകയിൽപ്പെട്ട ചിലർ മന്ത്രവാദങ്ങരം ചെയ്യി ച്ചുകൊണ്ടിരുന്നു. അപ്രകാരം ഉള്ളവരെ പള്ളിയോഗം വിളിച്ചു ഗു ണദോഷിക്കുകയും, തക്ക പ്രായശ്ചിത്തങ്ങരം ചെയ്യിക്കുകയും ചെയ്യി രുന്നു. ആത്മിക കാര്യങ്ങളിൽ പള്ളിയോഗം(ചർച്ചുകമ്മററി) വള രെ നിഷ്ക്കർഷയോടെ പെരുമാറി. മാമ്മലശ്ശേരിയിൽ കൊനാട്ടു ഉണ്ണിട്ടൻ കത്തനാർ ജീവിച്ചിരുന്നതും ഇക്കാലത്താണു.

## 3. വല്ല്യച്ചൻേറയും മെത്രാച്ചൻേറയും ചരമം

983 മേടം 9തീ: ഈ ഇടവകക്കു ഒരു ദുഃഖദിനം ആയിരുന്നു. പ്രായാധിക്യത്താൽ പരവശതയിൽ കിടന്നിരുന്ന വല്ല്യച്ചൻ (പുരവ ത്തു കത്തനാർ) മരിച്ചതു ഈ ദിവസം ആയിരുന്നു.

മാർ ദീവന്നാസിയോസ് നിരണത്തു താമസിച്ചുകൊണ്ടിരിക്കു മ്പോരം അവിടെ വച്ചു മീനം 25 തീ: കാലം ചെയ്തു. മെത്രാച്ചൻെറ മരണവൃത്താന്തം 15-ാമത്തെ ദിവസം ആണു (മേടം 9) ഇവിടെ

അറിഞ്ഞതു്. രണ്ടു സംഭവങ്ങറം ഏകോപിച്ച് ഇടവക ജനങ്ങളെ വ്യസനാക്രാന്തരാക്കി. ദുഃഖ സൂചകമായി ഘണ്ഡാരവം മുഴങ്ങി. കതിനാവെടികറം സങ്കടകരമായ വിധം ശബ്ദിച്ചു. ബലിപീഠങ്ങളിൽ ദിവ്യപൂജകറം പരേതക്കുവേണ്ടി അർപ്പിക്കപ്പെട്ടു. തിരുമനസ്സിലെ ഭരണം സുദീർഘം ആയിരുന്നു. ഇദ്ദേഹം പഴയ കൂറുകാരെ പറങ്കി ശീശ്മയിൽ നിന്നു് വേർപെടുത്തി. യാക്കോബായ സഭയിൽ പുനരൈക്യപ്പെടുത്തുന്നതിനു് ശ്രമിച്ചുവെങ്കിലും അന്നത്തെ പഴയ കൂർ പ്രമാണികളായിരുന്ന യൗസേഫ് മല്പാൻ, തോമാ അർക്കദയാക്കോൻ, മാത്തു തരകൻ എന്നിവരുടെ ശക്തി നിമിത്തം സാധിച്ചില്ല. തിരുമേനിയെ പറങ്കി ശീശ്മയിൽ ഉറപ്പെടുത്തുന്നതിനു് ചതുരുപായങ്ങറം അവർ ഉപയോഗിച്ചു. കൂടാതെ പ്രൊട്ടസ്റ്റൻറ് പാതിരിമാർ സ്നേഹം ഭാവിച്ച് അവരുടെ സഭയിൽ ചേക്കുന്നതിനുള്ള ശ്രമങ്ങളും ചെയ്തു. ഈ രണ്ടു സംഗതികളും ഒരു അന്ത്യോഖ്യാസിംഹാസന ഭക്തനായിരുന്ന വന്ദ്യ തിരുമേനിയിൽ നിഷ്ഫലപ്പെട്ടു. സുറിയാനിക്കാരുടെ 3000 പൂവരഹാൻ ഗവണ്മെൻറിൽ വട്ടിക്കിട്ടതു് ഈ തിരുമേനി ആണു്. വട്ടി എന്ന തമിഴ് പദത്തിനു് പലിശ എന്നു് അർത്ഥം. ഇദ്ദേഹത്തിൻെറ ശ്രാദ്ധം ആണ്ടുതോറും മീനം 25നു: ഈ പള്ളിയിൽ അടുത്ത കാലംവരെ കഴിച്ചുവന്നിരുന്നു. ടി ആവശ്യത്തിലേക്കു് അദ്ദേഹത്തിൻെറ ശിക്ഷ്യൻ കല്ലറയ്ക്കൽ പൈലി തരകൻ പ്രത്യേകം നില വച്ചിരുന്നു. ഇവർ തമ്മിൽ പാർച്ചക്കാരും ആയിരുന്നു.

## 4. അഞ്ഞൂരെപള്ളി

വലിയ മാർ-ദിവന്നാസിയോസ് എന്നു് അറിയപ്പെടുന്ന 6-ാം മാത്തോമ്മായുടെ കാലത്തു് ശീമക്കാരൻ മാർ-ഈവാനിയോസും, മാർ-ദിവന്നാസിയോസും യോജിച്ചാണു് മലങ്കരയിലെ സഭാകാര്യങ്ങറം നടത്തിവന്നതു്. സുറിയാനി പട്ടക്കാരുടെ വിവാഹം പുനസ്ഥാപിക്കുന്നതിനു് ശീമക്കാർ ശ്രമിച്ചതിൻെറ ഫലമായി മലങ്കരയിൽ വടക്കുള്ള ചില പട്ടക്കാരെക്കൊണ്ടു് വിവാഹം ചെയ്യിപ്പിച്ചു

1751-ൽ (926) ശീമയിൽ നിന്നു് പരിശുദ്ധ അന്ത്യോഖ്യാ പാത്രിയക്കീസ് ബാവ അയച്ച മാർ ബസ്സേലിയോസ് മപ്രിയാന, മാർ-ഗ്രീഗോറിയോസ്, യൂഹാനോൻ റമ്പാൻ എന്നിവരിൽ

യൂഹാനോൻ റമ്പാനെ 1752-ൽ(927)മാർ-ബസ്സേലിയോസ് മപ്രിയാനമലങ്കരയുടെ മാർ-ഈവാനിയോസ് എന്ന പേരിൽ മെത്രാൻ പട്ടം കൊടുത്തു. മാർ-ഗ്രീഗോറിയോസും മാർ-ഈവാനിയോസും ചേൎന്നാണ് 6-ാം മാൎത്തോമ്മായിക്കു മാർ-ദീവന്നാസിയോസ് എന്ന പേരിൽ സ്ഥാനപൂൎത്തികരണം നല്കിയതു്. മാർ-ഗ്രീഗോറിയോസ് കൊച്ചിയിൽ താമസിക്കുമ്പോൾ കാട്ടുമങ്ങാട്ട് ഗീവറുഗീസ് റമ്പാനെ മാർ-കൂറിലോസ് എന്ന പേരിൽ 1772-ൽ (947) മെത്രാൻ ആയി അഭിഷേകം ചെയ്തു. ആയതു് മലങ്കരയിലെ നാട്ടുമെത്രാനായ മാർ-തോമ്മായിക്കു് തീരെ ഇഷ്ടമായില്ല തന്നിമിത്തം മാർ-കൂറിലോസ് തിരു-കൊച്ചിവിട്ടു് ബ്രി. മലബാറിൽ തൊഴിയൂർ എന്ന ദേശത്തു്ഒരുപള്ളി പണിചെയ്തു്അവിടെ താമസിച്ചു്ഒരു ഇടവക രൂപീകരിച്ചു. ഇതിനു് അഞ്ഞൂർ പള്ളി എന്നും പറയുന്നു. മാർ-കൂറിലോസ് അദ്ദേഹത്തിൻെറ സഹോദരനെ മെത്രാനായി പിന്നീടു വാഴിച്ചു. ഇദ്ദേഹത്തെ കൂറിലോസ് രണ്ടാമൻ എന്നും ഇവരെ കാട്ടുമങ്ങാട്ടു ബാവാന്മാർ എന്നും ഇക്കാലത്തു പറയുന്നു. കൂറിലോസ് 2-ാമൻ ചീരൻ പീലക്സിനോസിനെ മെത്രാനായി വാഴിച്ചു. അന്നുമുതൽ ഇന്നുവരെ ഇവർ ഒരു സ്വതന്ത്രസഭയായി നിലകൊള്ളുന്നു.

## 5. പകലോമററം മെത്രാൻമാരുടെ അസ്തമനം

6-ാം മാർ-തോമ 7-ാം മാർ-തോമായെ 971-ൽ വാഴിച്ചു. 6-ാം മാർ-തോമ മരിച്ചശേഷം തൽസ്ഥാനത്തേക്കു് 7-ാം മാൎത്തോമ്മ 983-ൽ ആരോഹണം ചെയ്യപ്പെട്ടു. അക്കാലത്തു് പുലിക്കോട്ടിൽ റമ്പാച്ചനു് ഈ പള്ളിയിൽനിന്നും ചെലവിനു് കൊടുത്തയച്ചു. 7-ാം മാൎത്തോമ്മ അധികനാൾ ഭരിച്ചില്ല. 15 മാസം കഴിഞ്ഞപ്പോൾ അദ്ദേഹം മരിച്ചു് കോലഞ്ചേരി പള്ളിയിൽ അടക്കപ്പെട്ടു. 7-ാം മാൎത്തോമ്മ ബോധരഹിതനായി കിടക്കുമ്പോൾ അദ്ദേഹത്തിൻെറ കൈവെപ്പിച്ചു് 8-ാം മാൎത്തോമ്മ വാഴിക്കപ്പെട്ടു. തന്നിമിത്തം കൈവെപ്പ്സംബന്ധിച്ചു് മലങ്കര സഭയിൽ ഇദ്ദേഹത്തിനു് എതിരായി ഒരു കക്ഷി ഉണ്ടായി. അതിലെ നായകത്വം വഹിച്ചിരുന്നതു് പുലിക്കോട്ടു റമ്പാച്ചൻ ആയിരുന്നു. 8-ാം മാൎത്തോമ്മായും റമ്പാച്ചനും തമ്മിൽ രസക്ഷയമായിരുന്നതിനാലും റമ്പാച്ചൻ കാൎയ്യശേഷി ഉള്ള ആൾ ആയിരുന്നതിനാലും വേണ്ടവിധത്തിൽ ഭരണംനടത്തുവാൻ മെ

ത്രാച്ചനു സാധിച്ചില്ല. എങ്കിലും പള്ളിക്കാർ 8-ാം മാത്തോമ്മായെ അനുസരിച്ചുവന്നു. ഇദ്ദേഹം 987-ൽ ഈ പള്ളിക്കു ഒരു കല്പന അയച്ചു. മെത്രാപ്പോലീത്തായുടെ അശക്തിനിമിത്തം അഞ്ഞൂർ (തൊഴിയൂർ) ഇടവകയുടെ മാർ-ഫീലക്സിനോസിനെ കൊണ്ടുവരുന്നതിനു് കുറുപ്പമ്പടി മുതലായ എല്ലാപള്ളിക്കാരും വടക്കെ ദിക്കിനുപോയി. അദ്ദേഹത്തെ തൃശ്ശൂർവരെ കൊണ്ടുവന്നു. തൃശ്ശൂർവച്ചു് റസിഡൻറുമായി കൂടികാഴ്ച നടത്തി. തക്കങ്ങൾ വീണ്ടും ശക്തിപ്പെട്ടതിനാൽ അതു തീർക്കുന്നതിനു് എല്ലാ പള്ളി പ്രതിപുരുഷന്മാരും കൊല്ലത്തു കൂടണമെന്നു് റസിഡൻറു് കണ്ണൽ മൺറോയുടെ താല്പര്യം അനുസരിച്ചു് 988 ഇടവത്തിൽ കല്ലറക്കൽ പൈലി തരകൻ മുതൽപേർ കൊല്ലത്തു പോയി 8-ാം മാത്തോമ്മായിക്കു് മെത്രാൻ സ്ഥാനോചിതമായ ജോലി നിർവ്വഹിക്കാൻ പാടില്ലെന്നു് ഉത്തരവായതിനാൽ ഭഗ്നാശനായി ജീവിച്ചു. 991 മീനം 12-ാം നു- 8-ാം മാത്തോമ്മ മരിച്ചതൽസ്ഥാനത്തു് പകലോമററം തറവാട്ടുബന്ധത്തിൽപ്പെട്ട ഐപ്പു കത്തനാർ 9-ാം മാത്തോമ്മ എന്നപേരിൽ പ്രവേശിച്ചു എങ്കിലും അദ്ദേഹം ഉടനെ സ്ഥാനത്യാഗം ചെയ്യേണ്ടതായി വന്നു. കടമററം ഇടവകയിൽപ്പെട്ട ഇദ്ദേഹം സ്ഥാനത്യാഗത്തിനുശേഷം ഒരു പട്ടക്കാരനായി കടമററത്തുതന്നെ ആയുഷ്ക്കാലം കഴിച്ചുകൂട്ടി. ഇദ്ദേഹത്തിൻെറ വടി, മുടി മുതലായ അംശ സാധനങ്ങൾ പുലിക്കോട്ട മാർ-ദീവന്നാസിയോസിനു ലഭിച്ചു. ദീർഘകാലം നിലനിന്നുവന്ന പകലോമററം താവാട്ടിലെ പിന്തുടച്ച ഇപ്രകാരം അസ്തമിച്ചു. പിന്നീട്ടു് അതതുകാലത്തു് മലങ്കര സഭയിലെ പ്രതിപുരുഷന്മാർ തെരഞ്ഞെടുത്തു് മെത്രാൻ പട്ടം ഏററവർ ഭരണം നടത്തിതുടങ്ങി.

## 6. പഴയ സിമ്മനാരി

998.ൽ കോട്ടയം പഴയ സിമ്മനാരിക്കു് അടിസ്ഥാനം ഇട്ടതു് പുലിക്കോട്ടിൽ റമ്പാൻ ആണു്. അവിടെ 990-ൽ പഠിത്തം ആരംഭിച്ചു. എന്നാൽ കോട്ടയം സിമ്മനാരിയിലെ പണികൾ പൂത്തിയാക്കിയതു് പുന്നത്ര മാർ ദീവന്നാസിയോസിൻെറ കാലത്താണു്. പുന്നത്ര മാർ ദീവന്നാസിയോസ് പ്രോട്ടസ്റ്റൻറ് മിഷനറിമാരെ കൂട്ടുപിടിച്ചു് അവിടെ വൈദീക വിദ്യാഭ്യാസം നടപ്പിൽ ആക്കുകയും, ഇടവകതോറും വിദ്യാഭ്യാസ പ്രചരണാത്ഥമുള്ള വേലകൾ നടത്തിക്കുക

യും ചെയ്തു. സിമ്മനാരിയിൽ സുറിയാനി പഠിത്വത്തോടുകൂടെ എബ്രായ, ഇംഗ്ലീഷ് ഭാഷകളും പഠിപ്പിച്ചു തുടങ്ങി. സിമ്മനാരി പണിയുടെ ആവശ്യത്തിനു് ഈ പള്ളിയിൽ നിന്നും ആവശ്യമായ സഹായസഹകരണം ചെയ്തുകൊണ്ടിരുന്നു. 995-ൽ 330 ചക്രം കൊടുത്തതു കൂടാതെ തിരുമനസ്സിലെ കല്പന അനുസരിച്ച് വീടൊന്നുക്കു് ഒന്നു ചക്രം വീതം 473 ചക്രം മാസം തോറും കൊടുത്തുകൊണ്ടിരുന്നു.

## 7. കൈസ്താനികളുടെ കുടുംബചരിത്രം

കൈസ്താനികളായ എട്ടു വീട്ടുകാരിൽ കല്പറക്ക, പൊയ്യാടൻ, ഉറുമിയാടൻ, അറക്ക, ആത്തുങ്ക എന്നീ അഞ്ചു വീട്ടുകാരുടെ ചരിത്രം ചുരുക്കമായി മുൻപു് പറഞ്ഞിട്ടുണ്ടു്. ബാക്കിഉള്ള തുരുത്തി, തോമ്പ്ര, മരങ്ങാടൻ എന്നീ മൂന്നു വീട്ടുകാരുടെ ചുരുങ്ങിയ വിവരം താഴെ ചേക്കുന്നു.

### A. തുരുത്തി

ഇവർ പാലൂർ നിന്നു് ചാവക്കാട്ടുവരികയും അവിടെ നിന്നു് ഇടപ്പള്ളിയിൽവന്നു താമസിക്കുകയും, ഇടപ്പള്ളിയിൽ നിന്നും വെങ്ങോല തുരുത്തിപ്പിളി ഭാഗത്തു് ഉദയംകുഴി പണിക്കരുടെ സഹായത്തോടുകൂടെ കുടികയറി താമസിക്കുകയും ചെയ്തു. ഇവരുടെ ജന്മം ചാവക്കാട്ടു് എന്നാണു്. ഇവരുടെ കൂടെപോന്നവരായ ഇവരുടെ ചില വേലക്കാരുടെ ജന്മവും ചാവക്കാട്ടു് എന്നുപറയാറുണ്ടു്. ഇവരുടെ സാക്ഷാൽ വീട്ടുപേരു് തുരുത്തി എന്നാണു്. കൊടിശ്ശേരിക്കുടി, ആയത്തുകുടി ചേട്ടാകുളത്തുംകര, തണ്ടക്കാട്ടിൽ എന്നിത്യാതി വീട്ടുപേരുകളാൽ ഇവർ അറിയപ്പെടുന്നു. കുടികയറി താമസിച്ച വക്കി തത്തളായൽനിന്നു വിവാഹം ചെയ്തു, ഇദ്ദേഹത്തിൻെറ പൗത്രൻ വക്കിക്കു് (1) വക്കി തരകൻ(കൊടിശ്ശേരിക്കുടി—988) (2) മത്തായി(തുരുത്തി) എന്നിങ്ങനെ രണ്ടു ആൺമക്കൾ. വക്കി തരകനു് പൈലി (ആയത്തുകുടി)ഇട്ടിയച്ചൻ(ഇട്ടീര)(ചേട്ടാകുളത്തുംകര),വക്കി(തണ്ടക്കാട്ടിൽ) മത്തായി എന്നിങ്ങനെ നാലുആൺമക്കൾ ഇതിൽ ആയത്തുകുടി പൈലിക്കു് ഏഴു ആൺമക്കൾ. രണ്ടാമൻ പൈലി കത്തനാർ തുരുത്തിപ്പിളിപള്ളിയിൽ 1036-ൽആയി. നാലാമൻ തോമസ്കത്തനാർക്കുറിലോസ് ബാവായുടെ കൂടെ പാണിയേലിക്കുപോയി പനിപിടിച്ചു്

മരിച്ചു് കുറുപ്പമ്പടി പള്ളി ശകക്കോട്ടയിൽ അടക്കി. 6-ാമൻ മാത്തു വിൻെറ മകൻ തോമസ് കത്തനാരുടെ മകനാണു് ഇപ്പോഴത്തെ പൗലോസ് കത്തനാർ. ഏഴാമൻ പത്രോസ് ആത്തുങ്കൽ ഇട്ടിക്കരിയ ൻെറ (ഈ എഴുത്തുകാരൻെറ അപ്പൂപ്പൻെറ അപ്പൂപ്പൻ ഇട്ടിക്കരിയ ൻെറ) മകരം മറിയത്തിനെ കല്ല്യാണം കഴിച്ചു. ചേട്ടാകുളത്തുംകര ഇട്ടീരക്കു് വക്കി, പൈലി രണ്ടു ആൺമക്കരം. പൈലിക്കു് അബ്രാഹാം കത്തനാർ, വക്കി, പൈലി, ഹാബേൽ എന്നിങ്ങനെ നാലുമക്കരം. ഇതിൽ അബ്രാഹാം കത്തനാരുടെ മകനാണു് കണ്ടനാടുഭദ്രാസന ഇടവകയുടെ ഔഗേൻ മാർ തിമഥെയോസ് മെത്രാപ്പോലീത്ത. വക്കി മുണ്ടക്കമൊലിക്കുടിയിൽ കെട്ടി ദത്തു്. ഇദ്ദേഹത്തിൻെറ മകളാണു് വയൽപ്പറമ്പിൽ ഗ്രീഗോറിയോസ് മെത്രാച്ചൻെറ അമ്മ.

തുരുത്തി വക്കിയുടെ പൗത്രൻ വക്കി കുറുപ്പമ്പടിപ്പള്ളിയിലെ കൈക്കാരൻ ആയിരുന്നു. ഈ കുടുംബത്തിൽ നിന്നും തുടർച്ചയായി 1068-വരെ കുറുപ്പമ്പടി പള്ളിയിൽ കൈസ്ഥാനം നോക്കിയിരുന്നു.

കൊട്ടിശ്ശേരിക്കുടിയിൽ സൂക്ഷിച്ചിരുന്ന ഒരു ഓലയിൽ നിന്നും അക്കാലത്തു് പണം പലിശക്കു കൊടുക്കുന്നതിനു് എഴുതിക്കൊണ്ടിരുന്ന രീതി അറിയുന്നതിനു് താഴെ ചേക്കുന്നു.

''കൊല്ലം 978-ാമതു് ചിങ്ങപ്പയററിൽ എഴുതിയ കണക്കോലക്കാര്യമാവിതു്. മകോതേവരു പട്ടണത്തു് വെങ്ങോല ദേശത്തു് കുടിയിരിക്കുംഎടപ്പള്ളിയിൽ വറിയതുവക്കിയാൽ അപ്പാടുപള്ളി 1650 പുതുപ്പണം കടം കൊണ്ടാൻ മുരിയമംഗലത്തു് ചോരൻ മാതേവൻ കൊണ്ടാൻ കൊണ്ടവർ കയ്യാലുംഅന്മാക്കുമെ ഈ പുതുപ്പണം 1650-നും പലിശ കണ്ടതു 41-പറ ഡങ്കഴി 2¼. ഈ ആണ്ടുവരെ കൊടുത്തിരിപ്പു് ചോരൻ മാതേവൻ ഇന്മാക്കുമെ ഈ പുതുപ്പണം 1650-നും കാൽ പലിശകൊണ്ടുള്ള നെല്ലു് 41¼-പറയും ആണ്ടുവരെ വാങ്ങികൊടുത്തു വറിയതു വക്കി കൈപ്പട''.

ചാവക്കാട്ടു നിന്നുവന്ന മററുചില വീട്ടുകാരുടേയും ജന്മം ചാവക്കാട്ടു് എന്നാകുന്നു. ജന്മനാമധേയം പലവിധത്തിൽ ഉപയോഗിക്കാറുണ്ടു്. ഏതെങ്കിലും ദേശത്തുനിന്നും പുറപ്പെട്ടാൽ ചിലർ അവരുടെ ജന്മനാമം ആ ദേശ നാമത്തിൽ പറയപ്പെടുന്നു. ചിലർ ഏതെ

ങ്കിലും പ്രസിദ്ധ ഇല്ലങ്ങളുടേയൊ കർത്താക്കന്മാരുടേയൊ അരികെ നിന്ന പുറപ്പെട്ടാൽ ആ പേരു് ഉപയോഗിക്കുന്നു. മററുചിലർ തങ്ങരം ഏതു നമ്പൂരിയുടെ അഥവാ നായന്മാരുടെ കുടുംബത്തിൽപ്പെട്ടിരുന്നുവൊ ആ കുടുംബനാമധേയം ജന്മനാമമായി ഉപയോഗിച്ചുവരുന്നു. തെക്കിനയം, കാളാംപറമ്പൻ, മുട്ടത്താൻ, കീച്ചേരി, ചാമക്കാടൻ എന്നീ വീട്ടുകാരും ചാവക്കാട്ടു നിന്നു വന്നവരാകയാൽ അവരുടെ ജന്മം ചാവക്കാടൻ എന്നാണു്.

## B. തോമ്പ്ര

ഇവരുടെ ജന്മം കിടങ്ങയം എന്നാണു്. ഇവർ കുന്നംകുളത്തുനിന്നും ക്ലനൻ കുരിശുസത്യ കാലത്തു് തുരുത്തിപ്പിളി(വെങ്ങോല) ഭാഗത്തു് കുടികയറി താമസിച്ചു. ഞാളൂർ കർത്താക്കന്മാരുടെ സഹായം ഇവക്കു ലഭിച്ചിരുന്നു. ഇവർ വട്ടക്കാട്ടുപടിയിൽ തോമ്പ്ര എന്ന കുടിയിൽ താമസിച്ചതിനാൽ തോമ്പ്ര എന്ന പേർ ഉണ്ടായി. ഇവരുടെ സന്താനം അവിടെനിന്നും പല സ്ഥലങ്ങളിൽ കുടികയറി താമസിച്ചു. ഇപ്പോരം തിരുവിതാംകൂർ, കൊച്ചി, മലബാർ, ഇൻഡ്യയുടെ മററു ഭാഗങ്ങരം, സിങ്കപ്പൂർ, ജപ്പാൻ ദേശങ്ങളിൽ ആയി 300-ൽ പരം വീട്ടുകാർ ഉണ്ടു്. ചേന്നംകുടി-മുണ്ടയ്ക്കമാലിക്കുടി മണ്ണപ്പിള്ളി ഉഴിഞ്ഞിനാട്ടു്-പടിഞ്ഞാറെ പുത്തൻപുര- തോട്ടങ്കൽ, കിഴക്കേക്കുടി കുഞ്ഞിട്ടിക്കുടി മുതലായ വീട്ടുപേരുകളാൽ ഇവർ അറിയപ്പെടുന്നു. ഇവർ ജനപ്പെരുപ്പമുള്ള ഒരു കുടുംബം ആകുന്നു. ഇത്രയും ജനപ്പെരുപ്പമുള്ള മററൊരു കുടുംബവും ഈ ഇടവകയിൽ ഇല്ല. ഇവർ കഴിഞ്ഞാൽ കുറുപ്പൻ,തുരുത്തി, മററമന മുതലായ ചില വീട്ടുകാരും ജനപ്പെരുപ്പം ഉള്ള വർഗ്ഗം ആകുന്നു. 960 അടുക്കെ പ്രബലനായിതീൎന്ന തോമ്പ്ര പൈലി തരകനാണു് തോമ്പ്രകളിൽ ആദ്യത്തെ കൈക്കാരൻ. പൈലി തരകൻെറ പൗത്രൻെറ മകനാണു് കുറു അച്ചൻ. കുറു അച്ചൻെറ മകളെ പൊയ്ക്കാട്ടിൽ ചാക്കൊ വിവാഹം ചെയ്തു. ചാക്കൊയുടെ മകനാണു് ഇപ്പോരം ജീവിച്ചിരിക്കുന്ന പി. സി. കുരുവിള മാസ്റ്റർ. ഈ ചരിത്രം എഴുതുന്നതിൽ കുറു അച്ചനിൽ നിന്നു് പല നിർദ്ദേശങ്ങരം ലഭിച്ചിട്ടുണ്ടു്. പൈലി തരകൻെറ കുടുംബത്തിൽനിന്നും 1068-വരെ തുടർച്ചയായി കൈസ്ഥാനം ഭനാക്കിയിരുന്നു, ഇവരുടെ കുടുംബത്തിൽപെട്ട പല പട്ടക്കാരും കുറുപ്പമ്പടി പള്ളിയിൽ തവണനടത്തിയിരുന്നു. കുമരക്കിള്ളി, കരുപ്പക്കാടൻ, മററമന പുന്നോർപ്പിള്ളി,

ഓാലപ്പുര, പാത്തിക്ക, തണ്ണി ക്കാടൻ, കിടങ്ങയം മുതലായ വീട്ടുകാരും കിടങ്ങയം ജന്മത്തിൽപ്പെട്ടവരാണു്. അവർ പരസ്പരം ബന്ധമുള്ളതായി അറിയപ്പെടുന്നില്ല. തോമ്പ്രകളുടെ വംശാവലി താഴെ ചേക്കുന്നു. വട്ടക്കാട്ടുപടിയിൽ താമസിച്ച വക്കി തത്തളായൽ നിന്നു വിവാഹം ചെയ്തിരുന്നു. ഇപ്രകാരം തോമ്പ്രയും തുരുത്തിയും തമ്മിൽ പെൺവഴിയിൽ ബന്ധപ്പെട്ടവരാണു്. വർക്കിയുടെ മൂന്നു ആൺമക്കളിൽ ഒരാളുടെ വീട്ടുപേരു് ചേന്നംകുടി. അടുത്തമകൻ താമസിച്ചിരുന്ന വീടിനു് കുഞ്ഞിട്ടിക്കുടി എന്നും, ഇളയമകൻ താമസിച്ചിരുന്ന വീടിനു് മന്നാലിക്കുടി(പാർവ്വേലിക്കുടി) എന്നും പറയുന്നു.

### C. മരങ്ങാടൻ

ഇതു് ഒരു കുടിപ്പേരു് ആണു്. കുറുപ്പമ്പടി പള്ളിയുടെ തെക്കു വശത്തു് ഒരു അങ്ങാടി (വ്യാപാരകേന്ദ്രം) സ്ഥാപിച്ചപ്പോൾ അതിന്റെ ഉൽഘാടനത്തിനു് അങ്ങാടിയുടെ പടിഞ്ഞാറെ അററത്തു് ഒരു കൊടിമരം നാട്ടി അതിൽ കൊടിക്കൂറ ഉയർത്തികെട്ടി. കൊടിമരം നാട്ടിയ സ്ഥലത്തിനു് സമീപം ഉണ്ടായിരുന്ന വീടിനു് തന്നിമിത്തം മരംനാട്ടി എന്ന പേർ സിദ്ധിച്ചു എന്നും ആയതു് മരങ്ങാട്ടു് എന്ന പേരിൽ അറിയപ്പെടുന്നു എന്നും പറയപ്പെടുന്നു. ഈ വീട്ടുകാരിൽ പലർ പില്ക്കാലത്തു് പല സ്ഥലത്തേക്കു് കുടികയറി താമസിച്ചിട്ടുണ്ടു്.

കൊല്ലവഷം പത്താം ശതവഷത്തിന്റെ ആദിയിൽ അങ്ങാടിയിലുള്ള മരങ്ങാട്ടുഭവനത്തിൽ വക്കി, ഐപ്പു്, എന്നിങ്ങനെ രണ്ടു് ആൺമക്കൾ ഉണ്ടായിരുന്നു. ഇതിൽ വക്കി പെരുമ്പാവൂരും (അല്ലപ്ര) ഐപ്പു് അങ്ങാടിയിൽ തറവാട്ടിലും താമസമാക്കി.

പെരുമ്പാവൂർ താമസിച്ച വക്കിക്കു്, വക്കി, ഐപ്പു്, മത്തായി എന്നിങ്ങനെ മൂന്നു ആൺമക്കൾ ഇവരിൽ 1-ാമൻ വക്കി പെരുമ്പാവൂർ കുന്നത്തുതാലൂക്കു് കച്ചേരിയിൽ മുതൽപിടി ആയിരുന്നു. 2-ാമൻ ഐപ്പു് ആത്തുങ്കൽ (എടശ്ശേരി) പൈലി ഇട്ടൂപ്പിന്റെ മകൾ അച്ചുണ്ണിയെ 2100 പുത്തൻ ഒത്തു് വിവാഹം ചെയ്തു. സ്ത്രീധനമായി ആത്തുങ്കൽ കുടുംബത്തിൽനിന്നും പത്തുപറയ്ക്കു് നിലംകൊടുത്തിരുന്നു. ഐപ്പിനു് വക്കി എന്ന ഒരു ആണും അഞ്ചു പെൺമക്കളും

ഉണ്ടായിരുന്നു. പെൺമക്കളിൽ മറിയത്തിനെ അന്മുറി കീച്ചേരി പൈലിയും, കുഞ്ഞളച്ചാരെ മററക്കാട്ടിൽ കുഞ്ഞിപാവും, അന്നത്തിനെ നീലാങ്ങൽ പൈലിയും, ഏലിയെ പണ്ടിക്കുടിയിൽ വക്കിയും അച്ചണ്ണിയെ ആലിയാട്ടുകുടിയിൽ മത്തായിയും വിവാഹം ചെയ്തു. ആലിയാട്ടുകുടി മത്തായിയുടെ പൗത്രൻ ആണ് ഇപ്പോഴത്തെ ആലിയാട്ടുകുടി മത്തായി മാസ്റ്റർ. 3-ാമൻ മത്തായിയുടെ മകൻ കുഞ്ഞുപൗലോ ആത്തുങ്കൽ ഇട്ടൂപ്പ് ഇട്ടിക്കയ്യ്തിൻെറ മകരം അന്നത്തിനെ കല്യാണം കഴിച്ചു.

അങ്ങാടിയിൽ താമസിച്ചിരുന്ന മരങ്ങാട്ടു ഐപ്പ് പള്ളിയിൽ കൈക്കാരൻ ആയിരുന്നു. ഇദ്ദേഹത്തിന് അഞ്ചു പെൺമക്കരം മാത്രമെ ഉണ്ടായിരുന്നുള്ളു. അതിൽ ഒരുത്തിയെ ഈ പള്ളിയിലെ പട്ടക്കാരൻ ആയിരുന്ന പാറയ്ക്കാട്ടു മാത്തുള്ള കത്തനാരുടെ ജ്യേഷ്ഠൻ കെട്ടി. ഇവക്കു പെൺമക്കരം മാത്രമെ ഉണ്ടായിരുന്നുള്ളു. അതിൽ ഒരുത്തിയെ ഈ പള്ളിയിലെ കപ്യാർ പടയാട്ടിൽ വക്കിയുടെ മകൻ കപ്യാർ കോരതു കെട്ടിദത്തുതാമസിച്ചു. ഈ കോരതിൻെറ മകനാണ് പടയാട്ടിൽ ഒന്നാമത്തെ ഇത്താപ്പിരി കത്തനാർ.

മരങ്ങാട്ട് ഐപ്പിൻെറ അഞ്ചു പെൺമക്കളിൽ അച്ചണ്ണിയെ എടശ്ശേരി എന്ന ജന്മനാമമുള്ള ആത്തുങ്കൽ പൈലിയുടെ മകൻ (ആത്തുങ്കൽ ഇട്ടൂപ്പിൻെറ അനുജൻ) കുഞ്ഞുപൗലോ കെട്ടി മരങ്ങാട്ട് (അങ്ങാടിയിൽ) ദത്തുതാമസം. അമ്മായപ്പൻ ഐപ്പ് മരിച്ചപ്പോരം കൈസ്ഥാനം ആത്തുങ്കൽ പൗലോയിക്ക് ലഭിച്ചു. പൗലോ 997-1006 വരെ കൈക്കാരൻ ആയിരുന്നു. പള്ളിറിക്കാർട്ടുകളിൽ ആത്തുങ്കൽ, എന്നും മരങ്ങാട്ട് എന്നും ഭവനനാമങ്ങരം ഇദ്ദേഹം ഉപയോഗിച്ചിരുന്നു. പൈലി-പൗലോസ് എന്നിങ്ങനെ പേരുകളും ഉപയോഗിച്ചു കാണുന്നു. മരങ്ങാട്ട് ദത്തുതാമസിച്ച ആത്തുങ്കൽ പൗലോസിന് ഐപ്പ് എന്ന ഒരു ആൺകുട്ടിയും രണ്ടുപെൺമക്കളും ആയിരുന്നു. പെൺ മക്കളിൽ മാത്തിരിയെ കോട്ടപ്പടിക്കൽ തേലക്കാട്ടുവക്കിയും ഏലിശബായെ പെരുമ്പാവൂർ തോമ്പ്ര ചാണ്ടിയും വിവാഹം ചെയ്തു. പള്ളി കൈക്കാരന്മാരും ജേഷ്ഠാനുജന്മാരുമായ ആത്തുങ്കൽ ഇട്ടൂപ്പും, ആത്തുങ്കൽ (മരങ്ങാട്ട്) പൈലിയും 1006-ൽ മസൂറി ദീനത്തിൽ മരിച്ചു. പൈലിയുടെ കൻ ഐപ്പ് പള്ളിയിൽ കൈക്ക

രൻആയിരുന്നു. ഐപ്പിന് പൈലി എന്ന ഒരു ആൺകുട്ടിയും, നാലു പെൺമക്കളും ആയിരുന്നു. പെൺമക്കളിൽ അച്ചുണ്ണിയെ കോതമംഗലത്തു് തേക്കലെക്കാട്ടു് കോരതുകത്തനാരും, മറിയത്തിനെ മേയ്ക്കമാലിൽ ഇട്ടിമാത്തുവും, അന്നത്തിനെ വെങ്ങോല കളപ്പുര (കൊല്ലംകുടി) മാത്തുവും, ഏലിയെ ചേലാട്ടുകരയിൽ അതിരമ്പുഴ അവരയും വിവാഹംചെയ്തു. ആത്തുങ്കൽ കുടുംബത്തിലെ കൈക്കാരന്മാർ കണക്കിൽ സമർത്ഥന്മാരായിരുന്ന പ്രകാരം ഐപ്പ് കണക്കു വിഷയത്തിൽ സമർത്ഥനും, ഒരു നാട്ടു് അദ്ധ്യാപകനും ആയിരുന്നു. അദ്ദേഹത്തിന്റെ ശിഷ്യന്മാരിൽ പാലക്കാപ്പിള്ളി അന്നത്തെ പള്ളിയോഗക്കാരെയും ജീവനക്കാരെയും സ്തുതിച്ചും, കളിയാക്കിയും ഒരു ഗീതം നിർമ്മിച്ചതിൽ പൂർവ്വഭാഗം ഇപ്രകാരമാകുന്നു.

''മരങ്ങാട്ടു് ഐപ്പേ, അതിവിരുത!
മതിലേന്മെ പൂച്ചേ, കൊച്ചുപാക്കൊ!
കാര്യം പറയാൻ കല്ലറക്ക
അർത്ഥം തിരിക്കാൻ ആത്തുങ്ക......''

ഐപ്പിന്റെ മകൻ പൈലി 1066- 1086 വരെ കുറുപ്പുമ്പടി പള്ളിയിൽ കൈക്കാരനായിരുന്നു. ഇദ്ദേഹത്തിനു് മാത്തുകത്തനാർ, അബ്രാഹാം എന്നിങ്ങനെ രണ്ടു ആൺമക്കളും, രണ്ടു പെൺമക്കളും ആയിരുന്നു. പെൺമക്കളിൽ അന്നത്തിനെ അമ്പുറിയിൽ നടക്കൽ പൈലിയും മറിയത്തിനെ ചീരകത്തോട്ടത്തിൽ ആദായിയും വിവാഹം ചെയ്തു. ഈ മറിയത്തിന്റെ മകനാണു് കുറുപ്പുമ്പടി എം. ജി. എം. ഹൈസ്കൂളിലെ ഇപ്പോഴത്തെ ഹെഡ്മാസ്റ്റർ പി. എ. പൗലോസ് കത്തനാർ B. A. L. T.

പള്ളിയിൽ പെരുന്നാൽ ദിവസങ്ങളിൽ കുർബ്ബാനയും ധൂപപ്രാർത്ഥനയും കഴിഞ്ഞു് ഭണ്ഡാരത്തിൽ വഴിപാടു ഇടുന്നതു് പട്ടക്കാർ കഴിഞ്ഞാൽ കൈക്കാരന്മാർ ആയിരുന്നു. കപ്യാർ പള്ളിയോഗത്തിന്റെ അനുവാദം വാങ്ങിയശേഷം ഭണ്ഡാരം (തളികപെട്ടി) വയ്ക്കുന്നു. കൈക്കാരന്മാരിൽ ആദ്യം വഴിപാടു ഇടുന്നതിനുള്ള അവകാശം മരങ്ങാട്ടേക്കും ആയിരുന്നു. എന്നാൽ ഒരു ദിവസം പട്ടക്കാർ വഴിപാടു ഇട്ടു കഴിഞ്ഞശേഷം ജനങ്ങളിൽ ചിലർ വഴിപാടു ഇട്ടു.

ഉടനെ മരങ്ങാട്ടു പൈലി ക്രുദ്ധനായി തളികപെട്ടി പൊത്തിപ്പിടിച്ചു. ഉടനെ തൻെറ കുടുംബത്തിൽപ്പെട്ട ജേഷ്ഠസഹോദരൻ ഇട്ടൂപ്പ് സ്നേഹസ്വരത്തിൽ ശാസിച്ചതനുസരിച്ച് കൈ എടുക്കുകയും ഭണ്ഡാരത്തിൽ മുറക്ക് വഴിപാടു ഇടുകയും ചെയ്തു. ഇപ്രകാരം ആ പാരമ്പര്യം വ്യത്യാസപ്പെടുത്തി. 1086- മുതൽ പൈലിയുടെ മകൻ മരങ്ങാട്ടു അബ്രാഹാം മാസ്റ്റർ കൈക്കാരനായിരുന്നു. ഇവരുടെ വംശാവലി ഞാൻ 1947-ൽ പ്രസിദ്ധീകരിച്ച ''ആത്തുങ്കൽ കുടുംബം'' എന്ന ലഘു കൃതിയിൽ എഴുതിയിട്ടുണ്ട്.

## ഭാഗം 2 (1816-1825) 991-1000

**മെത്രാൻമാർ:-**

പുലിക്കോട്ടു് ജോസഫ് മാർ - ദിവന്നാസിയോസ് or
ദിവന്നാസിയോസ് 2-ാമൻ 990—992
മാർ- പീലക്സിനോസ് (തൊഴിയൂർ) 992
പുന്നത്രമാർ- ദിവന്നാസിയോസ് or
ദിവന്നാസിയോസ് 3-ാമൻ 993—1000

**പട്ടക്കാർ:-**

തട്ടാംപുറത്തു് പൗലോസ് കത്തനാർ 990—1025
അരീക്കൽ (തോടത്തി) വറിയതുകത്തനാർ 988—1037
തേക്കലക്കാട്ടു് ചെറിയതുകത്തനാർ 993—1037

**കൈക്കാരൻമാർ:-**

പൊട്ടയ്ക്കാട്ടിൽ വക്കി. അറക്കൽ വക്കി.
കല്ലറക്കൽ പൈലി. ഉറുമിയാടൻ ഉറുമി, വക്കി
തോമ്പ്ര പൈലി. മരങ്ങാടൻ ഔപ്പ്, പൈലി.
തുരുത്തി വക്കി, ആത്തുങ്കൽ ഇട്ടൂപ്പ്

### 1. മാർ ദിവന്നാസിയോസ് 2-ാമൻ

9-ാം മാർത്തോമ്മായുടെ കാലത്തോടുകൂടെ പകലോമററം മെത്രാന്മാരുടെ പിന്തുടർച്ചഭരണം അവസാനിച്ചു. പകലോമററം തറവാ

ട്ടിൽപെട്ട കുറവിലങ്ങാട്ടുള്ള അക്ക്ദയാക്കോൻെറ കുടുംബം 5-ാം മാർ ത്തോമ്മയുടെ ശേഷം മുഴവനായി പഴയകൂററിൽ ഉൾപ്പെട്ടിരുന്നതു കൊണ്ടും, ആ താവഴി ഉള്ള മാർ- തോമാ മെത്രാന്മാരുടെ ബന്ധുക്കാം പറങ്കി ശീശ്മയിൽ പെട്ടിരുന്നതിനാലും, പകലോമററം തറവാട്ടിൽ പെട്ടവരെ മെത്രാന്മാരായി വാഴിച്ചാൽ പറങ്കി ശീശ്മയിലേക്ക് ജനങ്ങളെ വഴിനടത്തും എന്നു വിചാരിച്ചും, താവഴി ആയി ഒരു കുടുംബത്തിൽ തന്നെ മെത്രാൻ ആയിരിക്കുന്നതു് ശരിയല്ലാത്തതിനാലും, എട്ടും, ഒൻപതും മാർത്തോമാ മെത്രാന്മാർ പകലോമററം തറവാട്ടിൽ പെടാതെ പെൺവഴിക്ക് ആയിരുന്നതിനാലും പകലോമററം തറവാടിനെ മുഴവനായി മലങ്കരയിലെ സഭ ഉപേക്ഷിച്ചു. 8-ാം മാത്തോമ്മ അശക്തൻ ആയിരുന്നതിനാൽ സെമ്മനാരിയിലെ പഠിതപത്തിനായി വട്ടിപ്പണം വാങ്ങിക്കാൻ തൊഴിയൂർ ഇടവകയുടെ മാർ- പീലക്സിനോട്ട് പുലിക്കോട്ടു് യൗസേഫ് റമ്പാച്ചൻ 8-ാം മാത്തോമ്മയുടെ അന്ത്യത്തിൽ മാർ ദിവന്നാസിയോസ് എന്ന സ്ഥാനപ്പേരിൽ മെത്രാൻപട്ടം ഏററു. ഇദ്ദേഹത്തെ അനുസരിച്ച് കൊള്ളണമെന്നു് തിരുവിതാംകൂർ - കൊച്ചി ഗവൺമെൻറുകാം ഒരു വിളംബരം പുറപ്പെടുവിച്ചു. ഇപ്രകാരം തിരുവെഴുത്തു വിളംബരം നടപ്പിലായി. മാർ ദിവന്നാസിയോസ് ദ്വിതീയൻെറ സ്ഥാനാരോഹണം മലങ്കരയുള്ള എല്ലാ പള്ളിക്കാക്കും സന്തോഷപ്രദമായിരുന്നു. കീഴ്നടപ്പ് അനുസരിച്ച് തിരുമേനിയെ മോതിരം ഇടുവിക്കുന്നതിനായി ഈ പള്ളിയിൽ നിന്നും 991-ൽ യോഗക്കാർ പോയിരുന്നു. ഇദ്ദേഹത്തിൻെറ കാലത്തു് ഈ പള്ളിയുടെ തെരട്ടു് കോട്ടയം സെമിനാരിയിൻ തിരുമുമ്പാകെ പള്ളിയോഗം ഹാജരാക്കി. ഇക്കാലം മുതൽക്കാണ് മലങ്കര മെത്രാപ്പോലീത്തന്മാക്ക് കോട്ടയത്തു് ആസ്ഥാനം ഉണ്ടായതു്. തിരുമനസ്സിലെ ഭരണകാലം ഹ്രസ്വം ആയിരുന്നു. തിരുമേനി കാലംചെയ്തു എന്നു് 992 വൃശ്ചികത്തിൽ ഈ പള്ളിയിൽ അറിവുകിട്ടി. (N. B. ഇടവഴിക്കൻെറ ചരിത്രത്തിൽ 993- ൽ മരിച്ചതായി കാണുന്നു.)

## 2. മാർ പീലക്സീനോസ്:-

മാർ ദിവന്നാസിയോസ് 2-ാമൻ കാലംചെയ്തശേഷം അദ്ദേഹത്തിനു മെത്രാൻപട്ടം കൊടുത്ത തൊഴിയൂർ മാർ പീലക്സീനോസ്

മലങ്കരമെത്രാനായി സ്വീകരിക്കപ്പെട്ടു. 993 തുലാമാസത്തിൽ പുന്നത്ര ഗീവറുഗീസ് കത്തനാരെ മാർ ദീവന്നാസിയോസ് എന്നപേരിൽ (3-ാമൻ) അദ്ദേഹം വാഴിച്ചിട്ട് അദ്ദേഹം തൻെറ ആസ്ഥാനമായ തൊഴിയൂക്ക് തിരിച്ചുപോയി.

## 3. വെങ്ങോലപള്ളി:-

990-ൽ കല്ലിട്ട് പണി ആരംഭിച്ച വെങ്ങോലപള്ളി 993-ൽ കൂദാശചെയ്യതായി പറയപ്പെടുന്നു. 1010 വരെ ഈ പള്ളി, പള്ളിക്കര പള്ളിയുടെ കരിശുപള്ളി ആയിരുന്നു, പട്ളാട്ട്, കാട്ടവെട്ടി, കൊല്യേലി എന്നീ വീട്ടുകാർ ആണ് ഈ പള്ളിയുടെ പ്രാരംഭപ്രവത്തകർ. ഈ പള്ളി ഒരു ഇടവകപള്ളി ആയതോടുകൂടെ ആ ഭാഗങ്ങളിൽ താമസിച്ചിരുന്ന കുറുപ്പമ്പടി പള്ളിയിലെ ചില വീട്ടുകാർ ആ പള്ളിയിൽചേന്നു നടന്നുവരുന്നു.

## 4. മാർ ദിവന്നാസിയോസ് 3-ാമൻ:-

ഇദ്ദേഹം 993 തുലാം 26 തീ. തൊഴിയൂർ മാർ-പീലക്സീനോസിനാൽ സ്ഥാനാരോഹണം ചെയ്യപ്പെട്ടു എന്നു് മേൽപ്രസ്ഥാവിച്ചിട്ടുണ്ട്. തിരുമേനിയെ മോതിരം ഇടുവിക്കുന്നതിനായി പള്ളിയോഗത്തിൽനിന്നും തട്ടാംപുറം പൗലോസ് കത്തനാർ ഉൾപ്പടെ നാലുപേരെ കോട്ടയം സിമ്മനാരിയിലേക്കയച്ചു. തിരുമേനി നയജ്ഞനും കുശ്മബുദ്ധി ഉള്ളവനും ആയിരുന്നു. ദിവന്നാസിയോസ് 2-ാമൻേറയും മററും സഹവാസം കൊണ്ടു് ഭരണത്തിൻെറ നല്ലരീതികൾ അദ്ദേഹം മനസ്സിലാക്കിയിരുന്നു. കടമററത്തു തേക്കിലക്കാട്ടു ചെറിയതു കത്തനാരെകൂടെ വികാരിയായി നിയമിച്ചുതരണമെന്നു കാണിച്ചു് പള്ളിയോഗം ഒരു യോഗകുറി എഴുതി ഉമ്മട്ടിവക്കിയുടെ കയ്യിൽ കൊടുത്തയച്ചു. (ഉമ്മട്ടി വക്കി 1001 വരെ പള്ളിയിൽ ശിപായി ആയിരുന്നു) തിരുമനസ്സുകൊണ്ടു് യോഗകുറി അനുസരിച്ചു് ചെറിയതു കത്തനാരെ 993 കക്കടം 15 തീ. ഈ പള്ളിയിലെ ആഴ്ച വികാരിയായി നിയമിച്ചു. തിരുമേനി പല പ്രാവശ്യം ഈ പള്ളിയിൽ എഴുന്നെള്ളിയിട്ടുണ്ടു്. 994-ൽ ഇവിടെ എഴുന്നെള്ളിയിരിക്കുമ്പോൾ പഴയ കൂററുകാരിൽ നിന്നു് അക്കാലത്തു് അദ്ദേഹത്തിനുവിട്ടുകിട്ടിയപിറവംപള്ളിക്കു്കല്പനഅയച്ചു. 997 മേടത്തിലും

അദ്ദേഹം ഈ പള്ളിയിൽ വന്നിരുന്നു. 998-ൽ ഇവിടെ എഴുന്നെള്ളിയിരുന്നതിനു 1062 ച.ക്രം. ചെലവുവന്നിട്ടുണ്ട്. 943-ൽ കരവരി ഇട്ടതിൽ കൊടുത്തു തീൎക്കാത്തവരെപ്പററിയുള്ള അവസാന തീരുമാനം അദ്ദേഹം ഇവിടെ താമസിക്കുമ്പോഴാണു് ഉണ്ടായതു്.

### 5. പള്ളിയുടെ സ്ഥാവരവസ്തുക്കൾ:-

താണി അകത്തൂട്ടെ തനതു വസ്തുകൂടാതെ 993 ആയപ്പോഴേക്കും പള്ളിക്കു് തീറായും, കാണമായും, പണയമായും ഉള്ള വസ്തുക്കൾ (നിലങ്ങൾ) വൎദ്ധിച്ചു. 987-ൽ ആണു് കൊററയംപിള്ളിൽ നിന്നും വടശ്ശേരിക്കണ്ടം ഉൾപ്പെട്ടനിലം 1375 പുത്തൻ കൊടുത്തു് പള്ളിയിലേക്കു് പണയം വാങ്ങിച്ചതു്. വസ്തുക്കൾ അന്യഥാ നഷ്ടപ്പെടാതിരിപ്പാനും പാട്ടം ശരിയായി പിരിയുവാനും വിശ്വസ്തരായവരെ തന്നെ വസ്തുക്കൾ പാട്ടത്തിനു് ഏല്പിച്ചിരുന്നു. ആന, പന്നി മുതലായ കാട്ടുമൃഗങ്ങളുടെ ശല്യം, വസ്തുവിന്റെ തെളിവില്ലായ്മ എന്നീ കാരണങ്ങളാൽ അക്കാലത്തു് പാട്ടം കുറവായിരുന്നു. 993-നു മുമ്പുണ്ടായിരുന്ന വസ്തുക്കളുടേയും പാട്ടക്കാരുടേയും ഒരു ലിസ്റ്റു് താഴെ ചേൎക്കുന്നു.

| നിലം | പറ | പാട്ടക്കാരൻ | പാട്ടം |
|---|---|---|---|
| താണി അകത്തൂട്ടു് | 16 | പൊയ്യാട്ടിൽ കുഞ്ഞിക്കോര | 18 |
| | | കപ്യാർ വൎക്കി | 14 |
| തോബ്രപടവു് | | പൊയ്യാട്ടിൽ വൎക്കി | 7.5 |
| വടശ്ശേരിക്കണ്ടം, ചെമ്പകശ്ശേരിക്കണ്ടം | 17 | കല്ലറയ്ക്കൽ പൈലി | 67.7½ |
| കൊററയംപള്ളികണ്ടം മാമൂട്ടി പടവു് | 13 | കല്ലറയ്ക്കൽ പൈലി | 54 |
| കാമ്പറം | 10 | പൊയ്യാട്ടിൽ വൎക്കി | 26 |
| മൂഴിപ്പാടം | 11 | പൊയ്യാട്ടിൽ വൎക്കി | 40 |
| ഏലിഞ്ഞിക്കോടി, മണലോടി വട്ടോളിക്കണ്ടം കോട്ടപ്പാടം | 11 | ചെമ്മായത്തു വാര്യർ മണ്ണായത്തു കുഞ്ഞൻനായർ ആത്തുങ്കൽ ഇട്ടൂപ്പു് | 33 |
| | | ആകെ പാട്ടം | 329.7½ |

993-ൽ ആകെ പാട്ടം വരവ് തുലാം മുതൽ കുംഭം

| | |
|---|---|
| വരെ | 501 . 1 |
| വാശി | 24 . 1¾ |
| ആകെ പാട്ടം | 525 . 2¾ |

N. B. മേൽകാണിച്ചതിൽ ചില തുകകൾ എഴുതിയിട്ടില്ലാത്തതു് ഓലയിൽ നഷ്ടപ്പെട്ട ഭാഗമാണു്. വസ്തുക്കളിൽ ചിലതു് ചേരാനല്ലൂർ പ്രവൃത്തിയിൽ (ഇപ്പോൾ വേങ്ങൂർ പകുതി) ഉൾപ്പെട്ടതും ആകുന്നു.

## 6. ഇടവകയിലെ ചില പുരോഗമന പ്രവർത്തികൾ

അക്കാലങ്ങളിൽ ഈ ഇടവകയിൽ ഓരോ വീട്ടുകാക്കും ഇന്ന കുഴിക്കാണം എന്നുണ്ടായിരുന്നു. കുഴിക്കാണം കുറച്ചുകൊടുപ്പാൻ യോഗത്തിൻെറ അനുവാദം ആവശ്യമായിരുന്നു. ഒരാൾ മരിച്ചാൽ പട്ടക്കാരൻ വീട്ടിൽ ചെന്നു് ശുശ്രൂഷനടത്തി ശവം എടുക്കുന്നതിനു മുമ്പായി ഏതു ധനവാനായിരുന്നാൽപോലും കുഴിപണത്തിനു് അവിടെ വച്ചുതന്നെ പണയം കൊടുക്കുകയും 40 ദിവസത്തിനകമായി കുഴിപ്പണം കൊടുത്തു് പണയം എടുപ്പിക്കുകയും ചെയ്തുവന്നു. ഈ രീതി കുറഞ്ഞുപോയതു് 1058-ലെ വഴക്കോടുകൂടെ ആണു്.

അക്കാലത്തു് കല്യാണത്തിനു് നല്ല നല്ല തുകകൾ ഒത്തിരുന്നു. ഒത്തുതുക അനുസരിച്ചാണു് പള്ളിക്കു പസാരം കൊടുത്തിരുന്നതു്. ഇതിൽ ചില തുകകൾ താഴെ ചേക്കുന്നു.

| | | | |
|---|---|---|---|
| തുരുത്തി മത്തായിയുടെ മകൾക്കു് | പുത്തൻ | | 4200 |
| കല്ലറക്കൽ പൗലോൻെറ | ,, | ,, | 6000 |
| കോച്ചേരി ഉതുപ്പിൻെറ | ,, | ,, | 2400 |
| വെളിയത്തു വക്കിയുടെ | ,, | ,, | 3000 |

ഈ ഇടവകയിൽ സഭാ ചട്ടം കെട്ടുകൾ അനുസരിച്ചു് നടക്കാത്തവക്കും, അസന്മാർഗ്ഗികൾക്കും, പള്ളിയോഗം കർശനമായ ശിക്ഷകൾ കല്പിച്ചിരുന്നു. ''ഞായറാഴ്ച, കുർബ്ബാനമറന്നു് കന്നുകാലി പൂട്ടിയ'' പലരേയും ശിക്ഷിച്ചിട്ടുണ്ടു്. ഏവംവിധങ്ങളായ ശിക്ഷണ നടപടികളാൽ ജീവിതവിശുദ്ധിയിൽ ജനങ്ങൾ കൂടുതൽ നിഷ്കഷ്യോടെ പെരുമാറിവന്നു.

തറമടമുത്തി ജീവിച്ചിരുന്നതു് ഇക്കാലത്തു് ആണു്. അവരുടെ വക നിലം പള്ളിക്കു് കൊടുക്കുകയും അവരെ പള്ളിയിൽ നിന്നു് രക്ഷിക്കുകയും ചെയ്തു. മുത്തിയുടെ നിലത്തിനു് രക്ഷാഭോഗം ആണ്ടുതോറും 8 ഡങ്കഴി നെല്ലുവീതം നരമംഗലത്തു് ഇല്ലത്തേക്കു് പള്ളിയിൽ നിന്നും കൊടുത്തുകൊണ്ടിരുന്നു. അനാഥ ആയിതീന്ന ഈ തള്ള പലക്കും ദൃഷ്ടാന്തമായി ഭവിക്കട്ടെ.

ഈ പ്രദേശത്തെ ഒരു പ്രധാന വ്യാപാരകേന്ദ്രം കുറുപ്പമ്പടി അങ്ങാടി ആയിരുന്നു. കുറുപ്പമ്പടി അങ്ങാടിയിൽ കച്ചവടം ശരിക്കു തന്നെ നടന്നുകൊണ്ടിരുന്നു. അക്കാലത്തെ വ്യാപാരികളിൽ പ്രധാനി കല്ലുങ്കൽ ഇട്ടൂപ്പു് ആയിരുന്നു. ഇദ്ദേഹം സ്വദേശ സാമാനങ്ങളെ വിദേശത്തും വിദേശ സാമാനങ്ങളെ സ്വദേശത്തും വിററഴിച്ചു വന്നിരുന്നു. പള്ളിക്കു് ആവശ്യമായ കണക്കോല (ഡയറി, കണക്കു് മുതലായവ എഴുതുന്നതിനുള്ള കരിമ്പനയുടെ ഓല കറകളഞ്ഞതു്) വാങ്ങിയിരുന്നതു് ഈ ഇട്ടൂപ്പിനോടാണു്. പടയാററിൽ വക്കിയുടെ മക്കാക്കും കച്ചവടം ഉണ്ടായിരുന്നു.

കുറുപ്പമ്പടി പള്ളിയോടുചേന്നു് ഒരു മലയാളം സ്കൂൾ ആരംഭിക്കുകയും പൈലി, തോമ എന്നിവരെ അദ്ധ്യാപകരായി നിയമിക്കുകയും ചെയ്തു. പുഴക്കാട്ടുകരയിൽ കടമററത്തുനിന്നും വന്ന കുന്നപ്പിളി ആശാൻ 1030 വരെ പഠിപ്പിച്ചുകൊണ്ടിരുന്നു. ഇവരുടെ സന്താനങ്ങളെ കോടിയാടൻ എന്നും നടുക്കുടി എന്നും വിളിക്കാറുണ്ടു്. ഇങ്ങനെ ഈ ഇടവകയിൽ വിദ്യാഭ്യാസ പ്രവത്തനങ്ങൾ ശക്തിപ്പെട്ടു.

## 7. മരാമത്തുകൾ:—

991-ൽ ആണു് മദ്ബഹായുടെ പ്രധാന പണികൾ നടത്തിയതു്. മദ്ബഹാ നികത്തികെട്ടി ത്രോണോസു് പണിയിച്ചു. (N. B. കാഞ്ഞൂർ—അങ്കമാലി മുതലായ ചില പഴയക്കുററു പള്ളികളുടെ മദ്ബഹാ ഇപ്പോഴും താഴ്ത്തി കെട്ടിയിരിക്കുന്നു കുന്നംകുളം ആർത്താററു പള്ളിയും ഇതിനു ദൃഷ്ടാന്തമാണു്.) മദ്ബഹായിൽ കല്ലു നിരത്തുകയും കുമ്മായം തേച്ചു് ചായമിടുകയും ചെയ്തു. പള്ളിയിൽ ഇപ്പോൾകാണുന്ന അറലക്ക പണിചെയ്തതു് 994-ൽ തോമ്പ്രയുടെയും മരങ്ങാടന്റേയും കൈസ്ഥാന കാലത്താണു്. അതുപോലെ ഇപ്പോഴത്തെ

വെള്ളിക്കരിശ്ശു് 997-ൽ എലഞ്ഞിക്കൽ നിന്നുള്ള കീടാച്ചേരി കൃഷ്ണനെകൊണ്ടു് പണി ആരംഭിച്ചു. 1009 വരെ വെള്ളിക്കരിശു പണിക്കു ചെലവായ വെള്ളി പണവിട 9605. അവസാനം 1022-ൽ പണി തീൎത്തവർ ഞാറയ്ക്കക്കാരൻ തട്ടാൻ ഇട്ടി, നടമേൽക്കാരൻ തട്ടാൻ കേള, കുറുമച്ചേരിക്കാരൻ തട്ടാൻ കുഞ്ഞുണ്ണി, രായമംഗലംകാരൻ തട്ടാൻ ഇട്ടി. പള്ളിമണിക്കു കേടുവന്നതിനാൽ പള്ളിച്ചെലവിൽ 997-ൽ അതുടച്ചുവാൎത്തു. ഈ മണി വാൎത്തു് 1013-ൽ മദ്ബഹായുടെ വളവിനു മേലെഉള്ള വാതുക്കൽ കെട്ടിത്തൂക്കി. അതാണു് ഇപ്പോഴത്തെ വലിയമണി. ഇതിൻെറ തൂക്കം 23 തുലാം 90 പലം, നാക്കിൻെറ തൂക്കം 80 പലം ആകെ തൂക്കം 24 തുലാം 70 പലം. പള്ളിയുടെ വടക്കുവശം പണിതിരുന്ന മതിലിൻെറ കേടുപാടുകൾ 995-ൽ പോക്കി. 999-ൽ പള്ളിയുടെ പൂമുഖം മുതലായ പണികൾക്കു് ജനങ്ങളിൽനിന്നു് ഒരു പിരിവു് എടുത്തു. അമ്പതുപറ നെല്ലു മുതൽ 1 പറ നെല്ലുവരെ ഇതിലേക്കു് പലരും സംഭാവന ചെയ്തതായി കാണുന്നു. ആണ്ടുതോറും കുംഭം 16-തീ. നടത്തിവരിക പതിവുള്ള സ്ലീബാ ആഘോഷം (പെരുന്നാൾ) 998-ലും അത്യാഡംബരപൂൎവ്വം നടത്തപ്പെട്ടു. ''ആനപ്പുറത്തു് വെഞ്ചാമര, ആലവട്ടം'' മുതലായവയോടുകൂടെ വാദ്യഘോഷങ്ങളും ഉണ്ടായിരുന്നു. ''പൂവു്, വാണം, നിലാവു്'' മുതലായ കരിമരുന്നുപ്രയോഗങ്ങൾക്കും മററും ആയി പട്ടക്കാരിൽനിന്നു, കൈക്കാരന്മാരിൽനിന്നും, കപ്യാരന്മാരിൽ നിന്നും ജനങ്ങളിൽനിന്നും പിരിവു് എടുത്തു് നടത്തുകയാണു് ചെയ്തതു്.

## 8. പള്ളിയുടെ ഒരുവർഷത്തെ തെരട്ടു്:-

943-ൽ പഴയകൂററുകാരെ പിരിച്ചുവിട്ടശേഷം പള്ളിയിൽ കരവരി ഇട്ടും, കമ്മഫീസുകൾ വഴിയും, നെല്ലു് പലിശയ്ക്കുകൊടുത്തും പള്ളിയുടെ സാമ്പത്തിക നില ഉയൎത്തുന്നതിനും, നിലം വാങ്ങിക്കുന്നതിനും മററും പള്ളിയോഗം (പള്ളികമ്മററി) കഴിവതു് ഒത്തൊരുമിച്ചു് പ്രവൎത്തിച്ചുകൊണ്ടിരുന്നു. 997 ചിങ്ങം 18 മുതൽ 998 ചിങ്ങം 12 വരെയുള്ള ഒരു വാൎഷികതെരട്ടിൽ ഇപ്രകാരം കാണുന്നു.

| പണംവക വരവു് | | പണംവക ചെലവു് | ബാക്കി |
|---|---|---|---|
| പുത്തൻ | 2049 | 1735 | 314 |
| ചക്രം | 5163 | 4851 | 312 |
| ചെമ്പുകാശു് 80 | | | |

പലിശക്കുകൊടുത്തിരുന്നതും പാട്ടവുംകൂടി വരവ് 1499 പറ.
ചെലവ് 1499 പറ.

**9. കല്ലറക്കൽ തരകന്റെ വഴിപാട്:-**

കല്ലറക്കൽ കുടുംബത്തിൽ തലമുറകളായി ആൺമക്കൾ ഇല്ലാതെ ദത്തുതാമസത്തിന് ഇടയായി. അതിനെ തുടർന്ന് പള്ളിക്ക് വഴിപാടുകൾ കഴിച്ചു. ആഴ്ചകുർബ്ബാന വകക്കും മററുമായി കല്ലറക്കൻ വഴിപാടുവച്ച നിലത്തിനെപ്പററി പിന്നീട് 1009-ൽ എഴുതിയ ഒരു ഡയറി നിശ്ചയത്തിൽ ഇപ്രകാരം കാണുന്നു. "മുൻ ഞാപ്പിഴ നമ്പൂരിപ്പാട്ടിന് പററനാൽ ഇളയിടത്തിന് എഴുതികൊടുത്തിരുന്ന വട്ടവാലി ഉൾപ്പെട്ട 14 പറ 5 ഡങ്കഴി കണ്ടം 50 പറ 5 ഡങ്കഴി പാട്ടമുള്ള നിലത്തിന്റെ ആധാരം ടി ഇളയതിനോട് പണയം വാങ്ങിച്ച് ദ്രവ്യബോധം വരുത്തി ആവക ആധാരം പൈലിതരകൻ ആഴ്ച കുർബ്ബാന വകയ്ക്കും മൂന്നുനോമ്പു വീടികവകയ്ക്ക് തീനം കുടി കുർബ്ബാന വകയ്ക്കുംകൂടി പള്ളിക്ക് വച്ച് മേലെഴുതിയ ആധാരം നമ്പൂരിപാടിനോട് നേരിട്ട് എഴുതിച്ച് പള്ളിയിൽ കൊടുത്തുവച്ചാറെ മേലെഴുതിയ ഇളയതിന്റെ പേരിൽ കുറച്ച് പള്ളിയുടെ പേരിൽ പണ്ടാരവക കണക്കിൽ പോക്കുവരവ് എഴുതിക്കായ്കയാൽ ടി ഇളയതിനെക്കൊണ്ട് പ്രവൃത്തിയിൽ കൈച്ചീട്ട് എഴുതിവയ്പിച്ച വകക്ക് ഇളയിടത്തിന് കൊടുത്തുചെലവ് ചക്രം 16. അശമന്നൂർ പിള്ളമാർക്കുകൊടുത്ത ചക്രം 60. മററിനങ്ങൾ ഉൾപ്പെടെ ആകെ ചെലവ് പുത്തൻ 10 ചക്രം 154.

കൂടാതെ പൈലി തരകന്റെ മകളെ അമ്പാട്ട് പൈലി വിവാഹം ചെയ്ത് ദത്തുതാമസം എന്ന് മുമ്പ് പറഞ്ഞിട്ടുണ്ട്. ഇദ്ദേഹത്തിന്റെ മകൻ കോരതിനെക്കൊണ്ട് മുൻനേർന്നിരുന്ന പ്രകാരം 994 ചിങ്ങം 6-ാംതീയതി മറുരൂപപെരുന്നാൾ ദിവസം "ഒരു പൊൻപീലാസായും ഒരു പൊൻകാസായും, ദെമാസ്കും ത്രോണോസിന്മേൽ വച്ച് കുമ്പിട്ടു". ഇത് 100 വിൽകാശു കൊണ്ട് ഉണ്ടാക്കിയതാണെന്ന് പറയുന്നു. വിൽക്കാശ് = $9\frac{1}{2}$ പണവിട. ഒരു വിൽകാശിന് $10\frac{1}{2}$ മാററ്. ഇതിൽ കാസയുടെ ചുവട്ടിൽ കോൽ തമിഴിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "മൂലൻ വറുകീതു്, പവുലോതു്, കോരതു്". മൂലൻ എന്നുള്ളത് കല്ലറക്കന്റെ ജന്മപ്പേരാ

ണ്ട്. കോരതു് വഴിപാടുവസ്സുമ്പോഠം അദ്ദേഹത്തിനു് 15 വയസ്സ് പ്രായം ഉണ്ടായിരുന്നു. 943-ൽ ജീവിച്ചിരുന്ന പൈലിതരകൻ 996-ൽ മരിച്ചു. ഇദ്ദേഹത്തിൻെറ ചകത്തിനു് കഴിപ്പണത്തിനു് വച്ചിരുന്ന പണയം 251 പുത്തൻ കല്ലറക്കൽ കൊടുത്തു് എടുപ്പിച്ചു. തൻെറ മരണശേഷം പുത്രിയുടെ ഭർത്താവായ അമ്പാട്ടുപൈലി കൈസ്ഥാനത്തിൽ പ്രവേശിച്ചു. ഇപ്രകാരം കൈസ്ഥാനം അമ്പാട്ടുകുടുംബത്തിൽ ലയിച്ചു. അക്കാലത്താണു് കൈക്കാരൻ മരങ്ങാട്ടു് ഐപ്പ് മരിച്ചുപോയതു്. തൽസ്ഥാനത്തു് അദ്ദേഹത്തിൻെറ പുത്രിയുടെ ഭർത്താവായ ആത്തുങ്കൽ പൗലൊ (പൈലി) കൈസ്ഥാനത്തിൽ പ്രവേശിച്ചു.

## 10. ഇടവകയിലെ 996-ലെ സെൻസസ്

996-ൽ പള്ളിയോഗത്തിൻെറ ചുമതലയിൽ ഇടവക ജനങ്ങളുടെ ഒരു സെൻസസ് എടുത്തു. കഴിഞ്ഞ 50വർഷം കൊണ്ടു് ഇടവകയിൽ ജനസംഖ്യ വളരെ വദ്ധിച്ചുകാണുന്നുണ്ടു്. ഇക്കാലങ്ങളിൽ പല ഇടവകകളിൽ നിന്നു് ജനങ്ങഠം കുടികയറി താമസിച്ചു. കടമററത്തുനിന്നും മോണംകുന്നം പൈലിയും മററും കുടികയറി താമസിച്ചതും കുറച്ചുവർഷം മുമ്പാണു്. സെൻസസ് കാലത്തു് 11 കരകളും 473 വീട്ടുകാരും, സ്ത്രീപുരുഷന്മാർ ആബാലവൃദ്ധം 2519 ജനങ്ങളും ഉണ്ടായിരുന്നതായി കാണുന്നു. ആധുനികകാലത്തു് പുഴക്കാട്ടു്, തുരുത്തി, നെടുങ്ങപ്ര, പനച്ചിയം, വാസ്സുര, തുരുത്തിപ്പിളി, അല്ലപ്രവലമ്പൂർ ഇത്യാദി പേരുകളാൽ അറിയപ്പെടുന്ന ഓരോ കരകഠം താഴെ പറയുന്ന കരകളിൽ പെട്ടതും ജനങ്ങഠം വദ്ധിച്ചപ്പോഠം കൂടുതൽ കരകളായി ഭാഗിക്കപ്പെട്ടതും ആകുന്നു.

## 996 ലെ സെൻസസ്

| നമ്പർ | കര | വീടിന്റെ എണ്ണം | ആൺ | പെൺ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ |
|---|---|---|---|---|---|---|---|
| 1 | അശമന്നൂർ | 47 | 68 | 79 | 49 | 55 | 251 |
| 2 | അന്മുറി | 18 | 28 | 32 | 17 | 25 | 102 |
| 3 | ഇരിങ്ങോൾ | 63 | 79 | 93 | 95 | 64 | 331 |
| 4 | പ്രളയിക്കാട്ട് | 66 | 80 | 98 | 80 | 61 | 319 |
| 5 | പുല്ലുവഴി | 45 | 62 | 81 | 67 | 47 | 257 |
| 6 | മുടക്കുഴ | 15 | 18 | 28 | 19 | 28 | 93 |
| 7 | മേതല | 13 | 23 | 26 | 12 | 17 | 78 |
| 8 | പെരുമ്പാവൂർ | 13 | 20 | 20 | 12 | 13 | 65 |
| 9 | രായമംഗലം | 114 | 144 | 160 | 167 | 123 | 594 |
| 10 | വേങ്ങൂർ | 37 | 43 | 50 | 52 | 37 | 182 |
| 11 | വെങ്ങോല | 42 | 78 | 81 | 39 | 49 | 247 |
| | ആകെ 11 കര | 473 | 643 | 748 | 609 | 519 | 2519 |

ഓരോ കരകളിലും ഉള്ള വീട്ടുകാരുടെ പേരും വീടുകളിലെ ജനസംഖ്യയും പ്രത്യേകം ഓലയിൽ എഴുതി മേമ്പൂട്ടിൽ സൂക്ഷിച്ചിട്ടുണ്ട്.

## 11. കരമൂപ്പൻമാർ

996 ലെ സെൻസസിനുശേഷം ഇടവകയെ 13 കരകളായി തിരിച്ച് ഓരോ കരകളിലേക്കും ഓരോ കരമൂപ്പന്മാരെ നിയമിച്ചു. അന്ന് സ്ഥലത്തെ കരമൂപ്പനെ അറിയിക്കാതെ അടിയന്തിരാവശ്യങ്ങൾ പ്രത്യേകിച്ച് വിവാഹം നടത്തുവാൻ ആക്കും അവകാശം ഇല്ലായിരുന്നു. കല്ല്യാണത്തിനു് മധുരം വയ്ക്കുന്ന ചടങ്ങ് കരമൂപ്പനുള്ളതാണ്. 1033 മകരമാസത്തിൽ പുതുശ്ശേരി പൈലി കരമൂപ്പനെ കല്യാണം വിളിക്കായ്കയാൽ ഒരു ചക്രം പള്ളിക്കു പ്രായശ്ചിത്തം കൊടുക്കേണ്ടതായി വന്നു. അക്കാലത്ത് കല്യാണം മിക്കവാറും വൃശ്ചികമാസത്തിൽ ആയിരുന്നു. കാരണം വിരിപ്പ് മുതലായ കന്നികൃഷിയുടെ വിളവെട്ടപ്പ് കഴിഞ്ഞുവരുന്ന മാസം കല്യാണസദ്യകൾ നടത്തുന്നതിനു് സൗകര്യം ആയിരുന്നു. 999-ൽ ഉണ്ടായിരുന്ന കരമൂപ്പന്മാരുടെ ഒരു ലിസ്റ്റ് താഴെ ചേർക്കുന്നു.

1. മറേറാനമൂപ്പൻ
2. ചിററായത്തുമൂപ്പൻ
3. വീപ്പനാട്ടുമൂപ്പൻ
4. കാവനാക്കുടി മൂപ്പൻ
5. തോമ്പ്രമൂപ്പൻ
6. കല്ലുങ്കമൂപ്പൻ
7. വേങ്ങൂർ മൂപ്പൻ
8. പുളിക്കമൂപ്പൻ
9. ഓലപ്പുരമൂപ്പൻ
10. മഞ്ഞുമ്മക്കുടിമൂപ്പൻ
11. തോട്ടുപുറംമൂപ്പൻ
12. കണ്ണവത്തുകുടിമൂപ്പൻ
13. കൊററിക്കമൂപ്പൻ

ഇതിൽ മറേറാന മൂപ്പൻെറ സന്തതി ആണ് മററമന പനച്ചിമൂട്ടിൽ വീട്ടുകാർ. മററമന പനിച്ചിമൂട്ടിൽ ഇട്ടീര ഈ ആധുനികകാലത്ത് ഒരു കരപ്രമാണി ആയിരുന്നു, വേങ്ങൂർമൂപ്പൻ എന്നുപറയുന്നത് കാക്കതോടൻ ആണ്. പുളിക്കമൂപ്പൻെറ വീട്ടുകാരെ എലവംകുടി എന്നും വിളിക്കുന്നു. മഞ്ഞുമ്മക്കുടി കാരണവക്ക് പൈലി, ചെറിയ എന്നിങ്ങനെ രണ്ടു് ആൺമക്കൾ. ഇതിൽ പൈലിയും അദ്ദേഹത്തിൻെറ മകൻ ഇട്ടീരയും ഇട്ടീരയുടെ മകൻ പൈലിയും കരമൂപ്പന്മാർ ആയിരുന്നു. ചെറിയക്ക് പൈലി, മാത്തു, കോര എന്നിങ്ങനെ മൂന്നു മക്കൾ. പൈലിക്കു് മാത്തു, മത്തായി, ചെറിയ, ഗീവറുഗീസ് പത്രോസ് കത്തനാർ കോര എന്നിങ്ങനെ ആറു് ആൺ മക്കൾ. മാത്തുകോട്ടപ്പടിയിലും ശേഷംപേർ ചേലാട്ടിലും താമസം.

പത്രോസ് കത്തനാർ ചേലാട്ടുപള്ളിയിൽ വികാരി ആയിരുന്നു. ചെറിയയുടെ മകൻ മാത്തുവിൻെറ പൗത്രൻ ആണു് വക്കീൽ മാത്തു. കുറുപ്പമ്പടി ഇടവകയിൽ നിന്നും ചേലാട്ടുപോയി താമസിക്കുന്ന മഞ്ഞുമ്മകുടികാം സാമ്പത്തികമായും, വിദ്യാഭ്യാസപരമായും മററും വളരെ നല്ലനിലയെ പ്രാപിച്ചിട്ടുള്ളവരാണു്.

ആധുനിക കാലത്തോടുകൂടെ കരമൂപ്പന്മാരുടെ പ്രാധാന്യം കുറഞ്ഞതിനാൽ മിക്കവീട്ടുകാരും ആ സ്ഥാനം ഉപേക്ഷിച്ചു എങ്കിലും കാക്കതോടൻ, കൊററിക്ക, പുളിക്ക വീടുകളിൽപെട്ട ചിലർ കരമൂപ്പൻ എന്ന സ്ഥാനം ആധുനികകാലത്തും വഹിച്ചിരുന്നു. കരമൂപ്പന്മാക്കു് കല്ല്യാണത്തിനു വയ്ക്കുന്ന അയിനിയിൽ അവകാശമുണ്ടായിരുന്നു. അയിനി പിന്നീടു് പണം ആയി രൂപാന്തരപ്പെടുത്തി. അടുത്തകാലത്തു് അയിനി പണം നിർത്തൽചെയ്തു. മുൻകാലങ്ങളിൽ യോഗസദ്യയിൽ പട്ടക്കാക്കും കൈക്കാരന്മാർക്കും മാത്രമെ അവകാശം ഉണ്ടായിരുന്നുള്ളു. പിന്നീടു് കരമൂപ്പന്മാക്കും കപ്യാരന്മാർക്കും അതിൽ സ്ഥാനംലഭിച്ചു. കരമൂപ്പന്മാരുടെ സ്ഥാനം നിറുത്തൽചെയ്തപ്പോാം അവക്കുള്ള എല്ലാ അവകാശവും നിറുത്തൽ ചെയ്തു

കൊല്ലവഷം ആയിരം (1000) ആണ്ടു് പൂമുഖത്തിനു് തറ ഇടുകയും, കപ്യാർ മുററംഅടിക്കുന്ന പതിവു്നിറുത്തി ലഹന്നാനെ മുററം അടി ഏല്പിക്കുകയും ചെയ്തു. ദീവന്നാസിയോസ് മൂന്നാമൻ ''മരിച്ച സംഗതിക്കു്'' വല്യച്ചൻ അയച്ച ''സാധനം'' ഇടവം 9-ാം തീയതി ഇവിടെ കിട്ടി.

## 12. കൊല്ലവർഷം ആയിരത്തിനുമുമ്പ് ചില നടപടികൾ:-

### A. കല്ല്യാണരീതി:-

''ദമ്പതിമാക്കുള്ള മണക്കോല വ്യാഴാഴ്ച പണിതുടങ്ങും. മണക്കോലക്കുള്ള ഒരു കാൽ പറുദീസായിൽ വച്ചു് വിരീത്ത കനി തിന്നതിൻെറ സാദൃശ്യമായി കാഞ്ഞിരം ആയിരിക്കണം. ശനിയാഴ്ച അസ്തമിച്ചു് മണവാളനെ അററം ചാത്തുമ്പോാം മണവാളനിരിക്കാനുള്ള പീഠത്തിന്മേൽ കോടിതുണി ഇടണം- പീഠം പന്തലിൻെറ മദ്ധ്യെ ആയിരിക്കണം. വിളക്കുകത്തിച്ചു് മുമ്പിൽ വച്ചിരിക്കണം. കോ

ടിതുണി ക്ഷുരകൻെറ അവകാശം ആണ്. അന്തംചാർത്തി കുളിക ഴിഞ്ഞു് മധുരം വയ്ക്കണം. അപ്പോഠം പടക്കം പൊട്ടിക്കുകയും സ്ത്രീ കഠം കുരവ ഇടുകയും ചെയ്യുന്നു. വിവാഹം ഒരു ക്കൂദാശ ആകയാൽ ഞായറാഴ്ച ആണ് വിവാഹം നടത്തുന്നതു്. മററു ദിവസങ്ങഠം അ നുവദിച്ചിരുന്നില്ല. ഞായറാഴ്ച കാലത്തു് പള്ളിയിലേക്കു പോകു മ്പോഠം കന്യകപെണ്ണും കൂടെ ഉണ്ടായിരിക്കണം. ചുരുങ്ങിയതു് ഒരു പള്ളിക്കുട എങ്കിലും കാണും. 72 പദവികളിൽ നട (നടേനാ ട്ടോ ഓ നട), കുരവ മുതലായവ യാത്രാസമയങ്ങളിൽ എല്ലാം വേ ണം. മണവാട്ടിയുടെ ഇടവകപള്ളിയിൽ വച്ചു് കല്ല്യാണം കഴി ഞ്ഞു് മണവാട്ടിയുടെ വീട്ടിലേക്കു പോകുന്നു. പന്തലിൽ പെണ്ണി ൻെറ വീട്ടുകാർ എതിരേററു പ്രവേശിപ്പിക്കുന്നു, എതിരേല്ക്കുമ്പോഠം അമ്മായിഅമ്മ (ഇല്ലെങ്കിൽ തൽസ്ഥാനത്തു് മററൊരു സ്ത്രീ) ദമ്പതി മാരുടെ മുഖത്തു വെള്ളം തളിക്കുകയും കൊന്ത എടുത്തു് നെററിയിൽ തൊടുവിച്ചശേഷം ആലിംഗനം ചെയ്യുകയും ചെയ്യുന്നു. കുറഞ്ഞതു് എട്ടു വയസ്സിനു മേൽ പ്രായമുള്ളവരായിരിക്കും മണവാളനും മണവാ ട്ടിയും. എതിരേററശേഷം ദമ്പതിമാരെ മണക്കോലയിൽ ഇരു ത്തി കരമൂപ്പൻ മധുരം കൊടുക്കുന്നു. മധുരം കൊടുക്കുന്നതിനിടയിൽ മണവാളനോടുകൂടെ വന്നിരിക്കുന്ന വിരുന്നുകാർ സമീപത്തു് പന്തി പായയിൽ ഇരുന്നു് ആശംസിക്കുകയും മുറുക്കുകയും, മണവാട്ടിയുടെ വീട്ടിലുള്ള സ്ത്രീകഠം കല്ല്യാണ പാട്ടുപാടുകയും ചെയ്യുന്നു. പഴവും പാ നിയും ഉപ്പും ചേർത്താണ് മധുരം നല്കുന്നതു്. മധുരം ദമ്പതിമാർ ഒരു പാത്രത്തിൽ നിന്നുതന്നെ രുചിനോക്കുന്നു. മധുരം കഴിഞ്ഞു് മണവാളനും മണവാട്ടിയും മണവറയിൽ പ്രവേശിച്ചു് ഭക്ഷണം ക ഴിക്കുകയും വിരുന്നുകാരായ പുരുഷന്മാർ പന്തലിലും സ്ത്രീകഠം വീടി നകത്തു് പ്രത്യേക സ്ഥലത്തും ഇരുന്നു് പന്തിഭോജനം നടത്തുകയും ചെയ്യുന്നു. അന്തം ചാർത്തുന്നതും, എതിരേല്ക്കുന്നതും, മധുരം കൊടു ക്കുന്നതും മററും ക്ഷണിക്കപ്പെട്ട എല്ലാവരോടും വിശേഷാൽ വിരുന്നു കാരോടും വൃദ്ധന്മാരോടും ചോദിച്ചിട്ടുവേണം. ആരെങ്കിലും തടസ്സം പറഞ്ഞാൽ തടസ്സം കഴിഞ്ഞിട്ടു ചെയ്യുന്നു. സാധാരണ സന്ധ്യയോ ടു കൂടെ ആണ് കല്ല്യാണം കയറുന്നതു്. സദ്യകഴിഞ്ഞ് മണവാള നും മണവാട്ടിയും അവരുടെ തോഴ്മക്കാരോടുകൂടെ മണവറയിൽ അ ടയ്ക്കപ്പെടുന്നു. അതിരാവിലെ അമ്മായിഅമ്മ വാതുക്കൽ വന്നു്

''മണവാള മരുമകനെ വാതിൽ തുറ'' എന്ന ഗീതം ചൊല്ലി വാതുക്കൽ ''കുത്തിവിളിച്ച്'' വാതിൽ തുറപ്പിക്കുന്നു. കല്ല്യാണദിവസങ്ങളിൽ വിരുന്നുകാരും ക്ഷണിക്കപ്പെട്ടവരും അടച്ചുതുറപ്പാട്ട്, കോലുകളി, രസകരമായ മററു വിനോദങ്ങൾ എന്നിവയിൽ ഉൾപ്പെട്ടിരിക്കും. കല്ല്യാണ ദിവസങ്ങളിൽ ദിനംപ്രതി മണവാളനും മണവാട്ടിക്കും തോഴ്മക്കാർക്കും ഒരു നേരം കഞ്ഞി, രണ്ടുനേരം ചോറ്, നാലുപ്രാവശ്യം പലഹാരം എന്നിങ്ങനെ ഏഴനേരം ഭക്ഷണം കൊടുക്കണം. എന്നാൽ ആദാം കനി തിന്നതിൻെറ സാദൃശ്യമായി ബുധനാഴ്ച വാഴപ്പ ചുരുട്ട് ഉണ്ടായിരിക്കണം. നാലു ദിവസത്തേക്കു നാലുതരം പലഹാരം ആയിരിക്കണം. വ്യാഴാഴ്ച മണവാട്ടിയുടെ വീട്ടിൽനിന്ന് മണവാളൻെറ വീട്ടിലേക്ക് കുടിവെയ്പുകയും ചെയ്യുന്നു. 940 മകരം 16.തീ. കല്ല്യാണം നടന്നതായി ചില കണക്കുകൾ കാണുന്നുണ്ട്. അതിനാൽ 1582-ൽ നടപ്പായ ഗ്രീഗറിപഞ്ചാംഗം ഈ ഇടവകയിൽ നടപ്പില്ലായിരുന്നു എന്നും ഞായറാഴ്ച കല്ല്യാണം നടത്തിവന്നിരുന്നു എന്നും സ്പഷ്ടമാണ്. ഗ്രീഗറി പഞ്ചാംഗവും തിങ്കളാഴ്ച കല്ല്യാണവും പറങ്കി ശീശ്മയിൽ നിന്നു വലിഞ്ഞുകയറി വന്നതാണെന്ന് സ്പഷ്ടം.

## B. കല്ല്യാണത്തിനുള്ള പള്ളി വരുമാനങ്ങൾ:—

1. ആശാൻപണം ചക്രം 4. ഇത് ആയുധ വിദ്യ പഠിപ്പിക്കുന്നപണിക്കരെശ്ശന് ഉള്ളതാണ്. അക്കാലത്ത് ഇവിടെ ആയുധ വിദ്യ പഠിപ്പിച്ചിരുന്നത് കുളങ്ങര അകത്തൂട്ട് പണിക്കരെശ്ശൻ ആയിരുന്നു. ഈ വിദ്യ പഠിച്ച ചെറുക്കൻ കല്ല്യാണം കഴിക്കുമ്പോൾ സഹപാഠികൾ ദമ്പതിമാരുടെ മുമ്പിൽ ആയുധവുമായി അകമ്പടി നിന്ന് പരിചമുട്ടു നടത്തും. ഇപ്രകാരമുള്ള അകമ്പടിയോടും വാദ്യഘോഷ, കുരവ മുതലായവയോടും കൂടെ ആണ് ഭവന പ്രവേശനം നടത്തുന്നത്. പണിക്കരെശ്ശന് പള്ളിയിൽ പിൽക്കാലം കടം വീട്ടേണ്ടതായിവന്നതുകൊണ്ടും കളരിപയററു നിന്നുപോയതിനാലും ആശാൻ പണം 1044_ന ശേഷം പള്ളിയിൽ മുതൽക്കൂട്ടി വരുന്നു.

### 2. പറാടൻ:—

പുത്തൻ 1, ഇതു് പറാടൻ എന്ന നാമധേയം ഉള്ള മാപ്പിളകുടുംബക്കാർ ഞായറാഴ്ച അസ്തമിച്ച് പെണ്ണിൻെറ വീട്ടിലും വ്യാഴാഴ്ച അസ്തമിച്ച് ചെറുക്കൻെറ വീട്ടിലും മാഗ്ഗം കളിക്കുന്നതിനു് ഒരു പുത്തൻ കൊടുത്തുവന്നിരുന്നു. ആ കുടുംബം നശിച്ചപ്പോഠം ചാവുപൊരുഠം അനുസരിച്ച് പള്ളിയിലേക്കു് ഈടാക്കിവരുന്നു.

### 3. കീഴിപ്പണം:—

കല്ല്യാണസമയം പൊലിവു നടത്തിവന്നിരുന്നു. ഇതിനു് പള്ളിയോഗക്കാരും സംബന്ധിച്ചിരുന്നു. ഇപ്രകാരം കല്ല്യാണ സമയം യോഗത്തോടുകൂടെ പൊലിവു നടത്തുന്നതിൽ നിന്നും ഒരു പുത്തൻ പള്ളിക്കു കൊടുത്തിരുന്നു.

### 4. പുതുഞായറാഴ്ച:—

പടിഞ്ഞാറെ കുരിശിങ്കൽ പുതുഞായറാഴ്ച സദ്യ നടത്തുന്നതിനു് കൊടുക്കുവാൻ കല്യാണസമയം പിരിച്ചെടുത്തു് തുടങ്ങിയതും ആയിരാമാണ്ടിനുശേഷം നടപ്പിലാക്കിയതുമാകുന്നു.

### C. കുടുംബപ്രാർത്ഥന:—

അക്കാലത്തു് അച്ചടി നടപ്പില്ലാത്തതിനാൽ എഴുത്തുപരിചയമുള്ളവരെക്കൊണ്ടു് കടലാസിലൊ ഓലയിലൊ എഴുതിച്ച് പ്രാത്ഥനാക്രമം ഉപയോഗിച്ചുവന്നിരുന്നു. ഈ പ്രാത്ഥനാക്രമത്തിൻെറ ഭാഷ നവീകരിച്ച് ചില ഭേദഗതികളോടുകൂടെ കോട്ടയത്തുനിന്നും അച്ചടിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ടു്. പൂവ്വഭാഷയിൽ ചില പ്രയോഗങ്ങഠം താഴെ ചേക്കുന്നു.

1) ശയന നമസ്ക്കാരം "എൻെറ ദൈവം കർത്താവെ ഞാനിഹനിദ്ര ഒഴിഞ്ഞിട്ടു്"

2) സ്തോത്രത്രയം "തമ്പുരാനെ നീ ശുദ്ധമുള്ളവനാകുന്നു"

3) നോമ്പിൽ ഉച്ചനമസ്ക്കാരത്തിൻെറ അവസാനം "ആറാം കൗമ വിശ്വസിക്കുന്നതു് ചൊല്ലിയിട്ടു് കുറിയേലായിസോൻ ചൊല്ലി നാല്പതു് കുമ്പിടുക".

4) കഷ്ടാനുഭവ ആഴ്ചയിലെ നമസ്ക്കാരത്തിനു് ''ഓശാന നമസ്ക്കാരം'' എന്നുപേർ.

ദിവസം തോറും ഉള്ള ഏഴുനേരത്തെ പ്രാൎത്ഥനക്കൂടാതെ 'ഭക്ഷണം കഴിഞ്ഞശേഷമുള്ള നമസ്ക്കാരം' രോഗപ്പെട്ടവരുടെ തേററം, വസന്തകാലത്തേക്കുള്ളതു്, മരണസമയത്തക്കു് ചൊല്ലേണ്ട റെവക്കാല, എസ്സുകറൈൻ മാറാനീശൊ, ഞാൻ പിഴയാളി' മുതലായവയും ഉണ്ടായിരുന്നു. രോഗശമനത്തിനു് പട്ടക്കാരെ കിട്ടുന്നതിനു് പ്രയാസം നേരിടുന്ന അവസരങ്ങളിൽ മത്തായി ശ്ലീഹയുടെ നമസ്ക്കാരംചൊല്ലി വെള്ളം ഊതി കൊടുക്കുകയൊ മറെറാ ചെയ്യും.

## 5. പിശാചുബാധ ഒഴിപ്പിക്കൽ:-

പിശാചുബാധ ഉള്ളവരെ പട്ടക്കാരുടെ അടുക്കൽ കൊണ്ടുപോവുകയും പട്ടക്കാർ അതിനുള്ള പ്രാൎത്ഥനചൊല്ലി രോഗശമനം വരുത്തുകയും പിശാചുബാധിച്ചവരെ ബാധയിൽ നിന്നു് ഒഴിവാക്കുകയും ചെയ്യും. ചില പ്രാൎത്ഥനകൾ ചൊല്ലി എഴുതികെട്ടി വന്നിരുന്നതുകൊണ്ടു് ആയതു് ആധുനിക കാലത്തു് അക്രൈസ്തവരുടെ മന്ത്രവാദം എന്നു് ചിലർ പറഞ്ഞുവരുന്നു. പൂൎവ്വകാലത്തു് ഉപയോഗിച്ചിരുന്ന പിശാചുബാധ നിരോധനത്തിൻെറ രണ്ടുചെറിയ പ്രാൎത്ഥനകൾ താഴെ ചേൎക്കുന്നു:—

''ആലോഹാലോഹാ, ക്ലിംക്ലിം, നിഷധി വിഗ്രഹപാതാളകണ്ഠ, ഹ്ലം, ഖ്ഹ്രീം, ഭ്രം, ഭ്രക്ത, ഭ്രക്ത, പ്രീം, ക്രോം, വിദ്വേഷ്യസിന്ധു, ഹനഹന, ധുനധുന, ത്ധലത്ധല, ധൃണധൃത, ദിഷ്ടിദിഷ്ടി, മദമദ, ഖഗ്ഗഖഗ്ഗ, വാങ്ങ്വാങ്ങ് ഗ്ഗുരുനാഥനന്നെ അമീനീശൊ.

മ റെ റൊ ന്നു്

''രാവുവന്താലും പകലിലെ ഇരുട്ടുവന്താലും ഇരുത്തു് എന്നെ തേടി വരികിറ പിശാചുക്കളും തെക്കുവടക്കായി ഇരുന്തു് എന്നെ തേടിവരിക പിശാചുക്കളും, കിഴക്കുമേക്കു് ഇരുന്തു് എന്നെ തേടിവരികിറ പിശാചുക്കളും കണ്ഠാകർണ്ണൻ, ബ്രഹ്മവിഷ്ണു മഹേശ്വരൻ ആതിപതി അയ്യപ്പൻ, വിടതാരി കാളി, കാളിശ്രീ, കുളികേളപ്പൻ, മുപ്പത്തിമുക്കോടി ദേവകളേയും നാൽപത്തിനാലുകോടി ഋഷികളേ

യും, അറുപത്താറുകോടി പിശാചുക്കളേയും, അച്ചയിട്ട ശിലുവ(സ്ലീബാ) യിനാലെ കെട്ടീയേൻ, എന്നുടൈയ യേശ്ശുസ്വാമിയിനുടെ ശപ്പാത്തിനാലെ മെരുക്കികൊണ്ടേൻ, ഇന്തയാണൈ മിശറിവന്നാൽ എന്നുടൈയ യേശ്ശുസ്വാമി എനിക്കുതന്ന ആശീർവാദ വാളാലെ വെടിപ്പാട്ടകിറേൻ. ആടാതെ—അലയാതെ—അലവുതു വരാതെ അച്ചയിട്ട മാതാവിൻെറ തൃപ്പാദത്താണെ ശന്തത്തിയാരുടെ തൃപ്പാദത്താണെ കടമററത്തു മാറാവിനാണെ, മുന്നൂററിപതിനെട്ടു ബാവാന്മാരാണെ, പന്ത്രണ്ടു അച്ചശ്ശീഹേന്മാരാണെ അടങ്കി ഒതുങ്കി നികിടക്കും പാതാളിത്തിലെ വിളുന്തു് എരിന്തുപോകും പിശാചെ! ജന്ത ആണൈ മിശറിവന്താൽ എന്നുടൈയ യേശ്ശുസ്വാമിയെ കെട്ടിയടുത്ത കൽത്തൂണുക്കു് പിറകു്കടക്കുകിറ കന്യാസ്ത്രീ അമ്മസാക്ഷി.

സുറിയാനിക്രിസ്ത്യാനികളുടെ മാമോദീസാ സമയത്തു് പിശാചുക്കളെ ആട്ടി ഓടിക്കുന്ന ഒരു പ്രാത്ഥന ഉണ്ടു്. സാത്താനെ ഉപേക്ഷിക്കുന്ന പ്രതിജ്ഞാവാചകത്തിനു മുമ്പാണു് ഈ പ്രാത്ഥന പട്ടക്കാരൻ ഉപയോഗിക്കുന്നതു്. ഇതും ചില പട്ടക്കാർ മനുഷ്യരിൽ ആവസിക്കുന്ന ഭൂതബാധ ഒഴിപ്പിക്കുന്നതിനു് ഉപയോഗിക്കുന്നു. ആദ്യം എഴുതിയവ രണ്ടും സെലൂഷ്യൻ രീതി ആണെന്നു തോന്നുന്നു.

### 6. പത്തുകൽപന:-

പത്തുകല്പനകരം അക്കാലത്തു് 4-ാമത്തെ കല്പന 3 ാമത്തെ കല്പന ആയിട്ടും, ഒന്നും രണ്ടും കല്പന ഒന്നായിചേത്തും കാന്നുണ. ആയതു് പറങ്കി ശീശ്മയിൽ നിന്നു വന്നതാണു്. ഉദാ: 1-ാമത്തെ കല്പന. എല്ലാ വസ്തുക്കരം ഒക്കേക്കായിൽ ഒരുവൻ തമ്പുരാനെ സ്നേഹിക്കണം. 2-ാമത്തെ കല്പന. തൻെറ തിരുനാമത്തെകൊണ്ടു് പൊളി സംസാരിക്കരുതു്. 3-ാമത്തെ കല്പന. ഞായറാഴ്ച പെരുന്നാളുകളിലും ശുദ്ധമായികൊരംക. (ഇത്യാതി.)

### 7. കൂദാശകൾ:-

കൂദാശകരം ഏഴു്. മാമോദീസ, മുമ്പിലത്തെ ഒപ്രീശ്മ, കുമ്പസാരം, കർബ്ബാന, പട്ടം, പെൺകെട്ടു്, ഒടുക്കത്തെ ഒപ്രീശ്മ.

**8. കാസോലിക്കപള്ളിയുടെ കൽപന:-**

1) ഞായറാഴ്ച പെരുന്നാളുകളിൽ മുഴവൻ കുർബ്ബാനകാണുക.
2. ആണ്ടിൽ മൂന്നു പ്രാവശ്യം കുമ്പസാരിക്കുന്നതു്. (ഇത്യാതി)

**9. മനോഗുണപ്രവർത്തികൾ:-**

മനോഗുണപ്രവൎത്തികൾ 14, 1) ആത്മത്തിനടുത്തതു് ഏഴ്.
2) ശരീരത്തിന്നടുത്തതു് ഏഴ്.

**10. ശാപദോഷങ്ങൾ:-**

ശാപദോഷങ്ങൾ ഏഴ്. അവയ്ക്കുള്ള നിവാരണ മാൎഗ്ഗങ്ങൾ.

നിഗളം — നിഗളത്തിനു് എളിമ
ശരസം — ശരസത്തിനു ദാനധൎമ്മം
മോഹം — മോഹത്തിനു് അടക്കം
അരിശം— അരിശത്തിനു ക്ഷമ
കൊതി — കൊതിക്കു പതം
പൗശ്ശൂന്യം — പൗശ്ശൂന്യത്തിനു സ്നേഹം
മടി — മടിക്കു് ഉത്സാഹം

**11. കുർബാന.**

"കുർബ്ബാന കൈക്കൊള്ളുന്നതിന്റെ ആയസ്സുപ്പാട്ട് അറിവാൻ:- കുലുക്കഴിഞ്ഞു് വായ വൃത്തിയാക്കി കിടക്കണം. രാവിലെ എഴുന്നേററു് മുഖം കഴുകുമ്പോൾ വെള്ളം ഇറങ്ങാതെ സൂക്ഷിക്കണം. നെല്ലും പണവും തൊടരുതു്. കാവ്യരോട്ട് ഉരിയാടരുതു്. തന്റെ ശരീരത്തിന്മേലും മററു ശരീരത്തിന്മേലും തൊടരുതു്. ലൗകീകകാര്യം പറയരുതു്. സ്ത്രീകളുടെ മുഖം സൂക്ഷിക്കരുതു്. ആക്ഷേപവും മെനോസവും പറയരുതു്. ചിരിക്കരുതു്. അരിശപ്പെടരുതു്. വായിലും ശരീരത്തിലും ചോരവരാതെ സൂക്ഷിക്കണം. കുർബ്ബാന കഴിച്ചാൽ ഒരു യാമം കഴിഞ്ഞെ തുപ്പാവു. അന്നു കുമ്പിടരുതു്.

## കുർബാന ക്രമത്തിൽ ജനങ്ങൾ ചൊല്ലേണ്ടതായ ചില ഭാഗങ്ങൾ:-

''കൈകസ്ത്തൂരി കൊടുക്കുന്നവരു് - മിശിഹാ തമ്പുരാൻെറ ഉപവി.

വാങ്ങിക്കുന്നവരു് - ലോകത്തിൻെറ അതിൻെറ തികവോളം നമ്മുടെ ഇടയിൽ നമ്മോടുകൂടെ അവയാകും.

ശോശപ്പാപൊക്കി മൊഴി എത്തിയ ഉടൻ പടിഞ്ഞാട്ടു് ഉറുശ്മ ചെയ്യുമ്പോറം ചൊല്ലണം:- ഞങ്ങളുടെ മേലും ഞങ്ങളുടെ കൂടപ്പിറപ്പു കളുടെമേലും ഞങ്ങളുടെ ബാവാന്മാരുടെ മേലും ഞങ്ങളുടെ മല്പാന്മാരുടെമേലും ഞങ്ങളുടെ വലിയവരുടെ മേലും അതുവന്നാവസിച്ചതു് പൊറുക്കപ്പെടണമെ.

1-ാമത്തെ തുബദേൻ ചൊല്ലി നിത്തുമ്പോറം ചൊല്ലണം:- അവരുടെ നമസ്കാരം കോട്ട ഞങ്ങറംക്കതാകുവാൻ തമ്പുരാനോടു നാം പ്രാത്ഥിക്കപ്പെടണം.

4-ാമത്തെ തുബദേൻ ചൊല്ലുമ്പോറം നന്മനിറഞ്ഞ മറിയം ചൊല്ലണം.

തുബദേൻ കഴിഞ്ഞുള്ള പട്ടക്കാരൻെറ പ്രാത്ഥന കഴിയുമ്പോറം:- ''മനസ്സാലെയും മനസ്സുകൂടാതെയും അറിവാലെയും അറിവുകൂടാതെയും നിൻെറ തിരുമുമ്പിൽ ഞങ്ങറം പിഴച്ചു എന്നാൽ ഞങ്ങറംക്കുള്ളന്ന ചെറുപ്പങ്ങളും തമ്പുരാനെ നീ അനുകൂലമാക്കി പുണ്യമാക്കി പൊറുക്കേണമെ.

പീലാസ പൊക്കുമ്പോറം.........

''കാസാ പൊക്കുമ്പോറം:- ബാവായിക്കും പുത്രനും ഉയിർപ്പെട്ടവനും ശുദ്ധമുള്ളവനുമായ റൂഹായിക്കും എന്നുമെന്നേക്കും സ്തുതിക്കുന്നവയാകുന്നു.

''മുൻ വിശ്വസിക്കുന്നതു ചൊല്ലി സ്ലീബാ വരച്ചാൽ പിന്നെ ഇവിടെ വരയ്ക്കാവു. പിന്നെ ചൊല്ലണം മനോഗുണക്കാരാ നിനക്കുള്ള വാതിൽ എന്നുള്ള തേററം ചൊല്ലന്നം.

''2-ാമത്തെ മറ ഇടുമ്പോറം ചൊല്ലണം'' മക്കളുടെ മേൽ ബാവ സ്നേഹിക്കുന്നതുപോലെ.........

# ഭാഗം 3

## (1825-1893) 1000-1068

**മെത്രാൻമാർ:-**

മാർ-ഫിലക്സിനോസ് തൊഴിയൂർ 1000-1001
ദിവന്നാസിയോസ് നാലാമൻ [ചേപ്പാട്ട്] 1001-1031
മാർ- അത്താനാസിയോസ് [ശീമമെത്രാൻ] ,,
മാത്യൂസ് മാർ-അത്താനാസിയോസ് (പാലക്കുന്നത്ത്)
ക്കുറിലോസ് മാർ-യൂയാഖിൻ [ശീമമെത്രാൻ] 1023-1049
ജോസഫ് മാർ- ദീവന്നാസിയോസ് (പുലിക്കോട്ടിൽ]
1041 മുതൽ)
അമ്പാട്ടു മാർ ക്കുറിലോസ് [1052-1066]
പൗലോസ് മാർ-അത്താനാസിയോസ് [കടവിൽ] 1066 മുതൽ

**പട്ടക്കാർ**

തേക്കലെക്കാട്ടു ചെറിയതു കത്തനാർ 1017 വരെ
ശോടത്തി (അരിക്കൽ) വക്കി (വറിയതു്) കത്തനാർ 1037
വരെ
തട്ടാംപുറത്തു് പൗലോസ് കത്തനാർ 1025 വരെ
വെളിയത്തു കോരതു് കോറെപ്പിസ്കോപ്പാ 1013-1058
തോമ്പ്ര കുഞ്ഞുവക്കി ഗീവറുഗീസ് കത്തനാർ [1015-1040]
തുരുത്തി പാവു [പൗലോസ്] കത്തനാർ 1015-1036-ൽ തുരു
ത്തിപ്പിളി പള്ളിയിൽ
പടയാട്ടിൽ ഇത്താപ്പിരി കത്തനാർ 1017-1064
തേക്കലെക്കാട്ടു കുഞ്ഞുവക്കി കത്തനാർ 1015-1017
തട്ടാംപുറം പൈലി കത്തനാർ 1015-1029
തോടത്തി (അരീക്കൽ) പൈലി കത്തനാർ 1019-1045
തോമ്പ്ര കോരള കത്തനാർ 1024-1033
തുരുത്തി തോമ കത്തനാർ 1033
പൊയ്ക്കാട്ടിൽ കോരതു കത്തനാർ 1036

പടയാട്ടിൽ ഇത്താപ്പിരി കത്തനാർ 1045
പൊട്ടോട്ടിൽ ഇട്ടീര [അബ്രാഹാം] കത്തനാർ 1043 മുതൽ
തോമ്പ്ര (കിഴക്കെക്കടി) യൗസേഫ് കത്തനാർ 1040-1068
മുതൽ അല്പപ്രപള്ളിയിൽ
ടി മാത്തു ഗീവറുഗീസ് കത്തനാർ [കുറു അച്ചൻ] 1057-1068ൽ
പടയാട്ടിൽ ഇസഹാക്ക കത്തനാർ 1065 അല്പപ്രപള്ളിയിൽ
മരങ്ങാട്ട മാത്തു കത്തനാർ 1068

**ശെമ്മാശൻമാർ**

അരീക്കൽ പൈലി മാത്തു ശെമ്മാശൻ [1063-ൽ 30 വയസ്സ്]
അരീക്കൽ എന്നുള്ളതു് തോടത്തി ആണ്
അരീക്കൽ സ്സറിയ ശെമ്മാശൻ.

മററു ശെമ്മാശന്മാർ പിന്നീട് കത്തനാർ പട്ടം സ്വീകരിച്ച് പള്ളി ജോലിയിൽ പ്രവേശിച്ചു. അതു് അടുത്ത അദ്ധ്യായത്തിൽ.

N. B. ഈ പള്ളിയിൽ ഓരോ കാലത്തിൽ എട്ടും പത്തും അച്ചന്മാർ പള്ളിയിൽ ജോലി ചെയ്തിരുന്നു എന്നു് മേൽ കാണിച്ച വഷങ്ങളാം ചൂണ്ടിക്കാണിക്കുന്നു.

**കൈക്കാരൻമാർ എട്ടുപേർ** [ഓരോ കൊല്ലം രണ്ടുപേർവീതം തന്നാണ്ടു കൈക്കാരന്മാർ]

Joined
പൊട്ടോട്ടിൽ വക്കി, 1004-വരെ. പിന്നീട് വക്കി ഇട്ടി
മാത്തു 1028 വരെ. പിന്നീട് കോരള ഇട്ടിമാത്തു
1032 വരെ. പിന്നീട് കോരള ചാക്കൊ
1036 വരെ. പിന്നീട് ചാക്കൊ കുരുവിള
1063 വരെ. പിന്നീട് തരിയതു്
1068 വരെ and 1063 മാത്തു മാത്തു 1068 മാത്തു
അറക്ക വക്കി, 1004 വരെ വക്കി ചാക്കൊ 1044 വരെ
വക്കി വക്കി 1048 വരെ മാത്തുള്ള 1063 വരെ
ഐപ്പ് 1068 വരെ.

Joined
കല്പറക്ക പൈലി 1025 വരെ. പൈലി കോര 1068 വരെ.
വക്കി 1068 വരെ
ഉറുമിയാടൻ (പൊട്ടാടൻ) ഉറുമി വക്കി 1017 വരെ ഉറുമി മാ
ത്തു 1037 വരെ വക്കി പൗലോസ് 1045 വരെ
1055 ഉറുമീസ് ഉറുമീസ് പൗലോസ് 1057 വരെ

Joined
തോമ്പ്ര കുരുവിള പൈലി 1002 വരെ മത്തായി 1022 വരെ
കുഞ്ഞിപാവു 1026 വരെ കോരള 1034 വരെ
കോരള മാത്തു 1063 വരെ
മരങ്ങാടൻ (ആത്തുങ്കൽ) 1006 വരെ മകൻ ഐപ്പ് 1063
മകൻ പൈലി 1068 വരെ

Joined
തുരുത്തി മത്തായി 1007 വരെ വക്കി 1015 മുതൽ
മത്തായി 1019—1027 വക്കി 1035 വരെ
മത്തായി 1039 വരെ മത്തായി വക്കി 1043—1047
വക്കി മത്തായി 1051—1063
ആത്തുങ്കൽ ഇട്ടൂപ്പ് 1006 വരെ മകൻ ഇട്ടിക്കയ്യൻ 1051 വരെ
ഇട്ടൂപ്പ് 1075 വരെ ഇട്ടിക്കയ്യൻ 1075 മുതൽ

N. B. 1058-ൽ പള്ളിയിൽ രണ്ടു പാൎട്ടി ഉണ്ടായി. തത്സമയം ഓരോ വീട്ടിൽ നിന്നും ഓരോ പാൎട്ടി മുൻ കൈക്കാരന്മാരെ കൂടാതെ വേറൊരാളെ ആ വീട്ടിൽ നിന്നു് കൈസ്ഥാനത്തിൽ ചേൎത്തു് കേസ് നടത്തി. തന്നിമിത്തം 1058 മുതൽ 1068 വരെ കൈസ്ഥാന പേരുകളിൽ ചില വീടുകളിൽ വ്യത്യാസം കാണും.

## 1. കപ്യാരൻമാരും ശിപായിമാരും

1017 വരെ പടയാട്ടിക്കു് ആയിരുന്നു കപ്പിത്താം. എന്നാൽ ആ വീട്ടിൽ ഒരാറംക്കു് കത്തനാരു പട്ടം കൊടുത്തപ്പോറം യോഗ ആലോചനപ്രകാരം കാട്ടുകുടി പടയാട്ടിക്കു് കപ്പിത്താം കൊടുത്തു. എങ്കിലും കാട്ടുകുടിയും പടയാട്ടിയും തമ്മിൽ യോജിച്ചു് കപ്പിത്താം നോക്കിവന്നു.

ആദ്യം ഉമ്മട്ടി വക്കി 1001 വരേയും പിന്നീട്ടു് 1009 വരേയും ആററുപുറം വക്കിയും പള്ളിയിൽ ശിപായി ആയിരുന്നു. മററം അടി ആദ്യം വിച്ചാടൻ പൈലിയും പിന്നീട്ടു് ആററുപുറം വക്കിയും ഏററു.

## 2. തൊഴിയൂർ മാർ പീലക്സിനോസ്

ആയിരം ആണ്ടു് ഇടവം 5-ാം നു- മാർ ദിവന്നാസിയോസ് 3-ാമൻ കാലം ചെയ്തു എന്നുള്ള വാൎത്ത 9-ാം നു- ആണു് ഇവിടെ ലഭി

ച്ചതു്. പിന്നീടു് 1001 വരെ ആരും സ്ഥാനാരോഹണം ചെയ്യപ്പെട്ടിരുന്നില്ല. തൊഴിയൂർ മാർ- പീലക്സിനോസ് അത്യാവശ്യ സംഗതികൾ നിവ്വഹിച്ചുവന്നു.

### 3. ചേപ്പാട്ടു് മാർ ദീവന്നാസിയോസ്

മലങ്കര ഇടവകയുടെ ഒരു പൊതുയോഗംകൂടി ചേപ്പാട്ടു് ഫിലിപ്പോസ് മല്പാനെ മെത്രാൻ സ്ഥാനത്തേക്കു് തെരഞ്ഞെടുക്കുകയും 1001 ചിങ്ങത്തിൽ മാർ പീലക്സിനോസിനാൽ ഫിലിപ്പോസ് മല്പാൻ മലങ്കര മെത്രാനായി വാഴിക്കപ്പെടുകയും ചെയ്തു. ഈ പള്ളിയിലെ മെസ്സാമോതിരം മുതലായ സ്വർണ്ണാഭരണങ്ങൾ എടുത്തു് മോതിരം തീർപ്പിച്ചു് പുതിയ മെത്രാനെ പതിവുപോലെ മോതിരം ഇടുവിച്ചു. 1005 മകരം 25-ാം നു- അഞ്ഞൂർ മാർ-പീലക്സിനോസ് കാലം ചെയ്തപ്പോൾ മാർ-ദീവന്നാസിയോസ് 4-ാമൻ മാർ- കൂറിലോസിനെ അഞ്ഞൂർ ഇടവകയുടെ മെത്രാനായി വാഴിച്ചു എന്നു പറയുന്നു.

ദീവന്നാസിയോസ് 4-ാമൻ പല ഘട്ടങ്ങളിൽ ഈ പള്ളിയിൽ എഴുന്നെള്ളിയിരുന്നു. 1009 കുംഭം 11-ാം നു- തിരുമേനി വെങ്ങോല പള്ളിയിൽ നിന്നും ഈ പള്ളിയിലേക്കു് നീങ്ങി. 1015-ൽ കോതമംഗലം പള്ളിയിൽ നിന്നും തിരുമേനിയെ കൊണ്ടുവരുന്നതിനായി പള്ളിയോഗത്തിൻെറ നിശ്ചയം അനുസരിച്ചു് തോടത്തി (അരീക്കൽ) വറുഗീസ് കത്തനാരെ അയച്ചു. തിരുമേനി വൃശ്ചികം 5-ാം നു- അകമ്പടിയോടുകൂടി ഈ പള്ളിയിലേക്കു് എഴുന്നെള്ളി. അദ്ദേഹത്തിൻെറ കൂടെ ഒരു ശെമ്മാശ്ശനും, പത്തു പല്ലക്കുകാരും, ഏഴു വാലിഭക്കാരും, രണ്ടു ശിപായിമാരും ഉണ്ടായിരുന്നു. തിരുമേനിയുടെ കൂടെ കോതമംഗലം പള്ളിയോഗക്കാരായ തേക്കലക്കാട്ടു് ഐപ്പ് കത്തനാർ മുതൽപേർ വന്നുചേരുകയും അവരെ ഈ പള്ളിക്കാർ യഥായോഗ്യം സ്വീകരിക്കുകയും ചെയ്തു. മാർ-ദീവന്നാസിയോസ് ഇവിടെ താമസിക്കുമ്പോൾ കോതമംഗലത്തു നിന്നും കൊടുത്തയച്ച മാൻകുട്ടിയെ തിരുമേനി വാത്സല്യപൂർവ്വം നോക്കിവന്നു. വൃശ്ചികം 16-ാം നു- റസിഡൻറ് സായിപ്പിൻെറ ഉത്തരവു് കോട്ടയത്തു നിന്നും തിരുമനസ്സിലേക്കു് ലഭിച്ചു. തിരുമനസ്സിലെ അഞ്ചൽ വാഹകന്മാർ കൊച്ചുകോശി, തൊമ്മി, പത്രോസ് മാപ്പിള എന്നിവർ ആയിരുന്നു. തിരുമേനി ഇവിടെ നിന്നും 20-ാം നു- അങ്കമാലി

പള്ളിയിലേക്കു നീങ്ങി. ധനു 24-ാം നു- റസിഡൻറും തിരുമേനിയും തമ്മിൽ കൂടിക്കാഴ്ച നടത്തി. തത്സമയം ഈ പള്ളിയിൽ നിന്നും വെളിയത്തു കോരതു കത്തനാർ മുതൽപേർ അതിൽ സംബന്ധിച്ചിരുന്നു. 1018 തുലാം 5-ാം നു- കോതമംഗലത്തു നിന്നും തിരുമേനി ഇവിടെ എഴുന്നെള്ളി താമസിച്ചു. തിരുമേനിയെ കൊണ്ടുവരുന്നതിനു് ഈ പള്ളിയിൽ നിന്നും തോമ്പ്ര വറിയതു കത്തനാർ മുതൽപേരെ അയച്ചു. 1023 കന്നി 20-ാം നു- കോതമംഗലത്തു താമസിച്ചിരുന്ന തിരുമേനി 30-ാം നു- ഇങ്ങോട്ടു എഴുന്നെള്ളുകയും വൃശ്ചികത്തിൽ കണ്ടനാട്ടേക്കു് നീങ്ങുകയും ചെയ്തു. ഇവിടെ താമസിക്കുമ്പോൾ കണ്ടനാട്ടു വലിയ ബാവായുടെ കബറിങ്കൽ ''പന്ത്രണ്ടു ജനം പട്ടക്കാക്കു്'' അദ്ദേഹം ഒരു നേർച്ച കഴിക്കാൻ നിശ്ചയിച്ചിരുന്നതു് പ്രസ്ഥാവിക്കുകയും മെത്രാച്ചൻെറ താല്പര്യപ്രകാരം ഈ പള്ളിയിൽ നിന്നും ഉദയംപേരൂർ പറക്കു് ഒത്തതിനു് നൂറുപറ (100 പറ) അരി കൊടുത്തയച്ചു.

## 4. പഴയ സിമ്മനാരിയും പ്രൊട്ടസ്ററൻറുകാരും

മാർ-ദീവന്നാസിയോസിൻെറ പ്രാരംഭ ഘട്ടത്തിൽ കോട്ടയം സെമ്മനാരിയിൽ പഠനം ഊർജ്ജിതപ്പെടുത്തി. അന്നു് ഇവിടെ ഉണ്ടായിരുന്ന ശെമ്മാശ്ശന്മാരെ (1013 മുതൽ കത്തനാർ പട്ടം ഏററവർ) സെമ്മനാരിയിൽ അയച്ചു പഠിപ്പിക്കണമെന്നുള്ള മാർ-ദീവന്നാസിയോസിൻെറ നിർദ്ദേശം അനുസരിച്ചു് ഇവിടെ നിന്നു് 1007-ലും 1009-ലും ശെമ്മാശ്ശന്മാരെ പഠിക്കാൻ അയച്ചു. സെമ്മനാരിയിൽ പ്രൊട്ടസ്റ്റൻറു മിഷ്യനറിമാർ ചേർന്നാണു് പഠിപ്പിച്ചുകൊണ്ടിരുന്നതു്. ക്രമശ്ശഃ അവരുടെ ഉപദേശങ്ങൾ സിമ്മനാരിയിൽ പഠിപ്പിക്കുവാനും സഭയിൽ വളർത്തുവാനും തുടങ്ങി. പാലക്കുന്നത്തു് അബ്രാഹാം മല്പാൻ മുതലായവർ ഇക്കാലത്തു് അത്രെ പ്രൊട്ടസ്റ്റൻറ്ഉപദേശങ്ങൾ സ്വീകരിച്ചു് സഭയിൽ നവീകരണം ഉണ്ടാകുവാൻ തുടങ്ങിയതു്. തന്നിമിത്തം മെത്രാപ്പോലീത്തായും മിഷ്യനറിമാരും തമ്മിൽ രസക്ഷയം ഉണ്ടായി. സെമ്മനാരിയിലെ അഭ്യസനം ചൊവ്വില്ലാത്തതായി ഭവിച്ചതിനാൽ വടക്കൻ ശെമ്മാശ്ശന്മാർ സെമ്മനാരി വിട്ടു, നാട്ടിലേക്കുപോന്നു. മേല്പറഞ്ഞ ശെമ്മാശ്ശന്മാർ ആറുപേരും (തോടത്തി പൈലി ശെമ്മാശ്ശു, തേക്കിലക്കാട്ടു വക്കി ശെമ്മാശ്ശു്

വെളിയത്തു കോരതു ശെമ്മാശ്ശ്, തട്ടാംപുറത്തു് പൈലി ശെമ്മാശ്ശ്, തോമ്പ്ര ഗീവറുഗീസ് ശെമ്മാശ്ശ്, തുരുത്തി പാവു ശെമ്മാശ്ശ്) അധികം താമസിയാതെ കത്തനാർ പട്ടം ഏററു. ഇവർ ഉൾപ്പെടെ ഈ പള്ളിയിൽ അക്കാലത്തു് എട്ടു പട്ടക്കാർ ഉണ്ടായിരുന്നു. 1025-ൽ ഈ പള്ളിയിൽ പത്തു പട്ടക്കാരായി വദ്ധിച്ചപ്പോൾ പള്ളി ശുശ്രൂഷകളും സുറിയാനി പാനവും ഈ പള്ളിയിൽ നിന്നു, വളരെ മനോഹരമായിത്തന്നെ നടത്തി വന്നു.

**5. മാർ-അത്താനാസിയോസ്** (ശീമമെത്രാൻ)

ദീവന്നാസിയോസ് മൂന്നാമന്റെ അപേക്ഷപ്രകാരം പരിശുദ്ധ അന്ത്യോഖ്യാ പാത്രിയക്കീസ് ബാവാ മാർ-അത്താനാസിയോസിനെ അബ്രാഹാം എന്ന റമ്പാനോടുകൂടി മലയാളത്തിലേക്കു് അയച്ചു. 1001 വൃശ്ചികത്തിൽ ഇദ്ദേഹം കൊച്ചിയിൽ ഇറങ്ങി, അവിടെ നിന്നു് അദ്ദേഹത്തിനും റമ്പാച്ചനും കോട്ടയം സിമ്മനാരിയിലേക്കു് പോകുന്നതിനും മേശസ്സും മററും ഉള്ള ചെലവു് കരിങ്ങാച്ചിറ, കണ്ടനാട്ടു്, മുളന്തുരുത്തി, പറവൂർ, കുറുപ്പമ്പടി എന്നീ പള്ളികൾ വഹിക്കണമെന്നു് മല്പാനച്ചൻ മുതൽ പേർ നിശ്ചയിച്ചതനുസരിച്ചു് ഒരു നല്ല തുക ഈ പള്ളിയിൽ നിന്നും വഹിച്ചു. പ്രോട്ടസ്റ്റന്റു മിഷ്യനറിമാരുടെ കുതന്ത്രത്താൽ അധികം താമസിയാതെ സ്വദേശ ഗവമ്മെന്റുകൾ മാർ-അത്താനാസിയോസിനെ നാടുകടത്തുന്നതിനു ശ്രമിച്ചു. കണ്ടനാട്ടു പള്ളിയിൽ യോഗംകൂടി സംഗതികളെപ്പററി ആലോചിക്കണമെന്നുള്ള ഉദ്ദേശത്താൽ മാർ-അത്താനാസിയോസു് എല്ലാ പള്ളികൾക്കും കല്പന അയച്ചു. ഈ പള്ളിയിൽ നിന്നും തട്ടാംപുറം പൗലോസ് കത്തനാർ മുതൽപേരെ ഇതിലേക്കു് നിയോഗിച്ചു് അയച്ചിരുന്നു. അവിടെ ചെന്നപ്പോൾ ബാവാ കൊച്ചിയിലേക്കു് മടങ്ങി എന്നറിഞ്ഞതിനാൽ അവർ കൊച്ചിയിലേക്കു് പുറപ്പെട്ടു. ബാവാ അവിടെ നിന്നു് കപ്പൽ കയറുന്നതിനു് ഒരുങ്ങിയിരുന്നു. ഈ പള്ളിയിൽ നിന്നും കൊടുത്തയച്ചിരുന്ന നൂറു കലിയൻ പണം ബാവായിക്കു് കൈമുത്തായി കൊടുത്തു. അദ്ദേഹം ഒരു കെത്തിനശീല അച്ചന്റെ കൈയിൽ പള്ളിയിലേക്കു് കൊടുത്തയച്ചിട്ടു് ദേശം വിട്ടു.

ഈ കെത്തിനശീലയെപ്പററി ഒരു സംഭവം നടന്നു. ബാവാ കൊടുത്തയച്ച ശീല മേമ്പൂട്ടിൽ വയ്ക്കണമെന്നു് യോഗക്കാർ ആവ

ശ്യപ്പെട്ടു. പക്ഷെ അച്ചൻ അതിൽ നിന്നു് കുറെ മുറിച്ചെടുത്തിരുന്ന തിനാൽ യോഗനിശ്ചയം അനുസരിച്ചു് പത്തുരൂപാ പള്ളിയിലേക്കു് കൊടുക്കേണ്ടതായി വന്നു.

## 6. പാലക്കുന്നത്തു് മാത്യൂസ് മാർ അത്താനാസിയോസ്

ദീവന്നാസിയോസ് 4-ാമൻ മെത്രാനായിരിക്കുമ്പോൾ മലങ്കരയിലെസഭയുടെ അനുവാദംകൂടാതെ പാലക്കുന്നത്തു് മാത്യൂസ് ശെമ്മാശ്ശൻപരി. പാത്രിയക്കീസ്ബാവായിൽ നിന്നു്മെത്രാൻസ്ഥാനം സ്വീകരിച്ചുകൊണ്ടു് 1018-ൽ മലയാളത്തു് എത്തി. ഈ മാത്യൂസ് മാർ അത്താനാസിയോസ് ശീമയിൽ താമസിക്കുമ്പോഴാണു് മാർ-ഇഗ്നാത്തിയോസ് പാത്രിയക്കീസ് ബാവായുടെ തിരുവെഴുത്തു് 1016 മേടത്തിൽ മലയാളത്തു് എത്തിയതു്. ഇതു വായിച്ചുകേൾക്കുന്നതിനു് പള്ളിക്കാർ കണ്ടനാട്ടു് ചെല്ലണമെന്നു് കാണിച്ചു് മാർ-ദീവന്നാസിയോസ്, മല്പാൻ അച്ചനെക്കൊണ്ടു് എഴുതി അയപ്പിക്കുകയും ഇവിടെ നിന്നും വെളിയത്തു കോരതു കത്തനാരച്ചൻ മുതൽപേർ പോവുകയും ചെയ്തു. അതിനുശേഷം മാത്യൂസ് മാർ-അത്താനാസിയോസ് മലങ്കര എത്തിയപ്പോൾ അദ്ദേഹത്തിൻെറ സ്താത്തിക്കോൻ വായിച്ചുകേൾക്കുന്നതിനും മററും പള്ളിപ്രതിപുരുഷന്മാരുടെ ഒരു യോഗംമാർ ദീവന്നാസിയോസ് 1019 ചിങ്ങത്തിൽ കണ്ടനാട്ടു്വിളിച്ചുകൂട്ടി. അതിലേക്കു് ഈ പള്ളിയിൽ നിന്നും വെളിയത്തു് കോരതു കത്തനാർ മുതൽപേർ പോയിരുന്നു. മാത്യൂസ് മാർ-അത്താനാസിയോസ് മലങ്കരയിലെ സഭയുടെ അനുവാദംകൂടാതെ മെത്രാൻപട്ടം ഏററതിനാൽ തൽസംബന്ധ സംഗതികളെപ്പററി ആലോചിക്കുന്നതിനും, വിവരം പാത്രിയക്കീസ് ബാവായെ അറിയിക്കുന്നതിനും മററുമായി മേടമാസത്തിൽ ഒരു യോഗം വീണ്ടുംകൂടി. അതിനും കോരതു കത്തനാർ മുതലായവരാണു് പോയിരുന്നതു്. പൊതുസമ്മതം കൂടാതെ പട്ടം ഏററതിനാലും നവീകരണം സ്വീകരിച്ച പാലക്കുന്നത്തു അബ്രാഹാം മല്പാൻെറ കുടുംബത്തിൽപെട്ട ആൾ ആകയാലും പൊതുജനങ്ങളുടെ വിശ്വാസമോ സ്വീകരണമോ ആജ്ഞിക്കുന്നതിനു് മാർ അത്താനാസിയോസിനു് സാധിച്ചില്ല. ഒരേ മെത്രാപ്പോലീത്താ യാൽ ഭരിക്കപ്പെട്ടിരുന്ന മലങ്കരയിലെ സഭയിൽ രണ്ടു മെത്രാന്മാർ

ഉണ്ടായതിനാൽ മലങ്കര സഭ രണ്ടു പാർട്ടികളായി മാറിത്തുടങ്ങി. മാത്യൂസ് മാർ-അത്താനാസിയോസ് മെത്രാന്മാർക്കുള്ള തിരുവെഴുത്തും വിളംബരവും വാങ്ങി പല പള്ളികളിൽ എഴുന്നെള്ളി താമസിച്ചിരുന്നെങ്കിലും കുറുപ്പമ്പടി പള്ളിയിൽ അദ്ദേഹം മരിക്കുന്നതുവരെ പ്രവേശിക്കുകയൊ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. വെളിയത്തു് കോരതു് കത്തനാരോടു് അദ്ദേഹം വളരെ സ്നേഹം ഭാവിക്കുകയും, കോരതു കത്തനാരെ കാണുന്നതിനും പള്ളിയിൽ എഴുന്നെള്ളുന്നതിനും അച്ചന്റെ സഹകരണം പലപ്പോഴും ആവശ്യപ്പെടുകയും ചെയ്തു എങ്കിലും അച്ചൻ അതിനു് വഴിപ്പെട്ടില്ല. ഒരിക്കൽ കോതമംഗലം പള്ളിയിൽ മാർ-അത്താനാസിയോസ് താമസിക്കുമ്പോൾ കുറുപ്പമ്പടി പള്ളിയിൽ ബലമായി കയറുന്നയിനു് വരുമെന്നു് കേട്ടിട്ടു് അന്നു വടക്കൻ പ്രദേശങ്ങളിൽ പ്രത്യേകിച്ചു് കുറുപ്പമ്പടി ഇടവകയിൽ പ്രബലനായിരുന്ന കല്ലറക്കൽ കോര തരകൻ മുതൽപേർ അതു തടയുന്നതിനു് വേണ്ട ഏർപ്പാടുകൾ ചെയ്തു. ഈ സംഗതി അദ്ദേഹത്തിന്റെ ശ്രവണപുടത്തിൽ എത്തിയപ്പോൾ കോതമംഗലത്തുനിന്നും തെക്കോട്ടു തിരിച്ചുപോയി. മാത്യൂസ് മാർ-അത്താനാസിയോസിനു് നിരോധന ആജ്ഞ ഉണ്ടായിരുന്നതും കുറുപ്പമ്പടി പള്ളിക്കാർ അദ്ദേഹത്തെ സ്വീകരിക്കാതിരിക്കുന്നതിനു് മറ്റൊരു കാരണംകൂടെ ആയിരുന്നു.

## 7. യൂയാക്കീൻ മാർ കൂറിലോസ്

മലയാളത്തുനിന്നും മാത്യൂസ് മാർ-അത്താനാസിയോസിനെ സംബന്ധിച്ചുള്ള പരാതികളെപ്പററി അന്വേഷിച്ചു് വേണ്ട നടപടികൾ സ്വീകരിക്കുന്നതിനു് പാത്രിയർക്കീസിന്റെ പ്രതിനിധിയായി മാർ-കൂറിലോസിനെ മലയാളത്തിലേക്കു അയച്ചു. അദ്ദേഹം 1021-ൽ മലയാളത്തിൽ എത്തി. മാർ-ദീവന്നാസിയോസിനോടൊന്നിച്ചു് പള്ളികൾതോറും സഞ്ചരിച്ചുതുടങ്ങി. ഇദ്ദേഹത്തിന്റെ സഞ്ചാരത്തിനിടയിൽ അധികവും താമസിച്ചതു് കുറുപ്പമ്പടി പള്ളിയിൽ ആയിരുന്നു. അക്കാലത്തു് ശീമമെത്രാന്മാർക്കു് മലയാളത്തു താമസിക്കുന്നതിനു് ഗവന്മെൻറിൽ നിന്നും ''ജഗതാരിള'' ആവശ്യമായിരുന്നു. അതിനാൽ ആ സംഗതിക്കുംമററും പൊന്നുതമ്പുരാൻ തിരുമുമ്പാകെ സങ്കടം ബോധിപ്പിക്കുന്നതിനു് ''ഈ രണ്ടുകത്തങ്ങളും

നാല്വ മാപ്പിളമാരും'' ചെലവിനു് എടുത്തുംകൊണ്ടു് തിരുവനന്തപുരത്തു് എത്തത്തക്കവണ്ണം മാർ-ദീവന്നാസിയോസ് കല്പന അയച്ചതനുസരിച്ചു് 1022 ധനുവിൽ ഇവിടെ നിന്നു് വെളിയത്തു കോരതു കത്തനാർ മുതൽപേരെ അയച്ചു. ആ മാസത്തിൽ തന്നെ പോഞ്ഞിക്കര ബംഗ്ലാവിൽ സായിപ്പിൻെറ അടുക്കൽ സങ്കടം ബോധിപ്പിക്കുന്ന സംഗതിക്കു് മെത്രാച്ചൻെറ കല്പന വന്നതനുസരിച്ചു് ഇവിടെ നിന്നും ആളെ അയച്ചിരുന്നു. 1024 കന്നി 16-ാം നു- ബാവാ മുൻപതിവുപോലെ അത്യാഡംബരപൂർവ്വം ഈ പള്ളിയിലേക്കു് എഴുന്നെള്ളി. ബാവായെ കൊണ്ടുവരുന്നതിനു് തോമ്പ്ര കോരള കത്തനാർ മുതൽപേരെ ആണു് അയച്ചതു്. ബാവാ എഴുന്നെള്ളിയപ്പോൾ കട്ടടൻ മുതൽപേരെക്കൊണ്ടു് മെത്രാന്മാൎക്കുള്ള ആചാരവെടികൾ പള്ളിയിൽ നിന്നും വപ്പിച്ചു. കൂടാതെ തോരണങ്ങൾ തൂക്കുകയും പാവാടകൾ വിരിക്കുകയും ചെയ്തു. വാദ്യഘോഷം നടത്താറുള്ള കല്ലുങ്കൽ ചാക്കൊ മുതൽപേർ അഞ്ചും, ഇട്ടി മാണി മുതൽപേർ രണ്ടും, കമ്പടൻ വൎക്കിയും അവരവരുടെ വാദ്യഘോഷങ്ങൾ നടത്തി. ഉരുട്ടുചെണ്ട കൊട്ടിയതു് രായമംഗലത്തുകാരൻ കോന്നൻ മുതലായ അഞ്ചുപേർ ആയിരുന്നു. ഇവൎക്കെല്ലാം മുറപ്രകാരം കൂലി പള്ളിയിൽ നിന്നും കൊടുത്തു. മാർ-കൂറിലോസ് ഇവിടെ താമസിക്കുമ്പോൾ കോതമംഗലത്തു് മാർ-ബസ്സേലിയോസ് ബാവായുടെ കബറിങ്കലെ മണ്ണുകൊണ്ടുവന്നു് വടക്കെ ത്രോണോസിൻെറ അഴിക്കാലിനുള്ളിൽ സ്ഥാപിച്ചു് മാർ-ഇഗ്നാത്തിയോസിൻെറയും മാർ-ബസ്സേലിയോസിൻെറയും നാമത്തിൽ ഒരു കബ്ബർ കന്നി 23-ാം നു- സ്ഥാപിക്കുകയും തുലാം 20-ാം നു- പെരുന്നാൾ ആഘോഷിക്കുകയും ചെയ്തു. ഇപ്രകാരമാണു് ആധുനികകാലത്തു് കൊണ്ടാടുന്ന തുലാം 20-ാം നു- പെരുന്നാളിൻെറ ഉത്ഭവം. പില്ക്കാലത്തു് പരുമല മാർ ഗ്രീഗോറിയോസ്, കടവിൽ മാർ-അത്താനാസിയോസ് എന്നിവരുടെ ചരമം തുലാം 20-ാം നു- ആയി ഭവിച്ചതിനാൽ ടി ശ്രാദ്ധങ്ങളെ ഇതോടനുബന്ധിച്ചു് നടത്തിവരുന്നു. ഈ കബർ തുലാമാസത്തിൽ സ്ഥാപിച്ചശേഷം അതിനടുത്ത മീനത്തിൽ കല്ലുകൊണ്ടു് കെട്ടിച്ചു കൂടാതെ അന്ത്രയോസ് ബാവായുടെ നാമത്തിൽ ഒരു കബ്ബർ തെക്കെത്രോണോസ്സിന്നരികെ അഴിക്കാലിനുള്ളിൽ സ്ഥാപിച്ചു. അതു് 1024 മകരത്തിൽതന്നെ കല്ലുകൊണ്ടു് കെട്ടിച്ചു് പൂൎവ്വകാലം മുതൽ നടത്തിവരാറുള്ള കുംഭം 16-ാം നു- പെരുന്നാൾ അത്യാഡംബര

പൂർവ്വം കൊണ്ടാടി. എന്നാൽ അനാചാരങ്ങളേയും മൂഢഭക്തികളേയും തച്ചുടയ്ക്കുന്ന പത്രോസ് പാത്രിയക്കീസ് ബാവാ 1051-ൽ ഈ പള്ളിയിൽ എഴുന്നെള്ളിയിരുന്നപ്പോൾ ഈ കബറുകളെ പൊളിപ്പിച്ചു കളഞ്ഞു. മാർ-കൂറിലോസ് 1025 തുലാമാസത്തിലും 1026 കന്നിയിലും ഇവിടെ താമസിച്ചിരുന്നു. ശൂരനായ പാലക്കുന്നത്തു് മാത്യൂസ് മാർ-അത്താനാസിയോസിനോട്ട് മല്ലിടുവാൻ മാർ-ദീവന്നാസിയോസ് അശക്തനായി ഭവിച്ചതിനാൽ മലങ്കര സഭാഭരണം മാർ-ദീവന്നാസിയോസ് മാർ-കൂറിലോസിനെ ഏല്പിച്ചു ഇതു് മലങ്കരസഭക്ക് വളരെ സന്തോഷമായിരുന്നു. മാർ-കൂറിലോസ് ഇവിടെ താമസിക്കുമ്പോൾ കരിയിരിക്കൽ എന്നു വീട്ടുപേരുള്ള ഒരു ബാല്യക്കാരൻ ബാവായിക്ക് സേവനം നടത്തിയിരുന്നു. ഇവർ പറവൂർ നിന്നു് വന്നവരാണ്. പറവൂർ നിന്നും പോന്ന ജ്യേഷ്ഠാനുജന്മാരിൽ രണ്ടുപേർ ആലുവായിലും, ഒരാൾ കുറുപ്പമ്പടി പള്ളിയുടെ കിഴക്കുവശമുള്ള എടശ്ശേരി പറമ്പിലും താമസിച്ചു. അതിനാൽ ഇവരെ എടശ്ശേരി എന്നും പിന്നീട് വിളിക്കുന്നു. വന്ന ആളിൻെറ പുത്രനാണ് ബാവായിക്ക് സേവനം നടത്തിയിരുന്നതു്. അദ്ദേഹത്തിൻെറ നിറം കറുപ്പ് ആയതിനാൽ കൂറിലോസ് ബാവാ കാപ്പിരി എന്നു് അദ്ദേഹത്തെ വിളിച്ചിരുന്നു. അദ്ദേഹത്തിൻെറ പുത്രൻ പിള്ളാലത്തു് ശീമയിൽ നിന്നു വരുന്ന ബാവാന്മാർക്ക് അകമ്പടി സേവിച്ചിട്ടുണ്ട് എന്നാൽ മാത്യൂസ് മാർ-അത്താനാസിയോസിൻെറ സ്വാധീനത്താൽ തിരുവിതാംകൂറിലും കൊച്ചിയിലും മാർ-കൂറിലോസിൻെറ താമസം നിരോധിച്ചു, തന്നിമിത്തം ഇദ്ദേഹം ബ്രി· മലബാറിൽ ചാലശ്ശേരിയിൽ പോയി 1028 ൽ ഒരു പള്ളികെട്ടി അവിടെ താമസിച്ചു,

## 8. ചാലശേരി പള്ളി

പഴഞ്ഞിക്ക് വടക്ക് വനമായിരുന്ന ഈ സ്ഥലത്തു് ആൾതാമസം ഇല്ലാതിരുന്നതിനാൽ ഈ ഇടവകയിൽ തോമ്പ്ര വക്കി കത്തനാരുടെ സഹോദരന്മാർ തുടങ്ങിയുള്ള തോമ്പ്രകളെ അവിടെ കൊണ്ടുപോയി താമസിപ്പിച്ചു. ഇപ്രകാരം ബ്രി. മലബാറിലെ ആദ്യത്തെ കടികയററം കുറുപ്പമ്പടി ഇടവകയിൽ നിന്നാണ് ഉണ്ടായതു്. 1058 നും 1068 നും ഇടയിൽ കുറുപ്പമ്പടി പള്ളിയിൽ ഒരു ഭാഗം ചേർന്നു് കർബ്ബാന ചൊല്ലിക്കൊണ്ടിരുന്ന ചാലശ്ശേരി അച്ചൻ. ഈ തോമ്പ്ര

കുടുംബത്തിൽപെട്ട ഒരാം ആണ്. 1015-നും 1040 നും ഇടയിൽ ജീവിച്ചിരുന്ന തോമ്പ്ര വക്കി (വറീതു്) കത്തനാർ വട്ടക്കാട്ടുപടിക്കൽ നിന്നും പള്ളിക്കു വടക്കുവശം വന്നു് താമസമാക്കി. പള്ളിയുടെ വടക്കു മുതൽ ആററുപുറം പാറവരെ ഉള്ള മിക്ക സ്ഥലവും അച്ചൻെറ വകയായിരുന്നു അച്ചനും അച്ചൻെറ സഹോദരങ്ങളും ഇവിടെ താമസിച്ചിരുന്നു. അച്ചനു്ഒരു ആന ഉണ്ടായിരുന്നു. അച്ചനും അച്ചൻെറ സഹോദരങ്ങളും ധീരന്മാരും, ശൂരന്മാരും, ആരേയും കൂട്ടാക്കാത്തവരും ആയിരുന്നു. ടി അച്ചൻ തോടത്തി അച്ചൻെറ (ഭർത്താവു മരിച്ചുപോയ) സഹോദരിയെ [രണ്ടാംകെട്ടുകാരിയെ] വിവാഹം ചെയ്തു. അച്ചൻെറ രണ്ടു സഹോദരങ്ങളാണു് ചാലശ്ശേരിയിൽ താമസമാക്കിയതു്. ചാലശ്ശേരി വീട്ടുകാരിൽ ഒരാം ജപ്പാനിൽ താമസം ഉണ്ടു്. അച്ചൻെറ സഹോദരൻ കുഞ്ഞിപാവുവിൻെറ മകൻ പള്ളിയോഗത്തിൻെറ അനുവാദം കൂടാതെ പട്ടം ഏററവരിൽ ഒരാളാണു്. വക്കി കത്തനാർ മരിച്ചു് മദ്ബഹായുടെ താഴെ അഴിക്കാലിനുള്ളിൽ വടക്കെ ത്രോണോസിന്നരികെ അടക്കിയിരിക്കുന്നു. ഈ കുടുംബം പില്ക്കാലത്തു് ക്ഷയിച്ചുപോയി. ഈ കുടുംബത്തിൽ പെട്ടദേഹമാണു് ഇപ്പോം ആററുപുറം പാറയുടെ തെക്കുവശം താമസിക്കുന്ന തോമ്പ്ര പത്രോസ്.

ചാലശ്ശേരിയിലും ബ്രിട്ടീഷ് കൊച്ചിയിലും മാർ-കൂറിലോസ് സ്വന്തമായി ഓരോ പള്ളി വച്ചു. ബ്രിട്ടീഷ് ഗവമ്മെൻറിൻെറ കൃപാകടാക്ഷത്താൽ ശീമമെത്രാന്മാക്കു് മലയാളത്തുള്ള പള്ളികളിൽ ചുററിസഞ്ചരിക്കുന്നതിനു് അനുവാദം ലഭിച്ചു. അതിനാൽ കൂറിലോസ് ബാവ വീണ്ടും മലങ്കരയുള്ള പള്ളികം ചുററിസഞ്ചരിച്ചു താമസം തുടങ്ങി. 1031 കന്നിമാസത്തിൽ പള്ളിക്കരയിൽ നിന്നും ഇദ്ദേഹം ഈ പള്ളിയിൽ എഴുന്നെള്ളി താമസിച്ചു. ഇദ്ദേഹത്തെ കൊണ്ടുവരാൻ പോയിരുന്നതു് തോടത്തി പൗലോസ് കത്തനാർ മുതൽപേർ ആണു്. ബാവാ ഇവിടെ താമസിക്കുമ്പോം കന്നി 30-ാം തീയതി മെത്രാച്ചൻെറ ദീന വിവരത്തിനു് അറിവു കിട്ടി. മാർ-ദീവന്നാസിയോസ് 4-ാമൻ കന്നി 27 ചൊവ്വാഴ്ച $7\frac{1}{2}$ നാഴിക വെളുപ്പ് ഉള്ളപ്പോം [1031] കാലം ചെയ്തിരുന്നു. 1030 ചിങ്ങം 27-ാം നു- മരിച്ചു എന്നു് വേറൊരു ബുക്കിൽ കാണുന്നു. ഈ വിവരം തുലാം 9-ാം നു- ആണു്. മാർ-കൂറിലോസിനു് ഇവിടെ അറിവു കിട്ടിയതു്.

## 9. കപ്യാർ കാട്ടുകുടിയുടെ വംശാവലി

കാട്ടുകുടിയുടെ ജന്മം പടയാട്ടി ആണെന്നു പറയുന്നു. കാട്ടുകുടി വക്കിക്കു് വക്കി, മത്തായി, മാത്തു എന്നിങ്ങനെ മൂന്നുമക്കരം. ഇതിൽ മാത്തു ആയിരുന്നു കുറുപ്പമ്പടി പള്ളിയിലെ കാട്ടുകുടിയിലെ ആദ്യത്തെ കപ്യാർ. ഇദ്ദേഹം ചെറക്കൽ നിന്നും കെട്ടി ദത്തു താമസം. ഒന്നാമൻ വക്കിയുടെ പൗത്രൻ ആണു് കപ്യാർ കോര. കോരസ്സു് വക്കി, കുരിയൻ എന്നിങ്ങനെ രണ്ടു മക്കരം. ഇവർ രണ്ടു പേരും കുറുപ്പമ്പടി പള്ളിയിലെ കപ്യാരന്മാർ ആയിരുന്നു. ഇതിൽ 1-ാ മൻ വക്കിയുടെ മകനാണു് ഇപ്പോഴത്തെ കപ്യാർ വക്കി. രണ്ടാമൻ കുരിയൻ ഇപ്പോഴും കപ്യാർ ആണു്. ഇദ്ദേഹത്തിനു് കോര, പൈലി എന്നിങ്ങനെ രണ്ടു മക്കരം. ഇപ്പോരം ജോലി ചെയ്യുന്ന കാട്ടുകുടി കപ്യാർ വക്കി ഈ ഇടവകയിൽ സാമ്പത്തികമായി വളരെ കഴിവുള്ളവനും ശാന്തനും സേവന സന്നദ്ധത ഉള്ള ദേഹവും ആകുന്നു. ഈ കപ്യാരന്മാർ സാമ്പത്തിക വരുമാനമാഗ്ഗങ്ങരം അല്ല പ്രധാനമായി ചിന്തിക്കുന്നതു്. ക്രിസ്തീയ സേവനം മുൻ നിത്തി പ്രവത്തിക്കുന്നു എന്നു് അവരുമായുള്ള സമ്പക്കത്തിൽ എനിക്കു് വളരെ ബോദ്ധ്യം വന്നിട്ടുണ്ടു്. പള്ളിയിൽ പട്ടക്കാരോടുകൂടെ എല്ലാ ദിവസവും രണ്ടുനേരം പ്രാത്ഥിക്കുക, ഭയഭക്തിയോടുകൂടെ കുർബ്ബാനസ്സു് കഴച്ചു വസ്സുക, ശുശ്രൂഷസ്സു് കൂടുക പട്ടക്കാരുടെ സഹായാത്ഥം ജനങ്ങളുടെ ആത്മീക ദിഷ്ടതികരം രാത്രിയെന്നൊ പകലെന്നൊ ഗണിക്കാതെ ഓരോ വീടുകളിൽ നടന്നുപോയി നടത്തിക്കൊടുക്കുക ഇത്യാദി സംഗതികരം മാതൃകാപരമായിരിക്കുന്നു. തന്മൂലം ദൈവം അവരെ സാമ്പത്തികമായും ശാരീരികമായും സംരക്ഷിക്കുന്നതായിട്ടു് എനിക്കു് തോന്നിപ്പോകുന്നു.

## 10. മരാമത്തു പണികൾ & പ്രത്യേക സംഭവങ്ങൾ

1001-ൽ പടിഞ്ഞാറെ ആനവാതിലിൻെറ കതകു് നെല്ലിസ്സാക്കുടി പൈലി വഴിപാടായി പണികഴിപ്പിച്ചു. ആ വഷത്തിൽ തന്നെ പള്ളിവക സകലജംഗമങ്ങളുടേയും ഒരു ലിസ്റ്റു് തയ്യാർ ചെയ്യതായി കാണുന്നു. മതിലിൻെറ ബാക്കികിടന്നിരുന്ന പണികരം 1002-ൽ പൂത്തിയാക്കി. 1006 അടുക്കെ ഉണ്ടായ വസൂരി ദീനത്തിൽ പള്ളി കൈക്കാരന്മാരായ മരങ്ങാട്ടു് ആത്തുങ്കൽ കുഞ്ഞുപൗലോയും, അദ്ദേഹത്തെ സംരക്ഷ

ച്ച സ്വന്തം ജ്യേഷ്ഠൻ ആത്തുങ്കൽ ഇട്ടൂപ്പും മരിച്ചുപോയതിനാൽ തൽസ്ഥാനത്തു് അവരുടെ മക്കരം ഐപ്പും, ഇട്ടിക്കുയ്യ്‌നും ക്രമപ്രകാരം കൈക്കാനത്തിൽ പ്രവേശിച്ചു. 1013-ൽ മദ്ബഹായുടെ അകത്തും പുറത്തും ചെറിയ തേപ്പ് കഴിച്ചശേഷം മദ്ബഹായുടെ മുകളിലെ നിലയിൽ വാതിൽ പണിതു് വലിയ മണി അവിടെ തൂക്കിയിട്ടു. 1016-ൽ പള്ളിമുറിയുടെ കേടുപാടുകരം പോക്കുകയും ചമ്പകമരം അറുപ്പിച്ചു് കഴക്കോൽ കയററി മേയുകയും ചെയ്തു. പള്ളിപേരിൽ ഉള്ള എഴുത്തുകുത്തുകരം അക്കാലത്തും അതിനുമുമ്പും ''കുറുപ്പംമ്പടി കന്യാസ്ത്രീഅമ്മയുടെ പള്ളി'' എന്നാണു്. പള്ളിയുടെ പടിഞ്ഞാറെ മുററത്തുണ്ടായിരുന്ന കരിശു് 1017-ൽ ചുരണ്ടി നന്നാക്കിയശേഷം ബങ്കളിപൂശി. മുഖവാരവും മററും ഇപ്രകാരം ആണ്ടുതോറും ബങ്കിളി [വെൺകാളി] പൂശാറുണ്ടു്. കൂടാതെ പ്രദിക്ഷണങ്ങരംക്കു് ഉപയോഗിപ്പാൻ അത്മത്തി മുതലായവ തയിപ്പിച്ചു. ഇക്കാലംവരെയും പള്ളിക്കകത്തു് ശവം അടക്കുന്ന സമ്പ്രദായം ഉണ്ടായിരുന്നു. ഈ രീതി പറങ്കികളുടെ വരവോടുകൂടെ പള്ളികളിൽ നടപ്പിലായതാണെന്നും അതിനുമുമ്പു് ഓരോ വീട്ടുകാക്കു് ഓരോ കരകളിൽ അവരവരുടെ മരിച്ചവരെ അടക്കുന്നതിനു് കുഴിമാടം ഉണ്ടായിരുന്നതായും അറിയപ്പെടുന്നു. കടമററം മുതലായ സ്ഥലങ്ങളിൽ ചില വീട്ടുകാക്കു് കുഴിമാടം ഉള്ളതു് ഇതിനു് ദൃഷ്ടാന്തം ആണു്. ക്രമേണ മെത്രാന്മാരെ മദ്ബഹായിലും, പട്ടക്കാരെ അഴിക്കാലിനകത്തും, ശെമ്മാശ്ശന്മാരെ അഴിപൊളിച്ചു് പകുതി അകത്തും പകുതി പുറത്തും വരത്തക്കവണ്ണവും കൈക്കാരന്മാരെ അവരവരുടെ പണസ്ഥിതി അനുസരിച്ചു് അഴിക്കാലിനുപുറത്തു് അവരവരുടെ അണികളിലും, ശേഷംപേരെ പള്ളിക്കുപുറത്തുള്ള മുററത്തിൽ അവരവരുടെ നിരകളിൽ കിഴക്കുപടിഞ്ഞാറായി അടക്കിവന്നു. കുറുപ്പംമ്പടി പള്ളിയിൽ പഴയതും പുതിയതും തമ്മിൽ പിരിഞ്ഞശേഷം അഴിക്കാലിനു പുറത്തു് തെക്കുവശം മുന്നണിയിൽ കല്ലറക്കനും വടക്കുവശം മുന്നണിയിൽ ംപൊസ്റ്റാടനും പിന്നണിയിൽ ബാക്കി അംഗങ്ങളും അടക്കപ്പെട്ടു. മുന്നണിയിൽ ശവം ഇടുന്നവക്കു് 251 പുത്തനും പിന്നണിയിൽ 101 പുത്തൻ വരേയും കുഴിക്കാണം വച്ചിരുന്നു. എന്നാൽ 1017-ൽ പൊസ്റ്റാട്ടിൽ ഉള്ള ഒരു സ്ത്രീയെ അടക്കുന്നതിനു് കുഴിക്കാണം കുറച്ചുവച്ചതുകൊണ്ടു് തക്കം ഉത്ഭവിച്ചു. ഈ സംഗതി മെത്രാപ്പോലീത്ത കേട്ടു തീരുമാനിച്ചതനുസരിച്ചു് പള്ളിഅകത്തു്

ശകം ഇടുന്ന രീതി നിറുത്തൽ ചെയ്തു. ''പള്ളി അകത്തു ശകം അടക്കുന്നതു് ന്യായത്തിനുപോരാത്തതാകയാൽ'' കല്പനപടി ശകം പൂമുഖത്തും നെടുമ്പുരയിലും അടക്കി തുടങ്ങി. കല്പറക്കൻ തെക്കെ പൂമഖത്തും അതിനു് തൊട്ടടുത്തു് പടിഞ്ഞാറുവശം ആത്തുങ്കനും, വടക്കെ പൂമുഖത്തു് പൊയ്ക്കാടനും, അറയ്ക്കൻ നെടുമ്പുരയിലും അവരവരുടെ അണി അനുസരിച്ചു് ശകം ഇട്ടുവന്നു. എന്നാൽ നിശ്ചിതതുക കഴിപ്പണം വയ്ക്കുന്നതിനു് ശേഷി ഇല്ലാതെപോയാൽ 51 പുത്തനിൽകുറച്ചു് നെടുംപുരയിലും പൂമുഖത്തും ശകം അടക്കുവാൻ അവകാശം ഉണ്ടായിരുന്നില്ല.

943-നു മുമ്പു് പണിതിരുന്ന മുഖവാരത്തിനു് കേടുഭവിച്ചു് 1018-ൽ വീണുപോയതിനാൽ അതു് പൊളിച്ചു് ഇറക്കിവച്ചു. ഈ വഷ്ത്തിൽ തന്നെ കൊച്ചിയിൽ നിന്നു് ഒരു യൂദനോടു് ശീലവാങ്ങി പള്ളി ആവശ്യത്തിനു് ഒരു നല്ല കാപ്പ തയിപ്പിച്ചു. പൂർവ്വകാലത്തു് കച്ചിമേച്ചിൽ ആയിരുന്ന പള്ളിയുടെ മേൽപ്പുര ഓടുമേഞ്ഞു. ഇതിനു് കൂര ഓടു് എന്നു പറയുന്നു. ഇതു് കുശവന്മാർ ഉണ്ടാക്കുന്നതാണു്. 1021-ൽ വാഴക്കുളത്തുകാരൻ ''കുശവൻ'' ''നല്ലപത്തു'' മുതൽപേരോടു് 18000 പട്ടികഓടു് വാങ്ങി. അന്നു് ഓടിനു് ആയിരത്തിനു് 14 ചക്രം വിലയും നെല്ലിനു് ഒരു പറക്കു് ആറു (6) ചക്രം വിലയും ആയിരുന്നു. താഴത്തെ മേമ്പൂട്ടു് മുറിയുടെ എടുപ്പു് പലകക്കു് 1019 ൽ താഴ്ത്തീത്തു. 1021-ൽ പള്ളിയിൽ ധാരാളം മരാമത്തു പണികാം നടത്തിയിരുന്നു. പള്ളിയുടെ ഹയിക്കാലായിക്കു് കേടുവന്ന പട്ടികകാം തുശ്ശൂമംഗലം ഗോവിന്ദൻ, ഇട്ടുണ്ണി, തൃക്കളത്തൂരു് ഗോവിന്ദൻ മുതലായ ആശാരിമാരെക്കൊണ്ടു് നന്നാക്കിച്ചു.

1022-ൽ വെള്ളിയ്ക്കുരിശിൻെറ പണി പൂത്തിആയി. ആയതു് ശകസംസ്കാരത്തിനു് വലിയ ഇട്ടുകെട്ടിനുമാത്രം ഉപയോഗിക്കണമെന്നു നിശ്ചയിച്ചു. വലിയ ഇട്ടുകെട്ടോടുകൂടെ നടത്തുന്ന ശകസംസ്കാരത്തിനു് കഴിക്കാണം 251- പുത്തൻ ആയിരുന്നു. അക്കാലത്തു് കല്പറക്കനും പൊയ്ക്കാടനും മാത്രമെ വലിയ ഇട്ടുകെട്ടോടുകൂടെ ശകസംസ്ക്കാരം നടത്തിവന്നിരുന്നുള്ളു. ആണ്ടുതോറും കുംഭം 16-ാംതി. ഈ പള്ളിയിൽ വലിയ ആഘോഷത്തോടുകൂടെ നടത്തി വരിക പതിവുള്ള അന്ത്രയോസ് ബാവായുടെ ശ്രാദ്ധപെരുന്നാാം 1021-ലും വളരെ ഭംഗിയായികൊണ്ടാടി. അക്കാലത്തു് പള്ളിയോഗക്കാക്കു്

അത്താഴ ഊട്ട് ഉണ്ടായിരുന്നില്ല. എങ്കിലും പുറദേശത്തുനിന്നുവന്ന ''കത്തനാരച്ചന്മാക്കും കൈക്കാരന്മാക്കും'' തീനുംകുടിയും നടത്തിവന്നിരുന്നതു കൂടാതെ ജനങ്ങാംക്ക നേച്ച്യും കൊടുത്തുവന്നിരുന്നു. അങ്ങാടിയിൽകൂടെ കിഴക്കെ അററംവരെ സ്ളീബാ എഴുന്നെള്ളിച്ച് കിഴക്കെ അററത്തു ചെല്ലുമ്പോാം മേശ ഇട്ട് സ്ളീബാവച്ച് ധൂപം നടത്തിയശേഷം വഴിപാട്ട് ഇട്ടുവന്നിരുന്നു. വേറെ പുറത്തെങ്ങും കുരിശു സ്ഥാപിക്കുകയൊ സ്ളീബാ എഴുന്നെള്ളിപ്പൊ ഉണ്ടായിരുന്നില്ല. കലാവിദ്യകളെ പരിപുഷ്ടിപ്പെടുത്തുന്നതിനായി പെരുന്നാാം ദിവസത്തിൽ കഥകളിയും, വാളേറും, വെടിക്കെട്ടും, വാദ്യഘോഷവും മററും ഉണ്ടായിരുന്നു. ഇതിനു് 1021-ൽ ആകെ 59 പറ 5¾ ഡങ്കഴി അരി ചെലവായിട്ടുണ്ട്. 1024 കക്കടകത്തിൽ മഴ ഇല്ലാതെ ജനങ്ങാം വളരെ സങ്കടം അനുഭവിച്ചു. തന്നിമിത്തം കൂട്ടമായി നേച്ച കഴിച്ച് പ്രാത്ഥന നടത്തിയപ്പോാം അതിൻെറ ഫലം ലഭിച്ചു. 1025 മകരം കുംഭം മാസങ്ങളിൽ വസൂരി മുതലായ പകച്ച ദീനം ശക്തിപ്പെട്ട് അനേകർ മരിച്ചുപോയതിനാൽ ജനങ്ങാം ഉണർവോടും കണ്ണുനീരോടും കൂടെനേച്ചകളും പ്രാത്ഥനകളും കഴിച്ചുശാന്തിപ്പെട്ടു. അമ്പാട്ട് കല്ലറക്കൽ കോരതരകൻെറ മകൻ പൈലി 1031-ൽ വസൂരി ദീനത്തിൽ മരിച്ചു. ശവം കൂറിലോസ് ബാവാ കല്പിച്ച നിരയിൽ അടക്കം ചെയ്തു. ഓലയിൽ നിന്നു് ചില പകർപ്പുകാം താഴെ ചേക്കുന്നു.

M. E. 1005-ൽ ''തത്തൻ നാരായണൻ എഴുതിതന്ന പാട്ട ഓല ഒന്നിൽ പ്രാന്തം കണ്ടം ഉാംപ്പെട്ട നിലം... ...6½ പറക്കു് മുപ്രം...... മുൻ പലതവണ കൊടുത്തതുാംപ്പെടെ പുത്തൻ 2496''.

1020 ൽ ചെറുമല അട്ടിപ്പേറു് എഴുതുന്ന വകസ്സും......ദിവാൻജി സ്വാമി അവർകളുടെ അടുക്കൽ സങ്കടം പറയുന്നതിനും പോയ താമ്പ്ര വറിയതു കത്തനാരച്ചൻ മുതൽപേക്കു്......''

1028 ൽ ''......2001 പുത്തൻ അത്ഥം വച്ച് വാസ്സുട്ടു നമ്പൂരിയുടെ എടമ്പാടം ഉാംപ്പെട്ട നിലം 22 പറ 5 ഡങ്കഴിക്കു്......37 പറ 5 ഡങ്കഴി നെല്ലു് ഉഭയവും 19 പറ 6½ ഡങ്കഴിനെല്ലു് മിച്ചവാരവും സാരവും കങ്ങാണിയും വച്ച് പൊസ്സട്ടിൽ കോരള ഇട്ടി മാത്തുപേരിൽ എഴുതിവാങ്ങിച്ച് വരവു് ആധാരം1''.

**മാർ കൂറീലോസ് തുടർച്ച.**

ദീവന്നാസിയോസ് 4-ാമൻ മരിച്ചപ്പോൾ മലങ്കര ഉള്ള കുറുപ്പമ്പടി മുതലായ മിക്ക പള്ളികളും മാർ-കൂറിലോസ് യൂയാക്കിമിനെ തങ്ങളുടെ ഇടവക മെത്രാപ്പോലീത്തായായി സ്വീകരിച്ചു. അദ്ദേഹം അധികവും താസിച്ചിരുന്നതു് കുറുപ്പമ്പടി പള്ളിയിൽ ആണു്. അദ്ദേഹം പല പള്ളികളും സന്ദർശിച്ചുകൊണ്ടിരുന്നു. തെക്കുള്ള ചില പള്ളിക്കാർ മാത്യൂസ് മാർ അത്താനാസിയോസിനേയും മററുചില പള്ളിക്കാർ രണ്ടുപേരേയും സ്വീകരിച്ചു. അന്നു് പോസ്റ്റാഫീസ് ഈ ഭാഗത്തു് കൊച്ചിയിൽ മാത്രമെ ഉണ്ടായിരുന്നുള്ളു. മലങ്കരയിലെ സഭാകാര്യങ്ങൾ മാർ-ഇഗ്നാത്തിയോസ് പാത്രിയൎക്കീസിനെ അറിയിക്കുന്നതിനു് മാർ കൂറിലോസ് 1031 തുലാമാസത്തിൽ ഒരു കത്തെഴുതി തപാലിൽ ഇടുന്നതിനു് ഓരളെ ഇവിടെ നിന്നും കൊച്ചിയിലേക്കു് അയച്ചു. മാർ-കൂറിലോസിനു് യാത്രക്കു് ഒരു മേനാവും, ഒരു കുതിരയും മാത്രമെ ഉണ്ടായിരുന്നുള്ളു. ഇട്ടൂപ്പ്, ഐപ്പ് എന്നിങ്ങനെ രണ്ടു് വാല്യക്കാരും ഉണ്ടായിരുന്നു. പ്രൗഢികൾ ഒന്നും കൂടാതെ അനാഡംബരമായിട്ടാണു് ബാവാ യാത്രചെയ്തുകൊണ്ടിരുന്നതു്. ബാവ ഒരു പരിശുദ്ധനും, നിഷ്ക്കളങ്കനും, ധീരനും, മികച്ച സന്യാസവൎയ്യനും, ഗണിതശാസ്ത്രജ്ഞനും, മിഡ്വൈഫറി ശരിയായി അഭ്യസിച്ചിരുന്നവനും, നയജ്ഞനും, സുറിയാനിഭാഷാ പണ്ഡിതനും, കലാകാരനും, മല്പാനും ആയിരുന്നു. എന്നുള്ളതിലേക്കു് അനേകദൃഷ്ടാന്തങ്ങൾ എടുത്തുപറയാനുണ്ടു്. ബാവാ ഒരു മലയാളഭാഷാനിഘണ്ഡുവും എഴുതിയിരുന്നു. വിസ്താരഭയത്താൽ ഇവയെല്ലാം വിവരിക്കുന്നതിനു് ഞാൻ ഒരുമ്പെടുന്നില്ല. ഇവിടെ നിന്നും ബാവാ ധനുമാസത്തിൽ കൊച്ചിക്കുനീങ്ങുകയും തിരികെവന്നു് കുംഭമാസത്തിൽ കണ്ടനാട്ടു് വഴി കോട്ടയത്തിനു പോവുകയും ചെയ്തു. 1035 തുലാമാസത്തിൽ ബാവായെ പള്ളിക്കര പള്ളിയിൽ നിന്നും ആഘോഷപൂർവ്വം ഇങ്ങോട്ടു കൊണ്ടുവന്നു. ബാവാ ഇവിടെ താമസിക്കുമ്പോൾ യറുശലേമിലും അന്ത്യോഖ്യയിലും മൂന്നു ബാവാന്മാർ കാലം ചെയ്തു. എന്നുള്ള അറിവുകിട്ടി. പിന്നീടു് അദ്ദേഹം കൊച്ചിയിലേക്കു് പോയി. അവിടെ നിന്നും മീനമാസത്തിൽ ഇങ്ങോട്ടുനീങ്ങി. ബാവായുടെ പേരിൽ വരാപ്പുഴ മെത്രാൻ 9999 രൂപായിക്കു് മാനനഷ്ടത്തിനു് കേസുകൊടുത്തതിലേക്കു് ഉത്തരം എഴു

തി വയ്ക്കുന്നതിന്  അടുത്ത പള്ളിക്കാർ കൂടണമെന്ന്  ബാവായുടെ സാധനം (കല്പന) വരികയാൽ 1037-ൽ ഈ പള്ളിയിൽ നിന്നും വെളിയത്തു കോറെപ്പിസ്കോപ്പാ അച്ചൻ മുതൽപേരെ അയച്ചിരുന്നു. ഈ കേസ്  ബാവായിക്ക്  അനുകൂലമായി വിധിച്ചു.

## 11. യറുശലേം പാത്രിയർക്കീസ്

1032-ൽ യറുശലേം പാത്രിയർക്കീസ്  മലയാളം സന്ദർശിക്കുന്നതിനും വിശുദ്ധ നാട്ടിലെ ദൈവാലയത്തിലേക്ക്  ധർമ്മശേഖരം നടത്തുന്നതിനുമായി വന്നു. അദ്ദേഹം കുന്നക്കുരുടി പള്ളിയിൽ എഴുന്നെള്ളി താമസിക്കുമ്പോൾ അദ്ദേഹത്തെ കൊണ്ടുവരുന്നതിനായി യോഗ നിശ്ചയ പ്രകാരം തോടത്തി കൊച്ചച്ചൻ മുതൽപേരെ കുന്നക്കുരുടിയിലേക്ക്  അയച്ചു. ബാവായെ അത്യാഡംബരപൂർവ്വം ഈ പള്ളിയിൽ സ്വീകരിച്ചു. ഇവിടെ നിണ ഒരു നല്ല തുക ദാനമായി കൊടുത്തയിച്ചു. ഇവിടെ ആറുദിവസം താമസിച്ചശേഷം കോതമംഗലത്തിനു നീങ്ങി. കോതമംഗലത്തിന്  പോകുവാൻ ശ്രായിൽ പള്ളിയിൽ ഇരിക്കുന്ന കൂറിലോസ്  ബാവായുടെ മേനാവ്  എടുത്തു കൊണ്ടുവന്നാണ്  ഉപയോഗിച്ചത്. ഇദ്ദേഹം റാക്കാട്ടുപള്ളിയിൽ ഇരിക്കുമ്പോൾ മാർ കൂറിലോസ്  മലങ്കരയുടെ മെത്ര നാണെന്നുള്ള വിവരം റാക്കാട്ടു പള്ളിയുടെ ഭിത്തിയിൽ ഉല്ലേഖനം ചെയ്തിട്ടുണ്ട്.

## 12. കൊച്ചിപ്പള്ളി

ഏതൽക്കാലപര്യന്തമുള്ള ചരിത്രം നോക്കിയാൽ ശീമയിൽ നിന്നു വരുന്ന ബാവാന്മാർക്ക്  അവരുടെ വകയായി കേരളത്തിൽ സ്ഥലമൊ പള്ളിയൊ ഇല്ലാത്തതിനാൽ നാട്ടുകാരിൽ ചിലരുടെ പ്രേരണ നിമിത്തം അതതുക ലത്തു്  ഭരിക്കുന്ന ഗവണ്മെൻറുകളുടെ നിരോധനത്തിന്  അധീനപ്പെട്ടു്  ചിലപ്പോൾ നട്ടം തിരിയുന്നതിന്  ഇട വന്നിട്ടുണ്ട്. എന്നാൽ ഇതിൻെറ പരിഹാരാത്ഥം ദീർഘ ദൃഷ്ടിയായ കൂറിലോസ്  ബാവാ ചാലശ്ശേരിയിൽ എന്നപോലെ ബ്രി. കൊച്ചിയിൽ ശീമക്കാരുടെ പേരിൽ ഒരു പള്ളി സ്ഥാപിക്കുന്നതിന്  നിശ്ചയിച്ചു. ഇപ്രകാരം അത്രെ കൊച്ചിയിൽ ഒരു പള്ളി ഉണ്ടായത്. ഈ പള്ളിക്ക്  മാർ-കൂറിലോസ്  ബാവായുടെ കല്പന പ്രകാരം മുപ്പതു രൂപ ഈ പള്ളിയിൽ നിന്നും കൊടുത്തതുകൂടാതെ പള്ളിവയ്ക്കുന്നതിന്  ആവശ്യമായ കായൽ നികത്തി എടുക്കുന്നതിന്

ആവശ്യമായ ചവറും ശീലാന്തിക്കമരവും ഇറക്കിക്കൊടുക്കുന്നതിന് വീണ്ടും കല്പന അയച്ചപടി 1035-ൽ ടി സാധനങ്ങൾ അയച്ചുകൊടുത്തു് ബാവായെ പള്ളി പണിയിൽ പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു.

## 13. മരാമത്തുപണികളും പുതിയ ശിമസ്തേരിയും.

കുറുപ്പുമ്പടി അങ്ങാടി 1031-ൽ പരിഷ്ക്കരിച്ചു. പള്ളിയുടെ പടിഞ്ഞാറെ മുററത്തുണ്ടായിരുന്ന കൽക്കുരിശു് മാർ-കൂറിലോസ് പൊളിപ്പിച്ച് പടിഞ്ഞാറെ ചിറയുടെ കരയിൽ സ്ഥാപിച്ചു. ആണ്ടുതോറും പുതു ഞായറാഴ്ച അവിടെ പന്തൽ ഇട്ടു് പെരുന്നാൾ നടത്തുന്നതിന് കല്പന ഉണ്ടായി. അങ്ങാടിയുടെ പടിഞ്ഞാറോട്ടും കിഴക്കോട്ടും ഉള്ളവഴികൾ വിസ്തീർണ്ണമാക്കി. "കല്ലുങ്ക പൗലോൻെറ പഴയപുര നീക്കിപണിയുന്നതിനും വൃക്ഷം വെട്ടിനീക്കുന്നതിനും" വേണ്ട ഏർപ്പാടുകൾ ചെയ്തു. ചാമക്കാട്ടു് അവരയുടെ കിഴക്കെ പറമ്പിൽ നിന്ന വൃക്ഷം മുതലായവയും വെട്ടിനീക്കി. പള്ളി അങ്ങാടിയിൽ പൂർവ്വകാലം മുതൽ ഉണ്ടായിരുന്ന വ്യാപാരകേന്ദ്രങ്ങളെ വദ്ധിപ്പിച്ചു. "ചാമക്കാട്ടു് അവരയുടെ പുരയും കുടിയും ഉള്ളതു് അങ്ങാടിക്കും വഴിക്കും വിരോധം ആയിരിക്കകൊണ്ടു് ആ പുരയ്ക്കു പകരം പുരയും കുടിക്കുപകരം കുടിയും" കൊടുത്തു് ബാവായുടെ കല്പന അനുസരിച്ചു് 1035-ൽ വാങ്ങി വഴി ശരിപ്പെടുത്തി. 1036-ൽ പടിഞ്ഞാറോട്ടുള്ള വഴിയിലെ കല്ലുകൾ പൊട്ടിച്ചു വഴി നന്നാക്കി. ബാവാ സ്ഥാപിച്ച തുലാം 20-ാം തീയതി പെരുന്നാൾ ബാവായുടെ സാന്നിദ്ധ്യത്തിൽ 1031-ൽ ആഡംബരപൂർവ്വം നടത്തി. കണ്ടച്ചാരു് വീരവാദ്യം മുഴക്കുകയും, കല്ലുങ്കൽ ചാക്കൊ ചെട്ടിവാദ്യം നടത്തുകയും, കാഞ്ഞൂർക്കാരൻ ഇട്ടിയാണി മുതൽപേർ നാഗസ്വരം ഊത്തുകയും, അങ്കമാലിക്കാരൻ തോമായും, കോരശ്ശേരി ഔസേഫും തമ്പേർ കൊട്ടുകയും, പാറപ്പുറം ചാക്കൊ, രായമംഗലം പാണൻ, എളമ്പ്ര കണ്ടു, ഇരുമല ഇക്കോരൻ, കുന്നക്കുരുടി-മുട്ടാററുപുഴ-അങ്കമാലി-പാമ്പാക്കുട-മഴവന്നൂർ-മാമ്മലശ്ശേരി എന്നീ സ്ഥലങ്ങളിലെ ചെണ്ടക്കാർ ഉരുട്ടുചെണ്ടകൊട്ടുകയും, കോട്ടപ്പുറം പൈലി മുതലായ അഞ്ചുപേർ ചെട്ടിവാദ്യം നടത്തുകയും ചെയ്തു. കൂടാതെ തുരുത്തിക്കാരൻ പണിക്കർ ഓട്ടൻ തുള്ളലും വടയമ്പാടിക്കാരൻ കുഞ്ഞൻ അമ്മാനം

ആട്ടവും, പുത്തൻകുടി കോരയും പൂക്കാട്ടുതരിയതും വെടിക്കെട്ടു നടത്തുകയും ചെയ്തു. ഇവക്കെല്ലാം പള്ളിയിൽ നിന്നു് ക്രമപ്രകാരം കൂലികൊടുത്തു.

1032-ൽ രണ്ടാമത്തെ മണി (18 തുലാം 88 പലം) വാപ്പിച്ചു് തുലാമാസത്തിൽ പള്ളിയുടെ പടിഞ്ഞാറുവശത്തു് മുഖവാര മുകളിൽ തൂക്കി ഇട്ടു. ഇതിൻെറ നാക്കിനു് 67¾ പലം തൂക്കം ഉണ്ടു്. ചെറിയമണി 1033 ൽ വാത്തു് തൂക്കി ഇട്ടു. ഇപ്പോൾ പള്ളിക്കുള്ള പുസ്തകങ്ങളിൽ ''ആശായുടെ നമസ്ക്കാരം'' എന്ന സുറിയാനി എഴുത്തു പുസ്തകം 14 രൂപാ വിലക്കു് 1033-ൽ മാവേലിക്കര വടക്കേതലപുത്തൻപെര ചാണ്ടീ കത്തനാരോടു് വാങ്ങിച്ചിട്ടുള്ളതാകുന്നു. മാളികയുടെ മുകളിൽ ഉള്ള മേമ്പൂട്ടു മുറിയുടെ കിഴക്കുവശം ഉള്ള അന്ത്രാള മുറിയുടെ വടക്കോട്ടുള്ള വാതിലിനു് 1034-ൽ ഇരുപ്പുപലക ഇട്ടു. 1035-ൽ തുരുത്തിയുടേയും ആത്തുങ്കൻേറയും കൈസ്ഥാനകാലത്തു് മുഖവാരം വീണ്ടു പണി ആരംഭിച്ചു. 1037 മുതൽ കല്ലറക്കൻ തന്നെ ഈ പണി നടത്തിക്കുകയും അതിനു് ആവശ്യമായ പണം പള്ളിയിൽ നിന്നു് എടുക്കുകയും ചെയ്തുവന്നു. ഇക്കാലത്തു് കല്ലറക്കൻ മററുള്ള എല്ലാ വീട്ടുകാരേക്കാളും സാമ്പത്തികമായും സാമൂഹ്യമായും ഉന്നതസ്ഥാനത്തു് എത്തിയിരുന്നതിനാൽ കല്ലറക്ക തരകനോടു് നേരിടുവാൻ മററുള്ളവർ അശക്തർ ആയിതീന്നു. എട്ടു കൈക്കാരന്മാരിൽ രണ്ടുപേർ വീതം മാറിമാറി തന്നാണ്ടു ഭരണം നടത്തുമ്പോൾ എല്ലാജോലികളും അവർ തന്നെനടത്തിയിരുന്നു. എന്നാൽ 1037-ൽ തന്നാണ്ടുജോലി ഏററ കല്ലറക്കൻ മുഖവാര പണി മാത്രം തന്നാണ്ടു കൈക്കാരന്മാക്കു വിട്ടുകൊടുക്കാതെ സ്വയം ഏററു നടത്തിയതു തൃപ്തികരം ആയിരുന്നില്ല. തുടന്നു് തനിക്കു് മാനുഷസ്ഥാനം (മാറാസ്ഥാനം) ഉണ്ടെന്നു് കല്ലറക്കൻ 1058-ലെ വഴക്കുകാലത്തു് വാദിപ്പാൻ തുടങ്ങി. മുഖവാര പണിയുടെ കണക്കുകൾ 1068-ൽ വഴക്കു് അവസാനിച്ചപ്പോഴൊ അതിനുശേഷമൊ ഇതുവരെ പള്ളിയോഗത്തെ കേൾപ്പിച്ചിട്ടില്ല.

1036-ൽ 27 രൂപാ ചെലവുചെയ്തു് അല്ലപ്ര പറമ്പിൽ കുരിശു വയ്ക്കുന്നതിനു് നിദാനം വരുത്തി. 1040-ൽ നൂററുരൂപാ ചെലവു ചെയ്തു് അല്ലപ്ര പറമ്പിൽ കുരിശുപള്ളി വയ്ക്കുന്നതിനു് ഉത്തരവു് വരുത്തി അളന്നുതിരിച്ചു. 1040-ൽ ബെത്ശെമെ പള്ളിക്കു്

കല്പിട്ടു. 1038-ൽ പള്ളിസാമാനങ്ങൾക്കു കൂലി നിശ്ചയിച്ചു. വെള്ളികരിശിനും കരിശുരൂമൊന്തകൾക്കുംകൂടി 120 പുത്തൻ കൂലിനിശ്ചയിച്ചു. കുറുപ്പമ്പടി പള്ളിയിൽ പല പണികളും മാർ-കൂറിലോസ് ഇവിടെ ഇരുന്നു ചെയ്യിച്ചിട്ടുള്ളതാണ്. ശവക്കോട്ട 1040 ൽ വടക്കെ പുരയിടത്തിലേക്കു (ഇപ്പോഴത്തെ സ്ഥലം) മാററി സ്ഥാപിച്ചു. ഇതിൽ ആദ്യമായി ശവം ഇട്ടതു് 1040 മിഥുനത്തിൽ അരീക്കൽ-വടക്കൻ വാത്തു ഇട്ടൂപ്പിനെ ആണ്. ശവക്കോട്ടയുടെ നടുവിൽ സ്വല്പം കിഴക്കോട്ടുമാറി തെക്കെ അരികിൽ ഒരു ശിമസ്തേരി പള്ളി പണി ആരംഭിച്ചു. അതു് ഉദ്ദേശിച്ചപോലെ പ്രയോജനപ്പെട്ടില്ല. അതിൽ ഇപ്പോൾ പട്ടക്കാരുടെ ശവം അടക്കിവരുന്നു. ശിമസ്തേരി പള്ളിയുടെ പടിഞ്ഞാറുവശം ആദ്യത്തെ അണിയിൽ കല്പറക്ക, പൊയ്ക്കാടൻ, തോമ്പ്ര, തുരുത്തി എന്നീ നാലുവീട്ടുകാക്കും രണ്ടാമത്തെ അണിയിൽ ആത്തുങ്ക, ഉറുമിയാടൻ, അറയ്ക്ക, മരങ്ങാടൻ എന്നീ വീട്ടുകാക്കും പിന്നിൽ മററുള്ളവക്കും അണി നിശ്ചയിച്ചിരുന്നു. 1058 ലെ വഴക്കോടുകൂടെ അണിഭേദിച്ചും കുഴിക്കാണം ഭേദപ്പെടുത്തിയും ശവം ഇട്ടുതുടങ്ങി.

## 14. സ്ഥാവര വസ്തുക്കൾ

തിരുവിതാംകൂറിലെ ഭൂമി ഗവണ്മെൻറുവക, ജന്മംവക എന്നിങ്ങനെ രണ്ടുതരം. ജന്മംവകതന്നെ ദേവസ്വം ബ്രഹ്മസ്വം എന്നിങ്ങനെ രണ്ടായി തിരിച്ചിരിക്കുന്നു. രാജകീയ നിലങ്ങൾക്കു കൊടുക്കുന്ന കരത്തിനു് വിലത്തരം എന്നു പേർ

1033 ചിങ്ങം ''പടിഞ്ഞാറെ പടമററം മ്യാൽ 6 പറ 5 ഡങ്കഴിക്കു് കാലേ അരസ്സാൽ പാട്ടമുള്ള നിലം ചെരക്കൽ മാത്തു മുതൽപേരോടു് തീറെഴുതിവാങ്ങിച്ച വകക്കു്...കരം...

1033 ൽ ചെരക്കണ്ടത്തിലെ പാട്ടം പള്ളിയിൽ അളപ്പിച്ചതായി കാണുന്നു. കൂടാതെ മുമ്പു് ചേർത്തിരിക്കുന്നതും 1040 വരെ പള്ളിക്കു് ഉണ്ടായിരുന്നതുമായ സ്ഥാവര വസ്തുക്കളുടെ ഒരു ലിസ്റ്റു് താഴെ ചേർക്കുന്നു. 1040 നോടുകൂടെ വേറെ നിലങ്ങളും പുരയിടങ്ങളും ഉണ്ടായിട്ടുണ്ടു്. താഴെ അവസാനം എഴുതിയിരിക്കുന്ന 95-5 നിലം ഒററി പിന്നീടു് ഒഴിപ്പിച്ചപ്പോൾ ആവക മുതൽകൊണ്ടു് വസ്തു സമ്പാദിച്ചിട്ടുണ്ടു്. 1068 ലെ രജിസ്റ്റർ ഉടമ്പടിയിൽ വിശദമായ ഒരു ലിസ്റ്റു് കാണാവുന്നതാണ്-

## 1040 വരെ ഉണ്ടായിരുന്ന വസ്തുവിവരം

### 1. ചേരാനല്ലൂർ പ്രവൃത്തിയിൽ

പണ്ടാരംവകയും മതലാളൻവകയും

| നിലത്തിൻെറ പേരു് | തടി | പറ | ഡങ്ക. |
|---|---|---|---|
| പ്രാന്തം കണ്ടം | 7 | 15 | 0 |
| വാരിയം കണ്ടം | 3 | 12 | 0 |
| മണലോടി | 5 | 5 | 0 |
| പാടച്ചേരി മ്യാലി | 4 | 3 | 5 |
| എലഞ്ഞിക്കോട്ട | 9 | 10 | 0 |
| പുഴക്കാട്ടു് മുണ്ടകൻ | 5 | 8 | 0 |
| കാമ്പ്രം | 9 | 10 | 0 |
| | 42 | 63 | 5 |
| മുപ്രം നെല്ലു് | | 19 | 0 |

| | തടി | പറ | ഡ. |
|---|---|---|---|
| മുഴിപ്പാടം | 18 | 11 | 0 |
| ചെറുമററം | 8 | 2 | 0 |
| പൂവക്കക്കോട്ടു് | 17 | 13 | 0 |
| വാച്ചേരികണ്ടം | 9 | 16 | 0 |
| ചെമ്പത്തശ്ശേരികണ്ടം | 1 | 1 | 0 |
| പട്ടരുകണ്ടം | 3 | 8 | 0 |
| വരമ്പോത്തുകണ്ടം | 4 | 5 | 0 |
| | 60 | 56 | 0 |
| മുപ്രം നെല്ലു് | | 16 | 8 |
| കോട്ടപ്പാടം | 10 | 11 | 0 |
| മുപ്രംനെല്ലു് | | 3 | 3 |

ആകെ തടി 112, നിലം 130 പറ 5 ഡങ്കഴി

ആകെ മുപ്രം 39 പറ 1 ഡങ്കഴി

വിലത്തരം പുത്തൻ 58 ന് ചത്തക്കുലി 9 $\frac{13}{16}$

## 2. അശമന്നൂർ പ്രവൃത്തിയിൽ

പണ്ടാരൻവകയും മുതലാളൻവകയും

| | പറ. ഡങ്കഴി |
|---|---|
| പള്ളി വക തന്നതു് താണി അകത്തുട്ട് | 16 - 0 |
| പട്ടവഴിയും കീപ്പുറത്തുമ്യാലുംകൂടി | 14 - 5 |
| ആകെ | 30 - 5 |

1002-ൽ അശമന്നൂരും ചേരാനല്ലൂരുംകൂടി കൊട്ടക്കേണ്ട
പുത്തൻ ചക്രം 229 ¾

നേരവത്തു മഠത്തിൽ കോയിമ്മ 6 പറ 3½ ഡങ്കഴി

പ്രളയിക്കാട്ട് തൃക്കയിൽ മേല്പടിക്കു് 14 പറ 1 ഡങ്കഴി

ടി യാൻ പൊസ്സാടൻ പേരിൽ കൊട്ടക്കേണ്ടതു് 6 പറ 1 ഡങ്ക.

| 1029- ൽ നിലത്തിൻെറ വിവരം | തടി നിലം |
|---|---|
| പണ്ടാരവക ഒററിമുടക്കുഴ കരയിൽ കുഴിനിലം ആയ്യ | പ. ഡ |
| പാടത്തു് കിടങ്ങയം പടവിൽ ചാലിൽ മുണ്ടകൻ | 9 - 5--0 |
| ടി തട്ടയത്തു് കണ്ടം മുണ്ടകൻ | 7 - 5--0 |
| ടി പാടേനകണ്ടം മുണ്ടകൻ | 3 - 5_0 |
| വേങ്ങൂർ കരയിൽ വേങ്ങൂർ പാടത്തു് ഇടവനപ്പടവു് മുണ്ടകൻ | 4 - 5_0 |
| മുക്കനൊട്ടകുടി മ്യാൽ | 30 - 16 0 |
| ടി കര വേങ്ങൂർ പാടം മുണ്ടകൻ | 5 - 22_0 |
| ടി പാടത്തു് കപ്പടക്കാട്ടമുണ്ടകത്തിൽ അരുകിൽ മുണ്ടകൻ | 2 - 1_0 |
| ..............പൊടിവു്............... | |
| വാഴ്പിളി പാടത്തു് ചിറങ്ങര വിരിപ്പു് | 4 - 2 0 |
| കാനാട്ടുപടവിൽ വടക്കെ പടവു് മുണ്ടകൻ | 3 - 2_0 |
| ടി കരയിൽ പയ്യിനിലം മുണ്ടകപ്പാടത്തു് പോത്തനോടി | 2 - 1_5 |
| ചിററയോടി മുണ്ടകൻ കരിപ്പമററം വിരിപ്പു് | 4 - 4_0 |
| പുഴക്കാട്ടകരയിൽ പുഴക്കാട്ടു് പാടത്തു് പൊറക്കണ്ടം മുണ്ടകൻ | 10 - 8--8 |

ആകെ വിരിപ്പു് മുണ്ടകൻ 95 പറ. 5 ഡ.

ഈ 95 പറ 5 ഡ. ''കുളങ്ങര അകത്തുട്ട് പാർവ്വേലി കണക്കു കണ്ണൻ കമാരൻ പേരിൽ'' ആണു്.

അത്ഥം പുത്തൻ 12375 ക്കു് ഉഭയം 154 പറ 6 ¾ ഡങ്ക.

നെല്ലു് 77 പറക്കു് ഉഭയം 1 പറ 8¾ ഡങ്കഴി

ആകെ ഉഭയം 156 പറ. 5½ ഡ.

| ആകെ നിലം | പറ ഡങ്ക. |
|---|---|
| ചേരാനല്ലൂർ പ്രവൃത്തിയിൽ | 130 — 5 |
| അശമന്നൂർ പ്രവൃത്തിയിൽ | 30 — 5 |
| കുളങ്ങര അകത്തുട്ടെ പേരിൽ | 95 — 5 |
| ആകെ | 256 — 5 |

## 15. ഇടവകയിലെ സൗന്ദര്യപിണക്കം.

രണ്ടു തലമുറകളിലായി നൂറു വഷക്കാലം ഈ ഇടവക യാതൊരു വഴക്കും കുഴപ്പവും കൂടാതെ അഭിവൃദ്ധി പ്രാപിച്ചവരിക ആയിരുന്നു. എന്നാൽ 1030 മുതൽ ചെറിയ തോതിൽ സൗന്ദര്യപ്പിണക്കം ആരംഭിക്കുകയും 1058-ൽ ആയതു് അന്തഛിദ്രമായി തീരുകയും ചെയ്തു. 1068-വരെ ഈ പള്ളിയിൽ മുതൽപിടിയൊ കണക്കനൊ ഉണ്ടായിരുന്നില്ല. കൈക്കാരെന്മാർ പള്ളിയിൽ നിന്നു് യാതൊരു ആദായമൊ ഭക്ഷണമൊ പററാതെ സ്വഭവനത്തിൽ നിന്നു് ഭക്ഷണം കൊണ്ടുവന്നു് പള്ളിക്കാര്യങ്ങൾ മുറപോലെ നടത്തിക്കൊണ്ടിരുന്നു. എല്ലാവരും സമഭാവനയിൽ ആണു് വത്തിച്ചിരുന്നതു്. എന്നാൽ മുൻ പറഞ്ഞതുപോലെ 1037 മുതൽ പള്ളിയുടെ മുഖവാരപണി തന്നാണ്ടുകാരെ ഏല്പിക്കാതെ കല്പറക്കൻ സ്വേഛപ്രകാരം നടത്തിയതു് പലക്കം അസുഖത്തിനു കാരണമായി. കൂടാതെ ചില കൈസ്ഥാനികളുടെ വീടുകളിൽ ഒന്നിൽ അധികം ആളുകൾ ഉണ്ടായപ്പോൾ അവരിൽ ഒരാൾ കൈസ്ഥാനം നോക്കുന്നതു് മററു സഹോദരങ്ങൾക്കു് അസൂയക്കു കാരണമായി. ഇക്കാലത്തിനു മുമ്പു് പള്ളിയിൽ കൈസ്ഥാനി ആയിരിക്കുന്നതു് ഒരു ആത്മീക വൃത്തിയായി കൈക്കാരന്മാർ കരുതിയിരുന്നു. എന്നാൽ എട്ടു കൈക്കാരന്മാരിൽ ചിലർ പ്രത്യേകിച്ചു് കല്പറക്കൽ കൈസ്ഥാന ജോലി കുടുംബ അവകാശമായി ഗണിച്ചു് മററുള്ളവരെ അവഗണിച്ചു തുടങ്ങി. ചിലരുടെ ഭവ

നം ഭാഗം നിമിത്തം വളരെ ശോഷിച്ചിരുന്നു. എന്നാൽ അപ്രകാര മുള്ള സ്ഥിതി കല്ലറക്കന്ന് ഇല്ലാതിരുന്നതിനാൽ സാമ്പത്തിക നില വളരെ ഭേദപ്പെട്ടിരുന്നു. സ്വത്തിൻെറ ആധിക്യം നിമിത്തം ചില കുടുംബാംഗങ്ങൾ ജീവിത വിശുദ്ധി ഇല്ലാത്തവരായിതീൎന്നു. തന്നി മിത്തം ഇടവക ജനങ്ങൾ പള്ളി കൈക്കാരന്മാരിൽ ചിലരോട് ഉ ള്ളാലെ തൃപ്തി ഇല്ലാതായി. ഇതിൻെറ വെളിച്ചത്തിൽ പള്ളി ജോ ലിയിൽ ഇരിക്കുന്നവരെപ്പററി ചില കവിതകളും ഉണ്ടായിട്ടുണ്ട്.

മുൻകാലത്തു് ധനസ്ഥിതിയിൽ ക്ഷീണിച്ചിരുന്ന പലരും അ ക്കാലത്തു് നല്ല സാമ്പത്തിക നിലയെ പ്രാപിച്ചിരുന്നു. തിരുവി താംകൂർ കൊച്ചി സംസ്ഥാനങ്ങൾ അതതു രാജാക്കന്മാരുടെ ഭരണ ത്തിലും ബ്രിട്ടീഷ് ഗവമ്മെൻറിൻെറ മേൽകോയ്മയിലും ആയി തീൎന്നിരുന്നതിനാൽ യുദ്ധങ്ങൾ, കലാപങ്ങൾ, അടിമകൾ, കവ ച്ചകൾ മുതലായവ ഇല്ലാതായി ഭവിച്ചു. വസന്ത, ക്ഷാമം മുതലാ യ അരിഷ്ട സംഭവങ്ങൾ കുറഞ്ഞു. തന്നിമിത്തം ഇടവക ജനങ്ങൾ ഉണന്നു് ആത്മികമായും, സാമ്പത്തികമായും, മാനസ്സികമായും വളരാൻ തുടങ്ങി.

അക്കാലത്തു് ശവത്തിനു് വലിയ ഇട്ടുകെട്ടു് എടുക്കുന്നവൎക്കു മാ ത്രമെ ശക്കരപുരട്ടി മുതലായ വിഭവങ്ങൾ ഉണ്ടാക്കാൻ അവകാശം ഉണ്ടായിരുന്നുള്ളു. ഇതു ഗണ്യമാക്കാതെ മഞ്ഞുമ്മക്കുടി വിഭവങ്ങൾ ഉണ്ടാക്കിയതിന്മേൽ കല്ലറക്കൻ ചോദ്യം ചെയ്തു. തന്നിമിത്തം അവർ കുറുപ്പമ്പടി ഇടവകയിൽ നിന്നു് കോട്ടപ്പടിക്കലും. അവി ടെ നിന്നു് ചിലർ ചേലാട്ടുപള്ളിയിലും ഇടവക ചേൎന്നു. 251 പു ത്തൻ കുഴിക്കാണം വയ്ക്കുന്ന കല്ലറക്കനും പൊയ്ക്കാടനും മാത്രമെ ശവ ത്തിനു് വെള്ളിക്കുരിശു് എടുക്കുക പതിവുണ്ടായിരുന്നുള്ളു. എ ന്നാൽ 151 പുത്തൻ കുഴിക്കാണം വയ്ക്കുന്ന ചില കൈസ്ഥാന വീട്ടു കാരും ശവത്തിനു് വെള്ളിക്കുരിശു് എടുത്തു തുടങ്ങി. എന്നാൽ മററുള്ളവൎക്കു് ഇതു് അനുവദിക്കാതിരുന്നതിനാൽ താഴെ പറയുന്നവർ ചേൎന്നു് ഓരോ പരാതി പള്ളിയോഗത്തിൽ സമൎപ്പിച്ചു. 1. പ്രളയി ക്കാട്, മററവന പൈലി കോര മുതൽപേർ. 2. പാണ്ടിക്കാട്ടു മററ വന വൎക്കിചാക്കൊ മുതൽ പേർ. 3. മുടക്കുഴ ആലിയാട്ടുകുടി കുര്യൻ ഇട്ടീര മുതൽപേർ. 4. പുഴക്കാട്ടു് കല്ലറക്കൽ വൎക്കി വൎക്കി മുതൽ

പേർ. 5. നെടുങ്ങപ്ര വട്ടശ്ശാട്ടു പൈലി ചാക്കൊ മുതൽപേർ 6. വേങ്ങൂർ പണ്ടിക്കുടി പൈലി വക്കി മുതൽ പേർ. ഈ പരാതികളുടെ വെളിച്ചത്തിൽ 1033 കൎക്കടകത്തിൽ 151 പുത്തൻ കുഴിക്കാണം വയ്ക്കുന്ന എല്ലാവീട്ടുകാൎക്കും വെള്ളിക്കുരിശും ഉൾപ്പെടെ വലിയ ഇട്ടുകെട്ടു് സഹിതം ശവം എടുക്കാമെന്നു് പള്ളിയോഗം തീരുമാനിച്ചു. അതിനു് പട്ടക്കാൎക്കുള്ള കൈമുത്തു് പള്ളി ഭാഗം എന്നിവയും നിശ്ചയിച്ചു.

പടിഞ്ഞാറുംകോട്ടിൽ തുരുത്തിയും തോമ്പ്രയും ആണു് അക്കാലത്തു് പ്രഥമസ്ഥാനത്തു് നിന്നിരുന്നതു്. എന്നാൽ തോമ്പ്ര കുഞ്ഞിപാവു റോമാക്കാരെ വിളിച്ചു് അടിയന്തിരം കഴിച്ചതിനാൽ 40 ചക്രവും, ചിങ്ങം 15-ാം തീയതി മേമ്പൂട്ടിന്റെ താഴക്കാൽ കൃത്യസമയത്തു് കൊണ്ടുവന്നു് സാമാനം എടുക്കാത്തതുകൊണ്ടു് 2 രൂപ 3 ചക്രവും ടി യാനെക്കൊണ്ടു് പള്ളിയോഗം 1034 ചിങ്ങത്തിൽ പിഴ നിശ്ചയിച്ചു. അക്കാലംവരെ പഴയകൂറുകാരെ അടിയന്തിരത്തിനു് വിളിക്കുന്ന പതിവു് ഇല്ലായിരുന്നു. കൈക്കാരന്മാരേക്കൊണ്ടു് പിഴ ചെയ്യിക്കുന്നതു് ഇദംപ്രഥമമായിട്ടാണു്. ഇടവക ജനങ്ങളെക്കൊണ്ടും കപ്യാരന്മാരെക്കൊണ്ടും ധാരാളം പിഴ ചെയ്യിച്ചതായി കണക്കിൽ കാണുന്നുണ്ടു്. അക്കാലത്തു് മാറാനായ പെരുന്നാളും ഞായറാഴ്ചയും നോക്കാതെ ഏർ പൂട്ടിയവരേയും മന്ത്രവാദം ചെയ്യിച്ചവരേയും മററും ശിക്ഷിച്ചതായി കാണുന്നു. അന്നു് കല്ലറക്കൽ കോർതരകന്റെ പ്രാബല്യം ആയിരുന്നു. ചില ആളുകൾ നല്ല നിലയിൽ വസ്ത്രധാരണം ചെയ്തുംമററും നടന്നാൽ അവരോടു് "നീ കല്ലറക്കനാണൊ! പാറായി ആണോ! എന്നും മററും ഉള്ള ചോദ്യം നടപ്പിലായി. തോമ്പ്ര കുഞ്ഞിപാവു തന്നിമിത്തം കൈസ്ഥാനം ഉപേക്ഷിച്ചു് ടി ജോലി തോമ്പ്ര കോരതു ഏറെറടുത്തു. ഇവയും വഴക്കിന്റെ നാന്ദി ആയിരുന്നു.

തോമ്പ്ര കുഞ്ഞിപാവു തന്റെ സ്വാധീനം മററുള്ളവരുടെ ഇടയിൽ ചെലുത്തി. യോഗത്തിൽ ശരിയായ സ്വാധീനം ലഭിക്കുവാൻ ചിലൎക്കു് പട്ടം കൊടുക്കണമെന്നു് തീരുമാനിച്ചു. അന്നു ഏഴു പട്ടക്കാർ ഈ പള്ളിയിൽ ഉണ്ടായിരുന്നു. പൊട്ടശ്ശാടൻ, തുരുത്തി, തോമ്പ്ര എന്നിവരിൽ ചിലരെ കൂട്ടുപിടിച്ചു് തങ്ങളുടെ കുട്ടികൾക്കു്

പട്ടംകൊടുക്കുന്നതിനു് യോഗക്കാറിക്കുവേണ്ടി പള്ളി യോഗത്തിൽ (കമ്മററിയിൽ) 1034- ൽ തുലാമാസത്തിൽ അപേക്ഷ ബോധിപ്പിച്ചു. അപേക്ഷിച്ചവർ:- തോമ്പ്ര കുഞ്ഞിപാവു, പൊയ്യാട്ടിൽ ഇട്ടി മാത്തു, മുണ്ടയ്ക്കമാലിക്കുടി കരുവിള, കുഞ്ഞിവീട്ടിക്കുടി വക്കി, തുരുത്തുംമാലി പൈലി, പൊയ്യാട്ടിൽ (നടമുറിക്കൽ) ഇട്ടി മാത്തു എന്നിവർ ആയിരുന്നു. എന്നാൽ പള്ളിയിൽ ആവശ്യത്തിനു് പട്ടക്കാർ ഉണ്ടെന്നു പറഞ്ഞു അപേക്ഷ തള്ളി-യോഗക്കാറി കൂടാതെ പട്ടം കൊടുക്കരുതെന്നു് കാണിച്ചു് യൂയാക്കിൻ മാർ-കൂറിലോസ്, മാത്യൂസ് മാർ-അത്താനാസിയോസ് എന്നിവക്കു് പള്ളിയോഗം ഒരു അപേക്ഷ എഴുതി തോമ്പ്ര അച്ഛൻ മുതലായ നാലുപേർ വശം കൊടുത്തയച്ചു. എന്നാൽ മാത്യൂസ് മാർ-അത്താനാസിയോസ് യോഗ ഹിതത്തിനു് എതിരായി മേൽപ്രസ്ഥാവിച്ചവരുടെ പൈതങ്ങൾക്കു് ശെമ്മാശ്ശപട്ടം കൊടുത്തു. തങ്ങളുടെ പൈതങ്ങളുടെ (ശെമ്മാശ്ശന്മാരെ) പള്ളിയിൽ ബലമായി കയററുന്നതിനു് ശ്രമിച്ചിട്ടു സാധിക്കാത്തതിനാൽ പൊയ്യാട്ടിൽ ഇട്ടി മാത്തു മുതൽപേർ പള്ളി യോഗത്തിൻെറ പേരിൽ ''അസംബന്ധമായി'' പോലീസിൽ ഹജ്ജി കൊടുത്തു. പോലീസിൽ നിന്നും യോഗത്തിനു് സമൻസ് വന്നപ്പോൾ ''യോഗക്കാർ പൊന്നുതമ്പുരാനും, ദിവാൻജിക്കും, പേഷ്കർ സ്വാമിക്കും'' അപേക്ഷകൾ അയച്ചു. മാത്രമല്ല ''ഇട്ടിമാത്തു മുതൽ പേരെ സഭയിൽ നിന്നു മുടക്കി'' കപ്യാരന്മാരിൽ ഒരാളായ പടയാട്ടിൽ മാത്തുള്ള അവർകൾക്കു് ഉള്ളേ അനുകൂലമായിരുന്നു. ഇട്ടിമാത്തു പള്ളിയിൽ വന്നപ്പോൾ കപ്യാർ മാത്തുള്ളടിയാനു് കുർബ്ബാന സമയത്തു് കൈകസ്തൂരി കൊടുത്തു. തന്നിമിത്തം പള്ളിയോഗം കപ്യാരെക്കൊണ്ടു് 1 ചക്രം പ്രായശ്ചിത്തം ചെയ്യിച്ചു. ഇട്ടി മാത്തു മുതൽപേർ പോലീസിൽ കൊടുത്ത അപേക്ഷ തള്ളപ്പെട്ടു. പള്ളിയോഗം ഇതിൽ വിജയിച്ചു. അവരിൽ പടിഞ്ഞാറുംകൂററിൽ ഉള്ള നാലുപേർ കുററം സമ്മതിച്ചു് പള്ളിയോഗത്തിൽ എഴുതിവച്ചു.

''മുണ്ടക്കമാലിക്കുടി കോരതു് മുതൽ പേർ ആറുപേരും അവരുടെ മക്കൾക്കു് പട്ടം കെട്ടണമെന്നു് ആവശ്യപ്പെട്ടിട്ടു് ആവശ്യത്തിനു് പട്ടക്കാർ ഉള്ളതുകൊണ്ടു് കൊടുപ്പിക്കേണ്ട എന്നു് യോഗം നിശ്ചയിച്ചു. അവർ അതു് കൂട്ടാക്കാതെയും മെത്രാപ്പോലീത്തായു

ടെ അനുവാദം കൂടാതെയും പട്ടം കൊടുപ്പിച്ചു. ശെമ്മാശ്ശന്മാരെ ബലമായി പള്ളിയിൽ പ്രവേശിപ്പിക്കുന്നതിനു് ഉത്സാഹിച്ചു. അവരെ സഭ മുടക്കി. അവർ അപേക്ഷ കൊടുത്തതു തള്ളിപ്പോയി. അവസാനം അവരിൽ മുണ്ടക്കമൊലിക്കുടി കോരതു്, തോമ്പ്ര കുഞ്ഞിപാവു, തുരുത്തിമാലി പൈലി, കുഞ്ഞിട്ടിക്കുടി വക്കി എന്നിവർ പള്ളിയോഗത്തിൽ കുററം സമ്മതിച്ചതിനാൽ കൈച്ചീട്ടു് എഴുതിവെപ്പിച്ചു് അവരെ പള്ളിയിൽ കൂട്ടിച്ചേർത്തു് അവരെക്കൊണ്ടു് പ്രായശ്ചിത്തം ചെയ്യിച്ചു. വരവു് മുണ്ടക്കമൊലിക്കുടി കോരതു് 105 രൂപ തോമ്പ്ര കുഞ്ഞിപാവു 105 രൂപ തുരുത്തുംമാലി പൈലി 105 രൂപ കുഞ്ഞിട്ടിക്കുടി വക്കി 105 രൂപ ആകെ വരവു് 420 രൂപ''

അവർ പിഴ കെട്ടിവച്ചു എങ്കിലും കല്ലറക്കൽ കോരതരകൻ മുതൽപേർ ചില തടസ്സങ്ങൾ ഉണ്ടാക്കിയതിനാൽ അവർ വേറെ പള്ളിവച്ചു പിരിഞ്ഞുപോയി

## 16. തുരുത്തിപ്പിളി പള്ളി

കുറുപ്പമ്പടി പള്ളിയോഗത്തിൻെറ രസക്ഷയ അനുഭവിക്കേണ്ടിവന്ന തോമ്പ്ര കുഞ്ഞിപാവു മുതൽപേരുടെ ശ്രമഫലമായി പാലകുന്നനോട്ടു് പട്ടം ഏററവരായ 1. മുണ്ടക്കമൊലിക്കുടി ഗീവറുഗീസ് ശെമ്മാശ്ശൻ 2 കുഞ്ഞിട്ടിക്കുടി മത്തായി ശെമ്മാശ്ശൻ 3 തുരുത്തുംമാലി യാക്കോബ് ശെമ്മാശ്ശൻ 4. തോമ്പ്ര ഗീവറുഗീസ് ശെമ്മാശ്ശൻ 5. തുരുത്തി ചേട്ടാകുളത്തുംകര അബ്രാഹാം ശെമ്മാശ്ശൻ എന്നിവർ അഞ്ചുപേരും ശരിയായ കൈവപ്പിനാൽ കത്തനാർ പട്ടം ഏററു് അവരും അവരുടെ കുടുംബവു, മററു ചേർന്നു് 1036 തുലാം 9-ാം തീയതി തുരുത്തിപ്പിളിയിൽ ഒരു പള്ളി വച്ചു. ഒട്ടധികം വീട്ടുകാരെ ചേർത്തു് ഇടവക രൂപീകരിച്ചു. പില്ക്കാലങ്ങളിലായി ഈ പള്ളിയിൽ നിന്നു് തുരുത്തിപ്പിളി ചെറിയ പള്ളിയും, പെരുമാനി പള്ളിയും, ചെട്ടിനട സീയോൻ ആശ്രമം പള്ളിയും പിരിഞ്ഞുപോയിട്ടുള്ളതാകുന്നു. ഇതിൽ പറയുന്ന ചേട്ടാകുളത്തുംകര അബ്രാഹാം കത്തനാരുടെ മകനാണു് ഇപ്പോഴത്തെ കണ്ടനാട്ടു് ഭദ്രാസന ഇടവകയുടെ ഔഗേൻ മാർ തീമഥെയോസ് മെത്രാൻ ഇദ്ദേഹം അനേകം പട്ടക്കാരുടെ വിശേഷാൽ ഈ എഴുത്തുകാരൻെറ സുറിയാനി മല്പാൻ കൂടെ ആണു്.

## 17. അല്ലപ്ര പള്ളി

1036-ൽ കുറുപ്പമ്പടി പള്ളിയിൽ കൈക്കാരന്മാരായിരുന്ന തുരുത്തി, തോമ്പ്ര എന്നിവക്ക് എതിരായി അവരുടെ സമീപം അവരുടെ വീട്ടുകാരും ചേൎന്ന് തുരുത്തിപ്പിളി പറമ്പിൽ ഒരു പള്ളി വച്ചു പിരിഞ്ഞുപോയതു് കുറുപ്പമ്പടി പള്ളിയിലെ കൈക്കാരന്മാൎക്ക മമ്മഭേദകമായിതീൎന്നു. അതിനാൽ കുറുപ്പമ്പടി പള്ളിയിൽ നിന്നും ജനങ്ങൾ പിരിഞ്ഞുപോകാതിരിപ്പാനും മററുമായി തുരുത്തിപ്പിളി പള്ളിയുടെനേരെ വടക്കെ കരയിൽ അല്ലപ്ര പറമ്പിൽ കുറുപ്പമ്പടി പള്ളി വക ആയി സ്ഥലം വാങ്ങി 1036-ൽ ഒരു കുരിശു സ്ഥാപിക്കുകയും 1040 ഇടവം 1-ാം തീയതി കൂറിലോസ് ബാവാ അതു് ഒരു പള്ളിയായി പ്രതിഷ്ഠിക്കുകയും ചെയ്തവിവരം മുമ്പ് പ്രസ്ഥാവിച്ചിട്ടുണ്ടല്ലൊ. ഇപ്രകാരം ഈ പള്ളി 1067-വരെ കുറുപ്പമ്പടി പള്ളിയിൽ നിന്നും നടത്തി വന്നിരുന്നു. എന്നാൽ 1058 — 1078 വരെ ഉള്ള കാലങ്ങളിലെ കുറുപ്പമ്പടി വഴക്കുകളെ തുടൎന്ന് ഈ പള്ളിയിലെ കൈക്കാരന്മാരായിരുന്ന തുരുത്തി, തോമ്പ്ര വീട്ടുകാർ 1067-ൽ അല്ലപ്ര പള്ളി ഒരു സ്വതന്ത്ര പള്ളി ആക്കിതീൎത്തു. ആ പള്ളിയിൽ ആദ്യകാലത്തു് കുറുപ്പമ്പടി പള്ളിയിലെ പുരോഹിതന്മാരാണ് തവണ (കമ്മം) നടത്തിവന്നിരുന്നതു്. അതിനുശേഷം തോമ്പ്ര ഗീവറുഗീസ് കത്തനാർ [കുറു അച്ചൻ] പള്ളി നടത്തിവന്നു. ഇദ്ദേഹം കുറുപ്പമ്പടി പള്ളിയുടെ ചരിത്രം എഴുതുന്നതിൽ എന്നെ പ്രോത്സാഹിപ്പിച്ചിട്ടുണ്ടു്. ഇപ്പോൾ ഈ പള്ളിയിൽ ബ. തുരുത്തുംമാലി അച്ചനും, തോമ്പ്ര ഗീവറുഗീസ് (കൊച്ചുകുറു) അച്ചനും തവണ നടത്തികൊണ്ടിരുന്നു.

## 18. വേങ്ങൂർ മാർ കൗമാ പള്ളി

നടമുറിക്കൽ പൊയ്ക്കാട്ടിൽ ചെറിയാൻ മാത്തു ഇട്ടിമാത്തു മാത്രം കുറുപ്പമ്പടി പള്ളിയിൽ 105 രൂപാ പിഴ കെട്ടിയില്ല. തന്നിമിത്തം അദ്ദേഹത്തിൻെറ മകൻ ഗീവറുഗീസ് ശെമ്മാശ്ശനു് പ്രവേശനം ലഭിച്ചില്ല. അദ്ദേഹം അവിവാഹിതൻ ആയിരുന്നു. വിവാഹം കഴിക്കാതെ പട്ടം കൊടുക്കുകയില്ലെന്നു് പറഞ്ഞതിനാൽ വേങ്ങൂർ മലയിൽ അത്തിക്കാട്ടിൽ ഒരു പള്ളി വയ്ക്കുന്നതിനു് പാലക്കുന്നത്തു് മാത്യൂസ് മാർ-അത്താനാസിയോസിനോടു് കല്പന വാങ്ങി. പ

ന്നീട്ട് പുലിക്കോട്ട മാർ-ദീവന്നാസിയോസ് കുന്നക്കരുടിയിൽ ഇരിക്കുമ്പോഠം ഇദ്ദേഹത്തെ സ്വീകരിക്കുകയും പള്ളി സ്ഥാപിക്കുവാൻ കല്പന കൊടുക്കുകയും ചെയ്തു. ഇതനുസരിച്ച് 1046 വൃശ്ചികം 1-ാം തീയതി മാർ-കൗമായുടെ നാമത്തിൽ ആ പള്ളി സ്ഥാപിച്ചു. വേങ്ങൂർ പള്ളിയുടെ അക്കാലത്തെ ചുരുങ്ങിയ വിവരം വേങ്ങൂർ പള്ളിയുടെ ചിന്തിൽ ഉണ്ട്. ചിന്തു് എന്നു പറയുന്നതു് ഏതെങ്കിലും ഒരാളൊ ഒന്നിൽ അധികം പേരൊ ഒരു കലാ പ്രകടനം നടത്തുന്നതിനു മുമ്പായി സ്ഥലത്തുള്ള പള്ളിയേയും അതിലെ പരിശുദ്ധനേയും [പരിശുദ്ധമതിയേയും] ഓർത്തു് വണങ്ങി നമസ്കരിക്കുന്ന ഒരു ഗീതം ആകുന്നു. സാധാരണ കോല്കളിക്കു് മുമ്പ് ഈ അടുത്തകാലം വരെ ചിന്തു് ഉപയോഗിച്ചിരുന്നു. വേങ്ങൂർ പള്ളിയുടെ ചിന്തിൽ ഒരു ഭാഗത്തു് ഇപ്രകാരം കാണുന്നു. "പെൺകെട്ടുകൂടാതെ പട്ടം, കിട്ടുകയില്ലെന്നു് കൂറിലോസിൻെറ 'ചട്ടം''. ഈ പള്ളിയുടെ പ്രാരംഭകാലത്തു് എൻെറ അമ്മയുടെ അപ്പൻ താണാട്ടുകുടി ഇട്ടൂപ്പും, തുടന്നു് അദ്ദേഹത്തിൻെറ അനുജൻ വർക്കിയും കൈക്കാരന്മാർ ആയിരുന്നു. ഈ പള്ളി സ്ഥാപിക്കുന്നതിനു് കുറുപ്പമ്പടി പള്ളിയിലെ കൈക്കാരന്മാർ പ്രത്യേകിച്ചു് വടക്കുഭാഗത്തെ കൈക്കാരനായിരുന്ന എൻെറ പിതാമഹൻെറ പിതാമഹൻ (ആത്തുങ്കൽ ഇട്ടിക്കുര്യത്തു്) തടസ്സം ഉന്നയിച്ചിരുന്നു. ഇതിൻെറ പരിഹാരാൎത്ഥം ആയിരിക്കാം എനിക്കു് പുത്തൻകുർബ്ബാന ചൊല്ലുന്നതിനു് എൻെറ ഇടവകയായ കുറുപ്പമ്പടി പള്ളിയിലെ യോഗത്തിൻെറ ഭൂരിപക്ഷം അനുവദിക്കാതിരുന്നതിനാൽ, 1928 നു് കൊല്ലവൎഷം 1104 കന്നി 25-ാം തീയതി വേങ്ങൂർ മാർ-കൗമാ പള്ളിയിൽ ഞാൻ പുത്തൻ കുർബ്ബാന ചൊല്ലി ഭവനപ്രവേശം നടത്തേണ്ടതായി വന്നു. വേങ്ങൂർ മാർ-കൗമാ പള്ളി എൻെറ അമ്മ മറിയത്തിൻെറ ഇടവക ആകയാൽ എൻെറ പിതാവിൻെറ കടിഞ്ഞൂൽ പുത്രനായ എന്നെ എൻെറ അമ്മയുടെ വീട്ടിൽ വച്ച് പ്രസവിക്കുകയും അമ്മയുടെ ഇടവക പള്ളിയായ വേങ്ങൂർ മാർ കൗമാ പള്ളിയിൽ മാമോദീസാ തൊട്ടിയിൽ മുക്കുകയും ചെയ്തു. എൻെറ ഭാര്യ മറിയാമ്മയുടെ മാതൃ ഇടവകയും വേങ്ങൂർ പള്ളി ആകയാൽ ഭാൎയ്യ മറിയാമ്മയെ മാമോദീസാ മുക്കിയതും വേങ്ങൂർ പള്ളി ആകുന്നു. വേങ്ങൂർ പള്ളിയിൽ ബ. പൊയ്ക്കാട്ടിൽ (കാട്ടുവെട്ടി) അഗ

നെത്തുടന്റ് കണക്കം മാവടിയിൽ യൂയാക്കിൻ കത്തനാർ, ആലി യാട്ടുകുടിയിൽ പൗലോസ് കത്തനാർ, പണ്ടിക്കുടിയിൽ ഗീവറുഗീസ് കത്തനാർ, ആലിയാട്ടുകുടിയിൽ യൗസേഫ് കത്തനാർ, എന്നിവർ ക്രമപ്രകാരം പള്ളിഭരണം നടത്തിവരുന്നു. കുറുപ്പമ്പടി പള്ളിയിൽ നിന്നും പിരിഞ്ഞതിൽ പലവിധത്തിൽ അഭിവൃദ്ധിപ്പെട്ടു കൊണ്ടിരിക്കുന്നതു് വേങ്ങൂർ പള്ളി ആണ്. അവിടെ ഇപ്പോഠം പള്ളിവക ആയി ഒരു ഇംഗ്ലിഷ് സ്കൂളും അഞ്ചു സണ്ടെസ്കൂളും നടത്തുന്നുണ്ടു്- അധഃകൃതരിൽ (പുലയ--പറയ) നിന്നു് കൃസ്തീയ സഭയിൽ ചേന്നവരെ പള്ളിയിൽ കയററി സമഭാവനയിൽ ആരാധനയിൽ സംബന്ധിപ്പിച്ചതും ആദ്യമായി (1088 മുതൽ) ഈ ഇടവകക്കാർ തന്നെ. ഇപ്പോഠം 300ൽ പരം പുതു ക്രിസ്ത്യാനികഠം ഈ പള്ളിയിൽ ഉണ്ടു്. അവക്കു് ക്രിസ്തീയ പ്രകാശം നല്കി ക്രിസ്തുസഭയിൽ ചേക്കുന്നതിനു് പ്രധാനമായി ഉത്സാഹിച്ചതു് ആലിയാട്ടുകുടിയിൽ പൗലോസ് കത്തനാർ, വെമ്പിള്ളിയിൽ പൗലോസ് ഉപദേശി (ഇദ്ദേഹം വേങ്ങൂർ പള്ളിയിലെ കൈക്കാരനും, എൻെറ പിതാവിൻെറ പിതാമഹൻ ഇട്ടിക്കയ്യതിൻെറ മകളുടെ മകനും ആണ്) ആത്തുങ്കൽ വക്കി ഇട്ടൂപ്പ് [എൻെറ പിതാവു] എന്നിവരാകുന്നു. വേങ്ങൂർ പള്ളിയിൽ നിന്നും പിരിഞ്ഞു് കിരാലിയേലിയിൽ ഒരു പള്ളി വച്ചിട്ടുണ്ടു്.

പടിഞ്ഞാറും കോട്ടിലെ പുതിയ അച്ചന്മാർ 1036ൽ പുതിയ പള്ളി വച്ചു് പിരിയുന്നതുവരേയും പൊട്ടക്കാട്ടിൽ ഇട്ടിമാത്തു വേർപെട്ടു നിന്നിരുന്നു എങ്കിലും 1036ൽ കുററം സമ്മതിച്ചു് 105-രൂപാ കെട്ടിവച്ചതിനാൽ അദ്ദേഹത്തിൻെറ മകൻ ഇട്ടീര [അബ്രാഹാം] ശെമ്മാശ്ശനെ പള്ളിയോഗം സ്വീകരിച്ചു. അദ്ദേഹം കത്തനാർപട്ടം ഏററ് കുറെ കഴിഞ്ഞപ്പോഠം ആംഗ്ലിക്കൻ സഭാക്കാരെ കൂട്ടുപിടിച്ചു് പ്രോട്ടസ്ററൻറ് ഉപദേശം നടപ്പിലാക്കാൻ ശ്രമിച്ചു, വീണ്ടും ഇടവകയിൽ ഉറച്ചുനിന്നശേഷം ഏതാനും നാഠം കുറുപ്പമ്പടി പള്ളിയിലെ വികാരിത്വത്തോടുകൂടെ അദ്ദേഹത്തിൻെറ പിതാവിൻെറ പിന്തുടർച്ച ആയി കൈസ്ഥാനജോലി നോക്കിയിരുന്നു. ബ, അച്ചൻ വീണ്ടും 1081-നു ശേഷം പാലക്കുന്നൻെറ കക്ഷിയിൽ ചേന്നു നവീകരണം നടപ്പിലാക്കാൻ ശ്രമിച്ചു, അദ്ദേഹത്തിനു മരണശയ്യയിൽ ഉണ്ടായ മാനസ്സാന്തരം നിമിത്തം അദ്ദേഹം മരിച്ചപ്പോഠം കുറുപ്പമ്പടി പള്ളിയിലെ ശിമത്തേരിയിൽ പട്ടക്കാരുടെ അണിയിൽ അടക്കിയ

രിക്കുന്നു. ബ:അച്ചൻ ഭക്തനും, ധൈര്യവാനും, നല്ല ഒരു പ്രാസംഗികനും ആയിരുന്നു. ഇദ്ദേഹത്തിന്റെ മകൻ ഇട്ടിമാത്തു ഇംഗ്ലീഷു വിദ്യാഭ്യാസം കഴിഞ്ഞു് വക്കീൽ പരീക്ഷ പാസ്സായി ഏതാനും വർഷം മൂവാററുപുഴ കോടതിയിൽ വ്യവഹരിച്ചിരുന്നു. ഈ ഇടവകയിൽ ആദ്യം ഒരു ബിരുദം സമ്പാദിച്ചതു് ഇദ്ദേഹമാണു്. ഈ ഭവനം മേയ്ക്കമാലി കുടുംബത്തിൽ ലയിച്ചിരിക്കുന്നു.

## 19 ജോസഫ് മാർ ദീവന്നാസിയോസ്

മലങ്കരയുള്ള പള്ളികളുടെ ഭരണം ഒരു ശതവർഷക്കാലമായി നാട്ടുമെത്രാന്മാരിൽ മാത്രം സ്ഥിതിചെയ്തിരുന്നതിനാൽ ശീമക്കാരനായ മാർ ക്കൂറിലോസിന്റെ ഭരണം സ്വദേശ ഗവമ്മെന്റുകാംക്കു തൃപ്തികരം ആയിരുന്നില്ല. അതിനാൽ പരിശുദ്ധ അന്ത്യോഖ്യാസിംഹാസനത്തോടു ഭക്തിയുള്ള ഒരു നാട്ടുമെത്രാൻ ആവശ്യമാണെന്നു് ദീഘകണ്ണനായ മാർ ക്കൂറിലോസ് ബാവായ്ക്കു തോന്നി. അതിനാൽ കുന്നംകുളം, പുലിക്കോട്ടിൽ ജോസഫ് കത്തനാരെ മെത്രാൻ സ്ഥാനം കൊടുക്കുന്നതിനു് മലങ്കരയിലെ പള്ളി പൊതുയോഗംകൂടി തെരഞ്ഞെടുത്തു. പാലക്കുന്നത്തു് മാത്യൂസ് അത്താനാസിയോസ് വി: അന്ത്യോഖ്യ പാത്രിയക്കീസിന്റെ അടുക്കൽ പോയി മെത്രാൻപട്ടം ഏററതാണെന്നുള്ള റിക്കാർട്ടുകളുടെ വെളിച്ചത്തിൽ തിരുവെഴുത്തും വിളംബരവും മത്യൂസ് മാർ— അത്താനാസിയോസിനു ലഭിച്ചതിനാൽ പുലിക്കോട്ടു് ജോസഫ് കത്തനാരെ പരിശുദ്ധപാത്രിയക്കീസു ബാവായുടെ അടുക്കൽ അയച്ചു, അദ്ദേഹം മാർ-ദിവന്നാസിയോസ് എന്ന പേരിൽ മെത്രാൻപട്ടം സ്വീകരിച്ചു് 1041-ൽ മലങ്കരയിൽ വന്നുചേന്നു. അന്നുമുതൽ ജോസഫ് മാർ-ദിവന്നാസിയോസിനെ ഈ പള്ളിക്കാർ മലങ്കര മെത്രപ്പോലീത്തായും ഇടവക മെത്രാപ്പോലീത്തായും ആയി സ്വീകരിച്ചു, എങ്കിലും മാർ- ക്കൂറിലോസിനോടുള്ള ഭക്തിയും അനുസരണവും അദ്ദേഹത്തിന്റെ മരണം വരെ ഈ പള്ളിക്കാക്കു ഉണ്ടായിരുന്നു.

മാർ-ദിവന്നാസിയോസ് 5—ാമൻ മലങ്കരയിൽ എത്തിയിട്ടു്, ആദ്യമായി കോലഞ്ചേരി പള്ളിയിൽ 1041 വൃശ്ചികത്തിൽ മലങ്കര ഇടവകപള്ളി പ്രതിപുരുഷന്മാരുടെ ഒരു യോഗം വിളിച്ചുകൂട്ടി. അതിൽ ഈ പള്ളിയിൽ നിന്നും പ്രതിപുരുഷന്മാരെ അയച്ചിരുന്നു. ഇ

ദ്ദേഹത്തിൻെറ ആഗമനം മലങ്കര ഉള്ള വിശ്വാസികഠംക്ക് വളരെ സന്തോഷപ്രദമായിരുന്നു. ഇതോടുകൂടെ പാത്രിയക്കിസിൽ നിന്നു പട്ടം ഏററ രണ്ടു നാട്ടു മെത്രാന്മാരും ഒരു ശീമമെത്രാനും മലങ്കരയിൽ ഉണ്ടായി. എന്നാൽ മാത്യൂസ് മാർ_അത്താനാസിനെ പാത്രിയക്കിസ് മുടക്കിയിരുന്നതിനാൽ ഭൂരിപക്ഷം പള്ളിക്കാരും മാർ_ദിവന്നാസിയോസിനെ ആണ് മലങ്കര മെത്രാനായി സ്വീകരിച്ചത്. എങ്കിലും ഗവമ്മെൻറ് അംഗീകരിച്ചിരുന്നത് മാർ-അത്താനാസിയോസിനെ ആയിരുന്നു. കുറുപ്പമ്പടിപള്ളി ഇടവകക്കാർ മാർ_കൂറിലോസിനേയും മാർ-ദിവന്നാസിയോസിനെയും തങ്ങളുടെ മെത്രാനായി സ്വീകരിച്ചിരുന്നു. രണ്ടുപേരും ഇടവകക്ക് കല്പന അയക്കുകയും, പള്ളിയോഗത്തിൻെറ അപേക്ഷഅനുസരിച്ച് പട്ടംകൊടുക്കുകയും മെത്രാപ്പോലീത്തായിക്കടുത്ത പൗരോഹിത്യ ചുമതലകഠം നിവ്വഹിക്കുകയും ചെയ്തിരുന്നു. അവർ പരസ്പരം സ്നേഹത്തിൽ വത്തിച്ചിരുന്നു. മാർ_ദിവന്നാസിയോസ് പല അവസരങ്ങളിലും ഈ പള്ളിയിൽ വിസിററു ചെയ്തിട്ടുണ്ട്. 1043-ൽ തിരുമേനി അകപ്പറമ്പിൽ നിന്നും ഈ പള്ളിയിലേക്ക് കന്നി 9. തീ: നീങ്ങിയിരുന്നു. ഇവിടെനിന്നും കോതമംഗലത്തിനു നീങ്ങി. കോതമംഗലം പള്ളിയിലെ പെരുന്നാഠം കഴിഞ്ഞശേഷം ഈ പള്ളിയിലേക്ക് കൊണ്ടുവരുന്നതിന് പടയാട്ടിൽ ഇത്താപ്പിരി ശെമ്മാച്ചനെ അയച്ചു. തിരുമേനി ഇവിടെ നിന്നും കുന്നക്കുരുടി വഴി പാമ്പാക്കുടക്കു നീങ്ങി.

## 20 മാർ തോമസ് അത്താനാസിയോസ്

ഇപ്പോഠം മാത്തോമ്മസഭ എന്നറിയപ്പെടുന്ന നവീകരണ സഭയുടെ ഒന്നാമത്തെ മെത്രാൻ ഇദ്ദേഹം ആകുന്നു. ഓരോ കാലത്ത് മലങ്കരയിൽ വഴക്കുകളും കേസുകളും ഉണ്ടാക്കിയിട്ടുള്ളത് മലങ്കര ഇടവകയിലെ പ്രധാന മല്പാന്മാരൊ മല്പാന്മാരിൽ മെത്രാൻ പട്ടം സ്വീകരിച്ചവരൊ ആണെന്നു കാണാകുന്നതാണ്, കാരണം അവരുടെ പുതിയ സിദ്ധാന്തങ്ങഠം നടപ്പിലാക്കുന്നതിന് മലങ്കരയിലെ വിവിധ ഇടവകകളിൽ അവക്ക് പട്ടക്കാരായി തീന്ന ശിഷ്യന്മാർ ഉണ്ടായിരുന്നു എന്നുള്ളതുതന്നെ. കോട്ടയത്ത് പഴയ സിമ്മനാരിയുടെ പ്രാരംഭ കാലങ്ങളിൽ സുറിയാനി മല്പാന്മാരിൽ ഒരാളായ ചേപ്പാട്ട് ഫീലിപ്പോസ് മല്പാനെ അതിൽ ഒരാളായ കോനാട്ടു മല്പാൻെറ സഹകരണത്തോടുകൂടെ മാർ-ദിവന്നാസിയോസ് എന്ന പേരിൽ മെ

ത്രാൻ ആക്കിയതു് മല്പാന്മാരിൽ മറെറാരളായ പാലക്കുന്നത്തു് അബ്രാഹം മല്പാനു് അത്ര രുചിച്ചില്ല. അതോടുകൂടെ പാലക്കുന്നത്തു് അബ്രഹാം മല്പാൻ ചേപ്പാട്ടു മാർ-ദിവന്നാസിയോസിനെ വകവക്കാതെ എതിരായി പ്രവർത്തിച്ചുതുടങ്ങി. ഇതിലേക്കു് പ്രോട്ടസ്റ്റൻറു് ഉപദേശം നടപ്പിലാക്കുന്നതിനു് തൻെറ ശിഷ്യന്മാരെ പ്രോത്സാഹിപ്പിച്ചു വന്നു. തന്നിമിത്തം അബ്രാഹാം മല്പാൻെറ അടുക്കൽ സുറിയാനി പഠിക്കുന്നവൎക്കു് മാർ-ദിവന്നാസിയോസ് പട്ടം കൊടുത്തില്ല. തന്നിമിത്തം മലങ്കരയിൽ ഒരു പാർട്ടി ഉണ്ടാക്കുന്നതിനു് പാലക്കുന്നത്തു് അബ്രാഹാം മല്പാൻ തൻെറ സഹോദരപുത്രനായ മത്യൂസ് ശെമ്മാശ്ശനെ മലങ്കര മഹാഇടവക അറിയാതെ പരിശുദ്ധ അന്ത്യോഖ്യാപാത്രിയക്കീസിൻെറ അടുക്കൽ അയച്ചു. ശരിയായ കൈവെപ്പുള്ള മെത്രാൻ ഇല്ലാതെ മലങ്കര മഹാഇടവക പ്രയാസപ്പെടുന്നതായി ഇതിനു മുമ്പുതന്നെ പല അപേക്ഷകൾ പരിശുദ്ധ പാത്രിയക്കീസു ബാവായിക്കു് ലഭിച്ചിരുന്നു. തന്നിമിത്തം പാത്രീയക്കീസ് ബാവാ മാത്യൂസ് ശെമ്മാശ്ശനെ അത്താനാസിയോസ് എന്ന പേരിൽ മെത്രാൻ സ്ഥാനം കൊടുത്തു് മലയാളത്തിലേക്കു് അയച്ചു. (ഇദ്ദേഹത്തെപ്പററി 6-ാം പാരയിൽ പറഞ്ഞിട്ടുണ്ടു്.] മാത്യൂസ് അത്താനാസിയോസ് ഒരു യാക്കോബായ മെത്രാൻ എന്ന നിലയിൽ മരിക്കുന്നതുവരെ കഴിച്ചുകൂട്ടി. എങ്കിലും അബ്രഹാം മല്പാൻെറ നവീകരണം അദ്ദേഹത്തിൽ കുടികൊണ്ടിരുന്നു. അദ്ദേഹം മലങ്കരമഹാ ഇടവകക്കുവേണ്ടി "മാർ തോമാശ്ലീഹായുടെ ഇടവക ആകുന്ന മലങ്കര സുറിയാനി സഭയുടെ കാനോൻ" എന്ന പേരിൽ A. D. 1857-ൽ [1032] ഒരു കാനോൻ പുസ്തകം മലയാളത്തിൽ അച്ചടിപ്പിച്ചു് പ്രസിദ്ധീകരിച്ചിട്ടുണ്ടു്. ഇതിൽ 15 അദ്ധ്യായങ്ങളും ഒട്ടധികം പാസോക്കാകളും ഉണ്ടു്. ഇതിലെ കാനോനാകൾ അന്നത്തെ മലങ്കര ഇടവകയിലെ യാക്കോബായ ഉപദേശങ്ങൾ അനുസരിച്ചു് എഴുതിട്ടുള്ളതാണെങ്കിലും ചില നവീകരണ ഉപദേശങ്ങളും കുത്തിചെലുത്തിയിട്ടുണ്ടു്. 5-ാം കേപ്പാലയോൻ 10-ാം പാസോക്കായിലെ ചില പദപ്രയോഗങ്ങൾ ഇതിനു ഉദാഹരണമാണു്. ഈ കാനോൻ അടുത്ത കാലംവരെ മർത്തോമ്മാ സമുദായം സ്വീകരിച്ചിരുന്നു. മാത്യൂസ് മാർ-അത്താനാസിയോസിനെ മലങ്കര മഹാഇടവകയുടെ ബഹുഭൂരിപക്ഷം പള്ളിക്കാർ സ്വീകരിച്ചിരുന്നില്ല. മലങ്കര ഇടവകയുടെ അപേക്ഷപ്രകാരം പരിശുദ്ധ പാത്രീയക്കീസ് ബാവ പട്ടം കെട്ടു് പിന്നീ

ട്ട് നിയമിച്ചാക്കിയ പുലിക്കോട്ട് ജോസഫ് മാർ-ദിവന്നാസി യോസിനെ ആണ് ബഹുഭൂരിപക്ഷം പേരും സ്വീകരിച്ചിരുന്നതു്. തന്നിമിത്തം മത്യൂസ് മാർ-അത്താനാസിയോസിനെ സ്വീകരിച്ചിരുന്നവർക്ക വേണ്ടി അദ്ദേഹം മുടക്കപ്പെട്ടിരുന്ന കാലത്തു് മുൻ നടപടികളെ അവഗണിച്ചും, മലങ്കര ഇടവകയുടെ അനുവാദം കൂടാതെയും സ്വന്തം കുടുംബത്തിൽപ്പെട്ട അതായതു് അബ്രാഹാം മല്പാൻെറ മകനെ മാർ-തോമസ് അത്താനാസിയോസ് എന്ന പേരിൽ മെത്രനാക്കി-മാത്യൂസ് മാർ-അത്താനാസിയോസ് 1052-ൽ ഇഹലോകവാസം വെടിഞ്ഞു. മാർ-തോമസ് അത്താനാസിയോസും, പുലിക്കോട്ട ജോസഫ് മാർ-ദിവന്നാസിയോസും തമ്മിൽ നടന്ന വട്ടിപ്പണ കേസിൽ അദ്ദേഹം മലങ്കര യാക്കോബായ സഭയുടെ മെത്രാൻ ആണെന്നു് മൊഴി കൊടുത്തിരുന്ന എങ്കിലും 1064.ൽ വട്ടിപ്പണകേസിൽ അദ്ദേഹം പരാജിതൻ ആയതിനാൽ അദ്ദേഹത്തോട്ട് പററി ചേൎന്നു നടന്നു വന്നവരെ ചേൎത്തു് അദ്ദേഹം നവീകരണ സഭ രൂപീകരിച്ചു. 1068-ൽ ഇദ്ദേഹം ഇഹലോകവാസം വെടിഞ്ഞു. പിന്നീട്ട് ഇദ്ദേഹത്തിൻെറ പിൻഗാമികൾ ഇദ്ദേഹത്തിൻെറനാമധേയ പ്രകാരംനവീകരണസഭയെ മാർതോമാസഭ എന്നു സ്വയം വിളിച്ചുവരുന്നു.

## 21. ചേലാട്ടു പള്ളി.

പുലിക്കോട്ട മാർ-ദിവന്നാസിയോസ് 1046-ൽ തുരുത്തിപ്പള്ളിയിൽ താമസിക്കുമ്പോൾ ചേലാട്ടുകരയിൽ ഒരു പള്ളി സ്ഥാപിക്കുന്നതിനു് ആവശ്യമായ സ്ഥലവും നിലവും പണവും കൊടുക്കാമെന്നു് ചേലാട്ടിൽകൊടിശ്ശേരിക്കുടി തിരുമനസ്സ് അറിയിക്കുകയും തിരുമേനി അതു് സമ്മതിക്കുകയും ചെയ്തു. അതിനു വേണ്ടി വൃശ്ചികം 7-തീ. തിരുമേനി ഈ പള്ളയിലേക്കു് നീങ്ങി. ഇവിടെ നിന്നും വൃശ്ചികം 21-ാം തീയതി ചേലാട്ടിൽ ചെന്നു് 1046- വൃശ്ചികം 28-ാംനു- ചേലാട്ട പള്ളിക്കു് കല്ലിട്ടു. പാത്രിയർക്കീസ് ബാവാ 1046 ൽ കാലം ചെയ്ത വാൎത്ത അറിഞ്ഞപ്പോൾ മാർ-കൂറിലോസ് മുളന്തുരുത്തിയിലും, മാർ-ദിവന്നാസിയോസ് കുന്നംകുളത്തും ആയിരുന്നു, രണ്ടുപേരും വിവരം ഗ്രഹിച്ച ഉടനെ വിവരം പള്ളിയിൽ അറിയിച്ചു. ദുഖസൂചകമായി പള്ളിയിൽ ഘണ്ടാരവം മുഴങ്ങി. കതിനാ വെടികൾ വച്ചു. ജനങ്ങൾ പള്ളിയിൽ തിങ്ങിക്കൂടുകയും ബാവായ

യ്ക്കു വേണ്ടി ധൂപപ്രാത്ഥന നടത്തുകയും പുല (നോമ്പു) ആചരിക്കുക യും ചെയ്തു. ബാവായുടെ അടിയന്തിരം മേടം 5-നു കുന്നംകുളത്തു വച്ച് പല പള്ളിക്കാരുടെ സഹായത്തോടുകൂടെ നടത്തി. മാർ-ദിവ ന്നാസിയോസ് 1047-ലും 1051-ലും മററു അവസരങ്ങളിലും ഈ പ പള്ളിയിൽ വന്നിരുന്നു് പള്ളിക്കാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധ പതി ച്ചിട്ടുണ്ട്.

## 22: യൂയാക്കീൻ മാർകൂറിലോസ് [തുടർച്ച]

രണ്ടു അദ്ധ്യായങ്ങളിലായി ഇദ്ദേഹത്തെപ്പററി വിശദീകരിച്ചു വരിക ആണല്ലോ. 1040, 1041, 1042 ഈ വർഷങ്ങളിൽ ബാവ മിക്കവാറും ഇവിടെതന്നെ ആയിരുന്നു. ചെമ്പിൽ പള്ളി പണിയു ന്നതിനു് ഗതി ഇല്ലായ്കയാൽ „ബാവായുടെ നിർദ്ദേശം അനുസ രിച്ച്'' ചെമ്പിൽ കത്തനാരച്ചൻ വശം 7 ക. കൊടുത്തു'' 1042-ൽ ബാവാ ഇവിടെ നിന്നു കോലഞ്ചേരിക്കു നീങ്ങി. വീണ്ടും 1043-1046 വരെ ബാവാ മിക്കവാറും ഇവിടെതന്നെയായിരുന്നു.

a· പുതിയ ചില നടപടികൾ.

ഇക്കാലത്തു് പട്ടക്കാക്ക് പസാരം മൂന്നിൽ ഒന്നു മാത്രമെ കൊടു ത്തു വന്നിരുന്നുള്ളു. 1040-ൽ തോമ്പ്ര കിഴക്കെകുടി യൗസേഫ് യോ ഗസമ്മതം കൂടാതെ ശെമ്മാശ്ശപട്ടം ഏററതിനാൽ പള്ളിയിൽ പ്ര വേശിപ്പിച്ചിരുന്നില്ല. പിന്നീട് യോഗനിശ്ചയം അനുസരിച്ച് 1041-ധനു 25-ാംനു 105-ക പള്ളിയിൽ കെട്ടി വച്ചതിനാൽ പള്ളി യിൽ ഇടവക ശെമ്മാശ്ശനായി സ്വീകരിച്ചു, 1041. ഇടവത്തിൽ പടയാട്ടിൽ ഇത്താപ്പിരി കത്തനാരച്ചനും, 1042-ൽ പടയാട്ടിൽ ക പ്യാർ വക്കീയും ഓരോ തുക്ക പാച്ചോർ നേർച്ച കഴിച്ചു. കുളങ്ങര അകത്തുട്ടുകാർ പള്ളിയിൽ നിന്നും പററിയിരുന്ന കടബാദ്ധ്യതകൾ ക്കു് 1044-മുതൽ ആശാൻ പണം കൊടുക്കാതെ തട്ടികഴിച്ചു.

b) വലിയ ത്രോണോസ്.

1043-ൽ ബാവായിക്കു കിടക്കുവാൻ ഒരു കട്ടിൽ പണിയിച്ചു. 1044—1046 വരെ കാലം കൊണ്ടു് ശീമ രീതിയിൽ മനോഹരമായ

ഒരു ക്ദൂശ്കുദിശിൻബാവായുടെ മേൽനോട്ടത്തിൽ പണി കഴിപ്പിച്ചു. ഇപ്രകാരമുള്ള ദോസ് കരിശ്ശ് മലങ്കരയിൽ ഇദം പ്രഥമമായി പണിയിച്ചിട്ടുള്ളതാണു്, ഇതിനെ മാതൃകയാക്കി പലപള്ളികളിലും പിലക്കാലത്തു് ക്ദശ്കുദിശിൻ പണിയിച്ചിട്ടുണ്ടു്. അക്കാലത്തു് ബാവാ മലങ്കര മെത്രനായിരുന്നു എന്നു് അതിൽ രേഖപ്പെടുത്തിയിട്ടുണ്ടു്. സുറിയാനിയിൽ എഴുതിയിരിക്കുന്നതിൻെറ തർജ്ജിമ താഴെ ചേത്തുകൊള്ളുന്നു. "മലങ്കര മെത്രാപ്പേലീത്ത ആയ മാർ യൂയാക്കീൻ കൂറിലോസ് മെത്രാപ്പോലീത്ത അന്ത്യോഖ്യായുടെ മഹാപ്രധാനാചാര്യനായ മോറാൻ മോർ-ഇഗ്നാത്തിയോസ് യാക്കോബ് ദ്വിതീയൻ പാത്രിയർക്കീസിൻെറ നാളുകളിൽ ഈക്ദൂശ് കുദിശിൻ 1870 കന്നി 14-ാംനു പണിതു. അനാദ്യന്തനായ ദൈവത്തിനു് എന്നുമെന്നേക്കും സ്തുതി ആമീൻ. കരുണനിറഞ്ഞിരിക്കുന്നതും അതിൻെറ ഉള്ളിൽ കരുണകരം ഉള്ളതുമായ വാതിൽ ഇതാകുന്നു. പാപിയെ! പ്രവേശിച്ചു് കരുണ നിറഞ്ഞിരിക്കുന്ന നമ്മുടെ കത്താവിങ്കൽനിന്നു് കരുണയെ യാചിക്കുക" കൂടാതെ 1047-ൽ പള്ളിയുടെ ഐക്കല ഓടുമേഞ്ഞു. യോഗം കൂടികൊണ്ടിരുന്ന അന്ത്രനാളമുറി 1048-ൽ ആണു് വേർതിരിച്ചു് പണി ചെയ്തതു്. കൂടാതെ മാമോദിസാ പുരയുടെയും മറപ്പുരയുടേയും മേകൂട്ടകരം ഓടു മേഞ്ഞു. ഈ വർഷത്തിൽ തന്നെ വടക്കു വശത്തുള്ള ശവകോട്ടയുടെ മതിൽ കല്ലുകൊണ്ടു് പണി ആരംഭിച്ചു. ഇക്കാലത്തു് നെല്ലിനു് പറക്കു് 11-ചക്രം വില ആണു്. പൂമുഖത്തിൻെറ പണിയും ഇക്കാലത്തു് ആരംഭിച്ചു.

C. കൂറിലോസ് ബാവായുടെ അന്ത്യകാലം.

1046-ൽ ബാവാ കൊച്ചിക്കു നീങ്ങി. 1048 തുലാമാസത്തിൽ ബാവായെ കടമററത്തുനിന്നും ഈ പള്ളിയിലേക്കു് കൊണ്ടുവന്നു. ഇതു് കുറുപ്പമ്പടിയിലെ തൻെറ അവസാന താമസം ആയിരുന്നു. വൃദ്ധനായ ഈ പിതാവ് തൻെറ ആയുസ്സിൻെറ ഒരു നല്ല ഭാഗം ചെലവാക്കുകയും, പള്ളിയുടെയും ജനങ്ങളുടെയും അഭിവൃദ്ധിക്കു വേണ്ടി പ്രവത്തിക്കുകയും ചെയ്ത ഈ പള്ളിയിൽ വച്ചു് കാലം ചെയ്തു് കബറക്കപ്പെടണമെന്നായിരുന്നു അദ്ദേഹത്തിൻെറ ആഗ്രഹം. ബാവാ ഇവിടെ താമസിക്കുമ്പോരം അത്യാവശ്യം നിമിത്തം കൊച്ചി

യിൽ തന്റെ പള്ളിയിൽപ്പോയി. അവിടെ വച്ച് തന്റെ വൃദ്ധത യിലെ രോഗശയ്യ മരണത്തിന്റെ ഒരു ദൂതൻ എന്ന് ബാവായിക്ക ബോധ്യപ്പെട്ടു. ബാവയുടെ രോഗവിവരം അറിഞ്ഞ് അദ്ദേഹത്തെ കൊണ്ടു വരുന്നതിന് കുറുപ്പമ്പടി പള്ളിക്കാരും, മുളന്തുരുത്തി പള്ളി ക്കാരും കൊച്ചി പള്ളിയിൽ എത്തിയിരുന്നു. മുളന്തുരുത്തിക്കാരുടെ വള്ളം കലേകൂട്ടി ക്രമീകരിച്ചതിനാൽ ബാവാ അതിൽകയറി മുളന്തു രുത്തിക്ക പോയി. അവിടെ വച്ച് ബാവ 1050 ചിങ്ങം 20-ാംനു- കത്താവിൽ നിദ്ര പ്രാപിച്ചു. ബാവായുടെ ശ്രാദ്ധം മുളന്തുത്തി പ ള്ളിയിലും, കുറുപ്പമ്പടി പള്ളിയിലും ചിങ്ങം 20-ാംനു- ആണ്ടുതോറും കൊണ്ടാടി വരുന്നു. ബാവായുടെ പ്രാത്ഥന ഈ പള്ളി ഇടവകക്ക കോട്ടയായിരിക്കട്ടെ.

## 23. പത്രോസ് പാത്രീയർക്കീസ് ബാവാ.

ജോസഫ് മാർ-ദീവന്നാസിയോസും, മാത്യൂസ്മാർ-അത്താനാ സിയോസും തമ്മിലുള്ള വാദം ഇക്കാലത്തു് വളരെ ശക്തിപ്പെട്ടിരു ന്നു. തന്നിമിത്തം മലങ്കര മഹാഇടവകയുടെ അപേക്ഷപ്രകാരം പ ത്രോസ് പാത്രിയക്കീസ് ബാവാ മലങ്കരയിൽ 1050 മിഥുന മാസ ത്തിൽ എഴുന്നെള്ളി. കുറുപ്പമ്പടി പള്ളിയോഗ (കമ്മററി) നിശ്ചയം അനുസരിച്ച് ബാവായെ 1051-ൽ ഇവിടെ കൊണ്ടുവന്നു. ബാവാ പരമ ഭക്തനും, ധീരനും, ശൂരനും ആയിരുന്നു. ബാവാ ഇവിടെ താ മസിക്കുമ്പോൾ പള്ളിക്കകെത്തു് വടക്കും തെക്കും വശങ്ങളിലെ ചെ റിയ ത്രോണോസുകളോട് ചേത്തു് കെട്ടിയിരുന്ന കബറുകൾ പൊ ളിപ്പിച്ചു കളഞ്ഞു. ബാവാ ഇവിടെ നിന്നും അകപ്പറമ്പ് പള്ളിയി ലേക്ക് നീങ്ങി. ബാവായുടെ മലങ്കരയിലേക്കുള്ള യാത്ര ചെലവി ന്നായി ഈ പള്ളിയിൽനിന്നും 708¾ രൂപാ:10 പുത്തൻ 1535-ചക്ര വും; ഈ പള്ളീ ഇടവക ജനങ്ങളിൽ നിന്നു് പിരിവിട്ടെടുത്തു് 241⅞ രൂപാ 109 പുത്തൻ 684 ചക്രവും കൊടുത്തു.

പത്രോസ് പാത്രീയക്കിസ് ബാവയുടെ ആഗമനത്തോടുകൂടെ മുളന്തുരുത്തിയിൽ മലങ്കരയുടെ ഒരു സുന്നഹദോസ് വിളിച്ചുകൂട്ടി. ഈസുന്നഹദോസിൽ കുറുപ്പമ്പടി പള്ളിയിൽനിന്നും വെളിയത്തു ഗീ വറുഗീസ് കോറെപ്പെസ്ക്കോപ്പാ, കല്ലറക്കൽ കോരകുഞ്ഞു വക്കി

തരകൻ മുതൽ പേർ സംബന്ധിച്ചിരുന്നു. പല നിശ്ചയങ്ങളും ചെയ്തു. ജോസഫ് മാർ-ദിവന്നാസിയോസിനെ മലങ്കര മെത്രാപ്പോലീത്ത ആയി സ്ഥിരപ്പെടുത്തി. അദ്ദേഹത്തെ സഭാഭരണത്തിൽ സഹായിപ്പാൻ 24-പേർ ചേർന്ന ഒരു കമ്മററിയും അസ്സോസിയേഷൻ (Jacabite Syrian Association) രൂപീകരിച്ചു. ഈ കമ്മററിയിൽ കല്ലറക്കൽ വക്കി തരകൻ ഒരു മെമ്പർ ആയിരുന്നു. അതിൽ നിന്നു് മെത്രാൻ, കത്തനാർ, ആത്മായ എന്നിങ്ങനെ മൂന്നു ട്രസ്ററികൾ തെരിഞ്ഞെടുക്കപ്പെട്ടു. അനന്തരം പാത്രിയർക്കീസ് ബാവാ തിരുമേനി മലങ്കര മഹാഇടവകയെ കൊല്ലം, തുമ്പമൺ, നിരണം, കോട്ടയം, കണ്ടനാട്, അങ്കമാലി, കൊച്ചി എന്നിങ്ങനെ ഏഴു ഭദ്രാസന ഇടവകകളായി തിരിച്ചു് ഓരോ ഭദ്രാസന ഇടവകക്കും ഓരോ മെത്രാന്മാരെ വാഴിച്ചു് നിയമിച്ചു. അതനുസരിച്ചു് കുറുപ്പമ്പടി മുതലായ ഇടവക പള്ളികൾ അങ്കമാലി ഭദ്രാസന ഇടവകയുടെ അമ്പാട്ടു് ഗീവറുഗീസ് മാർ-കൂറിലോസ് മെത്രാപ്പോലീത്തായുടെ ചുമതലയിൽ ആയി തീർന്നു. എങ്കിലും മലങ്കര മെത്രാപ്പോലീത്താ ചില അവസരങ്ങളിൽ ഉൾഭരണത്തിൽ പ്രവേശിച്ചിട്ടുണ്ടു്. തുടർന്നു് മലങ്കരയിൽ ഒന്നായി ഉണ്ടാകുന്ന പല പ്രശ്നങ്ങളും ഓരോ ഭദ്രാസനങ്ങളെയും ഓരോ പള്ളികളേയും ബാധിച്ചിട്ടുണ്ടു്. ഓരോ ഭദ്രാസനവും പരിശുദ്ധ പാത്രിയർക്കീസിൻെറ നേരിട്ടുള്ള ഭരണത്തിൽ ഇടവക മെത്രാപ്പോലീത്തന്മാരെ ചുമതലപ്പെടുത്തിയിരുന്നു എങ്കിൽ പൊതുപ്രശ്നങ്ങൾ ഓരോ പള്ളിയെ ബാധിക്കയില്ലായിരുന്നു എന്നാണു് എൻെറ അഭിപ്രായം. പരിശുദ്ധ പാത്രീയർക്കീസ് ബാവാ 1052-ൽ സ്വദേശത്തേക്കു മടങ്ങിപ്പോയി. മത്യൂസ് അത്താനാസിയോസിൻെറശേഷം അദ്ദേഹത്താൽ വാഴിക്കപ്പെട്ട മാർ-തോമസ് അത്താനാസിയോസ് താനാണു് മലങ്കര മെത്രാൻ എന്നു് ഭാവിച്ചു് മലങ്കര സ്വത്തുക്കളും മററും കയ്യടക്കിഭരിക്കുവാൻ ശ്രമിച്ചതിനാൽ 1054-ൽ വട്ടിപ്പണകേസ് എന്നറിയപ്പെടുന്ന കേസ് ഉൽഭവിച്ചു. ഇതിൽ ജോസഫ് മാർ ദിവന്നാസിയോസ് പ്രധാന വാദിയും മാർ-തോമസ് അത്താനാസിയോസ് പ്രധാന പ്രതിയും ആയിരുന്നു. 1064-ൽ വട്ടിപ്പണകേസ് പുലിക്കോട്ടിൽ ജോസഫ് മാർ-ദിവന്നാസിയോസിനു് അനുകൂലമായി വിധി ഉണ്ടായി.

## 24. കുറുപ്പമ്പടിപള്ളിയിലെ അന്തഃചരിത്രം (തുടച്ച്)

1030 മുതൽ ചെറിയ തോതിൽ ആരംഭിച്ച സൗന്ദര്യപിണക്കം 1058-ൽ മൂദ്ധന്യ ദശയെ പ്രാപിച്ചിരുന്നു. ഈ കാലഘട്ടത്തിന് പള്ളിയിൽ അമ്പാട്ടന്മാരുടെ ഭരണമെന്നും, കല്ലറക്കൻെറ ഭരണം എന്നും സാധാരണ പറഞ്ഞു വരാറുണ്ട്. കാരണം ഇടവക മെത്രാപ്പോലീത്തമാർ കൂറിലോസും കല്ലറക്കനും ഒരു കുടംബത്തിൽ പെട്ടവർ അതായതു് അമ്പാട്ട കുടുംബത്തിൽ പെട്ടവർ ആകയാൽ കല്ലറക്കൻ പള്ളിയിൽ ഭരണം സ്വയം ശക്തിപ്പെടുത്താൻ ശ്രമിച്ചു. തന്നിമിത്തം പട്ടക്കാരും ജനങ്ങളും ആത്മീകമായി അധപതിച്ചു തുടങ്ങി. എട്ട കൈക്കാരന്മാരിൽ അറയ്ക്ക, ആത്തുങ്കൻ, ഉറുമിയാടൻ എന്നിവർ കല്ലറയ്ക്കനു് പള്ളിയിൽ മാനുഷ്യം ഉണ്ടെന്നു സമ്മതിക്കത്തക്കവണ്ണം അവർ കല്ലറയ്ക്കൻെറ സ്വാധീനത്തിൽ അധ:പതിച്ചു പോയി എന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ഇതോക്കൂടെ പള്ളികാര്യത്തിൽ ഓരോരുത്തർ തന്നിഷ്ടം പ്രവത്തിക്കുന്നതിനു ശ്രമിച്ചു. 1030 വരെ ആത്മീകമായും സാമ്പത്തികമായും സാമൂഹ്യമായും ഉണ്ടായിരുന്ന അഭിവൃദ്ധി കുറഞ്ഞുതുടങ്ങി. മലങ്കര മഹാഇടവകയിൽ 1054-ൽ ഉണ്ടായ സമുദായകേസ് (വട്ടിപ്പണകേസ്) മൂലം ജോസഫ് മാർ.ദീവന്നാസിയോസിൻെറ ദൃഷ്ടി ഈ പള്ളി ഇടവകയിൽ പതിഞ്ഞിരുന്നില്ല. തുരുത്തി, തോമ്പ്രവീട്ടുകാരിൽ ചിലർ ഈ പള്ളിയിൽ നിന്നും പിരിഞ്ഞുപോയതിനാൽ തുരുത്തി, തോമ്പ്ര വീടുകളിലെ കൈക്കാരന്മാക്ക് സ്വാധീനം കുറഞ്ഞു. അറയ്ക്ക, ആത്തുങ്കൽ, പൊയ്ക്കാടൻ, മരങ്ങാടൻ എന്നിവർ ധനസ്ഥിതിയിൽ വളരെ ക്ഷീണിച്ചു. കുറുപ്പമ്പടി പള്ളി ഇരിക്കുന്ന രായമംഗലം കരയിൽ താമസിക്കുന്ന മിക്ക ജനങ്ങളും അന്ന് ധനസ്ഥിതിയിൽ മുന്തിനിന്നിരുന്ന കല്ലറക്കൽ തരകൻെറ സ്വാധീനത്തിൽ ആക്കിതീൎന്നു. തന്നിമിത്തം കല്ലറയ്ക്കൻ പറയുന്ന നടപടികൾ തന്നെ പള്ളിയിൽ ആയി തീക്കുന്നതിനു് അവർ ശ്രമിച്ചു. ഇടനിലയിൽ പലക്കും കല്ലറയ്ക്കനോട്ട് അസൂയ തോന്നി. പൊയ്ക്കാട്ടിൽ കുരുവിളയും കല്ലറയ്ക്കൽ കോരതരകനും തമ്മിൽ സ്വരചേർച്ച ഇല്ലാതായി. കല്ലറയ്ക്ക, ആത്തുങ്കൽ, അറയ്ക്ക, ഉറുമിയാടൻ എന്നീ കൈക്കാരന്മാർ ഒരുകൈയ് ആയും, പൊയ്ക്കാടൻ, തുരുത്തി, തോമ്പ്ര, മരങ്ങാടൻ എന്നീ കൈക്കാരന്മാർ ഒരു കൈയ്യായും ആണു് നിന്നിരുന്നതു്. ഇവർ തമ്മിൽ ഉള്ള രസക്ഷയം മൂത്തു്

1058 ൽ പരസ്യമായി വഴക്കുകളും കേസുകളും ഉത്ഭവിച്ചു. 1057-ൽ തോമ്പ്ര ഗീവറുഗീസ് (കുറു) ശെമ്മാശ്ശൻ കത്തനാർ പട്ടം ഏററിരുന്നു.

1058-ലെ കേസ് ശക്തി പ്രാപിച്ച് പള്ളിയിലെ ഭരണകർത്താക്കൾ രണ്ടു ഭാഗമായിതീർന്നതോടുകൂടെ ജനങ്ങളും രണ്ടു ഭാഗമായി തീർന്നു. കല്ലറക്കൻ തുടങ്ങിയവരെ തെക്കെ ഭാഗക്കാർ എന്നും, പൊയ്സ്ലാടൻ തുടങ്ങിയവരെ വടക്കെ ഭാഗക്കാർ എന്നും ചിലർ വിളിച്ചു തുടങ്ങി. മററു ചിലർ കല്ലറസ്സൻ തുടങ്ങിയവരെ കിഴക്കേ കൂററുകാർ എന്നും, തുരുത്തി തോമ്പ്ര തുടങ്ങിയവരെ പടിഞ്ഞാറൻ കൂററുകാർ എന്നും വിളിച്ചു തുടങ്ങി. തെക്കെ ഭാഗക്കാർ മരങ്ങാട്ട് ഐപ്പിനു പകരം വാസ്സര മരങ്ങാടൻ വക്കി മത്തായിയേയും. പൊയ്സ്ലാട്ടിൽ കുരുവിളസ്സു പകരം പൊയ്‌ക്കാട്ടിൽ മാത്തുവിനേയും കൂട്ടുകെക്കാരന്മാരായി സ്വീകരിച്ചിരുന്നു. ഇവക്കു സഹായമായി അച്ചന്മാരിൽ പൊയ്സ്ലാട്ടിൽ അബ്രാഹാം കത്തനാർ മാത്രമെ ഉണ്ടായിരുള്ളു. അതിനാൽ അറസ്സ, മേനോത്തുമാലി, തട്ടാംപുറം, തോമ്പ്ര എന്നീ വീടുകളിൽ നിന്നു് ഒരോരുത്തൎക്കു ശെമ്മാശ്ശുപട്ടം കൊടുപ്പിച്ചു. വടക്കെ ഭാഗക്കാർ ആത്തുങ്കൽ കുറിയത്തു് ഇട്ടൂപ്പിനു പകരം ആത്തുങ്കൽ പൈലി ഇട്ടൂപ്പിനെ കൂട്ടുകൈക്കാരനായി എടുത്തു. അവരുടെ കൂടെ പടയാട്ടിൽ അച്ചന്മാരും, തോമ്പ്ര അച്ചന്മാരും മററും സഹകരിച്ചു നിന്നു. കേസിന്നു് കേസിൻെറ പ്രാബല്യം നിമിത്തം പട്ടക്കാൎക്കു തവണ നടത്തുവാൻ ഇടക്കിടെ തടസ്സം നേരിട്ടതിനാൽ പുറ ഇടവകകളിൽ നിന്നു തങ്ങളുടെ സഹായത്തിന്നായി അതതു് കാലത്തു് ഓരോ അച്ചന്മാരെ വരുത്തി കുർബാനകൾ നിർവ്വിഘ്നം നടത്തിച്ചുകൊണ്ടിരുന്നു. പല കേസുകളും നടന്നു. ഇടവകയിൽ ആത്മീക പ്രവൎത്തനം ക്ഷീണിച്ചു തുടങ്ങി. പള്ളിവക ജംഗമസ്വത്തുക്കൾ മിക്കവാറും പടിഞ്ഞാറും കൂററുകാരുടെ (വടക്കെ ഭാഗക്കാരുടെ) കൈവശം ആയി. പള്ളിയിലെ പാട്ടം മിക്കവാറും പിരിയാതായി സ്വൎണ്ണം, വെള്ളി മുതലായ ജംഗമ ഉരുപ്പടികൾ അവരവൎക്കു കിട്ടിയ പ്രകാരം വിററു തുടങ്ങി. വടക്കെ ഭാഗക്കാർ വെള്ളി കുരിശു മുതലായവ പണയം വച്ചു് പണം വാങ്ങി- പസാരം, കുഴിപ്പണം മുതലായവ കിട്ടുന്നതുപോലെ വാങ്ങിച്ചു. ശവകോട്ടയിലെ അണി ഭേദിച്ചു ശവം ഇട്ടു തുടങ്ങി. ''നാഥനില്ലാക്കളിവട്ടക്കളി'' എന്ന പിള്ളേരുടെ ചൊല്ലുപോലെ ആയി തീൎന്നു. പള്ളിയിൽ രണ്ടു ഭാഗമായി നിന്നു് സമയനിഷ്ഠ ഇല്ലാ

തെ കർബ്ബാനായും, റാസയും നടത്തി തുടങ്ങി, 1054-ലെ കേസ് 1063 ആയപ്പോഴേക്കും ശക്തി പ്രാപിച്ചു. അന്നത്തെ കേസിൻെറ സ്വഭാവം മനസ്സിലാക്കുന്നതിനു് 1063-ൽ കൊട്ടത്ത കേസിൻെറ ചില ഭാഗങ്ങൾ താഴെ ചേർക്കുന്നു:-

"പറവൂർ ജില്ലാ സിവിൾ കോടതി മുമ്പാകെ സിവിൾ നിയമം 23-ാം വകുപ്പുംപ്രകാരം ബോധിപ്പിക്കുന്ന അന്യായം.

**വാദികൾ:-** 1) അശമന്നൂർ പ്രവൃത്തിയിൽ രായമംഗലം കരയിൽ കുറുപ്പമ്പടി സുറിയാനി പുത്തൻകൂറു പള്ളിയിൽ ശാശ്വത കൈസ്ഥാനം-ടി പ്രവൃത്തിയിൽ രായമംഗലം കരയിൽ കല്ലറസ്ഥൽ സുറിയാനി ക്രിസ്തുമതം മക്കവഴി സ്വസ്ഥവൃത്തി 84 വയസ്സായ പൈലി കോരതു് 2) ടി പള്ളിയിൽ കൈക്കാരൻ ടി പ്രവൃത്തി വാഴ്ക്കര കരയിൽ അറസ്ഥൽ സുറിയാനി 57 വയസ്സായ വർക്കി മാത്തുള്ള 3) പള്ളിയിൽ കൈക്കാരൻ ടി കരയിൽ മരങ്ങാടൻ 48 വയസ്സായ വർക്കി മത്തായി 4) ചേരാനല്ലൂർ പ്രവൃത്തിയിൽ പുഴക്കാട്ടുകരയിൽ ടി പള്ളിയിൽ കൈക്കാരൻ ആത്തുങ്കൽ 52 വയസ്സായ കുരിയതു് ഇട്ടൂപ്പ് ഇട്ടൂപ്പിൻെറ പൗത്രൻ (ഇട്ടൂപ്പിൻെറ മകൻ ഗീവറുഗീസ് കത്തനാർ ആണു് ഈ എഴുത്തുകാരൻ), 5 ടി പള്ളിയിൽ കൈക്കാരൻ പെരുമ്പാവൂർ പ്രവൃത്തിയിൽ ഇരിങ്ങോൾ കരയിൽ പൊഴ്ക്കാട്ടിൽ 42 വയസ്സായ മാത്തു മാത്തു.

**പ്രതികൾ:-** 1) അശമന്നൂർ പ്രവൃത്തിയിൽ രായമംഗലം കരയിൽ പടയാററിൽ സുറിയാനി ക്രിസ്തുമതം മക്കവഴി സ്വസ്ഥവൃത്തി 67 വയസ്സായ കോരതു് ഇത്താപ്പിരി കത്തനാരു്. 2) ടി പ്രവൃത്തിയിൽ മുടക്കിരായി കരയിൽ പുത്തൻകുടി പറമ്പിൽ 40 വയസ്സു കാണുന്ന വക്കി ഇത്താപ്പിരി കത്തനാരു്- 3) പെരുമ്പാവൂർ പ്രവൃത്തിയിൽ വെങ്ങോല കരയിൽ തോമ്പ്ര 40 വയസ്സു കാണുന്ന മാത്തു യൗസേഫ് കത്തനാർ. 4) ടി കരയിൽ തോമ്പ്ര 30 വയസ്സു കാണുന്ന മാത്തു ഗീവറുഗീസ് കത്തനാർ. 5) അശമന്നൂർ പ്രവൃത്തിയിൽ രായമംഗലം കരയിൽ അരീക്കൽ 30 വയസ്സു കാണുന്ന പൈലി മാത്തു ശെമ്മാശ്ശൻ. 6) പെരുമ്പാവൂർ പ്രവൃത്തിയിൽ വെങ്ങോല കരയിൽ തുരുത്തിയിൽ 58 വയസ്സു കാണുന്ന വക്കി മത്തായി. 7) ടി കരയിൽ തോമ്പ്ര 54- വയസ്സു കാണുന്ന കോരള മാത്തു. 8) അശമ

ന്നൂർ പ്രവൃത്തിയിൽ രായമംഗലം കരയിൽ താഴത്തെ പൊയ്ക്കാട്ടിൽ 38 വയസ്സ കാണുന്ന ചാക്കു കരുവിള. 9) ടി കരയിൽ മരങ്ങാട്ട് 67 വയസ്സു കാണുന്ന പൈലി ഐപ്പ്.

1) 2 മുതൽ വാദികൾ ടി കുറുപ്പമ്പടി പള്ളിയുടെ കൈകാര്യം നടത്തുവാനായി അതികൃതന്മാരായിട്ടുള്ള കൈക്കാരന്മാർ ആകുന്നു. 1-ാം വാദി കൈക്കാരന്മാരിൽ പ്രധാനിയും ശാശ്വത കൈസ്ഥാനം [മാനുഷം] ഉള്ള ആളും ആകുന്നു.

2) 4 വരെ പ്രതികളെ അവക്കു ടി പള്ളിയിൽ ഉണ്ടായിരുന്ന വികാരി സ്ഥാനത്തുനിന്നു , 5-ാം പ്രതിയെ അയാൾക്കുള്ള ശുശ്രൂഷ സ്ഥാനത്തുനിന്നും 6 മുതൽ പ്രതികളെ അവൎക്കുള്ളസ്ഥാനത്തുനിന്നും 58 മിഥുനത്തിലും അതിനുശേഷം പ്രതികൾക്ക് ടി പള്ളി സംബന്ധമായ യാതൊരു കാൎയ്യത്തിലും പ്രവേശിപ്പാനൊ വരവു എടുപ്പാനൊ ചെലവുകൾ ചെയ്‌വാനൊ അവകാശവും അധികാരവും ഇല്ലാത്തതാകുന്നു.

4) പ്രതികൾ അധികാരത്തെ അക്രമിച്ചു ധിക്കാരമായും കൈകാൎയ്യം നടത്തുവാൻ അധികാരമുണ്ടെന്നു നടിച്ചും യോജിച്ച് ഒന്നായി നിന്നുകൊണ്ട് 1059 വൃശ്ചികം മുതൽ പള്ളിവക വരവുകളെ എടുക്കുകയും പട്ടികയിൽ പറയുന്ന ജംഗമമുതലുകളേയും കണക്കുകളേയും പള്ളിമുറികളിൽ നിന്നും കൈവശപ്പെടുത്തി എടുക്കുകയും ചെയ്തിരിക്കുന്നു.

5.................... 6).................... 7) ....................

8) വ്യവഹാരകാരണം പ്രതികൾ ന്യായരഹിതമായി പണങ്ങൾ എടുക്കുകയും മുതലുകളെ കൈവശപ്പെടുത്തിക്കുകയും ചെയ്തതായി 59 വൃശ്ചികത്തിനു ശേഷം ഉത്ഭവിച്ചിരിക്കുന്നു. അതിനാൽ പ്രതികൾക്ക് ടി പള്ളി സംബന്ധമായി യാതൊരു കൈകാൎയ്യവും നടത്തുവാൻ അധികാരമൊ അവകാശമൊ ഇല്ലെന്ന് സ്ഥാപിച്ചും പള്ളി സംബന്ധമായ കൈകാൎയ്യങ്ങളിൽ പ്രതികൾ കൈവശം വച്ചു പോകരുതെന്നും വരവുകൾ എടുത്തുപോകരുതെന്നും നിരോധിച്ച് എന്നും നിലനില്ക്കത്തക്കനിലയിൽ ഒരു ഇഞ്ചക്ഷൻ ഉത്തരവുകൾ കൊടുക്കുന്നതിനും പ്രതികൾ ഇതേവരെ എടുത്തിട്ടുള്ള താഴെ കാണിക്കുന്ന

സംഖ്യ മേലാൽ പലിശയോടുകൂടിയും പ്രതികളുടെ കൈവശം ഇരിപ്പുള്ള പള്ളിവക ഉരുപ്പടികളൊ അതിന്നു പട്ടികയിൽ പറയുന്ന വിലയൊ കണക്കുകളൊ അതില്ലാത്തപക്ഷം അതിലേക്കു നഷ്ടമായി താഴെ കാണിക്കുന്ന സംഖ്യയൊ, മേലാൽ പള്ളിവക വരവുകൾ എടുക്കുന്നതായാൽ ആയതും മേലാൽ പലിശ ചെലവുസഹിതം പ്രതികളുടെ പക്കൽനിന്നും പള്ളിവകക്കായി ഞങ്ങളുടെ കൈവശം തരുന്നതിന്നു വിധി ഉണ്ടാകുവാൻ അപേക്ഷിക്കുന്നു.

59. വൃശ്ചികം മുതൽ നാളിതുവരെ പള്ളിവക നടവരവുകൾ ഉൾപ്പെട്ട വകയിൽ പ്രതികൾ എടുത്തതാകെ പണം 10314. പ്രതികളുടെ കൈവശം ഇരിപ്പുള്ള പള്ളിവക ഉരുപ്പടികൾക്കു വില പണം 17561.

1014-ാം ആണ്ടു മുതൽ 57-ാം ആണ്ടു വരെ മുതൽ തിട്ടത്തിനും ചെലവിനും നീക്കിഇരിപ്പിനും ആണ്ടുതോറും എഴുതിവച്ചു വരുന്നതായ മേമ്പൂട്ട്" കണക്കു തരാത്തപക്ഷം അതിനു കിട്ടേണ്ട നഷ്ടം പണം 7125, ആകെ പണം 35000.

1063-ാം ആണ്ടു കന്നിമാസം

1) .........(ഒപ്പ്) 2) .........(ഒപ്പ്) 3) .........(ഒപ്പ്)
4) .........(ഒപ്പ്) 5) .........(ഒപ്പ്]

ഇപ്രകാരമുള്ള വഴക്കുകളും കേസുകളും നിമിത്തം പള്ളിയോടും ആത്മീകശുശ്രൂഷകളോടും ജനങ്ങൾക്കുള്ള ഭക്തി വളരെ കുറഞ്ഞു. ഈ ഇടവകയിലെ ഈ വിധത്തിൽ ഉള്ള സ്ഥിതിഗതികളെ കണ്ടുകൊണ്ടു ഇടവക മെത്രാപ്പോലീത്ത 1065-ൽ ചരമം പ്രാപിച്ചു.

വട്ടിപ്പണകേസ് എന്നറിയപ്പെടുന്ന സമുദായ കേസ് മലങ്കര മെത്രപ്പോലീത്ത ആയ പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസിന്നു 1064-ൽ അനുകൂലമായി വിധി കിട്ടി. തുടന്നു അദ്ദേഹത്തിൻെറ ശ്രദ്ധ ഓരോ പള്ളികളിലേക്കും തിരിഞ്ഞു. കോട്ടയം ഇടവകയുടെ പൗലോസ് മാർ-അത്തനാസിയോസ് അങ്കമാലി ഭദ്രാസന ഇടവകയുടെ ഭരണംകയ്യേററു ആലുവായിൽആസ്ഥാനം ആക്കി.

കുറുപ്പുമ്പടി ഇടവകയിൽ പത്തുവർഷക്കാലമായി നടന്നുകൊണ്ടിരുന്ന കേസുകൾ നിമിത്തം ഇടവകയിലെ രണ്ടു കൂട്ടരും പലവിധത്തിൽ ക്ഷീണിച്ചു. തുരുത്തി തോമ്പ്ര വീട്ടുകളിലെ കൈക്കാരന്മാർ അല്ലപ്ര കുരിശുപള്ളി സ്വതന്ത്രപ്പെടുത്തി 1068-ൽ പിരിഞ്ഞുപോയതിനാൽ പുതുതായി രണ്ടു കൈക്കാരന്മാർ ആവശ്യമായി വന്നു. രണ്ടു കൂട്ടരുടേയും എഴുത്തുപാട്ടങ്ങൾ അവസാനിക്കാറായപ്പോൾ മലങ്കരയുടെ ജോസഫ് മാർ ദീവന്നാസിയോസ് ഈ പള്ളിയിൽ വന്നിരുന്നു് രണ്ടു പാർട്ടിയുടെയും വാദമുഖങ്ങൾ കേട്ടു. കാര്യങ്ങൾ അവസാനിപ്പിക്കുന്നതിനു് തിരുമേനിയുടെകൂടെ പുതുക്കയിൽ ശീമോനും, കോനാട്ടു ഇട്ടൻ പിള്ളയും ഉണ്ടായിരുന്നു. തിരുമേനി രണ്ടു ഭാഗക്കാരെയും രമ്യപ്പെടുത്തി. നൂറു (100) വർഷം നിരന്തരം പള്ളിയിൽ കൈസ്ഥാനം നോക്കി പള്ളിയുടെ അഭിവൃദ്ധിക്കുവേണ്ടി പ്രവർത്തിച്ചിട്ടുള്ളവരായ തുരുത്തി, തോമ്പ്ര വീട്ടുകാർക്കു് പകരം മററമന കളപ്പുരക്കയ്യനേയും, കോനേക്കാട്ടു മോണംകുന്നത്തു് വറിയതിനേയും കൈക്കാരന്മാരായി തെരഞ്ഞെടുത്തു. ഒത്തുതീർപ്പു സംബന്ധിച്ചു് പട്ടക്കാരും ശെമ്മാശ്ശന്മാരും കൈക്കാരന്മാരും ചേർന്നു 1068 മകരത്തിൽ ഒരു കരാർ റജിസ്റ്റർ ചെയ്തു. ഈ റജിസ്റ്റർ ഉടമ്പടി ആണു് ഇപ്പോഴും നിലവിൽ ഇരിക്കുന്നതും അതിൽ ചില അമൻറമെൻറുകൾ വരുത്തിയിട്ടുണ്ടെങ്കിലും ആയതു് ഒരു റജിസ്റ്റർ മുഖാന്തിരം ഭേദഗതി ചെയ്തിട്ടില്ല. എന്നാൽതന്നെയും പൊതുയോഗഡയറി നിശ്ചയം അനുസരിച്ചുള്ള അമൻറുകൾ എല്ലാവരും സ്വീകരിച്ചു് നടന്നു വരുന്നു. ഈ റജിസ്റ്റർ ഉടമ്പടിയിൽ സ്ഥാവര വസ്തുക്കളുടെ ഒരു പട്ടിക ഉണ്ടു്.

1068-ലെ രജിസ്റ്റർ ഉടമ്പടിയുടെ പകർപ്പു് താഴെ ചേർക്കുന്നു. ഇതിൽ മുൻഭരണക്രമത്തിൽ നിന്നു് പ്രധാനമായി കൂട്ടിചേർത്തിരിക്കുന്ന ഭാഗങ്ങൾ:- മെത്രാന്മാരുടെ ചില അധികാരങ്ങളും വരവു ചെലവുകളുടെ സൂക്ഷ്മതക്കു് ഒരു മുതൽപിടിയേയും കണക്കനേയും ശമ്പളത്തിൽ നിയമിച്ചു എന്നുള്ളതാണു്.

(1-ാം നമ്പർ പുസ്തകം 5-ാം വാല്യം 156 മുതൽ 163 വരെ വശങ്ങളിൽ 1060-ാം നമ്പരായി റജിസ്റ്റർ ചെയ്തു) മുദ്രവില രൂപാ 15¼.

'മിശിഹാകാലം 1893 ന് കൊല്ലം 1068-ാം മാണ്ടു് മകരമാസം 17-ാം തീയതി അന്ത്യോഖ്യ സിംഹാസനത്തിൽ വാഴുന്ന മോറാൻ മോർ ഇഗ്നാത്തിയോസ് പാത്രിയക്കീസ് ബാവാ തിരുമനസ്സിലെ നാളുകളിൽ മലങ്കര അസ്സോസിയേഷൻ കമ്മററി പ്രസിഡൻറു് ആയ മാർ-ദിവന്നാസിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു് ഇവിടെ എത്തിയിരുന്നു് നമ്മെളിലുള്ള സകല വാദങ്ങളേയും കേട്ടു് തീരുമാനിച്ചു് മേൽ നടത്തിപ്പിനുവേണ്ടി കല്പിച്ചപ്രകാരം നടപ്പാനായിട്ടു് താഴെ പേരെഴുതി കയ്യൊപ്പിട്ടിരിക്കുന്ന കുറുപ്പമ്പടിപ്പള്ളിയിലെ പട്ടക്കാരരും, കൈക്കാരരും യോഗജനങ്ങളും കൂടി എഴുതി വയ്ക്കുന്ന നിശ്ചയം 15.

1) 58-ാം ആണ്ടു മുതൽ യോഗത്തിൽ ഐക്ഷമമില്ലാതെ ഭിന്നിച്ചു ഇരു കക്ഷികളായി തിരിഞ്ഞു് അനേകം വ്യവഹാരങ്ങൾക്കു് ഇടയായതിൽ പള്ളിക്കു വളരെ നഷ്ടവും ദോഷവും നേരിട്ടുപോയ സംഗതികൾ ഒക്കയും തിരുമനസ്സുകൊണ്ടു് കേട്ടു് തീരുമാനിച്ചിരിക്കുന്നതാകയാൽ വ്യവഹാരനാളുകളിൽ തമ്മിൽ തക്കിക്കുകയൊ വാദ ദിവസങ്ങളിൽ ചെയ്തതും നടത്തിയതുമായ സംഗതികളെ മേലിൽ അടിസ്ഥാനമാക്കി പറകയൊ പ്രവൎത്തിക്കുകയൊ ചെയ്‌വാൻ ആൎക്കും അധികാരം ഇല്ല.

2) നമ്മുടെ സഭയുടെ ചട്ടപ്രകാരം പള്ളിയുടെ ആത്മീകസംബന്ധമായും ലൗകീകസംബന്ധമായും ഉള്ള എല്ലാ കാൎയ്യങ്ങളിലും മെത്രാപ്പോലീത്തന്മാൎക്കുള്ള മേലധികാരത്തെ കൈക്കൊണ്ടു് അനുസരിച്ചും നടക്കേണ്ടതു മുറയും കാനോനായിക്കടുത്ത വിധിയും ആകകൊണ്ടു് നമ്മുടെ മേലധികാരികളായ മലങ്കര അസ്സോസിയേഷൻ കമ്മററി പ്രസിഡൻറു് മെത്രാപ്പോലീത്താ അവർകളുടേയും ഇടവക മെത്രാപ്പോലീത്ത അവർകളുടെയും കല്പനയെ അനുസരിച്ചു് നടന്നുകൊള്ളുന്നു.

3) പള്ളിയിലുള്ള നിത്യകൎമ്മം മുതലായി ആത്മീകദിഷ്ടതികൾ നടത്തുന്നതിന്നു് പട്ടക്കാർ അവൎക്കുള്ള വീതപ്രകാരം ഓരോ ആഴ്ച മൂപ്പു് മുറക്കു് പള്ളിമുറിയിൽ താമസിക്കുകയും കുർബ്ബാന നമസ്ക്കാരം മുതലായ ദൈവിക ശുശ്രൂഷകളും സുവിശേഷപ്രസംഗവും ജനങ്ങളുടെ നിഷ്ഠാദികളും ഉദാസീനത കൂടാതെ നടത്തുകയും

അവരവരുടെആഴ്ച വീതത്തിൽ ജനങ്ങളിൽ നിന്നുണ്ടാകുന്ന പട്ടക്കാരുടെ വരുമാനങ്ങടം അവരവർ എടുക്കുകയും ആഴ്ചകുർബ്ബാന വകക്കു വച്ചിട്ടുള്ള ഉടമ നെല്ലും പട്ടക്കാർ പൊതുവായി ഭാഗിച്ചെടുക്കുവാനുള്ള ററു വരുമാനങ്ങളും ഭാഗിച്ചെടുക്കുകയും ചെയ്യുന്നതുകൂടാതെ കുർബ്ബാനവകക്കു വേണ്ടിവരുന്ന മെഴുകുതിരി, വീഞ്ഞ്, ഗോതമ്പ്, കുന്തുരുക്കം, സൈത്തു് മുതലായ സാമാനങ്ങടം പള്ളികാര്യത്തിൽ നിന്നു് കൊടുത്തു നടത്തേണ്ടതും ഞായറാഴ്ച ദിവസങ്ങളിൽ രണ്ടു കുർബ്ബാന ചൊല്ലേണ്ടതും ആകുന്നു.

4) നമ്മുടെ പരിശുദ്ധപിതാവാകുന്ന അന്ത്യോഖ്യാപാത്രിയക്കീസ് ബാവാ തിരുമനസ്സിലേക്കു് ആണ്ടുതോറും കൊടുക്കേണ്ടതായ റിശീശാപണവും പിരിച്ചെടുപ്പാനുള്ള ചുമതല പട്ടക്കാൎക്കുള്ളതും ആ വകപിരിവു് പട്ടക്കാർ എല്ലാവരും കൂടി ആലോചിച്ചും മുറി തിരിച്ചും അവരവരുടെ മുറിയിലെ പിരിവുകടം വലിയ നോമ്പിൻെറ അവസാനത്തോടുകൂടി പിരിച്ചു് തിരുമുമ്പാകെ ഏല്പിക്കേണ്ടതും ഈ സംഗതിയിൽ പട്ടക്കാരിൽ ആരെങ്കിലും വീഴ്ച കാണിച്ചാൻ ആ പട്ടക്കാരനും ഏതു ഭവനക്കാരൻ റീശീശാ കൊടുക്കാതിരക്കുന്നുവൊ അവനും മുടക്കപ്പെട്ടതായിരിക്കുകയും ചെയ്യും.

5) പള്ളി കൈക്കാരൻ പള്ളിവക മുതൽ സൂക്ഷിക്കുന്നതിനും പള്ളിവക മുതൽ കാര്യങ്ങളെ ക്രയ വിക്രയം ചെയ്യുന്നതിനും ഉള്ള അധികാരികളും ഭാരവാഹികളും ആകുന്നു. എങ്കിലും എല്ലാ കൈക്കാരരും അവരവരുടെ മുറക്കു് ശരിയായി എത്തി കാര്യങ്ങളെ അന്വേഷിച്ചു് നടത്തുന്നതിനു പ്രയാസമായി കാണുന്ന സ്ഥിതിക്കും പള്ളികാര്യങ്ങളുടെ ശുഭകരമായ നടത്തിപ്പിനും കൈക്കാരന്മാരുടെസഹായത്തിനുമായി ഉറപ്പു് വാങ്ങി ഒരു മുതൽപിടിക്കാരനേയും, ഒരു കണക്കനേയും നിശ്ചയിച്ചു നടത്തുന്നതു് എത്രയും നല്ലതും പ്രയോജനകരവും എന്നു് എല്ലാവൎക്കും അഭിപ്രായം ആകയാൽ ജാമ്യം സ്ഥിരപ്പെടുത്തി ഒരു മുതൽ പിടിയേയും കണക്കനേയും മേലിൽ നിശ്ചയിച്ചു നടത്തേണ്ടതെന്നു് നിശ്ചയിച്ചിരിക്കുന്നു.

6) പള്ളിവകയായി മേമ്പൂട്ടിൽ ഇരിപ്പുള്ള സാമാനങ്ങളിൽ പള്ളിയുടെ ആവശ്യങ്ങടംക്കൊ മററൊ എടുക്കേണ്ടതായി വന്നാൽ

എടുത്തു് അടിയന്തിരങ്ങാം വീഴ്ചകൂടാതെ നടത്തിക്കയും കണക്കൊ ആധാരങ്ങളൊ വല്ല വ്യവഹാരങ്ങാംക്കും കാണിക്കേണ്ടതായി വന്നാൽ തന്നാണ്ടു കൈക്കാരന്മാരെ ഏല്പിച്ചു് രശീതി വാങ്ങി ആവശ്യം നിറവേററുകയും ആവശ്യം കഴിയുമ്പോഠം തിരികെ വാങ്ങി മേമ്പൂട്ടിൽ വച്ചു് സൂക്ഷിക്കേണ്ടതും, ആവശ്യങ്ങാംക്കു് മേമ്പൂട്ടിൽ നിന്നു് എടുത്തു കൊടുക്കുന്നതിനു് കൈക്കാരരിൽ ആരെങ്കിലും ഹാജരാകാതെ അടിയന്തിരം മുടക്കുകയോ താമസപ്പെടുത്തുകയൊ ചെയ്താൽ അങ്ങനെ ചെയ്യുന്ന കൈക്കാരനെ കുററപ്പെടുത്തേണ്ടതും ആകുന്നു.

7) പള്ളിവക ജംഗമ വസ്തുക്കളും സ്ഥാവരവസ്തുക്കളുടെ ആധാരങ്ങളും എഴുതി തീൎത്ത കണക്കുകളും മേമ്പൂട്ടിൽ വച്ചു സൂക്ഷിക്കേണ്ടതുമല്ലാതെ പള്ളിവകയായി ലിസ്ററിൽ ചേൎത്തിട്ടുള്ള സകല വകകാംക്കും കൈക്കാരന്മാർ ഉത്തരവാദികളായിരിക്കേണ്ടതും പള്ളിയുടെ നിത്യനിദാന ആവശ്യത്തിനുവേണ്ടി കപ്യാരന്മാരെ ഏല്പിക്കുന്ന സാമാനങ്ങാംക്കു് കൈക്കാരന്മാർ പ്രമാണം വാങ്ങേണ്ടതും ആകുന്നു.

8) കൈക്കാരന്മാർ ഈ രണ്ടു ആളുകാം ചേൎന്നു് ഓരോ ആണ്ടിൽ കാൎയ്യങ്ങാം അന്വേഷിക്കുകയും പള്ളിക്കു് പിരിവാനുള്ളതൊ, മററു ഏതു സംഗതിക്കൊ അത്യാവശ്യം കൊടുക്കേണ്ടതായി വന്നാൽ തന്നാണ്ടു കൈക്കാരന്മാർ അന്യായം കൊടുക്കേണ്ടതു, പള്ളിക്കു ആവശ്യമായി പട്ടക്കാരും കൈക്കാരന്മാരും കൂടി അനുവദിക്കപ്പെടുന്ന പണികാം തന്നാണ്ടു കൈക്കാരന്മാരുടെ അന്വേഷണത്തോടെ മുതൽ പിടിക്കാരൻ നടത്തി അതാതു മാസങ്ങളിലും വരവു ചെലവു കണക്കുകാം എഴുതി അതാതു മാസം 30-ാംനു- തന്നാണ്ടു കൈക്കാരനു് കണക്കുകാം പരിശോധിച്ചു് അടയാളം വച്ചു കൊടുക്കുകയും മുതൽ പിടിയിലുള്ള ഇരിപ്പു് തിട്ടപ്പെടുത്തി ഇരിപ്പുള്ള സംഖ്യ മേമ്പൂട്ടിൽ വെപ്പിക്കുകയും കണക്കിൻെറ ഒരു പകൎപ്പ് മുതൽ പിടി, കണക്കൻ ഇവരെക്കൊണ്ടു് അടയാളം വയ്പിച്ചു് വാങ്ങി തന്നാണ്ടു കൈസ്താനത്തിൽ സൂക്ഷിക്കേണ്ടതും അപ്പഴപ്പോഠം ഉള്ള വരവുകൊണ്ടു് ചിലവു നടക്കാതെ വന്നാൽ ആവശ്യമുള്ള പണം മുതൽ പിടിക്കാരൻ കൈക്കാരന്മാൎക്കു രസീതു കൊടുത്തു വാങ്ങി ആവശ്യപ്പെടുന്ന ചെലവുകാം ചെയ്തു നടത്തേണ്ടതും ആകുന്നു.

9) തന്നാണ്ട കൈക്കാരരാൽ നടത്തപ്പെടുന്ന വ്യവഹാരങ്ങാം അവരവർ തന്നെ പൂർത്തിപ്പെടുത്തുവാൻ കഴിയാഞ്ഞാൽ ആ സ്ഥാനത്തേക്ക് മററാണ്ടിൽ വരുന്ന കൈക്കാരർ കക്ഷിചേൻറ വ്യവഹാരം നടത്തേണ്ടതും വ്യവഹാരം നടത്തുന്നതിൽ വേണ്ടചെലവുകാംചെയ്യും, അപ്പഴപ്പോാം വേണ്ടിവരുന്ന അന്വേഷണങ്ങാം ചെയ്യും നടത്തേണ്ടിയ ചുമതല മുതൽ പിടിക്കാരനും കണക്കനും ഉള്ളതാകുന്നു.

10) തന്നാണ്ട കൈക്കാരക്ക് മുതൽപിടി, കണക്കൻ ഇവരാൽ എഴുതപ്പെടുന്ന കണക്കുകളും അവരാൽ നടത്തപ്പെടുന്ന പ്രവൎത്തികളും വികാരിയും, ശേഷം പട്ടക്കാരും, കൈക്കാരരും യോഗക്കാരും കൂടി ചിങ്ങം 1-ാംനു മുതൽ 15-ാം തിയതിക്ക്ക്കകം പരിശോധിച്ച് തിരട്ടുതീൎത്തും കണക്കിലും തിരട്ടിലും യോഗക്കാർ അടയാളപ്പെടുത്തി കണക്ക് മേമ്പൂട്ടിൽ വയ്ക്കുകയും തിരട്ട് മെത്രാപ്പോലീത്താ തിരുമുമ്പാകെ അയക്കുകയും ചെയ്യേണ്ടതുകൂടാതെ അതാതാണ്ടുകളിൽ കൈക്കാരരു് ചെയ്യുകയും ചെയ്യിക്കുകയും ചെയ്യുന്ന പ്രവൎത്തികളുടെ ഗുണദോഷാവസ്ഥയെ കുറിച്ച് യോഗം ഒരു ഡയറി എഴുതി റിക്കാട്ടിൽ വയ്ക്കുകയും അതാതാണ്ട കൈക്കാരന്മാരുടെ യോഗ്യതയേയും പ്രവൎത്തിയേയും മെത്രാപ്പോലീത്താ അറിവിന്നായി അതിൻെറ പകർപ്പ് തിരട്ടോടുകൂടി മെത്രാപ്പോലിത്തായിക്ക് അയച്ചു കൊടു ക്കേണ്ടതും ആകുന്നു.

11) പള്ളിയുടെ മേമ്പൂട്ടിനു് 9 താക്കോലും, ഇവകളിൽ ഓരോ താക്കോൽ കൈക്കാരന്മാർ എട്ട പേക്കും കൊടുക്കേണ്ടതും, വികാരിത്വം പട്ടക്കാരുടെ മൂപ്പ് മുറ അനുസരിച്ച് ഓരോ കൊല്ലം ഓരോ പട്ടക്കാരൻ താക്കോൽ വഹിച്ചും കൈക്കാരന്മാരോടുകൂടി നടക്കേണ്ടതും ആകുന്നു.

12) പട്ടക്കാരൊ കൈക്കാരന്മാരൊ മുതൽ പിടിക്കാരനൊ, കപ്യാരന്മാരൊ ഏതെങ്കിലും തെററുകാം ചെയ്താൽ അവരെ ശിക്ഷിക്കുകയൊ, മാററുകയൊ ചെയ്യുന്നതിനു് മെത്രാപ്പോലീത്തായിക്ക് എഴുതി അയക്കുകയും അവിടെ നിന്നും കുററം നിശ്ചയിച്ചു വരുന്ന കല്പന പ്രകാരം എല്ലാവരും അനുസരിച്ചു നടക്കേണ്ടതും ആകുന്നു.

13) മുഖാറപള്ളിയുടെ കണക്കുകളും 57 മുതൽ ഇതേവരെ ഇരു കക്ഷികളായി പിരിഞ്ഞു് ഓരോ കക്ഷികാം പള്ളി വക വരുമാനങ്ങാം എടുത്തു ചെലവു ചെയ്ത വരവുചെലവിൻെറ കണക്കുകളും, ഓരോരുത്തർ പണിക്കു കൊടുപ്പാനുള്ള കണക്കുകളും ഇപ്പോഠം കേട്ടു തീരുമാനിപ്പാനൊ മുതൽ പിരിച്ചു് വസൂൽ ചെയ്‌വാനൊ തിരുമേനിക്കു് എനമില്ലാതിരിക്കുന്നതിനാൽ-ടി-വക കണക്കുകാം ഒക്കെയും കേട്ടു് തീരുമാനിപ്പാനായി തിരുമനസ്സുകൊണ്ടു് തക്കതായ ഒരാളിനെ നിയമിച്ചു് 6 മാസത്തിനകം കണക്കുകാം ഒക്കെയും കേട്ടു തീരുമാനിച്ചും കെട്ടിവയ്ക്കാനുള്ള ആളുകളെക്കൊണ്ടു് കെട്ടിവയ്പിച്ചും കാര്യങ്ങാം തീരുമാനിക്കാമെന്നു് കല്പിച്ചിരിക്കുന്ന പ്രകാരം തിരുമനസ്സുകൊണ്ടു് ആരെ നിയമിക്കുന്നുവൊ അയാളെ കണക്കുകാം കോംപ്പിച്ചു കെട്ടിവെപ്പാനുള്ളതു് തക്കം പറയാതെ കെട്ടി വച്ചും നടന്നു കൊള്ളുന്നു.

14) കൈക്കാരന്മാരിൽ ഓരോ കൊല്ലത്തേക്കു് രണ്ടു പേർ വീതം ചേൎന്നു നടത്തണമെന്നു് മേൽവകുപ്പിൽ പ്രസ്ഥാവിച്ചിട്ടുണ്ടെങ്കിലും ഓരോ കൊല്ലം ഇന്നാരും ഇന്നാരും കൂടി കൈസ്ഥാനവേല നടത്തണമെന്നു് സ്ഥിരപ്പെടുത്തേണ്ടതു് ആവശ്യമാകയാൽ 68-ാം മാണ്ടു് കല്ലറയ്ക്കൽ വക്കിയും പൊയ്ക്കാട്ടിൽ മാത്തുവും 69-ൽ പൊയ്ക്കാട്ടിൽ തരിയതും അറയ്ക്കൽ ഐപ്പും, 70-ാം ആണ്ടു് മരങ്ങാട്ടു പൈലിയും മററമന കളപ്പുര കരിയനും, 71-ാം ആണ്ടു ആത്തുങ്കൽ ഇട്ടൂപ്പും * മോണം കന്നത്തു വറിയതും-ടി-മുറക്കു് മേലിൽ നടപ്പാനുള്ളതാകുന്നു. പള്ളിവക ആധാരം മുതലായ രേഖകാം ഇപ്പോഠം കോടതിയിൽ ഇരിക്കുന്നതുകൊണ്ടു് ചുവടെ വിവരിച്ചിട്ടുള്ളതും ആയിരം രൂപാ മതിപ്പു വരുന്നതുമായ സ്ഥാവര ജംഗമങ്ങാം കൂടാതെ വേറെ ഇതിൽ വിവരിക്കാതെ വല്ലതും വിട്ടുപോയിട്ടുണ്ടായിരുന്നാൽ ഉടനെ തീൎത്തു തയ്യാറാക്കി റജിസ്റ്ററർ ചെയ്തും മേമ്പൂട്ടിൽ വയ്ക്കേണ്ടതാകുന്നു.

---

* ആത്തുങ്കൽ ഇട്ടൂപ്പിൻെറ പൗത്രൻ ഇട്ടൂപ്പിൻെറ മകൻ ഗീവറുഗിസ്സ് കത്തനാർ ആണു് ഈപുസ്തകത്തിൻെറ ഗ്രന്ഥകൎത്താവു്. 1118-ൽ 40 വയസ്സു്.

15) പള്ളിക്കു വരുവാനുള്ള നെല്ല്, പണം, സാമാനങ്ങൾ മുതലായതുകൾ തരുവാനുള്ളതു് ന്യായമായി വസ്സാതിരുന്നാൽ അതതുകളെ വയ്പിക്കുന്നതിനു് ഒരു വിധത്തിലും ഒന്നാം വകുപ്പ് ബാധകമാകുന്നതല്ല. ഇപ്പോൾ-ടി യോഗനിശ്ചയത്തെ അനുസരിക്കാതെയും ധിക്കരിച്ചും നില്ക്കുന്ന ആളുകൾക്കു പകരം മെത്രാപ്പോലീത്താ തിരു മനസ്സിലെ അനുമതിയോടുകൂടിയും കല്പനപ്രകാരവും നൂതനമായി ആളുകളെ ചേർത്തിട്ടുള്ളതാകുന്നു.''

# അദ്ധ്യായം 5

## ആധുനികകാലം .1068-1118 (1893-1943)

ഈ അദ്ധ്യായത്തിൽ M. E. 1118 വരെ ഉള്ള ചില ചരിത്ര സംഭവങ്ങൾ മാത്രമാണു് എഴുതിയിരിക്കുന്നതു്. അതിനാൽ ഇനി വിവരിക്കുവാൻ ഉദ്ദേശിക്കുന്ന കഴിഞ്ഞ അമ്പതു വർഷത്തെ ചരിത്രം ഇപ്പോൾ ജീവിച്ചിരിക്കുന്ന പലക്കും അറിയാവുന്നതുകൊണ്ടും ഭാവിയിലെ എഴുത്തുകാർ വിശദമായി രേഖപ്പെടുത്തട്ടെ എന്നും വിചാരിച്ചും 1068 മുതൽ 1118 വരെ ഉള്ള സംഭവങ്ങളുടെ ചുരുങ്ങിയ വിവരം മാത്രമാണു് താഴെ ചേക്കുന്നതു്,

### 1. ഇടവക മെത്രാപ്പോലീത്തൻമാർ:-

1) കടവിൽ പൗലോസ് മാർ-അത്താനാസിയോസ് 1083 വരെ,

2) കുററിക്കാട്ടിൽ (പൈനാടത്തു്) പൗലോസ് മാർ-അത്താനാസി യാസ് 1085 മുതൽ.

### 2. പട്ടക്കാർ. 1068-ൽ

1) പുത്തൻകുടി പടയാട്ടിൽ വക്കി ഇത്താപ്പിരി കത്തനാർ

2) പൊയ്ക്കാട്ടിൽ ഇട്ടീര (അബ്രാഹം) കത്തനാർ

3) അറക്കൽ കോരതു് മാത്തു കത്തനാർ (ഇത്താപ്പിരി കത്തനാർ)

4) മേനോത്തുമാലി ചുമ്മാരു് തോമസ് കത്തനാർ

5) തോമ്പ്ര ഇട്ടീര പൗലോസ് കത്തനാർ

6) പടയാട്ടിൽ ഇത്താപ്പിരി കത്തനാർ മകൻ ഇസ്സാക്കു് കത്തനാർ

7) മരങ്ങാട്ട പൈലി മാത്തു കത്തനാർ
പിന്നീടു്

8) തട്ടാംപുറത്തു് ഇട്ടൂപ്പ് കത്തനാർ

9) പുതുശ്ശേരി പൈലി പൗലോസ് കത്തനാർ

10) മററമന കുഞ്ഞൻകുരിയാക്കോസ് കത്തനാർ

1115–ൽ പടയാട്ടിൽ ഇസ്സാക്കു്കത്തനാർ, തട്ടാംപുറത്തു് ഇട്ടൂപ്പ് കത്തനാർ പുതുശേരി പൗലോസ കത്തനാർ എന്നിങ്ങനെ മൂന്നുപേർ മാത്രം ശേഷിച്ചു. തുടന്നു 1115 മകരം 1 മുതൽ ഈ എഴുത്തുകാരൻ ആത്തുങ്കൽ ഇട്ടൂപ്പ് ഗീവറുഗീസ് കത്തനാർ ഈ പള്ളിയിലെ വികാരി ആയി പ്രവേശിച്ചു.

**3. കൈക്കാരന്മാർ** 1068 മുതൽ

1) കല്ലറക്കൽ കോര വക്കി, തുടന്നു് വക്കി പൈലി

2) ഉറുമിയാടൻ (പൊയ്ക്കാട്ടിൽ) മാത്തു 1082 വരെ

3) പൊയ്ക്കാട്ടിൽ തരിയതു് പന്നീടു് പുരവത്തു മാത്തു 1081 വരെ

4) അറയ്ക്കൽ ഐപ്പു് പിന്നീടു് വക്കി മാത്തുള്ള 1081 വരെ

5) മരങ്ങാട്ടു് പൈലി തുടന്നു് മകൻ അബ്രഹാം

6) മങ്ങാട്ട മററമന പൈലി കുരിയൻ 1082 വരെ

7) ആത്തുങ്കൽ ഇട്ടൂപ്പ് തുടന്നു് മകൻ ഇട്ടിക്കുഞ്ഞൻ 1082 വരെ

8) മോണംകുന്നത്തു് (കോനേക്കാട്ടു) കോര വറിയതു് 1082 വരെ

**4. ഭരണരീതി**

ആധുനിക കാലത്തെ പൊതുജനഭരണകാലമെന്നൊ, സങ്കലിത ഭരണകാലമെന്നൊ, ഡെമോക്രാററിക്കു് എപ്പെസ്കോപ്പൻ ഭരണകാ

ലമെന്നൊ പറയാവുന്നതാണ്. കാരണം; 1068 ന മുമ്പ് കൈക്കസ്ഥാനം പിന്തുടർച്ചാവകാശമായി സ്ഥിതി ചെയ്തിരുന്നു. കൈക്കസ്ഥാനയോഗം കൂടുമ്പോൾ മാത്രം പ്രായം കൂടിയ മൂപ്പച്ചൻ അദ്ധ്യക്ഷത വഹിച്ചിരുന്നു. എന്നാൽ 1068 ന ശേഷം ആ സ്ഥിതിക്ക് മാററം സംഭവിച്ചു, 1068-ൽ മാററപ്പെട്ട രണ്ടു കൈക്കാരന്മാർക്ക് പകരം ഇടവകജനങ്ങൾ തെരഞ്ഞെടുത്ത രണ്ടു പേർ കൈക്കസ്ഥാനത്തിൽ പ്രവേശിച്ചു. അവക്കു മെത്രാപ്പോലീത്താ അംഗീകരണവും നല്കി. പള്ളികണക്കുകൾ കേൾക്കുന്നതിന് ഇടവക ജനങ്ങൾക്ക് നേരിയ തോതിൽ ഒരു അവകാശം ലഭിച്ചു. പള്ളിയിലെ എട്ടു കൈക്കാരന്മാരും ഇടവക പട്ടക്കാരും ചേരുന്നതു് പള്ളിയോഗം (ചർച്ചു കമ്മററി. തന്നാണ്ടു വികാരി യോഗാദ്ധ്യക്ഷൻ ഇദംപ്രഥമമായി ഒരു മുതൽപിടിയും കണക്കനും നിയമിക്കപ്പെട്ടു. ഇടവക മെത്രാപ്പോലീത്തായിക്ക് കണക്കിന്മേൽ ഒരു അവകാശം ലഭിച്ചു. ഈ രീതി നിലവിൽ വന്നു എങ്കിലും ജനപ്രതിനിധികളെ കണക്കു കേൾപ്പിച്ചിരുന്നില്ല. ഇതിന്മേൽ 1081-ൽ ശക്തിയായ പ്രക്ഷോഭണം ഉണ്ടായി. അതിൻെറ ഫലമായി 1081 തുലാമാസത്തിൽ ഇടവക ജനങ്ങളെ പ്രതിനിധീകരിച്ചു് പള്ളിയോഗത്തിൽ സംഗതികൾ പറയുന്നതിനും കണക്കുകൾ കേൾക്കുന്നതിനും ഇടവക പൊതുയോഗം കൂടി ജനപ്രതിനിധികളായി പത്തു പേരെ തെരഞ്ഞെടുക്കുകയും അറക്കൽ വക്കി മാത്തുള്ളയെയും പൊയ്ക്കാട്ടിൽ പുരവത്തു മാത്തുവിനേയും മാററി പകരം കോലാഞ്ഞി വക്കി മാണിയേയു , മേയ്ക്കാമാലിൽ തൊമ്മൻ മത്തായിയേയും കൈക്കാരന്മാരായി തെരഞ്ഞെടുത്തു തുടന്നു് ഇടവക ജനപ്രതിനിധികൾക്ക് പള്ളികമ്മററിയിൽ അംഗത്വം ലഭിച്ചു. താമസംവിന 1082-ൽ ഇടവക പൊതുയോഗം തന്നാണ്ടു വികാരിയുടെ അദ്ധ്യക്ഷതയിൽ കൂടി എല്ലാ കൈക്കാരന്മാരും താക്കോൽ വച്ചു് പുതിയ തെരഞ്ഞെടുപ്പു നടത്തി. ആത്തുങ്കൽ ഇട്ടികുര്യതിൻെറ പേരിൽ സ്വത്തു് ഇല്ല എന്നുള്ള കാരണത്താൽ അദ്ദേഹത്തെ മാററി പകരം ആളെ രെഞ്ഞെടുത്തു. തെരഞ്ഞെടുപ്പിൽ ഏററവും പഴയ കമ്മററിയിൽനിന്നു് രണ്ടു പേർ മാത്രം തിരഞ്ഞെടുക്കപ്പെട്ടു. പുതിയ കമ്മററിയിലേക്കു് തെരഞ്ഞെടുക്കപ്പെട്ട എട്ടു കൈക്കാരന്മാരുടെ പേരു വിവരം താഴെ ചേക്കുന്നു.

1) മരങ്ങാട്ടു ഐപ്പ് പൈലി 2) കല്ലറോത്തുകുടി ഔസേഫ് വക്കി 3) കോലാഞ്ഞി വക്കി മാണി 4) മേസ്ലാമാലി തൊമ്മൻ മത്തായി 5) കല്ലറക്കൽ വക്കി പൈലി 6) മററമന ഇട്ടപ്പ് ഔസേഫ് 7) പൊയ്ക്കാട്ടിൽ പൈലി യോയാക്കി 8) കല്ലുങ്കൽ ചാക്കൊ തൊമ്മൻ. ഇപ്രകാരം പള്ളിയോഗം എന്നു പറയുന്നതു് ഇടവക പട്ടക്കാരും, എട്ടു കൈക്കാരന്മാരും, പത്തു ജനപ്രതിനിധികളും ചേൎന്ന ഒരു കമ്മററി ആയി രൂപാന്തരപ്പെട്ടു- തന്നാണ്ടു വികാരിയും തന്നാണ്ടു കൈക്കാരന്മാരും ചേരുന്നതു് തന്നാണ്ടു ഭരണക്കാർ. തന്നാണ്ടു വികാരിയും എട്ടു കൈക്കാരന്മാരും ട്രസ്റ്റികരം. മുതൽപിടി ട്രഷറാർ തന്നാണ്ടു ഭരണം ആണ്ടുതോറും മാറി മാറി നടത്തിവന്നു. അതായതു് പട്ടക്കാരുടെ മൂപ്പുമുറ അനുസരിച്ചു് ഓരോ പട്ടക്കാർ ഓരോ വർഷം തന്നാണ്ടു വികാരി, കൈക്കാരന്മാർ രണ്ടുപേർ വീതം മാറിമാറി കൈസ്ഥാനം നോക്കി വന്നു. പത്തുപട്ടക്കാർ ഉണ്ടായിരുന്നതനുസരിച്ചു് ഇടവകയെ പത്തു കരകളായി തിരിച്ചു് ഓരോ കരയിലെ പ്രധാന മേൽനോട്ടം ഓരോ പട്ടക്കാരനെ ഏല്പിച്ചു. ഓരോ പട്ടക്കാരൻെറ കീഴിൽ ഓരോ കരമൂപ്പൻ എന്ന പ്രകാരം പത്തു കരമൂപ്പന്മാരെയും നിയമിച്ചു. തുടൎന്നു നാലു വർഷം കഴിയുമ്പോരം വീതം പുതിയ കൈക്കാരന്മാരെയും ജനപ്രതിനിധികളേയും തെരഞ്ഞെടുക്കുന്ന രീതി നടപ്പിലായി. പട്ടക്കാരുടെ ഭൂരിപക്ഷവും കൈക്കാരന്മാരുടെ ഭൂരിപക്ഷവും ജനപ്രതിനിധികളുടെ ഭൂരിപക്ഷവും സമ്മതിക്കുന്ന സംഗതികരം പള്ളി കമ്മററിയിൽ പാസാക്കി ഡയറി എഴുതി വന്നു. 1118 ആയപ്പോഴേക്കും കൂടുന്ന പള്ളിയോഗത്തിൻെറ ഭൂരിപക്ഷംപേർ സമ്മതിക്കുന്ന സംഗതികരം പാസാക്കിവന്നു. പള്ളിയോഗത്തിൻെറ കോറം 14 എന്നു് നിജപ്പെടുത്തി. ഈ വിധത്തിലുള്ള രീതികരം ഡയറിനിശ്ചയം കൊണ്ടു് സാധിച്ചുവന്നു. ഇതിനു് ചിലപ്പോരം ഇടവക മെത്രാപ്പോലീത്തയുടെ അംഗീകരണം ലഭിച്ചിട്ടുണ്ടു്. 1082-നു ശേഷം ചിറയ്ക്കൽ, മാണിയാടൻ, കോച്ചേരി, എമ്പാശ്ശേരി, പടയാട്ടി, പുതുശ്ശേരി, താണിയേലിമാലി, പാത്തിക്ക, ശ്രാമ്പിക്കുടി, മുറിക്കൻ, പാണാടൻ, കല്ലുങ്ക, നടക്ക, ഇരുമല, കോതേച്ചിക്കുടി, നെല്ലിക്കാക്കുടി, മുട്ടത്തു്, എടക്കര, കല്ലറയ്ക്കൽ,

മുതലായ ചില വീടുകളിൽ നിന്നും ചിലർ പള്ളികമ്മററിയിൽ പ്രവേശിച്ച് സേവനം നടത്തിയിട്ടുണ്ട്.

**5. 1068 നു ശേഷം പള്ളികമ്മററിയിൽ പ്രവേശിച്ച ചിലരുടെ കുടുംബ ചരിത്രം താഴെ ചേർക്കുന്നു.**

1) മററമന: ഇവർ കിടങ്ങയത്തുനിന്നും കാഞ്ഞൂർ വരുകയും അവിടെ നിന്ന് ഒരാറ് കുറുപ്പമ്പടിയിലും പിന്നീട് 946-ൽ പ്രളയിക്കാട്ട വന്നു താമസം ഉറപ്പിച്ചു. പ്രളയിക്കാട്ടുള്ള അവരുടെ തറവാടിനു് വലിയ വീട് എന്നു അവർ പറയുന്നു. അവിടെ നിന്നും പിരിഞ്ഞുപോയവരാണ് മററമനവീട്ടുകാർ. ഇവരുടെ ജന്മം കിടങ്ങയം എന്നാകുന്നു. ഇവരിൽ പലരും സാമ്പത്തികമായും, വിദ്യാഭ്യാസപരമായും, സാമൂഹ്യപരമായും വളരെ അഭിവൃദ്ധി പ്രാപിച്ചിട്ടുണ്ട്. ഇവർ ജനപെരുപ്പമുള്ള ഒരു വർഗ്ഗമാണ്. ഇവരിൽ മററമന കുരിയൻ മാസ്റ്റർ, കുരിയൻ മാത്തു, കുരിയൻ കുരിയാക്കോസ് കത്തനാർ, ഗീവറുഗീസ് കത്തനാർ, മുതലായവരുടെ ഉത്സാഹഫലമായി അവരുടെ ഒരു കുടുംബയോഗം സംഘടിപ്പിച്ചുവരുന്നു. ഇവരിൽ കുരിയൻ മാത്തു, കുരിയാക്കോസ് കത്തനാർ, എം. വി. കുരിയൻ മാസ്റ്റർ തുടങ്ങിയുള്ളവർ ഈ എഴുത്തുകാരൻെറ അപ്പൂപ്പൻ വക്കിയുടെ അമ്മ മറിയത്തിൻെറ അപ്പൻ പുതുശ്ശേരി വക്കിയുടെ സഹോദരി അച്ചണ്ണിയുടെ സന്താന പരമ്പരയാണ്. കുര്യൻ മാത്തു കുറുപ്പമ്പടി പള്ളിയിൽ കൈക്കാരൻ ആയിരുന്നു. അദ്ദേഹം ഇപ്പോഴത്തെ വട്ടിപ്പണ കേസ്സിൽ പാത്രീയക്കീസ് ഭാഗം സാക്ഷി ആയിരുന്നു. ജഡ്ജ്മെൻറിൽ അദ്ദേഹത്തിൻെറ മൊഴി പ്രസക്തം ആയിരുന്നു.

2) കോനേക്കാട്ട് (മോണംകുന്നത്ത്): കോനേക്കാട്ട എന്നുള്ളതു് കുടി പേരു് ആണ്. കോനേക്കാട്ട എന്ന കുടി പേരിൽ മററമനയിൽ ചില വീടുകളും അറിയപ്പെട്ടിരുന്നു. മോണംകുന്നത്തുകാർ കടമററത്തു നിന്നും വന്നവരാണ്. കടമററത്തു നിന്നും വന്ന പൈലി മുടക്കുഴ താമസിച്ചിരുന്നു. അവിടെ നിന്നും മൂത്തമകൻ മുടക്കിരായിൽ പുള്ളാക്കുടി എന്ന പുരയിടത്തിലും രണ്ടാമൻ കോര പ്രളയിക്കാട്ട കോനേക്കാട്ട് എന്ന പുരയിടത്തിലും താമസമാക്കി. കോര 1012-ൽ പുലയരെ തീറു വാങ്ങിയ ഒരു ഓലയിൽ ഇപ്രകാരം

കാണുന്ന 'മഹാദേവർ പട്ടണം മുതലായി മുടക്കുഴകുടിയിരിക്കും മോണംകുന്നം പൈലികോരപേക്ക്''. കോരതിന്റെ മകൻ വറിയതും, വറിയതിന്റെ മകൻ ഇത്താപ്പിരിയും, ഇത്താപ്പിരിയുടെ മകൻ ഗീവറുഗീസും ഓരോ കാലത്ത് പള്ളിയിൽ കൈക്കാരന്മാർ ആയിരുന്നു. വറിയതിന്റെ മകൻ പൗലോസിന്റെ (പൈലിയുടെ) മകൻ കോരത് ദീർഘനാൾ മുടക്കിരായി സണ്ടേസ്കൂൾ ഹെഡ്മാസ്റ്റർ ആയിരുന്നു. അദ്ദേഹം എന്റെ പിതാവ് ഇട്ടൂപ്പിന്റെ വൈദിക ശിഷ്യനും ചാർച്ചയിൽ പെട്ടദേഹവും ആണ്.

3) പുതുശ്ശേരി: ഇവരുടെ ജന്മം മൂലായം എന്നാണ്-കാക്കരോടൻ-കല്ലറക്ക (നെടുങ്ങപ്ര) വീട്ടുകാർ മൂലായം ജന്മത്തിൽ പെട്ടവർ ആണെന്നു പറയുന്നു. മൈലിക്കുവിൽ നിന്നു വന്ന പുതുശ്ശേരി വർക്കിക്ക് മൂന്നു ആൺ മക്കൾ. മൂത്ത മകൻ വർക്കി കരിമ്പിൻകാല പുരയിടത്തിൽ താമസിച്ചതിനാൽ അവരെ കരിമ്പകാല പുതുശ്ശേരി എന്നും, രണ്ടാമൻ ചാക്കൊ തറവാടിന്റെ തെക്കെ പുരയിടത്തിൽ താമസിച്ചതിനാൽ തെക്കെ വീടൻ പുതുശ്ശേരി എന്നും പറയുന്നു. തറവാട്ടിൽ താമസിച്ചിരുന്ന ഇളയ മകൻ പൈലിയുടെ മകൾ അച്ചുണ്ണിയെ മററമനയിൽ കല്യാണം കഴിച്ചിരുന്നു. പൈലിയുടെ മകൻ വർക്കിക്ക് മറിയം, മത്തായി, പൈലി, വർക്കി, മാത്തുള്ള എന്നങ്ങനെ അഞ്ചു മക്കൾ. ഇതിൽ മറിയം എന്റെ അപ്പൂപ്പൻ വർക്കിയുടെ മാതാവ് ആണ്. പൈലിയുടെ മകൻ ആണ് പുതുശ്ശേരി പൗലോസ് കത്തനാർ, വർക്കിയുടെ മകൻ പൈലി കുറുപ്പമ്പടി പള്ളിയിൽ കൈക്കാരൻ ആയിരുന്നു. മാത്തുള്ളയുടെ മകൻ കോര കുറുപ്പമ്പടി പള്ളിയിൽ മുതൽപിടി ആണ്.

4) കോതേച്ചിക്കുടി ഇവരുടെ ജന്മം പെരുമ്പള്ളി എന്നാണ്. ഇവർ പുല്ലുവഴിയിൽനിന്നും രായമംഗലത്ത് കോതേച്ചിക്കുടി എന്ന പുരയിടത്തിൽ താമസിച്ചതിനാൽ കോതേച്ചിക്കുടി എന്ന പേർ ഉണ്ടായി. കോതേച്ചിക്കുടി മാണി മാത്തു ആശാൻ 1019-ൽ ജനിച്ചു. 1050 മുതൽ 1068 വരെ കോട്ടയത്ത് സി. ജെ. കുരിയന്റെ അപ്പന്റെ കൺട്രാക്റ്റ് പണിയിൽ കണക്കു എഴുത്തുകാരൻ ആയിരുന്നു. 1068-ൽ മാത്തു ആശാൻ കുറുപ്പമ്പടി പള്ളിയിലെ കണക്കനും തുടർന്നു മുതൽപിടിയും ആയി ജോലി ചെയ്തിരുന്നു. മാത്തുവിന്റെ

മകൻ മാണി പിന്നീട് പള്ളിയിലെ മുതൽപിടി ആയിരുന്നിട്ടുണ്ടു്. ഇദ്ദേഹത്തിൻെറ വീട്ടിൽ കുറുപ്പമ്പടി പള്ളിയുടെ ഒരു ചരിത്രം എഴുതി സൂക്ഷിച്ചിട്ടുണ്ടു്, ആയതു് ഈ എഴുത്തുകാരനു് വളരെ പ്രയോജനപ്പെട്ടു.

5) ശ്രാമ്പിക്കടി ഇവരുടെ ജന്മം തീയാടിപറമ്പിൽ എന്നാണു്. പാറപ്പാടൻ, തേലക്കാടൻ, ചേന്നോത്തുമാലി വീട്ടുകാർ ഈ ജന്മത്തിൽ പെട്ടവർ ആണു്. ഇവർ കുറുപ്പമ്പടിയിൽ ഒരു ശ്രാമ്പി (മാളിക) ഉണ്ടായിരുന്ന കുടിയിൽ താമസിച്ചിരുന്നതിനാൽ ശ്രാമ്പിക്കടി എന്ന പേർ ഉണ്ടായി. ഇവർ ഇപ്പോൾ കോട്ടപ്പടി-എടനാട്ടു് കുറുപ്പമ്പടി ഭാഗങ്ങളിൽ താമസിക്കുന്നു കോട്ടപ്പടി പള്ളി വികാരി ബ: ശ്രാമ്പിക്കടി അച്ചൻ ഈ കുടുംബത്തിൽ പെട്ടതാണു്, ഈ കുടുംബത്തിൽപ്പെട്ട എസ്. പി. വക്കി കുറുപ്പമ്പടി എം. ജി. എം. സെക്കണ്ടറി സ്കൂളിലെ അദ്ധ്യാപകനായി ദീർഘകാലം ഇരുന്നിരുന്നു, കൂടാതെ പള്ളികമ്മററി മെമ്പറും ആയിരുന്നു.

6) എമ്പാശ്ശേരിയുടെ ജന്മം പുതിയാമഠത്തിൽ എന്നാണു്. പുതിയാമഠം വീട്ടുകാർ കടമററം ഇടവകയിൽ ഉണ്ടു്. പന്തലിക്കടി ഈ ജന്മത്തിൽപെട്ടതാണു്. കോലഞ്ചേരിയിൽ ചെന്നക്കാടൻ ലഹന്നാൻ എമ്പാശ്ശേരിയിൽ ദത്തു താമസം, ഉലഹന്നാനു് വക്കി പൈലി എന്നിങ്ങനെ രണ്ടു ആൺ മക്കൾ-വക്കിയുടെ മകൻ ലഹന്നാൻ കുറുപ്പമ്പടി പള്ളിയിൽ കൈക്കാരൻ ആണു്. ഒ. വക്കി ബി. എ. ബി. എൽ. ഇ. ജെ. ജോൺ B. A. L. T.; ഈ. ജെ. പൗലോസ് എന്നിവർ മി. ഉലഹന്നാൻെറ മക്കൾ ആണു്. ഇപ്പോൾ നടക്കുന്ന വട്ടിപ്പണകേസിൽ മി. ഒ. വക്കി പാത്രിയക്കീസ് ഭാഗത്തെ ഒരു സാക്ഷി ആയിരുന്നു.

## 6. ചില സംഭവങ്ങൾ

ഈ പള്ളിയുടെ കുരിശുപള്ളി ആയിരുന്ന അല്ലപ്രപള്ളിയിൽ നിന്നും വഴക്കു കാലത്തു് 1060-ൽ കൊണ്ടുവന്ന വെള്ളിപൂച്ച കാസാ കൂട്ടം ഒരു ജോടി, ഒ ട്ടു കുരിശു് ഒന്നു് ഓട്ടുകൊണ്ടുള്ള ധൂപക്കററി ഒന്നു് എന്നിവ അല്ലപ്ര പള്ളിയിൽ തിരികെ ഏല്പിച്ചു. അന്ത്യോഖ്യാ

ഖ്യയുടെയും കിഴക്കു് ഒക്കെയുടെയും മോറാൻ മോർ ഇഗ്നാത്തിയോസ് അബ്ദുള്ള പാത്രിയർക്കീസ് ബാവാ 1085-ൽ ഈ പള്ളിയിൽ എഴന്നെള്ളിഇരുന്നു. ഈ പള്ളിയും ഇതിലെ ഇടവകക്കാരും ഏതു കാലത്തും പരിശുദ്ധ അന്ത്യോഖ്യാസിംഹാസനത്തോടും അതിൽ വാഴുന്ന മോറാൻ മോർ-പാത്രിയർക്കീസ് ബാവായോടും വിശ്വാസവും അനുസരണവും ഉള്ളവരാണു്. 1035-ൽ വൃശ്ചികത്തിൽ പരിശുദ്ധ അബ്ദുള്ളാപാത്രിയർക്കീസ് ബാവായുടെ അദ്ധ്യക്ഷതയിൽ കോട്ടയത്തു കൂടിയ പരിശുദ്ധ സുന്നഹദോസിൽ ഈ ഇടവകയിലെ പ്രതിനിധികളും സംബന്ധിച്ചിരുന്നു.

## 7. പള്ളിയുടെ സാമ്പത്തികനില

1045-ൽ തന്നെ ഈ പള്ളി സാമ്പത്തികമായി വളരെ അഭിവൃദ്ധി പ്രാപിച്ചിരുന്നു. തത്സംബന്ധമായി അന്നു് ഈ പള്ളിയുടെയും മലങ്കരയുടെയും മെത്രാപ്പോലീത്താ ആയിരുന്ന മാർ-കൂറിലോസ് ബാവാ ചമച്ചിട്ടുള്ള ഒരു ഗീതം താഴെ ചേർക്കുന്നു.

"റീശോനുസൊ അങ്കമാലി
കാദീശ്ശുസൊ കോതമംഗലം
ദഹബൊ ഉസറൊ കുറുപ്പമ്പടി
മെസ്ക്കീനൂസൊ കന്നക്കരുടി''

1076 ഇടവം 15-ാംനു- പള്ളിവക ചെറുമലയിൽ ഉള്ള കപ്പേളയിൽ മാർ-കുരിയാക്കോസ് സഹദായുടെ തിരുശേഷിപ്പു് പരുമല [ചാത്തുരുത്തിയിൽ] പരിശുദ്ധനായ മാർ-ഗ്രീഗോറിയോസ് തിരുമേനി (കൊച്ചുതിരുമേനി) സ്ഥാപിച്ചു. ആണ്ടുതോറും മാർ-കുരിയാക്കോസ് സഹദായുടെ ഓർമ്മദിവസമായ കർക്കടകം 15-ാംനു- അവിടെ പെരുന്നാറം നടത്തണമെന്നു് തിരുമേനി കല്പിച്ചിരുന്നു എങ്കിലും, പിന്നീടു് വർഷാധിക്യത്തെ കരുതി പള്ളിയോഗത്തിന്റെ അപേക്ഷ അനുസരിച്ചു് ആണ്ടുതോറും മകരം 15-ാംനു- മലേകുരിശിങ്കൽ പെരുന്നാറം ആഘോഷിക്കണമെന്നു് കൊച്ചുതിരുമേനി കല്പിച്ചപ്രകാരം നടന്നുവരുന്നു. തുടർന്നു പള്ളിയിൽ ധാരാളം വരുമാനം ഉണ്ടായി അതോടുകൂടി കുരുശുപള്ളി വിപുലപ്പെടുത്തിപണിയുകയും ഒരു ഊട്ടുപുരകെട്ടി ഓടു മേയുകയും ചെയ്തു.

1083-ന ശേഷം പള്ളിക്കകെത്തുള്ള ചെറിയ ദോസ് കുരിശു ന ററാക്കി, പള്ളിക്ക് അകം ചെത്തിതേക്കകയും പോർ പലക അടി ച്ച് ചിത്രവേലകറം ചെയ്യുകയും ചെയ്തു. കിളിവാതിലുകറം വെട്ടി വലിപ്പപ്പെടുത്തി ജനലുകറം ആക്കി. പള്ളിയുടെ അഴിക്കാലി ന തെക്കുവശം മാമോദിസാപുര പണിതു് മാമോദിസാ തൊട്ടി അ വിടെ സ്ഥാപിച്ചു. അഴിക്കാലുകറം നന്നാക്കി ചായപണികറം ചെയ്തു. പള്ളിക്ക് അകത്തു് ഇഷ്ടിക വിരിച്ചു. പള്ളിയുടെ പടി ഞ്ഞാറോട്ട് 1076-ൽ നീട്ടിയ പൂമുഖം 1079-ൽ പൂർത്തിആക്കി.

## 8. സാമൂഹ്യനില

A. രാഷ്ട്രീയം: ഈ ഇടവക രാഷ്ട്രീയമായും സാമൂഹ്യപരമായും വളരെ പുരോഗമിച്ചിട്ടുണ്ട്. ഈ പള്ളി വികാരി ആയിരുന്ന ബ: മരങ്ങാട്ട് (ആത്തുങ്കൽ) മാത്തു കത്തനാർ പ്രജാസഭ മെമ്പർ ആയി സേവനം അനുഷ്ഠിച്ചിരുന്നു. ഇദ്ദേഹത്തിന്റെ ഉത്സാഹഫലമായി സ്ഥലത്തു് ഒരു അഞ്ചൽ ആഫീസ്, ചന്ത, കാളചന്ത, ആശുപത്രി, ബാങ്ക് മുതലായ സ്ഥാപനങ്ങറം ഏർപ്പെടുത്തി കുറുപ്പമ്പടിയെ ആ ധുനിക പുരോഗമനത്തിലേക്ക് വഴി നടത്തിയിരുന്നു. ഈ പള്ളി യിലെ കൈക്കാരൻ കല്ലറക്കൽ കെ. പി. കൊച്ചുകോരതരകൻ നി യമസഭാമെമ്പർ (എം. എൽ. എ.) ആയി പ്രവർത്തിച്ചിരുന്നു. താ ണിയേലിമാലിൽ മി. ററി. എം. ഐസക്ക് തിരുവിതാംകൂർ സ്റ്റേ ററു കോൺഗ്രസിലെ സജീവ പ്രവർത്തകൻ ആയിരുന്നു,

B. വിദ്യാഭ്യാസം; ഈ ഇടവകയുടെ നാനാ ഭാഗങ്ങളിലായി അതായതു് കുറുപ്പമ്പടി, മുടക്കുഴ, പുഴക്കാട്ട്, പാണ്ടിക്കാട്ട്, അശമ ന്നൂർ കരകളിൽ ഓരോ ഗവർമ്മെൻറു സ്കൂളുകറം ഇടവകക്കാരുടെ സ ഹായസഹകരണത്തിൽ സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ കുറുപ്പമ്പടി മല യാളം ഗവമ്മെൻറു സ്കൂറം പള്ളിയുടെ പ്രത്യേക മേൽനോട്ടത്തിൽ പ ണിയിച്ചു് ഗവമ്മെൻറിലേക്ക് വിട്ടുകൊടുത്തിട്ടുള്ളതാണ്. 1083-ൽ പള്ളിയിൽ വച്ചു് ഒരു ഇംഗ്ലീഷ് സ്കൂറം ആരംഭിച്ചു. ആയതു് പി ന്നീട് 1096-ൽ പള്ളിവക പുരയിടത്തിൽ പള്ളി വകയായിഒരു സ്കൂറം കെട്ടിടം പണിതു് ഗവമ്മെൻറു അനുവാദത്തോടുകൂടെ ഒരു മി ഡിൽ സ്കൂറം ആയി നടത്തി തുടങ്ങി. മിഡിൽ സ്ക്കൂറം നട ത്തിപ്പിനു് അന്നത്തെ പള്ളിയോഗത്തിനു് വേണ്ടി

ടത്തോളം കഴിവു ഇല്ലാത്തതിനാൽ ബ: മരങ്ങാട്ടു മാത്തുകത്തനാരുടെ സഹോദരിപുത്രൻ ബ: പി. എ. പൗലോസ് കത്തനാർ B. A. അവർകളെ 1106-ൽ ടി സ്കൂൾ ഹെഡ്മാസ്റ്ററായി നിയമിക്കുകയും, പിന്നീട് 1104-ൽ മാനേജരായി നിയമിക്കുകയും മാനേജ്മെൻറ് അദ്ദേഹത്തെ ഏല്പിക്കുകയും ചെയ്തു. ബ: പി. എ. പൗലോസച്ചൻേറയും മി. കെ. പി. കൊച്ചുകോരതരകൻേറയും അന്നത്തെ പള്ളിയോഗത്തിൻേറയും ഉത്സാഹഫലമായി 1113-ൽ മിഡിൽസ്കൂൾ ഹൈസ്കൂൾ ആയി ഉയത്തുകയും ബ: പൗലോസച്ചൻ ഹെഡ്മാസ്റ്റർ ആയി തുടരുകയും ഇടവക മെത്രാപ്പോലീത്താ സ്കൂൾ മാനേജരും, തുടന്നു 1116-ൽ മി: ഒ. വക്കി B. A. B. L. കറസ്പാണ്ടൻറും ആയി നിയമിക്കപ്പെട്ടകയും ചെയ്തു. മാനേജരെ സഹായിക്കുന്നതിനായി പള്ളിയോഗത്തിൽനിന്നും പള്ളിയോഗത്താൽ തെരഞ്ഞെടുക്കപ്പെട്ട അഞ്ചുപേരും കറസ്പോണ്ടൻറ്, ഹെഡ്മാസ്റ്റർ ഉൾപ്പെടെ ഏഴു പേർ അടങ്ങിയ ഒരു സ്കൂൾ ബോർഡ് നടപ്പിൽ വന്നു.

വിദ്യാഭ്യാസമുള്ള പലരും ഈ ഇടവകയിൽ ഉണ്ട്, അതിൽ കല്ലറക്കൽ താരു തരകൻ L. M. E. ഒ. വക്കി B. A. B. L. മററമന ഗീവറുഗീസ് ശെമ്മാശ്ശൻ L. C. P. S. കെ. എം. ചാക്കൊ L. M. P. എമ്പാശ്ശേരി ഇ. ജെ. ജോൺ എന്നിവരുടെ പേരുകൾ എടുത്തുപറയാവുന്നതാണ്.

ഇടവകയിലെ ബഹുഭൂരിപക്ഷം ആളുകളും കൃഷിക്കാരാണ്. കൃഷി കാൎയ്യത്തിൽ സ്ത്രീ പുരുഷന്മാർ ഒത്തൊരുമിച്ചു ജോലി ചെയ്തു വരുന്നതു സ്തുത്യർഹംതന്നെ. കച്ചവടക്കാരും ചുരുക്കമായിട്ടുണ്ട്. അദ്ധ്യാപകന്മാർ, വക്കീലന്മാർ, പോലീസുകാർ, ബാങ്കുടമസ്ഥർ, മുതലായ വിവിധ വൃത്തികളിൽ ഉൾപ്പെട്ടിരിക്കുന്നവരും ചുരുക്കമായിട്ടുണ്ട്. 25 ശതമാനം പേർ കൂലിപണിക്കാരാണ് ദരിദ്രന്മാരെപ്പററി പള്ളിയിൽനിന്നു് ഒന്നും പ്രവത്തിക്കുന്നതായി കാണുന്നില്ല. ഭാവിയിൽ എങ്കിലും ഇതു പരിഹരിക്കപ്പെട്ടും എന്നു് ഈ എഴുത്തുകാരൻ ആശിക്കുന്നു.

## 9. ഇടവകയുടെ വിസ്തീർണ്ണം

ഈ പള്ളിയിൽനിന്നും മാറി വേറെ പള്ളികൾ സ്ഥാപിച്ച് ഓരോ കാലത്തു് പിരിഞ്ഞുപോയതു് മിക്കവാറും ചില വഴക്കുകളുടെ അടിസ്ഥാനത്തിൽ ആണെന്നു് കാണാവുന്നതാണു്. എങ്കിലും അവയെല്ലാം പില്ക്കാലത്തു് വിശ്വാസികൾക്കു വളരെ പ്രയോജനപ്പെടുകയും, അതതു ഇടവകകളുടെ ആത്മീകവും സാമൂഹ്യവും ആയ നില വളരെമെച്ചപ്പെടുകയും ചെയ്തിട്ടുണ്ടു്.

### a. ചില പള്ളികളുടെ ചരിത്രം

i) കോട്ടപ്പടി (നാഗഞ്ചേരി) ഹെബ്രോൻ പള്ളി- ഈ പള്ളി 1039-ൽ കോതമംഗലം പള്ളിയിൽ നിന്നും പിരിഞ്ഞു വച്ചതാണു്. അക്കാലത്തുതന്നെ കുറുപ്പമ്പടി പള്ളി ഇടവകയിൽപ്പെട്ട ചില വീട്ടുകാർ ഈ പള്ളിയിൽനിന്നും പിരിഞ്ഞു് കോട്ടപ്പടി പള്ളി ഇടവകയിൽ ചേർന്നിരുന്നു. പുതുക്കുന്നം, ഇരുമല, ശ്രാമ്പിക്കുടി, പാറപ്പാടൻ, കൊററാലി, തേക്കുംകുടി, തേലക്കാടൻ, ചമ്പക്കോട്ടുകുടി മുതലായ ചില വീട്ടുകാർ ഇതിലെ പ്രധാന പ്രവർത്തകരാണു്. പാറപ്പാട്ടു മത്തായി കത്തനാർ, ഇരുമല യൗസേഫ് കത്തനാർ, ശ്രാമ്പിക്കുടി സ്കറിയ കത്തനാർ എന്നിവരുടെ ഭരണകാലത്തു് ഇടവകക്കു് വളരെ പുരോഗമനം ഉണ്ടായിട്ടുണ്ടു്.

ii) പെരുമ്പാവൂർ ബഥേൽ സൂലോക്കൊ -പള്ളി. കുന്നത്തുനാടു താലൂക്കിന്റെ പ്രത്യേകിച്ചു് കുറുപ്പമ്പടി പള്ളിയുടെ നഗരപ്രദേശമായി തീർന്ന പെരുമ്പാവൂർ ടൗണിൽ ഒരു പള്ളി സ്ഥാപിക്കണമെന്നുള്ള പല വിശ്വാസികളുടെ ആഗ്രഹത്തിന്റെ ഫലമായി 1078 മകരം. 15-ാം തീയതി ഈ പള്ളി സ്ഥാപിച്ചു. കുറുപ്പമ്പടി പള്ളിയിൽ ദീർഘകാലം കൈസ്ഥാനം വഹിച്ചിരുന്ന ഉറുമിയാടൻ (പൊയ്ക്കാട്ടിൽ) വീട്ടുകാർ കുറുപ്പമ്പടി പള്ളിയിൽ നിന്നും പിരിഞ്ഞു് ഈ പള്ളി സ്ഥാപിക്കുന്നതിനു് ഉത്സാഹിച്ചു. അതോടുകൂടെ മുക്കടെഞ്ചേരി, ഃതാമ്പ്ര, പാർവ്വേലിക്കുടി, മരങ്ങാടൻ, കണ്ടുവീട്ടിൽകുടി, പാത്തിക്കൽ, ചാമക്കാടൻ, പള്ളിപ്പാടൻ മുതലായ വീട്ടുകാരും ചേർന്നു് 1081-ഇടവം 20-ാംനു- ഒരു ഉടമ്പടി ഉണ്ടാക്കി നടന്നുവരുന്നു. ആദ്യ

കാലങ്ങളിൽ ഈ പള്ളിയിൽ കർമ്മങ്ങരം നടത്തിക്കൊണ്ടിരുന്ന തു് പ്രധാനമായി കുറുപ്പമ്പടി പള്ളിയിലെ പട്ടക്കാർ ആയിരുന്നു. തുടന്നു ഈ ഇടവകയിൽപ്പെട്ട പാത്തിക്കൽ പൗലോസ് കത്തനാർ, തോമ്പ്ര ഗീവറുഗീസ് കത്തനാർ, ഉറുമിയാട്ടു പൗലോസ് കത്ത നാർ എന്നിവർ ഈ പള്ളിയിലെ വികാരിമാരായി പ്രവേശിച്ചതി നെ തുടന്നു് കുറുപ്പമ്പടി പള്ളിയിലെ അച്ചന്മാർ അവരുടെ തവണ ഉപേക്ഷിക്കയാണു് ചെയ്തതു്.

iii) നെല്ലിമോളം സെഹിയോൻപള്ളി-കല്ലറയ്ക്കൽ (ആളോത്തു മാലി പൈലി കോര തരകൻേറയും, മേനോത്തുമാലി തോമസ് ക ത്തനാരുടെയും ഉത്സാഹഫലമായി ഈ പള്ളിക്കു് 1080-ൽ ആരംഭം ഇട്ടു, ബ: മേനോത്തുമാലി അച്ചനും, ബ: അാസ്ക്കൽ അച്ചനും കുറുപ്പ മ്പടി പള്ളിയിൽ നിന്നും പിരിഞ്ഞു് ഈ പള്ളിയിൽ ചേന്നു് വി കാരിത്വം നടത്തിവന്നു. 1086.ൽ ആണു് ഈ പള്ളിയുടെ പ്രാരംഭ ശുശ്രൂഷ നടന്നതു. കുറുപ്പമ്പടി ഇടവകയിൽപ്പെട്ട രായമംഗലം, ഇരി ങ്ങോറം, പുല്ലുവഴി, കീഴില്ലം, വായ്ക്കര, മേതല കരകളിൽപ്പെട്ട പല വീട്ടുകാരും കുറുപ്പമ്പടി പള്ളി ഇടവക വിട്ടു് നെല്ലിമോളം പള്ളി യിൽ ചേന്നു. ഇതിൽ കല്ലറക്ക തരകൻ, കുന്നത്തു്, കാവനാക്കുടി കണ്ണോത്തുകുടി, ആട്ടകാലി, പരത്തുവേലി, മുല്ലപ്പള്ളിമാലി, മേനോ ത്തുമാലി, അറയ്ക്ക, പനയ്ക്ക, കാനാമ്പ്രത്തുകുടി മുതലായ വീട്ടുകാർ ഉരംപ്പെടുന്നു.

iv) കൽകുരിശു് ഗീവറുഗീസ് സഹദാപ്പള്ളി കുറുപ്പമ്പടി പ ള്ളിയിൽ നിന്നും കോട്ടപ്പടിപള്ളി ഇടവകയിൽ ചേന്ന ചില വീട്ടു കാരും, കോട്ടപ്പടിപള്ളി ഇടവകയിലെ മററു ചില വീട്ടുകാരും ചേ ന്നു കൽകുരിശുപള്ളി 1083-ൽ ആരംഭിച്ചു, ആദ്യമായി സ്ഥാപി ച്ച കുരിശു ഒരു പാറയുടെ പുറത്തു് കല്ലുകൊണ്ടു് കെട്ടിയിരുന്നതി നാൽ ഈ സ്ഥലത്തിനു് കൽകുരിശു് എന്നു പേരു ഉണ്ടായി. ഈ പള്ളിയിരിക്കുന്നതു കോട്ടപ്പടികരയിൽ ആണു് പ്രാരംഭകാലത്തു് ഈ പള്ളിയിൽ കമ്മം നടത്തിയിരുന്നതു് കുറുപ്പമ്പടി പള്ളിയിലെ അച്ചന്മാർ ആയിരുന്നു. പിന്നീടു് കോട്ടപ്പടിപള്ളി വികാരി ബ: പാറപ്പാട്ടു മത്തായി കത്തനാർ ഈ പള്ളിയിലെ വികാരി ആയിതീ ന്നു. അദ്ദേഹവും അദ്ദേഹത്തിൻെറകൂടെ പാറപ്പാട്ടു്, കണ്ണോത്തുകുടി,

ചേന്നോത്തുമാലി, വട്ടക്കാട്ടുകുടി. വിച്ചാട്ടു്, എടപ്പാട്ടു്, കൊററാലി, കുന്നപ്പിളി മുതലായ 67 വീട്ടുകാർ ചേൎന്നു് 1090-ൽ ഒരു റജിസ്റ്റർ ഉടമ്പടി ഉണ്ടാക്കി നടന്നുവരുന്നു. അന്നു് മലപ്രദേശം ആയിരുന്ന ഈ സ്ഥലത്തു് പലരും കൃഷിസൗകൎയ്യാൎത്ഥം കുടി കയറി പാൎത്തവർ ആരാധനാസൗകൎയ്യത്തെ ഉദ്ദേശിച്ചാണു് ഈ പള്ളി ഉണ്ടാക്കിയതു്.

ഈ പള്ളി ഇടവകയിലെ ആദ്യത്തെ അഡ്വക്കേററ് ആണു് കൊററാലിൽ കെ. പി. അബ്രാഹാം B. A. B. L. ഇദ്ദേഹം ഒരു നിയമസഭാമെമ്പർ (എം. എൽ. എ.) ആയിരുന്നു. അദ്ദേഹം സ്ഥലത്തു് ഒരു ഇംഗ്ലീഷ്സ്കൂളും സ്ഥാപിച്ചു. കുറുപ്പമ്പടിയിൽ ഇരിങ്ങോൾ ഭാഗത്തു നിന്നും കൊററാലി കുടുബത്തിൽപ്പെട്ട ജ്യേഷ്ഠാനുജന്മാരായ കുരിയനും, ഔസേപ്പും ഈ ഭാഗത്തുതാമസമാക്കി. ജ്യേഷ്ഠൻ കുരിയന്റെ വീട്ടുകാരെ വലിയ കൊററാലി എന്നും, അനുജൻ ഔസേഫിന്റെ വീട്ടുകാരെ ചെറിയ കൊററാലി എന്നും വിളിച്ചു വരുന്നു. കുരിയന്റെ മകൻ മത്തായിക്കു് കുരിയൻ, പൈലി. എന്നിങ്ങനെ രണ്ടു ആൺ മക്കൾ, ഇതിൽ കുരിയനു് വക്കി, മത്തായി എന്നിങ്ങനെ രണ്ടു് ആൺ മക്കൾ. ഇതിൽ വക്കി കൽകുരിശു പള്ളിയിൽ ദീൎഘകാലം കൈക്കാരനായി ഒന്നു് പ്രശസ്തമായ രീതിയിൽ സേവനം നടത്തിയിട്ടുണ്ടു്. വക്കിയുടെ പൗത്രനാണു് കൊററാലിൽ ജോൎജ്ജ് കത്തനാർ. മത്തായിയുടെ മകനാണു് പരേതനായ പൗലോസ് കത്തനാർ. മത്തായിയുടെ മകൻ പൈലിയുടെ മകനാണു കെ. പി. അബ്രഹാം B. A. B. L.

V) ചെട്ടിനടസീയോൻ ആശ്രമം പള്ളി. കുറുപ്പമ്പടി ഇടവകക്കാരനായിരുന്ന ചേട്ടാകുളത്തുംകര (തുരുത്തി) അബ്രഹാംകത്തനാർ തുരുത്തിപ്പിളി പള്ളിയിൽ ചേൎന്നു നടന്നുവരവെ അദ്ദേഹത്തിന്റെ മകൻ ഔഗേൻറമ്പാച്ചൻ പെരിയാർതീരത്തു് കോടനാടിനു സമീപമുള്ള ചെട്ടിനട ഭാഗത്തു് അദ്ദേഹത്തിന്റെ പേരിൽ ഒരു പുരയിടം വാങ്ങി ഒരു ആശ്രമം പണിയിച്ചു് താമസം ആക്കി, ആരാധനാസൗകൎയ്യത്തിന്നായി ഈ ആശ്രമത്തോടു ചേൎന്നു മോർ മല്ക്കെ എന്ന പരിശുദ്ധന്റെ നാമത്തിൽ 1097 ഫെബ്രു 2-ാംനു- ഒരു പള്ളി സ്ഥാപിച്ചു. സുറിയാനി ഭാഷാപണ്ഡിതന്മാരായ അബ്രാം കത്തനാരുടയും ഔഗേൻറമ്പാച്ചന്റേയും അടുക്കൽ മലങ്കരയിൽ ഉള്ള അനേകം

വൈദീക വിദ്യാൎത്ഥികൾ വന്ന് ആശ്രമത്തിൽ താമസിച്ച് വൈദീക വിദ്യാഭ്യാസം പൂൎത്തിആക്കിയിട്ടുണ്ട്. കർഷകവൃത്തിക്കായി ഈ പ്രദേശത്തു കുടികയറി താമസിച്ച പല വീട്ടുകാരും ഈ പള്ളിയിൽ ഇടവക ചേൎന്ന് നടന്നുവരുന്നു. ഈ എഴുത്തുകാരൻ 1104 മുതൽ 1114 വരെ ഈ പള്ളിയിലെ വകാരി ആിരുന്നു.

vi) കിരാലിയേലി സെൻറു് മേരീസ് പള്ളി. കുറുപ്പമ്പടി പള്ളിയിലെ വികാരി ആയിരുന്ന തോമ്പ്ര പൗലോസ് കത്തനാർ പുനർ വിവാഹം ചെയ്തതിനാൽ കുറുപ്പമ്പടി പള്ളിയിലെ പൗരോഹിത്യജോലി നഷ്ടപ്പെട്ടതിനെ തുടൎന്ന് അദ്ദേഹം പെരിയാർ തീരത്തുള്ള കിരാലിയേലി എന്ന മലപ്രദേശത്തു് അദ്ദേഹത്തിൻെറ പുരയിടത്തിൽ പോയി താമസിക്കുകയും തുടൎന്ന് അദ്ദേഹത്തിന് കൎമ്മം നടത്തുവാൻ ഒരു പള്ളി വച്ചുകെട്ടുകയും ചെയ്തു, പക്ഷെ പുനർ വിവാഹക്കാരനായ അദ്ദേഹം കുർബ്ബാന ചെല്ലുന്നതു് സ്ഥലത്തുള്ള വിശ്വാസികളും അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്തയും നിരോധിച്ചതിനാൽ അദ്ദേഹം മലബാറിൽ വയനാട്ടിൽ സുൽത്താൻ ബത്തേരിക്കു സമീപം താമസമാക്കി. തുടൎന്ന് സ്ഥലത്തു് ഇടവക മെത്രാപ്പോലീത്തായുടെ അനുവാദത്തോടുകൂടെ ഒരു പള്ളി സ്ഥാപിച്ചു. വേങ്ങൂർ പള്ളി വികാരി കണക്കംമ്പാവുടി യൗസേഫ് കത്തനാരെ ആ പള്ളിയിലെ വികാരി ആയി നിയമിച്ചു. അദ്ദേഹവും, അതിരമ്പുഴ, എലിഞ്ഞിക്കാമാലി, കോപ്പുഴ, കരിപ്പേലി, മുല്ലപ്പിള്ളിമാലി (പുതുകൃസ്ത്യൻ) മുതലായ വീട്ടുകാർ ചേൎന്ന് 1099 ധനു 25-ാംനു ഒരു ഡയറി നിശ്ചയം ചെയ്തു മെത്രപ്പോലീത്തായുടെ അംഗീകരണം വാങ്ങി നടന്നു വരുന്നു. കുറുപ്പമ്പടി ഇടവകയിൽനിന്നു് വേങ്ങൂർ ഇടവകയിൽ ചേൎന്ന് അവിടെനിന്നും ഈ ഭാഗത്തു് കുടികയറി താമസിച്ചവരാണ് ഇതിൽ മിക്ക വീട്ടുകാരും.

vii) ആലാട്ടുചിറ ബഥ്ലഹേം സെൻറു് മേരീസ് പള്ളി. ചെട്ടിനട സീയോൻ ആശ്രമംപള്ളി വികാരി സ്ഥാപകൻ ഔഗേൻ മാർ–തിമഥെയോസ് മെത്രാപ്പോലീത്ത ഇപ്പോഴത്തെ വട്ടിപ്പണകേസിൽ മെത്രാൻകക്ഷികളോടു് യോജിച്ചു പ്രവൎത്തിക്കുന്നതായി കണ്ടതിനാൽ ഈ എഴുത്തുകാരൻ ചെട്ടിനടപള്ളിയിലെ വികാരിത്വം ഉപേക്ഷിച്ചതോടുകൂടെ ആ പള്ളിയിൽ കൂടി നടന്ന ഒട്ടധികം വീട്ടുകാ

രും വേങ്ങൂർ ഇടവകയിലെ ആ ഭാഗത്തുള്ള ചില വീട്ടുകാരും ചേ ന്നു് ഈ പള്ളി 1116-ൽ സ്ഥാപിച്ചു. എലഞ്ഞിക്കമൊലി, വെളിയത്തുകുടി, മനേക്കുടി, കണ്ടത്തി, നടക്ക, ശ്രാമ്പിക്ക പുത്തൻപുര, തണ്ണിക്കോടൻ, കുളങ്ങാടൻ മുതലായ വീട്ടുകാരാണു് ഈ പള്ളിയിലെ പ്രാരംഭ പ്രവത്തകർ.

viii) ഇതര സമുദായങ്ങളുടെ പ്രവത്തനം.

വട്ടിപ്പണകേസ് എന്നു് പറയപ്പെടുന്ന സമുദായകേസ് 1064_ൽ പാത്രിയക്കീസ് കക്ഷിക്കു് അനുകൂലമായി വിധിച്ചു.. തുടന്നു് പാത്രിയക്കീസ് കക്ഷികൾ സുവിശേഷപരമായ വേലകളിൽ ശ്രദ്ധിച്ചു. സണ്ടെസ്കൂൾ, വിജാതികളുടെ ഇടയിലെ വേല, വേദാദ്ധ്യായനക്ലാസ്സുകൾ വിദ്യാത്ഥിസംഘം, വിദ്യാഭ്യാസം മുതലായവ ഓരോ ഇടവകകളിൽ വ്യാപരിപ്പിച്ചു. സമുദായ കേസിൽ തോററ അന്നത്തെ മെത്രാൻ കക്ഷികൾ എന്നു പറയപ്പെടുന്ന പാലക്കുന്നൻ കക്ഷികൾക്കു് വടക്കൻ ഇടവകകളിൽ യാതൊരു സ്വാധീനവും പ്രവേശനവും ഉണ്ടായിരുന്നില്ല. തന്നിമിത്തം പാലക്കുന്നൻ കക്ഷികൾ നവീകരണ ഉപദേശം ലഭിച്ച ചില ഉപദേശിമാരെ തിരുവല്ലയിൽനിന്നു് വടക്കൻ ഇടവകകളിൽ സുവിശേഷത്തിൻെറ പേരും പറഞ്ഞു് വേലക്കായി അയച്ചു. അവർ കുറുപ്പമ്പടി, വേങ്ങൂർ, വെങ്ങോല, കുന്നക്കുരുടി, കടമററം മുതലായ ഇടവകകളിൽ ചെന്നു് രക്ഷിക്കപ്പെടുന്നതിനു് വേദപുസ്തകം മാത്രം വായിച്ചു് അതുപോലെ ജീവിച്ചാൽമതി എന്നു വേദപുസ്തകത്തിൽ ഇല്ലാത്ത എല്ലാ ഉപദേശങ്ങളും ആചാരങ്ങളും അതായതു കുരിശുവര, കുമ്പിടീൽ, നോമ്പു്, എഴുതികെട്ടിയ പ്രാത്ഥന, അടിയന്തിരങ്ങൾ, നേർച്ചകൾ, ധൂപക്കുററി, കുരിശു്, കിഴക്കോട്ടു് തിരിഞ്ഞുനിന്നുള്ള നമസ്ക്കാരം, മെത്രാന്മാരുടെ വടി, മുടി മുതലായവ എല്ലാം തെററാണെന്നും, അതുകൊണ്ടു് യാക്കോബായ സഭയിൽ നിന്നാൽ രക്ഷകിട്ടുകയില്ല എന്നും പറഞ്ഞു് പാവപ്പെട്ട വിശ്വാസികളെ തെററിധരിപ്പിച്ചു. തന്നിമിത്തം മേൽപറഞ്ഞ ഇടവകകളിൽനിന്നു് ചിലർ അവരോടുകൂടെ ചേന്നുനിന്നു് സഭക്കു് എതിരായി പ്രവത്തിച്ചു. തന്നിമിത്തം ഓരോ ഇടവകയിൽനിന്നും രണ്ടും മൂന്നുപേർ വീതം മുടക്കപ്പെട്ടു. മുടക്കപ്പെട്ടവക്കു് തദ്ദേശനിവാസികൾ ആദ്യകാലത്തു് വെള്ളം, തീയ്, സദ്യ

യിൽ പ്രവേശനം, വേലൻ അലക്കു്, ക്ഷുരകൻ മുതലായവ വിരോധിച്ചു. ഈവിധസംഗതികൾ അവരുടെ പ്രവൎത്തനത്തിനു് ശക്തി കൂട്ടി. മൎത്തോമ്മാക്കാർ എന്നു് ഇപ്പോൾ അറിയപ്പെടുന്ന നവീകരണക്കാരോടു് അഥവാ പാലക്കുന്നൻ കക്ഷിയോടു് കുറുപ്പമ്പടി ഇടവകയിൽനിന്നു് ചേൎന്നുനിന്നിരുന്നതു് വാഴ്ക്കുളം കരയിൽ കുന്നത്തു ചുമ്മാരു് ആയിരുന്നു. "1082 മീനത്തിൽ കുന്നത്തു ചുമ്മാരു് സഭപട്ടക്കെട്ടുകാൎക്കു് എതിരായി പഠിപ്പിക്കുന്നതിനെ സംബന്ധിച്ചു് മെത്രാൻ ചോദ്യം ചെയ്തു് എഴുതി അയച്ചു. അദ്ദേഹത്തെ 1082 മേടത്തിൽ സഭയിൽനിന്നു മുടക്കി. ഇപ്രകാരം ഓരോ പള്ളിയിൽനിന്നും മുടക്കപ്പെട്ടവരിൽ പ്രധാനികളെ നവീകരണ സമുദായത്തിൻെറ 'പ്രചാരണസംഘടന ആയ മൎത്തോമ്മ സുവിശേഷ പ്രസംഗസംഘത്തിൽ നിന്നു പ്രതിമാസം ശമ്പളം കൊടുത്തു് വേലക്കായി നിയമിച്ചു. അതോടുകൂടെ നവീകരണ സമുദായം വടക്കൻ ദേശത്തു് പ്രചാരത്തിൽ ആയി. കുറെ കഴിഞ്ഞു് തെക്കൻ ദേശത്തുള്ള നവീകരണക്കാരുമായി കൂട്ടു പിടിച്ചപ്പോൾ ഇവരെല്ലാം വഞ്ചിതരായി എന്നു് അവൎക്കു ബോധ്യപ്പെട്ടു. "മുള്ളേൽ പിടിച്ചാലും മുറുകെ പിടിക്കണം എന്നുള്ള ചിന്തയാൽ ചിലരെല്ലാം അതിൽ തന്നെ ഉറച്ചു നിന്നു. അതിൻെറ ഫലമായി നവീകരണമൎത്തോമ്മക്കാൎക്കു് വാഴ്ക്കുളം, പെരുമ്പാവൂർ, വേങ്ങൂർ, വാളകം, വെങ്ങോല, കിഴില്ലം മുതലായ സ്ഥലങ്ങളിൽ പള്ളികൾ ഉണ്ടായി. കുന്നത്തു ചുമ്മാരും കൂട്ടരും വാഴ്ക്കുളം നവീകരണക്കാൎക്കായി ഒരു പള്ളി സ്ഥാപിച്ചു. എന്നാൽ കുന്നത്തു ചുമ്മാരു് വഞ്ചിതനായി എന്നു് കണ്ടപ്പോൾ അവരുടെ ആദ്യകാല ഉപദേശത്തിനു് ഏകദേശം യോജിച്ച നാഗൽമിഷ്യൻകാരുമായി (ബ്രദറൺ) യോജിച്ചു് 1098-ൽ പുനൎസ്നാനം സ്വീകരിച്ചു. മി. ചുമ്മാരിൻെറ ഉപദേശം കേട്ടു് അന്മുറിയിൽ മുട്ടത്തു വൎക്കിയും, കുറുപ്പമ്പടിക്കൽ പെരക്കൻ വൎക്കിയും കൂട്ടരും ബ്രദറൺ സമൂഹത്തിൽ ചേൎന്നു. ഇപ്രകാരം കുറുപ്പമ്പടി, അന്മുറി, വാഴ്ക്കുളം, പെരുമ്പാവൂർ ഭാഗങ്ങളിൽ നവീകരണക്കാൎക്കും ബ്രദറൺകാൎക്കും ചില സ്ഥാപനങ്ങൾ ഉണ്ടാവുകയും, കുറച്ചു പേർ കുറുപ്പമ്പടി ഇടവക ഉപേക്ഷിച്ചു് അവരുടെ കൂടെ ചേരുകയും ചെയ്തു. ഇപ്രകാരം പോകുന്നവർ ലോകത്തിൽ വേദപുസ്തകം മാത്രം മതി എന്നു പറയുന്ന വിവിധ തരത്തിൽ ഉള്ള അനേക

സമൂഹങ്ങൾ ഉണ്ടെന്നും വേദപുസ്തകം മാത്രമല്ല സഭയുടെ വിശ്വാസോപദേശാചാരങ്ങൾക്ക് അടിസ്ഥാനം എന്നു പറയുന്ന വിവിധ രീതിയിൽ ഉള്ള പല എപ്പിസ്ക്കോപ്പൽ സഭകൾ ഉണ്ടെന്നും ഇവയെല്ലാം ഓരോ ചേരി തിരിവിൻെറ അടിസ്ഥാനത്തിൽ സ്ഥാപിതമായിട്ടുള്ളവ ആണെന്നും ചിന്തിച്ചിരുന്നു എങ്കിൽ മലങ്കരയിൽ പൂർവ്വകാലം മുതൽ നിലനില്ക്കുന്ന പരിശുദ്ധ അന്ത്യോഖ്യാപാത്രിയർക്കീസ് ഉൾപ്പെട്ടസഭയെ വിട്ടുപോവുകയില്ലെന്നാണ് ഈ എഴുത്തുകാരൻെറ അഭിപ്രായം.

N. B. പ്രാരംഭകാലത്തു് കിഴക്കു് കോട്ടപ്പടി വരെയും, തെക്കു് കുന്നക്കുരുടി-വലമ്പൂർ വരേയും പടിഞ്ഞാറു് വെങ്ങോല-ചേരാനല്ലൂർ വരെയും വടക്കു് പെരിയാർ വരെയും വിസ്തീർണ്ണം ഉണ്ടായിരുന്ന ഈ ഇടവകയിൽ പഴയകൂറുകാർ, പുത്തൻകൂറുകാർ നവീകരണക്കാർ ഡിസൻേറഴ്സ് മുതലായവർവേറ ഇടവകകൾ(Churchs) സ്ഥാപിച്ചു് പിരിഞ്ഞുപോയതിനാൽ ഇടവകയുടെ വിസ്തീർണ്ണംചെറുതായിതീന്നു. ഇതെല്ലാമായിട്ടും 1105-ൽ എടുത്ത സെൻസസ് അനുസരിച്ചു് ഈ ഇടവകയിൽ രായമംഗലം, ഇരിങ്ങോൾ, അമ്പുറി, പ്രളയിക്കാട്ടു്, മുടക്കുഴ, പുഴക്കാട്ടു്, തുരുത്തി, വേങ്ങൂർ, നെടുങ്ങപ്ര, അശമന്നൂർ, പനിച്ചയം, മുടക്കിരായി, ചെറുകുന്നം, വാശ്ശേര എന്നീ കരകളിലായി 996 വീടുകൾ ഉള്ളതായി കാണുന്നു. ഇതു് 1118-ആയപ്പോഴേക്കും 1200.ൽ പരം വീട്ടുകൾ ആയി വദ്ധിച്ചിട്ടുണ്ടു്.

## 10. ഇടവകയിലെ സുവിശേഷപ്രവർത്തനം

1054 മുതൽ മലങ്കരയിൽ നടമാടിക്കൊണ്ടിരുന്ന സമുദായകേസ പാത്രിയർക്കീസ്കക്ഷിക്കു് അഥവാ മലങ്കരമെത്രാപ്പോലീത്ത പുലിക്കോട്ടു് മാർ ദിവന്നാസിയോസിനു് അനുകൂലമായി 1064-ൽ വിധിച്ചതോടുകൂടെ മാർ ദിവന്നാസിയോസിൻെറ ശ്രദ്ധ മലങ്കരയുള്ള പള്ളികളിൽ സുവിശേഷപരമായ പ്രവത്തനങ്ങൾ ശക്തിപ്പെടുത്തുക എന്നുള്ളതായിതീന്നു എന്നു് മേൽപ്രസ്ഥാവിച്ചിട്ടുണ്ടു്. തൽഫലമായി ഇടവകകളിൽ സണ്ടേസ്കൂളുകൾ, അക്രൈസ്തവരുടെ ഇടയിലെ വേല, മലയാളം ഇംഗ്ലീഷു് സ്കൂൾ സ്ഥാപനം, പ്രാത്ഥനായോഗങ്ങൾ, മാർ-ഗ്രീഗോറിയോസ് വിദ്യാത്ഥിസംഘം, സുവിശേഷ പ്രസംഗ

സംഘം, ദിവന്നാസിയോസ് വിദ്യാപ്രചരണസംഘം, ഇടവക പത്രിക, സുറിയാനി സുവിശേഷകൻ എന്നീ സ്ഥാപനങ്ങൾ പ്രചാരത്തിൽ ആയിതീൎന്നു. ആയതു് ഈ ഇടവകക്കും വളരെ പ്രയോജനം ചെയ്തു. 1073-ൽ ഈ ഇടവകയിൽ ഒരു ഞായറാഴ്ചക്കൂട്ടം സ്ഥാപിച്ചു. ഇക്കാൎയ്യത്തിൽ അധികമായി ഉത്സാഹിച്ചതു് പടയാട്ടിൽ ഇത്താപ്പിരി കത്തനാരും നെടുങ്ങപ്ര പാത്തിക്കൽ പൈലി പൈലിയും ആയിരുന്നു. അതോടുകൂടെ ഇടവകയിൽ ഓരോ കരകളിലും ഞായറാഴ്ച കൂട്ടങ്ങൾ സ്ഥാപിച്ചു. നെടുങ്ങപ്ര കരയിൽ അതിൻെറ ചുററുമുള്ളവരുടെ ഉത്സാഹഫലമായി ഞായറാഴ്ച കൂട്ടത്തിനു 1078-ൽ ഒരു പള്ളിക്കൂടം പണി ചെയ്തു. തുടൎന്നു 1083 മീനം 11-ാംനു പുഴക്കാട്ടുകരയിൽ ഈ എഴുത്തുകാരൻെറ പിതാവു് ഇട്ടൂപ്പ് മുതൽപേർചേൎന്നു 1083-ലെ 3518-ാം നമ്പർ റജിസ്റ്റർ ആധാരപ്രകാരം ഒരു സ്ഥലം വാങ്ങി ഒരു സണ്ടെസ്കൂൾകെട്ടിടം പണിയിച്ചു് ഇപ്പോഴും നടന്നുവരുന്നു. 1081-ൽ ഈ ഇടവകയിൽ സുവിശേഷവേല ചെയ്യുന്നതിനു് പ്രതിമാസം 7 രൂപാശമ്പളത്തിൽ തെക്കുനിന്നു് ഒരു ഉപദേശിയെ ഈ ഇടവകയിൽ നിയമിച്ചു. ഓരോ കരകളിലെ ഞായറാഴ്ചക്കൂട്ടങ്ങൾ ഓരോ പട്ടക്കാരുടെ ചുമതലയിൽ ആയിരുന്നു. 1085-ൽ ഈ ഇടവകയിൽപ്പെട്ട കുട്ടികളുടെ പഠനത്തിന്നായി സണ്ടെസ്കൂളുകൾ സ്ഥാപിച്ചു. ഇതിൽ അധികമായി ഉത്സാഹിച്ചു പ്രവൎത്തിച്ചതു് വെമ്പള്ളിയിൽ പൗലോസ്, ആത്തുങ്കൽ വക്കി ഇട്ടൂപ്പ്, താണിയേലിമാലി വക്കി മാത്തു എന്നിവരായിരുന്നു. ഇവരെല്ലാം സ്വമേധാ വേലക്കാർ ആയിരുന്നു. അതായതു് യാതൊരു ശമ്പളവും അലവൻസും പററി അല്ല ഇവർ വേല ചെയ്തതു്. 1090-ൽ വെമ്പള്ളിയിൽ പൗലോസ് ഉപദേശിയും ആത്തുങ്കൽ ഇട്ടൂപ്പും അനേകം അധഃകൃതരെ ക്രിസ്തീയ മാൎഗ്ഗത്തിൽ ചേൎത്തു. തന്മൂലം അനേകം കഷ്ടതകളും പ്രയാസങ്ങളും അവർ സഹിക്കേണ്ടതായിവന്നു. ക്രിസ്തുമതം സ്വീകരിച്ചവർ കുറുപ്പമ്പടി വേങ്ങൂർ ഇടവകകളിലായി കൂടിനടക്കുന്നു. അവരുടെ പുരക്കൂദാശ നടത്തികൊടുക്കുന്നതിനു് ഈ പള്ളിയിലെ പട്ടക്കാർ ഉദാസീനത കാണിച്ചുവെങ്കിലും ബ: ചേട്ടാകുളത്തുംകര ഔഗേൻ റമ്പാച്ചൻ (ഇപ്പോൾ മെത്രാൻ) ഇവയെല്ലാം സന്തോഷത്തോടുകൂടെ നടത്തികൊടുത്തു.

1090-ൽ താണിയേലി മാത്തുവും സ്നേഹിതന്മാരും ചേൎന്ന് കുറുപ്പമ്പടിക്കൽ ഒരു സണ്ടെസ്കൂരം സ്ഥാപിച്ചു. ആത്തുങ്കൽ ഇട്ടൂപ്പും അദ്ദേഹത്തിൻെറ ശിഷ്യന്മാരും ചേൎന്ന പുഴക്കാട്ട്, നെടുങ്ങപ്ര, മുടക്കുഴ ഇരിങ്ങോറം, അമ്പുറി, വേങ്ങൂർ ഭാഗങ്ങളിൽ ഓരോ സണ്ടെസ്കൂരം സ്ഥാപിച്ചതു് പിന്നീട്ട് നിന്നുപോയി. ആധുനിക കാലത്തു കാണുന്ന സുവിശേഷ അന്തരീക്ഷം ബ: പടയാട്ടിൽ ഇത്താപ്പിരികത്തനാർ (പടയാട്ടിൽ വല്യച്ചൻ) നട്ടതും മേൽപ്രസ്ഥാവിച്ചവർ വളർത്തി എടുത്തതുമാണെന്നുള്ള സംഗതി വിസ്മരിക്കത്തക്കതല്ല. വീണ്ടും വേലകാം മന്ദഭീവിച്ചു എങ്കിലും ഈ എഴുത്തുകാരനും എഴുത്തുകാരൻെറ സ്നേഹിതന്മാരും ശിഷ്യന്മാരും ചേൎന്ന ഇടവകയുടെ നാനാ ഭാഗങ്ങളിൽ സണ്ടെസ്കൂരം പ്രാൎത്ഥനായോഗങ്ങരം മുതലായ സുവിശേഷയത്നങ്ങരം പുനരാരംഭിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്തു. 1099 ൽ ഞാൻ സണ്ടെസ്കൂരം ഇൻസ്പെക്ററർ ആയി ഇടവകയിൽ പത്തുസണ്ടെസ്കൂളുകരം സ്ഥാപിച്ചു. സുവിശേഷവേലയെ പ്രതി വൈദികജോലിയിൽ പ്രവേശിച്ചു. 1099-ൽ ശെമ്മാശ്ശൻ ആയി. 1100-ൽ പൌരസ്ത്യസുവിശേഷസമാജം സ്ഥാപിച്ചു. 1114-ൽ കുറുപ്പമ്പടി ഇടവകയിലെ സുവിശേഷവേലക്കു് പള്ളിയിൽ ഒരു മിഷനറി പട്ടക്കാരനായി നിയമിക്കപ്പെട്ടു. 600-ൽ പരം ആളുകളുടെ അപേക്ഷപ്രകാരം ഇടവകപട്ടക്കാരനായി ജോലിയിൽ 1115-ൽ പ്രവേശിച്ചു് ജോലി ചെയ്തുവരുന്നു. അതോടുകൂടെ അവിടവിടെ വേദപാഠക്ലാസുകരം നടത്തുകയും സുവിശേഷവേലക്കു് ഒരു സംഘടന രൂപീകരിക്കുകയുംചെയ്തു 1118-ൽ ഈ ഇടവകയിൽ ഉള്ള സുവിശേഷസംഘം സ്റ്റാഫിൽ താഴെ പേരെഴുതിയിരിക്കുന്നവർ ഉരംപ്പെടുന്നു.

ആത്തുങ്കൽ ഗീവറുഗീസ് കത്തനാർ (പ്രസിഡൻറു്)
മുരിക്കൽ എം. സി. ഇത്താപ്പിരി (സെക്രട്ടറി)
ഇരുമല ഇ. കെ. വക്കി
പുതുശ്ശേരി പി. പി. ഗീവറുഗീസ്
കല്ലറക്കൽ കെ. വി: കുരിയൻ
വള്ളോടത്തുമാലി വി. ഔസേഫ്
പള്ളിമാലിൽ പുരവത്തു്

മേസ്റ്റാമാലി എം. റ്റി. കുരിയൻ
കിഴക്കംശ്ശേരി കുരുവിള
സുവിശേഷകൻ നെല്ലിമററത്തിൽ എം. പി. ജോസഫ്

1118-ൽ ഈ ഇടവകയിൽ ഉണ്ടായിരുന്ന സണ്ടെസ്കൂളുകളുടെയും ഹെഡ് മാസ്റ്ററന്മാരുടെയും പേരുവിവരം താഴെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1. | കുറുപ്പമ്പടി | എം. ജി. എം. | എസ്. പി. വർക്കി |
| 2. | മുടക്കിരായി | ടി | കോനേക്കാട്ടു കെ. പി. കോര |
| 3, | മുടക്കുഴ | ടി | പള്ളിമാലി പുരവത്ത് |
| 4. | പുഴക്കാട്ട് | ടി | ആത്തുങ്കൽ എ. എം. ഫിലിപ്പോസ് |
| 5. | നെടുങ്ങപ്ര | ടി | പുതുശ്ശേരി പി. പി. ഗീവറുഗിസ് |
| 6. | അശമന്നൂർ | ടി | വള്ളോടത്തുമാലി ഔസേഫ് |
| 7. | വാസ്സുര | ടി | മോണേക്കാട്ടു എം. വി. ഇസഹാക്കു |
| 8. | പൊന്മലകുന്നം | ടി | മേസ്റ്റമാലി എം. വി. കുരിയൻ |
| 9. | ഇരിങ്ങോറം | ടി | മൂലേക്കുടി എം. പി. വർക്കി |
| 10. | അമ്പുറി | ടി | കാഞ്ഞിരത്തുങ്കൽ ഉലഹന്നാൻ |

1118-ലെ പള്ളിയോഗക്കാരും മററു ജോലിക്കാരും

പട്ടക്കാർ

1. പടയാട്ടിൽ ഇസ്ഹാക്കു കത്തനാർ
2. തട്ടാംപുറത്തു് ഇട്ടൂപ്പ് കത്തനാർ
3- പുതുശ്ശേരി പൗലോസ് കത്തനാർ
4. ആത്തുങ്കൽ ഗിവറുഗീസ് കത്തനാർ

കൈക്കാരന്മാർ

5. കല്ലറയ്ക്കൽ പൈലി കോരതരകൻ
6. പുതുശ്ശേരി വർക്കി പൈലി
7. എമ്പാശ്ശേരി വർക്കി ഉലഹന്നാൻ
3. കോച്ചേരി മാത്തു മാത്തു
9. ആത്തുങ്കൽ വർക്കി മത്തായി
10. മരങ്ങാട്ടു പൈലി അബ്രാഹാം

11. അറയ്ക്കൽ തരിയതു ചാക്കപ്പൻ
12. മററമന ഔസേഫ് മത്തായി

പൊതുയോഗക്കാർ

13. പാണാട്ടു വക്കി പൈലി
14. താണിയേലിമാലി തൊമ്മൻ മാത്തു
15. പാത്തിക്കൽ പൈലി മാത്തു
16. പുതുശ്ശേരി വറിയതു മാത്തുള്ള
17. നേഴ്സുമാലി മത്തായി ഇട്ടൂപ്പ്
18. ശ്രാമ്പിക്കുടി പൈലി വക്കി
19. മുറിക്കൽ ചാണ്ടി ഇത്താപ്പിരി
20. താണിയേലിമാലി വക്കി ഇത്താപ്പിരി
21. മുട്ടത്തു പൈലി വക്കി
22. കല്ലറക്കൽ മത്തായി വക്കി

കപ്യാരന്മാർ

1. പടയാട്ടിൽ കോര വക്കി
2. കാട്ടുകുടി കോര കുരിയൻ
3. കാട്ടുകുടി വക്കി വക്കി

മുതൽ പിടി

പുതുശ്ശേരിയിൽ മാത്തുള്ള കോര
കണക്കൻ- പനമ്പിള്ളിൽ ശങ്കരപിള്ള

മാസപ്പടി ജോലി നടത്തുന്നതിനു് പന്തയ്ക്കൽ കുരിയാക്കോസിനേയും, തൂപ്പുകാരി ആയി കുരിയാക്കോസിൻെറ അമ്മ ഏലിയേയും നിയമിച്ചിട്ടുണ്ടു്

ഈ ഇടവക സുവിശേഷ വേലയിൽ അഭിവൃദ്ധിപ്പെട്ടു വരുന്നതിനും പരിശുദ്ധ അന്ത്യോഖ്യാസിംഹാസനത്തിൻ കീഴിൽ ഇടവക

ഥിരപ്പെട്ടു നില്ക്കുന്നതിനും ദൈവമായ കർത്താവു സഹായിക്കുക
ം അതിനു് വി, മാതാവിൻെറ പ്രാത്ഥന കോട്ട ആയിരിക്കുകയും
യ്യട്ടെ എന്നുള്ള പ്രാത്ഥനയോടു കൂടെ ഈ ചരിത്ര സംഗ്രഹം ഉപ
ംഹരിച്ചുകൊള്ളുന്നു.

ശുഭം

ഗ്രന്ഥകത്താ

രുപ്പമ്പടി,
—12—1118.

ആത്തുങ്കൽ ഗീവറുഗീസ് കത്തനാർ
എടശ്ശേരി ജന്മം.

# അവശേഷം

എൻെറ പിതാവ് ഡോക്ടർ ഇട്ടൂപ്പ് അവർകളുടെ ജ്യേഷ്ഠസഹോദരനായ റൈററ് റവ. ഗീവറുഗീസ് കോർ എപ്പിസ്കോപ്പാ അവർകാം കൊല്ലവഷം 1118-ൽ (1943) എഴുതിവച്ച കുറുപ്പമ്പടി പള്ളിയുടെ ചരിത്രം പ്രസിദ്ധീകരിക്കുന്നതിനു് എൻെറ കുടുംബത്തിൽ ഉള്ളവക്കു് താല്പര്യം ജനിച്ചതിനാൽ ഞങ്ങാം ഇതിനെപ്പററി ചിന്തിച്ചതിൻെറ ഫലമായി 1057 ചിങ്ങം 2-ാം തീയതി ജാതനായ എൻെറ പിതാമഹൻ ആത്തുങ്കൽ വക്കി ഇട്ടൂപ്പ് വൈദ്യൻ - സുവിശേഷകൻ അവർകളുടെ സ്മാരകമായി ഓരോ പുസ്തകം തുടർച്ചയായി പ്രസിദ്ധീകരിക്കുന്നതിനു് ഞങ്ങളുടെ കുടുംബത്തിൽ നിന്നും മൂലധനമായി അയ്യായിരം രൂപാ പൗരസ്ത്യ സുവിശേഷ സമാജത്തിൽ ഏല്പിക്കുകയാണു് ചെയ്തിട്ടുള്ളതു്. ഇതു സംബന്ധിച്ച് എൻെറ പിതാവ് പൗരസ്ത്യ സുവിശേഷ സമാജം മാനേജിംഗ് കമ്മററിയിൽ കൊടുത്ത അപേക്ഷക്കു് സമാജം പ്രസിഡൻറ് നി. വ. ദി. മ. ശ്രീ. പൗരസ്ത്യ കാതോലിക്കാ മോർ ബസ്സേലിയോസ് പൗലോസ് II ബാവാ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൂടിയ മാനേജിംഗ് കമ്മററി ചെയ്ത ഡയറി നിശ്ചയത്തിൽ ഇപ്രകാരം പറയുന്നു.

''സമാജത്തിനു് Evangelist Ittoop Athumkal Memorial Publication എന്ന പേരിൽ ഒരു ഗ്രന്ഥാവലി അപേക്ഷയിലെ വ്യവസ്ഥകാംക്കുവിധേയമായി ഉണ്ടായിരിക്കണമെന്നു് ഈ കമ്മററി തീരുമാനിക്കുന്നു. ഈ പബ്ലിക്കേഷനു് പ്രത്യേക ഫണ്ടും കണക്കും സൂക്ഷിച്ച് പ്രവത്തനം നടത്തുന്നതിനു് സമാജം പ്രസ്സ് & പബ്ലിക്കേഷൻ കമ്മററിയെ ചുമതലപ്പെടുത്തി'' [No. 21 / 56 Date 5—4—1980].

ഇതനുസരിച്ച് സ്മാരകഫണ്ടു് മുഖാന്തിരമായി അതതുകാലത്തു് പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങാം വിററുകിട്ടുന്ന പണം മറെറാന്നിനും ചെലവുചെയ്യാതെ ഓരാ പുസ്തകങ്ങാം ഓരോ കാലങ്ങളിൽ ഞങ്ങളുടെ അപേക്ഷ അനുസരിച്ച് തുടച്ചയായി അച്ചടിപ്പിക്കുമെന്നും അതിൻെറ കണക്കുകാം കാലാകാലങ്ങളിൽ സമാജത്തിൻെറ ഭരണഘടന അനുസരിച്ച് ഞങ്ങളെ ബോദ്ധ്യപ്പെടുത്തുമെന്നും ഞങ്ങാം

വിശ്വസിക്കുന്നു, അതോടൊപ്പം ഞങ്ങളുടെ അപേക്ഷ അനുസരിച്ച് ആവശ്യമായ നടപടി സ്വീകരിച്ച ബ. സമാജം മാനേജിംഗ് കമ്മററിയോടു് ഞങ്ങൾക്കുള്ള കൃതജ്ഞത ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

കൂടാതെ ഒരു ചരിത്ര പണ്ഡിതനായ മലങ്കര മല്പാൻ ഡോ. കണിയാംപറമ്പിൽ കുര്യൻ കോർ എപ്പിസ്കോപ്പ ഡി. ഡി. അവറുകളാണ് ഈ പുസ്തകത്തിനു് ശീഷ്ലേഖ്യം ചാർത്തിയതു്. അതുപോലെ ബഹുജന സമക്ഷം ഈ പുസ്തകം അവതരിപ്പിച്ചിരിക്കുന്നതു് ചരിത്ര പണ്ഡിതനും, ഗവേഷകനുമായ ശ്രീ. രാജൻ ഗുരുക്കൾ എം. എ. അവർകൾ ആണ്. ഈ പുസ്തക രചനയിൽ ചില ഗ്രാമീണ സാങ്കേതിക വാക്കുകളും പദങ്ങളും കടന്നുകൂടിയിട്ടുണ്ടെന്നു് പുസ്തക പരിശോധന നടത്തിയവരായ കുറുപ്പമ്പടി മർത്തമറിയം പള്ളിവികാരി റൈററു് റവ. പി. എ. പൗലോസ് കോറെപ്പിസ്കോപ്പ B. A. L. T. അവർകളും എൻെറ സഹോദരൻെറ ഭാര്യ ശ്രീമതി എസ്. പി. തങ്കമ്മ എം. എ. അവർകളും ചൂണ്ടിക്കാണിച്ചിട്ടുള്ളതാകുന്നു. ഇവരോടെല്ലാം ഞങ്ങൾക്കുള്ള കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളുന്നു. എന്നാൽ പുസ്തക രചനയിൽ പ്രയോഗിച്ചിട്ടുള്ള ഗ്രാമീണ വാക്കുകളും പദങ്ങളും എടുത്തുകളയേണ്ട ആവശ്യമില്ലെന്നാണ് ഗ്രന്ഥകർത്താവിൻെറ അഭിപ്രായം.

ഈ പുസ്തകത്തിൽ 1068 (1893) നു് മുമ്പുള്ള ചരിത്ര സംക്ഷേപം മാത്രമാണ് എഴുതിയിരിക്കുന്നതു്. 1068 മുതൽ 1118 വരെയുള്ള ചരിത്ര സംഭവങ്ങളിൽ ചിലതു മാത്രമെ ചൂണ്ടിക്കാണിച്ചിട്ടുള്ളു, പുസ്തക വലിപ്പഭാരത്തെ ഓർത്തും, ബാക്കിയുള്ള സംഗതികൾ ആധുനിക ചിന്താഗതിക്കാർ പില്ക്കാലത്തു് എഴുതും എന്നു് കരുതിയും ആണ് അവയെല്ലാം ചേർക്കാതിരുന്നിട്ടുള്ളതു് എന്നു് ഗ്രന്ഥകാരനിൽ നിന്നു ഗ്രഹിക്കുവാൻ സാധിച്ചിട്ടുണ്ടു്. എങ്കിലും ഗ്രന്ഥകർത്താവു് അവർകളുടെ ജീവചരിത്രത്തിലെ ചില സൂക്ഷ്മ ഏടുകളും, ഈ പള്ളിയിലെ ഇപ്പോഴത്തെ കമ്മിററി അംഗങ്ങളുടേയും ജീവനക്കാരുടേയും മററും പേരുവിവരവും ചേർക്കുന്നതു് സന്ദർഭോചിതം എന്നു വിചാരിച്ചു് അവ മാത്രം താഴെ ചേർക്കുന്നു.

## I ഗ്രന്ഥകർത്താവ് ആത്തുങ്കൽ ഗീവറുഗീസ് കോർ എപ്പിസ്കോപ്പായുടെ ജീവചരിത്രത്തിലെ ചില പ്രധാന ഏടുകൾ

M. E. 1078 (1902) ഒക്ടോബർ 27-ാം നു- പൂരം നാളിൽ ജനനം
,, 1094-ൽ സ്കൂൾ അദ്ധ്യാപകനായി
,, 1096 മകരം 21 വിവാഹിതനായി
,, 1099 കുറുപ്പംപടി സെൻറർ സണ്ടേസ്കൂൾ ഇൻസ്പെക്ടറായി നിയമിക്കപ്പെട്ടു.
,, 1100 (1924) വൃശ്ചികം 8 പൗരസ്ത്യ സുവിശേഷ സമാജം സ്ഥാപിച്ചു.
,, 1100-ൽ ഹോമിയോ ഡോക്ടറായി ഡിഗ്രി എടുത്തു.
,, 1100 കർക്കടകം 3 ശെമ്മാശ്ശപട്ടം ഏററു.
,, 1104 കന്നി 25 പുത്തൻകുർബ്ബാന ചൊല്ലി.
,, ,, ,, ചെട്ടിനട സീയോൻ ആശ്രമം പള്ളി വികാരിയായി നിയമിക്കപ്പെട്ടു
,, 1108 പൗരസ്ത്യ സുവിശേഷ സമാജം മലബാർ മിഷൻ ആരംഭിച്ചു. (വികാരി ജനറാൾ ആയി നിയമിക്കപ്പെട്ടു.)
,, 1114 വൃശ്ചികം 2 (1938 നവംബർ 15) കുറുപ്പംപടി ഇടവകയിൽ മിഷനറി ആയി നിയമിക്കപ്പെട്ടു
,, 1115 മകരം 1 (1940 ജനു. 14) കുറുപ്പമ്പടി പള്ളിയിലെ വികാരിയായി നിയമിക്കപ്പെട്ടു ആയതു് ഇപ്പോഴും തുടരുന്നു.
A. D. 1954-ൽ കുറുപ്പംപടി എം. ജി. എം. ഹൈസ്കൂൾ മാനേജർ cum കറസ്പോണ്ടൻറ് ആയി നിയമിക്കപ്പെട്ടു.
,, 1963-ൽ ടി ഹൈസ്കൂൾ ബോർഡ് പ്രസിഡൻറായി തെരഞ്ഞെടുക്കപ്പെട്ടു
,, 1975 ആഗസ്റ്റ് 10 പരിശുദ്ധ അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവായുടെ തൃക്കൈ കല്പന അനുസരിച്ച് കുറുപ്പമ്പടി പള്ളിയിൽ വച്ചു് കോറെപ്പിസ്കോപ്പ ആയി വാഴിക്കപ്പെട്ടു.

## II കുറുപ്പംപടി മർത്തമറിയം പള്ളിയിൽ 1981-ൽ

ഉള്ള പള്ളികമ്മററി അംഗങ്ങളുടെയും ജീവനക്കാരുടേയും മററു പേരുവിവരം താഴെ ചേർക്കുന്നു.

# ശുദ്ധിപത്രം

| വശം | വരി | അബദ്ധം | സുബദ്ധം |
|---|---|---|---|
| 3 | 26 | ഇത്യാതി | ഇത്യാദി |
| 4 | 13 | വട്ടൂർ | വട്ടൂർ |
| 4 | 16 | വേങ്ങപുരത്തിനു് | വേണുപുരത്തിനു് |
| 6 | 3 | യാഥാസ്ഥികന്മാർ | യാഥാസ്ഥിതികന്മാർ |
| 7 | 18 | സവർണ്ണ | സവർണ്ണർ |
| 16 | 23 | പഴക്കൂറുകാരുടെ | പഴയക്കൂറുകാരുടെ |
| 19 | 22 | പട്ടതോരം | പട്ടതോരം |
| 23 | 31 | നിർവോധാക്കരം | നിർവോഢാക്കരം |
| 32 | 23 | ഹേവും | ഹേതുവും |
| 34 | 17 | പമ്പൊ | പിമ്പൊ |
| 34 | 21 | ഭഗീരധപ്രയത്നം | ഭഗീരഥപ്രയത്നം |
| 42 | 17 | പൂർവ്വാത്ഥം | പൂർവ്വാദ്ധം |
| 45 | 18 | വട്ടുപോയി | വിട്ടുപോയി |
| 57 | 12 | ചൊടൽ | ചൊൽ |
| 57 | 27 | 9 | 11 |
| 60 | 29 | അസ്യൽക്കഷ്ത്തെ | അത്യൽക്കഷ്ത്തെ |
| 61 | 18 | താമസംവി | ശാമസംവിന |
| 63 | 12 | തക്കസ്ഥാനങ്ങളിൽ | തക്കസ്ഥാനങ്ങളിൽ |
| 68 | 30 | കയ്യക്കാരുടെ | കാര്യക്കാരുടെ |
| 69 | 21 | പൂജപത്രം | പൂജാപാത്രം |
| 70 | 21 | ഞാടൻ | ഞാൻ |
| 73 | 23 | 4 തീ. | 4 തീ. മുതൽ |
| 74 | 8 | തരവനും | തരകനും |
| 81 | 27 | പുത്തൻകട്ടർ | പുത്തൻകൂർ |
| 88 | 19 | വട്ടൂർ | വട്ടൂർ |
| 89 | 19 | മല്പാന്മാരിൽ | മല്പാന്മാരിൽ |
| 89 | 28 | ചേത്ത്തിനാൽ | ചേന്നതിനാൽ |
| 99 | 29 | പതൃവദ | പതൃവാദയിൽപ്പെട്ട |
| 102 | 19 | കുറുമ്പൻ | കുറുപ്പൻ |
| 110 | 25 | 998-ൽ | 988-ൽ |
| 111 | 20 | കൊടിശ്ശേരികുടി | കൊട്ടിശ്ശേരിക്കുടി |
| 111 | 21 | എന്നിത്യാതി | എന്നിത്യാദി |
| 113 | 30 | കുമരക്കിളി | കുമരപ്പിളി |

| വശം | വരി | അബദ്ധം | സുബദ്ധം |
|---|---|---|---|
| 115 | 19 | മരണ്ടാട്ടു് | മരങ്ങാട്ടു് |
| 115 | 30 | കൻ | മകൻ |
| 123 | 15 | കംബം | കുംഭം |
| 137 | 26 | 1068 വരെ | 1063_മുതൽ |
| 137 | 28 | 1068_വരെ | 1068_മുതൽ |
| 138 | 5 | 1068 വരെ | 1063 മുതൽ |
| 148 | 12 | വെൺകാളി | വെൺകളി |
| 150 | 18 | 1031 | 1025 |
| 161 | 13 | പൈതങ്ങളുടെ | പൈതങ്ങളെ |
| 161 | 21 | അവർകൾക്കു് | അവക്കു് |
| 167 | 28 | പട്ടക്കാരായിതീൎന്നു | പട്ടക്കാരായിതീൎന്ന |
| 168 | 30 | കാലംവർര | കാലംവരെ |
| 169 | 19 | തുരുത്തിപ്പിള്ളിയിൽ | തുരുത്തിപ്പിളിപള്ളിയിൽ |
| 171 | 17 | അന്തനാളമുറി | അന്ത്രാളമുറി |
| 174 | 25 | അക്കിതീൎന്നു | ആയിതീൎന്നു |
| 174 | 27 | ഇടനിലയിൽ | ഈ നിലയിൽ |
| 175 | 19 | കേസിന്നു് എന്ന വാക്കുവേണ്ട | |
| 176 | 16 | കരിയത്തു് ഇട്ടൂപ്പു് (ഈ ഇട്ടൂപ്പിൻെറ പൗത്രൻ ഇട്ടൂപ്പിൻെറ മകൻ ഗീവറുഗീസ്കത്തനാർ) | |
| 177 | 5 | അതികൃത | അധികൃത |
| 187 | 28 | രെഞ്ഞെടുത്തു | തെരെഞ്ഞെടുത്തു |
| 195 | 21 | തീൎന്നു | തീൎന്ന |
| 195 | 28 | കുണ്ടുവീട്ടിൽകടി | കുഞ്ഞുവീട്ടിൽകടി |
| 197 | 10 | കൊററലി | കൊററംലി |
| 193 | 30 | ഔഗേ | ഔഗേൻ |
| 203 | 22 | രൂപീകരിക്കുകയും | രൂപീകരിക്കുകയുംചെയ്തു |
| 203 | 26 | മൂരിക്കൻ | മുറിക്കൽ |

ശ്രീ, റാജൻ ഗുരുക്കൾ അവർകളുടെ തിരുത്തു്.

പേജ്. 12. പെരുമാക്കന്മാരുടെ ഭരണം. 12_ാം നൂററാണ്ടിൽ അവസാനിച്ചു. 12_ാം നൂററാണ്ടിൻെറ ആരംഭത്തിൽ അന്തഃഛിദ്രം വദ്ധിച്ചു.

പേജ്. 13. എ. ഡി. 12, 13. നൂററാണ്ടുകളിൽ കേരളത്തിൽ രാഷ്ട്രീയമായി അന്തഃഛിദ്രങ്ങൾ ഉണ്ടായി. 13-ാം നൂററാണ്ടിൽ കൊടുങ്ങല്ലൂർ പട്ടണം തീക്കു് ഇരയായി.

Library & Research Center

1956
1904
4 8

# കുറുപ്പമ്പടി പള്ളിയുടെ ചരിത്രം

ഗ്രന്ഥകർത്താവ്:-

## വ. ദി. ശ്രീ. ഗീവറുഗീസ് കോറെപ്പിസ്കോപ്പ അത്തുങ്കൽ

വ. ദി. ശ്രീ. മലങ്കര മല്പാൻ ഡോക്ടർ കണിയാംപറമ്പിൽ കുര്യൻ കോറെപ്പിസ്കോപ്പ D. D. അവർകളുടെ ശീർഷാലേഖ്യം ഉള്ള ഈ പുസ്തകം, ശ്രീമാൻ രാജൻ ഗുരുക്കൾ എം. എ. അവർകൾ (ഡൽഹി) ബഹുജനസമക്ഷം അവതരിപ്പിച്ചിരിക്കുന്നു.

ഈ പുസ്തകത്തിൽ A. D. 1-ാം ശതാബ്ദം മുതൽ ഉള്ള കുന്നത്തുനാട്ട് താലൂക്കിൻെറ ചരിത്രം, പല ഹൈന്ദവ ക്രൈസ്തവ അമ്പലങ്ങളുടേയും പള്ളികളുടേയും കുടുംബങ്ങളുടേയും സംക്ഷിപ്ത ചരിത്രം, പഴയകൂറുകാരുടേയും (റോമ) പുത്തൻകൂറുകാരുടേയും (യാക്കോബായ) മലങ്കരയിലെ സഭാചരിത്രം, കുറുപ്പമ്പടി സമീപ പ്രദേശങ്ങളിലുള്ള പഴയകൂർ-പുത്തൻകൂർ പള്ളികളുടേയും കുടുംബങ്ങളുടേയും ചരിത്രം, ചില പൂർവ്വാചാര നടപടികൾ മുതലായ പല ചരിത്ര സംഭവങ്ങളും ചേർന്നിരിക്കുന്നു. ഈ പുസ്തകം ഹൈന്ദവ-ക്രൈസ്തവ കുടുംബാംഗങ്ങൾ വായിച്ചിരിക്കേണ്ടതാണ്. 211 പേജുള്ള ഈ പുസ്തകത്തിന് ചുരുങ്ങിയ വില മാത്രമേ നിശ്ചയിച്ചിട്ടുള്ളു. ഈ പുസ്തകം പൗരസ്ത്യ സുവിശേഷ സമാജം പബ്ലിക്കേഷൻ ഗ്രന്ഥാവലിയിൽ 1-ാമത്തേതാകുന്നു. ഇതു് വിററുകിട്ടുന്നപണം വീണ്ടും പ്രയോജനകരമായ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നതിനുള്ളതാകുന്നു. ഈ പുസ്തകത്തിന് ധാരാളം ആവശ്യക്കാർ ഉണ്ടെങ്കിലും ചുരുക്കം പ്രതികൾ മാത്രമെ അച്ചടിച്ചിട്ടുള്ളു. ആവശ്യക്കാർ പെരുമ്പാവൂർ ഉള്ള പൗരസ്ത്യ സുവിശേഷ സമാജം ഹെഡാഫീസിലൊ - തുരുത്തിയിൽ (പുഴക്കാട്ടു്) ഡോക്ടർ അത്തുങ്കൽ ഇട്ടൂപ്പ് അവർകളുടെ അടുക്കലൊ ആവശ്യപ്പെട്ടാൽ കിട്ടുന്നതാണ്. വില 3 ക. മാത്രം പത്തു പുസ്തകം വിലയ്ക്കു് എടുക്കുന്നെ ആൾക്ക് ഒരു പുസ്തകം കമ്മീഷൻ നല്കുന്നതാണ്.

എന്ന്,

പെരുമ്പാവൂർ, പ്രസ്സ് & പബ്ലിക്കേഷൻ കമ്മററിക്കുവേണ്ടി,

1—3—1981. മാനേജർ ഇ. ജെ. ജോൺ B. A., L. T.

The Evangelist Ittoop Athumkal Memorial Publication No. 1

# കുറുപ്പമ്പടി പള്ളിയുടെ ചരിത്രം

ഗ്രന്ഥകർത്താവ്:-

റൈറ്റ്. റവ. ഗീവറുഗീസ് കോർ എപ്പിസ്കോപ്പ ആത്തുങ്കൽ

M. E. 1118-ൽ എഴുതിയതു്

PG Library & Research Center
3072

പ്രകാശനം A. D. 1981

BY A. I. PAUL B. A. B. Ed

*Published by:-*

Evangelistic Association of the East
PRESS AND PUBLICATION COMMITTEE

വില 8 ക.